# പുതുദിനം പുതുമയോടെ

ഓരോ ദിവസവും ഉല്ലാസ പൂർണ്ണമാക്കുന്നതിനായുള്ള 366 ധ്യാനപംക്തികൾ

## ജോയ്സ് മെയർ

# 1 ന്യൂയോർക്ക് ടൈംസിന്റെ ഏറ്റവും കൂടുതൽ വിറ്റഴിക്കപ്പെടുന്ന പുസ്തകത്തിന്റെ എഴുത്തുകാരി

# പുതുദിനം
## പുതുമയോടെ

# പുതുദിനം പുതുമയോടെ

**ഓരോ ദിവസവും ഉല്ലാസ
പൂർണ്ണമാക്കുന്നതിനായുള്ള 366 ധ്യാനപംക്തികൾ**

## ജോയ്സ് മെയർ

JOYCE MEYER
MINISTRIES

Nanakramguda, Hyderabad - 500 008

Unless otherwise indicated, all Scripture quotations are taken from The Amplified Bible (AMP). The Amplified Bible, Old Testament. Copyright © 1965, 1987 by The Zondervan Corporation. The Amplified New Testament, copyright © 1954, 1958, 1987 by The Lockman Foundation. Used by permission

Scriptures noted (THE MESSAGE) are taken from The Message: The Prophets by Eugene Peterson. Copyright © 2000 by Eugene H. Peterson. NavPress Publishing Group, P.O. Box 35001, Colorado Springs, CO 80935. Used by permission.

Scripture quotations marked "KJV" are taken from the King James Version of the Bible.

Scripture quotations marked "NKJV" are taken from the New King James Version. Copyright © 1982 by Thomas Nelson, Inc. Used by permission. All rights reserved.

Scripture quotations marked "NIV" are taken from The Holy Bible, New International Version®. NIV®. Copyright © 1973, 1978, 1984 by International Bible Society. Used by permission of Zondervan Publishing House. All rights reserved.

Scripture quotations marked "TLB" are taken from The Living Bible © 1971. Used by permission of Tyndale House Publishers, Inc. All rights reserved.

Scripture quotations marked "GNT" are from the Good News Translation © 2001 by American Bible Society. Used by permission.

Scriptures noted (CEV) are taken from the Contemporary English Version, copyright © 1995 by the American Bible Society. Used by permission.

Copyright © 2009 by Joyce Meyer - Asia

All rights reserved. No part of this publication may be reproduced, distributed, or transmitted in any form or by any means, or stored in a database or retrieval system, without the prior written permission of Joyce Meyer Ministries - Asia.

Joyce Meyer Ministries - Asia
Nanakramguda,
Hyderabad - 500 008

Phone: +91-40-2300 6777
Website: www.jmmindia.org

New Day New You - Malayalam
*First Print - January 2010*

*Printed at:*
Caxton Offset Private Limited
Hyderabad - 500 004

# മുഖവുര

*ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ പുതിയ സൃഷ്ടിയാകുന്നു; പഴയതു കഴിഞ്ഞുപോയി, ഇതാ, അതു പുതുതായി തീർന്നിരിക്കുന്നു.*

— 2 കൊരിന്ത്യർ 5:17

പല സാഹചര്യങ്ങളിലും എന്റെ സ്വർഗ്ഗീയ പിതാവ് തന്റെ വചനം എന്നിലേക്ക് നൽകിയതു മൂലം നിരാശയുടെ ആഴത്തിൽ നിന്ന് പ്രത്യാശയുടെ അത്യുച്ചകോടിയിലേക്ക് എത്തിച്ചിട്ടുണ്ട്. ഞാൻ പല സന്ദർഭങ്ങളിലും രാവിലെ ദൈവവുമായി ചിലവഴിക്കുന്ന സമയം ആ ദിവസം മുഴുവൻ സന്തോഷത്തോടെ ചിലവഴിക്കുവാൻ കാരണമായി തീരാറുണ്ട്. പുതുദിനം പുതുമയോടെ ഈ ഡിവോഷണൽ എന്റെ മറ്റു പത്തൊൻപു പുസ്തകങ്ങളിൽ നിന്നും വ്യത്യസ്തമാണ്. താങ്കൾ ഒരു പക്ഷെ ധാരാളം നാളുകളായി വിശ്വാസിയാകാം അല്ലെങ്കിൽ ഒരു പുതിയ വിശ്വാസിയാകാം. ഞാൻ വിശ്വസിക്കുന്ന ഈ പുസ്തകം തീർച്ചയായും നിങ്ങളുടെ ജീവിതത്തിൽ സഹായത്തിന്റെ കരമായും ദൈവികജ്ഞാനം പ്രാപിപ്പാൻ തക്കവണ്ണം പ്രയോജനപ്പെടുന്ന സഹായവും ആയിരിക്കും.

അടുത്ത ഒരു വർഷക്കാലം സ്വർഗ്ഗീയ പിതാവുമായി ദൈവവചനം വായിച്ച് ധ്യാനിക്കുന്നതിൽ സമയം വേർതിരിക്കുമ്പോൾ ഈ പുസ്തകം ഒരു വഴികാട്ടിയാകട്ടെ. ഇപ്രകാരമുള്ള ധ്യാനത്തിങ്കൽ സ്വർഗ്ഗീയ പിതാവ് എല്ലാ ദിവസവും നിങ്ങളുടെ സമീപത്തേക്ക് ഇറങ്ങി നിങ്ങൾ പ്രതീക്ഷിക്കുന്നതിലും അധികമായ സന്തോഷത്താൽ നിങ്ങളെ നിറയ്ക്കട്ടെ. എല്ലാ ദിവസവും പുതുമയോടെ സൃഷ്ടിച്ച താൻ, നിങ്ങളെയും പുതുതായി തീർക്കട്ടെ. ആ ദൈവം നിങ്ങളെ പരിശുദ്ധാത്മാവിൽ നിറച്ച് തന്റെ ഹിതം നിങ്ങളിലൂടെ നിവർത്തിക്കുമാറാകട്ടെ.

ജോയ്സ് മെയർ



# പുതുദിനം
# പുതുമയോടെ

# ക്രിസ്തുവിനെപ്പോലെ

*അനന്തരം ദൈവം; നാം (പിതാവ് പുത്രൻ പരിശുദ്ധാത്മാവ്) നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക*

— ഉല്പത്തി 1:26

അനന്തരം ദൈവം: "നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം" ഈ സ്വരൂപം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് സ്വാഭാവത്തിന്റെ സാദൃശ്യം. നാം ഓരോരുത്തരും അവന്റെ പുത്രനായ യേശുക്രിസ്തുവിൽ കണ്ട ദൈവിക പ്രകൃതി സ്വഭാവത്തിന് ഉടമ ആയിരിക്കണം. കൊലൊസ്യർ 1:15 – ൽ പൗലോസ് യേശുക്രിസ്തുവിനെ ഇപ്രകാരം ചൂണ്ടിക്കാട്ടുന്നു. അവൻ അദൃശ്യനായ ദൈവത്തിന്റെ പ്രതിമയും (വെളിപ്പെടാതെ ഇരുന്ന ഒന്നിന്റെ ദൃശ്യരൂപം), സർവ്വസൃഷ്ടിക്കും ആദിജാതനും ആകുന്നു. അതുകൊണ്ട് വിശ്വാസികളെ നാം അവന്റെ സ്വരൂപത്തിലേയ്ക്കും, സാദൃശ്യത്തിലേയ്ക്കും രൂപാന്തരപ്പെട്ടിരിക്കണം.

ഓരോ വിശ്വാസിയുടെയും ശ്രേഷ്ഠമായ ആഗ്രഹം ഇതായിരിക്കണം. പ്രത്യേകിച്ച് ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട് നേതൃത്വനിലയിൽ നിൽക്കുന്നവർ ഇപ്രകാരം പറയപ്പെട്ട ദൈവീകസ്വഭാവത്തിന്റെ ഉടമകൾ ആയിരിക്കണം. യേശു തന്റെ സ്വാഭാവത്തിലൂടെ സാഹചര്യങ്ങളും ജീവിതങ്ങളെയും മാറ്റിയതുപോലെ നാമും മാറ്റങ്ങൾ വരുത്തുവാൻ കഴിവുള്ളവർ ആകണം. നമ്മുടെ ലക്ഷ്യം അതായിരിക്കണം. യേശു നമ്മുടെ മാതൃക ആയിരിക്കണം.

യോഹന്നാൻ 13:15 – ൽ യേശു ഒരു ദാസനെപ്പോലെ തന്റെ ശിഷ്യഗണത്തിന്റെ കാലുകൾ കഴുകിയതിനുശേഷം ഇപ്രകാരം പറഞ്ഞു "ഞാൻ നിങ്ങൾക്ക് ചെയ്തതുപോലെ നിങ്ങളും ചെയ്യേണ്ടതിനും (നിങ്ങൾക്ക് അവസരം ലഭിക്കുമ്പോൾ) ഞാൻ നിങ്ങൾക്ക് ദൃഷ്ടാന്തം തന്നിരിക്കുന്നു." അതുപോലെ പത്രോസും ഇപ്രകാരം പറയുന്നു, "1 പത്രോസ് 2:21 – ൽ അതിനായിട്ടല്ലോ നിങ്ങളെ വിളിച്ചിരിക്കുന്നതു (യാതൊരു രീതിയിലും ഇവയിൽ നിന്ന് നിങ്ങൾക്ക് മാറ്റം വരുവാൻ പാടില്ല). ക്രിസ്തുവും നിങ്ങൾക്ക് വേണ്ടി കഷ്ടം അനുഭവിച്ചു, നിങ്ങൾ അവന്റെ കാൽച്ചുവട് പിൻതുടരുവാൻ ഒരു മാതൃക വെച്ചേച്ചു പോയിരിക്കുന്നു." ഓരോ വിശ്വാസിയെയും (അവന്റെ വ്യക്തിപരമായ) ദൈവം വിളിച്ചതിന്റെ പിന്നിലെ ഉദ്ദേശം നാം രൂപാന്തരപ്പെട്ട് ക്രിസ്തുവിന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും ആയിരിക്കാനാണ്.

നമ്മുടെ ദൈനംദിന ജീവിതമേഖലകളിൽ നാം ക്രിസ്തുവിന്റെ സ്വഭാവത്തിന്റെ ഉടമകൾ ആകുന്നതുവരെയും, അല്ലെങ്കിൽ ആത്മാവിന്റെ ഫലം ഓരോ വ്യക്തിയിൽ വെളിപ്പെടുന്നതുവരെയും ദൈവം നമ്മളിൽ പ്രവർത്തിച്ചുകൊണ്ടേയിരിക്കും.

# നിങ്ങളുടെ ജീവിതത്തിലെ ഏറ്റവും നല്ലത് ദൈവത്തിന് നൽകുക, ഭാഗം 1

*എങ്കിലും യഹോവേ, ഞാൻ നിന്നിൽ ആശ്രയിച്ചു; നീ എന്റെ ദൈവം എന്ന് ഞാൻ പറഞ്ഞു. എന്റെ കാലഗതികൾ നിന്റെ കൈയ്യിൽ ഇരിക്കുന്നു.*

— സങ്കീർത്തനങ്ങൾ 31:14–15

ഞാൻ എന്നെ തന്നെ മാറ്റം വരുത്തി, ഓരോ ദിവസവും എന്റെ ജീവിതത്തിലെ പ്രഥമസമയം ഞാൻ ദൈവത്തിന് നൽകുവാൻ ആരംഭിച്ചു. എന്റെ ജീവിതത്തിലെ ഓരോ സമയത്തിനും എനിക്ക് യഥാർത്ഥ സമാധാനം ലഭിക്കണമെങ്കിൽ ഞാൻ ദൈവവുമായി സമയം വേർതിരിക്കണം എന്ന് മനസ്സിലായി. അതുകൊണ്ട് ഓരോ പ്രഭാതത്തിലും ഞാൻ എഴുന്നേറ്റ് കാപ്പി കുടിച്ച്, ഞാൻ എന്റെ പൈജാമയിൽ തന്നെ ആയിരിക്കും. പരിശുദ്ധാത്മാവിന്റെ ഫലം പുറപ്പെടുവിച്ചു. ആ ദിവസം മുഴുവൻ ജീവിപ്പാനായി കൂടുതൽ സമയം ഞാൻ ദൈവവുമായി സമയം വേർതിരിക്കാറുണ്ട്.

ഒരു ദിവസം മുഴുവൻ എന്റെ ഹൃദയത്തിന്റെ മിക്കഭാഗങ്ങളും ദൈവത്തിന് കൊടുപ്പാനായി ഞാൻ പഠിച്ചു. ഓരോ പ്രഭാതത്തിലും ഒന്നാം സ്ഥാനം ദൈവത്തിന് കൊടുക്കുന്നതുമൂലം എനിക്ക് ആ ദിവസം മുഴുവനും ദൈവവുമായി ചേർന്ന് ജീവിപ്പാൻ കഴിയും. അതുകൊണ്ട് ഇപ്രകാരം ദൈവം സമ്മാനമായി നൽകിത്തരുന്ന പ്രഭാത സമയം പ്രശ്നങ്ങളെക്കുറിച്ച് ചിന്തിച്ച് സമയം നഷ്ടമാക്കരുത്. മറിച്ച് സങ്കീർത്തനങ്ങൾ പറയും പ്രകാരം, "എങ്കിലും യഹോവേ, ഞാൻ നിന്നിൽ ആശ്രയിച്ചു; നീ എന്റെ ദൈവം എന്നു ഞാൻ പറഞ്ഞു. **എന്റെ കാലഗതികൾ നിന്റെ കൈയ്യിൽ ഇരിക്കുന്നു."** (സങ്കീർത്തനങ്ങൾ 31:14,15)

ബൈബിൾ വീണ്ടും ഇപ്രകാരം പറയുന്നു "പൂർണ്ണഹൃദയത്തോടെ യഹോവയിൽ ആശ്രയിക്കുക; സ്വന്തവിവേകത്തിൽ ഊന്നരുത്. നിന്റെ എല്ലാ വഴികളിലും അവനെ നിനച്ചുകൊൾക; അവൻ നിന്റെ പാതകളെ നേരെയാക്കും. നിനക്കു തന്നെ നീ ജ്ഞാനിയായി തോന്നരുത്. യഹോവയെ ഭയപ്പെട്ട് ദോഷം വിട്ടു മാറുക." (സദൃശ്യവാക്യങ്ങൾ 3:5–7)

ദൈവം നമ്മളിൽ നിന്ന് കേൾക്കുവാൻ ആഗ്രഹിക്കുകയാണ്, "കർത്താവേ, എപ്രകാരം ഈ ദിവസം എനിക്കായി ഒരുക്കിയിരിക്കുന്നത് എന്ന് എനിക്കറിയില്ല. ഈ ദിവസം ശരിയായ ഒരു ദിവസം ആകാനായി ഞാൻ നിന്നിൽ ആശ്രയിക്കുന്നു. "എന്റെ കാലഗതികൾ നിന്റെ കൈയ്യിൽ ഇരിക്കുന്നു." എന്റെ ജീവിതത്തിന്റെ പ്രഥമസ്ഥാനം അങ്ങയിൽ ഏൽപ്പിച്ച് ഈ ദിവസം ആരംഭിക്കുന്നു."

# ദൈവത്തിന് ഏറ്റവും നല്ലത് കൊടുപ്പിൻ, ഭാഗം 2

*എന്റെ വിശുദ്ധ പർവ്വതത്തിൽ യിസ്രായേലിന്റെ ഉന്നത പർവ്വതത്തിൽത്തന്നെ... അവിടെ ഞാൻ അവരെ സ്വീകരിക്കും. അവിടെ ഞാൻ നിങ്ങളുടെ വഴിപാടുകളെയും ആദ്യദാനങ്ങളെയും സകല നിവേദ്യങ്ങളെയും ആഗ്രഹിക്കും.*

— യെഹസ്ക്കേൽ 20:40

യെഹസ്ക്കേൽ 20:40 – ൽ ഇപ്രകാരം പറയുന്നു. നാം നമ്മുടെ ആദ്യദാനങ്ങളെയും വഴിപാടുകളെയും സകല നിവേദ്യങ്ങളെയും ദൈവത്തിനായി കൊടുക്കേണം. നമ്മുടെ ജീവിതത്തിൽ പൂർണ്ണസമാധാനത്തോടെ പാർക്കണമെങ്കിൽ നമ്മുടെ സമയത്തിന്റെയും, എല്ലാത്തിന്റെ പ്രധാന സ്ഥാനം ദൈവത്തിന് കൊടുക്കുന്നവർ ആകണം. നാം നമ്മോട് സത്യസന്ധത പുലർത്തുന്നവർ ആകണം, പല കാര്യത്തോടും 'ഇല്ല' എന്നു പറഞ്ഞുകൊണ്ട് ദൈവത്തിന് ഒന്നാം സ്ഥാനം കൊടുക്കുന്നവർ ആകണം. നിങ്ങൾ ഉപയോഗിച്ചതിന്റെ ബാക്കിയുള്ളത് കൊടുക്കുന്നവർ ആകാതെ, അതുപോലെ ഒരു ദിവസത്തിന്റെ തന്നെ നിങ്ങൾക്ക് ഉപയോഗിപ്പാൻ കഴിയാത്തതും, നിങ്ങൾ തളർന്ന് ക്ഷീണിക്കപ്പെട്ട സമയങ്ങൾ ദൈവത്തിന് കൊടുക്കുന്നവർ ആകരുത്. നിങ്ങളുടെ ശ്രദ്ധയുടെ തന്നെ ആദ്യദാനം ദൈവത്തിന് കൊടുക്കുന്നവർ ആകുക. ദിവസത്തിന്റെ തന്നെ പ്രഥമസ്ഥാനം അവനായി കൊടുക്കുക. അപ്രകാരം ചെയ്താൽ നിങ്ങൾ ജീവിതത്തിൽ ഒന്നാം സ്ഥാനം നേടുന്നവർ ആകും.

നിങ്ങൾ എന്തു ചെയ്താലും ദൈവം അതിൽ ഒന്നാം സ്ഥാനക്കാരൻ ആകണം. വസ്ത്രം മാറി ഒരു ദിവസത്തെ പ്രോഗ്രാമുകൾ തയ്യാറാക്കുന്നതിന് മുൻപ് തന്നെ ആ ദിവസത്തേക്ക് ആവശ്യമുള്ള ദൈവിക ജ്ഞാനത്തിനായി ദൈവത്തോട് അപേക്ഷിക്കുക, അത് തീർച്ചയായും താങ്കൾക്ക് ദൈവത്തെ മഹത്വപ്പെടുത്തുവാൻ കൂടുതൽ സന്ദർഭങ്ങളെ നൽകി തരും. നിങ്ങളുടെ സമയവും ദൈവവുമായി കൂട്ടിയോജിപ്പിച്ചു അല്ലെങ്കിൽ സംയോജിപ്പിച്ച് ഓരോ സന്ദർഭവും നിങ്ങൾക്ക് മുൻപോട്ടു കൊണ്ടുപോകാവുന്നതാണ്. എപ്പോഴും പ്രാർത്ഥിപ്പിൻ നമ്മുടെ ജോലിയിലും നമുക്ക് പ്രാർത്ഥിപ്പാൻ കഴിയുമല്ലോ. ദൈവത്തിന് പ്രഥമസ്ഥാനം നൽകി, ദൈവിക സാന്നിധ്യബോധത്തിൽ ജീവിക്കുന്ന വ്യക്തിക്ക് ദൈവത്തെയും തന്റെയും ഈ ലോകത്തിലെ ജീവിതത്തിൽ നിന്ന് മാറ്റി നിർത്തേണ്ടി വരത്തില്ല. ആയതിനാൽ സാധാരണ ജോലിപോലും നമുക്ക് വിശുദ്ധമായി ചെയ്യുവാൻ ഇടയാക്കും.

ദൈനംദിന ജീവിതത്തിൽ ദൈവത്തോട് സംസാരിക്കുന്നവർ ആകുക, നിങ്ങൾ എടുക്കുന്ന തീരുമാനങ്ങളിൽ ദൈവിക ആലോചനയും നടത്തിപ്പും ലഭിപ്പാനായും അവ പൂർത്തീകരിക്കാനുള്ള കഴിവ് ലഭിപ്പാനായും

ദൈവത്തോട് അപേക്ഷിക്കുക. എപ്പോഴും ദൈവിക സാന്നിദ്ധ്യം നിങ്ങളോടൊപ്പം ഉണ്ടെന്ന് ഉറപ്പാക്കുക, അവൻ നിങ്ങളുടെ പാതയെ നേരെയാക്കും, അത് പൂർണ്ണസമാധാനത്തിൽ എത്തിക്കും. ഓരോ നിമിഷ ത്തിലും പരിശുദ്ധാത്മാവിന്റെ നിയന്ത്രണം മനസ്സിലാക്കിക്കൊണ്ട് എല്ലാ ദിവ സവും ജീവിതം മുഴുവൻ സന്തോഷിപ്പാൻ ദൈവം സഹായിക്കട്ടെ. ഉടമകൾ ആകുന്നതുവരെയും, അല്ലെങ്കിൽ ആത്മാവിന്റെ ഫലം ഓരോ വ്യക്തിയിൽ വെളിപ്പെടുന്നതുവരെയും ദൈവം നമ്മളിൽ പ്രവർത്തിച്ചുകൊ ണ്ടേയിരിക്കും.

# ഹൃദയത്തിന്റെ മനോഭാവം

*അമസ്യാവു വാഴ്ച തുടങ്ങിയപ്പോൾ അവനു ഇരുപത്തിയഞ്ചു വയസ്സായിരുന്നു. അവൻ ഇരുപത്തൊമ്പതു സംവത്സരം യരുശലേമിൽ വാണു... അവൻ യഹോവയ്ക്ക് പ്രസാദമുള്ളത് ചെയ്തു; ഏകാഗ്രഹൃദയത്തോടെ അല്ല താനും.*

— 2 ദിനവൃത്താന്തം 25:1–2

ദൈവം നമ്മുടെ ഹൃദയം ആവശ്യപ്പെടുക എന്നതുകൊണ്ട് അർത്ഥമാക്കുന്നത്, നമ്മുടെ വ്യക്തിത്വം, സ്വഭാവം, ശരീരം, മനസ്സ്, വികാരം, എന്നിവയെല്ലാമാണ്. ഹൃദയം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് മനുഷ്യന്റെ യഥാർത്ഥ വ്യക്തത്വമാണ്. ഒരിക്കലും നമ്മുടെ യഥാർത്ഥ നേത്രങ്ങളാൽ കാണപ്പെടുന്ന മുഴു ശരീരമല്ല. സഭയും ലോകവും ഇപ്രകാരമുള്ള ഒരു വ്യക്തിയെ അമ്പേഷിച്ചുകൊണ്ടിരിക്കുന്നു. 2 ദിനവൃത്താന്തം 25:1,2 – ലും നാം ഏകാഗ്രഹൃദയത്തോടെ യഹോവയ്ക്ക് പ്രസാദമുള്ളത് ചെയ്യാത്ത ഒരു രാജാവിനെ കാണുവാൻ കഴിയുന്നു. അമസ്യാവ് യഹോവയ്ക്ക് പ്രസാദമുള്ളത് എല്ലാം ചെയ്തു എന്നാൽ ഇവയെല്ലാം താൻ ചെയ്തത് തെറ്റായ മനോഭാവത്തോടെയാണ്. അതുകൊണ്ട് നാം വായിക്കുന്നു, ദൈവം അവനിൽ പ്രസാദിച്ചില്ല.

ഇത് തികച്ചും ഭയപ്പെടുത്തുന്നതത്രെ. നാം എത്രയൊക്കെ നല്ലകാര്യങ്ങൾ ചെയ്താലും അവ ദൈവത്തിന് സ്വകാര്യമല്ലാതായിത്തീരുന്നു കാരണം നമ്മുടെ തെറ്റായ മനോഭാവം കൊടുക്കുന്ന കാര്യം നമുക്ക് ഉദാഹരണമായി എടുക്കാം. 2 കൊരിന്ത്യർ 9:7 ൽ സന്തോഷത്തോടെ കൊടുക്കുന്നവനെ ദൈവം സ്നേഹിക്കുന്നു, സങ്കടത്തോടെ അരുത്, നിർബന്ധത്താലുമരുത് മറിച്ച് സന്തോഷത്തോടെ ശരിക്കും സന്തോഷത്തോടെ കൊടുക്കുന്നവരെ ദൈവം സ്നേഹിക്കുന്നു; ഒരിക്കലും മറ്റൊരാളുടെ പ്രേരണയാൽ ചെയ്യരുത്. താൻ ആ ദാനവും സ്വീകരിക്കും. നാം സന്തോഷത്തോടെ കൊടുക്കാത്ത പണവും താൻ സ്വീകരിച്ച് ദൈവരാജ്യ വ്യാപ്തിക്കായി ഉപയോഗിച്ചേക്കാം, എന്നാൽ അപ്രകാരമുള്ള ഹൃദയമല്ല ദൈവം നമ്മളിൽ നിന്ന് ആഗ്രഹിക്കുന്നത്. ഭൗതികമായ ഹൃദയവും, ആത്മിയമായ ഹൃദയവുമുണ്ട് എന്നാൽ ഇവ രണ്ടും ഒരു പോലെയായിരിക്കണം.

ഭൗതികമായി പറഞ്ഞാൽ, ഹൃദയം മനുഷ്യ ശരീരത്തിലെ പ്രധാന അവയവമാണ്. ആത്മികമായി എന്നാൽ, ഹൃദയം ആത്മിയ ജീവിതത്തിൽ പ്രധാന ഘടകം തന്നെയാണ്. ഒരു വിശ്വാസിക്ക് അല്ലെങ്കിൽ ഒരു നേതാവിന് ദൈവത്തിനായി കൊടുപ്പാൻ കഴിയും എന്നാൽ നമ്മുടെ ഹൃദയത്തിന്റെ അവസ്ഥ വളരെ പ്രധാനപ്പെട്ടതാണ്. സമൃദ്ധിയായ ജീവിതത്തിൽ നിന്ന് ജീവിതങ്ങളെ മാറ്റി മറിക്കുന്നത് മനുഷ്യന്റെ കഴിവില്ലായ്മയോ, ഉത്സാഹക്കുറവോ അല്ല മറിച്ച് ഞാൻ വിശ്വസിക്കുന്നത് തെറ്റായ ഹൃദയം അല്ലെങ്കിൽ മനോഭാവമ ത്രെ.

# പ്രധാന ശില്പി

*ഏതു ഭവനവും ചമപ്പാൻ ഒരാൾ വേണം; സർവ്വവും ചമെച്ചവൻ ദൈവം തന്നെ*

— എബ്രാ. 3:4

സർവ്വത്തിന്റെയും ശില്പി ദൈവം മാത്രമാണ്. യേശു മൂലക്കല്ലത്രെ. കർത്താവായ യേശുക്രിസ്തുവിന്റെ ശുശ്രൂഷയ്ക്കായി നമ്മളെ ഓരോരുത്തരെയും പണിതതും, വളർത്തിയതും ദൈവം മാത്രമാണ്. ഫിലിപ്പ്യർ 1:4 - ൽ അപ്പോസ്തലനായ പൗലൂസ് നമുക്കായി എഴുതി ഉറപ്പിക്കുന്നു "നിങ്ങളിൽ സകല പ്രവൃത്തിയെ ആരംഭിച്ചവൻ യേശുക്രിസ്തുവിന്റെ നാളോളം അതിനെ തികെക്കും എന്നു ഉറപ്പായി വിശ്വസിച്ചുമിരിക്കുന്നു." താൻ ഇതിലൂടെ നമ്മോട് പറയുന്നത് "ദൈവം നമ്മളിൽ ആരംഭിച്ച പ്രവൃത്തി ദൈവം അത് പൂർത്തീകരിക്കും." ഇതിന്റെ അർത്ഥം ദൈവത്തിന് തന്റെ പ്രവൃത്തി ചെയ്യാനായി നാം അനുവദിക്കുക, തന്റെ പ്രവൃത്തിയിൽ നിന്ന് നാം മാറി, നാം നമ്മുടെ ജോലി ചെയ്യുന്നവർ ആകുക.

ചില കാര്യങ്ങൾ ദൈവത്തിന് മാത്രമെ ചെയ്യുവാൻ കഴിയൂ. നാം നമ്മുടെ ഭാഗങ്ങൾ ചെയ്യുക. ദൈവത്തിന് ചെയ്യാവുന്ന കാര്യം താൻ തന്നെ ചെയ്യുന്നതായിരിക്കും. നാം നമ്മുടെ ഉത്തരവാദിത്വങ്ങൾ ചെയ്യുമ്പോൾ തന്നെ നമ്മുടെ സകല ചിന്താകുലങ്ങളും അവന്റെമേൽ ഇടുവാൻ കടപ്പെട്ടവരാണ്. നാം നമ്മുടെ പാപങ്ങളെയും പരാജയങ്ങളെയും, ദൈവമുൻപാകെ ഏറ്റുപറയുക, ഉറപ്പായിരിക്കുക അവൻ നമ്മുടെ സകല പാപങ്ങളെയും പരാജയങ്ങളെയും ക്ഷമിച്ച് ശുദ്ധീകരിക്കും, താൻ തന്റെ വചനത്തിൽ അത് ഉറപ്പായി തന്നെ നൽകിയിരിക്കുന്നു. (1 യോഹന്നാൻ 1:9). നമ്മുടെ ജീവിതത്തെ പൂർണ്ണതയിലേക്ക് എത്തിക്കുന്ന ദൈവിക ശുശ്രൂഷയിൽ നാം പൂർണ്ണമായി വിധേയപ്പെടുകമാത്രം ചെയ്യുക. ഇത് തീർച്ചയായും നമ്മുടെ സകല സമർദ്ദങ്ങളെയും അകറ്റും. നമ്മുടെ ആകുലചിന്ത, ചിന്താഭാരം തുടങ്ങിയവയെ അകറ്റി നമ്മളെ തികഞ്ഞവർ ആക്കും.

# നമുക്ക് ഉള്ളത് വച്ച് ആരംഭിക്കുക

*നിന്റെ കയ്യിൽ ഉള്ളപ്പോൾ കൂട്ടുകാരനോട് പോയി വരിക,*
*നാളെ തരാം എന്നു പറയരുത്*

— സദൃശ്യവാക്യങ്ങൾ 3:28

നമുക്ക് നല്ല ഉദ്ദേശം ഉള്ളപ്പോൾ തന്നെ അനുസരണക്കേട് ഉള്ളവരാകാം. മാറ്റിവയ്ക്കൽ എപ്പോഴും വഞ്ചനാപരമാണ്. നാം ദൈവത്തെ അനുസരിപ്പാൻ ബാധ്യസ്ഥരായതിനാൽ പലപ്പോഴും അനുസരണക്കേട് കാണിച്ചാലും നാം അറിയുന്നില്ല അത് അനുസരണക്കേടാണെന്ന്. നാം ചെയ്യുന്ന ഓരോ കാര്യങ്ങളും അത് എപ്പോൾ ചെയ്യുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണ് അതിന്റെ മൂല്യം. നമുക്ക് ധാരാളം പണം ഉള്ളപ്പോൾ, നമ്മൾക്ക് ധാരാളം തിരക്ക് ഉള്ളപ്പോൾ, ക്രിസ്തുമസ്സ് കഴിയുന്ന സമയം, കുട്ടികൾ ഈ വർഷം സ്കൂളുകളിൽ പോയതിനുശേഷം വെക്കേഷൻ കഴിഞ്ഞാലുടൻ, തുടങ്ങി.

നമുക്ക് ഉള്ള പണം കൊണ്ട് നാം മറ്റുള്ളവർക്ക് അനുഗ്രഹമാകാതെ ദൈവമെ എനിക്ക് കൂടുതൽ പണം താ ഞാൻ കൂടുതൽ മറ്റുള്ളവർക്ക് അനുഗ്രഹമാകാം എന്നു പറയുന്നതുകൊണ്ട് യാതൊരു അർത്ഥമില്ല. സാത്താൻ എപ്പോഴും നിന്നോട് നുണ പറയും. നിനക്ക് കൊടുപ്പാൻ നിന്റെ കയ്യിൽ ഒന്നുമില്ലായെന്ന്. ഒരു പക്ഷെ നിങ്ങളുടെ കയ്യിൽ ഒരു പായ്ക്ക് പശ അല്ലെങ്കിൽ ഒരു പായ്ക്കറ്റ് ബാൾ പെൻ മാത്രമെ ഉണ്ടാകൂ, അത് മറ്റുള്ളവർക്ക് കൊടുത്ത് ദൈവിക അനുഗ്രഹം പ്രാപിക്കുന്നവർ ആകാം.

# ദൈനംദിന ജീവിതത്തിലെ മാറ്റം

*ഞാൻ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളും ആകുന്നു; ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു എങ്കിൽ വളരെ ഫലം കായ്ക്കും; എന്നെ പിരിഞ്ഞ് നിങ്ങൾക്ക് ഒന്നും ചെയ്യുവാൻ കഴിയുകയില്ല.*

— യോഹന്നാൻ. 15:5

നിങ്ങൾ പ്രഭാതത്തിൽ എഴുന്നേറ്റു വരുമ്പോഴേ ഒരു ഭയാനകമായ രീതിയിലാണെങ്കിൽ ഏറ്റവും നല്ല മാർഗ്ഗം ശാന്തമായ ഒരു സ്ഥലം കണ്ടെത്തി ദൈവവുമായി സമയം വേർതിരിക്കുക. അവന്റെ സന്നിധിയിൽ നമുക്ക് തീർച്ചയായും രൂപാന്തരം പ്രാപിക്കുവാൻ കഴിയുന്നതാണ്. ക്രിസ്തുവിനെപ്പോലെ ആയിത്തീരുവാനുള്ള നമ്മുടെ ദൈംനംദിന ജീവിതത്തിലെ അനുഗ്രഹത്തെ പിശാച് തെറ്റായ മാർഗ്ഗത്തിലൂടെ ആക്കി തീർക്കുമ്പോൾ ദൈവവുമായിട്ടുള്ള നമ്മുടെ ചിലവാക്കൽ നമ്മളെ അതിൽ നിന്ന് അകറ്റും. അവനെ കൂടാതെ നമുക്ക് ഒന്നും ചെയ്യുവാന കഴിയുന്നതല്ല (യോഹന്നാൻ. 15:5). എന്നാൽ നമ്മെ ശക്തനാക്കുന്നവൻ മൂലം നമുക്ക് സകലവും സാധ്യം (ഫിലിപ്പ്യർ. 4:13). എന്നെ എപ്പോഴും ഭരിക്കുന്ന ചില പ്രശ്നങ്ങൾ ഉണ്ട്, എന്നാൽ ഇവയൊന്നും എന്റെ ശക്തിയാൽ ഇവയെ ഓടിക്കടക്കുവാനും എനിക്കു കഴിവില്ല.

എന്നാൽ ദൈവിക സഹായത്തിനായി ആശ്രയിക്കുമ്പോൾ, അവൻ എന്നെ പരിശുദ്ധാത്മാവിൽ സന്മാർഗ്ഗത്തിൽ നടത്തുവാൻ സഹായിക്കും. എന്റെ വികാര വിചാരങ്ങളുടെ അടിസ്ഥാനത്തിലല്ല മറിച്ച്, നമ്മുടെ വികാരങ്ങളെ മുറിപ്പെടുത്തുന്നവരോടുള്ള നമ്മുടെ സമീപനം എപ്രകാരമാണ്? നാം ഒരിക്കലും പെട്ടെന്ന് പ്രതികരിക്കുന്നവർ ആകരുത്. ബൈബിൾ പറയുന്നു നമ്മൾ ആരെ മുറിവേല്പ്പിച്ചുവോ അവരോട് എത്രയും വേഗം ക്ഷമിക്കുന്നവർ ആകണം. ഒരുപക്ഷെ താങ്കൾക്ക് ശരിയായ കാര്യം മാത്രം ചെയ്യുവാൻ തല്പര്യമുള്ള വ്യക്തിയും അതിൽ ബുദ്ധിമുട്ട് അനുഭവിക്കുന്ന വ്യക്തിയും ആയിരിക്കാം. ദൈവവുമായി സമയം വേർതിരിക്കുക, നമ്മൾ കടന്നുപോകുന്ന പ്രശ്നങ്ങളെ പ്രതിപാദിക്കുന്ന ബൈബിളിലെ ഭാഗങ്ങൾ ധ്യാനിച്ച് നമ്മുടെ ബുദ്ധിമുട്ടുള്ള വിഷയങ്ങളിൽ വിജയം കണ്ടെത്തുക. ഇപ്രകാരം ചെയ്യുന്നതിലൂടെ എനിക്കും നിങ്ങൾക്കും ഒരുപോലെ ശരിയായ കാര്യങ്ങൾ ചെയ്യുവാനുള്ള ബലം പ്രാപിക്കുവാൻ ഇടയാകും. മറക്കരുത്, നമ്മൾ യുദ്ധത്തിലാണ്, നമ്മൾ സ്വർഗ്ഗീയ സൈന്യത്തിലെ പടയാളികളാണ്. സന്ദർഭോചിതമായി ദൈവം നൽകി തന്നിരിക്കുന്ന സർവ്വായുധവർഗ്ഗം ഉപയോഗിപ്പാൻ കടപ്പെട്ടവരാണ്. അതിലെ ചില ഉപകരണങ്ങൾ ആണ് പ്രാർത്ഥന, ആരാധന, സ്തുതി, ദൈവവചനം.

# നമ്മുടെ ആഗ്രഹങ്ങൾ, അവന്റെ ആഗ്രഹങ്ങൾ ആകണം

*ഇച്ഛിക്കുക എന്നതും പ്രവർത്തിക്കുക എന്നതും നിങ്ങളിൽ ദൈവ മല്ലോ തിരുവുള്ളം ഉണ്ടായ പ്രവർത്തിക്കുന്നത്*

— ഫിലിപ്പിയർ 2:13

ബൈബിൾ പറയുന്നു ദൈവമാണ് നമ്മളിൽ അവന് പ്രസാദമുള്ള കാര്യം ചെയ്യുവാനായി പ്രവർത്തിക്കുന്നത്. ദൈവികമായ വിശുദ്ധ ആഗ്രഹ ങ്ങൾക്കായി നാം ദൈവത്തോട് പ്രാർത്ഥിക്കുവാൻ കടപ്പെട്ടവരാകുന്നു. ദൈവം എപ്പോഴും നമ്മിൽ ദൈവികമായ ആഗ്രഹങ്ങൾ നൽകി തന്ന് ദൈവിക പാത യിൽ നടത്തുന്നു. നമുക്ക് ദൈവവചനം വായിക്കുവാനായിട്ടുള്ള ആഗ്രഹം ഉണ്ടായെങ്കിൽ മനസ്സിലാക്കുക ദൈവം നമ്മെ തന്റെ വചനം വായിക്കുവാ നായി ക്ഷണിക്കുകയാണ്. നമ്മൾ ടെലിവിഷൻ കാണുന്ന സമയം നമുക്ക് പ്രാർത്ഥിക്കുവാനുള്ള പ്രേരണ ഉണ്ടായെങ്കിൽ ദൈവമാണ് നാം അവനോട് സംസാരിക്കുവാനായി നമ്മളെ ക്ഷണിക്കുന്നത്.

യോഹന്നാൻ 15 – ൽ നാം ഇപ്രകാരം വായിക്കുന്നു നാം ക്രിസ്തുവിൽ അധിവസിച്ച് നാം തുടർമാനമായി കർത്താവുമായിട്ടുള്ള ബന്ധത്തിൽ വസി ച്ചാൽ, അവന്റെ വചനം നമ്മളിൽ വസിക്കും. അപ്പോൾ നാം അവനോട് നമ്മുടെ ആഗ്രഹങ്ങളെ ആവശ്യപ്പെട്ടാൽ അവൻ അത് നൽകി തരാമെന്ന് വാഗ്ദത്തം ചെയ്തിട്ടുണ്ട്. അവനിൽ അധിവസിക്കുക "അവനിൽ തന്നെ മുറുകെ പിടിക്കുക," അവനോട് കൂടെ ജീവിക്കുക, അവനെപ്പോലെ ആയിത്തീരുക, അവൻ നൽകുന്ന ആഗ്രഹവും, പോഷകവും നമുക്ക് അവ നിൽ വളരുവാൻ കൂടുതൽ സഹായിക്കും. നമ്മുടെ ഹൃദയങ്ങളിൽ അവൻ ആഗ്രഹം നൽകുന്നു, എന്നാൽ അവ പൂർണ്ണമാകാനായി നാം അവനോട് പ്രാർത്ഥിപ്പാൻ കടപ്പെട്ടിരിക്കുന്നു.

പ്രാർത്ഥനയല്ലാതെ, ദൈവത്തിന് നമ്മുടെ വിഷയങ്ങളിൽ പ്രവർത്തിപ്പാൻ മാധ്യമമില്ല. ദൈവം പ്രാർത്ഥിപ്പാനായി എന്തെങ്കിലും ആഗ്രഹത്തെ നമ്മുടെ ഉള്ളിൽ തന്നാൽ ഈ ആവശ്യം പൂർണ്ണമാകുന്നതിനായി പ്രാർത്ഥിക്കുവാൻ ആകുക. ഒരു പക്ഷെ നിങ്ങൾക്ക് ദൈവം നിങ്ങളുടെ ഉള്ളിൽ തോന്നിപ്പിച്ച ആഗ്രഹത്തെപ്പറ്റി സംശയം ഉണ്ടെങ്കിൽ, ദൈവത്തോട് ഇപ്രകാരം പറയുക, "കർത്താവെ, ഞാൻ വിശ്വസിക്കുന്ന അങ്ങാണ് എന്റെ ഉള്ളിൽ ഈ ആഗ്ര ഹത്തെ നൽകിയത്, ആയതിനാൽ അങ്ങ് ഇത് പൂർത്തീകരിപ്പാനായി അങ്ങ യോട് ഞാൻ ആവശ്യപ്പെടുന്നു. എന്നാൽ ഇവ ലഭിച്ചില്ലെങ്കിലും എനിക്ക് അങ്ങയോട് സന്തോഷമേയുള്ളൂ കാരണം ഞാൻ അങ്ങയുടേതാണ്. എന്നാൽ

ഇപ്പോൾ അങ്ങയുടെ ഹിതമാണ് ഈ വിഷയത്തിന്മേൽ എന്ത് ചെയ്യേണ്ടത് എന്നുള്ളത്."

എല്ലാറ്റിനുമുപരി, ഓർക്കുക നാം ദൈവിക സമാധാനത്തിൽ നിയന്ത്രിക്കപ്പെടേണ്ടവരാണ്. നാം ആഗ്രഹിക്കുന്ന വിഷയം എത്രതന്നെ പ്രധാനപ്പെട്ടതായാലും, നമുക്ക് ആ വിഷയത്തിന്മേൽ ആഴമായ സമാധാനം ഇല്ലാതെ അസ്വസ്ഥരെങ്കിൽ, ആ അഗ്രഹം നമുക്കുള്ളത് അല്ല എന്നു തന്നെ കരുതുക.

# വചനത്താൽ അവ വിളംബരം ചെയ്യുക

*അവൻ (അബ്രഹാം) ദൈവത്തിൽ വിശ്വസിച്ചു (ആശ്രയിച്ചു, ബന്ധപ്പെട്ടു, സ്ഥിരതയോടെ നിന്നു). അത് അവന് നീതിയായി കണക്കിട്ടു (നല്ല മനസ്സോടെ ദൈവത്തോടുകൂടെ)* — ഉല്പത്തി 15:6

എബ്രായർ 4:12 പഠിപ്പിക്കുന്നു ദൈവവചനം ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാൾ മൂർച്ചയേറിയതാണ്. ഈ വാളിന്റെ ഒരു വശംകൊണ്ട് സാത്താനെ തകർക്കുകവാനും, മറുവശംകൊണ്ട് ദൈവിക അനുഗ്രഹങ്ങളെ തുറക്കുവാനും സഹായിക്കും. എഫെസ്യർ 6:17–ൽ ദൈവവചനമാകുന്ന ആത്മാവിന്റെ വാള്, ആത്മികമായ യുദ്ധത്തിൽ വിജയിപ്പാൻ ഈ വാള് അനിവാര്യമാണ്. സങ്കീർത്തനക്കാരനായ ദാവീദ് തുടർമാനമായി പറയുന്നു "യഹോവയെക്കുറിച്ച് അവൻ എന്റെ സങ്കേതവും കോട്ടയും ഞാൻ ആശ്രയിക്കുന്ന എന്റെ ദൈവവും എന്നു പറയുന്നു." (സങ്കീർത്തനങ്ങൾ 91:2)

ഒരുപക്ഷെ നാം തുടർമാനമായി നമ്മോട് തന്നെ ചോദിക്കണം "യഹോവയെക്കുറിച്ച് നാം എന്താണ് പറുയുന്നത്?" നാം **നല്ല കാര്യങ്ങൾ പറയുന്നവർ** ആകണം, ഒരു വ്യക്തി ഒരു പക്ഷെ ഇപ്രകാരം പറയുമായിരിക്കും, "ദൈവത്തിൽ നിന്നാണ് എല്ലാ നല്ല ദാനങ്ങളും വരുന്നത്" എന്നാൽ ഇവകൾ തന്റെ വ്യക്തിപരമായ ജീവിതത്തിൽ തന്നെ സഹായിക്കുന്നു എന്നു പറയുവാൻ കഴിയുന്നുണ്ടോ? പലപ്പോഴും നാം വിശ്വസിക്കുന്നു എന്നു പറയുമ്പോൾ തന്നെ നമ്മുടെ വായിൽ നിന്ന് അതിനെതിരായിട്ടുള്ള പ്രതികരണങ്ങളാണ് വരുന്നത്. നാം നമ്മുടെ കർത്താവിനോട് സംസാരിക്കുന്നവർ ആകണം. നാം കൃത്യസമയത്ത് സ്ഥലത്തും വച്ച് ചെയ്യുന്നവർ ആകണം, എന്നാൽ നാം ചെയ്യുന്നുണ്ടോ എന്ന് ഉറപ്പാക്കണം. നമ്മുടെ വാക്കുകളിലുപരി യഥാർത്ഥ ദൈവിക കൂട്ടായ്മ ബന്ധത്തിൽ സമയം ചിലവഴിക്കുന്നവർ ആകാം.

ഞാൻ പ്രഭാതത്തിൽ നടക്കുവാൻ സമയം വേർതിരിക്കാറുണ്ട്. അപ്പോൾ, പ്രാർത്ഥന, പാട്ട്, വചനം, ഏറ്റുപറച്ചിൽ ഇവയെല്ലാം ഉച്ചത്തിൽ ചെയ്യാറുണ്ട്. ഓരോ പ്രാവശ്യവും ഞാൻ ഇപ്രകാരം പറയാറുണ്ട്, "ദൈവം എന്റെ കൂടെയാണ്, അവൻ പറയുന്ന കാര്യങ്ങൾ എല്ലാം ചെയ്യുവാനാണ്, എന്റെ ജീവിതത്തെപ്പറ്റി അവന് നല്ല പദ്ധതികൾ ഉണ്ട്. അനുഗ്രഹം എന്റെ പിന്നാലെ വരുന്നു, അവ എന്റെ ജീവിതത്തിൽ കവിയുന്നു." ഇപ്രകാരം ഞാൻ ചെയ്യുന്നതിലൂടെ ദൈവവചനമാകുന്ന മൂർച്ചയേറിയ വാളുമായി ഞാൻ സാത്താനെ വെട്ടുന്നു. വാക്കുകളിലൂടെ ദൈവത്തിന് നന്ദി കരേറ്റുക, സ്തുതിക്കുക, അനുതപിക്കുക, ഉച്ചത്തിൽ ദൈവത്തിന് സ്തുതി സ്തോത്രങ്ങൾ അർപ്പിച്ച് ആരാധിക്കുന്നവർ ആകുക. ശത്രുവിനെ ഭ്രാന്തു പിടിപ്പിക്കുന്ന പ്രവർത്തികൾ ചെയ്യുക.

# അവയെക്കാൾ നിങ്ങൾ ഏറ്റവും വിശേഷതയുള്ളവരല്ലയോ?

*ആകാശത്തിലെ പറവകളെ നോക്കുവിൻ; അവ വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല കളപ്പുരയിൽ കൂട്ടിവയ്ക്കുന്നതുമില്ല; എങ്കിലും സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് അവയെ പുലർത്തുന്നു; അവയെക്കാൾ നിങ്ങൾ ഏറ്റവും വിശേഷതയുള്ളവരല്ലയോ?*

— 2 ദിനവൃത്താന്തം 13:11

യേശുക്രിസ്തു ശിഷ്യന്മാരെ ഈരണ്ടീരണ്ടായി പ്രസംഗിക്കുവാനും രോഗികളെ സൗഖ്യമാക്കുവാനുമായിട്ട് അയച്ചപ്പോൾ പട്ടണംതോറും യോഗ്യമായ ഭവനങ്ങൾ കണ്ടെത്തി അവിടെ താമസിക്കുവാനും ആ ഭവനത്തിലുള്ളവരോട് "നിങ്ങൾക്കു സമാധാനം" എന്നു പറയുവാനും കല്പിച്ചു. അവർ നിങ്ങളെ സ്വീകരിച്ചാൽ നിങ്ങൾ അവിടെ താമസിച്ച് ശുശ്രൂഷ ചെയ്യുക എന്നും പറഞ്ഞു. എന്നാൽ അവർ നിങ്ങളെ സ്വീകരിക്കുന്നില്ലെങ്കിൽ നിങ്ങൾ ആ പട്ടണം വിട്ട് പോകുംമ്പോൾ നിങ്ങളുടെ കാലിലെ പൊടി അവിടെ തട്ടിക്കളവിൻ എന്നും കല്പിച്ചു. (മത്തായി 10:11–15)

യേശു എന്തുകൊണ്ടാണ് ഇങ്ങനെ പറഞ്ഞതെന്ന് ഞാൻ അത്ഭുതപ്പെട്ടു. അപ്പോൾ കർത്താവ് എനിക്ക് വെളിപ്പെടുത്തിയത് സമാധാനമില്ലാത്ത വീട്ടിലോ പട്ടണത്തിലോ ശിഷ്യന്മാർ താമസിച്ചാൽ, യഥാർത്ഥമായ സേവനം അവർക്ക് ചെയ്യുവാൻ കഴിയുകയില്ല. നിങ്ങൾക്കറിയാമോ എന്തുകൊണ്ട്? എന്തുകൊണ്ടെന്നാൽ കലഹങ്ങൾ പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കുന്നു. സമാധാനം നഷ്ടപ്പെടുന്നിടത്ത് പരിശുദ്ധാത്മാവും വിട്ടുപോകുന്നു. പരിശുദ്ധാത്മാവാണ് യഥാർത്ഥ പ്രവർത്തി ചെയ്യുന്നത്.

യേശുക്രിസ്തു മറ്റുള്ളവരുടെ ശുശ്രൂഷയ്ക്കായി പോയതിനെ നിങ്ങൾ എങ്ങനെ കാണുന്നു? തീർച്ചയായിട്ടും അവൻ ഒരു തിടുക്ക മനസ്സോടെ ആയിരുന്നില്ല. അവൻ സാവധാനതയും സമാധാന അന്തരീക്ഷത്തിലും കരുതലോടുകൂടെയുമാണ് ശുശ്രൂഷ ചെയ്തത്. ഇതാണ് നാമും നമ്മുടെ ജീവിതത്തിൽ വികസിപ്പിച്ചെടുക്കേണ്ടത്. ക്രിസ്തുവിന്റെ സ്ഥാനാപതികൾ എന്ന നിലയ്ക്ക് നാം നമ്മുടെ ഗുരുവിനെപ്പോലെ ഗുരുവിനോട് കൂടുതൽ തുല്യത ഉള്ളവരാകണം. കർത്താവായ രക്ഷിതാവിനുവേണ്ടി എന്തെങ്കിലും പ്രവർത്തിക്കണമെങ്കിൽ സമാധാനത്തിനായിട്ടുള്ള ദാഹവും വിശപ്പും നമുക്ക് അത്യാവശ്യമാണ്.

# താങ്കൾ ഏത് വഴി തിരഞ്ഞെടുക്കും?

*ഇടുക്ക വാതിലൂടെ അകത്തു കടപ്പിൻ; നാശത്തിലേയ്ക്കു പോകുന്ന വാതിൽ വീതിയുള്ളതും വഴി വിശാലവും അതിൽ കൂടി കടക്കുന്നവർ അനേകരും ആകുന്നു. ജീവങ്കലേയ്ക്ക് പോകുന്ന വാതിൽ ഇടുക്കവും വഴി ഞെരുക്കവും ഉള്ളത്; അത് കണ്ടെത്തുന്നർ ചുരുക്കമത്രെ.*

— മത്തായി 7:13-14

ഈ വേദഭാഗത്ത് യേശു രണ്ട് വ്യത്യസ്ത പാതകളെപ്പറ്റി പറഞ്ഞിരിക്കുന്നു. വീതിയുള്ള വഴി നാശത്തിലേക്കും, ഇടക്കമുള്ള വഴി ജീവങ്കലേക്കും നയിക്കപ്പെടുന്നു. ഞാൻ ഈ വേദഭാഗം ധ്യാനിച്ചുകൊണ്ടിരുന്നപ്പോൾ കർത്താവ് എന്നോട് ഇപ്രകാരം സംസാരിച്ചു, "ജോയ്സ്, വിശാല വഴിയിൽ എല്ലാവിധ ദുർമാർഗ്ഗങ്ങൾക്കും, അതുപോലെ പാപം ക്ഷമിക്കാതിരിക്കുക, കയ്പ് ഇവയ്ക്കെല്ലാം സൗകര്യമുള്ള മുറികൾ ഉണ്ട്. എന്നാൽ ഇടുക്കവഴിയിൽ ഒരു മുറിമാത്രം അത് പരിശുദ്ധാത്മാവിനു വേണ്ടി മാത്രമുള്ളതാണ്."

ജഡികമായ നിലയിൽ നമുക്ക് വലിയതും വിശാലതുമായത് തിരഞ്ഞെടുക്കാം എന്നാൽ അതിന്റെ അവസാനം നാശമായിരിക്കും. നമ്മുടെ വികാരം എപ്പോഴും ഇപ്രകാരമുള്ളതും, എളുപ്പവുമായ വഴി തിരഞ്ഞെടുക്കാൻ ആവശ്യപ്പെടും. എന്നാൽ ജ്ഞാനം നമ്മോട് പറയും ഇടുക്കവും ഞെരുക്കവുമുള്ളത് തിരഞ്ഞെടുക്കുക കാരണം അതിന്റെ ഒടുവിൽ ജീവൻ ഉണ്ട്. ചോദ്യം ഇതാകുന്നു: താങ്കൾ ഇതിൽ ഏത് തിരഞ്ഞെടുക്കും?

താങ്കളുടെ ജീവിതത്തിൽ എന്തു സംഭവിച്ചു എന്നതിന്റെ അടിസ്ഥാനത്തിലല്ല, ഭാര്യ ഉപേക്ഷിക്കട്ടെ, മാതാപിതാക്കൾ കുറ്റം പറയട്ടെ, കുട്ടികൾ നിങ്ങളെ മുറിവേല്പിക്കട്ടെ, എന്നാലും നിങ്ങൾ ഇടുക്കവും ഞെരുക്കവുമുള്ള പാത തിരഞ്ഞെടുത്താൽ പെട്ടെന്ന് അല്ലെങ്കിൽ അല്പം താമസിച്ചാണെങ്കിലും സമാധാനവും സന്തോഷവും പൂർണ്ണമായി അനുഭവിപ്പാൻ ഇടയാകും.

യേശു തന്നെ യഥാർത്ഥ വഴി, താൻ നമുക്ക് യഥാർത്ഥ വഴി കാണിച്ചു തന്നു. ദൈവം തന്റെ ആത്മാവിലൂടെ നാം സഞ്ചരിക്കേണ്ട പാത നമുക്ക് കാണിച്ചു തന്നു, വിശാലമായ വാതിൽ നാശത്തിലേക്കും, ഇടുക്കമുള്ളത് ജീവനിലേക്കും. നാം ദൈവം ആഗ്രഹിക്കുന്ന പാതയിൽ നടക്കുക. "നന്മ ചെയ്കയിൽ നാം മടുത്തുപോകരുത്; തളർന്നു പോകാഞ്ഞാൽ തക്കസമയത്ത് നാം കൊയ്യും." (ഗലാത്യർ 6:9)

# നിങ്ങളുടെ ഭാഗധേയം കണ്ടെത്തുന്നു

*എന്നാൽ നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും ഓരോരുത്തൻ വെവ്വേറെയായി അവയവങ്ങളും ആകുന്നു* — 1 കൊരിന്ത്യർ 12:27

നാം പലപ്പോഴും ആശ്ചര്യ പൂർവ്വം ചോദിച്ചു പോകാറുണ്ട്, *എന്റെ ജീവിതം കൊണ്ട് ഞാൻ എന്തു ചെയ്യാനാ? ഞാൻ ഇവടെ ആയിരിക്കുന്നതിന്റെ ഉദ്ദേശമെന്ത്? എന്റെ ജീവിതത്തിൽ ഒരു ദൈവവിളിയുണ്ടോ?* ഈ ചോദ്യങ്ങൾക്കെല്ലാം ദൈവം മറുപടി തരുന്നതു നമുക്ക് പ്രകൃത്യാ ഉള്ള വരങ്ങളും കഴിവുകളിലും കൂടെയാണ്. നമ്മുടെ ആവശ്യങ്ങൾക്കും ഉദ്ദേശങ്ങൾക്കും ആവശ്യമായ താലന്തുകളും കഴിവുകളും ദൈവം നമ്മിലേക്ക് പകർന്നുകൊണ്ടിരിക്കുന്നു. പ്രത്യേക പരിശീലനങ്ങൾ ഒന്നുംകൂടാതെ തന്നെയാണ് ഒരു വ്യക്തിയിലേക്ക് ഇതെല്ലാം പകരപ്പെടുന്നത്. അവയെ കൃത്യമായി പ്രയോഗിക്കുന്നതിലൂടെ നാം കൂടുതൽ സന്തോഷം കൈവരിക്കുന്നു.

ഉദ്ദേശങ്ങളെക്കുറിച്ച് നിശ്ചയമില്ലാത്ത വ്യക്തിയാണ് നിങ്ങളെങ്കിൽ നിങ്ങൾ ചെയ്യേണ്ടതു നന്നായി ചെയ്തശേഷം അതു ദൈവം അംഗീകരിച്ചു എന്നറിയുന്നതിനായി അവൻ നിങ്ങളെ അനുഗ്രഹിക്കുന്നതിനായി കാത്തിരിക്കുക. നിങ്ങൾ ചെയ്യാൻ സാധിക്കാത്തവ അഥവാ ദൈവിക കഴിവു ലഭിച്ചിട്ടില്ലാത്തവ ചെയ്തു പൂർത്തിയാക്കാനായി ജീവിതം പാഴാക്കരുത്. ഒരു പച്ചക്കറിത്തോട്ടം ഉണ്ടാക്കി ടൊമാറ്റോ കൃഷി നടത്തുവാനും, എന്റെ ഭർത്താവിന്റെ വസ്ത്രങ്ങൾ തൈയ്ച്ചെടുക്കുന്നതിനും പരിശ്രമിച്ചുനോക്കിയെങ്കിലും പരാജയപ്പെടുകയും ദൈവം എന്നെ വിളിച്ചത് പച്ചക്കറി ഉത്പാദനത്തിനും തുണി തുന്നാനും അല്ലെന്നു മനസ്സിലാക്കി. എന്നാൽ, ആരും ഈ തൊഴിലുകൾ ചെയ്യാൻ തയ്യാറായില്ലെങ്കിൽ എന്തു ചെയ്യും? അതിനാണ് ദൈവം നമ്മുടെ ലോകത്തിന്റെ ബാലൻസ് നിലനിർത്താനായി ഓരോരുത്തർക്കും പ്രത്യേക കഴിവുകളും അതിലൂടെ അവർക്കു സന്തോഷവും നല്കിയിരിക്കു ന്നത്.

മറ്റുള്ളവർക്കുവേണ്ടി നാം ശുശ്രൂഷചെയ്യുമ്പോൾ ദൈവത്തിന്റെ വിളിയ്ക്കനുസരിച്ച് അവൻ തന്നിരിക്കുന്ന കഴിവുകളും ദാനങ്ങളും കൊണ്ടാണ് ഇതു ചെയ്യുന്നതെന്ന് നാം മനസ്സിലാക്കുന്നു. നാം നമ്മെത്തന്നെ ദുരിതപൂർണ്ണവും ഭീതികരവുമായ ഒരു ജീവിതമാക്കിയാൽ നമ്മൾ ദൈവത്തിന്റെ സംപൂർണ്ണഹിതത്തിലല്ലെന്ന് അറിയണം. ദൈവം നമുക്ക് സമാധാനവും സന്തോഷവും തരുന്നതു നാം അവന്റെ പൂർണ്ണഹിതം നിറവേറണ്ടതിനായിട്ടാണ്.

നിങ്ങൾക്കു സന്തോഷം പകരുന്നതും, നല്ലതെന്ന് ഉറപ്പുള്ളതുമായ ദൈവകൃപ ലഭിക്കുന്നതുമായവ ചെയ്യുവാൻ ഞാൻ നിങ്ങളെ പ്രോത്സാഹിപ്പിക്കുന്നു. ദൈവം തന്നെ നിങ്ങളുടെ ജീവിതത്തിൽ ദൈവം ആയിരിക്കട്ടെ. അവൻ നിങ്ങളിലൂടെ വ്യത്യസ്ത വഴികളായി ഒഴുകുവാൻ ആഗ്രഹിക്കുന്നു. അവന്റെ കഴിവുകൾ നിങ്ങളിലും നിങ്ങളിലൂടെയും പുറപ്പെടട്ടെ. അതുല്യനായിരിക്കുന്നതിൽ ഭയപ്പെടാറില്ല.

# ഇച്ഛാശക്തി: ശോഭനം – കാലാവസ്ഥ സ്നേഹിതൻ

*ആത്മാവിനെ അനുസരിച്ചു നടപ്പിൻ (വിശുദ്ധമായതും, ആത്മാവിന്റെ നിയന്ത്രണത്തിലും) എന്നാൽ നിങ്ങൾ ജഡത്തിന്റെ മോഹം (ദൈവത്തെക്കൂടാതെയുള്ള മനുഷ്യപ്രകൃതം) നിവൃത്തിക്കയില്ല എന്നു ഞാൻ പറയുന്നു* — ഗലാത്യർ 5:16

ഇച്ഛാശക്തിയെന്നത് തീർച്ചയായും വലിയ ഒരു കാര്യമാണ്. നാം അഭിമുഖീകരിക്കുന്ന ഏതു പരീക്ഷകളെയും പൊരുതി തോല്പ്പിക്കാമെന്ന വിശ്വാസം അതു നല്കുന്നു. ചിലപ്പോൾ അതു വിജയിക്കും. എന്നാൽ മനശക്തിയെക്കുറിച്ച് ഞാൻ ഒരു രഹസ്യം പറയാം. കാര്യങ്ങളെല്ലാം ശരിയായ വഴിക്കു നീങ്ങുമ്പോൾ അതു നിങ്ങളുടെ ഉത്തമ സ്നേഹിതനായിരിക്കും. എന്നാൽ നിങ്ങൾ ക്ഷീണിതനായിരിക്കുമ്പോൾ നിങ്ങളെ പരിശോധിക്കുന്ന ഒന്നാമത്തെ സ്നേഹിതൻ ഇച്ഛാശക്തിയായിരിക്കും. എനിക്കറിയാം, ചില കാര്യങ്ങൾ ചെയ്യാൻ എനിക്കു കഴിയില്ലെന്നു തോന്നുമ്പോൾ, അതു എന്തുകൊണ്ടാണെന്നു തെളിയിക്കാൻ മനസ്സു നിരവധി കാര്യങ്ങൾ നിരത്തും, അതിനോട് എന്റെ വികാരങ്ങളും യോജിച്ചു പറയും "തീർച്ചയായും ഞാനും സമ്മതിക്കുന്നു ഒരു പ്രകാരവും അതു ചെയ്യുവാൻ കഴിയുകയില്ല" നമ്മുടെ പ്രാണൻ (മനസ്സ്, ഇച്ഛ, വികാരം) നമ്മുടെ ജീവിതത്തെ നയിക്കാൻ ഇഷ്ടപ്പെടുന്നു. എന്നാൽ ബൈബിൾ പറയുന്ന നാം ആത്മാവിനാൽ നടത്തപ്പെടേണ്ടതെന്നാണ്. നമ്മുടെ ഇച്ഛാശക്തി നമ്മെ നയിക്കണമെന്നല്ല പിന്നെയോ ആത്മാവിനാൽ നയിക്കപ്പെടണമെന്നാണ് ഉപദേശിച്ചിരിക്കുന്നത്. വിജയകരമായ ജീവിതം നയിക്കുന്നതിന് ഇച്ഛാശക്തിയും, ശിക്ഷണവും അത്യാവശ്യമാണ്. പക്ഷെ ഇച്ഛാശക്തി ഒറ്റയ്ക്കു മതിയാകയില്ല. കുറച്ചു സമയത്തേക്ക് ആരംഭിക്കാൻ തീരുമാനം നല്ലതാണ്. എന്നാൽ അതും ഒറ്റയ്ക്ക് നിങ്ങളെ ഫിനിഷിംഗ് ലൈൻ കടത്തുകയില്ല. സെഖര്യാവ് 4:6 – ൽ "സൈന്യത്താലല്ല, ശക്തിയാലുമല്ല എന്റെ ആത്മാവിനാലത്രെ എന്നു സൈന്യങ്ങളുടെ യഹോവ അരുളിചെയ്യുന്നു" എന്നു വായിക്കുന്നു.

നമ്മുടെ അവശ്യസമയത്ത് ഇച്ഛാശക്തിയിലേക്കു നോക്കാതെ ദൈവത്തിങ്കലേക്കു നോക്കിയാൽ എന്താണ് സംഭവിച്ചത്? ദൈവം തന്റെ ശക്തി നമ്മുടെ ഇച്ഛാശക്തിയിലേക്ക് പകർന്ന് അതിനെ കാര്യക്ഷമതയുള്ളതാക്കുകയും അങ്ങനെ നാം ഫിനിഷിംഗ് ലൈൻ കടക്കുവാനിടയാകുകയും ചെയ്യും. എന്നാൽ ഇതിന്റെ ബഹുമതി ഇച്ഛാശക്തിക്കല്ല ദൈവത്തിനാണ് കിട്ടുക എന്നു യോഹന്നാൻ 15:5 – ൽ യേശു പറഞ്ഞു "എന്നെ പിരിഞ്ഞ് (അവനുമായുള്ള ദൃഢമായ സംയോജനം) നിങ്ങൾക്ക് ഒന്നും കഴിയുകയില്ല." ഇത് മനസ്സിലാക്കാൻ അതിപ്രാധാന്യമർഹിക്കുന്നതും അത്യധികം പ്രയാസമേറിയതുമായ ഒരു വിഷയമാണ്. യേശു നമുക്കായി മരിച്ചു നേടിത്തന്ന സന്തോഷം അനുഭവമാകണമെങ്കിൽ ഇതു ഗ്രഹിക്കണം.

# ന്യായപ്രമാണത്തിന്റെ ശാപത്തിൽ നിന്നു സ്വാതന്ത്ര്യം

*എന്നാൽ ലംഘനം പെരുകേണ്ടതിന് ന്യായപ്രമാണവും ഇടയിൽ വന്നു ചേർന്നു; എങ്കിലും പാപം പെരുകിയിടത്തു കൃപ അത്യന്തം വർദ്ധിച്ചു*

— റോമർ 5:20

ന്യായപ്രമാണത്തിന്റെ ഉദ്ദേശം വീണു പോയ മനുഷ്യനെ തെറ്റായ പ്രവർത്തികളിൽ നിന്ന് അകറ്റിനിർത്തുകയായിരുന്നു. എന്നാൽ മനുഷ്യന്റെ ദോഷസ്വഭാവത്തിൽ നിന്നു അവനെ രക്ഷിപ്പാൻ ന്യായപ്രമാണത്തിനു കഴിയാതെവണ്ണം അതു അതിൽ തന്നെ ബലഹീനമായിരുന്നു. ജനത്തെ അനുസരിപ്പിക്കുവാനുള്ള ശക്തി ന്യായപ്രമാണത്തിനില്ലായിരുന്നു. ഉദാഹരണമായി, നിങ്ങൾക്ക് ധാരാളം ചോക്കലേറ്റ് തിന്നുന്ന സ്വഭാവമുണ്ടായിരിക്കാം, അതിൽ നിന്ന് സ്വതന്ത്രരാകണമെന്ന ആഗ്രഹമുണ്ടായിട്ട് "ഞാൻ ഇനി ചോക്കലേറ്റു തിന്നുകയില്ല, എനിക്കു ചോക്കലേറ്റു തിന്നാൻ പറ്റുകയില്ല, ഇനി ഒരിക്കൽപോലും ഞാൻ ചോക്കലേറ്റു തിന്നുകയില്ല" എന്നൊരു പ്രമാണം ഉണ്ടാക്കിയാലും ചോക്കലേറ്റിനോടുള്ള നിങ്ങളുടെ ആഗ്രഹം മാറുന്നില്ല, അതു കൂടുതൽ സങ്കീർണ്ണമാകുകയേയുള്ളൂ. അങ്ങനെ നിങ്ങൾ സ്വയം ഉണ്ടാക്കിയ പ്രമാണം ലംഘിക്കുന്നു എന്നൊരു കുറ്റബോധം ഉണ്ടാകുന്നു.

നിങ്ങൾ ചോക്കലേറ്റിനെക്കുറിച്ച് ചിന്തിക്കുമ്പോഴെല്ലാം നിങ്ങൾ അതിനോടുള്ള ആഗ്രഹമാണ് ഉണ്ടാകുന്നത്. പ്രഭാതം മുതൽ പ്രദോഷം വരെ നിങ്ങളുടെ മനസ്സിൽ ചോക്കലേറ്റാണ്. ഒടുവിൽ ചോക്കലേറ്റു തിന്നുവാനുള്ള ആശയിൽ നിങ്ങൾ ഒളിച്ചു ചുറ്റിക്കറങ്ങി നടക്കും. എന്തെന്നാൽ, ഇനി ഒരിക്കലും ചോക്കലേറ്റു തിന്നുകയില്ലെന്നു നിങ്ങൾ എല്ലാവരോടും പറഞ്ഞിരുന്നു, അതുകൊണ്ട് പരസ്യമായി തിന്നാൻ ഭയപ്പെട്ടു ഒളിവിടങ്ങളിൽ നടക്കയാണ്. ഇപ്പോൾ നിങ്ങൾ നിയമലംഘിക്കുക മാത്രമല്ല ഒരു രഹസ്യപാപി കൂടി ആയിത്തീർന്നു.

ഞാൻ പറഞ്ഞത് എന്താണെന്നു നിങ്ങൾ മനസ്സിലായിക്കാണും, അതായത് ക്രിസ്തുവിൽ സ്വതന്ത്രരായിരിക്കേണ്ട നമ്മൾ "ന്യായപ്രമാണത്തിൻ കീഴിൽ" വേദന അനുഭവിക്കുന്നവരത്രെ. പുതിയ വിശ്വാസികൾ അവരുടെ വിശ്വാസത്തിലും ദൈവവചനത്തിന്റെ അറിവിലും വളർച്ച പ്രാപിച്ചിട്ടില്ലാത്ത ബലഹീനർ ആയതിനാൽ അവരുടെ വികാരങ്ങളെ നിയന്ത്രിക്കുന്നതിനു ന്യായപ്രമാണം ശ്രദ്ധിച്ചേക്കാം. എന്നാൽ അവർ വളരുകയും അവരുടെ ശ്രദ്ധയെ പരിശുദ്ധാത്മാവിന്റെ നേതൃത്വത്തിൻ കീഴിൽ ആകുവാനും പഠിക്കുന്നതോടെ അവൻ അവരെ പാപത്തിന്റെ ആഗ്രഹങ്ങളിൽ നിന്നും സ്വതന്ത്രരാക്കും.

# അറിയാതെ ചെയ്യുന്ന പാപം

*ദൈവത്തിൽ നിന്നു ജനിച്ചവൻ ആരും പാപം ചെയ്യുന്നില്ല (മനപൂർവ്വമായി, അറിവോടെ, സ്വഭാവപരമായി പാപം പരിശീലിക്കുന്നില്ല) അവന്റെ വിത്തു (ദൈവത്തിന്റെ പ്രത്യേക ജീവൻ, ദിവ്യബീജം) അവനിൽ വസിക്കുന്നു (സ്ഥിരമായി അവനിലുണ്ട്) ദൈവത്തിൽ നിന്നു ജനിച്ചതിനാൽ അവനു പാപം ചെയ്യുവാൻ കഴിയുകയില്ല)* — 1 യോഹന്നാൻ 3:9

ഇതിനെ ഞാൻ ഇപ്രകാരം പറയട്ടെ: ഒരു പൂർണ്ണമായ പാപി ആയിരുന്ന ഞാൻ പെട്ടെന്നൊരിക്കൽ അറിയാതെ ഏതോ ശരിയായതു പ്രവർത്തിക്കേണ്ടി വന്നു. എന്നാൽ ഇപ്പോൾ ദീർഘ വർഷങ്ങളായി ദൈവത്തോടും ദൈവവചനത്തോടും ബന്ധം വളർത്തി എടുത്തതിനാൽ ദൈവത്തോടു പൂർണ്ണ അനുസരണം കാണിക്കുന്ന ദൈവപൈതലായിത്തീർന്നു. ഞാൻ ഇപ്പോഴും തെറ്റുകൾ വരുത്താറുണ്ട്. എന്നാൽ മുൻകാലങ്ങളിൽ ചെയ്യുന്നതുപോലെയല്ല; ദൈവത്തിനു സ്തോത്രം ഞാൻ മുൻപ് പരിചയിച്ച തെറ്റുകളുടെ സ്ഥാനത്തല്ല ഇന്ന് ആയിരിക്കുന്നത്.

അറിയാതെ തെറ്റു ചെയ്തുപോകുന്ന സമയങ്ങളുണ്ട്. എന്നാൽ അത് എന്റെ ഹൃദയത്തിന്റെ തെറ്റു ചെയ്യാനുള്ള ആഗ്രഹമല്ല. ഞാൻ മനപൂർവ്വമോ അറിഞ്ഞുകൊണ്ടോ പാപം ചെയ്യാറില്ല. പാപസ്വഭാവത്തിൽ തുടരുന്നവളുമല്ല, ആകയാൽ അതിനുള്ള അവസരങ്ങൾ ഉണ്ടാക്കി സുരക്ഷിതത്വം നഷ്ടപ്പെടുത്താറുമില്ല. ഞാൻ ചെയ്യുന്നതെല്ലാം ശരിയല്ലെങ്കിലും എന്റെ ഹൃദയത്തിന്റെ മനോഭാവം ശരിയാണെന്ന് എനിക്കറിയാം. ആകയാൽ എന്റെ ദിവസം സംപൂർണ്ണമായും മനോഹരമായിരിക്കും, കൂടുതൽ ദൈവത്തോട് പറ്റിച്ചേർന്നതും ആത്മികവുമായിരിക്കും. അപ്പോഴായിരിക്കും എന്റെ ഭർത്താവായ ഡേവ് വീട്ടിൽ വന്നിട്ട് ഞാൻ ധരിച്ചിരിക്കുന്ന പുറംകുപ്പായത്തെക്കുറിച്ച് താൻ കാര്യമാക്കുന്നില്ല എന്നു പറയുന്നത്. പെട്ടെന്ന് ഞാൻ കോപിയും സ്വയരക്ഷയ്ക്കായി വായിൽ വന്നതെല്ലാം പറഞ്ഞ് എനിക്ക് അദ്ദേഹത്തെ ഇഷ്ടമല്ലെന്നു വെളിപ്പെടുത്തുന്നത്. എന്നാൽ ഇങ്ങനെ ഒന്നു സംഭവിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല, വാസ്തവത്തിൽ അദ്ദേഹം വീട്ടിൽ വരുമ്പോൾ സ്നേഹത്തോടും അനുസരണയോടുംകൂടെ സ്വീകരിപ്പാനാണ് എനിക്കിഷ്ടം.

എന്നാൽ റോമർ 7 - ൽ പൗലോസ് പറയുംപോലെ ഞാൻ ആഗ്രഹിക്കാത്ത തിന്മയത്രെ ഞാൻ ചെയ്യുന്നത്, ആഗ്രഹിക്കുന്ന നന്മ ചെയ്യാൻ കഴിയുന്നുമില്ല. നമ്മുടെ ഹൃദയം ശരിയായതിനാൽ നല്ല ഒരു സ്വഭാവത്തിനായിട്ടാണ് നാം പദ്ധതി ഇടുന്നത് എന്നാൽ പൗലോസിനെപോലെ നമ്മുടെ പദ്ധതിയും എപ്പോഴും നടപ്പിലാകുന്നില്ല. ഓരോ ദിവസവും പുതിയതായിരിക്കുന്ന ദൈവത്തിന്റെ കരുണയ്ക്കായി നന്ദി. (വിലാപങ്ങൾ 3:22, 23)

# ദൈവം ദൈവമാകുന്നു- നമ്മളല്ല!

*കർത്താവിന്റെ മനസ്സ് അറിഞ്ഞ് (ആലോചനയും ഉപദേശവും) അവനെ ഗ്രഹിക്കുന്നവൻ ആർ? (ഉപദേശിച്ചും, നയിക്കുകയും ചെയ്യുന്നവൻ ആര്)*

— 1 കൊരിന്ത്യർ 2:16

ദൈവത്തിന് ആലോചനയും, ഉപദേശവും കൊടുത്തു അവനെ നടത്തുന്ന തല്ല നമ്മുടെ ജോലി. ദൈവം തന്റെ വചനത്തിൽ കൂടെ അതു വ്യക്തമാക്കിയിട്ടുണ്ട്. എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നതെന്നോ, എന്താണവൻ ചെയ്യേണ്ടതെന്നോ നമ്മളാരും അവനെ അറിയിക്കേണ്ടതില്ല "എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങൾ അല്ല; നിങ്ങളുടെ വഴികൾ എന്റെ വഴികളുമല്ല എന്നു യഹോവ അരുളിച്ചെയ്യുന്നു. ആകാശം ഭൂമിയ്ക്കു മീതെ ഉയർന്നിരിക്കുന്നതുപോലെ എന്റെ വഴികൾ നിങ്ങളുടെ വഴികളിലും എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങളിലും ഉയർന്നിരിക്കുന്നു." (യെശ്ശയ്യാവ് 55:8,9)

നമ്മുടെ ജോലി ദൈവം പറയുന്നതു കേൾക്കുന്നതാണ്. എന്താണ് സംഭവിക്കുന്നതെന്നും അതിനു നമ്മൾ എന്തു ചെയ്യണമെന്നും ദൈവം നമ്മോടാണ് പറയേണ്ടത്, ബാക്കിയെല്ലാം ദൈവം തന്റെ സ്വന്ത ഇഷ്ടപ്രകാരവും അറിവിൻ പ്രകാരവും ചെയ്യട്ടെ. എന്നാൽ ചിലപ്പോൾ നമ്മൾ ഇതു മറക്കും, അപ്പോഴാണ് ദൈവം നമ്മെ ഓർമ്മിപ്പിക്കുന്നത് "നീ ആരാകുന്നു, എന്താണ് നിന്റെ വിചാരം? എന്റെ ബോസ്സ് ആകാൻ ശ്രമിക്കാതെ നിന്റെ സ്ഥാനത്തേക്കു മടങ്ങി കീഴടങ്ങി നില്ക്കുക."

വാദപ്രതിവാദങ്ങളുടെ നൂലാമാലകളിൽ നിന്നു എന്നെ സ്വതന്ത്രയാക്കുവാൻ ദൈവം ശ്രമിക്കുന്നതറിയാതെ അതിനെക്കുറിച്ച് ചിന്തിച്ചും മാർഗ്ഗംതേടിയും വിഷമിച്ച നാളുകളെ ഞാൻ ഓർക്കുന്നു. ഒടുവിൽ, അവൻ എന്നോട് പറഞ്ഞത്: "ജോയ്സീ, നീ ഇതുവരെ ഞാൻ ആരെന്നു കണക്കു കൂട്ടി കണ്ടെത്തിയില്ല, അങ്ങനെയെങ്കിൽ ഞാൻ ദൈവമല്ലാതായേനെ? ദൈവം ദൈവമാകുന്നു - നമ്മളതല്ല. ഈ സത്യം മനസ്സിലാക്കി നാം അവനിൽ ആശ്രയിക്കണം, എന്തുകൊണ്ടെന്നാൽ എല്ലാ വിധത്തിലും എല്ലാ തലത്തിലും അവൻ നമ്മെക്കാൾ വലിയവനാണ്. നാം അവന്റെ സ്വരൂപത്തിൽ നിർമ്മിക്കപ്പെട്ടവരാണ്. അവനോ നമ്മെക്കാൾ ഉന്നതനും വിദൂരതയിലും ആകുന്നു. അവന്റെ വിചാരങ്ങളും വഴികളും നമ്മുടേതിനെക്കാൾ ഉയർന്നതാണ്. നാം അവനെ ശ്രദ്ധിക്കയും അനുസരിക്കുകയും ചെയ്താൽ അവൻ നമ്മെ അവന്റെ വഴികൾ പഠിപ്പിക്കും. എന്നാൽ അതല്ലാതെ അവനെ ഗണിച്ചു മനസ്സിലാക്കുവാൻ കഴിയുകയില്ല. അതിനായി ഒരിക്കലും പരിശ്രമിക്കരുത്.

# എല്ലാറ്റിനും സ്തോത്രം ചെയ്യുക!

*അതുകൊണ്ട് അവൻ മുഖാന്തിരം ദൈവത്തിനു അവന്റെ നാമത്തെ ഏറ്റുപ റയുന്ന അധരഫലം എന്ന സ്തോത്രയാഗം ഇടവിടാതെ അർപ്പിക്കുക*

— എബ്രായർ 13:5

ഏതെങ്കിലും പ്രകാരത്തിലുള്ള കാരണങ്ങളില്ലാതെ നമ്മൾ സ്തുതി സ്തോത്ര ങ്ങൾ അർപ്പിക്കാറില്ല. ഒരു കാരണമുണ്ടെങ്കിൽ സ്തുതിയും നന്ദിയും പറയു വാൻ വളരെ എളുപ്പമാണ്, എന്നാൽ അതൊരു സ്തോത്രയാഗം ആയിരി ക്കുകയില്ല. നമ്മൾ സത്യത്തിൽ സ്തുതിയും സ്തോത്രവും എപ്പോഴും അർപ്പി ക്കേണ്ടവരാണ്. ദൈവം നമ്മോട് കാണിക്കുന്ന പ്രസാദവും നമ്മുടെ ജീവി തത്തിൽ പകരുന്ന അനുഗ്രഹങ്ങളും ഓർത്താൽ ഇടവിടാതെ നന്ദി കരേറ്റു വാൻ നാം ബാദ്ധ്യസ്ഥരാണ്.

നാം പ്രാപിക്കുന്ന അനുഗ്രഹങ്ങളുടെ ഒരു പട്ടിക തയ്യാറാക്കിയാൽ നമ്മുടെ ഉൾക്കാഴ്ച വർദ്ധിക്കുകയും നമ്മൾ അതു ഗ്രഹിപ്പാൻ തക്കവണ്ണം നല്ലവരായിരുന്നല്ലോ എന്നു മനസ്സിലാകും. പല സമ്പത്തുക്കളും നമുക്കു ധാരാളമായുള്ളതുകൊണ്ട് നാം അതിൽ പ്രശംസിക്കാറുണ്ട്. എന്നാൽ ആ വക തങ്ങൾക്കുണ്ടായിരുന്നെങ്കിൽ ധനികരായിരുന്നേനെയെന്നു മറ്റു ദേശ വാസികളും ചിന്തിക്കാറുണ്ട്. ഉദാഹരണമായിട്ടു ശുദ്ധജലം, ഇൻഡ്യയിലും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും വെള്ളം ഒരു വ്യാപാരചരക്കാണ്, എന്തെ ന്നാൽ അതു ലഭ്യമല്ലാത്തതു തന്നെ. ഒരു ദിവസത്തെ ആവശ്യത്തിനുള്ള വെള്ളം ലഭിപ്പാൻ മൈലുകൾ താണ്ടുന്നവരുണ്ട്. അതിനാലാണ് നാം കുളി ക്കുന്നതും, നീന്തുന്നതും, പാത്രങ്ങൾ കഴുന്നതും, മുടി കഴുകുന്നതും, പാചകം ചെയ്യുന്നതും എല്ലാം. നമുക്കു ചൂട് വെള്ളമോ പച്ചവെള്ളമോ ആയി സ്വീക രിക്കാം. നാം എങ്ങനെ ആശ്രയിക്കുന്നുവോ, എപ്രകാരം ഇഷ്ടപെടുന്നുവോ ആ രീതിയിൽ ജലം ലഭ്യമാണ്. ചൂടുവെള്ളത്തിനുവേണ്ടിയും നന്ദി പറയേ ണ്ടതിന് ചിലപ്പോൾ അവസരങ്ങൾ കടന്നുവരുന്നത് ഞാൻ ക്ഷീണിതയായി രിക്കുമ്പോൾ എനിക്കു ചൂടുവെള്ളത്തിൽ ഒരു കുളി അത്യാവശ്യമായി വരു മ്പോഴാണ്.

സ്തോത്രയാഗം അർപ്പിക്കുന്ന ആളുകളായി തീരുംമ്പോഴാണ് നമ്മുടെ തീരുമാനങ്ങൾക്കനുസരണമായി നന്ദി പറയേണ്ടതായ നിരവധി കാര്യങ്ങൾ നമുക്ക് കാണാൻ കഴിയുന്നത്. ജഡം എപ്പോഴും പരാതി പറയാനുള്ള കാര്യ ങ്ങളായിരിക്കും നോക്കുന്നത്, എന്നാൽ ആത്മാവാകട്ടെ ദൈവത്തിനു മഹത്വം കൊടുക്കാനുള്ള കാരണങ്ങളെ അന്വേഷിക്കുന്നു.

# ഫലമുള്ളവരായിരിക്കുക! വെറും ഇലകൾ മാത്രം ആയിരിക്കരുത്

*അതുകൊണ്ട് ഞങ്ങൾ കേട്ട നാൾ മുതൽ നിങ്ങൾക്കുവേണ്ടി ഇടവിടാതെ പ്രാർത്ഥിക്കുന്നു; നിങ്ങൾ പൂർണ്ണ പ്രസാദത്തിനായി, കർത്താവിനു യോഗ്യമാകും വണ്ണം നടന്ന്, ആത്മികമായ സകല ജ്ഞാനത്തിലും വിവേകത്തിലും അവന്റെ ഇഷ്ടത്തിന്റെ പരിജ്ഞാനം കൊണ്ടു നിറഞ്ഞുവരേണം എന്നും സകല സത്പ്ര വർത്തിയിലും ഫലം കായിച്ചു ദൈവത്തെക്കുറിച്ചുള്ള പരിജ്ഞാനത്തിൽ വള രേണം*

— കൊലൊസ്യർ 1:9–10

നേതാക്കന്മാർ ആയിരിക്കുന്നവർക്കു മറ്റുള്ളവരുമായി നന്നായി പെരുമാറു വാൻ തക്ക സ്വഭാവം ഉണ്ടായിരിക്കണം. അവർ വാക്കു പാലിക്കുന്നവരും, നേരുള്ളവരും ആയിരിക്കണം. മത്തായി 21:18–19 – ൽ യേശുവിന്റെ ജീവിത ത്തിലെ ഒരു സംഭവം നാം വായിക്കുന്നു.

> *"രാവിലെ അവൻ നഗരത്തിലേക്കു മടങ്ങിപ്പോകുന്ന സമയം വിശന്നിട്ട് വഴി യരികെ ഒരു അത്തിവൃക്ഷം കണ്ടു അടുക്കെ ചെന്നു, അതിൽ ഇലയല്ലാതെ ഒന്നും കാണായ്കയാൽ ഇനി ഒരിക്കലും നിന്നിൽ ഫലം ഉണ്ടാകാതെ പോകട്ടെ എന്നു അതിനോടു പറഞ്ഞു, ക്ഷണത്തിൽ അത്തി ഉണങ്ങിപ്പോയി."*

ഞാൻ ആ അത്തിമരം ഓർത്തു ദു:ഖിക്കാറുണ്ട്. എനിക്കു ഈ സംഭവം മനസ്സിലാകുന്നില്ല. ഞാൻ വിചാരിച്ചിരിക്കുന്നത് അതിൽ ഫലമില്ലാതിരുന്നത് അതിന്റെ കുറ്റം കൊണ്ടായിരുന്നില്ല പിന്നെ എന്തിനാണ് യേശു അതിനെ ശപിച്ചത്? എന്നാൽ കുറച്ചു നാളുകൾക്കുശേഷം അതിന്റെ കാരണം കർത്താവു കാണിച്ചുതന്നു. ആംപ്ലിഫൈയിഡ് ബൈബിളിന്റെ നോട്ടിൽ ഈ വാക്യത്തെക്കുറിച്ച് ഇപ്രകാരമാണ്, അത്തിയിൽ ഇല വരുന്ന സമയത്തു തന്നെ കായും കാണാറുണ്ട്. യേശു ദൂരവെനിന്നു അത്തിയെ നോക്കിയപ്പോൾ ഇല തിങ്ങി നില്ക്കുന്നതു കണ്ടു ആ കൂടെ പഴവും ഉണ്ടായിരിക്കും എന്ന പ്രതീക്ഷയിലാണ് നടന്നു ചെന്നത് എന്നാൽ ഒന്നും കാണാതെ വന്നപ്പോൾ അതിനെ ശപിച്ചു. എന്തുകൊണ്ട്? എന്തുകൊണ്ടെന്നാൽ അതു ഫലം കായ്ക്കാത്ത വൃക്ഷം ആയിരുന്നു ഇല മാത്രം! ക്രിസ്തുവിന്റെ ശരീരത്തിൽ നാം വളരെ സൂക്ഷിക്കണം വെറും ഇലകളായി നില്ക്കാതെ ഫലമുള്ളവരാ യിരിക്കണം. നമ്മുടെ കാറിൽ ഒരു വാക്യത്തിന്റെ സ്റ്റിക്കർ പറ്റിച്ചാലൊന്നും ലോകത്തെ നേടുകയില്ല, ഒരു ജീസസ് പിൻ നെഞ്ചിൽ കുത്തിവച്ചാലും, തോളിൽ ഒരു ടേപ്പ് റിക്കാർഡർ തൂക്കിയാലും, ഒരു വലിയ ബൈബിളും സ്റ്റഡിനോട്ടും കൈയിലുണ്ടായിരുന്നാലും സാദ്ധ്യമല്ല, നാം ഫലമുള്ളവരാ യിരിക്കണം. യേശു പറഞ്ഞു "നിങ്ങളുടെ ഫലം കൊണ്ട് നിങ്ങളെ തിരിച്ചറി യണം."

# ദുഖിക്കാതെ ജീവിക്കുക

*ഒന്നു ഞാൻ ചെയ്യുന്നു പിമ്പിലുള്ളത് മറന്നും മുമ്പിലുള്ളതിനെ ആഞ്ഞും കൊണ്ട് ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിനായി ലാക്കിലേക്ക് ഓടുന്നു*

— ഫിലിപ്പിയർ 3:13,14

വളരെയധികം ആളുകൾ തങ്ങളുടെ ഭൂതകാലത്താൽ കെട്ടപ്പെട്ടവരായി കഴിയുകയാണ്. ഭൂതകാലത്തെക്കുറിച്ച് നമുക്കൊന്നേ ചെയ്യാനുള്ള അതിനെ മറക്കുക, നാം തെറ്റുകൾ ചെയ്യുംമ്പോഴും ഒന്നേ ചെയ്യാനുള്ളൂ ദൈവത്തോടു പാപമോചനം പ്രാപിച്ചുകൊണ്ട് മുന്നോട്ട് പോകുക. പൗലോസിനെപ്പോലെ നമ്മെളെല്ലാവരും പൂർണ്ണതയിലേക്കു ഓടി അടുക്കുകയാണ്, നമ്മിൽ ആരും ലക്ഷ്യത്തിൽ എത്തിയിട്ടില്ല. ഈ ഒരു കാരണത്താലാണ് പൗലോസ് തന്റെ ജീവിതവും മിനിസ്ട്രീയും സന്തോഷകരമായി നയിച്ചത്. അവൻ ലക്ഷ്യത്തിൽ എത്തിയിട്ടില്ലെന്നും അതിനായുള്ള യാത്രയിലാണെന്നും അറിഞ്ഞുകൊണ്ട് ആത്മാവിൽ ആ ലക്ഷ്യപ്രാപ്തിയെ കാണുകയും ചെയ്യുന്നതിനാലാണ് അവന്റെ ജീവിതം സന്തോഷകരമായിരിക്കുന്നത്. എന്റെ ഓരോ പരാജയങ്ങളെ ഓർത്തു എന്റെ ജീവിതത്തെ വെറുത്തു അനേക വർഷങ്ങൾ നഷ്ടമാക്കി. ഒരു നല്ല ക്രിസ്ത്യാനി ആയി ജീവിക്കുവാൻ ഞാൻ അതിയായി ആഗ്രഹിച്ചു. ദൈവത്തെ പ്രസാദിപ്പിക്കുവാൻ ഞാൻ ആഗ്രഹിച്ചു. എന്റെ വിശ്വാസത്തിൽ അവൻ സംന്തുഷ്ടനാണെന്ന കാര്യം ഞാനതുവരെ പഠിച്ചിരുന്നില്ല. എബ്രായർ 11:6 – ൽ നാം ഇങ്ങനെ വായിക്കുന്നു "വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയുന്നതല്ല."

നാം തെറ്റുകൾ പ്രവർത്തിക്കുകയും അതിന്റെ ഫലമായി വിലയേറിയ സമയം നഷ്ടമാക്കുകയും ചെയ്യുമ്പോൾ ജീവിതം ആഘോഷിക്കുന്നതിനു പകരം കുഴപ്പത്തിലാക്കുകയാണ്. മുൻകാല തെറ്റുകളുടെ പേരിൽ കുഴഞ്ഞുമറിഞ്ഞ ജീവിതം തുടരുന്നതു ശരിയല്ല, രണ്ടു തെറ്റുകൾ ഒരു കാര്യത്തെ ഒരിക്കലും ശരിയാക്കുകയില്ല.

നിങ്ങൾ ഇരുപതു വർഷം മുമ്പു ചെയ്ത തെറ്റും പത്തു മിനിട്ടു മുമ്പു ചെയ്ത തെറ്റും രണ്ടും എറ്റു പറഞ്ഞ് പാപക്ഷമ പ്രാപിക്കുകയേ നിവൃത്തിയുള്ളൂ. നിങ്ങൾ മൂലം വേദനപ്പെടുന്ന ആൾക്കു ചില പരിഹാര ക്രിയകൾ ചെയ്തു പുനരുത്ഥാരണം ചെയ്യേണ്ടിവന്നാൽ അതു ചെയ്യണം. എന്തായാലും അടിസ്ഥാനപരമായി നാം പഴയതിനെ മറന്നു ഭാവിയെ ലാക്കാക്കി മുന്നോട്ടു പോകണം. അതു ചെയ്യുംവരെ ദൈവം ഉദ്ദേശിച്ചതും യേശുക്രിസ്തുമുഖാന്തിരം നമുക്കു നല്കിയതുമായ ജീവിതം ആഘോഷിക്കുവാൻ കഴിയുന്നതല്ല.

# എങ്ങനെ ഒരു വിശുദ്ധ ജീവിതം ജീവിക്കാം

*നിങ്ങളെ വിളിച്ച വിശുദ്ധന്നു ഒത്തവണ്ണം അനുസരണമുള്ള മക്കളായി എല്ലാ നടപ്പിലും വിശുദ്ധരാകുവിൻ; ഞാൻ വിശുദ്ധൻ ആയിരിക്കയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ*

— 1 പത്രൊസ് 1:15, 16

വിശുദ്ധ ജീവിതം ആരംഭിക്കുന്നത് നിങ്ങളുടെ അകത്തുള്ള സ്വാർത്ഥതയെ പുറത്താക്കുന്നതോടെയാണ് നിങ്ങളെ മറന്നു മറ്റൊരാളുടെ സഹായത്തിനായി ജീവിക്കാൻ തുടരുമ്പോഴാണ് സന്തോഷത്തിന്റെ പാരമ്യത്തിൽ ജീവിതം എത്തിച്ചേരുന്നത്. ഞാൻ മനസ്സിലാക്കിയിടത്തോളം നമ്മുടെ മനസ്സിൽ നമ്മൾ തന്നെ എപ്പോഴും നിറഞ്ഞു നില്ക്കുന്നതിനാലാണ് നമുക്കു സന്തോഷിപ്പാൻ കഴിയാത്തത്.

അനേക വർഷങ്ങൾ സന്തോഷമില്ലാത്ത ക്രിസ്ത്യാനിയായി ഞാൻ ജീവിച്ചു. നമുക്കു നീതിയും സമാധാനവും, സന്തോഷവും ഇല്ലെങ്കിൽ ദൈവ രാജ്യം നമുക്കു നഷ്ടമായിരിക്കുകയാണ്.

അഭിവൃദ്ധി, സൗഖ്യം, വിജയം, നേട്ടങ്ങൾ എന്നിങ്ങനെ നമ്മുടെ തൊഴി ലിനോട് ബന്ധപ്പെട്ടതെല്ലാം ദൈവരാജ്യത്തിലുള്ളവർക്കു പ്രയോജനങ്ങളാ ണ്. എന്നാൽ ഇവയൊന്നുമല്ല ദൈവരാജ്യം, ഈ വകകാര്യങ്ങൾ എങ്ങനെ പ്രാപിക്കാമെന്നു ബൈബിളിൽ വ്യക്തമാക്കിയിട്ടുണ്ട്. ഒന്നാമത്, “അവന്റെ രാജ്യവും നീതിയും നാം അന്വേഷിക്കണം അതോടുകൂടെ ഇവയെല്ലാം നിങ്ങൾക്കു ലഭിക്കും.” (മത്തായി 6:33)

വർഷങ്ങൾക്കുമുമ്പ് എന്റെ സ്വാർത്ഥതയും, സ്വാർത്ഥപരമായ ജീവിത ശൈലിയോടും കൂടെ ഞാൻ ദൈവത്തോടു, “എന്താണ് തെറ്റ്?” എന്നു കരഞ്ഞു ചോദിക്കാൻ തുടങ്ങി, ഞാൻ എത്രമാത്രം സ്വാർത്ഥമതിയാണെന്നു ദൈവം കാണിച്ചു തന്നു. ആ സത്യം എന്റെ ഹൃദയത്തിൽ മാറ്റം വരുത്തി. ഇപ്പോൾ ഞാൻ ജനങ്ങളെ സഹായിപ്പാനുള്ള മാർഗ്ഗം തേടുന്നവളായി. ഈ കാരണത്താലാണ് ഞാൻ എഴുതുന്നതും യാത്ര ചെയ്യുന്നതും, പ്രസംഗിക്കു ന്നതും, എന്നാൽ ഞാൻ ആളുകളെ പ്രീതിപ്പെടുത്തുകയല്ല ദൈവത്തെ പ്രസാ ദിപ്പിക്കുകയാണ്.

നമ്മുടെ ചെറിയ വേദനകളും, നൊമ്പരങ്ങളും വ്യക്തിപരമായ ചെറു പീഡ നങ്ങളും പരിശോധനകളും മറയ്ക്കാൻ കഴിയുമെങ്കിൽ നമ്മുടെ സ്വന്തം മന സ്സിനെ ഓഫ് ആക്കിക്കൊണ്ട് മറ്റാരെയെങ്കിലും സഹായിപ്പാൻ കണ്ടെത്തു മെങ്കിൽ നമ്മുടെ ജീവിതം എപ്പോഴുള്ളതിനെക്കാളും മെച്ചപ്പെട്ടതാകും. ഇതൊരു വിസ്മയകരമായ കണ്ടുപിടുത്തമാണ്.

# സന്തോഷം ലഭിക്കുംവരെ തൂങ്ങിക്കിടക്കുക

*സന്ധ്യയിങ്കൽ കരച്ചിൽ വന്നു രാപാർക്കും;*
*ഉഷസ്സിലോ ആനന്ദ ഘോഷം വരുന്നു.*

— സങ്കീർത്തനം 30:5

എന്റെ വ്യക്തിപരമായ അനുഭവത്തിലൂടെ ഞാൻ നേടിയ അതിവിശേഷമായ ഒരു ജ്ഞാനശകലമാണ്: വേദനയെ ഭയപ്പെടരുത്! അതു എത്ര ഭയാനക മായി കണ്ടാൽ പോലും, നിങ്ങൾ എത്രയുമധികം രോഗസൗഖ്യത്തിനായുള്ള വേദനയെ ഭയപ്പെടുകയും എതിർക്കുകയും ചെയ്യുമോ അത്രയധികം വേദ നയുടെ ശക്തി നിങ്ങളുടെമേൽ വരുന്നതാണ്.

ഈ ഉദാഹരണ സത്യം സംഭവിച്ചത് വർഷങ്ങൾക്കു മുമ്പ് ഞാൻ ജീവി തത്തിൽ ആദ്യമായി ഉപവാസം ആരംഭിച്ചപ്പോഴാണ്. പാനീയം കുടിച്ചുകൊണ്ട് ഇരുപത്തിയെട്ടു ദിവസം ഉപവസിപ്പാനായി ദൈവം വിളിച്ചപ്പോഴാണ്, അതിന്റെ പ്രാരംഭ ദിവസങ്ങൾ എനിക്കു പ്രയാസമേറിയതായിരുന്നു. എനിക്കു അസ്സഹനീയമായ വിശപ്പുണ്ടായി. വാസ്തവത്തിൽ ഞാൻ അതിവേദനയി ലായിട്ടു എനിക്കിനി അല്പസമയംപോലും തുടരുവാൻ കഴിയുകയില്ലെന്നു കർത്താവിനോട് കരഞ്ഞു പറഞ്ഞു. എന്നോടു വളരെ “മൗനമായ സ്വരത്തിൽ” കർത്താവു സംസാരിച്ചു (1 രാജാക്കന്മാർ 19:12) “വേദനയോടുള്ള പോരാട്ടം നിർത്തുക, അതു അതിന്റെ പ്രവർത്തി ചെയ്യട്ടെ,” ആ സമയം മുതൽ ഉപ വാസം എനിക്കു വളരെ എളുപ്പമായിത്തീരുകയും വളരെയധികം സന്തോഷം ലഭിക്കുകയും ചെയ്തു. എന്തുകൊണ്ടെന്നാൽ ഓരോ സമയവും ഞാൻ ആശ്വാസമറ്റവളായപ്പോൾ അതു എന്റെ അഭിവൃദ്ധിയുടെ അടയാളമായി ഞാൻ കണക്കാക്കി.

എത്രയും നിങ്ങൾ വേദനയുമായി എതിർക്കുവാൻ ശ്രമിക്കുമോ അതിലും കൂടുതൽ ശക്തിയോടെ അതു പ്രവർത്തിക്കുമെന്നാണ് നിയമം. ഗർഭിണി യായ സ്ത്രീക്കു പ്രസവ വേദന ആരംഭിക്കുമ്പോൾ സഹായികൾ നല്കുന്ന ഉപദേശം “വിശ്രമിക്കുക” എന്നാണ്, അവർക്കറിയാം അവൾ വേദനയോടു പൊരുതിയാൽ അതു കൂടുതൽ ശക്തിപ്പെടുമെന്ന് അങ്ങനെ പ്രസവ സമയം ദീർഘമാകുമെന്നും. എന്നാൽ നിങ്ങൾ വേദന സഹിക്കുന്നു എങ്കിൽ അതിനോടു മത്സരിക്കുകയില്ല. അതു അതിന്റെ ജോലി ചെയ്യുവാൻ അനുവദിക്കുകയേ ഉള്ളൂ. ഈ വാഗ്ദത്തം ഓർക്കുക “വിത്തു ചുമന്നു കരഞ്ഞും വിതച്ചും കൊണ്ടു നടക്കുന്നു, കറ്റ ചുമന്നു ആർത്തുകൊണ്ടും വരുന്നു” (സങ്കീർത്തനം 126:6). *എന്തെല്ലാം വേദനകൾ വന്നാലും സഹി ക്കാൻ പഠിക്കുക എന്തെന്നാൽ അതിലുപരിയായ സന്തോഷം മറുവശത്തുണ്ട്.*

# ഒരു അനുഗ്രഹം ആയിരിക്കുക

*ആകയാൽ അവസരം കിട്ടുംപോലെ നാം എല്ലാവർക്കും (സകല ജനങ്ങൾക്കും, സാന്മാർഗ്ഗികവും, ആത്മികവുമായ അഭിവൃദ്ധിക്കാവശ്യമായതു) വിശേഷാൽ സഹവിശ്വാസികൾക്കും നന്മ ചെയ്ക*

*— ഗലാത്യർ 6:10*

ഞങ്ങളുടെ മകൾ സാൻഡ്രയ്ക്കു ഒരു വ്യക്തിയോടുണ്ടായ ഭയം പങ്കുവയക്കുവാനിടയായി. അയാൾ മുമ്പ് അവളോട് സന്തോഷമായി പെരുമാറുമായിരുന്നില്ല എന്നതായിരുന്നു ഇതിനു കാരണം. അയാളെക്കുറിച്ചുള്ള നിഷേധാത്കമായ ചിന്ത അവളെ അലട്ടിക്കൊണ്ടിരുന്നപ്പോൾ ദൈവം അവളോട് സംസാരിച്ചു "മറ്റുള്ളവർ നിന്നോട് എങ്ങനെ പെരുമാറുന്നു എന്നോർത്ത് വിചാരപ്പെടേണ്ട നീ അവരോട് എങ്ങനെ പെരുമാറുന്നു എന്നുമാത്രം ഓർക്കുക." ഈ സന്ദേശം സാൻഡ്രയിൽ മാത്രമല്ല എന്നിലും വലിയ സമ്മർദ്ദം ചെലുത്തി.

നമ്മോടു മറ്റുള്ളവർ എങ്ങനെ പെരുമാറുന്നു എന്നല്ലാതെ നാം മറ്റുള്ളവരോട് എങ്ങനെ പെരുമാറുന്നു എന്നു ചിന്തിച്ചു ഭാരപ്പെടാറില്ല. മറ്റുള്ളവർ നമ്മെക്കൊണ്ട് മുതലെടുപ്പ് നടത്തുന്നു എന്ന ഭയമാണ് നമ്മിൽ. വിശേഷാൽ അവർ കഴിഞ്ഞ കാലത്തു ദോഷമായി പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ. പലപ്പോഴും നമ്മിലുണ്ടാകുന്ന ഭയവും പരിഭ്രമത്തിലും നമ്മളെ എല്ലാറ്റിനോടും വെറുപ്പും കോപവും ഉളവാക്കുന്ന വൈകാരിക തലത്തിൽ എത്തിക്കും. മറ്റുള്ളവരുടെ സംസാരവും പ്രവർത്തിയും അസഹിഷ്തയുളവാക്കുന്നതായിരിക്കും. നമ്മുടെ പ്രതീക്ഷയനുസരിച്ച് കാര്യങ്ങളെ ദുർവ്യാഖ്യാനം ചെയ്കയും നിഷേധാത്മകമായ വിധത്തിൽ കാണുകയും ചെയ്യും. ദൈവവചനപ്രകാരം നാം എന്തിനെ ഭയപ്പെടുന്നുവോ അതു തന്നെ നമുക്കു ഭവിക്കും (ഇയ്യോബ് 3:25). കഴിഞ്ഞ നാളുകളിൽ നമുക്കു ദോഷംചെയ്തവർ ഇനി അങ്ങനെ ചെയ്കയില്ലന്നു വിചാരിക്കാൻ സാധിക്കുന്നില്ലെന്നതിനോടു ഞാനും യോജിക്കുന്നു. അതുകൊണ്ടാണ് അതിനെക്കുറിച്ച് യാതൊന്നും ചിന്തിച്ചു ഭാരപ്പെടേണ്ട എന്നു പറയുന്നത്.

നാം നമ്മെ ദൈവത്തിൽ ഭരമേല്പ്പിക്കുകുയം അവനിൽ ആശ്രയിക്കുകയും ചെയ്താൽ അവൻ നമുക്കായി കരുതിക്കൊള്ളും (1 പത്രൊസ് 4:19) അഥവാ നമ്മെ നീതികരിക്കുന്നവൻ അഥവാ വീണ്ടെടുക്കുന്നവൻ (ഇയ്യോബ് 19:25) എത്ര കാലത്തോളം നമ്മൾ മറ്റുള്ളവരോട് പ്രത്യേകാൽ ശത്രുക്കളോടു പോലും നന്നായി പെരുമാറുന്നതിനോ നമ്മുടെ ജീവിതത്തിലേക്കു ദൈവം തന്റെ പ്രതിഫലങ്ങളുമായി വരും. ബൈബിൾ പറയുന്നു നാം മറ്റുള്ളവർക്കു നന്മ ചെയ്തു അവർക്ക് അനുഗ്രഹമായിരിക്കണം (ഗലാത്യർ 6:10). അതിന്റെ

അർത്ഥം നമ്മുടെ മനസ്സിൽ മറ്റുള്ളവർക്കു നന്മ ചെയ്യണമെന്ന ചിന്തയുടെ നിറവായിരിക്കണം. മറ്റുള്ളവരുടെ അനുഗ്രഹത്തിനായി സമയം ചിലവഴിക്കുന്നതിനാൽ നമ്മുടെ വ്യക്തിപരമായ പ്രശ്നങ്ങളെ ഗൗനിക്കേണ്ടി വരികയില്ല. ഇതു നമ്മിൽകൂടെ അവരിൽ ദൈവത്തിനു പ്രവർത്തിക്കാനുള്ള അവസരം ഒരുക്കുകയാണ്.

# സ്വപ്നം വലിയ സ്വപ്നങ്ങൾ!

*ഓരോരുത്തനു വരം (പ്രത്യക ആത്മിക കഴിവ്, ഒരു ദിവ്യമായ കൃപയുടെ സ്മാരകം അഥവാ വരപ്രസാദം) വിവിധങ്ങളായുള്ള ദൈവകൃപയുടെ നല്ല ഗൃഹ വിചാരക ന്മാരായി അതിനെ കൊണ്ട് അന്യോന്യം ശുശ്രൂഷിപ്പിൻ.* — 1 പത്രൊസ് 4:10

ഈ ലോകത്തിലെ പരമ ദയനീയമായ അവസ്ഥ വികസനം പ്രാപിക്കാത്തതും അവശിഷ്ടങ്ങളായി പോകുന്നതുമായ കഴിവുകളാണ്. ഓരോരുരത്തരും വലിയ കാര്യങ്ങൾ ചെയ്യേണ്ടവിധത്തിലാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. അവ രവരുടെ നിലകളിൽ അതു ചെയ്യേണം. ചിലതിലെല്ലാം വലിയവരായിരിക്ക തക്കവണ്ണമുള്ള കഴിവുകളും ശക്തിയുമാണ് ഓരോരരുത്തർക്കും നല്കിയി രിക്കുന്നത്. ഒരു വലിയ തയ്യൽക്കാരി, ഒരു വലിയ ഭാര്യ, ഒരു വലിയ അമ്മ, ഒരു വലിയ തയ്യൽക്കാരി, ഒരു വലിയ ഭർത്താവ്, ഒരു വലിയ പിതാവ്, ഒരു വലിയ വ്യാപാരി. എന്നാൽ നാം എന്തു ചെയ്താലും അതിനു ഒരു വലിയ ആശയമോ സ്വപ്നമോ, ദർശനമോമാത്രം പോരാ എന്നാലും നമ്മൾ ചെ റിയ കാര്യങ്ങളുടെ ദിനങ്ങളെ തുച്ഛീകരിക്കുന്നു. ചെറിയ കാര്യങ്ങൾ പ്രാധാന്യം അർഹിക്കുന്നവയാണ്. ആകയാൽ നമുക്കാവശ്യം വലിയ ആശ യങ്ങളും, ഉൽകൃഷ്ടമായ ദർശനവും, സ്വപ്നവും ഒക്കെയാണ്. എന്തുകൊ ണ്ടെന്നാൽ നാം സേവിക്കുന്നത് വലിയ ഒരു ദൈവത്തെയാണ്.

ഒരു ചെറിയ സ്വപ്നം സാക്ഷാത്ക്കരിക്കപ്പെടുന്നതിനെക്കാൾ എനിക്കിഷ്ടം എന്റെ വലിയ സ്വപ്നത്തിന്റെ പകുതിയെങ്കിലും നിറവേറു ന്നതാണ്. ഞാൻ വിശ്വസിക്കുന്നത് ദൈവം നമ്മെ സൃഷ്ടിച്ചപ്പോൾ നമ്മെ മെനഞ്ഞു രൂപപ്പെടുത്തിയിട്ട് നമ്മിലേക്ക് ജീവശ്വാസം ഊതിയപ്പോൾ അവന്റെ ഒരംശം നമ്മിൽ ഓരോരുത്തരിലേക്കും പകർത്തുകയായിരുന്നു. അങ്ങനെ ഒരാൾക്കു സംഗീതത്തിന്റെ വരം, മറ്റൊരാൾക്കു പ്രസംഗിക്കാനുള്ള വരം, വേറൊരാൾക്കു എഴുതുവാനുള്ള വരം ലഭിച്ചു. എന്നാൽ എന്തായിരുന്നു പ്രശ്നമെന്ന വച്ചാൽ നാം ദൈവം തന്നിരിക്കുന്ന വരം വികസിപ്പിച്ചെടുക്കു ന്നതിനു പകരം മറ്റുള്ളവരുടേതിലേക്കു തിരിഞ്ഞു എന്നതാണ്. ദൈവത്തിന്റെ ഒരു അംശം നമ്മിൽ ഉണ്ട്. നാം അബദ്ധസന്താനങ്ങളല്ല ദൈവത്തിനു തെറ്റു പറ്റിയതുമല്ല. നമ്മുടെ ജീവിതങ്ങളെ ഏറ്റവും ഒടുവിൽ തെളിയിക്കേണ്ട പ്രകാ ശമായി വയ്ക്കേണ്ടതില്ല.

നമ്മൾ വളരെ വലുതായിട്ടുമില്ല, വളരെ ചെറുതായിട്ടുമില്ല ദൈവം നമുക്കു തന്നിരിക്കുന്ന സ്വപ്നങ്ങളും ദർശനങ്ങളും നമുക്കുണ്ട്. എന്നാൽ നമ്മുടെ ഭാവിക്കായി ദൈവം തന്നിരിക്കുന്ന സ്വപ്നങ്ങളും ദർശനങ്ങളും സാദ്ധ്യതക ളാണ്. ഉറപ്പില്ലാത്തവയല്ല ദൈവത്തിനു അസാദ്ധ്യമായിട്ടൊന്നുമില്ല എന്നാൽ നമ്മുടെ സഹകരണവും മനസ്സും, തീരുമാനവും, അനുസരണവും കഠിനപ്ര യത്നവും കൂട്ടിചേർന്നുവന്നാലെ നമ്മിൽ അവന്റെ ഉദ്ദേശത്തെ വികസിപ്പി ച്ചെടുക്കുകയുള്ളൂ.

# ക്യപ

*നാം നില്ക്കുന്ന ഈ കൃപയിലേക്കു നമുക്ക് അവൻമൂലം വിശ്വാസത്താൽ പ്രവേശനം ലഭിച്ചിരിക്കുന്നു; നാം ദൈവതേജസ്സിന്റെ പ്രത്യാശയിൽ പ്രശംസിക്കുന്നു*

— റോമർ 5:2

ദൈവകൃപ എന്നത് ആശയക്കുഴപ്പം ഉണ്ടാക്കുന്നതോ, തല ചുറ്റിക്കുന്നതോ ആയ വിഷയമല്ല. ഇത് വളരെ ലളിതമായതാണ്. എന്നാൽ ... ഇത് നഷ്ടപ്പെടുത്തുന്നു. ദൈവകൃപയെക്കാൾ വലുതായി പറയുവാൻ മറ്റൊന്നില്ല - യഥാർത്ഥത്തിൽ - രക്ഷ, കൂട്ടായ്മ, ഇവയെല്ലാം ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നു. കൃപയില്ലാതെ നാമൊന്നുമല്ല, നമുക്കൊന്നും ചെയ്യുവാനും സാധിക്കത്തില്ല. നാം ദൈവകൃപയെ ആശ്രയിക്കാതെ ജീവിച്ചാൽ നമ്മുടെ ജീവിതം കുഴഞ്ഞുമറിഞ്ഞതും പ്രത്യാശയില്ലാത്തതുമാകും. ലൂക്കോസ് 2:40 - ൽ നാം ഇപ്രകാരം വായിക്കുന്നു "പൈതൽ വളർന്നു ജ്ഞാനം നിറഞ്ഞു, ആത്മാവിൽ ബലപ്പെട്ടു; ദൈവകൃപയും അവന്റെമേൽ (ആത്മിയ അനുഗ്രഹം) ഉണ്ടായിരുന്നു." നമ്മുടെ ക്രിസ്തീയ യാത്രയ്ക്ക് ആവശ്യമായ സന്തോഷം, സമൃദ്ധി വിജയം ഇവയെല്ലാം ഈ വാക്യത്തിൽ അടങ്ങിയിരിക്കുന്നു.

നാം പലപ്പോഴും നമുക്ക് വേണ്ട വിവിധ വിഷയങ്ങളെപ്പറ്റി സംസാരിക്കാറുണണ്ട്, എന്നാൽ വാസ്തവത്തിൽ നമുക്ക് ഒന്നുമാത്രം മതി, യേശുവിനും അതുതന്നെ മതി: നമുക്ക് ആത്മാവിൽ ബലപ്പെടണം, ജ്ഞാനത്താൽ നിറയേണം, അവന്റെ കൃപ നമ്മുടെമേൽ അധിവസിക്കണം. നാം അവന്റെ കൃപ നമ്മുടെമേൽ വസിപ്പാനായി അനുവദിച്ചാൽ നമുക്ക് ഒരു കാര്യവും അസാധ്യമായി തീരത്തില്ല. പൗലോസ് വിശ്വാസികൾക്ക് എഴുതിയതുപോലെ, നാം എല്ലാം ദൈവകൃപയിൽ ആശ്രയിച്ചാൽ പൗലോസിനെപ്പോലെ പറയുവാൻ കഴിയും, (എന്നെ ശക്തനാക്കുന്നവൻ മുഖാന്തിരം ഞാൻ സകലത്തിനും മതിയായവൻ) അത് അവന്റെ കൃപയാൽ മാത്രം. (കാണുക 1കൊരിന്ത്യർ 15:10; ഫിലിപ്പിയർ 4:13)

# വിതയും കൊയ്ത്തും

*നിങ്ങൾ വിധിക്കപ്പെടാതിരിക്കേണ്ടതിന് വിധിക്കരുത്. നിങ്ങൾ വിധിക്കുന്ന വിധിയാൽ നിങ്ങളെയും വിധിക്കും. നിങ്ങൾ അളക്കുന്ന അളവിനാൽ നിങ്ങൾക്കും അളന്നു കിട്ടും*

— മത്തായി 7:1–2

ഈ തിരുവെഴുത്തു വളരെ വ്യക്തമായി നമ്മോട് പറയുന്നത് നാം എന്തു വിതയ്ക്കുന്നുവോ അതു തന്നെ നാം കൊയ്യും എന്നാണ് (ഗലാത്യർ 6:7 കാണുക) വിതയും കൊയ്ത്തും എന്ന പ്രക്രിയ കാർഷിക മേഖലയിലും സാമ്പത്തിക മേഖലയിലും മാത്രമല്ല മാനസ്സിക മേഖലയിലും ബാധിക്കുന്നതാണ്. നമുക്കൊരു മനോഭാവത്തെ വിതയ്ക്കാനും കൊയ്യാനും അഥവാ സ്വരൂപിക്കാനും നിക്ഷേപിക്കാനും കഴിയും. എനിക്കു പരിചയമുള്ള ഒരു പാസ്റ്റർ തന്നെക്കുറിച്ച് ആരെങ്കിലും തെറ്റായതു സംസാരിക്കുമ്പോൾ സ്വയം ചോദിക്കും 'അവൻ വിതയ്ക്കുകയും കൊയ്യുകയുമാണോ?' അതെ, പലപ്പോഴും നമ്മുടെ കഴിഞ്ഞ കാലത്തു മറ്റുള്ളവരിൽ നാം വിതച്ചതായിരിക്കും ഇപ്പോൾ കൊയ്യുന്നത്.

# ഒരു ശുദ്ധമായ മനസാക്ഷി

*ഞാൻ ക്രിസ്തുവിൽ സത്യം പറയുന്ന; ഞാൻ പറയുന്നതു ഭോഷ്ക്കല്ല; എനിക്കു വലിയ ദുഖവും ഹൃദയത്തിൽ ഇടവിടാതെ നോവും ഉണ്ട് എന്നു എന്റെ മനസാക്ഷി (ബോധോദയം, പ്രചോദനം) എനിക്കു പരിശുദ്ധാത്മാവിൽ സാക്ഷിയായിരിക്കുന്നു.*

— റോമർ 9:1

ഇവിടെ പൗലോസ് വെളിപ്പെടുത്തുന്നത് അദ്ദേഹത്തിന്റെ മനസാക്ഷി പരിശുദ്ധാത്മാവിനാൽ പ്രകാശിപ്പിക്കപ്പെട്ടിരിക്കുന്നു എന്നാണ്. പൗലോസിന്റെ മനസാക്ഷിയ്ക്കു ദൈവം അദ്ദേഹത്തിന്റെ പെരുമാറ്റം അംഗീകരിച്ചെന്നു പറയാൻ കഴിഞ്ഞു. ഞാൻ വിശ്വസിക്കുന്നത് തീർച്ചയായും അദ്ദേഹത്തിന് തന്റെ പെരുമാറ്റം തെറ്റുന്നതും വിവേചിച്ചറിയാമായിരുന്നു എന്നാണ്. ഇതാണ് മനസ്സാക്ഷിയുടെ പ്രവർത്തനം. ഒരുവന്റെ മനസാക്ഷി ശുഭമായിരിക്കണമെന്നു പൗലോസ് ഓർപ്പിക്കുന്നു. നമ്മുടെ ജീവിതത്തിൽ പരിശുദ്ധാത്മാവിന്റെ അതിപ്രധാനമായ ഒരു പ്രവർത്തി സകല സത്യവും നമുക്കു ഉപദേശിച്ചു തരികയും, നമുക്കു പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ബോധവത്ക്കരണം നടത്തുകയാണ്. (യോഹന്നാൻ 16:8,13)

> *"അതുകൊണ്ട് എനിക്ക് ദൈവത്തോടും മനുഷ്യനോടും കുറ്റമില്ലാത്ത മനസാക്ഷി എല്ലായിപ്പോഴും ഉണ്ടായിരിപ്പാൻ ഞാൻ ശ്രമിക്കുന്നു (ശാരിരികവും, പ്രാകൃതവുമായ വിചാരങ്ങളെയും ലൗകിക വാഞ്ഛകളെയും ഏതു പ്രകാരവും കീഴടക്കുന്നു)"* — അപ്പോസ്തല പ്രവർത്തികൾ 24:6

അറിയപ്പെടുന്ന പാപങ്ങൾ നിലനില്ക്കുമ്പോൾ നമുക്കു ദൈവത്തെ ആരാധിക്കുവാൻ കഴിയുകയില്ല. യഥാർത്ഥ ആരാധനയിലേക്കുള്ള മുഖവുര പാപങ്ങളെ ഏറ്റുപറയുന്നതാണ്. ദൈവത്തത്തെ സമീപിക്കുന്നതു നമ്മുടെ ശുദ്ധ മനസാക്ഷിയിൽ വേണം. മനസാക്ഷി ശുദ്ധമല്ലാത്തവർക്കു സമാധാനം ഉണ്ടായിരിക്കുകയില്ല. അവന്റെ വിശ്വാസം പ്രവർത്തിയിക്കയില്ല അതുകൊണ്ട് അവന്റെ പ്രാർത്ഥനകൾക്ക് മറുപടി ലഭിക്കയില്ല. താഴെ പറയുന്ന രണ്ടു വാക്യങ്ങൾ ഇതിനു സഹായകമാണ്.

> *"ചിലർ നല്ല മനസാക്ഷി തള്ളിക്കളഞ്ഞിട്ടും അവരുടെ വിശ്വാസകപ്പൽ തകർന്നുപോയി"* — 1 തിമൊഥെയോസ് 1:19

> *"അവർ വിശ്വാസത്തിന്റെ മർമ്മം ശുദ്ധമനസാക്ഷിയിൽ വെച്ചുകൊള്ളുന്നവർ ആയിരിക്കണം"* — 1 തിമൊഥെയോസ് 3:9

# ദൈവത്തോട് അതേ എന്നു പറയുക

*അനന്തരം ഞാൻ ആരെ അയയ്ക്കേണ്ടു? ആർ നമുക്കുവേണ്ടി പോകും? എന്നു ചോദിക്കുന്ന കർത്താവിന്റെ ശബ്ദം കേട്ടിട്ട് അടിയൻ ഇതാ അടിയനെ അയയ്ക്കേണമെ എന്നു പറഞ്ഞു*

— യെശ്ശയ്യാവ് 6:8

ദൈവവിളി കേട്ടപ്പോൾ ഇല്ല എന്നു പറഞ്ഞിരുന്നെങ്കിൽ എന്റെ ജീവിതം ഇന്നും ദുരിത പൂർണ്ണമായിരുന്നേനെ. ഞാൻ വീട്ടിലിരുന്ന ടൊമാറ്റോ കൃഷി ചെയ്യുകയും ഭർത്താവിന്റെ തുണികൾ തുന്നുകയും ചെയ്യുമായിരുന്നു, എന്തെന്നാൽ അതായിരുന്നു എന്റെ അയൽക്കാർക്കിടയിൽ ഞാൻ ചെയ്യുവാൻ ശ്രമിച്ചത്. എന്റെ ജീവിതം എക്കാലവും നികൃഷ്ടമായ ഒന്നായി മാറിയേനെ. ഈ സത്യം നിങ്ങളുടെ ജീവിതങ്ങളിലും ഓർത്തുകൊള്ളണം.

ദൈവം എന്നെയും ഡേവിനെയും അത്മനിറവിനെക്കുറിച്ചും രോഗശാന്തിയെയും, ആത്മവരങ്ങളെയും കുറിച്ചു പഠിപ്പിക്കുവാൻ നിയോഗിച്ചപ്പോൾ ഈ വക ഒന്നും പരിചയിച്ചിട്ടില്ലാത്ത ഒരു പള്ളിയിലാണ് ഞങ്ങൾ പൊയ്ക്കൊണ്ടിരുന്നത്. ഞങ്ങൾ ആ പള്ളിയെയും സ്നേഹിതരെയും വിട്ടുപോന്നു.

എന്നാൽ ആ പള്ളിയെയും ആളുകളെയും വിട്ടുപോന്നതു പ്രയാസമേറിയ ഒരു കാര്യമായിരുന്നു. പക്ഷെ അവരുടെ ആവശ്യങ്ങളെ ഞാൻ അംഗീകരിച്ചിരുന്നെങ്കിൽ എന്റെ ജീവിതത്തിൽ ദൈവഹിതം നിറവേറാതെ പോയേനെ.

> *"അതിനു യേശു: എന്റെ നിമിത്തവും സുവിശേഷം നിമിത്തവും വീടോ സഹോദരന്മാരെയോ, അപ്പനെയോ, മക്കളെയോ നിലങ്ങളെയോ വിട്ടാൽ ഈ ലോകത്തിൽ തന്നെ ഉപദ്രവങ്ങളോടുകൂടെ നൂറുമടങ്ങു വീടുകളെയും, സഹോദരന്മാരെയും, സഹോദരിമാരെയും, അമ്മമാരെയും മക്കളെയും നിലങ്ങളെയും വരുവാനുള്ള ലോകത്തിൽ നിത്യജീവനെയും പ്രാപിക്കുന്നവൻ ആരുമില്ല."*
>
> — മർക്കോസ് 10:29,30

നിങ്ങൾ ഇറങ്ങി പുറപ്പെടാൻ ഒരുങ്ങിയാൽ ലോകം നിങ്ങളെ തടയും. ദൈവത്തിനു വേണ്ടി തീരുമാനം എടുക്കുക, നിങ്ങൾ ശോധനയിലൂടെ പോകേണ്ടി വരും. അതു വെല്ലുവിളിയുടെ ഭാഗം മാത്രമാണ്. ചിലകാലം നിങ്ങൾ ഒറ്റപ്പെട്ടവരായിരിക്കും, മറ്റു പലവക പ്രശ്നങ്ങളും നേരിട്ടേക്കാം എന്നാൽ നിങ്ങൾ തീർച്ചയായും വിജയത്തിന്റെ മറുകരയിൽ എത്തിച്ചേരും നിങ്ങൾ രാത്രി കിടക്കുമ്പോൾ ആന്തരിക സമാധാനം നിങ്ങളെ ഉണർത്തിക്കാണിക്കുന്നത് നിങ്ങൾക്കു മനുഷ്യരുടെ ഇടയിൽ ഖ്യാതിയുണ്ടായില്ലെങ്കിലും ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയുന്നു എന്നതായിരിക്കും.

# ഞാൻ അത് വിശ്വസിക്കുന്നു!

*ആരെങ്കിലും തന്റെ ഹൃദയത്തിൽ സംശയിക്കാതെ താൻ പറയുന്നത് സംഭവിക്കും എന്നു വിശ്വസിച്ചുകൊണ്ട് ഈ മലയോട്: നീ നീങ്ങി കടലിൽ ചാടിപ്പോക എന്നു പറഞ്ഞാൽ അവൻ പറഞ്ഞതുപോലെ സംഭവിക്കും എന്നു ഞാൻ സത്യമായിട്ട് നിങ്ങളോട് പറയുന്നു.* — മർക്കോസ് 11:23

നാം പറയുന്നു, ഈ ആശയക്കുഴപ്പം നിറഞ്ഞ ലോകത്തിൽ, ജീവിക്കുന്നു എന്നാണ്, എന്നാൽ ഞാൻ പറയുന്നു നമ്മളാണ് ഏറ്റവും കുഴപ്പം പിടിച്ചവർ, മാത്രമല്ല നാം ജീവിതത്തെ കുഴപ്പമുള്ളതാക്കി തീർക്കുന്നു. ഞാൻ ഒരിക്കലും വിശ്വസിക്കുന്നില്ല ജീവിതം കുഴപ്പം നിറഞ്ഞതാണെന്ന്; എന്നാൽ നമ്മുടെ ജീവിതത്തോടുള്ള സമീപനം നമ്മളെ ആശയക്കുഴപ്പത്തിൽ ആക്കുന്നു. ദൈവത്തെ സ്നേഹിക്കുന്നത് വളരെ ആശയക്കുഴപ്പം നിറഞ്ഞതല്ല, എന്നാൽ അത് വളരെ ആശയക്കുഴപ്പം നിറഞ്ഞതാക്കി നമുക്ക് തീർക്കാവുന്നതാണ്. ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു, നമ്മൾ ശുശ്രൂഷ വളരെ ആശയക്കുഴപ്പമുള്ളതാക്കിതീർക്കുകയാണ്. ഒരു കുട്ടിയെ ഉദാഹരണമായി എടുക്കുക, അതിന്റെ ജീവിതത്തോടുള്ള സമീപനം ഒന്നു ശ്രദ്ധിക്കുക. അവർ തങ്ങളുടെ ജീവിതത്തിൽ എത്രമാത്രം സന്തോഷിപ്പാൻ അവസരം ഉണ്ടാക്കുമോ അത്രയ്ക്കും അവർ സമയം കണ്ടെത്തും. അവർക്ക് ആശയ്ക്കുഴപ്പമോ, ചിന്താക്കുഴപ്പമോ ഒന്നുമില്ല. നമ്മൾ അവരെ ജീവിതത്തെപ്പറ്റി പഠിപ്പിച്ച് അത് ഭയമുള്ളതാക്കി തീർക്കുന്നതുകൊണ്ട് അവർ ജീവിതത്തെ വളരെയധികം ഭയപ്പെടുന്നു.

യേശുവിന് നാം നമ്മുടെ സ്വഭാവത്തിൽ പക്വത പ്രകടിപ്പിക്കണമെന്ന് ആഗ്രഹമുണ്ട്. അതുപോലെതന്നെ നാം കുട്ടിയുടെ ആശ്രയ മനോഭാവത്തിൽ ആയിത്തീർന്നതുകൊണ്ട് ദൈവത്തിൽ ആശ്രയിക്കുവാൻ താൻ വളരെയധികം ആഗ്രഹിക്കുന്നു. താൻ പറഞ്ഞത് പ്രത്യേകം ഓർക്കുക, "തന്റെ ഏകജാതനായ പുത്രനിൽ *വിശ്വസിക്കുന്ന* ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു." നാം ഇത്രമാത്രം ചെയ്യുക "ഞാൻ വിശ്വസിക്കുന്നു" എന്നു പറയുക.

ദൈവം നമ്മുടെ ഹൃദയത്തിൽ അല്ലെങ്കിൽ ദൈവവചനത്തിലൂടെ ഒരു കാര്യം പറയുമ്പോൾ നം പറയന്നവരാകണം "ഞാൻ വിശ്വസിക്കുന്നു" എന്ന്. ദൈവം പറയുകയാണ്, "ഞാൻ നിങ്ങളെ അനുഗ്രഹിക്കും," വിശ്വസിക്കുക മാത്രം ചെയ്യുക. താൻ പറയുകയാണ് നിങ്ങളുടെ ശത്രുക്കളോട് ക്ഷമിക്കുക- നീ അത് ചെയ്യുക, അതല്ലാതെ അതിനെതിരെ നാം പ്രകോപനം കൊള്ളുകയോ, പ്രതികരിക്കുകയോ ചെയ്യുവാൻ പാടുള്ളതല്ല. താൻ ശത്രുക്കൾക്കായി പ്രാർത്ഥിക്കുവാൻ ആവശ്യപ്പെട്ടാൽ, വിശ്വസിക്കുക, ഞാൻ അത് ചെയ്യുമെന്ന് പറയുക. ഒരു പക്ഷെ വിഷയങ്ങളെല്ലാം തലതിരിഞ്ഞ് പോകയാലും തന്നെ വിളിച്ചപേക്ഷിക്കുവാൻ ആവശ്യപ്പെട്ടാൽ അത് ചെയ്യുക മാത്രം.

# യേശുവിൽ ആശ്രയിക്കുവാൻ പഠിക്കുക

*ഞാൻ അവനിൽ ആശ്രയിക്കും*

— എബ്രായർ 2:13

സദൃശ്യവാക്യങ്ങൾ 17:1 – ൽ നാം ഇപ്രകാരം വായിക്കുന്നു, കലഹത്തോടു കൂടി ഒരു വീടു നിറയെ യാഗഭോജനത്തിലും സ്വസ്ഥതയോടുകൂടി ഒരു കഷണം ഉണങ്ങിയ അപ്പം ഏറ്റവും നല്ലത്. മറ്റൊരു വാക്കിൽ പറഞ്ഞാൽ നാം എന്തെല്ലാം യാഗത്തിലൂടെയും മറ്റനേകരെ സഹായിക്കുക നമുക്ക് സമാധാനം നഷ്ടമാകുകയും ചെയ്യുന്നതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. സമാധാനം സൃഷ്ടിക്കുന്നവർ ആകുക. നമ്മുടെ സ്വാർത്ഥപരമായ ജീവിതത്തിലൂടെ നമുക്ക് ഒരിക്കലും സമാധാനം കൈവരിക്കുവാൻ കഴിയുന്നതല്ല. നമുക്ക് ദൈവിക കൃപയും ഉയരത്തിലെ ശക്തിയും അത്യന്ത്യാപേക്ഷിതമാണ്, ഈ കൃപ നമുക്ക് നല്ല ആലോചനക്കാരനായി കൂടെയിരിക്കും.

നാം എടുക്കുന്ന കഷ്ടപ്പാടുകൾ ക്രിസ്തുവിലായിരിക്കുന്നു. പലപ്പോഴും നാം നമ്മുടെ ജഡത്തിൽ ആശ്രയിച്ച് പല കാര്യങ്ങൾ ചെയ്യും എന്നാൽ ഇവയൊന്നും നമുക്ക് ഫലപ്രാപ്തിയിലേക്ക് കടന്നുവരുവാൻ അനുവദിക്കുന്നതല്ല. ദൈവവചനം ഇതിനെ വിളിക്കുന്നത് “ജഡത്തിന്റെ പ്രവൃത്തി” എന്നാണ്. മാനുഷിക ബുദ്ധി ഉപയോഗിച്ച് ദൈവിക പ്രവൃത്തി ചെയ്യുവാൻ താല്പര്യപ്പെടുക. ഞാൻ ഇവിടെ പറയുവാൻ ആഗ്രഹിക്കുന്നത്, ദൈവത്തിൽ ആശ്രയിച്ച് തന്റെ സഹായത്തിനായി ചാരുക. ഇപ്രകാരം ചെയ്യുമ്പോൾ വിജയം ഉറപ്പാണ്, ഈ വിജയത്തിന് ദൈവത്തിന് സകല മാനവും മഹത്വവും കൊടുക്കുക; അവനെ കൂടാതെ നമുക്ക് ഒന്നും ചെയ്യുവാൻ കഴിയുന്നതല്ല. യേശു ഇപ്രകാരം പറഞ്ഞു, “എന്നെ പിരിഞ്ഞ് നിങ്ങൾക്ക് ഒന്നും ചെയ്യുവാൻ കഴിയുകയില്ല.”

ദൈവത്തിൽ ആശ്രയിക്കാതെ ഈ മുകളിലെ വചനം പ്രാവർത്തികമാക്കി ജീവിപ്പാൻ തീർച്ചയായും സമയം എടുക്കും. നാം പരിശ്രമിക്കും, പരാജയപ്പെടും, പരിശ്രമിക്കും പരാജയപ്പെടും. ദൈവം നമ്മുടെ സഹായം, ശക്തി, വിജയം എന്നിവ മനസ്സിലാക്കുന്നതുവരെയും നാം ജയ പരാജയങ്ങളിലൂടെ കടന്നുപോകേണ്ടിവരും. അവൻ പെട്ടെന്ന് നമുക്ക് വിജയം നല്കിതരത്തില്ല – എന്നാൽ അവൻ വിജയമാണ്. നാം സ്വയമായി എത്ര ശ്രമിച്ചാലും സ്വയമായി നമുക്ക് വിജയം നേടുവാൻ കഴിയുന്നതല്ല മറിച്ച് നാം പൂർണ്ണമായി ദൈവത്തിൽ ആശ്രയിച്ചാൽ വിജയം ഉറപ്പാണ്.

# നേട്ടത്തിനായുള്ള വില കൊടുക്കൽ

*ഏക മനുഷ്യന്റെ അനുസരണക്കേടിനാൽ അനേകർ പാപിക ളായിത്തീർന്നതുപോലെ ഏകന്റെ അനുസരണത്താൽ അനേ കർ നീതിമാന്മാരായിത്തീരും.*

— റോമർ 5:19

നമ്മുടെ അനുസരണം അല്ലെങ്കിൽ അനുസരണമില്ലായ്മ നമ്മളെ മാത്രമല്ല അനേകരെക്കൂടി അത് ബാധിക്കും. യിസ്രായേൽ മക്കളെ നോക്കുക, അവർ ദൈവത്തെ അനുസരിച്ചിരുന്നെങ്കിൽ എത്രയധികം അനുഗ്രഹത്തിന്റെ ഉടമകളായി മാറിയേനെ. അവരും, അവരുടെ കുഞ്ഞുങ്ങളും അങ്ങനെ അനേകായിരങ്ങൾ മരുഭൂമിയിൽ പട്ടുപോയി. അവരുടെ തീരുമാനം അവരുടെ കുഞ്ഞുങ്ങളെയും ബാധിച്ചു. കഴിഞ്ഞയിടയ്ക്ക് എന്റെ മൂത്തമകൻ ഇപ്രകാരം പറഞ്ഞു, “മമ്മി എനിക്ക് ചില കാര്യങ്ങൾ പറയുവാനുണ്ട്, ഒരു പക്ഷെ ഞാൻ കരയുമായിരിക്കും.” അവൻ വീണ്ടും ഇപ്രകാരം ആവർത്തിച്ചു, “മമ്മിയും, ഡാഡിയും എത്രമാത്രം നിങ്ങൾ ദൈവത്തെ അനുസരിച്ചു. ആർക്കും അറിയാത്ത എത്രയോ ദൈവിക അനുസരണ പാതകളിലൂടെ നിങ്ങൾ കടന്നുപോയി. നിങ്ങളുടെ ദൈവത്തോടുള്ള അനുസരണമാണ് ഇന്ന് എനിക്ക് ഈ നന്മകൾ ലഭിച്ചത്, ഇന്ന് പ്രഭാതത്തിൽ എന്റെ  എന്റെ നന്ദിയെ ഞാൻ നിങ്ങളോട് അറിയിക്കുന്നു.”

അവൻ എന്താണ് പറഞ്ഞത് എന്നതിന്റെ അർത്ഥം എനിക്കു മനസ്സിലായി അത് എന്നെ റോമർ 5:19 ലേക്കു കൊണ്ടുപോയി. നാം ദൈവത്തെ അനുസരിക്കുന്നതുമൂലം നാമും മറ്റനേകരും അതിൽ നന്മ അനുഭവിക്കും, അതുപോലെ നാം ദൈവത്തെ അനുസരിക്കാത്തതുമൂലം നാം മറ്റ് അനേകരും അതിന്റെ തിക്ത ഫലം അനുഭവിക്കും. നാമും ദൈവത്തെ അനുസരിക്കാതെ മരുഭൂമിയിൽ തന്നെ ആയിരിക്കാൻ യിസ്രായേലിനെപ്പോലെ തീരുമാനിച്ചാൽ മറക്കരുത് നിങ്ങളുടെ മക്കളും നിങ്ങളുടെ നിങ്ങളോടൊപ്പം മരുഭൂമിയിലായിപ്പോകും. അവർ വളരുമ്പോൾ അവിടെ നിന്ന് കരകയറുവാൻ ശ്രമിക്കും, എന്നാൽ അവർ നിങ്ങളുടെ അനുസരണക്കേടിന് വലിയ വില കൊടുക്കേണ്ടതായി വരും.

# വിശ്വാസിയും വികാരവും

*നിങ്ങൾ എത്രത്തോളം രണ്ടു തോണിയിൽ കാൽ വയ്ക്കും?*

— 1 രാജാക്കന്മാർ 18:21

ദൈവത്തിന് നമുക്ക് നൽകുവാനായി നല്ല അവസരങ്ങൾ അവന്റെ സ്റ്റോറിൽ ഉണ്ട്. വിശ്വാസത്തിന്റെ ചുവടുകൾ വച്ചാൽ മാത്രമെ നമുക്ക് അവയെ പ്രാപിപ്പാനായി കഴിയൂ. പലപ്പോഴും നമ്മുടെ മനസ്സ് നാം ആഗ്രഹിക്കുന്ന നിലയിൽ ചെയ്യുവാൻ താല്പര്യം കാണിക്കത്തില്ല. എന്നാൽ നാം ദൈവത്തിൽ പൂർണ്ണമായി ആശ്രയിച്ചാൽ നാം ചിന്തിക്കുന്നതിലും നിനയ്ക്കുന്നതിലും അധികമായി ചെയ്യുവാൻ കഴിയുന്നതാണ്. ഇതിന് വളരെ തികഞ്ഞ ഒരു ഉദാഹരണം നമുക്ക് ലൂക്കോസ് 5 – ൽ കാണാവുന്നതാണ്. പത്രൊസും മറ്റു ചില ശിഷ്യഗണങ്ങളും രാത്രി മുഴുവൻ മീൻപിടുത്തം നടത്തി; എന്നാൽ അവർക്ക് ഒന്നിനെയും പിടിപ്പാൻ കഴിഞ്ഞില്ല. അവർ ക്ഷീണിതരായി, തളർന്നു, അവർക്ക് ഉറക്കം അത്യാവശ്യമായിരുന്നു. എനിക്ക് ഉറപ്പുണ്ട് അവർക്ക് വിശപ്പും ഉണ്ടായിരുന്നു. അവർ തങ്ങളുടെ വലയും പടകും കഴുകി ക്ഷീണിച്ചിരുന്നു.

എന്നാൽ യേശു പടകിന്റെ അരികിൽ വച്ചാണ് അവരോട് പറഞ്ഞത്, നിങ്ങൾക്ക് വല നിറയെ മത്സ്യം പിടിക്കണമെങ്കിൽ ആഴത്തിലേക്ക് വല ഇറക്കണം. പത്രൊസിന് യേശുവിനോട് താങ്കൾ ശരിക്കും ക്ഷീണിതരെന്ന് പറഞ്ഞു. അവർ രാത്രി മുഴുവൻ അദ്ധ്വാനിച്ചിട്ടും ഒന്നും കിട്ടിയില്ല എന്നും പറഞ്ഞു, എന്നാൽ താൻ പറഞ്ഞു "എങ്കിലും നിന്റെ വാക്കിന് ഞാൻ വല ഇറക്കാം എന്നു പറഞ്ഞു" (ലൂക്കോസ് 5:5). ഇപ്രകാരമുള്ള മനോഭാവമാണ് ദൈവം നമ്മളിൽ നിന്ന് പ്രതീക്ഷിക്കുന്നത് നമ്മുടെ ചിന്ത ഒരു പക്ഷെ നമ്മളെ നിരുത്സാഹപ്പെടുത്തിയേക്കാം, എന്നാൽ നാം ദൈവത്തെ അനുസരിപ്പാൻ തയ്യാറുള്ളവർ ആകണം, നമ്മുടെ ഭയവും, വികാരത്തിനും അതീതമായിരിക്കണം ദൈവത്തിലുള്ള വിശ്വാസം.

പിശാച് ഭയം വിത്യസ്തമായ നിലയിൽ നിങ്ങളിൽ നല്കി നിങ്ങളെ ആഴമുള്ള വെള്ളത്തിലേക്ക് വിടും. എന്നാൽ നാം നമ്മുടെ ഭയവും സകലതും മാറ്റി നമ്മുടെ ദൃഷ്ടികൾ ദൈവത്തിങ്കലേക്ക് തിരിച്ച് നമുക്കായി ദൈവം ഒരുക്കിയിട്ടുള്ള ദൈവിക അനുഗ്രഹങ്ങളെ നാം പ്രാപിക്കുവാൻ തയ്യാറാകണം.

# നാം നമ്മോടു തന്നെ സമാധാനത്തിലായിരിക്കുക!

*ദൈവത്തിന്റെ സ്നേഹം നമുക്ക് നൽകപ്പെട്ട പരിശുദ്ധാത്മാവിനാൽ നമ്മുടെ ഹൃദയങ്ങളിൽ പകർന്നിരിക്കുന്നുവല്ലോ*
— റോമർ. 5:5

ദൈവം തന്റെ സ്നേഹം നമുക്ക് ഹൃദയങ്ങളിൽ നൽകിയിരിക്കുന്ന പരിശുദ്ധാത്മാവിനാൽ നമ്മുടെ ഹൃദയങ്ങളിൽ പകർന്നിരിക്കുന്നതായി ദൈവ വചനത്തിൽ കാണുന്നു. കർത്താവായ യേശു നമ്മുടെ ഹൃദയങ്ങളിൽ പരി ശുദ്ധാത്മാവിൽ വസിക്കുമ്പോൾ, നാം വിശ്വാസത്താൽ കർത്താവിനെ സ്വീക രിക്കുകയും, ദൈവം തന്റെ പുത്രനോടൊപ്പം തന്റെ സ്നേഹവും നൽകുന്നു കാരണം ദൈവം സ്നേഹം ആകുന്നു (1 യോഹന്നാൻ 4:8). ദൈവം നമുക്ക് സൗജന്യമായി നൽകിയിരിക്കുന്ന സ്നേഹം നിമിത്തം നാം എന്തു പ്രവർത്തി ക്കുന്നുയെന്നതാണ്. നാം സ്നേഹിക്കത്തക്കവണ്ണം അർഹതയുള്ളവരല്ല യെന്നു കരുതി ഈ സ്നേഹത്തെ അവഗണിക്കുകയാണോ? നമ്മെ ഉപേ ക്ഷിക്കുകയും മുറിവേൽപ്പിക്കുകയും ചെയ്യുന്ന മറ്റുള്ളവരെപ്പോലെയാണ് ദൈവമെന്ന് ചിന്തിക്കുന്നുണ്ടോ? നമ്മുടെ ബലഹീനതകളെക്കാളും പരാജ യങ്ങളെക്കാളും വലിയ സ്നേഹത്തെ സ്വീകരിക്കുന്നുവോ? ദൈവവുമായിട്ടും നിങ്ങളോടു തന്നെയും സഹജീവികളോടും ഏതു നിലയിലുള്ള ബന്ധമാണ് നിങ്ങൾക്കുള്ളത്.

എനിക്ക് എന്നോടുതന്നെ നല്ല ബന്ധം കാത്തു സൂക്ഷിക്കുവാൻ കഴി ഞ്ഞിരുന്നില്ല. ഈ മേഖലകളെക്കുറിച്ച് ദൈവം എന്നോട് സംസാരിക്കുന്ന തുവരെ ഞാൻ ചിന്തിച്ചിരുന്നില്ല. ഞാൻ എന്നോടൊപ്പം സമയം ചിലവഴി ക്കുന്നത് ഏറ്റവും പ്രധാനപ്പെട്ടതാണെന്നു ഞാൻ മനസ്സിലാക്കുകയും കൂടുതൽ സമയം എനിക്കുവേണ്ടി വേർതിരിക്കുകയും ചെയ്യുന്നു. നിങ്ങൾ ഒരു വ്യക്തിയാണ് അതുകൊണ്ട് നിങ്ങളിൽ നിന്ന് അകന്നിരിക്കുവാൻ കഴിയുന്നതല്ല.

നമുക്ക് അടുത്തിടപെടുവാൻ കഴിയാത്ത ഒരാളോടൊപ്പം ദിവസംതോറും പ്രവർത്തിക്കുക എന്നുള്ളത് വളരെ ബുദ്ധിമുട്ട് നിറഞ്ഞതാണ്. അങ്ങനെ യുള്ള ഒരു വ്യക്തിയെ വീട്ടിൽ രാത്രിയിലെ താമസത്തിന് നാം കൊണ്ടുപോ കയില്ല. നാം രാവിലും പകലിലും എല്ലാം നമ്മോടൊപ്പമാണ് ആയിരിക്കുന്നത്. നാം ഒരു നിമിഷം പോലും നമ്മെ പിരിഞ്ഞിരിക്കുന്നില്ല അതുകൊണ്ട് നാം നമ്മോടുതന്നെ സമാധാനത്തിലായിരിക്കുക എന്നത് വളരെ പ്രധാനപ്പട്ടതാണ്.

# പാപക്ഷമ പ്രാപിക്കുന്നത്

*നാം (സ്വയമായി) നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോട് പാപങ്ങളെ (ദൈവനിയമങ്ങൾ ലംഘിച്ചതിനെ ക്ഷമിക്കുന്നു) ക്ഷമിച്ചു സകല അനീതിയും (ചിന്തയിലും പ്രവർത്തിയിലും ദൈവഹിതത്തിനു വിരുദ്ധമായിട്ടുള്ള ത്) പോക്കി (തുടർമാനമായി) നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും (തന്റെ സ്വഭാവത്തിലും വാഗ്ദത്വങ്ങളിലും സത്യമാണ്) ആകുന്നു.*

— 1 യോഹന്നാൻ. 1:90

അനേക വർഷങ്ങൾക്കു മുമ്പ് ഞാൻ കർത്താവുമായുള്ള എന്റെ ബന്ധത്തിന്റെ പുരോഗമനത്തിന്റെ ആരംഭഘട്ടങ്ങളിൽ ഓരോ രാത്രിയും എന്റെ ഭൂതകാല പാപങ്ങൾക്കുള്ള ക്ഷമ ഞാൻ യാചിക്കുമായിരുന്നു. “ജോയ്സ് നീ ആദ്യം പ്രാർത്ഥിച്ചപ്പോൾ തന്നെ ഞാൻ നിന്റെ പാപങ്ങൾ ക്ഷമിച്ചിരുന്നു. എന്നാൽ നിനക്ക് നിന്നോടു തന്നെ ക്ഷമിക്കുവാൻ കഴിയാതിരുന്നതുകൊണ്ട് നീ എന്റെ പാപക്ഷമ സ്വീകരിക്കുന്നില്ല.” നിങ്ങൾ ദൈവത്തിന്റെ ക്ഷമ പ്രാപിച്ചിട്ടുണ്ടോ?

*ദൈവമെ, കർത്താവായ യേശുവിന്റെ നാമത്തിൽ എന്റെ പാപത്തിനു (പാപ ത്തിന്റെ പേരു പറയുക) പാപക്ഷമ സ്വീകരിക്കുന്നു. ദൈവം എന്റെ പാപം മാറ്റുകയും ഞാൻ കാണുവാൻ കഴിയാത്ത ദൂരത്തിലാക്കിവച്ചിരിക്കുന്നുവെന്നു ഞാൻ വിശ്വസിക്കുന്നു. ഉദയം അസ്തമയത്തോട് അകന്നിരിക്കുന്നതുപോ ലെ, ദൈവം അത് വീണ്ടും ഓർക്കുകയില്ലയെന്നു ഞാൻ വിശ്വസിക്കുന്നു.*

ഇങ്ങനെ സംസാരിക്കുന്നത് വളരെ സഹായകരമാണെന്നു ഞാൻ കരുതുന്നു, കാരണം ഇങ്ങനെ ചെയ്യുമ്പോൾ നിങ്ങൾ ദൈവവചനത്തിലുള്ള നിങ്ങളുടെ വിശ്വാസം പ്രഖ്യാപിക്കുകയാണ്. നിങ്ങളുടെ വാക്കുകൾ പിശാച് അറിയാത്തതുകൊണ്ട് അവൻ നിങ്ങളുടെ മനസ്സിനെ അറിയുന്നില്ല. വാഴ്ചകളുടെയും അധികാരങ്ങളുടെയും, അന്ധകാരത്തിന്റെ ലോകാധി പതികളുടെയും മുമ്പിൽ പ്രഖ്യാപിക്കുക (എഫെസ്യർ. 6:12 കാണുക). യേശു ക്രിസ്തു നിങ്ങളെ സ്വതന്ത്രനാക്കി അതുകൊണ്ട് ആ സ്വാതന്ത്ര്യത്തിൽ നടക്കുവാൻ ദൈവം ആഗ്രഹിക്കുന്നു.

*നിങ്ങൾ സംസാരിക്കുമ്പോൾ നിങ്ങൾ* അർത്ഥമാക്കുന്നത് എന്താണെന്നു ള്ളത് ഉറപ്പാക്കുക. പിശാച് നിങ്ങളുടെ ഭൂതകാല പാപങ്ങളെ നിങ്ങളുടെ മുമ്പിൽ കുറ്റബോധമായിട്ടോ ശിക്ഷാവിധിയായിട്ടോ കൊണ്ടു വന്നാൽ നിങ്ങളുടെ പ്രഖ്യാപനം ആവർത്തിച്ചുകൊണ്ടു പറയുക. “എന്റെ ആ പാപത്തിനു പാപക്ഷമ ലഭിച്ചു അത് പരിഹരിച്ചു അതുകൊണ്ട് ഇനി ഞാൻ അതിനെക്കുറിച്ച് ചിന്തിക്കേണ്ടതില്ല.”

# നേരിയ മൃദുസ്വരം

*മിണ്ടാതിരുന്നു ഞാൻ ദൈവമെന്ന് അറിഞ്ഞുകൊൾവിൻ (അറിയുക, അംഗീകരിക്കുക) ഞാൻ ജാതികളുടെ ഇടയിൽ ഉന്നതൻ ആകും, ഞാൻ ഭൂമിയിൽ ഉന്നതൻ ആകും.*

— സങ്കീർത്തനങ്ങൾ 46:10

അനേകം കുതിരകളെ കടിഞ്ഞാൺകൊണ്ട് നിയന്ത്രിക്കുകയും നടത്തുകയുമാണ് ചെയ്യുന്നത്. ചില കുതിരകൾ യജമാനന്റെ വാക്കുകൾ കേൾക്കുവാൻ ചെവി തിരിക്കുന്നു ഇതിനെ വിളിക്കുന്നത് *കടിഞ്ഞാണുള്ള കാത്*. ഏലിയാവ് ദൈവത്തിൽ നിന്നു കേൾക്കണം ഭാഗ്യവശാൽ അവന് ദൈവത്തിൽ നിന്നും കേൾക്കുവാനുള്ള ആഗ്രഹമുണ്ടായിരുന്നു.

ഏലിയാവ് ദൈവശക്തിയാൽ ഇപ്പോൾ 450 പ്രവാചകന്മാരെ തോൽപ്പിച്ചതേയുള്ളൂ. എന്നാൽ ഇസബേൽ രാജ്ഞി അവനെ ആ ദിവസംവരെ കൊല്ലുമെന്ന് ഭീഷണി മുഴക്കി. ഏലിയാവ് പ്രാണരക്ഷാർത്ഥം ഓടി ഒരു ഗുഹയിൽ ഒളിച്ചിരുന്നു, അവൻ അവിടെയിരുന്ന് പ്രാർത്ഥിക്കുകയാണ്. ഇസബേൽ അവനെ കാണുന്നതിനുമുമ്പ് മരിക്കണമെന്നാണ് അവന്റെ പ്രാർത്ഥനാ വിഷയം. ഏലിയാവിനു ദൈവവചനം ലഭിച്ചു, ദൈവം ചോദിക്കുന്നു, "ഏലിയാവെ, ഇവിടെ നിനക്ക് എന്തു കാര്യം?" അപ്പോൾ തന്റെ ജീവിതത്തിൽ സംഭവിച്ച കാര്യങ്ങളും താൻ അനുഭവിക്കുന്ന ഭീഷണിയും ഏലിയാവ് വിശദീകരിക്കുന്നു.

അപ്പോൾ ദൈവം തന്റെ സാന്നിദ്ധ്യം ഒരിക്കൽകൂടി ഏലിയാവിന് പ്രദർശിപ്പിക്കുന്നു. തന്നോടു ദൈവമുമ്പാകെ പർവ്വതത്തിൽ നിൽക്കുവാൻ ആവശ്യപ്പെടുന്നു. "അപ്പോൾ, ഇതാ യഹോവ കടന്നുപോകുന്നു ശക്തിയുള്ള ഒരു കൊടുങ്കാറ്റ് യഹോവയുടെ മുമ്പിൽ പർവ്വതങ്ങളെ കീറി, പാറകളെ തകർത്തു. എന്നാൽ കാറ്റിൽ യഹോവ ഇല്ലായിരുന്നു. കാറ്റിന്റെ ശേഷം ഒരു ഭൂകമ്പം ഭൂകമ്പത്തിലും യഹോവ ഇല്ലായിരുന്നു. തീയുടെ ശേഷം, സാവധാനത്തിൽ "ഒരു മൃദുസ്വരം ഉണ്ടായി" അപ്പോൾ ദൈവം ഏലിയാവിനോട് യിസ്രായേലിലും സിറിയയിലും രാജാക്കന്മാരെ വാഴിക്കുവാനും തന്റെ സ്ഥാനത്ത് പുതിയ പ്രവാചകനെ അഭിഷേകം ചെയ്യുവാനും കല്പിക്കുന്നു (വായിക്കുക 1 രാജാക്കന്മാർ അദ്ധ്യായങ്ങൾ 16–19) ഏലിയാവ് ദൈവത്തിന്റെ നേരിയ മൃദുസ്വരം അനുസരിക്കുന്നു.

നമുക്ക് വഴിയറിയേണ്ടി വരുമ്പോൾ ദൈവത്തിൽ നിന്നു എങ്ങനെ കേൾക്കണമെന്നു ഏലിയാവിന്റെ സംഭവ കഥയിൽ നിന്നു മനസ്സിലാക്കാം. ദൈവത്തിന്റെ അതിഭയങ്കരമായിട്ടുള്ള ശബ്ദത്തിന്റെയോ വെളിച്ചത്തിന്റെ അകമ്പടിയോടെ അല്ല (അതിനു കഴിയുമെന്നു ദൈവം ആദ്യം തെളിയിക്കുന്നു)

ദൈവം ഏലിയാവിനു വീണ്ടും ഉറപ്പു നൽകുന്നത്. ദൈവം തന്റെ പ്രവാചകന് നേരിയ മൃദുസ്വരത്തിലൂടെയാണ് സംസാരിക്കുന്നത്. ഇന്ന് ദൈവം നമ്മോട് സംസാരിക്കുന്ന രീതിയും ഇതാണ്. ദൈവം തന്റെ മക്കളുടെ ആത്മാവിൽ മന്ത്രിച്ചുകൊണ്ടാണ് ഇന്ന് അവരോട് സംസാരിക്കുന്നത്.

# സമൃദ്ധിയായി കൊടുപ്പിൻ

*കൊടുപ്പിൻ എന്നാൽ (ദാനങ്ങൾ) നിങ്ങൾക്കു കിട്ടും അമർത്തി കുലുക്കി കവിയൊന്നൊരു നല്ല അളവ് നിങ്ങളുടെ മടിയിൽ (സഞ്ചിയായി ഉപയോഗിച്ചിരുന്ന വസ്ത്രം) തരും; നിങ്ങൾ അളക്കുന്ന അളവിനാൽ (മറ്റുള്ളവർക്ക് നന്മ ചെയ്യുന്നതിനു നിങ്ങൾ ഉപയോഗിച്ചിരിക്കുന്ന അളവ്) നിങ്ങൾക്കും അളന്നു കിട്ടും*

— ലൂക്കോസ് 6:38

ഞാനും നിങ്ങളും നൽകുമ്പോൾ നാം ഔദാര്യമായും ധാരാളമായും നൽണം. നാം നൽകുന്ന വിധത്തിലാണ് ദൈവം നമുക്ക് തിരിച്ചു നൽകുന്നത്. നാം നമ്മുടെ പണസഞ്ചിയിലേക്കു നോക്കുമ്പോൾ ചെറിയ തുക നൽകിയതായി കാണുവാൻ പാടില്ല പകരമായി ദൈവം നൽകുന്നതുപോലെ ധാരാളമായി നൽകണം.

ദൈവത്തിനു നൽകുന്നത് ഒന്നും തീരെ ചെറുതോ ഏറ്റവും വലുതോ അല്ലയെന്നു ഇപ്പോൾ എനിക്കു മനസ്സിലായി. നമ്മുടെ ക്രിസ്തീയ ജീവിതത്തിലെ മറ്റേതു കാര്യത്തിലെന്നതുപോലെ കൊടുക്കുന്ന കാര്യത്തിലും വളരെ ശക്തിയോടെ പ്രവർത്തിക്കുവാൻ നാം പരിശീലിക്കണം. എല്ലാ സമയത്തും നൽകുവാൻ ഒരുക്കമുള്ള ഒരാളായിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

ഒരിക്കൽ ഞാനൊരു ക്രിസ്തീയ പുസ്തകശാലയിലായിരിക്കുമ്പോൾ പട്ടിണി കിടക്കുന്ന കുട്ടികൾക്ക് ആഹാരം നൽകുന്നതിനുവേണ്ടി സംഭാവന ശേഖരിക്കുന്ന ഒരു പെട്ടി കാണുവാനിടയായി. (50 സെന്റ് - രൂപ) ഉണ്ടെങ്കിൽ 2 കുട്ടികൾ രണ്ടു ദിവസം ഭക്ഷിക്കും. ഞാൻ എന്റെ പണസഞ്ചി തുറന്നു, സംഭാവന നൽകുവാൻ ഒരുങ്ങിയപ്പോൾ ഉള്ളിൽ നിന്നു ഒരു ശബ്ദം പുറത്തുവന്നു. "നീ എപ്പോഴും ദാനം ചെയ്യുന്നതുകൊണ്ട് ഇപ്പോൾ ചെയ്യേണ്ടതില്ല."

അപ്പോൾത്തന്നെ ഞാൻ ആത്മികമായി ഉണർത്തപ്പെട്ടു. പുറത്തുനിന്ന് ഇത് ആരും പറയുകയില്ല എന്റെ ഉള്ളിൽ നിന്നാണ് ഈ ചിന്ത ഉണ്ടായിരിക്കുന്നത്. ഞാൻ എന്റെ പണസഞ്ചി തുറന്ന് കുറച്ചു പണമെടുത്ത്, ആ സംഭാവന പെട്ടിയിലിട്ടു. അങ്ങനെ ഞാൻ പൂർണ്ണ സന്തോഷത്തോടെ ദൈവത്തിനു കൊടുക്കുന്നവനാണെന്ന് തെളിയിച്ചു. നിങ്ങൾക്കും ഇതു ചെയ്യാം. നാം കൂട്ടിവയ്ക്കുവാൻ ശ്രമിക്കുമ്പോൾ കൂടുതൽ നൽകുക നിങ്ങൾ നൽകുന്ന കാര്യത്തിൽ അതിശക്തിയോടെ പ്രവർത്തിക്കുന്ന വനാണെന്നു സാത്താന്റെ മുമ്പിൽ തെളിയിക്കുക.

# നമ്മുടെ ബലഹീനതയിൽ തികയുന്ന ദൈവമഹത്വം

*ജ്ഞാനികളെ ലജ്ജിപ്പിപ്പാൻ ദൈവം ലോകത്തിൽ ഭോഷത്വ മായത് തിരഞ്ഞെടുത്തു. (മനപൂർവ്വമായി തിരഞ്ഞെടുത്തു. ബലമുള്ളതിനെ ലജ്ജിപ്പിപ്പാൻ ദൈവം ലോകത്തിൽ ബലഹീനമായത് തിരഞ്ഞെടുത്തു. (മനപൂർവ്വമായി തിരഞ്ഞെടുത്തു.) ഉള്ളതിനെ ഇല്ലായ്മയാക്കുവാൻ ദൈവം ലോകത്തിൽ കുലഹീനവും നികൃഷ്ടവുമായതും ഏതുമില്ലാത്തതും തിരഞ്ഞെടുത്തു ദൈവസന്നിധിയിൽ ഒരു ജഡവും പ്രശംസിക്കാതിരിക്കേണ്ടതിനു തന്നെ.*

— 1 കൊരിന്ത്യർ 1:27–29

ഒരിക്കൽ ഞാൻ സ്മിത്ത് വെഗിൽസ്വെർത്തിനെക്കുറിച്ച് വായിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ വിശ്വാസവും അതുനിമിത്തം താൻ ചെയ്ത അത്ഭുതപ്രവർത്തികൾ, രോഗികളെ സൗഖ്യമാക്കുക, മരിച്ചവരെ ഉയിർപ്പിക്കുക "അപ്പോൾ ഞാൻ ചിന്തിച്ചു ഞാനും വിളിക്കപ്പെട്ടിരിക്കുന്നു യെന്ന് എനിക്ക് അറിയാം. പക്ഷെ എനിക്ക് അങ്ങനെയൊന്നും ചെയ്യുവാൻ കഴിയുന്നില്ലല്ലോ?" പെട്ടെന്ന് ദൈവം എന്നോട് സംസാരിച്ചു എന്തുകൊണ്ട് സംഭവിക്കുന്നില്ല. മറ്റാരെയും പോലെ ആണോ നീ? നിന്നെപ്പോലെ കുഴപ്പം പിടിച്ചവരായി ആരുണ്ട്? നിങ്ങൾ നോക്കുക. നാം എല്ലാം തലതിരിഞ്ഞ നിലയിൽ കാണുന്നു. എല്ലാം ലഭിച്ചവരെയാണ് ദൈവം നോക്കുന്നതെന്നു നാം ചിന്തിക്കുന്നു. എന്നാൽ അത് ശരിയല്ല. ജ്ഞാനികളെ ലജ്ജിപ്പിപ്പാൻ ദൈവം ലോകത്തിൽ ബലഹീനവും ഭോഷത്വവുമായത് തിരഞ്ഞെടുത്തു എന്നു ബൈബിൾ പറയുന്നു. ദൈവത്തിനു പ്രവർത്തിക്കരുതാത്ത നിലയിൽ തന്നെ ത്താൻ വിനയപ്പെടുന്നവരെയാണ് ദൈവം നോക്കുന്നത്.

# നിങ്ങളുടെ ജീവിതപ്രശ്നങ്ങൾ നിങ്ങളുടെ സന്ദേശമാക്കുക

*എന്നാൽ മൂടുപടം... കർത്താവിന്റെ തേജസ്സിന്റെ കണ്ണാടിപോലെ പ്രതിബിംബിക്കുന്നവരായി നാം എല്ലാവരും ആത്മാവാകുന്ന കർത്താവിന്റെ ദാനമായി തേജസ്സിന്മേൽ തേജസ്സു പ്രാപിച്ച് (അതിനായി) അതെ (ആരാകുന്നു) പ്രതിബിംബമായി രൂപാന്തരപ്പെടുന്നു*

— 2 കൊരിന്ത്യർ 3:18

ഞാൻ ജനങ്ങളെ പ്രോത്സാഹിപ്പിക്കുന്നത് അവരുടെ ഭൂതകാലത്തെ പോകുവാൻ അനുവദിക്കുവാനാണ്, എന്നാൽ അവർ അതിൽ നിന്നു ഓടി പോകരുത്. ഭൂതകാലത്തിലെ വേദനകളുടെമേൽ വിജയം നേടുവാൻ കഴിയുന്നത് ദൈവത്തെ നമ്മടെ ഭൂതകാലവഴികളിലൂടെ നമ്മോടൊപ്പം സഞ്ചരിക്കുവാൻ അനുവദിച്ച് വിജയം നേടുകയാണ്. നമുക്കുവേണ്ടി വിജയം നേടുവാൻ മറ്റാരുമില്ല നാം തന്നെയാണ് നമ്മുടെ രക്ഷയുടെ വഴി തിരഞ്ഞെടുക്കേണ്ടത് പൗലോസ് ഈ കാര്യം ഫിലിപ്പിയയിലെ സഭയ്ക്കുള്ള തന്റെ ലേഖനത്തിൽ എഴുതിയിരിക്കുന്നു.

> *അതുകൊണ്ട്, പ്രിയമുള്ളവരെ... ഏറ്റവും അധികമായി ഭയത്തോടും വിറയലോടുകൂടെ നിങ്ങളുടെ രക്ഷയ്ക്കായി പ്രവർത്തിപ്പിൻ (വളർത്തിയെടുക്കു ലക്ഷ്യം നേടുക അത് പൂർണ്ണമായും സംപൂർണ്ണമായ നിലയിൽ). ഇച്ഛിക്ക എന്നതും പ്രവർത്തിക്കുക എന്നതും നിങ്ങളിൽ ദൈവമല്ലോ തിരുവുള്ളം ഉണ്ടായിട്ട് പ്രവർത്തിക്കുന്നത്. (നിങ്ങളെ ശക്തിപ്പെടുത്തുകയും, ആഗ്രഹം നൽകുകയും ചെയ്യുന്നു)* — ഫിലിപ്പിയർ. 2:12–13

ദൈവം നമുക്കുവേണ്ടി കാര്യങ്ങൾ ഏറ്റെടുക്കുകയും നമ്മിലൂടെ പ്രവർത്തിക്കുകയും ചെയ്യട്ടെ. അപ്പോൾ നമ്മുടെ കഷ്ടതകൾ സന്ദേശങ്ങളായി മാറും. ഭാവിയിൽ ലഭിക്കുവാനുള്ള അനുഗ്രഹങ്ങൾക്കുവേണ്ടി നമ്മെ ഒരുക്കുവാൻ ഭൂതകാലത്ത് സംഭവിച്ച കഠിനമേറിയ അനുഭവങ്ങൾക്കു കഴിയും.

# നിങ്ങൾ നിങ്ങളായിരിക്കുന്നതിൽ ദൈവത്തിനിഷ്ടം

*ഒരുത്തന്റെ വഴികൾ യഹോവയ്ക്ക് ഇഷ്ടമായിരിക്കുമ്പോൾ*
*അവൻ അവന്റെ ശത്രുക്കളെയും അവനോട് ഇണക്കുന്നു*
— സദൃശ്യവാക്യങ്ങൾ 16:7

നാം ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് നാം ദൈവത്തോട് ചോദിക്കുമ്പോൾ ദൈവം ആളുകളെ നമുക്ക് അനുകൂലമാക്കും. എന്റെ ജീവിതത്തിന്റെ ആദ്യ നാളുകളിൽ ദൈവത്തെ എന്റെ ജീവിതത്തിൽ പ്രവർത്തിക്കുവാൻ അനുവദിക്കുന്നതിനു മുമ്പ് ഞാൻ വളരെയധികം അഭിനയം നടത്തിയിരുന്നു. എന്നെക്കുറിച്ച് ജനങ്ങൾ എന്ത് ആഗ്രഹിച്ചുവോ അതുപോലെയൊക്കെ ആകുവാൻ ഞാൻ ശ്രമിച്ചു. ഞാൻ അനേകം മുഖം മൂടികൾ ധരിച്ചുകൊണ്ടിരുന്നു. എല്ലാവരാലും അംഗീകാരം ലഭിക്കുവാൻ ആഗ്രഹിച്ചിരുന്നു.

ഈ നിലയിലുള്ള സ്വഭാവം ഒരു പ്രശ്നമായി തീരാം. നാം അത് കണ്ടെത്തുകയും മാറ്റം വരുത്തുകയും ചെയ്യണം. നാം മറ്റൊരാളായിരിക്കുന്നതിൽ ദൈവത്തിനു താൽപര്യം ഇല്ല. ആവശ്യപ്പെടുന്നതെന്തും നൽകുന്ന യന്ത്രമായി ഞാൻ മാറിയെന്നു എനിക്കു തോന്നി. എന്റെ അടുക്കൽ വരുന്ന ഓരോരുത്തർക്കും ഓരോ ഓരോ ആവശ്യങ്ങൾക്കായി എന്നെ പ്രേരിപ്പിക്കുന്നു. എന്റെ ഭർത്താവിനു കീഴ്പ്പെടുന്ന ബഹുമാനിക്കുന്ന നല്ല ഭാര്യയായിരിക്കണം. മക്കൾക്ക് എപ്പോഴും ശ്രദ്ധ മാതാവായിരിക്കണം, എന്നെ ആശ്രയിച്ചു കഴിയുന്ന മാതാപിതാക്കൾക്കും ആന്റികൾക്കും എന്റെ ശ്രദ്ധ എപ്പോഴും വേണം. അവർ അനേക കാര്യങ്ങൾക്ക് എന്നെ എപ്പോഴും വളിച്ചുകൊണ്ടിരുന്നു. ഞാൻ ശുശ്രൂഷിച്ചു കൊണ്ടിരുന്ന ജനത്തിന് ഞാൻ അവർക്ക് ആവശ്യമാണെന്നു തോന്നുന്ന സമയത്തൊക്കെയും അവരുടെ അടുക്കൽ എത്തണം. മാനസിക സംഘർഷം നിമിത്തം രോഗിയായിതീരുന്നതുവരെ ഞാൻ എല്ലാത്തിനും 'ഉണ്ട്' എന്ന ഉത്തരം പറഞ്ഞുകൊണ്ടിരുന്നു. അപ്പോൾ എനിക്കു മനസ്സിലായി. 'ഇല്ല' എന്ന ഉത്തരം പറയുവാനും ഞാൻ പരിശീലിക്കണം. അല്ലെങ്കിൽ ഞാൻ ഗൗരവതരമായ രോഗത്തിനു അടിമയാകും.

എന്നെ എല്ലാവരും സ്നേഹിക്കുകയും കരുതുകയും ചെയ്യണമെന്നു ഞാൻ ആഗ്രഹിച്ചിരുന്നു. അതുകൊണ്ട് അവരുടെ അംഗീകാരം തെറ്റായ വഴിയിലൂടെ നേടുവാൻ ഞാൻ ശ്രമിച്ചിരുന്നു. ഞാൻ ദൈവത്തിലാശ്രയിച്ചുകൊണ്ട് പ്രാർത്ഥിച്ചാൽ ദൈവം ജനത്തെ എനിക്ക് അനുകൂലമാക്കി തരുമെന്നു ദൈവം എന്നോടു പറഞ്ഞു. നമ്മെ ഇഷ്ടപ്പെടാത്ത ആളുകൾക്ക് നമ്മെ ഇഷ്ടപ്പെടുവാനും അംഗീകരിക്കുവാനും ദൈവം കാരണമാകുന്നു. ദൈവവചനം പറ

യുന്നു. “രാജാവിന്റെ ഹൃദയം യഹോവയുടെ കയ്യിൽ നീർത്തോടുകണക്കെ ഇരിക്കുന്നു. തനിക്കു ഇഷ്ടമുള്ളടത്തേക്കൊക്കെയും അവൻ അതിനെ തിരിക്കുന്നു (സദൃശ്യവാക്യങ്ങൾ 21:1). ഒരു പ്രത്യേക ദിശയിൽ നദിയെ ഒഴുക്കുവാൻ ദൈവത്തിനു കഴിയുന്നതുപോലെ നമ്മിലേക്കു അനേകരുടെ ഹൃദയത്തെ തിരിക്കുവാൻ ദൈവത്തിനു കഴിയും. ദൈവത്തിനുമാത്രം ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്യുവാൻ ശ്രമിച്ച് നാം തളരുന്നു.

# ചിരിക്കുന്നതിൽ തെറ്റില്ല

*നീതിമാന്മാരെ (ദൈവസന്നിധിയിൽ നീതിയോടെ നിൽക്കുന്നവർ) യഹോവയിൽ സന്തോഷിച്ചാനന്ദിപ്പിൻ(യാതൊരു വിട്ടുവീഴ്ചയുമില്ലാതെ) ഹൃദയപരമാർത്ഥികൾ എല്ലാവരുമായുള്ളോരെ ഘോഷിച്ചുല്ലസിപ്പിൻ.*

— സങ്കീർത്തനം. 32:11

ഈ ലോകത്തിൽ അനേകം ഗൗരവമേറിയ കാര്യങ്ങൾ നടക്കുന്നു, നാം അവയെ അറിയുകയും അതിനുവേണ്ടി ഒരുങ്ങുകയും ചെയ്യണം. എന്നാൽ അതെസമയം നാം വസ്തുതകളെ ആയിരിക്കുമ്പോലെ മനസ്സിലാക്കുകയും അവയെ ഭയശങ്കകൾ കൂടാതെ ആത്മവിശ്വാസത്തോടും ആശ്വാസത്തോടും അഭിമുഖീകരിക്കുവാൻ പരിശീലിക്കണം. ദൈവം തന്റെ പുത്രനായ കർത്താവായ യേശു മുഖാന്തരം അവന്റെ മരണ പുനരുത്ഥാനങ്ങളിലൂടെ നൽകിയിരിക്കുന്ന ജീവിതം ആസ്വദിക്കുവാൻ പഠിക്കണം (യോഹന്നാൻ 10: 10 കാണുക). ഈ ലോകത്തിൽ ഇന്ന് നടക്കുന്ന എല്ലാ പ്രയാസപ്പെടു ത്തുന്ന അനുഭവങ്ങളുടെ നമ്മുടെ ഓരോ ദിവസത്തെയും പ്രഖ്യാപനം ഇതായിരിക്കണം. ‘‘ഇതു യഹോവ ഉണ്ടാക്കിയ ദിവസം ഇന്നു നാം സന്തോഷിച്ചു ആനന്ദിക്ക.”

ക്രിസ്ത്യാനികളായ നാം കൂടുതലായി ചെയ്യേണ്ട കാര്യമാണ് ചിരിക്കുന്നത്. നമ്മൾ ദൈവവചനം ഹൃദ്യമാക്കുന്നതിനും ജീവിതത്തെക്കു റിച്ചും ദൈവികമായ നമ്മുടെ വളർച്ചയെപ്പറ്റിയും നമ്മുടെ ജീവിത്തിൽ പൂർണ്ണ ത കൈവരിക്കുവാനുള്ള കഠിന ശ്രമത്തിലാണ്. നാം ഈ നിലയിലുള്ള ഭാര മേറിയ ചുമടുകളുമായി മുൻപോട്ടുപോകുമ്പോൾ നാം അല്പം കൂടി അധി കമായി ചിരിക്കുമ്പോൾ സന്തോഷത്തോടെ ആയിരിക്കുമ്പോൾ നമ്മുടെ ഭാര ങ്ങളെല്ലാം വളരെ ലഘുവായി അനുഭവപ്പെടുന്നു.

നാം ആയിരിക്കുന്ന ഈ ലോകത്തിൽ ചിരിക്കുവാൻ വക തരുന്ന അനേകം കാര്യങ്ങളില്ല അതുകൊണ്ട് നാം അത് ലക്ഷ്യത്തോടെ ചെയ്യണം. സങ്കടപ്പെ ടുവാൻ കാരണമായ അനേകം കാര്യങ്ങൾ കണ്ടെത്തുവാൻ എളുപ്പമാണ്. നാം അല്പമൊന്നു ശ്രമിച്ചാൽ സന്തോഷത്തോടെ ആയിരിക്കുവാൻ കഴി യും. നമ്മുടെ ജീവിതം സന്തോഷകര മാക്കുവാൻ തക്കവണ്ണം ചിരിക്കണം.

# വചനത്താൽ പ്രഖ്യാപിക്കുക

*അവന്റെ വിമുക്തന്മാർ അങ്ങനെ പറയട്ടെ*

— സങ്കീ. 107:2

എബ്രായർ 4:12 അനുസരിച്ച് ദൈവവചനം ഇരുവായ്ത്തലയുള്ള വാളുപോലെയാണ്. ഈ ഇരുവായ്ത്തലയിലെ ഒരു ഭാഗം സാത്താനെ പരാജയപ്പെടുത്തുവാനുള്ളതാണ്, മറുഭാഗം സ്വർഗ്ഗത്തിലെ അനുഗ്രഹങ്ങൾ മുറിച്ച് തരുവാനുള്ളതാണെന്നു ഞാൻ വിശ്വസിക്കുന്നു. എഫെസ്യർ 6:17 അനുസരിച്ച് ആത്മിക പോരാട്ടം വിജയകരമാക്കുന്നതിനുള്ള ദൈവത്തിന്റെ സർവ്വായുധ വർഗ്ഗത്തിലെ ഒരു ആയുധമാണ് ആത്മാവിന്റെ വാളായ ദൈവവചനം. സങ്കീർത്തനക്കാരനായ ദാവീദ് തുടർമാനമായി നടത്തുന്ന പ്രസ്താവനയാണ് "യഹോവയെക്കുറിച്ച് അവന്റെ എന്റെ സങ്കേതവും കോട്ടയും ഞാൻ (ആത്മവിശ്വാസത്തോടെ) ആശ്രയിക്കുന്ന എന്റെ ദൈവവും എന്നു പറയുന്നു. (സങ്കീർത്തനം 9:12)

"ഞാൻ ദൈവത്തെക്കുറിച്ച് എന്താണ് പറയുന്നത്. നാം ശരിയായ കാര്യങ്ങൾ ചിന്തിക്കുക, മാത്രമല്ല പറയുകയും വേണം. "ഞാൻ എന്റെ ദൈവത്തെക്കുറിച്ച് എല്ലാ നല്ല കാര്യങ്ങളും വിശ്വസിക്കുകയാണ്' എന്ന് ഒരാൾ ചിന്തിക്കുന്നു. നിങ്ങളെ സഹായിക്കുന്ന എന്തെങ്കിലും കാര്യങ്ങൾ നിങ്ങൾ പറയാറുണ്ടോ? സാധാരണയായി ചില കാര്യങ്ങൾ വിശ്വസിക്കുന്നുയെന്നു ചിലർ പറയുന്നു, എന്നാൽ അതിനു വിപരീതമായകാര്യങ്ങളാണ് അവരുടെ വായിൽ നിന്നു വരുന്നത്. നം ഉച്ചത്തിൽ സംസാരിക്കണം അത് ശരിയായ സമയത്ത് ശരിയായ സ്ഥാനത്ത് ചെയ്യണം, എന്നാൽ നാം അത് ചെയ്തു എന്നു ഉറപ്പുവരുത്തേണം ദൈവത്തോടുകൂടെ സമയം ചിലവഴിക്കുമ്പോൾ വാക്കുകളിലൂടെയുള്ള ഏറ്റുപറച്ചിൽ നിങ്ങളുടെ ജീവിതത്തിനുണ്ടാകട്ടെ.

ഞാൻ സാധാരണയായി പ്രഭാതത്തിൽ നടക്കാറുണ്ട്.ഞാൻ പ്രാർത്ഥിക്കും, ഞാൻ പാടും, ദൈവത്തിന്റെ വചനം ശബ്ദത്തിൽ പറയും, ഓരോ പ്രാവിശ്യവും ഞാൻ ഇങ്ങനെ പറയുന്നു, "ദൈവം എന്റെ പക്ഷത്തുണ്ട് ദൈവം എന്നോട് കല്പിക്കുന്നതൊക്കെയും ഞാൻ ചെയ്യും" അല്ലെങ്കിൽ "ദൈവം നല്ലവനാണ്, എന്നെക്കുറിച്ച് നല്ല പദ്ധതികൾ ദൈവത്തിനുണ്ട്. അനുഗ്രഹങ്ങൾ എന്റെ പിന്നാലെ വരികയും എന്റെ ജീവിതത്തിൽ നിറഞ്ഞുകവിയുകയും ചെയ്യുന്നു." അങ്ങനെ ചെയ്യുമ്പോൾ എനിക്കു സാത്താനെ വാളുകൊണ്ട് ആക്രമിക്കുന്ന അനുഭവമാണ് ഉണ്ടാകുന്നത്. നിങ്ങളുടെ നന്ദി, സംതൃപ്തി, ആരാധന, സ്തുതി ഇവയെല്ലാം സംസാരത്തോടെയാകട്ടെ. സ്തുതിയുടെ സ്തോത്രത്തിന്റെ ഗാനങ്ങൾ നിങ്ങളുടെ വായിൽ നിന്നു പുറത്തുവരട്ടെ. ശത്രുവിനെതിരെ വളരെ ശക്തിയേറിയ പ്രവർത്തനങ്ങൾ ചെയ്യുക.

# അവയെക്കാൾ നിങ്ങൾ ഏറ്റവും വിശേഷതയുള്ളവരല്ലയോ?

*ആകാശത്തിലെ പറവകളെ നോക്കുവിൻ അവ വിതെക്കുന്നില്ല, കൊയ്യുന്നില്ല, കളപ്പുരയിൽ കൂട്ടിവെക്കുന്നതുമില്ല. എങ്കിലും സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് അവയെ പുലർത്തുന്നു. അവയെക്കാൾ നിങ്ങൾ ഏറ്റവും വിശേഷതയുള്ളവരല്ലയോ?*

— മത്തായി. 6:26

പക്ഷികളെ വീക്ഷിക്കുവാൻ ചില സമയം വേർതിരിക്കുന്നത് നമുക്ക് നല്ലതാണ്. അതാണ് നമ്മോട് കർത്താവ് ചെയ്യുവാൻ പറഞ്ഞിരിക്കുന്നത്. എല്ലാ ദിവസവും, കഴിയുന്നില്ലെങ്കിൽ സമയം കിട്ടുമ്പോഴൊക്കെയും നാം പക്ഷികളെ വീക്ഷിക്കുകയും ദൈവം അവയെ എങ്ങനെയാണ് കരുതുന്ന തെന്നു മനസ്സിലാക്കുകയും ചെയ്യണം. അവയുടെ അടുത്ത ഭക്ഷണം എവിടെയാണെന്നു ഒരു പക്ഷിക്കും അറിയില്ല. എന്നിരുന്നാലും ഒരു പക്ഷിയും ആകുലപ്പെട്ട് മരക്കൊമ്പിൽ ഇരിക്കുന്നത് ഞാൻ കണ്ടിട്ടില്ല. ഗുരുവിന്റെ പഠിപ്പിക്കൽ ഇവിടെവളരെ ലളിതമാണ്. "പക്ഷിയെക്കാൾ വിശേഷതയുള്ളവരല്ലേ നിങ്ങൾ." നിങ്ങൾ നിങ്ങളുടെ സ്വയത്തെക്കുറിച്ചു വളരെ ദരിദ്രമായ ഒരു ചിന്താഗതി വച്ചു പുലർത്തുന്നുണ്ടായിരിക്കാം, എന്നാൽ നിങ്ങൾ പക്ഷിയെക്കാൾ വളരെ വിലയേറിയവനാണെന്നു തീർച്ചയായും ഉറപ്പാക്കാം മാത്രമല്ല, അവയെ നിങ്ങളുടെ സ്വർഗ്ഗീയ പിതാവ് എത്ര നന്നായി കരുതുന്നുയെന്നു ചിന്തിക്കുക.

# ദൈവത്തിനുവേണ്ടി കാത്തിരിക്കുവാൻ പരിശീലിക്കുക

*അതുകൊണ്ട് നീ നിന്റെ ദൈവത്തിന്റെ അടുക്കലേക്കു മടങ്ങി വരിക. ദയയും ന്യായവും പ്രമാണിച്ചു ഇടവിടാതെ നിന്റെ ദൈവത്തിനായി കാത്തുകൊണ്ടിരിക്കുക (പ്രതീക്ഷയോടെ)*

— ഹോശയ 12:6

യേശുക്രിസ്തു യൂദാസിനാൽ ഒറ്റിക്കൊടുക്കപ്പെടുമ്പോൾ അവൻ അവിടെ നിൽക്കുക മാത്രമെ ചെയ്തുള്ളൂ. ജനക്കൂട്ടം വരികയും അവന്റെമേൽ കൈവയ്ക്കുകയും അവനെ പിടികൂടുകയും ചെയ്തു. യേശുവിനെ പ്രതിരോധിക്കുവാൻ ശ്രമിക്കുന്ന പത്രൊസ് മഹാപുരോഹിതന്റെ ദാസനെ തന്റെ വാളുകൊണ്ട് വെട്ടി അവന്റെ കാത് അറുക്കുന്നു. പഴയ സിംഹത്തെപ്പോലെ പത്രൊസ് ജഡികമായ തീഷ്ണതയാൽ നിയന്ത്രിക്കപ്പെടുന്നു. അപ്പോൾ പത്രൊസ് എന്താണ് ചിന്തിക്കുന്നതെന്നറിയാമോ? വാഴ്ത്തപ്പെട്ട ദൈവമെ, ഞങ്ങൾക്ക് ഇത് അനുവദിക്കുവാൻ കഴിയുകയില്ല. നീ ദൈവത്തിന്റെ അഭിഷിക്തനെതിരെയാണ് കുഴപ്പങ്ങൾ സൃഷ്ടിക്കുന്നത്. അപ്പോൾ യേശു ഇതൊക്കെ വിടുവിൻ എന്നു പറഞ്ഞ് അവന്റെ കാത് തൊട്ടു സൗഖ്യമാക്കി (ലൂക്കോസ്. 22:51). താൻ സംസാരിക്കേണ്ടാത്ത സമയത്ത് സംസാരിക്കുകയും, ചെയ്യുവാൻ ആവശ്യമില്ലാത്ത കാര്യങ്ങൾ ചെയ്യുകയുമാണ് പത്രൊസിന്റെ സ്വഭാവം. പത്രൊസ് ദൈവത്തിനുവേണ്ടി കാത്തിരിക്കേണ്ടത് എങ്ങനെയെന്നു പരീശിലിപ്പിക്കുകയും തന്റെ ജീവിതത്തിൽ ആവശ്യമായ സൗമ്യത, താഴ്മ ഇവ നേടുകയും വേണ്ടിയിരുന്നു. ദൈവം പത്രൊസിനെ ശക്തിയോടെ ഉപയോഗിക്കുവാൻ ആഗ്രഹിക്കുന്നു. എന്നാൽ പത്രൊസിനു സുവിശേഷം പ്രസംഗിക്കണമെങ്കിൽ തന്റെ വാളെടുത്തു മറ്റുള്ളവരുടെ കാതുകൾ മുറിച്ച് തന്റെ കോപം വെളിപ്പെടുത്താൽ സാധിക്കുന്നതല്ല.

നമ്മുടെ കഠിനേറിയ വാക്കുകൾ അനേകരുടെ കേൾവി തന്നെ നഷ്ടപ്പെടുത്തുവാൻ കഴിയും. പത്രൊസിന്റെ വാള് ദാസന്റെ ചെവി നഷ്ടപ്പെടുത്തിയപോലെ സംഭവിക്കും. നമുക്ക് നീതി ആവശ്യമാണെന്നു തോന്നുമ്പോഴൊക്കെയും ജനങ്ങളുടെ അടുത്തേക്കു വെറുതെ ചെല്ലുവാൻ കഴിയുകയില്ല. ദൈവം നമ്മോട് ''ഒന്നും സംസാരിക്കേണ്ട'' എന്നു പറയുകയാണെങ്കിൽ നാം ദൈവമുമ്പാകെ കീഴ്പ്പെടണം. ജനം ശരിയല്ലാത്തത് ചെയ്യുന്നുവെന്നു നമുക്ക് തോന്നിയാലും അവർ ചെയ്യുന്നത് അവർക്ക് ശരിയാണെന്നു തോന്നുവാൻ തക്കവണ്ണം നാം വെറുതെ നിൽക്കേണ്ടതാണ്. ദൈവം നമുക്ക് ഒരു വിശദീകരണവും നൽകുവാൻ ബാധ്യസ്ഥന

ല്ലയെന്നു മനസ്സിലാക്കി ദൈവം പറയുന്നതിനെ ‘‘അംഗീകരിക്കുന്നു കർത്താവെ’’ എന്നു പറഞ്ഞ് അംഗീകരിക്കണം. പലപ്പോഴും നാം മറ്റുള്ളവരുടെ ആത്മിക വളർച്ചയും ദൈവിക അനുഗ്രഹങ്ങൾ നമ്മുടെ ജീവിതങ്ങളിൽ കടന്നുവരുന്നതിന് തടസ്സമായ നിലയിൽ സംസാരിക്കാറുണ്ട്.

നമ്മുടെ കർത്താവ് കീഴ്പ്പെട്ടിരുന്നില്ലെങ്കിൽ താൻ വായ് തുറക്കാതിരിക്കേണ്ട സമയത്ത് വായ് തുറന്നിരുന്നെങ്കിൽ നമ്മുടെ ആരുടെയും പേര് കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ കാണുകയില്ലായിരുന്നു. അവനെ നിങ്ങളുടെ ജീവിതത്തിൽ മാതൃകയാക്കേണ്ടതാണ്.

# സമാധാനം കണ്ടെത്തുന്നത്

*തീർച്ചയ്ക്ക്, സഹോദരന്മാരെ, സന്തോഷിപ്പിൻ, യഥാസ്ഥാനപ്പെടുവിൻ; ആശ്വസിച്ചുകൊൾവിൻ; ഏകമനസ്സുള്ളവരായിരിപ്പിൻ; സമാധാനത്തോടെ ഇരിപ്പിൻ; എന്നാൽ സ്നേഹത്തിന്റെയും സമാധാനത്തിന്റെയും (വാത്സല്യത്തിന്റെയും നന്മയുടെയും സ്നേഹത്തിന്റെ സഹായത്തിന്റെ ഉറവിടമായി മനുഷ്യനോടുള്ള ബന്ധത്തിലായിരിക്കുന്നു. ദൈവം നിങ്ങളോട് കൂടെ ഇരിക്കും).*

– 2 കൊരിന്ത്യർ 13:11

നമ്മുടെ സമൂഹത്തിൽ മാനസിക സംഘർഷങ്ങൾ ഉണ്ടാക്കുന്ന ഒരു മേഖല ശബ്ദത്തിന്റെ അതിപ്രസരമാണ്. ശബ്ദങ്ങൾ നിറഞ്ഞ ഒരു സമൂഹത്തിലാണ് നാം ജീവിക്കുന്നത്. ഒരു സമാധാന അന്തരീക്ഷം ആസ്വദിക്കണ മെങ്കിൽ നാം അങ്ങനെയൊന്ന് ഉണ്ടാക്കണം. സമാധാന പൂർണ്ണമായ ഒരു സ്ഥലം കണ്ടെത്തി കുറച്ചു സമയം അവിടെ ശാന്തമായി ഇരിക്കുവാൻ പരിശീലിക്കണം. എന്റെ ഭവനത്തിലുള്ള ഒരു സ്ഥലത്ത് ഒരു കസേരയിൽ ഇരുന്ന് ഞാൻ സമാധാനം നേടാറുണ്ട്. ആ കസേര വീടിനു ചുറ്റുമുള്ള വൃക്ഷ ങ്ങൾ നിറഞ്ഞ സ്ഥലത്തേക്ക് അഭിമുഖമായി ഇട്ടിരിക്കുന്നു.

ചിലപ്പോൾ അവിടെ ഞാൻ അനേകം മണിക്കൂറുകൾ തന്നെ ചിലവഴിക്കും. ശാന്തമായിരിക്കുമ്പോൾ നമ്മുടെയുള്ളിൽ വലിയ ആശ്വാസം ലഭിക്കും. സമാധാനം കൂടുതൽ സമാധാനം ഉണ്ടാക്കുന്നു. സമാധാന പൂർണ്ണ മായ സ്ഥലങ്ങൾ കണ്ടെത്തി അവിടെ അല്പസമയം വിശ്രമിക്കുമ്പോൾ നമ്മുടെ ഉള്ളിൽ വലിയൊരു കുളിർമ്മ അനുഭവിക്കുവാൻ കഴിയുന്നു. ശബ്ദങ്ങൾ നിറഞ്ഞ അന്തരീക്ഷത്തിൽ തുടർന്നുകൊണ്ട് സമാധാനത്തോടെ ആയിരിക്കുവാൻ കഴിയുന്നതല്ല.

യേശു ഏകനായി ഇരിക്കുവാനും സമാധാന അന്തരീക്ഷം ലഭിക്കുവാനും, സമയം കണ്ടെത്തിയിരുന്നു. യേശു ജനങ്ങൾക്കിടയിൽ ശുശ്രൂ ഷിക്കുകയും ജനത്തിൽ നിന്ന് വേർതിരിഞ്ഞ് ഒറ്റയ്ക്കിരിക്കുവാനും പ്രാർത്ഥി ക്കുവാനും സമയം കണ്ടെത്തി. “എന്നാൽ അവനെക്കുറിച്ചുള്ള വർത്തമാനം അധികം പരന്നു. വളരെ പുരുഷാരം വചനം കേൾക്കേണ്ടതിനും (അവനിൽനി ന്നും) തങ്ങളുടെ വ്യാധികൾക്കു സൗഖ്യം കിട്ടേണ്ടതിനും കൂടി വന്നു. അവനോ നിർജ്ജനപ്രദേശത്തു (മരുഭൂമിയിൽ) വാങ്ങിപ്പോയി (പിരിഞ്ഞിരുന്നു) പ്രാർത്ഥി ച്ചുകൊണ്ടിരുന്നു.” (ലൂക്കോസ്. 5:15,16)

യേശുക്രിസ്തുവിന് ഈ നിലയിലുള്ള ജീവിതരീതി ആവശ്യ മാണെങ്കിൽ നമുക്കും ആവശ്യമാണ്. മറ്റെന്തിനെക്കാളും അധികമായി നമ്മുടെ

ശരീരത്തെയും ആത്മാവിനെയും ദേഹിയെയും യഥാസ്ഥാനപ്പെടുത്തുന്നത് ദൈവത്തിനുവേണ്ടിയുള്ള കാത്തിരിപ്പാണ്. നമുക്ക് അത് ദിനംതോറും ആവശ്യമാണ്. അത് തീർച്ചയായും ജീവിതത്തിലുണ്ടെന്നു ഉറപ്പു വരുത്തുക. ആരെങ്കിലും അത് അപഹരിക്കാതിരിക്കട്ടെ. ദൈവത്തോടൊരുമിച്ച് ഓരോ ദിവസത്തെയും ജീവിതവ്യാപാരം ക്രമീകരിക്കുക. ദൈവത്തെ നിങ്ങളുടെ ജീവിതക്രമത്തിനുള്ളിൽ ഒതുക്കാതിരിക്കുക.

# ദൈവത്തിനു നിങ്ങൾ വളരെ ശ്രേഷ്ഠമേറിയവരാണ്

*കണ്ണിന്റെ കൃഷ്ണമണിപോലെ എന്നെ കാക്കേണമെ*

— സങ്കീർത്തനങ്ങൾ 17:8

ദൈവത്തിന് ഇഷ്ടനായിരിക്കുക എന്നാൽ എന്താണ് അർത്ഥം? ദൈവത്തിൽ നിന്നും പ്രത്യേകം വാത്സല്യം പരിഗണന, മുൻഗണന ഇവ ലഭിക്കുന്നു. അതിന്റെ അർത്ഥം നാം ഒരിക്കലും അർഹിക്കാത്ത വ്യക്തിപരമായ ശ്രദ്ധയും സ്നേഹവും മുൻഗണനയിലുള്ള നടത്തിപ്പും ദൈവത്തിൽ നിന്നു അനുഭവിക്കുവാൻ കഴിയുന്നു. ഇങ്ങനെ എന്നെയോ നിങ്ങളെയോ മറ്റാരെയെങ്കിലുമൊ ദൈവത്തിനിഷ്ടനാക്കി തീർക്കുവാൻ പ്രത്യേക കാരണങ്ങളൊന്നും നമുക്ക് പറയുവാനില്ല. ദൈവത്തിന്റെ പരമാധികാര കൃപ മൂലം അവൻ നമ്മെ ഇത്ര ബഹുമാനവും വലിപ്പവുമുള്ള സ്ഥാനത്തേക്കു തിരഞ്ഞെടുക്കുന്നു. നമുക്ക് ചെയ്യുവാനുള്ളത് വളരെ നന്ദിയോടും വിനയത്തോടുകൂടെ ദൈവത്തിന്റെ ദാനത്തെ സ്വീകരിക്കുക മാത്രമാണ്.

ദൈവത്തിനു പ്രിയനായിരിക്കുക എന്ന വിഷയത്തെക്കുറിച്ച് ഞാൻ സംസാരിക്കുമ്പോൾ ചില കാര്യങ്ങൾക്കൂടി വ്യക്താമാക്കേണ്ടതായിട്ടുണ്ട്. എന്തുകൊണ്ടെന്നാൽ ദൈവം തന്റെ സകല സൃഷ്ടികളുടെയും ദൈവമാണ്. ദൈവത്തിനു തന്റെ മക്കളിലോരോരുത്തരോടും വ്യക്തിപരമായ ബന്ധം ഉള്ളതുകൊണ്ട് ദൈവത്തിന് നമ്മോട് ഓരോരുത്തരോടും ഒരേസമയം ഇങ്ങനെ പറയാൻ കഴിയും. "നീ എന്റെ കണ്ണിലെ കൃഷ്ണ മണിയാണ്, നീ എനിക്ക് പ്രിയപ്പെട്ടവനാണ്." ഈ സത്യം മനസ്സിലാക്കുവാൻ എനിക്കു കുറച്ചു സമയം വേണ്ടി വന്നു. സത്യത്തിൽ ഇത് വിശ്വസിക്കുവാൻ ഞാൻ ആദ്യം ഭയപ്പെട്ടു. ദൈവം എന്നോട് അത് അരുളിചെയ്യുന്നെങ്കിലും ഞാൻ ദൈവത്തിനു പ്രിയപ്പെട്ടവളാണെന്നു സങ്കല്പിക്കുവാൻ പോലും എനിക്കു വളരെ ബുദ്ധിമുട്ടായിരുന്നു.

എന്നാൽ ദൈവം തന്റെ ഓരോ പൈതലിനോടും സംസാരിക്കുന്നത് ഇതാണെന്നു എനിക്കു മനസ്സിലായി. ദൈവത്തിനു പറയുവാനുള്ളത് എനിക്ക് വിശ്വസിക്കുക, അംഗീകരിക്കുക, അതിൽ നടക്കുക എന്നാണ്. ദൈവം ആഗ്രഹം ക്രിസ്തുവിലായ നമ്മുടെ സുരക്ഷിതത്വവും തന്മൂലം നമുക്ക് ആത്മ വിശ്വാസവും ഉറപ്പും ഉണ്ടാകുകയും തന്മൂലം നമുക്ക് വിജയകരമായി ജീവിച്ച് മറ്റുള്ളവരെ നമ്മിലേക്ക് അടുപ്പിച്ച് അത്ഭുതകരമായ ദൈവകൃപയെക്കുറിച്ച് പറയുവാനും കഴിയും.

# ദൈവത്തിനു നിങ്ങളെക്കുറിച്ച് പദ്ധതിയുണ്ട്

*നാം അവന്റെ (ദൈവത്തിന്റെ) കൈപ്പണിയായി (ദൈവത്തിന്റെ മഹത്വമായ സൃഷ്ടി) സൽപ്രവൃത്തികൾക്കായിട്ട് ക്രിസ്തുയേശു സൃഷ്ടിക്കപ്പെട്ടവരാകുന്നു. (പുതുജനനം) നാം ചെയ്തുപോരേണ്ടതിനും (നാം ജീവിക്കേണ്ടതിനു ദൈവം നമുക്കു മുന്നൊരുക്കുകയും കാണിച്ചു തരുകയും ചെയ്ത നല്ല ജീവിതം) ദൈവം അവ മുന്നൊരുക്കിയിരിക്കുന്നു. (മുൻകൂട്ടി തയ്യാറാക്കിയിരിക്കുന്നു)*

— എഫെസ്യർ. 2:10

ദൈവത്തിനു നമ്മിൽ ഓരോരുത്തരെയുംകുറിച്ച് പദ്ധതികളുണ്ട്. എന്നാൽ നാമെല്ലാവരും അത് അനുഭവിക്കുന്നില്ല. എന്നാൽ പലപ്പോഴും ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്ന മാനദണ്ഡത്തിനു ഏറ്റവും താഴെയാണ് നാം ആയിരിക്കുന്നത്. ഒരു ദൈവപൈതൽ എന്ന നിലയിൽ ദൈവം എനിക്ക് നല്കിയിരിക്കുന്ന പദവികളെക്കുറിച്ചും അവകാശങ്ങളെക്കുറിച്ചും അനേക വർഷങ്ങൾ ഒരറിവും എനിക്കില്ലായിരുന്നു. ഒന്നാമത്തെ കാരണം എനിക്ക് അവകാശങ്ങളും പദവികളും ഉണ്ടെന്നുള്ള അറിവില്ലായിരുന്നു. അപ്പോഴും ഞാനൊരു ക്രിസ്തീയ വിശ്വാസിയാണെന്നും മരിച്ചാൽ സ്വർഗ്ഗത്തിൽ പോകുമെന്നും ഞാൻ വിശ്വസിച്ചിരുന്നു. എന്നാൽ എന്റെ ഭൂതകാലം, വർത്തമാനകാലം, ഭാവികാലം ഇവയെക്കുറിച്ച് ദൈവം എന്ത് ചെയ്തു എന്ന് എനിക്കറിയില്ലായിരുന്നു.

രണ്ടാമത്തെ കാരണം, ദൈവം എന്നെക്കുറിച്ച് ആഗ്രഹിച്ച ജീവിതനിലവാരത്തിനു വളരെ താഴെ എന്നെക്കുറിച്ചുള്ള തെറ്റായ ചിന്തയിലും കാഴ്ചപ്പാടിലുമാണ് ഞാൻ ജീവിച്ചത്. എനിക്ക് എന്നെക്കുറിച്ചുതന്നെ വളരെ ദരിദ്രമായ ഒരു സ്വയ - വിലയിരുത്തൽ ഉണ്ടായിരുന്നു. അത് എന്റെ അനുദിന ജീവിതത്തെയും ഭാവിയെക്കുറിച്ചുളള കാഴ്ചപ്പാടിനെയും സാരമായി ബാധിച്ചു. **ദൈവത്തിനു നിന്നെക്കുറിച്ച് പദ്ധതികളുണ്ട്!** "നിങ്ങൾ പ്രത്യാശിക്കുന്ന ശുഭഭാവി വരുവാൻ തക്കവണ്ണം ഞാൻ നിങ്ങളെക്കുറിച്ച് നിരൂപിക്കുന്ന നിരൂപണങ്ങൾ ഇന്നവ എന്നു ഞാൻ അറിയുന്നു. അവ തിന്മയ്ക്കല്ല നന്മയ്ക്കത്രെയുള്ള നിരൂപണങ്ങൾ എന്നു യഹോവയുടെ അരുളപ്പാട്." (യിരെമ്യാവ്. 29:11)

എനിക്കുണ്ടായിരുന്നതുപോലെ നിങ്ങൾക്ക് നിങ്ങളെക്കുറിച്ച് വളരെ ദയനീയമായ ഒരു സ്വയ ചിത്രമാണുള്ളതെങ്കിൽ 2 ശമുവേൽ 9 - ൽ കാണുന്നു. മെഫിബോശെത്തിന്റെ ചരിത്രം വായിക്കുവാൻ ഞാൻ നിങ്ങളെ പ്രോത്സാഹിപ്പിക്കുന്നു. അത് എന്റെ ജീവിതത്തെ വളരെ സ്വാധീനിച്ചു.

അങ്ങനെ അത് നിങ്ങളെയും അത് സ്വാധീനിക്കും എന്നു കരുതുകയാണ്. അത് ഇപ്പോൾ ദൈവം നിങ്ങളെക്കുറിച്ച് ആഗ്രഹിക്കുന്ന നിലവാരത്തിൽ നിന്നു താഴെ ജീവിക്കുന്നതിനെക്കുറിച്ചും ഭാവിയിൽ ദൈവം നിങ്ങൾക്കുവേണ്ടി കരുതിയിരിക്കുന്നത് നഷ്ടമാകുന്നതിലുള്ള അപകടത്തെയും മനസ്സിലാക്കുവാൻ സഹായിക്കും.

# നിങ്ങൾ ക്ഷീണിതനോ?

*പിന്നെ അവൻ അവരോട്: മനുഷ്യൻ ശബ്ബത്ത് നിമിത്തമല്ല; ശബ്ബത്ത് മനുഷ്യൻ നിമിത്തമത്രെ ഉണ്ടായത്; അങ്ങനെ മനുഷ്യപുത്രൻ ശബ്ബത്തിനും കർത്താവാകുന്നു എന്നു പറഞ്ഞു.*

— മർക്കോസ്. 2:27, 28

നിങ്ങൾ എപ്പോഴും വളരെ അധികം ക്ഷീണിതനോ? ഒരു സുഖനിദ്രയ്ക്കു ശേഷവും ക്ഷീണം അനുഭവിക്കുന്നുണ്ടോ? നിങ്ങൾ ഡോക്ടറിനെ കണ്ടു പക്ഷെ അവർക്ക് രോഗം ഒന്നും കണ്ടെത്തുവാൻ കഴിഞ്ഞില്ല. നിങ്ങൾക്ക് എല്ലാം എരിഞ്ഞടങ്ങുന്നു എന്നുള്ള ഒരു തോന്നലുണ്ടാകുന്നു നീണ്ടകാലത്തെ കഠിനാദ്ധ്വാനവും മാനസിക സംഘർഷവും നിമിത്ത മുണ്ടാകുന്ന തളർച്ച തല വേദന ഉറക്കമില്ലായ്മ ഉദരപ്രശ്നങ്ങൾ ഇവ ജീവിതത്തിൽ കടന്നുവരാം.

നമ്മുടെ ജീവിതത്തെ തകർച്ചയിലേക്കു നയിക്കുന്ന ചില ലക്ഷണങ്ങൾ, കരച്ചിൽ വേഗത്തിൽ ദേഷ്യം വരുക എല്ലാം നിഷേധാത്മകമായി കാണുക, അസ്വസ്ഥത, മാനസിക തളർച്ച, മറ്റുള്ളവരെ പരിഹസിക്കുക, മറ്റു ള്ളവരുടെ അനുഗ്രഹങ്ങളിലും ആരോഗ്യത്തിലും കയ്പായിരിക്കുക നമ്മുടെ ജീവിതത്തിൽ തകർച്ച ഒഴിവാക്കാനാണ് ആറുദിവസം അദ്ധ്വാനിച്ചതിനുശേഷം ഏഴാം ദിവസം വിശ്രമിച്ചുകൊൾവാൻ ദൈവം കല്പി ച്ചത്. ശബ്ബത്ത് നിയമം അനുസരിച്ച് ആറുദിവസം വേല ചെയ്യാം എന്നാൽ ഏഴാം ദിവസം വിശ്രമിക്കുകയും ദൈവത്തെ ആരാധിക്കുകയും ചെയ്യണം. ദൈവംപോലും ആറു ദിവസത്തെ വേലയ്ക്കുശേഷം വിശ്രമിച്ചു. ദൈവം ക്ഷീണിച്ചിട്ടല്ല പിന്നെയോ നാം പിൻതുടരേണ്ടതിനും നല്ല മാതൃക കാണി ക്കുകയായിരുന്നു.

പുറപ്പാട് 23:10–12 അനുസരിച്ച് ആറുവർഷത്തെ വേലയ്ക്കുശേഷം ഏഴാം വർഷം ദേശം സ്വസ്ഥത അനുഭവിക്കണം. ഏഴാം വർഷം ദേശത്ത് വിത യ്ക്കുവാൻ പാടില്ല. ഈ വിശ്രമസമയത്ത് ദേശം വീണ്ടും കൃഷി ചെയ്യുവാൻ ഒരുക്കപ്പെടുകയാണ്. ഇന്നുള്ള ജനങ്ങളിൽ അധികം പേരും അവധി എടു ക്കുവാൻ താല്പര്യപ്പെടുന്നില്ല. എന്നാൽ ഞാൻ പറയുന്നു അവർക്ക് അത് ഉൾക്കൊള്ളാൻ കഴിയാത്തതാണ് നാം സാധാരണക്കാരായി കേൾക്കാറുണ്ട്, "ഞാൻ വളരെ തിരക്കിലാണ്, എനിക്ക് എല്ലാ കാര്യങ്ങളും ചെയ്യുവാൻ കഴി യില്ല." ഉത്തരമിതാണ്. "നിങ്ങൾ വളരെ തിരക്കുണ്ടായിരിക്കുമ്പോൾ നിങ്ങ ളുടെ ജീവിതത്തിൽ ചില മാറ്റം ആവശ്യമാണ്." ദൈവത്തിന്റെ കല്പന അനു സരിക്കുമ്പോൾ നാം അതിന്റെ വില കൊടുക്കണം. ദൈവവചനം പറയുന്നു നാം വിതച്ചതു തന്നെ കൊയ്യുമെന്ന്. നാം യാതൊരു വിശ്രമവുമില്ലാതെ പ്രവർത്തിക്കുന്നതിന്റെ ഫലമായ മാനസിക സമ്മർദ്ദത്തിൽ തുടർന്നാൽ അതിന്റെ ഫലം നമ്മുടെ ശരീരത്തിലും മനസ്സിലും അനുഭവിക്കേണ്ടി വരും.

# ചെറിയ കാര്യങ്ങൾ ക്രമീകരിക്കുക

*(ഓർക്കുക) എന്നാൽ ലോഭമായി വിതയ്ക്കുന്നവൻ ലോഭമായി കൊയ്യും; ധാരാളമായി വിതയ്ക്കുന്നവൻ (അനുഗ്രഹം പലർക്കും ലഭിക്കുന്നു) ധാരാളമായി കൊയ്യുംഎന്ന് ഓർത്തുകൊൾവിൻ.*

— 2 കൊരിന്ത്യർ.9:6

പ്രഭാത ഭക്ഷണത്തിന്റെ വില 8 ഡോളർ ആയിരിക്കുകയും എന്നാൽ റ്റിപ് കൊടുക്കുവാൻ താല്പര്യപ്പെടാതെ ഇരിക്കുന്നവരോടൊപ്പം പ്രഭാതഭക്ഷണം കഴിക്കാൻ പോയിട്ടുണ്ടോ? അവരുടെ കരങ്ങളിൽ രണ്ടിന്റെയും ഒന്നിന്റെയും ഡോളർ ബില്ലുകളുണ്ട്. ഒരു ഡോളർ കൊടുക്കുന്നത് വളരെ ചെറുതായി അവർക്കു തോന്നുന്നു. എന്നാൽ രണ്ടു ഡോളർ കൊടുക്കുമോ? അത് കൂടുതലാണെന്ന് അവർ ചിന്തിക്കുന്നു. അതുകൊണ്ട് അവർ പത്ത് നിമിഷങ്ങൾ വെറുതെകളഞ്ഞ് രണ്ടാമത്തെ ഡോളർ മാറി 1.50 ഡോളർ നൽകുകയും ബാക്കിയുള്ള 50 ഡോളർ സൂക്ഷിക്കുകയും ചെയ്യുന്നു. അവൻ ധാരാളമായി വിതയ്ക്കുവാൻ താല്പര്യപ്പെടുന്നില്ല.

എന്നാൽ അവർ 2 ഡോളർ നൽകിയിരുന്നെങ്കിൽ എന്തു സംഭവിച്ചേനേ? 50 സെന്റിനെക്കാൾ വിലയുള്ള 10 നിമിഷങ്ങൾ നേടുവാൻ കഴിഞ്ഞേനെ. മാത്രമല്ല, വിളമ്പുകാരിക്ക് ഒരു സഹായമായി തീർന്നേനെ 50 സെന്റ് അവളെ സംബന്ധിച്ചിടത്തോളം ഒരു വലിയ തുകയല്ല. 50 സെന്റിനോടൊപ്പം ഒരു സന്ദേശവും കൈമാറുന്നു, അത് നന്ദിയുടേതാണ്. അവൾ ചെയ്ത ജോലിയുടെ മൂല്യം വെളിപ്പെടുത്തുന്നു. ചിലപ്പോൾ ആ സന്ദേശം ഫലിച്ചെന്നു വരാം. അവൾ റ്റിപ്പുകൾ മൊത്തം എണ്ണാതെ എടുത്തുകൊണ്ടുപോയി എന്നു വരാം. എന്നാൽ ഒരു വിശാല മനസ്കൻ എപ്പോഴും അനുഗ്രഹിക്കപ്പെടും. അവൻ ഒരു നല്ല കാര്യമാണ് ചെയ്തതെന്നുള്ള ഉൾപ്രേരണ അറിയുന്നു.

എന്തു നല്ല അവസരം പണം നമ്മുടെ പോക്കറ്റിൽ നിന്നു മറ്റൊരാളുടെ അടുത്തേക്കു മാറുമ്പോൾ നമുക്കും സന്തോഷം, ലഭിക്കുന്നവനും സന്തോഷം, വളരെ ശക്തിയേറിയ പ്രതിഫലനങ്ങൾ ഉണ്ടാക്കുന്ന ചെറിയ കാര്യങ്ങളിൽ ഒന്നിനെക്കുറിച്ചുള്ള ഒരു ചെറിയ ഉദാഹരണമാണ് മേൽ വിവരിച്ചത്. ചെറിയ കാര്യങ്ങൾ നമ്മുടെ ദിവസങ്ങളെ കൂടുതൽ ഗുണമുള്ളതാക്കി തീർക്കുന്നു. ഒരു നാഴിക അധിക ദൂരം ജനത്തോടുകൂടെ നടക്കുക അത് ചെറുതോ വലുതോ ആയ യാത്ര ആയിക്കൊള്ളട്ടെ. ഒരു അപ്രതീക്ഷിതമായ ദാനമാകാം അല്ലെങ്കിൽ ഒരു നല്ല വാക്കായിരിക്കാം, ചെറിയ വിലയേയുള്ളൂ എന്നാൽ വളരെ അധികം ലഭിക്കുവാനിടയാകും.

# ദൈവത്തിന്റെ സമാധാനം കണ്ടെത്തുക

*സമാധാനം ഞാൻ നിങ്ങൾക്ക് തന്നേച്ചു പോകുന്നു; എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് തരുന്നു; ലോകം തരുന്നതുപോലെ അല്ല ഞാൻ നിങ്ങൾക്ക് തരുന്നത് നിങ്ങളുടെ ഹൃദയം കലങ്ങരുത്, ഭ്രമിക്കയും അരുത്.*

– യോഹന്നാൻ 14:27

ദൈവത്തിന്റെ സ്വസ്ഥതയിലേക്ക് പ്രവേശിക്കുന്നതിനോടുള്ള ബന്ധത്തിൽ ഞാൻ ഇങ്ങനെ പറയട്ടെ. പ്രതിബന്ധമില്ലാത്ത “ദൈവത്തിന്റെ സ്വസ്ഥത” എന്നൊന്നില്ല. ഇത് മനസ്സിലാക്കുവാൻ ഞാൻ കേട്ട ഒരു കഥ പറയാം. രണ്ട് കലാകാരന്മാർ അവർ ആഗ്രഹിച്ചതുപോലെ സമാധാനത്തെക്കുറിച്ചുള്ള ചിത്രം വരയ്ക്കുവാൻ ആവശ്യപ്പെട്ടു. ഒരാൾ പർവ്വതങ്ങൾക്കിടയിലൂടെയുള്ള ശാന്തമായിരിക്കുന്ന ഒരു തടാകത്തിന്റെ ചിത്രം വരച്ചു മറ്റെയാൾ വരച്ചത് ഒരു അധിശക്തമായ വെള്ളച്ചാട്ടം അതിലേക്കു ചാഞ്ഞു നിൽക്കുന്ന ഒരു വൃക്ഷം ആ വൃക്ഷത്തിന്റെ ഒരു കൊമ്പിൽ കൂടുകെട്ടി വിശ്രമിക്കുന്ന പക്ഷി.

ഇതിൽ ഏതാണ് സമാധാനം വെളിപ്പെടുത്തുന്നത്, രണ്ടാമത്തെ ചിത്രമാണ് കാരണം പ്രതിബന്ധമില്ലാതെ സമാധാനം അനുഭവിക്കുവാൻ കഴിയുകയില്ല. ആദ്യത്തെ ചിത്രം നിശ്ചലതയെയാണ് കാണിക്കുന്നത്, അവിടെ കാണുന്ന കാഴ്ച ശാന്തതയുടേതാണ്. ഒരു വ്യക്തി തന്റെ ആരോഗ്യം വീണ്ടെടുക്കുവാനുള്ള പ്രചോദനം ആ ചിത്രത്തിൽ നിന്നു ഉൾക്കൊള്ളാം അത് വളരെ മനോഹരമായ ചിത്രമാണ് പക്ഷെ അത് “ദൈവത്തിന്റെ സ്വസ്ഥത” വെളിപ്പെടുത്തുന്നില്ല. യേശു പറഞ്ഞു. “സമാധാനം ഞാൻ നിങ്ങൾക്ക് തന്നേച്ചുപോകുന്നു, എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് തരുന്നു. ലോകം തരുന്നതുപോലെയല്ല ഞാൻ നിങ്ങൾക്ക് തരുന്നത്” (യോഹന്നാൻ. 14:27). കർത്താവു നൽകുന്ന സമാധാനം ആത്മികമാണ്, കർത്താവിന്റെ സമാധാനം കൊടുംകാറ്റിന്റെ നടുവിലാണ് അനുഭവിക്കുന്നത്, അല്ലാതെ അതിന്റെ അഭാവത്തിലല്ല.

നമ്മുടെ ജീവിതത്തിലെ എല്ലാ പ്രതികൂലങ്ങളും നീക്കുവാനല്ല കർത്താവ് വന്നത് പിന്നെയോ ജീവിതത്തിലെ കൊടുംകാറ്റുകളോട് വ്യത്യസ്തമായ ഒരു കാഴ്ചപ്പാട് തരുവാനാണ് നാം അവന്റെ നുകമേറ്റു അവനോട് പഠിക്കണം (കാണുക. മത്തായി. 11:29). യേശുവിന്റെ വഴികൾ നാം പഠിക്കുകയും അവൻ പോയ വഴിയിലൂടെ ജീവിതത്തെ അഭിമുഖീകരിക്കുകയും വേണം, യേശു ചിന്താകുലപ്പെട്ടില്ല. നാമും ചിന്താകുലപ്പെടേണ്ടതില്ല.

# ദൈവികമായ ശുദ്ധീകരണം

*അവൻ വെളിച്ചത്തിൽ ഇരിക്കുന്നതുപോലെ നാം (യഥാർത്ഥമായി) വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ നമുക്കു തമ്മിൽ (സത്യമായ തകർക്കാനാവാത്ത) കൂട്ടായ്മ ഉണ്ട്; അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവുംപോക്കി നമ്മെ ശുദ്ധീകരിക്കുന്നു.*

— 1 യോഹന്നാൻ. 1:7

ഈ വാക്യത്തിന്റെ അവസാന ഭാഗം എനിക്ക് വളരെ ഇഷ്ടമാണ്, കാരണം യേശുക്രിസ്തുവിന്റെ രക്തം നമ്മിലുള്ള പാപത്തെയും അതിന്റെ എല്ലാ പ്രകടമായ സ്വഭാവങ്ങളെയും ശുദ്ധീകരിക്കുന്നു. ഇത് നമ്മുടെ ജീവിതത്തിൽ ഒരു ദിവസം പ്രവർത്തിക്കുന്നത് എങ്ങനെയെന്ന് ഉദാഹരണത്തിലൂടെ വ്യക്തമാക്കാം. നിങ്ങളുടെ ഫ്രിഡ്ജിൽ എന്തെങ്കിലും വസ്തുക്കൾ കേടായിരുന്നാൽ ഓരോ പ്രാവശ്യവും അത് ഉറയ്ക്കുമ്പോൾ നിങ്ങൾക്ക് അതിന്റെ മണം അനുഭവിക്കുവാൻ കഴിയും. നിങ്ങൾ എന്താണെന്നോ എവിടെയാണെന്നോ ഒരു പക്ഷെ അറിയില്ലായെങ്കിലും എവിടെയോ എന്തോ അഴുകിയിരിക്കുന്നതായി മനസ്സിലാക്കാം.

ഞാൻ മനസ്സിലാക്കുന്നു നമ്മുടെ ജീവിതം അതുപോലെയാണ്. നമ്മുടെയുള്ളിൽ എന്തെങ്കിലും മോശമായ ആഗ്രഹങ്ങളുണ്ടെങ്കിൽ നമ്മോട് വളരെ അടുത്ത് ഇടപെടുന്നവർക്ക് അത് മനസ്സിലാക്കാം അവർ അത് “മണക്കുകയോ” അനുഭവിക്കുകയോ ചെയ്യും. 2 കൊരിന്ത്യർ 2:15 – ൽ പൗലോസ് നമ്മോട് പറയുന്നത് വിശ്വാസികൾ രക്ഷിക്കപ്പെടുന്നവരുടെ ഇടയിലും നശിക്കുന്നവരുടെ ഇടയിലും ഞങ്ങൾ ദൈവത്തിനു (മനസ്സിലാക്കത്തക്കവിധം) ക്രിസ്തുവിന്റെ (പുറത്തേക്കു വരുന്നു) സൗരഭ്യവാസന ആകുന്നു.” ദു:ഖകരമെന്നു പറയട്ടെ എതിർ ദിശയിലും അത് പ്രവർത്തിക്കുന്നു.

കേടായതോ അഴുകിയതോ ആയ എന്തെങ്കിലും നമ്മുടെ ഉള്ളിൽ അടച്ചിട്ടിട്ടുണ്ടെങ്കിൽ എല്ലാവർക്കും തിരിച്ചറിയത്തക്കവണ്ണമുള്ള ഒരു വിഭിന്നമായ ഗന്ധം പുറപ്പെടും. അതുകൊണ്ട് പരിശുദ്ധാത്മാവ് നമ്മുടെ ഹൃദയത്തിൽ വന്ന് ചീത്തയായ മണമെല്ലാം ശുദ്ധീകരിക്കുവാൻ നമ്മുടെ ഹൃദയം തുറന്നുകൊടുക്കണം. നാം നമ്മുടെ ഹൃദയം തുറന്നുകൊടുക്കുകയും നമ്മുടെ ഹൃദയത്തെ കർത്താവ് ശുദ്ധീകരിക്കുകയും സൗഖ്യമാക്കുകയും ചെയ്യുമ്പോൾ നമ്മുടെ ചുറ്റുമുള്ളവരോട് നല്ലബന്ധം കാത്തു സൂക്ഷിക്കുവാൻ കഴിയുന്നു. ഇത് ഒരു ദിവസംകൊണ്ട് നടക്കുന്നതല്ല കാരണം അത് തുടർച്ചയായ ഒരു പ്രവർത്തനമാണ്. എന്നാൽ ഒരു സമയം ഒരു പടി മുമ്പോട്ട് എന്ന നിലയിൽ അത് സംഭവിക്കാനാരംഭിക്കുന്നു.

# അതിനെക്കുറിച്ച് ഭയം വേണ്ട, പ്രാർത്ഥന മതി

*നീ ഭയപ്പെടേണ്ട (ഭയപ്പെടുവാൻ ഒന്നുമില്ല) ഞാൻ നിന്നോടുകൂടെ ഉണ്ട്; ഭ്രമിച്ചു നോക്കേണ്ട, ഞാൻ നിന്റെ ദൈവം ആകുന്നു; ഞാൻ നിന്നെ ശക്തീകരിക്കും; ഞാൻ നിന്നെ സഹായിക്കും; എന്റെ നീതിയുള്ള വലംകൈകൊണ്ടു ഞാൻ നിന്നെ താങ്ങും. നിന്റെ ദൈവമായ യഹോവ എന്ന ഞാൻ നിന്റെ വലംകൈ പിടിച്ചു നിന്നോടു: ഭയപ്പെടേണ്ട, ഞാൻ നിന്നെ സഹായിക്കും എന്നു പറ യുന്നു.*

— യെശ്ശയ്യാവ്. 41:10,13

ചില വർഷങ്ങൾക്ക് മുൻപ് ദൈവം എന്നോട് ഇങ്ങനെ സംസാരിച്ചു. “എല്ലാറ്റിനെക്കുറിച്ചും പ്രാർത്ഥിക്കുക ഒന്നിനെയും ഭയപ്പെടരുത്.” കർത്താവ് ഇതുപറയുമ്പോൾ എനിക്ക് ലഭിക്കുവാൻ പോകുന്ന പുതിയ മുടിവെട്ടുന്ന സ്ത്രീ ശരിയായി പ്രവർത്തിക്കുമോ എന്ന അവ്യക്തമായ ഭയമെന്നെ പിടിച്ചിരുന്നു.

പരിശുദ്ധാത്മാവ് എന്നോട് സംസാരിച്ചു “അതിനെ ഭയപ്പെടേണ്ട അതിനുവേണ്ടി പ്രാർത്ഥിക്കുക. തന്മൂലം ദൈവം അവൾ ചെയ്യേണ്ട ജോലി ശരിയായി ചെയ്യുവാൻ ശക്തീകരിക്കും.” തുടർന്നുള്ള ആഴ്ചകളിൽ പ്രാർത്ഥനമൂലം എങ്ങനെ ഭയത്തെ അതിജീവിക്കുവാൻ കഴിയുമെന്നു വിവിധ കാര്യങ്ങളിലൂടെ ദൈവമെന്നെ കാണിച്ചു. അവയിൽ പലതും ഭയമെന്റെ ജീവിതത്തിൽ കടന്നുവന്ന് പ്രശ്നങ്ങളുണ്ടാക്കാവുന്ന ചെറിയ മേഖലകളായിരുന്നു. എല്ലാ സംഭവത്തിലും ദൈവം എന്നെ കാണിച്ചത് പ്രശ്നം ചെറുതോ വലുതോ ആയിക്കൊള്ളട്ടെ പരിഹാരം പ്രാർത്ഥനയാണ്.

# നിങ്ങളുടെ ശരിയായ മൂല്യം

*ആകയാൽ നിങ്ങൾ എന്റെ വാക്കു കേട്ട് അനുസരിക്കുകയും എന്റെ നിയമം പ്രമാണിക്കുകയും ചെയ്താൽ നിങ്ങൾ സകല ജാതികളിലും വെച്ച് പ്രത്യേക സമ്പത്തായിരിക്കും; ഭൂമി ഒക്കെയും എനിക്കുള്ളതല്ലോ.*

— പുറപ്പാട്. 19:5

പുറപ്പാട് 19:5 – ൽ ദൈവം തന്റെ ജനത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നത് അവർ തന്റെ "പ്രത്യേക സമ്പത്തായിരിക്കും" എന്നാണ്. ഇത് യിസ്രായേലിനോടുള്ള ബന്ധത്തിൽ പറഞ്ഞിരിക്കുന്നതുപോലെ ഇന്ന് നമ്മോടുള്ള ബന്ധത്തിലും ശരിയാണ്. യോഹന്നാൻ 3:18 – ൽ യേശു നിക്കൊദിമോസിനോട് പറയുന്നു അവനിൽ വിശ്വസിക്കുന്നവനു ന്യായവിധിയില്ല (തള്ളിക്കളയുകയില്ല). നിങ്ങൾ വിലയുള്ളവനായി തോന്നിയേക്കാം. അംഗീകാരം ലഭിച്ചുയെന്നു വരില്ലായിരിക്കാം. എന്നാൽ നിങ്ങൾ അപ്പോസ്തലനായ പൗലോസ് വിശ്വാസികളെക്കുറിച്ച് എഫെസ്യർ 1:6 ൽ പറഞ്ഞിരിക്കുന്നത്, "പ്രിയനായവനിൽ അംഗീകരിക്കപ്പെട്ടവരായിട്ടാണ്. ഇത് നമുക്ക് വ്യക്തിപരമായി വലിയ മൂല്യവും വിലയും നൽകിയിരുന്നു.

ഞാൻ ഒരിക്കൽ ഒരു പ്രാർത്ഥന നിരയിൽ നിൽക്കുമ്പോൾ ഒരു സ്ത്രീ അവൾക്ക് ശുശ്രൂഷിക്കുന്ന പാസ്റ്ററോട് പറഞ്ഞത് അവൾ അവളെത്തന്നെ വെറുക്കുന്നുവെന്നാണ്. പാസ്റ്റർ അവളെ ശക്തമായ ഭാഷയിൽ ശാസിച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞു. 'നീ ആരാണെന്നു നിന്റെ ചിന്ത? നിനക്കു നിന്നെത്തന്നെ വെറുക്കുവാൻ യാതൊരു അവകാശവുമില്ല. ദൈവം നിന്നെ വിലക്കുവാങ്ങുവാൻ വലിയ വില കൊടുത്തു. ദൈവം നിന്നെ ഏറ്റവും അധികം സ്നേഹിച്ചു. തന്റെ പുത്രനെ നിനക്കുവേണ്ടി യാഗമാക്കുവാൻ നൽകി. നിന്റെ സ്ഥാനത്തു അവൻ കഷ്ടം സഹിച്ചു. നിനക്കു നിന്നെത്തന്നെ വെറുക്കുവാനോ ഉപേക്ഷിക്കുവാനോ യാതൊരു അവകാശവുമില്ല. നീ ചെയ്യേണ്ടത് യേശു മരിച്ചത് നിനക്കുവേണ്ടി ചെയ്തത് അംഗീകരിക്കുകയാണ്."

ആ സ്ത്രീ സ്തംഭിച്ചു നിന്നു, ഞാനും സ്തംഭിതയായി. സാത്താൻ നമ്മുടെ മുമ്പിൽ വെച്ചിരിക്കുന്ന കെണി മനസ്സിലാക്കുവാൻ ശക്തമായ വാക്കുകൾ ആവശ്യമാണ്. നിങ്ങളുടെ മൂല്യത്തിലും വിലയിലും നിങ്ങൾക്ക് യാതൊരു പ്രാധാന്യം കാണുന്നില്ലേ? തീർച്ചയായും നിങ്ങളുടെ സ്വർഗ്ഗീയ പിതാവ് നിങ്ങളുടെ വീണ്ടെടുപ്പിനുവേണ്ടി വലിയ വിലകൊടുത്തു.

# ക്ഷമിക്കുന്നതിലുള്ള ശക്തി

*ഹൃദയം സ്വന്ത മുഖത്തെ അറിയുന്നു; അതിന്റെ സന്തോഷത്തിലും അന്യൻ ഇടപെടുന്നില്ല.*

– സദൃശ്യവാക്യങ്ങൾ 14:10

നമ്മുടെ ഹൃദയം ക്ഷമിക്കാൻ കഴിയാത്ത അവസ്ഥയിലാണെങ്കിൽ അത്അ പകടകരമായ അവസ്ഥയിലാണ്. ബൈബിൾ വ്യക്തമായി പറയുന്നു. നാം മറ്റുള്ളവരോട് ക്ഷമിച്ചില്ലെങ്കിൽ ദൈവത്തിനു നമ്മോട് ക്ഷമിക്കുവാൻ കഴിയുകയില്ല. നാം മറ്റുള്ളവരോട് ക്ഷമിക്കുന്നില്ലെങ്കിൽ നമ്മുടെ വിശ്വാസം പ്രവർത്തിക്കുന്നില്ല.

ദൈവത്തിൽ നിന്നു വരുന്നതെല്ലാം വിശ്വാസത്താലാണ്. നമ്മുടെ വിശ്വാസം പ്രവർത്തിക്കുന്നില്ലെങ്കിൽ നാം വളരെ ബുദ്ധിമുട്ടിലാണ്. ഞാൻ ക്ഷമയെക്കുറിച്ച് പ്രസംഗിക്കുമ്പോഴൊക്കെ ആളുകളെ എഴുന്നേല്പ്പിച്ച് നിർത്തി അവരോട് നിങ്ങളെ ആരെങ്കിലും വേദനിപ്പിച്ചിട്ടുണ്ടെങ്കിൽ, ആരോടെങ്കിലും ക്ഷമിക്കാനുണ്ടെങ്കിൽ അവരോട് ക്ഷമിക്കുവാൻ ആഹ്വാനം ചെയ്യും. ജനക്കൂട്ടത്തിന്റെ 80 ശതമാനം പേരും അങ്ങനെ ചെയ്യും. ക്രിസ്തുവിന്റെ ശരീരത്തിൽ ശരിയായ ശക്തിയില്ലാത്തതിന്റെ കാര്യം വേറെ അന്വേഷിക്കേണ്ടതില്ല. ശക്തി വരുന്നത് പക, വിദ്വേഷം, ക്ഷമിയില്ലായ്മ ഇവയിൽ നിന്നല്ല സ്നേഹത്തിൽ നിന്നാണ്. എന്നാൽ ആളുകൾ അവരുടെ പക, വിദ്വേഷം, കയ്പ് ഇവ ന്യായീകരിക്കുവാൻ വേണ്ടി പറയുന്നന്നത് “എന്നോട് പ്രവർത്തിച്ചത് നിങ്ങൾക്ക് അറിയില്ല” എന്നാണ്.

ദൈവവചനം പറയുന്നതിനെ അടിസ്ഥാനമാക്കി അവൻ ചെയ്ത ദോഷം എത്ര വലുതാണെന്നുള്ളതല്ല. നാം സേവിക്കുന്ന ദൈവം വലിയവനാണ്. നാം നേരിട്ട ദോഷം ശരിയായ നിലയിൽ കൈകാര്യം ചെയ്താൽ ദൈവത്തിന്റെ കരങ്ങളിൽ കാര്യം ഭരമേല്പ്പിച്ചാൽ അവൻ നമുക്ക് നീതി നടത്തിത്തരും. യെശ്ശയ്യാവ് 61:7 – ൽ നാം വായിക്കുന്നു, “നാണത്തിനു പകരം നിങ്ങൾക്ക് ഇരട്ടിയായി പ്രതിഫലം കിട്ടും.'' നമുക്ക് സംഭവിച്ച മുറിവുകൾക്ക് പരിഹാരമാണ് പ്രതിഫലം.

റോമർ 12:19 – ൽ നാം വായിക്കുന്നു, “പ്രിയമുള്ളവരെ, നിങ്ങൾ തന്നേ പ്രതികാരം ചെയ്യാതെ ദൈവകോപത്തിനു ഇടംകൊടുപ്പിൻ. പ്രതികാരം എനിക്കുള്ളത്; ഞാൻ പകരം ചെയ്യും എന്ന് കർത്താവ് അരുളിചെയ്യുന്നു.” ആളുകൾ നിങ്ങൾക്ക് എതിരെ ചെയ്യുന്നതിനു അതിനു തുല്യമായ നിലയിൽ തിരിച്ചടിക്കരുത്. ദൈവകരങ്ങളിൽ ഏല്പിക്കുക.

നമ്മെ പീഡിപ്പിക്കുന്നവരോട് ക്ഷമിക്കുവാൻ യേശുക്രിസ്തു പറഞ്ഞിട്ടുണ്ട്. നമുക്ക് ഉപദ്രവം ഉണ്ടാക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കു

വാനും ആവശ്യപ്പെട്ടിട്ടുണ്ട്. നമ്മെ ശപിക്കുന്നവരെ അനുഗ്രഹിക്കുക, അത് ബുദ്ധിമുട്ടുള്ളതാണ്. എന്നാൽ പക, കയ്പ്, വിദ്വേഷം ഇവ ഉള്ളിൽ വെച്ചു കൊണ്ട് നടക്കുന്നത് അതിനെക്കാൾ കഠിനമാണ്. നമ്മൾ പ്രതികൂലമായ അവസ്ഥയിൽ ആയിരിക്കുമ്പോൾ നല്ല അനുകൂലമായ അവസ്ഥയിലൂടെ പോകുന്നവരോട് വെറുപ്പ് വെച്ചുപുലർത്തി സമയം കളയരുത്.

# അനുസരണത്തിന്റെ പാതയിൽ മുമ്പോട്ടു പോകുക

*അവൻ നിങ്ങളോട് എന്തെങ്കിലും കല്പിച്ചാൽ അത് ചെയ്‌വിൻ*

— യോഹന്നാൻ 2:5

കർത്താവായ യേശു പങ്കെടുത്ത ഒരു വിവാഹത്തിലാണ് യേശുക്രിസ്തുവിന്റെ ആദ്യ അത്ഭുതം നടന്നത്. അപ്പോൾ അവിടെ വിരുന്നുകാർക്ക് കൊടുക്കുവാനുള്ള വീഞ്ഞ് തീർന്നു. ആ സാഹചര്യത്തിനു അനുസരണമായി ചിലത് ചെയ്യുവാൻ മറിയ യേശുവിനോട് പറഞ്ഞു, ദാസന്മാരോട് പറഞ്ഞത് ''അവൻനിങ്ങളോട് എന്തെങ്കിലും കല്പിച്ചാൽ അത് ചെയ്‌വിൻ.'' കൽപാത്രങ്ങളിൽ വെള്ളം നിറപ്പാനാണ് യേശു കല്പ്പിച്ചത്. അത് അത്ഭുതകരമായ വീഞ്ഞായിമാറി (കാണുക യോഹന്നാൻ 2:1–11). അവനോടുള്ള അവരുടെ അനുസരണം മൂലം ആ ദിവസം അവരുടെ ഭൗതിക ആവശ്യങ്ങൾ നിറവേറ്റപ്പെട്ടു.

നിങ്ങളുടെ ജീവിതത്തിൽ ഒരു അത്ഭുതം നടക്കണമെങ്കിൽ അനുസരണത്തിന്റെ വിത്തുകൾ വിതയ്ക്കണം. കർത്താവായ യേശു വാഗ്ദാനം ചെയ്തത് നാം അവനിൽ ക്ഷമയോടെ ആശ്രയിച്ചാൽ നാം അതിന്റെ ഫലം കൊയ്യുക തന്നെ ചെയ്യുമെന്നാണ്. "നന്മ ചെയ്യുന്നതിൽ നാം മടുത്തുപോകരുത് തളർന്നു പോകാഞ്ഞാൽ തക്കസമയത്തു നാം കൊയ്യും." (ഗലാത്യർ 6:9)

നാം ആഗ്രഹിക്കുന്നതുപോലെ നമ്മുടെ പ്രാർത്ഥനകൾക്ക് ഉത്തരം ലഭിക്കാതെ വരികയും കാര്യങ്ങൾ നമ്മുടെ വഴിയിൽ നിന്നു പുറത്തു പോകുകയും ചെയ്യുമ്പോൾ നമ്മുടെ ചിന്ത ''ദൈവം എനിക്കുവേണ്ടി ഒന്നും പ്രവർത്തിക്കാത്തതുകൊണ്ടാണ്, എന്റെ അനുസരണംകൊണ്ട് ഒരു ഫലവുമില്ലാത്തതുകൊണ്ട് ഞാൻ എന്തിന് അനുസരിക്കണം? ഇങ്ങനെയുള്ള സമയത്തും നാം മനസ്സിലാക്കേണ്ടത് ദൈവം പ്രവർത്തിക്കുന്നുവെന്നാണ്. അവൻ രഹസ്യമായിട്ടാണ് സാധാരണ പ്രവർത്തിക്കുന്നത്, അതുകൊണ്ട് നമുക്ക് പലപ്പോഴും അത് കാണുവാൻ കഴിയുന്നില്ല."

# എങ്കിൽ എന്നാൽ തുടങ്ങിയ പ്രയോഗങ്ങൾ അവഗണിക്കാതിരിക്കാം

*നിന്റെ ദൈവമായ യഹോവയുടെ വാക്ക് നീ ശ്രദ്ധയോടെ കേട്ട് ഞാൻ ഇന്നു നിന്നോട് ആജ്ഞാപിക്കുന്ന അവന്റെ സകല കല്പനകളും പ്രമാണിച്ചു നടന്നാൽ നിന്റെ ദൈവമായ യഹോവ നിന്നെ ഭൂമിയിലുള്ള സർവ്വജാതികൾക്കും മീതം ഉന്നത മാക്കും നിന്റെ ദൈവമായ യഹോവയുടെ വാക്ക് കേട്ടനുസരിച്ചാൽ ഈ അനുഗ്രഹങ്ങളെല്ലാം നിനക്കു സിദ്ധിക്കും*

— ആവർത്തനം 28:1–2

എങ്കിൽ, എന്ന അർത്ഥം വരുന്ന ഭാഗങ്ങൾ ഈ വേദഭാഗത്തു നിന്നു ശ്രദ്ധി ക്കുക. ദൈവവചനത്തിൽ എങ്കിൽ, എന്നാൽ തുടങ്ങിയ പ്രയോഗങ്ങൾ വരുന്ന വേദഭാഗങ്ങൾ ശ്രദ്ധിക്കുക. ഉദാഹരണത്തിനു 1 കൊരിന്ത്യർ 1:9–10, വേദ ഭാഗം നോക്കുക.

*തന്റെ പുത്രനും നമ്മുടെ കർത്താവുമായ യേശുക്രിസ്തുവിന്റെ കൂട്ടായ്മയി ലേക്കു നിങ്ങളെ വിളിച്ചിരിക്കുന്ന ദൈവം വിശ്വസ്തൻ (ഏറ്റവും ശരിയായ വൻ, ആശ്രയിക്കുന്നവൻ, എപ്പോഴും തന്റെ വാഗ്ദത്തങ്ങളോടു വിശ്വസ്തൻ വിശ്വസിക്കുവാൻ കൊള്ളാവുന്നവൻ). സഹോദരന്മാരെ, നിങ്ങൾ എല്ലാവരും ഒന്നു തന്നെ സംസാരിക്കുകയും നിങ്ങളുടെ ഇടയിൽ ഭിന്നത ഭവിക്കാതെ ഏക മനസ്സിലും ഏകാഭിപ്രായത്തിലും യോജിച്ചിരിക്കുകയും വേണമെന്ന് ഞാൻ നിങ്ങളെ യേശുക്രിസ്തുവിന്റെ നാമംചൊല്ലി പ്രബോധിപ്പിക്കുന്നു.*

ദൈവം വിശ്വസ്തനാണെന്നു നാം ഇവിടെ കണ്ടു അതുകൊണ്ട് ആ ദൈവിക വിശ്വസ്തത അനുഭവിക്കുവാൻ നാം അന്യോന്യമുള്ള ബന്ധ ങ്ങളിൽ ദൈവത്തെ മഹത്വപ്പെടുത്തുവാൻ ഒരുക്കമുള്ളവരായിരിക്കണം. നമ്മുടെ അനുസരണക്കേട് അനുസരിച്ച് ദൈവം മാറുന്നില്ല. അവൻ അപ്പോഴും വിശ്വസ്തൻ, എന്നാൽ നമ്മിലേക്ക് ഒഴുക്കപ്പെടുന്ന ദൈവിക നന്മയുടെ ഫല മായി ലഭിക്കുന്ന അനുഗ്രഹങ്ങളിലേക്കു വാതിൽ തുറക്കുവാൻ അനുസര ണത്തിനു കഴിയും.

# അവന്റെ പ്രകാശത്താൽ നിറയപ്പെടുക

*ദൈവം വെളിച്ചം ആകുന്നു; അവനിൽ ഇരുട്ട് ഒട്ടും ഇല്ല (ഒരു നിലയിലുമില്ല) എന്നുള്ളത് ഞങ്ങൾ അവനോട് കേട്ടു നിങ്ങളോട് അറിയിക്കുന്ന ദൂതാകുന്നു (വാഗ്ദത്തിന്റെ ദൂത്) (അതുകൊണ്ട്) അവനോട് കൂട്ടായ്മ ഉണ്ട് എന്നു പറയുകയും ഇരുട്ടിൽ നടക്കുകയും ചെയ്താൽ നാം ഭോഷ്ക്ക് പറയുന്നു സത്യം (സുവിശേഷം വെളിപ്പെടുത്തുന്ന സത്യം) പ്രവർത്തിക്കുന്നതുമില്ല*

— 1 യോഹന്നാൻ 1:5–6

നാം നമ്മുടെ ഉള്ളിൽ മറച്ചുവെക്കുന്ന കാര്യങ്ങൾ പലപ്പോഴും നമ്മുടെയുള്ളിൽ അന്ധകാരം ഉണ്ടാകുന്നു. ദൈവത്തിൽ യാതൊരു അന്ധകാരവുമില്ലെന്നു ഈ വേദഭാഗത്തു നിന്നു മനസ്സിലാക്കാം. നമ്മുടെ മനസ്സിലും ഹൃദയത്തിലും ദൈവത്തിനു പൂർണ്ണമായ പ്രവേശനം അനുവദിക്കുമ്പോൾ ഇരുട്ടു മാറിപ്പോകും. ഞാൻ അവന്റെ പ്രകാശത്താൽ നിറയപ്പെടേണ്ടതിനു ദൈവം എന്റെ ഹൃദയത്തിന്റെ എല്ലാ ഭാഗത്തും പ്രകാശം നൽകുന്നതിൽ സന്തോഷിക്കുന്നു. ദൈവത്തെയും തന്റെ പ്രകാശത്തെയും തടസ്സപ്പെടുത്തുന്ന ഒന്നും എന്റെ ഹൃദയത്തിൽ ഇല്ല. നമ്മുടെ ജീവിത പങ്കാളിയും മക്കളും ഉൾപ്പെടെ എല്ലാവരുമായി നല്ല ബന്ധം കാത്തു സൂക്ഷിക്കുവാൻ ദൈവിക വെളിച്ചം സഹായിക്കും.

എനിക്കു വലിയ പ്രശ്നങ്ങളുള്ള ആരെയും ഇപ്പോഴെന്റെ ജീവിതത്തിൽ കാണുവാൻ കഴിയുക ഇല്ലെന്നു വളരെ സത്യസന്ധമായി പറയുവാൻ കഴിയും. അവരെല്ലാവരും മാറിയതു നിമിത്തമല്ല ഇങ്ങനെ സംഭവിച്ചത്. എന്റെ ഉള്ളിലെ ഇരുട്ടുമാറുവാൻ കർത്താവിനെ ഞാൻ അനുവദിച്ചതു നിമിത്തമാണ്. എന്റെ അകത്തും പുറത്തും വ്യത്യസ്തമായ സ്വഭാവമായി നടന്നപ്പോൾ ഒരു മുഖംമൂടി അണിഞ്ഞുകൊണ്ടാണ് ഞാൻ നടന്നത്. ഇപ്പോൾ എനിക്കു സന്തോഷമുണ്ട്. കാരണം എനിക്ക് എന്നിൽതന്നെയും മറ്റുള്ളവരോടും സമാധാന ബന്ധം പുലർത്തിക്കൊണ്ട് ദൈവമുമ്പാകെ നിൽക്കുവാൻ കഴിയുന്നു.

മറ്റുള്ളവർ എന്നെക്കുറിച്ച് എന്തു ചിന്തിക്കുമെന്നു ഓർത്ത് ഞാൻ ഭയപ്പെടാറില്ല കാരണം ഞാൻ എന്റെ ഹൃദയം പരിശുദ്ധാത്മാവിനായി തുറന്നുകൊടുക്കുകയും, എന്റെ ഹൃദയത്തിന്റെ ഇരുട്ട് മാറി സ്വതന്ത്രമാകുവാൻ പരിശുദ്ധാത്മാവ് അത്ഭുതകരമായ വെളിച്ചം പ്രകാശിപ്പിക്കുകയും ചെയ്തു. നിങ്ങൾ ദൈവത്തിനായി ഹൃദയം തുറന്നുകൊടുത്ത് ദൈവം തന്റെ ആത്മാവിനാൽ നിങ്ങളുടെ ഹൃദയത്തെ നിറയ്ക്കുവാൻ അനുവദിച്ചാൽ ഇതുപോലെ പറയുവാൻ നിങ്ങൾക്കു കഴിയും.

# നിയന്ത്രിക്കുവാൻ ദൈവത്തെ അനുവദിക്കുക

*അവർ പ്രാതൽ കഴിച്ചശേഷം യേശു ശിമോൻ പത്രോസിനോട് യോഹന്നാന്റെ മകനായ ശിമോനെ, നീ ഇവരിൽ അധികമായി (പിതാവിനെ സ്നേഹിക്കുന്നവൻ എന്ന നിലയിൽ മറ്റുള്ളവരെക്കാൾ അധികമായി മനപൂർവ്വമായ ആത്മിക ഭക്തി വെളിപ്പെടുത്തുക) അധികമായി എന്നെ സ്നേഹിക്കുന്നുവോ എന്നു ചോദിച്ചു. അതിനു അവൻ ഉവ്വു, കർത്താവേ എനിക്കു നിന്നോട് പ്രിയമുണ്ട് (അടുത്ത സ്നേഹിതൻ എന്ന നിലയിൽ എനിക്ക് നിന്നോട് ആഴമേറിയ സ്വതസിദ്ധമായ സ്നേഹമുണ്ട്) എന്നു നീ അറിയുന്നുവല്ലോ എന്നു പറഞ്ഞു. എന്റെ കുഞ്ഞാടുകളെ മേയ്ക്ക എന്നു അവൻ അവനോട് പറഞ്ഞു*

— യോഹന്നാൻ 21:15

''നീ എന്നെ സ്നേഹിക്കുന്നുവോ? പത്രൊസെ,'' ''നീ എന്നെ സ്നേഹിക്കുന്നുവോ'' ''നീ എന്നെ സ്നേഹിക്കുന്നുവോ പത്രോസെ'' എന്നിങ്ങനെ മൂന്നു പ്രാവശ്യം കർത്താവ് ചോദിക്കുന്നുണ്ട്. മൂന്നുപ്രാവശ്യം ആവർത്തിച്ച് ചോദിച്ചതു നിമിത്തം ഹൃദയം തകർന്നവനായി പത്രൊസ് പറയുന്നു, ''കർത്താവെ, എനിക്കു നിന്നോട് പ്രിയമുണ്ട് എന്നും നീ അറിയുന്നു'' തുടർന്ന് നാം വായിക്കുമ്പോൾ കർത്താവ് ഈ ചോദ്യം ചോദിച്ചതിന്റെ പിന്നിലുള്ള കാരണം നമുക്ക് കാണാം. ''ആമേൻ ആമേൻ ഞാൻ നിന്നോട് പറയുന്നു നീ യൗവ്വനക്കാരൻ ആയിരുന്നപ്പോൾ നീ തന്നെ അരകെട്ടി നിനക്കിഷ്ടമുള്ളടത്ത് നടന്നു; വയസ്സനായശേഷമോ നീ കൈ നീട്ടുകയും മറ്റൊരുത്തൻ നിന്റെ അരകെട്ടി നിനക്കു ഇഷ്ടമില്ലാത്ത ഇടത്തേക്കു നിന്നെകൊണ്ടുപോകയും ചെയ്യും എന്നു പറഞ്ഞു. (യോഹന്നാൻ 21:15,18)

ഞാൻ എന്റെ പദ്ധതികളുമായി എന്റെ വഴിയെ നടക്കുമ്പോൾ ദൈവം ഈ വേദഭാഗത്തിലൂടെ എന്നോട് വെല്ലുവിളി നടത്തി. ദൈവത്തിന്റെ പൂർണ്ണഹിതത്തിന്റെ പാതയിൽ മുന്നോട്ട് പോകണമെങ്കിൽ, നാം ഇഷ്ടപ്പെടാത്ത കാര്യങ്ങൾ ദൈവം പറയുമ്പോൾ ചെയ്യണം. നമ്മുടെ ജീവിതങ്ങളിൽ ദൈവഹിതം നിറവേറുവാൻ അനുവദിക്കുമ്പോഴാണ് നാം യഥാർത്ഥമായി അവനെ സ്നേഹിക്കുന്നത്.

# നിരാശയെ കൈകാര്യം ചെയ്യുന്നത്

*മുമ്പുള്ളവയെ നിങ്ങൾ ഓർക്കേണ്ടാ; പണ്ടുള്ളവയെ നിരൂപിക്കുകയും വേണ്ട*

— യെശ്ശയ്യാവ് 43:18

വിവിധ അവസരങ്ങളിൽ നമ്മളെല്ലാവരും നിരാശയെ അഭിമുഖീകരിക്കുകയും കൈകാര്യം ചെയ്യേണ്ടതായും വരും. ആർക്കും അവർ ആഗ്രഹിക്കുകയും പ്രതീക്ഷിക്കുകയും ചെയ്യുന്നതുപോലെ മുഴുവൻ കാര്യങ്ങൾ നടക്കുകയില്ല. നാം ആഗ്രഹിക്കുന്നതുപോലെ കാര്യങ്ങൾ നടക്കാതെ വരുമ്പോൾ നമുക്ക് ആദ്യം അനുഭവപ്പെടുന്നത് നിരാശയാണ്. നിരാശയുണ്ടെങ്കിൽ അത്ഭുതപ്പെടുവാനൊന്നുമില്ല കാരണം അത് സാധാരണമാണ്. എന്നാൽ നിരാശവരുമ്പോൾ എന്തു ചെയ്യണമെന്ന് നാം അറിയണം, അല്ലെങ്കിൽ അത് കൂടുതൽ പ്രയാസത്തിനു കാരണമാകും. ക്രിസ്തുവിലൂടെ നിരാശയെ അതിജീവിക്കുവാൻ കഴിയും.

ഫിലിപ്പ്യർ 3:14 - ൽ അപ്പോസ്തലനായ പൗലോസ് പറയുന്നു, “ഒന്നു ചെയ്യുന്നു പിൻപിലുള്ളത് മറന്നും മുൻപിലുള്ളതിനു ആഞ്ഞുംകൊണ്ട് ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിനായി ലാക്കിലേക്ക് ഓടുന്നു” പൗലോസിനു പ്രാധാന്യമുള്ള കാര്യം ഭൂതകാലത്തെ മറക്കുക പിൻപിലുള്ളതിലേക്കു ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് മുൻപോട്ടു പോകുവാനാണ്. നാം നിരാശപ്പെടുമ്പോൾ വേഗത്തിൽ തന്നെ യഥാസ്ഥാനപ്പെടുന്നു. അതു തന്നെയാണ് നാം ചെയ്തുകൊണ്ടിരിക്കുന്നത്. നാം നിരാശയുടെ കാരണങ്ങളെ ഉപേക്ഷിച്ചുകൊണ്ട് ദൈവം നമുക്ക് ഒരുക്കിവച്ചിരിക്കുന്നതിലേക്കു മുന്നേറുന്നു. നമുക്ക് ഒരു പുതിയ ദർശനം, ലഭിക്കുന്നു ഒരു പദ്ധതി ആശയം ഒരു പുതിയ കാഴ്ചപ്പാട് പുതിയ മാനസികമായ ഒരുക്കം ഇവമൂലം നമ്മുടെ ശ്രദ്ധയിൽ വലിയ മാറ്റം സംഭവിക്കുന്നു. നാം മുന്നോട്ടു പോകുവാൻ തീരുമാനിക്കുന്നു.

# ഒരു വിഭിന്നമായ കാഴ്ചപ്പാട്

*ഈ ലോകത്തിനു (ഈ കാലഘട്ടത്തിന്) അനുരൂപമാകാതെ (പുറമെയുള്ളതും ഉപരിപ്ലവുമായ ആചാരമര്യാദകൾക്കു അനുസരിച്ചു പോകുന്ന ലോകം) നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിന്നു മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ (പുതിയ ആദർശങ്ങളാലും അവയിൽ ലഭിക്കുന്ന പുതിയ മനോഭാവത്തിലും)* — റോമർ 12:2

ഈ ലോകത്തിന്റെ വഴികളിലും മനോഭാവത്തിലും അനുരൂപപ്പെടാതിരിക്കുവാൻ വലിയ ശ്രദ്ധ ആവശ്യമാണ്. വാർത്തമാധ്യമങ്ങൾ ആപത്തുകളുടെ അപകടങ്ങളുടെ വികാര രഹിതമായ ചിത്രങ്ങളാണ് നമ്മുടെ മുമ്പിൽ നൽകാറുള്ളത്. തന്മൂലം നാം മാധ്യമ വാർത്തകളെ യാതൊരു ഭാവപകർച്ചയുമില്ലാതെ വീക്ഷിക്കുന്നു. ഇന്നു ലോകത്തിൽ നടക്കുന്ന ആക്രമണങ്ങളെക്കുറിച്ച് നാം വളരെയധികം കേൾക്കുന്നു പക്ഷെ നാം പലപ്പോഴും അതു ശ്രദ്ധിക്കാനോ അതിന്റെ പ്രാധാന്യം മനസ്സിലാക്കുവാനോ ശ്രമിക്കാറില്ല. ഇത് നമുക്ക് മനസ്സിലാക്കുവാൻ കഴിയും പക്ഷെ അംഗീകാരയോഗ്യമല്ല. തിന്മയ്ക്കെതിരെ നാം ശക്തിയോടെ പ്രതികരിച്ചില്ലെങ്കിൽ അത് വളർന്ന് പെരുകുവാനിടയാകും.

ലോകത്തോടുള്ള ബന്ധത്തിൽ (സാത്താന്റെ പദ്ധതിയുടെ ഭാഗമാണിതെന്നു ഞാൻ വിശ്വസിക്കുന്നു. ആളുകളുടെ ആവശ്യങ്ങൾക്ക് അനുസരിച്ചുള്ള കരുതലോ സ്നേഹമോ ജനഹൃദയത്തിലുണ്ടാകുവാൻ സാത്താൻ ആഗ്രഹിക്കുന്നില്ല. പിന്നെയോ മനുഷ്യർ കഠിനഹൃദയരാകുവാൻ അവൻ ആഗ്രഹിക്കുന്നു. ക്രിസ്ത്യാനികളായ നാം വേദനിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ലോകത്തിന്റെ കരുണയില്ലാത്ത മനോഭാവങ്ങൾക്കെതിരെ പ്രതികരിക്കുകയും വേണം. ഇന്നു ലോകത്തിൽ കാണുന്ന സകല പ്രശ്നങ്ങളും നമ്മളെക്കൊണ്ടു പരിഹരിക്കുവാൻ കഴിഞ്ഞെന്നു വരികയില്ല എന്നാൽ നമുക്കു കരുതുവാനും പ്രാർത്ഥിക്കുവാനും കഴിയും.

യേശു പറഞ്ഞു, "ദരിദ്രന്മാരോട് സുവിശേഷം അറിയിക്കുവാൻ കർത്താവ് എന്നെ അഭിഷേകം ചെയ്തു" (ലൂക്കോസ് 4:18). ഇന്ന് തിന്മയെക്കാൾ അധികം നന്മയാണ് നടക്കുന്നതെന്നു ഞാൻ വിശ്വസിക്കുന്നു. എന്നാൽ അത് പുറത്തറിയിക്കുവാൻ ആരെങ്കിലുമൊക്കെ വേണം. ഞാൻ ദിനപത്രം വായിക്കരുതെന്നോ അതിൽ കാണുന്ന കാര്യങ്ങൾ മനസ്സിലാക്കരുതെന്നോ അല്ല പറയുന്നത്, പിന്നെയോ ലോകത്തിന്റെ വിവരണങ്ങളിൽ മയങ്ങി അതിന്റെ കാഴ്ചപ്പാടുകളോട് അനുരൂപപ്പെടുവാൻ പാടില്ലെന്നാണ്. ഈ ലോക സംഭവങ്ങളെക്കുറിച്ച് ദൈവം എന്തു പറയുന്നു എന്നു മനസ്സിലാക്കി, ലോകസംഭവങ്ങളാൽ ബാധിക്കപ്പെട്ടവർക്കുവേണ്ടി ദൈവമുമ്പാകെ പ്രാർത്ഥിക്കുവാനുള്ള ഉത്തരവാദിത്വം നമുക്കുണ്ട്.

# സ്നേഹം നിങ്ങളുടെ ആദ്യ മുൻഗണന

*ശ്രേഷ്ഠവരങ്ങളെ വാഞ്ഛിപ്പിൻ (ഉയർന്ന കൃപാവരങ്ങൾ) ഇനി അതിശ്രേ ഷ്ഠമായൊരു മാർഗ്ഗം ഞാൻ നിങ്ങൾക്ക് കാണിച്ചു തരാം (എല്ലാറ്റിലും ഏറ്റവും നല്ലത് എല്ലാറ്റിനെക്കാളും ഉയർന്നത്-സ്നേഹം)*

— കൊരിന്ത്യർ 12:31

നിങ്ങളുടെ മുൻഗണനകളുടെ പട്ടികയിൽ സ്നേഹം എവിടെയാണ് ചേരുന്നത്? യേശു പറഞ്ഞു "നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കണം എന്നു പുതിയൊരു കല്പന ഞാൻ നിങ്ങൾക്കു തരുന്നു. ഞാൻ നിങ്ങളെ സ്നേഹി ച്ചതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നുതന്നെ" (യോ ഹന്നാൻ 14:34). നാം ശ്രദ്ധ കേന്ദ്രീകരിക്കേണ്ട ഏറ്റവും പ്രധാന കാര്യമായി സ്നേഹം കർത്താവ് ഇവിടെ പറഞ്ഞിരിക്കുന്നു. അപ്പോസ്തലനായ പൗലോസ് പറയുന്നു ''ആകയാൽ വിശ്വാസം, പ്രത്യാശ, സ്നേഹം ഈ മൂന്നും നിലനില്ക്കുന്നു. ഇവയിൽ വലുതോ സ്നേഹം തന്നെ.'' (1 കൊരിന്ത്യർ 13:13)

നമ്മുടെ ആത്മിക മുൻഗണനാ പട്ടികയിൽ സ്നേഹത്തിനു ഒന്നാം സ്ഥാനം നൽകണം. നാം സ്നേഹത്തെക്കുറിച്ച് പഠിക്കണം. സ്നേഹിക്കു വാനുള്ള കൃപയ്ക്കായി പ്രാർത്ഥിക്കണം. മാത്രമല്ല മറ്റുള്ളവരെ സ്നേഹിച്ചു കൊണ്ട് സ്നേഹത്തിന്റെ ഫലം പ്രയോഗിക്കുക ജീവിതത്തിൽ വളർത്തി യെടുക്കണം. ദൈവം സ്നേഹം ആകുന്നു. അതുകണ്ട് നാം സ്നേഹത്തിൽ നടക്കുമ്പോൾ ദൈവത്തിൽ വസിക്കുകയാണ്.

നാം ദൈവസ്നേഹം അനുഭവിക്കുകയും അത് പ്രകടിപ്പിക്കുകയും ചെയ്യു മ്പോൾ മറ്റുള്ളവരെ വെറുത്തുകൊണ്ട് ദൈവത്തെ സ്നേഹിക്കുമെന്നു കരുതുന്നെങ്കിൽ സ്വയം വഞ്ചിക്കുകയാണ് (കാണുക 1 യോഹന്നാൻ 4:20). എന്റെ മുൻഗണനകളിൽ സ്നേഹത്തിനു പ്രധാന സ്ഥാനം നൽകു ന്നില്ലയെന്നു മനസ്സിലാക്കുവാൻ എനിക്ക് 45 വർഷങ്ങൾ വേണ്ടിവന്നു. ഒരു ക്രിസ്ത്യാനിയെന്ന നിലയിൽ ഞാനെടുത്ത ഏറ്റവും നല്ല തീരുമാനം സ്നേഹത്തിൽ നടക്കുന്നതെങ്ങനെയെന്നു പഠിക്കുവാനാണ്.

# നമുക്ക് എല്ലാവർക്കും ബലഹീനതകളുണ്ട്

*നീ ദൈവത്തോടും മനുഷ്യരോടും മല്ലു പിടിച്ചു ജയിച്ചതുകൊണ്ട്*
*നിന്റെ പേർ ഇനി യാക്കോബ് (ഉപായി) എന്നല്ല.*

— ഉല്പത്തി 32:28

യാക്കോബിനു പല നിലയിലുള്ള ബലഹീനതകളുണ്ടായിരുന്നു. എന്നാലും അവൻ ദൈവത്തോടൊപ്പം ജീവിച്ചു. ദൈവ അനുഗ്രഹങ്ങൾ പ്രാപിപ്പാൻ തീരുമാനിച്ചു. ദൈവം ആ നിലയിലുള്ള ഉറച്ചു തീരുമാനങ്ങളെ ഇഷ്ടപ്പെടുന്നു. യാക്കോബിന്റെ ശക്തമായ പോരാട്ടം ദൈവനാമം അവനിലൂടെ മഹത്വപ്പെടുന്നതിനു സഹായകരമായിരുന്നു. ദൈവം പ്രവർത്തിക്കുവാൻ തക്കവണ്ണം തങ്ങളുടെ വ്യക്തിപരമായ ജീവിതത്തിലെ ബലഹീനതകൾ തടസ്സസമാക്കത്തവരിലൂടെ ദൈവത്തിനു തന്റെ നാമത്തെ മഹത്വപ്പെടുത്തുവാൻ കഴിയും. നമുക്ക് ബലഹീനതകളുണ്ടെന്നുള്ള യാഥാർത്ഥ്യം നാം അഭിമുഖീകരിക്കണം. എന്നാൽ അത് നമ്മുടെ ജീവിതത്തെ ബാധിക്കുന്നതായിരിക്കണം. നമ്മുടെ കുറവുകളെ ഉപേക്ഷിച്ചാൽ ദൈവത്തിനു നമ്മെ ഉപയോഗിക്കുവാൻ കഴിയും.

വളരെ പ്രധാനപ്പെട്ട ചില കാര്യങ്ങൾ ചെയ്യുവാൻ ഞാൻനിങ്ങളോട് ഇപ്പോൾ ആവശ്യപ്പെടുകയാണ്. നിങ്ങളുടെ കരങ്ങളുപയോഗിച്ച് നിങ്ങളെത്തന്നെ പിടിച്ചുകൊണ്ട് ഇപ്പോൾത്തന്നെ ഉച്ചത്തിൽ പറയുക “ഞാൻ എന്നെ അംഗീകരിക്കുന്നു. ഞാൻ എന്നെ സ്നേഹിക്കുന്നു എനിക്ക് ബലഹീനതകളുണ്ട്, അപൂർണ്ണതകളുണ്ട് എന്നാൽ അവ എന്റെ ജീവിതത്തെ നശിപ്പിക്കുവാൻ ഞാൻ അനുവദിക്കുകയില്ല” ഓരോ ദിവസവും ഇത് അനവധി പ്രാവശ്യം പറഞ്ഞാൽ പെട്ടെന്നുതന്നെ ഒരു പുതിയ മനോഭാവവും കാഴ്ചപ്പാടും ഉണ്ടാകും.

യാക്കോബ് മല്ലുപിടിച്ച് ദൂതൻ യാക്കോബിന്റെ തുടയുടെ തടം തൊടുകയും തന്മൂലം അന്നുമുതൽ യാക്കോബിന്റെ തുടയുടെ ഉളുക്കു നിമിത്തം അവൻ മുടന്തി നടന്നു. (കാണുക ഉല്പത്തി 32:24–32). അവന്റെ യാത്ര മുടന്തുള്ളതായിരുന്നുവെങ്കിലും അവൻ മുടന്തിയത് അനുഗ്രഹങ്ങളുമായിട്ടാണ്. മറ്റൊരു നിലയിൽ പറഞ്ഞാൽ അവൻ ജീവിതത്തിൽ ഒരു മുടന്തെങ്കിലും (അപൂർണ്ണത)ദൈവത്തിനു നമ്മെ അനുഗ്രഹിക്കുവാൻ കഴിയും. ദൈവം നമ്മുടെ ഹൃദയം നോക്കുന്നുയെന്നു ഓർക്കുക അവനിൽ നമുക്ക് പ്രത്യാശ ഉണ്ടെങ്കിൽ നമ്മുടെ ഹൃദയം നല്ലതു ചെയ്യുവാൻ വിശ്വാസത്തോടെ ആഗ്രഹിക്കുന്നുവെങ്കിൽ ദൈവം നമ്മുടെ ജീവിതത്തിലാവശ്യമായ അനുഗ്രഹങ്ങൾ നൽകുക തന്നെ ചെയ്യും.

# നിങ്ങൾ മറ്റുള്ളവരിൽ നിന്ന് വിഭിന്നമാണ്!

*സൂര്യന്റെ തേജസ്സു വേറെ, ചന്ദ്രന്റെ തേജസ്സു വേറെ, നക്ഷത്രങ്ങളുടെ തേജസ്സു വേറെ; നക്ഷത്രവും നക്ഷത്രവും തമ്മിൽ തേജസ്സുകൊണ്ട് ഭേദം ഉണ്ടല്ലോ*

— 1 കൊരിന്ത്യർ 15:41

ദൈവം നമ്മെ മറ്റൊരാളിൽ നിന്ന് വിഭിന്നനായിട്ടാണ് സൃഷ്ടിച്ചിരിക്കുന്നത്. ദൈവം അങ്ങനെ ചെയ്തതിന്റെ പിന്നിൽ ഉദ്ദേശമുണ്ട്. നമ്മിൽ ഓരോ വ്യക്തിയും ഓരോ പ്രത്യേകം ലക്ഷ്യം നിറവേറ്റുവാനുള്ളവനാണ്. എന്നാൽ നാമെല്ലാവരും ദൈവത്തിന്റെ സംപൂർണ്ണമായ പദ്ധതിയുടെ ഭാഗമാണ്. നാം മറ്റുള്ളവരെപ്പോലെ ആകുവാൻ ശ്രമിക്കുമ്പോൾ നമുക്ക് നമ്മെത്തന്നെ നഷ്ടമാകുകയും ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കുകയും ചെയ്യുന്നു. ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നത് തന്റെ പദ്ധതിയോട് ചേർന്നിരിക്കുവാനാണ്. അതുകൊണ്ട് മറ്റുള്ളവർക്കുവേണ്ടി ദൈവം ഒരുക്കിയിരിക്കുന്ന പദ്ധതിയിലേക്കു ഇടിച്ചുകയറുവാൻ ശ്രമിക്കരുത് വ്യത്യസ്തനായിരിക്കുവാനാണ് ദൈവം ആഗ്രഹിക്കുന്നത്.

നാമെല്ലാവരും വിവിധ സ്വഭാവക്കാരാണ് വിഭിന്നമായ ഭൗതിക സ്വഭാവങ്ങൾ വിഭിന്നമായ വിരലടയാളങ്ങൾ, വിവിധ കഴിവുകളും കൃപാവരങ്ങളും തുടങ്ങി അനേക കാര്യങ്ങളിൽ വിവിധ തരക്കാരാണ്. നമ്മുടെ ലക്ഷ്യം, എവിടെയാണ് നാം ഉപയോഗിക്കപ്പെടേണ്ടതെന്നു മനസ്സിലാക്കി നമ്മെ അവിടെ സമർപ്പിക്കുകയാണ്.

ചില ആളുകൾ ചിന്തിക്കുന്നത് അവർ ഒന്നിനും കൊള്ളരുതാത്തവരാണെന്നാണ് എന്നാൽ അത് ശരിയല്ല. മറ്റുള്ളവർ ചെയ്യുന്ന നല്ല കാര്യങ്ങൾ നാം ചെയ്യുവാൻ ശ്രമിക്കുമ്പോൾ പരാജയപ്പെടുന്ന കാരണം നാം ആ കാര്യങ്ങൾ ചെയ്യുവാനല്ല സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ നാം ഒന്നിനും കൊള്ളാത്തവർ എന്നല്ല അതിന്റെ അർത്ഥം. നമുക്കെല്ലാവർക്കും പരിമിതികളുണ്ട് അത് നാം മനസ്സിലാക്കണം. അത് മോശമല്ല പിന്നെയോ യാഥാർത്ഥ്യമാണ്. വ്യത്യസ്തനായിരിക്കുവാൻ കഴിയുന്നത് അത്ഭുതകരമായ കാര്യമാണ് മാത്രല്ല നമ്മൾ മറ്റുള്ളവരിൽ നിന്നു വിഭിന്നരായിരിക്കുന്നതിൽ ഒരു തെറ്റുമില്ല.

ഒരു വ്യത്യസ്തനായ വ്യക്തിയെന്ന നിലയിൽ നാം നമ്മെത്തന്നെ അംഗീകരിക്കുകയും, സ്നേഹിക്കുകയും മറ്റുള്ളവരുമായി താരതമ്യം ചെയ്തു സമയം കളയുക അല്ല വേണ്ടത്. ദൈവം തങ്ങളെ സ്നേഹിക്കുന്നു എന്നും ദൈവത്തിനു തങ്ങളെക്കുറിച്ച് വ്യക്തമായ പദ്ധതികളുണ്ടെന്നും മറ്റുള്ളവരുടെ കഴിവുകളെകണ്ട് ഭയപ്പെടേണ്ടയെന്നും സുരക്ഷിതരായ

ആളുകൾ ചിന്തിക്കുന്നു. അവർ മറ്റുള്ളവർ ചെയ്യുന്നതിലും സന്തോഷിക്കുന്നു. ഞാൻ എന്റെ ഭർത്താവ് ഡേവിനെപ്പോലെയോ അപ്പോസ്തലനായ പൗലോസിനെപ്പോലെയോ എന്റെ സഭാശുശ്രൂഷകന്റെ ഭാര്യയെപ്പോലെയോ അല്ലെങ്കിൽ എന്റെ സുഹൃത്തിനെപ്പോലെയോ ആയില്ല എന്നു ഞാൻ കർത്താവിന്റെ ന്യായാസനത്തിന്റെ മുമ്പിൽ നിൽക്കുമ്പോൾ അവൻ എന്നോടു ചോദിക്കുകയില്ല. എന്നാൽ നീ ജോയ്സ് മേയർ എന്ന നിലയിൽ എന്തുകൊണ്ട് പ്രവർത്തിച്ചില്ലയെന്ന് കേൾക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. എന്നാൽ "നന്ന് നല്ലവരും വിശ്വസ്തനുമായ ദാസനെ" (മത്തായി 25:23) എന്നുള്ള വിളികേൾക്കുവാനായി ഞാൻ ആഗ്രഹിക്കുന്നു.

# ഹൃദയത്തിലെ മനോഭാവം പരിശോധിക്കുന്നു

*അതിന്റെ ശേഷം ദൈവം അബ്രഹാമിനെ പരീക്ഷിച്ചത് എങ്ങനെയെന്നാൽ: അബ്രഹാമേ എന്നു വിളിച്ചതിന്: ഞാൻ ഇതാ എന്നു അവൻ പറഞ്ഞു. അപ്പോൾ അവൻ: നിന്റെ മകനെ നീ സ്നേഹിക്കുന്ന നിന്റെ ഏകജാതനായ യിസ്ഹാക്കിനെത്തന്നെ കൂട്ടിക്കൊണ്ട് മോരിയ ദേശത്ത് ചെന്നു, അവിടെ ഞാൻ നിന്നോട് കല്പിക്കുന്ന ഒരു മലയിൽ അവനെ ഹോമയാഗം കഴിക്ക എന്നു അരുളിചെയ്തു. അബ്രഹാം അതികാലത്തു എഴുന്നേറ്റു കഴുതയ്ക്കു കോപ്പിട്ടുകെട്ടി ബാല്യക്കാരിൽ രണ്ടുപേരെയും തന്റെ മകൻ യിസ്ഹാക്കിനെയും കൂട്ടി ഹോമയാഗത്തിനു വിറകുകീറി എടുത്തുകൊണ്ട് പുറപ്പെട്ടു ദൈവം തന്നോടു കല്പിച്ച സ്ഥലത്തേക്കു പോയി*

— ഉല്പത്തി 22:1-3

ഞാൻ കരുതുന്നു അബ്രഹാമിന് ഇസ്ഹാക്ക് വളരെ പ്രിയപ്പെട്ടവനാണ് അതുകൊണ്ട് ഇസ്ഹാക്കിനെ ദൈവത്തിനു നൽകിക്കൊണ്ട് തന്റെ വിശ്വാസവും അനുസരണവും വെളിപ്പെടുത്തുമൊയെന്നു ദൈവം പരീക്ഷിച്ചു. അബ്രഹാമിന്റെ മനസ്സൊരുക്കം ദൈവം കണ്ടപ്പോൾ, ഇസ്ഹാക്കിന്റെ സ്ഥാനത്ത് അർപ്പിക്കുന്നതിനായി ഒരു ആട്ടുകൊറ്റനെ ദൈവം നൽകി.

നമ്മൾ എല്ലാവരും പരീക്ഷയിൽ കൂടി കടന്നുപോകുന്നവരാണെന്നു ഓർക്കുക. അബ്രഹാമിന്റേതുപോലെ ഈ പരിശോധനകളെല്ലാം നമ്മുടെ വിശ്വാസത്തെ തെളിയിക്കുവാനും വളർത്തുവാനും കാരണമാകുന്നു. എന്റെ ജീവിതത്തിൽ കടന്നുവന്ന ഒരു പരീക്ഷ "ഞാൻ വളരെ നാളുകൾ സ്വപ്നം കണ്ടു ഈ ശുശ്രൂഷ ഇല്ലാതെവന്നാൽ? മാത്രമല്ല ഒരേ സമയം അൻപതിനുള്ളിൽ മാത്രം വരുന്ന ജനത്തോട് ശുശ്രൂഷിക്കുവാൻ ഇടയായാൽ? അപ്പോഴും ഞാൻ ദൈവത്തെ സ്നേഹിക്കുവാനും സന്തോഷത്തോടെ ആയിരിക്കുവാനും കഴിയുമോ?"

നിങ്ങളെക്കുറിച്ച് ഏതാണു പറയുവാനുള്ളത് നിങ്ങൾക്ക് ആഗ്രഹമുള്ളത് ലഭിക്കാതിരിക്കുമ്പോഴും ദൈവത്തെ സ്നേഹിക്കുവാൻ കഴിയുമോ? അപ്പോഴും നിങ്ങളുടെ ആയുസ്സിന്റെ നാൾ മുഴുവൻ അവനെ സ്നേഹിക്കുമോ? അതൊ അവനിൽ നിന്നു ഏതെങ്കിലും പ്രാപിക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണോ? നമ്മുടെ ഹൃദയത്തിലെ അനുഭവങ്ങളെ സ്വാർത്ഥത നിറഞ്ഞതെന്നും സ്വാർത്ഥരഹിതമെന്നും വിഭജിക്കുന്ന ഒരു വരയുണ്ട്. നാം ഈ വരയുടെ ഏതുഭാഗത്താണ് നിൽക്കുന്നതെന്ന് ഉറപ്പാക്കണം.

# നിങ്ങളുടെ യാത്ര നിങ്ങൾ ആസ്വദിക്കുന്നുണ്ടോ?

*അവർക്ക് ജീവൻ ഉണ്ടാകുവാനും സമൃദ്ധിയായിട്ട് (പൂർണ്ണമായും നിറഞ്ഞു കവിഞ്ഞുവരുന്നതുവരെ) ഉണ്ടാകുവാനും അത്രെ ഞാൻ വന്നിരിക്കുന്നത്*

— യോഹന്നാൻ 10:10

ദൈവം പൂർണ്ണമായും സന്തോഷകരമല്ലാത്ത ഒരു ജീവിതമാണ് നയിക്കുന്നുയെന്നു എനിക്ക് സങ്കല്പിക്കുവാൻ കഴിയുകയില്ല. ദൈവം ആസ്വദിക്കുന്ന ശ്രേഷ്ഠമേറിയ ജീവിതത്തെ അറിയാൻ തുടങ്ങുമ്പോൾതന്നെ എന്താണ് ജീവിതത്തെ ശരിയായി ഒരുക്കുന്നതിനെക്കുറിച്ചുള്ള ആധുനിക കാഴ്ചപ്പാട് മാറ്റേണ്ടി വരും. എണ്ണമാണ് ഗുണത്തെക്കാൾ വേണ്ടതെന്നുള്ള കാഴ്ചപ്പാടിലേക്കു ആധുനിക ലോകം വീണിരിക്കുന്നു. എന്നാൽ അത് സത്യമല്ല. സാത്താനിൽനിന്നു വന്ന ഈ ഭോഷ്ക്കാണ് ഇന്നു ലോകത്ത് കാണുന്ന സകല അത്യാഗ്രഹത്തിന്റെ കാരണം.

ഏറ്റവും ഗുണമുള്ള ഒന്നിനെയും ഇന്നു കാണുവാൻ കൂടുതൽ കൂടുതൽ ബുദ്ധിമുട്ട് അനുഭവിക്കുന്നു. ലോകത്തിൽ ഏറ്റവും വ്യവസായവത്ക്കരിക്കപ്പെട്ട രാഷ്ട്രങ്ങളിൽ പ്രത്യേകിച്ച് അമേരിക്കയിൽ എല്ലാം ധാരാളമായി ലഭിക്കുന്നു. എന്നാൽ മുമ്പിലത്തെക്കാൾ അധികം സന്തോഷമില്ലാത്തവർ അവിടെയുണ്ട്. നമ്മുടെ അനുദിന ജീവിതത്തിൽ എണ്ണത്തെക്കാൾ ഗുണത്തിനു പ്രധാന്യം കൊടുത്താൽ യഥാർത്ഥമായ സന്തോഷം അനുഭവിക്കുവാൻ കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നു. സന്തോഷവുമില്ലാതെ നൂറുവർഷം ജീവിക്കുന്നതിനെക്കാൾ നല്ലത് 40 വർഷം സന്തോഷത്തോടെ ജീവിക്കുന്നതാണ്.

വിശിഷ്ടമേറിയതും ദീർഘമേറിയതുമായ ഒരു ജീവിതം നമുക്ക് കഴിയുന്നതോർത്ത് ദൈവത്തെ സ്തുതിക്കാം; എന്നാൽ ഒരു കാര്യം വ്യക്തമാക്കുവാനാണ് ഞാൻ അങ്ങനെ പറഞ്ഞത്. ദൈവത്തിന്റേതായ ശ്രേഷ്ഠമേറിയതായ ഒരു ജീവിതം നയിക്കുവാൻ ദൈവമക്കളായ നമുക്ക് കഴിയും. ദൈവത്തിന്റെ ജീവിതത്തിൽ ഭയമോ, ആകുലതയോ പിരിമുറുക്കമോ മാനസിക തകർച്ചയോ ഒന്നുമില്ല. ദൈവത്തിന് അക്ഷമയോ അമിത വേഗതയോ ഇല്ല. ദൈവം തന്റെ കരങ്ങളുടെ പ്രവർത്തിയായ സൃഷ്ടിയിൽ സന്തോഷിക്കുവാൻ സമയമെടുക്കുന്നു. നിങ്ങളുടെ പ്രവർത്തിയിലും നേട്ടങ്ങളിലും മാത്രമല്ല, ജോലിക്കുവേണ്ടിയുള്ള പ്രഭാത യാത്രയിൽപ്പോലും സന്തോഷിക്കുവാൻ പഠിക്കണം. നിങ്ങളുടെ യാത്രയിലുണ്ടാകുന്ന സന്തോഷത്തെ നശിപ്പിക്കുന്ന നിരാശ ഉണ്ടാകുവാൻ വഴിയിലെ തടസ്സങ്ങളോ മറ്റു യാതൊന്നിനെയും അനുവദിക്കരുത്.

# ജീവൻ തിരഞ്ഞെടുക്കുക!

*ജീവനും മരണവും അനുഗ്രഹവും ശാപവും നിങ്ങളുടെ മുമ്പിൽ വെച്ചിരിക്കുന്നു എന്നതിനു ഞാൻ ആകാശത്തെയും ഭൂമിയെയും ഇന്നു സാക്ഷി വെക്കുന്നു. അതുകൊണ്ട് നീയും നിന്റെ സന്തതിയും ജീവിച്ചിരിക്കേണ്ടതിനും*

— ആവർത്തനം 30:19

നമ്മൾ ശരിയായ തീരുമാനം എടുക്കുന്നില്ലെങ്കിൽ ജീവിതം ആസ്വാദകരമാകുകയില്ല. സാത്താന്റെ പ്രധാന പരിപാടിയാണ് നെഹമ്യാവ് 8:10 നാം വായിക്കുന്നത്, "യഹോവയിങ്കലെ സന്തോഷം നിങ്ങളുടെ ബലം ആകുന്നു" യോഹന്നാൻ 10:10 – ൽ കാണുന്നത്, കള്ളൻ മോഷ്ടിപ്പാനും അറുപ്പാനും മുടിപ്പാനുമാണ് വരുന്നതെന്നാണ്.'' എന്നാൽ യേശു വന്നത് നമുക്ക് ജീവനുണ്ടാകുവാനാണ്. സാത്താൻ കള്ളനാണ്, അവന്റെ ലക്ഷ്യം നമ്മുടെ സന്തോഷം എടുത്തുകളയുകയാണ്. നമ്മുടെ സന്തോഷം അവനെടുത്താൽ നാം ബലഹീനരാകും അങ്ങനെ സംഭവിച്ചാൽ ശത്രു വിജയം നേടും.

സാത്താന്റെ പ്രവർത്തനങ്ങൾക്ക് ബലഹീനരായ വിശ്വാസികൾ ഒരു തടസമാകുന്നില്ല. ദൈവം നമ്മളെക്കുറിച്ച് ആഗ്രഹിക്കുന്ന ജീവിതം നയിക്കുന്നതിന് നാം അറിഞ്ഞിരിക്കേണ്ട ഒന്നാമത്തെ കാര്യം ദൈവികമായ സന്തോഷം നാം അനുഭവിക്കണം എന്നതാണ്. ആ സന്തോഷത്തിലേക്കു പ്രവേശിക്കുകയാണ് അപ്പോൾ ചെയ്യേണ്ടത്. നമ്മുടെ ശാരിരികവും മാനസികവും വൈകാരികവും ആത്മികവുമായ ആരോഗ്യത്തിനും ഈ സന്തോഷം നമ്മുടെ ആത്മാവിൽ അനുഭവിക്കേണ്ടത് ആവശ്യമാണ്. "സന്തുഷ്ട ഹൃദയം നല്ലൊരു ഔഷധമാകുന്നു" എന്നു സദൃശ്യവാക്യങ്ങൾ 17:22 – ൽ വായിക്കുന്നു. അതുപോലെ 'തകർന്ന മനസ്സോ അസ്ഥികളെ ഉണക്കുന്നു.'' എന്നു വായിക്കുന്നു. ദൈവഹിതമാണ് നാം ജീവിതം ആസ്വദിക്കണമെന്നത്. ഈ ദൈവികമായ സമൃദ്ധജീവിതത്തിലേക്ക് പ്രവേശിക്കുവാനുള്ള തീരുമാനമെടുക്കേണ്ട സമയമാണിപ്പോൾ

കഷ്ടത കടന്നുവരുന്നതുപോലെ സന്തോഷവും കടന്നുവരും ശിക്ഷാവിധിയും നാശവും വരുന്നതുപോലെ നീതിയും സമാധാനവും മനുഷ്യന് ലഭ്യമാണ്. അനുഗ്രഹങ്ങളും ശാപങ്ങളും ലഭ്യമാണ്. അതുകൊണ്ട് ആവർത്തനം 30:19 – ൽ പറഞ്ഞിരിക്കുന്നതുപോലെ നമുക്ക് ജീവിനും അനുഗ്രഹങ്ങളും തിരഞ്ഞെടുക്കാം.

# പടകിന്റെ തെറ്റായ വശത്ത് മീൻപിടുത്തം

*ശിമോൻ പത്രൊസ് അവരോട്: ഞാൻ മീൻ പിടിപ്പാൻ പോകുന്നു എന്നു പറഞ്ഞു; ഞങ്ങളും പോരുന്നു എന്നു അവർ പറഞ്ഞു അവർ പുറപ്പെട്ട് പടകു കയറി പോയി.*

— യോഹന്നാൻ 21:3

തനിക്കും ശിഷ്യന്മാർക്കും ഉയർത്തെഴുന്നേറ്റ കർത്താവ് പ്രത്യക്ഷപ്പെട്ടതിനുശേഷം എന്തു ചെയ്യണമെന്നു പത്രൊസിനു അറിയില്ലായിരുന്നു. അതുകൊണ്ട് താൻ കർത്താവിനെ കണ്ടു മുട്ടുന്നതിനു മുമ്പ് ചെയ്തുകൊണ്ടിരുന്ന മീൻ പിടുത്തത്തിലേക്കു മടങ്ങിപ്പോയി. മറ്റുള്ള ചില ശിഷ്യന്മാരും അവനോടൊപ്പം പോയി പക്ഷെ ആ രാത്രിയിൽ ഒന്നും പിടിച്ചില്ല.

യോഹന്നാൻ 21:4–5 ൽ പറയുന്നു "പുലർച്ചെ ആയപ്പോൾ യേശു കരയിൽ നിന്നിരുന്നു; യേശു ആകുന്നു എന്നു ശിഷ്യന്മാർ അറിഞ്ഞില്ല യേശു അവരോട്: കുഞ്ഞുങ്ങളെ കൂട്ടുവാൻ (മീൻ) വല്ലതും ഉണ്ടോ എന്നു ചോദിച്ചു ഇല്ല എന്നു അവൻ ഉത്തരം പറഞ്ഞു!" വികാരപരമായ തീരുമാനങ്ങൾ ഒന്നും പിടിക്കാത്ത അവസ്ഥ ഉണ്ടാക്കുന്നു. മറ്റൊരു നിലയിൽ പറഞ്ഞാൽ അവ തൃപ്തിയുള്ള ഒരു ഫലം ഉണ്ടാക്കുന്നില്ല.

വാക്യം 6 – ൽ വേദഭാഗം തുടരുന്നു, പടകിന്റെ വലത്തുവശത്ത് വല വീശുവിൻ എന്നാൽ നിങ്ങൾക്ക് കിട്ടും. മീനിന്റെ പെരുപ്പം ഹേതുവായി അതു വലിപ്പാൻ കഴിഞ്ഞില്ല. യേശു ശിഷ്യന്മാരെ പുരുഷന്മാരെ എന്ന് അല്ല വിളിച്ചത് പിന്നെയോ കുഞ്ഞുങ്ങളെ എന്നാണ്. അവൻ അവരോട്: "നിങ്ങൾ ചെയ്യുവാൻ പരിശ്രമിക്കുന്നതിൽ എന്തെങ്കിലും നന്മയുണ്ടോ?' എന്നു ചോദിക്കുന്നു. വളരെ മണിക്കൂറുകളുടെ പ്രവർത്തനത്തിനുശേഷവും ഒരു ഫലവുമില്ലാതിരിക്കുമ്പോൾ നാം ചോദിക്കേണ്ട ചോദ്യമിതാണ്.

നാം ദൈവഹിതത്തിനു വെളിയിൽ മീൻ പിടിക്കുമ്പോൾ പടകിന്റെ തെറ്റായ വശത്ത് മീൻ പിടിക്കുന്നതിനു തുല്യമാണ്. ചിലത് സംഭവിക്കുന്നതിന് വേണ്ടി നാം കഠിനാദ്ധ്വാനം ചെയ്യും. നാം വസ്തുക്കളെയോ നമ്മെത്തന്നെയോ മാറ്റാൻ ശ്രമിക്കും. നാം കൂടുതൽ പണം കിട്ടാൻ ശ്രമിക്കും. നാം സൗഖ്യമാകുവാൻ ശ്രമിക്കും നമ്മുടെ പങ്കാളിയെ മാറ്റുവാനോ പുതിയ പങ്കാളിയെ കണ്ടെത്തുവാനോ ശ്രമിക്കും നാം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു എന്നാൽ യാതൊരു ഫലവും നമ്മുടെ വേലക്കില്ല. നിങ്ങൾ എന്തെങ്കിലും പിടിച്ചോ? ക്ഷീണിക്കുകയല്ലാതെ എന്തെങ്കിലും നേടി എന്നു പറയുവാനുണ്ടോ? 'ഇല്ല' എന്നാണ് പറയുന്നതെങ്കിൽ നിങ്ങൾ പടകിന്റെ തെറ്റായ വശത്താണ് മീൻപിടുത്തം നടത്തുന്നത്. നിങ്ങൾ ദൈവശബ്ദത്തിനു തിരിയുന്നെങ്കിൽ എവിടെയാണ് നിങ്ങളുടെ വലയിറക്കേണ്ടതെന്നു അവൻ പറയുന്നു.

# യാഗപീഠത്തിൽ അർപ്പിക്കുക

*അതിന്റെ ശേഷം ദൈവം അബ്രഹാമിനെ പരീക്ഷിച്ചതു എങ്ങനെയെന്നാൽ; അബ്രഹാമെ, എന്നു വിളിച്ചതിന് ഞാൻ ഇതാ എന്നു അവൻ പറഞ്ഞു. അപ്പോൾ അവൻ, നിന്റെ മകനെ നീ സ്നേഹിക്കുന്ന നിന്റെ ഏകജാതനായ യിസ്ഹാക്കിനെ തന്നേ കൂട്ടിക്കൊണ്ട് മോരിയാ ദേശത്തു ചെന്നു, അവിടെ ഞാൻ നിന്നോട് കല്പിക്കുന്ന ഒരു മലയിൽ ഹോമയാഗം കഴിക്ക എന്നു അരുളിചെ യ്തു.*

— ഉല്പത്തി 22:1-2

അടുത്തകാലത്ത് ദൈവം എന്നോട് ചോദിച്ചു "ജോയ്സ്, നീ എന്നെ സ്നേഹിക്കുന്നുവോ?'' അങ്ങനെയെങ്കിൽ നീ ഞാൻ ചെയ്യണമെന്ന് ആഗ്രഹിക്കുന്ന വിധത്തിലും ചിന്തിക്കുന്ന വിധത്തിലും ഞാൻ എല്ലാ കാര്യങ്ങളും ചെയ്യുന്നില്ലെങ്കിലും എന്നെ സ്നേഹിക്കുകയും സേവിക്കുകയും ചെയ്യുമോ? ദൈവം എന്നെ സന്ദർശിക്കുന്ന ആ സന്ദർഭത്തിൽ ഞാൻ ഒരു വലിയ ശുശ്രൂഷയ്ക്കുവേണ്ടി പ്രാർത്ഥിക്കുകയായിരുന്നു. അവൻ വീണ്ടും എന്നോടു ചോദിച്ചു ഇവിടെ സെന്റ് ലൂയിസിൽ നദീതീരത്ത് ആരുമറിയാതെ 50 പേരടങ്ങുന്ന ഒരു ചെറിയ കൂട്ടത്തോട് ശുശ്രൂഷിച്ചുകൊണ്ട് ജീവിതം കഴിക്കണമെന്ന് ഞാൻ പറഞ്ഞാൽ നീ ചെയ്യുമോ? എന്റെ പ്രതികരണം "എന്നാൽ കർത്താവെ, നിനക്ക് ഉറപ്പായും അങ്ങനെ എന്നോടു പറയുവാൻ കഴിയില്ല" എന്നായിരുന്നു.

നാം നമ്മെക്കുറിച്ച് വലിയ പദ്ധതികളുമായി മുന്നോട്ടു പോകുന്നു അപ്രധാനമെന്നു നമുക്ക് തോന്നുന്ന ചില കാര്യങ്ങൾ ദൈവം നമ്മോട് ചെയ്യുവാൻ പറയുമ്പോൾ, ദൈവം പറയുന്നത് ശരിക്കു കേൾക്കുവാനോ, അത് ദൈവഹിതമാണെന്നു ചിന്തക്കുവാനോ, നമുക്ക് കഴിയുന്നില്ല. എന്റെ ശുശ്രൂഷയെക്കുറിച്ച് ദൈവം ചില ചോദ്യങ്ങൾ ചോദിച്ചപ്പോൾ ഞാൻ അനുഭവിച്ചതുപോലെ അബ്രഹാമും തന്റെ ഏകജാതനായ പുത്രനെ, അവനിലൂടെ തന്നെയും ലോകത്തിലെ സകല ജാതികളെയും അനുഗ്രഹിക്കാമെന്ന വാഗ്ദത്വമുള്ളവനെ (വായിക്കുക ഉല്പ. 22) യാഗം അർപ്പിക്കുവാൻ ആവശ്യപ്പെട്ടപ്പോൾ അനുഭവിച്ചു എന്നു ചിന്തിക്കുകയുണ്ടായി.

എനിക്കും മറ്റ് അനേകർക്കും അനുഗ്രഹത്തിനു കാരണമായ ശുശ്രൂഷ ഉപേക്ഷിക്കുവാൻ ദൈവം എന്നോട് ആവശ്യപ്പെടുന്നതായി എനിക്കു തോന്നി. ആ ശുശ്രൂഷ ഉപേക്ഷിക്കുവാൻ ദൈവം എന്നോട് അവശ്യപ്പെടുകയായിരുന്നില്ല അബ്രഹാം തന്റെ മകനെ യാഗപീഠത്തിൽ കിടത്തിയതുപോലെ യാഗപീഠത്തിൽ വെക്കുവാനാണ് ദൈവം എന്നോട് പറഞ്ഞത്. ദൈവത്തെക്കാൾ അധികമായി യാതൊന്നും നമ്മുടെ ശുശ്രൂഷയാ ണെങ്കിൽപോലും പ്രധാനമാക്കുവാൻ പാടില്ല. അത് സംഭവിക്കാതിരിപ്പാൻ സമയംതോറും നമ്മുടെ

ശുശ്രൂഷയെ ദൈവത്തിന്റെ യാഗപീഠത്തിൽ സമർപ്പിച്ച് ദൈവത്തോടുള്ള സ്നേഹവും സമർപ്പണവും വെളിപ്പെടുത്തുവാൻ തെളിവായി ജീവിതത്തിലെ ഏറ്റവും വിലയേറിയ അനുഗ്രഹത്തെ ദൈവത്തിനു നൽകുവാൻ ആവശ്യപ്പെട്ടുകൊണ്ട് ദൈവം നമ്മെ പരിശോധിക്കുന്നു.

# ഉപേക്ഷിക്കരുത്

*നന്മ ചെയ്കയിൽ നാം മടത്തുപോകരുത്; തളർന്നു*
*പോകാഞ്ഞാൽ തക്കസമയത്ത് നാം കൊയ്യും*
— ഗലാത്യർ 6:9

നിങ്ങളുടെ ജീവിതസാഹചര്യങ്ങൾ എത്ര പ്രതികൂലമായാലും ക്രിസ്തീയ ജീവിതം ഉപേക്ഷിക്കരുത് നിങ്ങളിൽ നിന്ന് പിശാച് കവർന്ന അതിരുകൾ വീണ്ടെടുക്കുക. ആവശ്യമെങ്കിൽ ഓരോ ഇഞ്ചും ഓരോ സമയത്ത് നേടുക ഇതിനു നിങ്ങൾ നിങ്ങളുടെ കഴിവിലാശ്രയിക്കാതെ ദൈവകൃപയിൽ എപ്പോഴും ആശ്രയിക്കുക. ഗലാത്യർ 6:9 – ൽ അപ്പോസ്തലനായ പൗലോസ് തുടരുവാനുള്ള പ്രോത്സാഹനമാണ് നൽകുന്നത്. പകുതി വഴിയിലിട്ടിട്ടു പോകരുത്. "ഉപേക്ഷിക്കുന്ന" ആ പഴയ സ്വഭാവം പാടില്ല. ദൈവത്തോടൊപ്പം മുഴുവൻ യാത്രയും തുടരുന്നവരെയാണ് ദൈവം നോക്കുന്നത്. "നി വെള്ള ത്തിൽകൂടി കടക്കുമ്പോൾ ഞാൻ നിന്നോടുകൂടെ ഇരിക്കും. നീ നദിക ളിൽകൂടി കടക്കുമ്പോൾ അവ നിന്റെ മീതെ കവിയുകയില്ല; നീ തീയിൽ കൂടി നടന്നാൽ വെന്തുപോകയില്ല അഗ്നിജ്വാല നിന്നെ ദഹിപ്പിക്കയില്ല" (യെശ്ശയ്യാവ് 43:2). നിങ്ങളുടെ ജീവിതത്തിൽ എന്ത് അനുഭവമാണ് അഭിമുഖീകരിക്കുന്നതെങ്കിലും അതിലൂടെ ധൈര്യത്തോടെ കടന്നുപോകുക, അല്ലാതെ ഉപേക്ഷിച്ച് പോകരുത്. ഉപേക്ഷിക്കുവാൻ എളുപ്പമാണ് എന്നാൽ വിശ്വാസത്താൽ മുന്നോട്ടു പോകുവാൻ കഴിയും.

# സന്തോഷം സമാധാനം ഇവ വിശ്വസിക്കുന്ന തിലൂടെ കണ്ടെത്താം

*എന്നാൽ പ്രത്യാശ നൽകുന്ന ദൈവം പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നിങ്ങൾ സമൃദ്ധിയുള്ളവരായി (കവിഞ്ഞൊഴുകുന്ന) വിശ്വസിക്കുന്നതി ലുള്ള(നിങ്ങളുടെ വിശ്വാസാനുഭവത്തിലൂടെ) സകല സന്തോഷവും സമാധാനവും കൊണ്ടു നിങ്ങളെ നിറെക്കുമാറാകട്ടെ*

— റോമർ 15:13

അവിശ്വാസത്തോടൊപ്പം സന്തോഷം ഉണ്ടാകുന്നില്ല, എന്നാൽ എവിടെ വിശ്വാസമുണ്ടോ അവിടെ സന്തോഷമുണ്ട്. അവിശ്വാസത്തെക്കാൾ ലളിതമാണ് വിശ്വാസം. നാം ദൈവത്തിലും അവന്റെ വചനത്തിലും വാഗ്ദത്വങ്ങളിലും വിശ്വസിക്കുന്നില്ല എങ്കിൽ നമ്മുടെ സ്വന്തം യുക്തികൊണ്ട് കാര്യങ്ങൾ സ്വയം ചെയ്യേണ്ടിവരും. എബ്രായർ 4:3 – ൽ വായിക്കുന്നത് “വിശ്വസിച്ചവരായ നാമല്ലോ സ്വസ്ഥതയിൽ പ്രവേശിക്കുന്നു.” എബ്രായർ 4:10 – ൽ വായിക്കുന്നത് അവന്റെ (ദൈവത്തിന്റെ) സ്വസ്ഥതയിൽ പ്രവേശിച്ചവൻ തന്റെ പ്രവർത്തികളിൽ നിന്നു നിവൃത്തനായി തീർന്നു (ക്ഷീണത്തിൽ നിന്നും വേദനയിൽ നിന്നും). “മത്തായി 11:28 ൽ യേശു പറഞ്ഞു “അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരെ എല്ലാവരും എന്റെ അടുക്കൽ വരുവിൻ ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും (നിങ്ങളുടെ ആത്മാക്കളെ തണുപ്പിച്ച് ആശ്വാസം നൽകും).”

യേശു നമ്മോട് തന്റെ അടുക്കലേക്കു വരുവാൻ ആഹ്വാനം ചെയ്യുന്നു. എന്നാൽ എങ്ങനെയാണ് അവന്റെ അടുക്കലേക്കു ചെല്ലേണ്ടത്? എബ്രായർ 11:6 – ൽ നാം വായിക്കുന്നു “എന്നാൽ വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിപ്പാൻ കഴിയുന്നതല്ല. ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉണ്ട് എന്നും തന്നെ അന്വേഷിക്കുന്നവർക്ക് പ്രതിഫലംകൊടുക്കുന്നു എന്നും വിശ്വസിക്കേണ്ടതല്ലേ” നാം ദൈവത്തിന്റെ അടുക്കൽ വരുന്നത് വിശ്വാസത്തോടെ ആയിരിക്കണമെന്നാണ് മുകളിൽ വ്യക്തമാക്കുന്നത്. നാം അങ്ങനെ ചെയ്യുമ്പോൾ സന്തോഷമുണ്ടാകുന്നു. സന്തോഷമുണ്ടാകുമ്പോൾ ജീവിതം ആസ്വാദ്യകരമാകുന്നു ഇത് നമ്മെക്കുറിച്ചുള്ള ദൈവഹിതമാണ് അതുകൊണ്ട് ജീവിതം എപ്പോഴും സന്തോഷമുള്ളതാക്കി തീർക്കാം. നാം സങ്കടപ്പെടുന്നവരായി ജീവിക്കുവാനല്ല യേശു നമുക്ക് വേണ്ടി മരിച്ചത്. നമ്മെ എല്ലാ അടിമത്തത്തിൽ നിന്നും സങ്കടങ്ങളിൽ നിന്നും വിടുവിക്കുവാനാണ് കർത്താവ് മരിച്ചത്. യേശു തന്റെ വേല പൂർത്തിയാക്കി ഇനി നാം പൂർത്തിയാക്കേണ്ട ഒരേ ഒരു കാര്യം വിശ്വസിക്കുക മാത്രമാണ്.

# ദൈവം സഹായമില്ലാത്തവരെ സഹായിക്കുന്നു

*ദൈവം താഴ്മയുള്ളവർക്ക് കൃപ നൽകുന്നു*

— 1 പത്രൊസ്. 5:5

"തങ്ങളെത്തന്നെ സഹായിക്കുന്നവരെ ദൈവം സഹായിക്കുന്നുയെന്ന്" ലോകം പറയുന്നു. ഇത് പൂർണ്ണമായും ദൈവവചനത്തിന് എതിരാണ്. ചില കാര്യങ്ങളിൽ നാം നമ്മെത്തന്നെ സഹായിക്കാറുണ്ട്. ഉദാഹരണത്തിന് നമ്മുടെ വാഹനങ്ങളോ ഭവനങ്ങളോ കഴുകുവാൻ ദൈവം തന്റെ ദൂതനെ അയക്കുന്നില്ല അതിന്റെ ഉത്തരവാദിത്വം നമുക്കാണ്. നമ്മുടെ ജീവിതം നയിക്കാൻ ആവശ്യമായ ജോലി നേടുവാൻ നാം അന്വേഷിക്കണം. ദൈവം നമുക്ക് ജ്ഞാനവും ബലവും തരും. എന്നാൽ ഈ കാര്യങ്ങളിൽ നമ്മുടെ കരങ്ങളും ശരീരവും ഉപയോഗിക്കണം.

സ്വയം സഹായിക്കുന്നവരെ ദൈവം സഹായിക്കുമെന്ന് പറയുന്നത് ദൈവ വചനപ്രകാരം ഉള്ളതല്ലെന്നു മാത്രമല്ല തെറ്റായ ദിശയിലേക്കു നയിക്കുന്ന തുമാണ്. ഈ പ്രസ്താവന ജനത്തെ നയിക്കുന്നത് അവർ ദൈവത്തിന്റെ സഹായം ആവശ്യപ്പെടുന്നതിനു മുമ്പ് അവർക്ക് ചെയ്യാൻ കഴിയുന്നതെല്ലാം ചെയ്യണമെന്ന ആശയമാണ്. യാതൊരു അത്ഭുതത്തിന്റെയും അവശ്യമില്ല. ഇത് ഒരു 'ലൗകികപ്രസ്താവന' ആണ്. ദൈവവചനമെന്നപോലെ അംഗീകരിക്കപ്പെടുന്നു.

ഈ ലോകത്തിന്റെ ദൈവമായ സാത്താൻ (വായിക്കുക 2 കൊരിന്ത്യർ 4:4) ഏറ്റവും ഇഷ്ടപ്പെടുന്നത് ദൈവത്തിലാശ്രയിക്കാതെ നമ്മുടെ രക്ഷയ്ക്കുവേണ്ടി നമ്മിലാശ്രയിച്ച് നിരാശയിൽ ജീവിക്കുന്നതാണ്.

തങ്ങളുടെ സ്വയത്തിന്റെ സഹായത്തിനുവേണ്ടി സ്വയത്തിൽ ആശ്രയി ക്കുന്നവരെ ദൈവം സഹായിക്കുന്നില്ല. എന്നാൽ തങ്ങളെക്കൊണ്ട് തന്നെ തങ്ങളെത്തന്നെ രക്ഷിക്കുവാൻ കഴിയില്ല എന്നു വിശ്വസിക്കുന്നവരെയാണ് ദൈവം സഹായിക്കുന്നത്. തങ്ങളുടെ വിടുതലിനുവേണ്ടി ദൈവത്തിൽ സംപൂർണ്ണമായി ആശ്രയിക്കുന്നവരെ ദൈവം സഹായിക്കുന്നു.

# പർവ്വതങ്ങൾ സമഭൂമിയാകും

*സെരുബ്ബാബേലിന്റെ മുമ്പിലുള്ള മഹാപർവ്വതമെ നീ ആർ?*
*നീ സമ ഭൂമിയായിത്തീരും അതിനു കൃപ കൃപ എന്ന*
*ആർപ്പോടുകൂടെ അവൻ ആണിക്കല്ലു കയറ്റും*

— സെഖര്യാവ് 4:7

ഇസ്രായേൽ ജനം യഹോവയുടെ മന്ദിരം പണിതുകൊണ്ടിരുന്നപ്പോൾ അവർക്കെതിരെ വന്ന ശമര്യാക്കാർ അവർക്ക് ഒരു വലിയ പ്രതിബന്ധമായി തീർന്നു. ദൈവം കല്പിച്ചത് അനുസരിക്കുന്നതിൽ നിന്നും ദൈവജനത്തെ തടുത്ത ശമര്യരുടെ പ്രതിരോധം മന്ദിരം പണിയുന്നതിന് നേതൃത്വം കൊടുത്ത സെരുബ്ബാബേലിന്റെ മുമ്പാകെ മഹാപർവ്വതം പോലെ തടസ്സമായിതീർന്നു. ദൈവം നമ്മോട് എന്തെങ്കിലും ചെയ്യുവാൻ ആവശ്യപ്പെടുകയും അത് അനുസരിപ്പാൻ നാം തുടങ്ങുമ്പോൾ പർവ്വത സമാനമായ പ്രശ്നങ്ങൾ തടസ്സങ്ങളായി പിശാച് കൊണ്ടുവരാറുണ്ട്. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ നിങ്ങളുടെ വികാരം എന്തായിരിക്കും എന്ന് എനിക്ക് നന്നായി അറിയാം. കാരണം എനിക്കും ഇതുപോലെയുള്ള സന്ദർഭം ഉണ്ടായിട്ടുണ്ട്.

ഇവിടെ പ്രശ്നം എന്നത് കാഴ്ചപ്പാടിന് അനുസരിച്ചിരിക്കും. ദൈവം സെഖര്യാവിലൂടെ പറയുന്നത് യിസ്രായേലിന്റെ മുമ്പാകെ പർവ്വതമായി നിലക്കുന്നതായി തോന്നുന്നത് യഥാർത്ഥമായി ഒരു സമതലം മാത്രമാണെന്നാണ്. പർവ്വതസമാനമായ നിങ്ങളുടെ എല്ലാപ്രശ്നങ്ങളും സമതലമായി തീരുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? എന്നാൽ നിങ്ങൾ ചെയ്യേണ്ടത്? ദൈവത്തിൽ പൂർണ്ണമായി ആശ്രയിക്കുകയും പ്രശ്നത്തെ മാത്രം നോക്കാതെ ദൈവത്തിങ്കലേക്കും അവന്റെ അത്ഭുത ശക്തിയിലേക്കുമാണ് നാം നോക്കേണ്ടത്. ദൈവം നമ്മോട് എന്തെങ്കിലും ചെയ്യുവാൻ പറയുമ്പോൾ നാം അത് ചെയ്യുവാൻ തുടങ്ങുക മാത്രമല്ല അത് വിജയകരമായി പൂർത്തീകരിക്കുക എന്നുകൂടി ദൈവം ആഗ്രഹിക്കുന്നു.

# നിങ്ങൾ ആഗ്രഹിക്കുവാൻ സൃഷ്ടിക്കപ്പെട്ടവരാണ്

*ഞാൻ നിന്നെ വലിയൊരു ജാതിയാക്കും; നിന്നെ അനുഗ്രഹിച്ച്*
*നിന്റെ പേർ വലുതാക്കും; നീ ഒരു അനുഗ്രഹമായിരിക്കും*

— ഉല്പത്തി 12:2

മറ്റുള്ളവരുടെ നന്മയ്ക്കായി നിങ്ങൾ ചിന്തിക്കുന്നതൊക്കെയും അവരോട് തുറന്നുപറയേണ്ടതാണ്, കാരണം ആളുകൾക്ക് നിങ്ങളുടെ മനസ്സ് വായിക്കുവാൻ കഴിവില്ലല്ലോ. നിങ്ങളുടെ ചിന്തകൾ മറ്റുള്ളവരുടെ ആത്മവിശ്വാസത്തെ ചെറിയ രീതിയിൽ സ്വാധീനിക്കാറുണ്ട്. എന്നാൽ നിങ്ങളുടെ വാക്കുകൾക്ക് തീർച്ചയായും അവരെ ധൈര്യപ്പെടുത്തുവാനും ഉയർത്തുവാനും സാധിക്കും. എല്ലാവർക്കും, പ്രോത്സാഹനവും ഉറപ്പും ആവശ്യമാണ് പ്രത്യേകിച്ചും, മറ്റുള്ളവരിൽ നിന്ന് വൈകാരികമായും മാനസികമായും മുറിവേറ്റവർക്ക്. സത്യത്തിൽ നമുക്ക് ചെയ്യുവാൻ കഴിയും എന്ന് നാം തിരിച്ചറിഞ്ഞിട്ടുള്ളതിലും ശക്തി നമുക്കുണ്ട്. നമുക്ക് മനുഷ്യരെ സഹായിക്കുവാൻ സാധിക്കും. ശരിയായ വാക്ക് ശരിയായ സമയത്ത് പറയുമ്പോൾ അതിന് മുറിവുകളെ ഉണക്കുവാനുള്ള ശക്തിയുണ്ട്.

സദൃശ്യവാക്യങ്ങൾ 15:23 – ൽ പറയുന്നത് "താൻ പറയുന്ന ഉത്തരം ഹേതുവായി മനുഷ്യനു സന്തോഷം വരും, തക്കസമയത്ത് പറയുന്ന വാക്ക് എത്ര മനോഹരം എന്നാണ്" തക്കസമയത്ത് പറയുന്ന വാക്കുകൾ മറ്റുള്ളവർക്ക് മാത്രമല്ല അത് നമുക്കും നല്ലതാണ്. നാം മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുമ്പോൾ അതിന്റെ സന്തോഷം നാമും അനുഭവിക്കുകയാണ്. നമ്മൾ ഒരു അനുഗ്രഹമായാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. ദൈവം അബ്രഹാമിനോട് പറഞ്ഞത് ഞാൻ നിന്നെ അനുഗ്രഹിക്കുകയും മറ്റുള്ളവർക്ക് നിന്നെ ഒരു അനുഗ്രഹമാക്കുകയും ചെയ്യും എന്നാണ്. നാം അനുഗ്രഹം പ്രാപിച്ചത് അനുഗ്രഹിക്കുവാനാണ് ആയതിനാൽ നാം ചെയ്യേണ്ടത് (അനുഗ്രഹിക്കുക) ചെയ്യുക അപ്പോൾ നമുക്ക് ലഭിക്കേണ്ടത് (അനുഗ്രഹം) ദൈവം നല്കും.

# ഇത് അങ്ങയുടെ ഹിതമാണെങ്കിൽ

*നിങ്ങൾ മോഹിച്ചിട്ടും പ്രാപിക്കുന്നില്ല; നിങ്ങൾ കൊല്ലുകയും അസൂയപ്പെടുകുയും ചെയ്തിട്ടും ഒന്നും സാധിക്കുന്നില്ല; നിങ്ങൾ കലഹിക്കുകയും ശണ്ഠയിടുകയും ചെയ്തിട്ടും യാചിക്കായ്കകൊണ്ട് കിട്ടുന്നില്ല. നിങ്ങൾ യാചിക്കുന്നു എങ്കിലും നിങ്ങളുടെ ഭോഗങ്ങളിൽ ചെലവിടേണ്ടതിനു വല്ലാതെ യാചിക്കകൊണ്ട് ഒന്നും ലഭിക്കുന്നില്ല*

— യാക്കോബ് 4:2-3

അങ്ങയുടെ ഹിതമാണെങ്കിൽ എന്നു പറഞ്ഞുകൊണ്ട് പ്രാർത്ഥിക്കാൻ പാടില്ലാത്ത ചില കാര്യങ്ങൾ ദൈവവചനത്തിൽ പറഞ്ഞിട്ടുണ്ട്. അവൻ സകല മനുഷ്യരും രക്ഷപ്രാപിപ്പാനും സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തുവാനും ഇച്ഛിക്കുന്നു എന്ന് 1 തിമൊഥെയോസ് 2:3,4 – ൽ കാണുന്നു. ആയതിനാൽ രക്ഷയുടെ കാര്യത്തിൽ ഇത് സത്യമാണ്. അതുകൊണ്ട് ദൈവഹിതമാണെങ്കിൽ രക്ഷിക്കണം എന്ന് പ്രാർത്ഥിക്കേണ്ട കാര്യമില്ല. കാരണം, ആ വ്യക്തിയെ രക്ഷിക്കേണ്ടത് ദൈവഹിതമാണ് എനിക്കറിയാം. നിങ്ങൾ യാചിക്കായ്കകൊണ്ട് ഒന്നും ലഭിക്കുന്നില്ല, എന്നും നിങ്ങൾ വല്ലാതെ യാചിക്കക്കൊണ്ട് ഒന്നും ലഭിക്കുന്നില്ല എന്നും യാക്കോബ് 4:2,3 – ൽ പറയുന്നു.

എനിക്കറിയാം ഒരു വിശ്വാസിയെ സംബന്ധിച്ച് ഇത് വിശ്വസിക്കുവാൻ ബുദ്ധിമുട്ടുണ്ട് എങ്കിലും ഇത് സത്യമാണ്. പ്രത്യേകിച്ച് ദൈവത്തിന്റെ ശുദ്ധീകരണ പ്രക്രിയ ഏറ്റെടുക്കാതിരിക്കുന്ന വിശ്വാസിയെ സംബന്ധിച്ച് അവന്റെ ഉള്ളിൽ ദൈവത്തോടൊപ്പം സ്വയവും സ്ഥാനം പിടിച്ചിരിക്കും.

ഇങ്ങനെയുള്ള സന്ദർഭത്തിൽ, നമ്മൾ ചോദിക്കുന്ന കാര്യത്തെക്കുറിച്ച് തിരുവചനത്തിൽ വ്യക്തമായ നിർദ്ദേശം ഇല്ലാതിരിക്കുകയും, അതിനെക്കുറിച്ച് ദൈവം എന്തു പറയുന്നു എന്നത് നാം കേട്ടിട്ടില്ലായ്കയാലും ഇത് അങ്ങയുടെ ഹിതമാണെങ്കിൽ നല്കണം എന്നാണ് പ്രാർത്ഥിക്കേണ്ടത്.

ദൈവമെ ഇത് അങ്ങയുടെ ഹിതമാണെങ്കിൽ, ഇത് അങ്ങയുടെ പദ്ധതിയിൽപ്പെട്ടതാണെങ്കിൽ, ഇത് അങ്ങയുടെ സമയമാണെങ്കിൽ, എന്നൊക്കെ പ്രാർത്ഥിക്കാറുണ്ട്. ഞാൻ വിശ്വാസത്തിൽ ബലഹീനയായതുകൊണ്ടാണ് എന്ന് ഞാൻ വിശ്വസിക്കുന്നില്ല. നിനക്കു തന്നെ നീ ജ്ഞാനിയായി തോന്നരുതെന്ന് സദൃശ്യവാക്യങ്ങൾ 3:7 – ൽ പറയുന്നു. ഈ വാക്യം ഞാൻ ഹൃദയത്തിൽ സൂക്ഷിച്ച് ഇത് എന്റെ എന്നെ വലിയ ദുഖത്തിൽ നിന്നും എന്നെ രക്ഷിക്കും എന്ന് വിശ്വസിക്കുന്നു.

നമ്മൾ പിശാചിന്റെ പരീക്ഷണത്തിൽ അകപ്പെട്ട് ദൈവത്തെ അവിശ്വസിക്കാതെ ദൈവത്തെ ദൈവമായി തന്നെ പ്രവർത്തിക്കുവാൻ അനുവദിക്കുക.

# മറ്റുള്ളവരെ വിധിക്കുക എന്നതിന്റെ ദൂഷ്യഫലം

*അതുകൊണ്ട് വിധിക്കുന്ന ഏതു മനുഷ്യരുമായുള്ളോവെ, നിനക്കു പ്രതിവാദം പറവാൻ ഇല്ല. അന്യനെ വിധിക്കുന്നതിൽ നീ നിന്നെത്തന്നെ കുറ്റം വിധിക്കുന്നു. വിധിക്കുന്ന നീ അതു തന്നെ പ്രവർത്തിക്കുന്നുവല്ലോ.*

— റോമർ 2:1

നമ്മൾ ചെയ്യുന്ന അതേ കാര്യത്തിൽ തന്നെയാണ് നമ്മൾ മറ്റുള്ളവരെ വിധിക്കുന്നത്. ഈ തത്വം മനസ്സിലാക്കുവാൻ ദൈവം എന്നോട് ഒരു ഉദാഹരണം പറഞ്ഞു. നമ്മൾ ഒരു കാര്യംചെയ്യുന്നു അത് നല്ലതെന്നു നമുക്കു തോന്നുന്നു എന്നാൽ ആ കാര്യം തന്നെ മറ്റൊരാൾ ചെയ്യുമ്പോൾ നാം അയാളെ വിമർശിക്കുന്നു. എന്താണ് മനുഷ്യർ ഇങ്ങനെ പ്രവർത്തിക്കുന്നതെന്നു ഞാൻ ചിന്തിച്ചു. ദൈവം എന്നോട് പറഞ്ഞത്, "ജോയ്സീ, നീ നിന്നെ നോക്കുന്നത് മനോഹരമായ ഒരു കണ്ണാടിയിൽ കൂടിയാണെങ്കിൽ നീ മറ്റുള്ളവരെ നോക്കുന്നത് ഭൂതകണ്ണാടിയിലൂടെയാണ്."

നാം നമ്മുടെ സ്വഭാവത്തോട് വിട്ടുവീഴ്ച ചെയ്യുന്നു എന്നാൽ മറ്റൊരാൾ അതേകാര്യം ചെയ്യുമ്പോൾ നാം അവരോട് കരുണ കാണിക്കുന്നില്ല മനുഷ്യർ നിങ്ങൾക്ക് ചെയ്യേണം എന്ന് നിങ്ങൾ ആഗ്രഹിക്കുന്നത് അവർക്കും ചെയ്ക (മത്തായി 7:12) എന്ന തത്വം, അനാവശ്യമായ വിമർശനങ്ങളും വിധികളും നടത്തുന്നതിൽ നിന്നും നമ്മെ പിൻതിരിപ്പിക്കും. വിധിക്കുന്ന മനസ്സ്, എന്നത് നിഷേധാത്മകമായ മനസ്സിന്റെ ഭാഗമാണ്. ഇത് മറ്റുള്ളവരെക്കുറിച്ച് നന്മ ചിന്തിക്കുന്നതിലുപരിയായി ദോഷം ചിന്തിക്കുവാനിടയാക്കും. എപ്പോഴും നമ്മൾ ക്രിയാത്മകമായി ചിന്തിക്കേണ്ടതാണ്. ഇത് മറ്റുള്ളവർക്ക് അതിനെക്കാളുപരി പ്രയോജനപ്പെടും.

# കുശവന്റെ കരങ്ങളിൽ സമർപ്പിക്കുക

*എങ്കിലോ യഹോവേ, നീ ഞങ്ങളുടെ പിതാവ്; ഞങ്ങൾ കളിമണ്ണും നീ ഞങ്ങളെ മനയുന്നവനും ആകുന്നു; ഞങ്ങൾ എല്ലാവരും നിന്റെ കൈപ്പണിയത്രെ.*

— യെശ്ശയ്യാവ് 64:8

ഒരു ഭാര്യയും ഭർത്താവും, പഴയ സാധനങ്ങൾ വിൽക്കുന്ന ഒരു കടയിൽ പോയ കഥ ഞാനോർക്കുന്നു. അവിടെ കണ്ട ഒരു ചായക്കപ്പ് കയ്യിലെടുത്ത് ഇതെത്ര മനോഹരമാണ്, ഇത് നമുക്ക് മേടിക്കാം, അവർ പറഞ്ഞു. പെട്ടെന്ന് ചായക്കപ്പ് സംസാരിക്കുവാൻ തുടങ്ങി, "ഞാനിതുപോലെ ഒന്നുമായിരുന്നില്ല, നിങ്ങൾക്കറിയാമോ ഞാനൊരിക്കൽ, തണുത്തുറഞ്ഞ, കളറില്ലാത്ത രൂപമില്ലാത്ത ഒരു കളിമണ്ണായിരുന്നു. ഒരിക്കൽ എന്നെ കയ്യിലെടുത്ത് എന്റെ യജമാനൻ പറഞ്ഞു 'എനിക്കീ മണ്ണിൽ നിന്ന് എന്തെങ്കിലും ഉണ്ടാക്കാൻ സാധിക്കും' അദ്ദേഹം എന്നെ ഉരുട്ടാനും, തലോടാനും എന്റെ രൂപം മാറ്റാനും തുടങ്ങി. നീ എന്താണ് ചെയ്യുന്നത് എനിക്ക് വേദനിക്കുന്നു എന്ന് ഞാൻ പറഞ്ഞു, അദ്ദേഹം പഞ്ഞു 'തീർന്നിട്ടില്ല.'

അതിനുശേഷം അവനെന്നെ ഒരു ചക്രത്തിലിട്ട് കറക്കിക്കൊണ്ടിരുന്നു, അവസാനം ഞാൻ അയ്യോ എനിക്ക് തലകറങ്ങുന്നേ നിർത്തണേ എന്ന് നില വിളിച്ചു. അപ്പോഴും അയാൾ പറഞ്ഞത് 'തീർന്നിട്ടില്ല' എന്നാണ്. പിന്നെ എന്നെ ഒരു കപ്പിന്റെ രൂപത്തിലാക്കി ചൂടുള്ള അടുപ്പിൽ വച്ചു; ഞാൻ വീണ്ടും നിലവിളിച്ച്, എന്നെ രക്ഷിക്കണേ, എനിക്കു ശ്വാസം മുട്ടുന്നേ എന്നു പറഞ്ഞു. എന്നാൽ ജനൽ ചില്ലിലൂടെ എന്നെ നോക്കി ഒരു ചെറു പുഞ്ചിരിയോടെ അയാൾ പറഞ്ഞു 'തീർന്നിട്ടില്ല'

എന്നെ പുറത്തെടുത്തപ്പോൾ ഞാൻ വിചാരിച്ചു. ഹൊ, ആശ്വസമായി, തീർന്നല്ലോ എന്ന് എന്നാൽ എന്നെ വീണ്ടും കയ്യിലെടുത്ത് പെയിന്റ് ചെയ്യുവാൻ തുടങ്ങി, അവൻ ചെയ്യുന്നതെന്താണെന്ന് എനിക്കു മനസ്സിലായില്ല, ഇതു വീണ്ടും എന്നെ ചൂടുള്ള അടുപ്പിൽ വച്ചു അയ്യോ, സത്യ മായും എന്നെ വിശ്വസിക്ക് ഇത് എനിക്ക് സഹിക്കുവാൻ വയ്യ, ദയവായി എന്നെ രക്ഷിക്കണേ എന്ന് ഞാൻ വീണ്ടും കരഞ്ഞു. അപ്പോഴും ഞാൻ കേട്ടത് 'തീർന്നിട്ടില്ല' എന്നാണ്. അവസാനമായി എന്നെ എടുത്ത് ഒരു അലമാര യിൽ വെച്ചു. എന്നെ ഉപേക്ഷിച്ചു എന്നു ഞാനോർത്തു.

എന്നാൽ ഒരു ദിവസം എന്നെ എടുത്ത് പൊടിയൊക്കെ തട്ടി ഒരു കണ്ണാടിയുടെ മുൻപിൽ വെച്ചു, എനിക്കെന്റെ കണ്ണുകളെ വിശ്വസിക്കാൻ കഴിഞ്ഞില്ല, എല്ലാവരും വാങ്ങിക്കാൻ ഇഷ്ടപ്പെടുന്ന മനോഹരമായ ചായക്കപ്പായി ഞാൻ രൂപാന്തരപ്പെട്ടിരുന്നു."

നാം ഇഷ്ടപ്പെടാത്ത പലതും നമ്മുടെ ഉള്ളിൽ നടന്നുകൊണ്ടിരിക്കും. എന്നാൽ അതിന്റെ അത്യന്തിൽ ദൈവം ആഗ്രഹിക്കുന്ന പദവിയിലും രൂപത്തിലും അവൻ നമ്മെ ആക്കുവാൻ ഇത് കാരണമാകും.

# സന്തോഷം പുറപ്പെടുവിക്കുക

*ആത്മാവിന്റെ ഫലമോ: സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം; ഈ വകെക്കും വിരോധമായി ഒരു ന്യായപ്രമാണവുമില്ല*

— ഗലാത്യർ 5:22,23

സംശയവും അവിശ്വാസവും സന്തോഷത്തിന്റെ ശത്രുക്കളാണ്. എന്നാൽ നിഷ്കളങ്കമായ വിശ്വാസം, പരിശുദ്ധാത്മാവിന്റെ ഫലമായ സന്തോഷം പുറപ്പെടുവിക്കുന്നു, എന്തെന്നാൽ പരിശുദ്ധാത്മാവാണല്ലോ നമ്മുടെ ഉള്ളിൽ വസിക്കുന്നത്. ഗലാത്യ ലേഖനത്തിൽ വായിക്കുന്നത് പോലെ ആത്മാവിന്റെ ഫലങ്ങളിലൊന്നാണ് സന്തോഷം. അതുകൊണ്ട് ദൈവമക്കൾ എന്ന നിലയിൽ നാം സന്തോഷം പുറപ്പെടുവിക്കുകയും, ജീവിതം ആസ്വദിക്കുകയും ചെയ്യണം. യേശുക്രിസ്തുവിനെ സ്വീകരിച്ച വ്യക്തിയുടെ ആത്മാവിലാണ് സന്തോഷം വസിക്കുന്നത്. എന്നാൽ, അയാളുടെ ദേഹി (മനസ്സ്, ഇച്ഛ, വികാരങ്ങൾ) ഭാരങ്ങളാലും, നിഷേധാത്മക ചിന്തകളാലും (അവിശ്വാസം, സംശയം) ഭാരപ്പെടുകയാണെങ്കിൽ ആഴത്തിൽ (ആത്മാവിൽ വസിക്കുന്ന സന്തോഷം പുറപ്പെടുവിക്കുന്നതിൽ നിന്നും നമ്മെ അത് തടസ്സപ്പെടുത്തും.

പത്രൊസ് പറയുന്നത്, "നിന്റെ സകല ചിന്താകുലവും കർത്താവിൽ ഇടുക" എന്നാണ് (1 പത്രൊസ് 5:7). പൗലോസ് പ്രബോധിപ്പിക്കുന്നത് ഇപ്രകാരമാണ് "ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്, എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടെ അറിയിക്കുകയത്രെ വേണ്ടത്. എന്നാൽ സകല ബുദ്ധിയെയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയേശുവിങ്കൽ കാക്കും (ഫിലിപ്പിയർ 4:6,7)" എന്നാണ്. ആകയാൽ നിങ്ങളുടെ മനസ്സിനെ സന്തോഷം, ആഹ്ലാദകരമായ ചിന്തകൾ, എന്നിവയാൽ നിറച്ച്, ദൈവത്തിൽ ആശ്രയിക്കുക അപ്പോൾ അവൻ നമ്മുടെ പ്രശ്നങ്ങളെ പരിഹരിക്കും.

# ആത്മാവിൽ നടക്കുക

*ആത്മാവിനെ അനുസരിച്ച് നടപ്പിൻ; എന്നാൽ നിങ്ങൾ ജഡ ത്തിന്റെ മോഹം നിവർത്തിക്കുയില്ല എന്നു ഞാൻ പറയുന്നു*

— ഗലാത്യർ 5:16

ദൈവം സംസാരിക്കുമ്പോൾ, അവൻ നമ്മുടെ മനസ്സിന്റെ ചിന്തകളെ ആത്മാവിലെ സത്യത്തിൽ നിന്ന് വേർപെടുത്തി തന്റെ ഉദ്ദേശങ്ങൾ നമ്മിൽ നിറവേറുകയാണ് ചെയ്യുന്നത്. ദൈവവചനം പഠിച്ചുകൊണ്ടിരുന്ന നാളിൽ എനിക്ക്, ഞാൻ എപ്പോഴാണ് മനസ്സുകൊണ്ട് ചിന്തിക്കുന്നതെന്നു എപ്പോഴാണ് ആത്മാവുകൊണ്ട് ചിന്തിക്കുന്നതെന്നു തിരിച്ചറിയില്ലായിരുന്നു. ഞാൻ എപ്പോഴാണ് വൈകാരികമായി പ്രവർത്തിക്കുന്നതെന്ന് എനിക്കറിയത്തില്ലായിരുന്നു. ദൈവവചനം പഠിച്ചപ്പോൾ വിശ്വാസത്താൽ ചിന്തിക്കുവാനും പ്രവർത്തിക്കുവാനും ദൈവത്തിന്റെ വാഗ്ദാനത്തിനൊത്തു ജീവിക്കുവാനും ഞാൻ പഠിച്ചു.

എനിക്കാവശ്യമായത് ഏതു മാർഗ്ഗത്തിലും നേടി എടുക്കുവാൻ ഞാൻ ശ്രമിച്ചിരുന്നു, അതെല്ലാം തെറ്റായ മാർഗ്ഗങ്ങളായിരുന്നു. എന്റെ കാര്യം സാധിക്കാതെ വരുമ്പോൾ ദേഷ്യപ്പെടുകയും മുഷ്ടിചുരുട്ടുകയും ഇടിക്കുകയും ചെയ്യുമായിരുന്നു. ചിലപ്പോൾ എന്റെ ഭർത്താവായ ഡേവിനോട് എന്റെ ആവശ്യങ്ങൾ സാധിച്ചു തരുന്നതുവരെ ദിവസങ്ങളോളം മിണ്ടാ തിരുന്നിട്ടുണ്ട്. എന്റെ ആവശ്യങ്ങൾ മാത്രമായിരുന്നു എന്റെ ചിന്ത. ഞാൻ ഒരു ജഡസ്വഭാവമുള്ളവളും, സ്വയത്തിൽ ആശ്രയിക്കുന്നവളും, വളരെ ദു:ഖിതയുമായി മാറി. ഞാൻ എന്നെക്കുറിച്ച് മാത്രം ചിന്തിക്കുന്നവളായി.

തങ്ങൾ ആഗ്രഹിക്കുന്നതെന്തും ലഭിക്കും എന്ന പ്രതീക്ഷയോടെ അനേകർ ദൈവത്തോട് അടുക്കാറുണ്ട്. അവരുടെ ആവശ്യങ്ങൾ മാത്രമാണ് അവരുടെ പ്രാർത്ഥന തത്ഫലമായി ജീവിതകാലം മുഴുവൻ അവർ ശിശു ക്രിസ്ത്യാനികൾ ആയിരിക്കും. അവർ മരിക്കുമ്പോൾ, വല്ലവിധേനയും നിത്യതയിൽ കടന്നാലും ഭൂമിയിലെ ജീവിതത്തിൽ അവർ വിജയിക്കത്തില്ല. ദൈവം എന്താണ് ആഗ്രഹിക്കുന്നതെന്ന് അവർക്ക് ഒരിക്കലും ശ്രദ്ധിക്കുവാൻ സാധിക്കത്തില്ല. ജഡത്തെ അനുസരിച്ച് നടന്നിട്ട് വിജയമോ യഥാർത്ഥ സന്തോഷമോ അനുഭവിപ്പാൻ ആർക്കും സാധ്യമല്ല. നമ്മുടെ ആഗ്രഹങ്ങൾ മാത്രം നേടുവാൻ ജീവിച്ചുകൊണ്ട് ഒരുവ്യക്തിയുടെയും ജീവിതത്തെ ക്രിയാത്മകമായി സ്വാധീനിക്കുവാൻ നമുക്ക് സാധ്യമല്ല. എന്നാൽ ആത്മാവിനെ അനുസരിച്ച് ആത്മാവിൽ നാം നടക്കുന്നുവെങ്കിൽ ജഡത്തിന്റെ ആഗ്രഹങ്ങളെ നാം നിയന്ത്രിക്കുകയില്ല.

# മനുഷ്യനാണ് സാഹചര്യങ്ങളെക്കാളും പ്രാധാന്യമേറിയത്

*ലോകത്തെയും ലോകത്തിലുള്ളതിനെയും സ്നേഹിക്കരുത്. ഒരുവൻ ലോകത്തെ സ്നേഹിക്കുന്നുവെങ്കിൽ അവനിൽ പിതാവിന്റെ സ്നേഹം ഇല്ല*

— 1 യോഹന്നാൻ 2:15

എന്റെ പഴയ ജോലിക്കാരി ഒരിക്കൽ പ്രഷർ കുക്കറിൽ കറിയുണ്ടാക്കുകയായിരുന്നു. അവളുടെ കൈ അബദ്ധം മൂലം പെട്ടെന്ന് കുക്കറിന്റെ മുകളിലത്തെ വാൽവ് തുറന്ന് തെറിക്കുകയും അതിനുള്ളിലുള്ള ആവി ഉരുളക്കിഴങ്ങ്, ക്യാരറ്റ്, വെള്ളം എല്ലാം അതിശക്തമായി മുകളിലേക്ക് തെറിക്കുകയുണ്ടായി. മുകളിൽ നല്ല സ്പീഡിൽ കറങ്ങിക്കൊണ്ടിരുന്ന ഫാനിലേക്കാണ് ഇത് തെറിച്ചുവീണത്, ഇതിന്റെ ഫലമായി ഫാനിന്റെ കാറ്റിൽ കറിയുടെ അംശങ്ങൾ ഭിത്തിയിലും വീട്ടുപകരണങ്ങളിലുമെല്ലാം തെറിച്ച് ആകെ നാശമായി. അടുക്കളയുടെ ഒരു മൂലയിൽ കരഞ്ഞുകൊണ്ട് കുത്തിയിരിക്കുന്ന ജോലിക്കാരിയെയാണ് ഞാൻ കണ്ടത്. അവസാനമായി ആശങ്കയോടെ സംഭവിച്ചതെല്ലാം എന്നോട് പറഞ്ഞപ്പോൾ ഞാൻ ചിരിക്കാൻ തുടങ്ങി, ഈ സമയത്താണ് ഡേവ് കടന്നുവന്നത് ഡേവ് അകത്തുവന്നപ്പോൾ കണ്ടത് ഞങ്ങൾ രണ്ടുപേരും നിയന്ത്രണം വിട്ട് ചിരിക്കുന്നതാണ്.

ഞാൻ നിങ്ങളുടെ അടുക്കള നശിപ്പിച്ചു എന്ന് അവൾ പറഞ്ഞപ്പോൾ, ഞാനവളോട് പറഞ്ഞത്, ‘അടുക്കള വീണ്ടും ശരിയാക്കാം എന്നാൽ നിനക്കെന്തെങ്കിലും സംഭവിച്ചിരുന്നെങ്കിൽ, കാരണം, അടുക്കളയെക്കാൾ വലുതാണ് അടുക്കളയിലെ ജോലിക്കാരി, നിനക്കൊന്നും സംഭവിച്ചില്ലല്ലോ ദൈവത്തിനു സ്തോത്രം’ എന്നാൽ കുറെ നാളുകൾക്ക് മുമ്പായിരുന്നെങ്കിൽ എനിക്ക് ഇങ്ങനെ പ്രതികരിക്കാവാൻ സാധിക്കത്തില്ലായിരുന്നു.

മനുഷ്യരാണ് സാഹചര്യങ്ങളെക്കാൾ വലിയതെന്ന് ഞാൻ പഠിക്കുന്നതിനു മുമ്പായിരുന്നു ഇത് സംഭവച്ചിരുന്നതെങ്കിൽ ഞാൻ തീർച്ചയായും ദേഷ്യപ്പെടുകയും അവൾ അപമാനിതയാവുകയും ചെയ്യുമായിരുന്നു.

നാം മനുഷ്യരെ സ്നേഹിക്കുകയാണെങ്കിൽ ദൈവം സാഹചര്യങ്ങളെ മാറ്റും, എന്നാൽ നാം മനുഷ്യരെക്കാളും സാഹചര്യങ്ങളെയാണ് സ്നേഹിക്കുന്നതെങ്കിൽ മനുഷ്യബന്ധങ്ങൾ നമുക്ക് നഷ്ടപ്പെടും.

# എപ്പോഴും ദൈവത്തെ അന്വേഷിക്കുക

*യാചിപ്പിൻ എന്നാൽ നിങ്ങൾക്കു കിട്ടും അന്വേഷിപ്പിൻ എന്നാൽ നിങ്ങൾ കണ്ടെത്തും മുട്ടുവിൻ എന്നാൽ നിങ്ങൾക്കു തുറക്കും*

— മത്തായി. 7:7

ദൈവത്തോടുള്ള ആത്മാർത്ഥത തെളിയിക്കുവാൻ ഉപവാസം പ്രഖ്യാപിച്ച യെഹോശാഫാത്ത് രാജാവിനെക്കുറിച്ച് 2 ദിനവൃത്താന്തം 20-ാം അദ്ധ്യായത്തിൽ പറയുന്നു.

ആഹാരം ഉപേക്ഷിച്ച് ദൈവത്തെ അന്വേഷിക്കുക എന്നത് മോശമായ ഒരാശയമല്ല, ടെലിവിഷൻ കാണുന്ന സമയം, ദൈവസന്നിധിയിൽ ചിലവഴിക്കുന്നതും ഇപ്രകാരം തന്നെയാണ്. നമ്മുടെ ഉല്ലാസവേളകൾ, സുഹൃത്തുക്കളുമായി ചെലവിടുന്ന സമയമൊക്കെ ദൈവസന്നിധിയിൽ ചിലവഴിക്കുവാൻ നാം പഠിക്കുകയാണെങ്കിൽ ദൈവശബ്ദം കേൾക്കുന്നതിന്റെ പ്രാധാന്യം നമുക്ക് മനസ്സിലാകും.

*അന്വേഷിക്കുക* എന്ന വാക്കിന്റെ അർത്ഥം, പരിശോധിച്ചപ്പോൾ എനിക്ക് മനസ്സിലായത് പൂർണ്ണശക്തിയോടെ പിൻതുടരുക, കേണപേക്ഷിക്കുക എന്നൊക്കയാണ്. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ പട്ടിണികിടക്കുന്ന ഒരു മനുഷ്യൻ ജീവൻ നിലനിർത്തുവാൻ ആഹാരത്തിനായി അന്വേഷിക്കുന്നതുപോലെയാണ് നാം അന്വേഷിക്കേണ്ടത്. നമ്മൾ പ്രശ്നത്തിലായിരിക്കുമ്പോൾ മാത്രമല്ല എല്ലായ്പ്പോഴും ദൈവത്തെ അന്വേഷിക്കണം. മിക്ക മനുഷ്യർക്കും എപ്പോഴും പ്രശ്നങ്ങളുള്ളതിന്റെ കാരണം ദൈവം എന്നോടു പറഞ്ഞത്, അവൾ അവരുടെ പ്രശ്നങ്ങളുടെ സമയത്ത് മാത്രം ദൈവത്തെ അന്വേഷിക്കുന്നതുകൊണ്ടാണെന്നാണ്. ഇനി അവരുടെ പ്രശ്നങ്ങൾ ഞാൻ (ദൈവം) പരിഹരിച്ചാൽ, അവർ ഒരിക്കലും എന്നെ അന്വേഷിക്കത്തില്ല എന്നാണ് ദൈവം പറഞ്ഞത്.

നിങ്ങൾക്ക് എപ്പോഴും പ്രശ്നങ്ങൾ ഉള്ളതുപോലെ എന്നെ അന്വേഷിപ്പിൻ അപ്പോൾ നിങ്ങൾക്കൊരിക്കലും നിരാശപ്പെടേണ്ടിവരില്ല എന്ന് ദൈവം പറയുന്നു. ഇതൊരു നല്ല ഉപദേശമായി എനിക്ക് തോന്നുന്നു. ഇതുപോലെ അനുസരിപ്പാൻ ഞാൻ എല്ലാവരെയും പ്രോത്സാഹിപ്പിക്കുന്നു.

# മുറിവേറ്റ ഹൃദയം

*ഞാൻ അരിഷ്ടനും, ദരിദ്രനും ആകുന്നു; എന്റെ ഹൃദയം എന്റെ ഉള്ളിൽ മുറിഞ്ഞിരിക്കുന്നു.*

— സങ്കീർത്തനം 109:22

മുറിവേറ്റ ഹൃദയം ഉണ്ടായിക്കുക എന്നത് തെറ്റല്ല. എന്നാൽ ഹൃദയത്തിൽ എന്നും മുറിവേറ്റവരായിരിക്കാതെ മുറിവിനെ സൗഖ്യമാക്കി നാം മുമ്പോട്ടു പോകേണ്ടതാവശ്യമാണ്. ഒരു പുരോഹിതന് മുറിവോ വൃണമോ ഉണ്ടെങ്കിൽ അദ്ദേഹത്തിന് ശുശ്രൂഷകൾ ചെയ്യുവാൻ പഴയനിയമപ്രകാരം സാദ്ധ്യമല്ല. എന്നാൽ ഇന്ന് ധാരാളം മുറിവേറ്റവരും ബലഹീനരുമായ ധാരാളം ശുശ്രൂഷകന്മാരുണ്ട്. ഇതുകൊണ്ട് ഞാൻ അർത്ഥമാക്കുന്നത് ഇന്ന് കർത്താവിന്റെ സഭയിൽ മറ്റുള്ളവരെ ശുശ്രൂഷിക്കുന്ന ധാരാളം ആളുകളുണ്ട്. എന്നാൽ പലപ്പോഴും മുൻകാലങ്ങളിൽ അവർക്കുണ്ടായ മുറിവുകൾക്ക് സൗഖ്യം കിട്ടിയിട്ടില്ല. അവർ ഇപ്പോഴും വേദനിക്കുകയും മറ്റുള്ളവരെ വേദനിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു.

അങ്ങിനെയുള്ളവർക്ക് ശുശ്രൂഷിപ്പാൻ സാദ്ധ്യമല്ല എന്ന് ഞാൻ പറയുന്നില്ല. എന്നാൽ അവർ തീർച്ചയായും സൗഖ്യം പ്രാപിക്കേണ്ടതാവശ്യമാണ്. യേശു പറഞ്ഞത് ഒരു കുരുടന് മറ്റൊരു കുരുടനെ നയിക്കാൻ സാദ്ധ്യമല്ല അങ്ങിനെ സംഭവിച്ചാൽ അവർ രണ്ടുപേരും കുഴിയിൽ വീഴും എന്നാണ്. ഇതിൽ ഒരു സന്ദേശമുണ്ട്. ഞാൻ പരാജിതനാണെങ്കിൽ മറ്റുള്ളവരെ എങ്ങനെ വിജയത്തിലേക്ക് നയിക്കാൻ സാധിക്കും.

മറ്റുള്ളവരുടെ വികാരങ്ങളെ സൗഖ്യപ്പെടുത്താനാഗ്രഹിക്കുന്ന ഞാൻ, എന്റെ വികാരങ്ങളെ ആദ്യമെ സൗഖ്യമാക്കേണ്ടതാവശ്യമാണ്.

ശരിയായി ശുശ്രൂഷിക്കണമെങ്കിൽ പ്രാരംഭമായി ഞാൻ ദൈവമുമ്പാകെ ചെന്ന് എന്റെ മുറിവിന് സൗഖ്യം ആവശ്യപ്പെടേണ്ടതാണ്. നമ്മൾ മനസ്സിലാക്കേണ്ടത് ദൈവം മുറിവേറ്റ സൗഖ്യദായകരെയല്ല പ്രതീക്ഷിക്കുന്നതെന്നാണ്. മുറിവേറ്റവരെയാണ് യേശുവിന് ആവശ്യം കാരണം യേശു അവരെ സൗഖ്യമാക്കുകയും അങ്ങനെ സൗഖ്യം പ്രാപിച്ചവർ പുറത്തുപോയി മറ്റുള്ളവർക്ക് സൗഖ്യം നല്കുകയുമാണ് വേണ്ടത്. മുറിവേറ്റവരെയും അപമാനിതരെയുമാണ് യേശു സ്നേഹിക്കുന്നത്. കാരണം, മുറിവിന്റെ അനുഭവത്തിലുള്ളവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കുവാൻ സാദ്ധ്യമല്ല.

ഇപ്പോഴും നമ്മൾ വേദനപ്പെടുന്നവരും വ്രണം നിറഞ്ഞവരുമാണെങ്കിൽ നമുക്കൊരിക്കലും മറ്റുള്ളവരെ അർഹിക്കുന്ന ഗൗരവത്തോടെ ശുശ്രൂഷിക്കുവാൻ സാദ്ധ്യമല്ല. ചുരുക്കിപ്പറഞ്ഞാൽ ദൈവം നമ്മുടെ വ്രണങ്ങളെ ആദ്യമായി സൗഖ്യമാക്കട്ടെ അപ്പോൾ മറ്റുള്ളവരെ ശുശ്രൂഷിപ്പാൻ നാം പ്രാപ്ത രാകും.

# ആരും ദൈവത്തിന് പ്രയോജനമില്ലാത്തവരല്ല

*ജ്ഞാനികളെ ലജ്ജിപ്പിപ്പാൻ ദൈവം ലോകത്തിൽ ഭോഷത്വമായത് തിരഞ്ഞെടുത്തു; ബലമുള്ളതിനെ ലജ്ജിപ്പിപ്പാൻ ദൈവം ലോകത്തിൽ ബലഹീനമായതു തിരഞ്ഞെടുത്തു. ഉള്ളതിനെ ഇല്ലായ്മയാക്കുവാൻ ദൈവം ലോകത്തിൽ കുലഹീനവും, നികൃഷ്ടവുമായതും ഏതുമില്ലാത്തതും തിരഞ്ഞെടുത്തു. ദൈവസന്നിധിയിൽ ഒരു ജഡവും പ്രശംസിക്കാതിരിക്കേണ്ടതിനു തന്നെ*

— 1 കൊരിന്ത്യർ 1:27–29

സ്വയത്തെ ത്യജിച്ച് ആത്മാവിനെ സ്നേഹിക്കുവാൻ എന്റെ അറവിൽ ഏറ്റവും നല്ല മാർഗ്ഗദർശനം യേശുക്രിസ്തുവിന്റെ പഠിപ്പിക്കലാണ്. എന്റെ ജീവിതത്തിലും ഇതാണ് സ്വാധീനമായിത്തീർന്നത്.

ലോകം ഉപയോഗമില്ല എന്നു പറഞ്ഞ് വലിച്ചെറിയുന്നതിനെയാണ് ദൈവം തിരഞ്ഞെടുക്കുന്നത്. ദൈവത്തിന്റെ ദൃഷ്ടിയിൽ യാതൊരുത്തനും, യാതൊന്നും പ്രയോജമില്ലാത്തതല്ല. നാമോരോരുത്തരും ദൈവത്തിന് പ്രധാനപ്പെട്ട സൃഷ്ടികളാണ്. നമ്മൾ ആകസ്മികമായി ഉണ്ടായവരല്ല, നാം അവസരം കൊടുക്കുന്ന പക്ഷം ദൈവത്തിനു നമ്മുടെ ജീവിതത്തിലെ എല്ലാ ബലഹീനതകളെയും ശരിയാക്കി യഥാസ്ഥാനപ്പെടുത്തുവാനും നാം തന്നെ അഭിമാനിക്കുന്ന അവസ്ഥയിൽ ആക്കിത്തീർക്കുവാനും സാധിക്കും. ഞാനെന്ന ഭാവം എപ്പോഴും നിങ്ങളെ മത്സരിച്ച് ഒന്നാമതെത്തുവാൻ പ്രേരിപ്പിച്ചുകൊണ്ടിരിക്കും, എന്നാൽ ഈ മത്സരത്തിൽ എന്തു കാര്യം? അത് നിങ്ങൾക്കെന്ത് തരും? ഒരു സംതൃപ്തിയും സമാധാനവും അതു മൂലം നിങ്ങൾക്ക് ലഭിക്കുകയില്ല.

നിത്യരക്ഷയോ, ദൈവത്തോടുള്ള സമാധാനമോ ഇത് നിങ്ങൾക്ക് നേടിത്തരികയില്ല. അത് ലഭിക്കണമെങ്കിൽ നാം അഹം വെടിഞ്ഞ് ആത്മാവിനെ അനുസരിക്കണം. ഇപ്രകാരം ചെയ്യുവാൻ വളരെ എളുപ്പം സാധിക്കുന്നത്, അധികാരമുള്ളവർക്കോ, ധനവാന്മാർക്കോ അല്ല മറിച്ച് സൗമ്യതയുള്ളവർക്കാണ്. ദൈവത്തെകൂടാതെ അവർ ആരുമല്ല എന്നും ഇങ്ങനെയുള്ളവർക്ക് തിരിച്ചറിയുവാനും അതിൽ സന്തോഷിക്കുവാനും സാധിക്കും. ദൈവം തന്റെ പ്രവർത്തി ഇങ്ങനെയുള്ളവരിലൂടെയാണ് ചെയ്യുന്നത്. ഠമത്സരത്തിനു പകരം, സഹകരണത്തിലും സ്നേഹത്തിലും മുമ്പോട്ടുപോകുവാൻ ആത്മാവ് അങ്ങനെയുള്ളവരെ സഹായിക്കും. കാരണം യഥാർത്ഥ ലക്ഷ്യം എന്നത് ദൈവത്തെ അറിയുകയും അത് വഴി മറ്റുള്ളവരെ സ്നേഹത്തോടെ സഹായിക്കുകയുമാണ്.

# ശരിയായ രീതിയിലുള്ള ഭയം

*യഹോവഭക്തനു ദൃഢധൈര്യം ഉണ്ട്; അവന്റെ മക്കൾക്കും ശരണം ഉണ്ടാകും.*

— സദൃശ്യവാക്യങ്ങൾ 14:26

ശരിയായ രീതിയിലുള്ള ഏക ഭയം എന്നത് തിരുവചനത്തിൽ പറഞ്ഞിരിക്കുന്ന ബഹുമാനത്തോടെയുള്ള ഭയം, അഥവാ ദൈവ ഭക്തിയാണ്. ദൈവത്തെ ഭയപ്പെടുക എന്നു പറഞ്ഞാൽ, ദൈവത്തെ പേടിക്കുക എന്നതല്ല, ദൈവം നമ്മെ ഉപദ്രവിക്കുവാൻ വരുന്നു എന്ന പേടിയുമല്ല. ദൈവത്തെ പേടിക്കുക, അഥവാ ദൈവം എന്തെങ്കിലും ചെയ്യുമെന്ന ഭയം ഇതൊന്നുമല്ല ദൈവം ആഗ്രഹിക്കുന്ന ഭയം (ഭക്തി). അധികാരത്തിലിരിക്കുന്ന ഏതൊരു വ്യക്തിയോടുമുള്ള ബഹുമാനത്തെയാണ് ഒരർത്ഥത്തിൽ ദൈവവചനം അർത്ഥമാക്കുന്ന ഭയം. ഇത്തരത്തിലുള്ള ഭയമാണ്, കുട്ടികൾക്ക് മാതാപിതാക്കളോടും, ഭാര്യയ്ക്ക് ഭർത്താവിനോടും വിദ്യാർത്ഥികൾക്ക് അധ്യാപകരോടും ഉണ്ടാകേണ്ടത്.

ഇത് ഭയം, എന്നത് ബഹുമാനവും ആദരവും കൂടിക്കലർന്ന ഒരു തരം ദൈവഭക്തിയാണ്. നമ്മുടെ സമൂഹത്തിൽ അധികാരത്തോടുള്ള ബഹുമാനം വളരെ കുറവാണ്. മത്സരമാണ് പലപ്പോഴുമുള്ളത്.

സദൃശ്യവാക്യം 14:26 എന്നത് വളരെ താല്പര്യം ജനിപ്പിക്കുന്ന വേദഭാഗമാണ്. ഈ വാക്യത്തിന്റെ അർത്ഥം "ബഹുമാനത്തോടും, ആരാധനാ മനോഭാവത്തോടും കൂടിയ ഭയത്തിൽ ഉറച്ച ആത്മവിശ്വാസമുണ്ട് എന്നതാണ്." ഇപ്രകാരം ഒരു ഭയം അനുസരണത്തിലേക്കാണ് നയിക്കുന്നത്, ദൈവം പറയുന്ന കാര്യങ്ങൾ നിങ്ങൾ അനുസരിക്കും. ദൈവത്തിലുള്ള നിങ്ങളുടെ ആത്മവിശ്വാസം വർദ്ധിക്കും. ബഹുമാനത്തോടും ആരാധനാ മനോഭാവത്തോടും കൂടിയ ഭയം മനുഷ്യരുമായുള്ള നിങ്ങളുടെ ബന്ധത്തെ ക്രിയാത്മകമായി പ്രത്യാവാതം ഉണ്ടാക്കും. എനിക്ക് മനസ്സിലായത് എനിക്ക് അപ്രകാരമുള്ള ഭയം എത്രത്തോളം വർദ്ധിക്കുന്നുവോ, അത്രത്തോളം കൂടുതൽ ദൈവം ആരെന്ന് അറിയുവാൻ എന്നെ സഹായിക്കും. മനുഷ്യരോടുള്ള എന്റെ ഇടപാടുകൾ വളരെ ശ്രദ്ധയുള്ളതാക്കി തീർക്കും. എന്നെപോലെ തന്നെ മറ്റുള്ളവരും ദൈവത്തിനു വിലപ്പെട്ടവരായതുകൊണ്ട് മറ്റുള്ളവരോടുള്ള ബന്ധത്തെക്കുറിച്ച് ഞാൻ ദൈവത്തോട് കണക്കു പറയണം എന്നെനിക്കറിയാം.

# മതിലുകളല്ല പാലങ്ങൾ പണിയുക

*അവൻ നമ്മുടെ സമാധാനം; അവൻ ഇരുപക്ഷത്തെയും ഒന്നാക്കി, ചട്ടങ്ങളും, കല്പനകളുമായ, ന്യായപ്രമാണം എന്ന ശത്രുത്വം തന്റെ ജഡത്താൽ നീക്കി വേർപാടിന്റെ നടുച്ചുവർ ഇടിച്ചുകളഞ്ഞതു.*

— എഫെസ്യർ 2:14

ഒരിക്കൽ ഞാൻ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ പരിശുദ്ധാത്മാവ് എന്നെ കാണിച്ചത് എന്റെ ജീവിതം മറ്റുള്ളവർക്ക് ദൈവത്തിങ്കലേക്ക് കടന്നു വരുവാൻ ഒരു പാലമായി എന്നാണ്. വളരെകാലങ്ങളോളം എന്റെ ജീവിതത്തിൽ മതിലുകൾ (തടസ്സങ്ങൾ) മാത്രമായിരുന്നു ഉണ്ടായിരുന്നത്. എന്നാൽ ഇപ്പോൾ മതിലുകളുടെ സ്ഥാനത്ത് പാലങ്ങൾ പണിയുവാൻ എനിക്ക് സാധിക്കുന്നുണ്ട്. എന്റെ ജീവിതത്തിൽ സംഭവിച്ച എല്ലാ ക്ലേശങ്ങളും, മോശമായ കാര്യങ്ങളും സന്തോഷത്തിലേക്കുള്ള പെരുവഴികളായിത്തീർന്നു. ഇതുപോലെ തന്നെ മറ്റുള്ളവർക്കും അവയിലൂടെ കടന്ന് ഞാൻ അനുഭവിക്കുന്ന സ്വാതന്ത്ര്യം അനുഭവിപ്പിക്കുവാൻ സാധിക്കുന്നുണ്ട്. മതിലുകൾക്ക് പകരം പാലങ്ങൾ പണിയുവാൻ ഞാനിപ്പോൾ പഠിച്ചു.

എബ്രായർ 5:9 - ൽ പറയുന്നത്, "യേശുക്രിസ്തു നിത്യരക്ഷയ്ക്ക് കാരണഭൂതനായിത്തീർന്നു എന്നാണ്." അവൻ ദൈവത്തിങ്കലേക്കുള്ള വഴി നമുക്ക് തെളിച്ചുതന്നു. നമുക്ക് കടന്നുപോകുവാൻ ഒരു പെരുവഴിയായി അങ്ങനെ യേശു തീർന്നു. ഒരു വലിയ വനത്തിലൂടെ എന്നവണ്ണമാണ് യേശു ഈ വഴി ഒരുക്കിയത്, അതുമൂലം നിർഭയരായി വനത്തിന്റെ ഭയാനതകളില്ലാതെ ഈ വഴിയിലൂടെ ഏവർക്കും സഞ്ചരിക്കുവാൻ സാധിക്കും. അവൻ തന്റെ ജീവിതത്തെ നമുക്കുവേണ്ടി ബലിയാക്കി ഇപ്പോൾ നമ്മൾ അതിന്റെ ഫലം അനുഭവിക്കാൻ കാരണമായിത്തീർന്നു. മാത്രമല്ല, മറ്റുള്ളവർക്കുവേണ്ടി ത്യാഗം ചെയ്യുവാൻ ഒരു അവസരവും അവൻ നമുക്കു നല്കുകയാണ്. അതിലൂടെ അവർക്ക് നാം അനുഭവിക്കുന്ന സന്തോഷം അനുഭവിക്കുവാൻ സാധി ക്കും.

"യേശു തന്റെ മുമ്പാകെ വെച്ചിരുന്ന സന്തോഷം ഓർത്തു അവർ അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിച്ചു" എന്ന് എബ്രായർ 12:2 വായിക്കുന്നു. എന്റെ വഴികൾ കഠിനമായി എനിക്ക് തോന്നുമ്പോൾ ഞാൻ എന്നെത്തന്നെ ഈ വസ്തുത ഓർപ്പിക്കാറുണ്ട്. മുമ്പോട്ടു പോവുക ജോയ്സെ നിന്റെ മുൻപിൽ സന്തോഷമുണ്ട് എന്ന് ഞാൻ എന്നോട് പറയാറുണ്ട്. നിങ്ങളുടെ മുമ്പിലുള്ള മതിലുകൾ ഇടിച്ചുകളഞ്ഞ് അവിടെ പാലങ്ങൾ പണിയുക. അനേകമാളുകൾ ജീവിതത്തിലെ കുഴഞ്ഞുമറിഞ്ഞ അവസ്ഥയിൽ വഴിയറിയാതെ അലയുന്നുണ്ട്. അതുകൊണ്ട് അവർക്ക് വഴികാട്ടികളായി ചിലരെ ഇവിടെ ആവശ്യമുണ്ട്. നിങ്ങൾക്ക് അവരുടെ മുമ്പാകെ മതിലുകളാകാം, പാലങ്ങളാകാം ഏതു വേണമെന്ന് നിങ്ങൾക്ക് തിരഞ്ഞെടുക്കാം.

# ക്ഷമിക്കുവാൻ വേഗതയുള്ളവരാകുക

*എല്ലാ കൈപ്പും കോപവും ക്രോധവും കുറ്റാരവും ദൂഷണവും സകല ദുർഗ്ഗുണവുമായി നിങ്ങളെ വിട്ടു ഒഴിഞ്ഞുപോകട്ടെ നിങ്ങൾ തമ്മിൽ ദയയും മനസ്സലിവുള്ളവരായി, ദൈവം ക്രിസ്തുവിൽ നിങ്ങളോടു ക്ഷമിച്ചതുപോലെ അന്യോന്യം ക്ഷമിപ്പിൻ*

— എഫെസ്യർ 4:31,32

വേഗത്തിലും വളരെ ലാഘവത്തോടുംകൂടെ ക്ഷമിക്കാനാണ് തിരുവചനം പഠിപ്പിക്കുന്നത്, യേശുക്രിസ്തുവിന്റെ സ്വഭാവത്തെ നമ്മൾ അനുകരിക്കുവാൻ 1 പത്രൊസ് 5:5 – ൽ പറയുന്നു.

ഇതിന്റെ അർത്ഥം, നാം ദീർഘക്ഷമയുള്ളവരും, കരുണയുള്ളവരും ക്ഷമിക്കുന്നവരുമാകണമെന്നാണ്. *കരുണ* എന്ന വാക്കിന് ഞാൻ കൊടുക്കുന്ന നിർവ്വചനം, ചെയ്ത കാര്യം എങ്ങനെ ചെയ്തു എന്ന് കണ്ടുപിടിക്കുവാനുള്ള കഴിവ് എന്നാണ്. പല സമയങ്ങളിലും ആളുകൾ അവർക്കുപോലും മനസ്സിലാകാത്ത രീതിയിൽ പ്രവർത്തിക്കാറുണ്ട്. എന്നാൽ എന്തുകൊണ്ട് മനുഷ്യർ അവർ ചെയ്യുന്നതുപോലെ പ്രവർത്തിക്കുന്നു എന്നതിനൊരു കാരണമുണ്ട്.

വിശ്വാസികൾ എന്ന നിലയിൽ നമ്മുടെ ജീവിതത്തിലും ഇത് സത്യമാണ്. നമ്മുടെ തെറ്റുകളെ ദൈവം യേശുക്രിസ്തുവിലൂടെ ക്ഷമിച്ചതുപോലെ, നാമും ക്ഷമിക്കുന്നവരും, കരുണയുള്ളവരുമായിരിക്കണം. അത് നാം എന്തുകൊണ്ട് ചെയ്യുന്നു, എന്തു ചെയ്യുന്നു എന്ന് നമുക്ക് മനസ്സിലാക്കാത്തപ്പോഴും നാമിത് ചെയ്യേണ്ടതാവശ്യമാണ്. നമ്മുടെമേൽ ആധിപത്യം സ്ഥാപിക്കുന്നതിൽ നിന്ന് സാത്താനെ അകറ്റി നിർത്തുവാൻ നാം ക്ഷമിക്കുന്നവരാകണമെന്ന് ബൈബിൾ പഠിക്കുന്നു. നാം മറ്റുള്ളവരോട് ക്ഷമിക്കുമ്പോൾ അതോട് മാത്രമല്ല കൃപ കാണിക്കുന്നത് നാം നമ്മോടുതന്നെ കൃപ കാണിക്കുകയാണ്. നാം നമ്മോടുതന്നെ കൃപ കാണിക്കുന്നു എന്നതിന്റെ കാരണം നാം ക്ഷമിക്കുന്നില്ലെങ്കിൽ അത് നമ്മിൽ കയ്പ്പ് ഉളവാക്കുകയും അത് നമ്മുടെ ജീവിതത്തെ മുഴുവനും പ്രതികൂലമായി ബാധിക്കുകയും ചെയ്യും. ഇത് വളരാനും ജീർണ്ണിക്കുവാനും നാം അനുവദിച്ചാൽ ഈ സ്വഭാവം വളരെ ശക്തിയോടെ നമ്മളെ ബാധിക്കുകയും, നമ്മുടെ വ്യക്തിത്വം, മനോഭാവം, സ്വഭാവം, കാഴ്ചപ്പാട്, ബന്ധങ്ങൾ പ്രത്യേകിച്ച് ദൈവത്തോടുള്ള ബന്ധം എന്നിവയെ തകർക്കുകയും ചെയ്യും.

സാത്താൻ നിങ്ങളെ മുതലെടുക്കാതിരിപ്പാൻ, ക്ഷമിക്കുന്നവരായിരിപ്പിൻ, അങ്ങിനെ, നിങ്ങൾക്ക് തന്നെ കൃപ കാണിച്ച് ഇടർച്ചയെ അകറ്റുക, നീ അങ്ങനെ ക്ഷമിച്ചുകൊണ്ട്, നിങ്ങളെത്തന്നെ ആപത്തിൽ നിന്ന് രക്ഷിക്കുക.

# ഭരമേല്പ്പിക്കുക അല്ലെങ്കിൽ ഒഴിയുക

*നീ ചെയ്യുന്ന കാര്യം നന്നല്ല; നീയും നിന്നോടുകൂടെയുള്ള ഈ ജനവും ക്ഷീണിച്ചു പോകും; ഈ കാര്യം നിനക്കു അതിഭാരമാകുന്നു. ഏകനായി അതു നിവർത്തിപ്പാൻ നിനക്കു കഴിയുന്നതല്ല.*

— പുറപ്പാട് 18:18

ജീവിതത്തിൽ ശരിയായ നിയന്ത്രണങ്ങളും അതിരുകളും വെക്കുക എന്നത് ഞാൻ എന്റെ അനുഭവത്തിൽ നിന്ന് പഠിച്ച കാര്യമാണ്. ഇത് ബലഹീനതയല്ല ബലത്തിന്റെ ലക്ഷണമാണ്. സഹായം അഭ്യർത്ഥിക്കുന്നതും ഒരു നല്ല കാര്യമാണ്. ജീവിതത്തിൽ, നമ്മെ സഹായിപ്പാൻ ദൈവം പലരെയും ആക്കിയിട്ടുണ്ട്. നാം അവരുടെ സഹായം സ്വീകരിക്കുന്നില്ലെങ്കിൽ നമുക്ക് മടുപ്പും അമിതഭാരവും അനുഭവപ്പെടുകയും, നമ്മെ സഹായിപ്പാനുള്ളവർക്ക് അവരുടെ കഴിവുകൾ ഉപയോഗിക്കാൻ അവസരം ലഭിക്കാത്തതിനാൽ അസംതൃപ്തിയും അനുഭവപ്പെടും. എല്ലാവർക്കുംവേണ്ടി എല്ലാം, എല്ലായ്പ്പോഴും ചെയ്യുവാനല്ല ദൈവം നിങ്ങളെ വിളിച്ചിരിക്കുന്നത്. എല്ലാവർക്കും എല്ലാം ആയിത്തീരാൻ നിങ്ങൾക്കു സാദ്ധ്യമല്ല. നിങ്ങൾക്ക് ന്യായമായ ആവശ്യങ്ങളുണ്ട്.

സഹായം ആഗ്രഹിക്കുകയും ആവശ്യപ്പെടുകയും ചെയ്യുന്നത് ഒരു തെറ്റല്ല. എന്നിരുന്നാലും സഹായം ചോദിക്കുന്നതിൽ അധികമായി അഭിമാനം കൊള്ളുക എന്നത് തെറ്റായ കാര്യമാണ്. പുറപ്പാട്പുസ്തകം 18:12–27 വരെ വായിക്കുമ്പോൾ മോശെ എന്ന മനുഷ്യൻ വളരെ ഉത്തരവാദിത്തമുള്ള ആളാണെന്ന് മനസ്സിലാക്കുന്നു.

ജനങ്ങൾ എല്ലാ കാര്യങ്ങൾക്കും മോശയെ ആശ്രയിച്ചു, അവരുടെ എല്ലാ ആവശ്യങ്ങളും നിറവേറ്റുവാനും മോശെ ശ്രമിച്ചിരുന്നു. എന്നാൽ തന്റെ ഉത്തരവാദിത്വങ്ങളിൽ കുറച്ച് മറ്റുള്ളവരിലേക്ക് ഭരമേല്പ്പിക്കുവാൻ മോശെയുടെ അമ്മായിയപ്പൻ നിർദ്ദേശിച്ചു. ഭരമേല്പ്പിക്കപ്പെടുന്നവർ ചെറിയ ചെറിയ കാര്യങ്ങളിൽ തീരുമാനമെടുക്കപ്പെട്ട, വലിയ കാര്യങ്ങൾ മോശെ തന്നെ തീരുമാനിക്കട്ടെ എന്ന് അദ്ദേഹം നിർദ്ദേശിച്ചു.

മോശെ പിന്നീട് തന്റെ ഭാര്യപിതാവിന്റെ വാക്കുകൾ പോലെ പ്രവർത്തിക്കുകയും അത് തന്റെ പ്രവർത്തനങ്ങളിലെ അമിത ഭാരം കുറക്കുകയും ചെയ്തു. അതൊടൊപ്പം മറ്റുള്ളവർക്ക് (ഭരമേല്പ്പിക്കപ്പെട്ടവർക്ക്)തങ്ങളുടെ തീരുമാനങ്ങളിൽ ഒരു പൂർണ്ണതയും, സാക്ഷാത്ക്കാരവും അനുഭവപ്പെടുകയുണ്ടായി. മോശെയെപ്പോലെ ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നവരിൽ പലരും, മറ്റുള്ളവരുടെ സഹായം തേടാതെ എല്ലാം സ്വയമായി ചെയ്യുവാൻ

ആഗ്രഹിക്കുന്നു. അതുമൂലം അവർക്ക് എപ്പോഴും, പരാതികളും പരിഭവങ്ങളും മാത്രമാണുള്ളത്. അതോടൊപ്പം അമിത ഭാരത്താൽ ശാരിരികമായും മാനസികമായും തളരുകയും ചെയ്യും.

അവരുടെ ഉത്തരവാദിത്വങ്ങൾ കൈമാറാൻ കഴിവുള്ളവരായി ആരുമില്ല എന്നവൻ വിചാരിക്കുന്നു. നിങ്ങൾ ഇപ്പോൾ ആയിരിക്കുന്നതിലും പ്രാധാന്യം അർഹിക്കുന്നവരാണെന്ന് ചിന്തിക്കുവാൻ വളരെ എളുപ്പമാണ്. ഭരമേല്പ്പിക്കുവാൻ പഠിക്കുക, കഴിയുന്നിടത്തോളം മറ്റുള്ളവർ നിങ്ങളെ സഹായിപ്പാൻ അനുവദിക്കുക. അങ്ങനെ ചെയ്യുന്നുവെങ്കിൽ നിങ്ങൾ ദീർഘായുസുള്ളവരായി സന്തോഷത്തോടെ ജീവിക്കുവാനിടയാകും.

# നിങ്ങളുടെ ഉത്തരവാദി നിങ്ങൾ തന്നെയാണ്

*അവൻ നമുക്കുവേണ്ടി തന്റെ പ്രാണനെ വെച്ചുകൊടുത്തതിനാൽ നാം സ്നേഹമെന്തെന്നു അറിഞ്ഞിരിക്കുന്നു, നാമും സഹോദരന്മാർക്കുവേണ്ടി പ്രാണനെ വെച്ചുകൊടുക്കേണ്ടതാകുന്നു*

— 1 യോഹന്നാൻ 3:16

മറ്റുള്ളവരെ സ്നേഹിപ്പിൻ. നമ്മോടു പറയുമ്പോൾ പരിശുദ്ധാത്മാവ് നമ്മുടെ ആഗ്രഹങ്ങൾ തീർച്ചയായും അറിയാം. പലപ്പോഴും ഞാൻ ദൈവത്തോട് തർക്കിച്ചിട്ടുണ്ട്, "ദൈവമെ, നീ എന്നോട് അതു ചെയ്തു ഇതു ചെയ്തു എന്നൊക്കെ പറയുന്നുണ്ടല്ലോ എന്നാൽ നീ എന്താണ് എന്റെ ഭർത്താവ് ഡേവിനോട് അത് പറയുന്നത്?" ഞാൻ വിചാരിച്ചത് എന്നെ മാത്രമാണ് ദൈവം എപ്പോഴും വഴക്കു പറയുകയും തിരുത്തുകയും ചെയ്യുന്നത്. ഡേവിനോടും ദൈവം അതുപോലെ വഴക്ക് പറയാൻ ഞാൻ ആഗ്രഹിച്ചു.

ഇത് സഹിക്ക വയ്യാതെ ചിലപ്പോഴൊക്കെ ഞാൻ ദേവിനോട്, ദേവേ നിന്നോട്, ദൈവം എന്തെങ്കിലും പറഞ്ഞിട്ടുണ്ടോ എന്നു ചോദിച്ചിട്ടുണ്ട്. ''അപ്പോഴൊക്കെ ദേവിന്റെ നിസംഗമായ മറുപടി എനിക്കൊന്നും ഓർമ്മയില്ലല്ലോ എന്നായിരുന്നു."

ദേവിനോട് ബഹുമാനത്തോടെ പെരുമാറുവാൻ ഒരു ദിവസം പരിശുദ്ധാത്മാവ് എന്നോട് വളരെ ശക്തമായി ഇടപ്പെട്ടു. അപ്പോഴും ഞാൻ ചിന്തിച്ചത്, പല സമയങ്ങളിലും അദ്ദേഹം എന്നോട് ബഹുമാനത്തോടെ സംസാരിച്ചിട്ടില്ലല്ലോ എന്നാണ്; അദ്ദേഹം സംസാരിക്കുന്നതിനിടയിൽ ഞാൻ സംസാരിച്ചാൽ പരിശുദ്ധാത്മാവ് പറയും നീ അങ്ങിനെ ചെയ്യരുത് അതു ബഹുമാനത്തിന്റെ ലക്ഷണമല്ല എന്ന്. അപ്പോഴൊക്കെ ഞാൻ മറുതലിച്ച് ഇങ്ങനെ പറയും *"ഹും, ഇയാൾ എത്ര പ്രാവശ്യം എന്റെ സംസാരത്തിനിടയിൽ കയറി സംസാരിച്ചിട്ടുണ്ട് പിന്നെ എനിക്കെന്തെ അങ്ങനെ ചെയ്തുകൂടാ?"*

മറ്റൊരാൾ ഒരു കാര്യം ചെയ്യുമ്പോൾ നിങ്ങൾ ചെയ്യുന്നത് നിർത്തുക എന്നത് ദൈവം നമ്മോട് ആവശ്യപ്പെടുന്ന പ്രധാനപ്പെട്ട സംഗതിയാണ്. ദൈവം നമ്മോട് പറയുന്ന കാര്യങ്ങൾ ചെയ്യുവാൻ നമ്മൾ ബാദ്ധ്യസ്ഥരാണ്. അത് കട്ടിയായതായാലും ഇപ്പോൾ അനുസരിച്ചാൽ, പിന്നീട് തീർച്ചയായും അതിന് പ്രതിഫലം ലഭിക്കും.

# ക്രിസ്തു നിങ്ങളെ നയിക്കുന്നതിനായി അവനിൽ നിങ്ങൾ ആശ്രയിക്കുക

*നിന്റെ ആലോചനയാൽ നീ എന്നെ നടത്തും; പിന്നത്തേതിൽ മഹത്വത്തിലേക്ക് എന്നെ കൈക്കൊള്ളും* — സങ്കീർത്തനങ്ങൾ 73:24

ദൈവം എപ്പോഴും നല്ലവനാണെന്നും നമ്മുടെ ജീവിതത്തിന്റെ നിയന്ത്രണം കർത്താവാണെന്നും നാം വിശ്വസിക്കുന്നു. അതിനാൽ ദുരിതങ്ങൾ വരുമ്പോൾ എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത് എന്താണ് ദൈവം ഇതിനെ മാറ്റാതിരുന്നത് എന്നൊക്കെ നാം ചിന്തിക്കാറുണ്ട്.

വലിയ ദു:ഖത്തിലും നഷ്ടത്തിലും അകപ്പെടുമ്പോൾ, ദൈവമെ നീ എവിടെയാണ്, നീ നല്ലവനും, ശക്തനുമാണെങ്കിൽ എന്തുകൊണ്ട് എനിക്കിതു സംഭവിച്ചു? എന്തുകൊണ്ടാണ് നല്ല മനുഷ്യർക്ക് തിന്മ ഭവിക്കുന്നത്? എന്ന് പലപ്പോഴും ദേഷ്യത്തോടെ ചോദിക്കാറുണ്ട്. ദൈവമക്കൾ കഷ്ടമനുഭവിക്കുമ്പോൾ ഈ ചോദ്യം ഒരു പ്രധാനപ്പെട്ട ചോദ്യമായി നിലനില്ക്കുന്നു.

ഇങ്ങനെയുള്ള കഷ്ടതയുടെ സമയങ്ങളിൽ എത്ര ചിന്തിച്ചാലും ഒരുത്തരവും ലഭിക്കാതിരിക്കുമ്പോൾ, നമുക്ക് ദേഷ്യവും സങ്കടവും, വിദ്വേഷവും അനുഭവപ്പെടാറുണ്ട്. ചില സമയങ്ങളിൽ അലറി ചോദിക്കാറുണ്ട് "ദൈവമെ, എനിക്ക് മനസ്സിലാകുന്നില്ല, എന്തുകൊണ്ടാണ് പലർക്കും ദു:ഖത്തിന്മേൽ ദു:ഖമുണ്ടാകുന്നത്, തകർന്നവരും നിരാശരുമായവരെ എന്തുകൊണ്ടാണ് നീ വീണ്ടും കഷ്ടപ്പെടുത്തുന്നത്.'' എന്നാൽ ഇങ്ങനെ കൂടുതൽ ആലോചിച്ചുനോക്കിയാൽ നമുക്കൊരുത്തരവും കിട്ടില്ല, എന്നാൽ സദൃശ്യവാക്യങ്ങൾ 3:5,6 വാക്യങ്ങളിൽ പറയുന്നത് ഇപ്രകാരമാണ് "പൂർണ്ണ ഹൃദയത്തോടെ യഹോവയിൽ ആശ്രയിക്കുക."

"സ്വന്തവിവേകത്തിൽ ഊന്നരുത്; നിന്റെ എല്ലാ വഴികളിലും അവനെ നിനച്ചുകൊൾക അവൻ നിന്റെ പാതകളെ നേരെയാക്കും."

ജീവിതത്തിൽ ഒരു പ്രതിസന്ധി നേരിടുമ്പോൾ എപ്പോഴും നമുക്ക് മാർഗ്ഗദർശനം ആവശ്യമാണ്. ഈ വേദഭാഗം പറയുന്നത് ദൈവത്തിൽ ആശ്രയിക്കയാണ് പരിഹരാമെന്നാണ്. ദൈവത്തിൽ ആശ്രയിക്കണമെങ്കിൽ ജീവിതത്തിൽ ഉത്തരം കിട്ടാത്ത ചില ചോദ്യങ്ങൾ ആവശ്യമാണ്.

നിങ്ങളെത്രയും കഷ്ടം സഹിച്ചാലും, ദൈവത്തിന്റെ പരിശുദ്ധാത്മാവിൽ ആഴമായ സമാധാനം നല്കുകയും, എല്ലാം നേരെയാകുകയും ചെയ്യും. ദൈവത്തോടു ദേഷ്യപ്പെടുന്നതിൽ അർത്ഥമില്ല. കാരണം നമ്മെ സഹായിപ്പാൻ അവനുമാത്രമെ സാധിക്കൂ.

# യേശുവിന്റെ നാമത്തിൽ ശക്തി ഉണ്ട്

*ഇന്നുവരെ നിങ്ങൾ എന്റെ നാമത്തിൽ ഒന്നും അപേക്ഷച്ചിട്ടില്ല; അപേക്ഷിപ്പിൻ എന്നാൽ നിങ്ങളുടെ സന്തോഷം പൂർണ്ണമാകുംവണ്ണം നിങ്ങൾക്കു ലഭിക്കും*

— യോഹന്നാൻ 16:24

ദൈവത്തിന്റെ കൃപാസനത്തിന്റെ മുമ്പാകെ വരുമ്പോൾ നമുക്കൊരു ഉറപ്പുണ്ട്. അതായത് തന്റെ വചനപ്രകാരം യേശുവിന്റെ നാമത്തിൽ വിശ്വാസത്തോടെ യാചിക്കുന്നതൊക്കെയും നമുക്ക് ലഭിക്കും. നമ്മൾ ഇതിന് യോഗ്യരായതുകൊണ്ടോ ദൈവം നമുക്കെന്തെങ്കിലും കടപ്പെട്ടിരിക്കുന്നതുകൊണ്ടോ അല്ല അവർ നമ്മെ സ്നേഹിക്കുന്നതുകൊണ്ട് നമ്മെ വിളിച്ചതെന്തിനോ അതിന്റെ ഭാഗവുമായിട്ടാണ് ദൈവം നമ്മുടെ ആവശ്യങ്ങൾ നിറവേറ്റുന്നത്.

യേശുവിന്റെ നാമത്തിൽ ശക്തിയുണ്ട് ഈ നാമത്തിലാണ് സ്വർല്ലോകരുടെയും അധോലോകരുടെയും മുഴങ്കാലൊക്കെയും മടങ്ങുന്നത് (ഫിലിപ്പിയർ 2:10). ഈ നാമത്തിൽ ശക്തിയുണ്ട്, നാം രോഗികളുടെമേൽ കൈവച്ചാൽ സൗഖ്യം പ്രാപിക്കും, ഭൂതങ്ങളെ പുറത്താക്കും, മാത്രമല്ല യേശു ചെയ്തതും, അതി വലിയതുമായ പ്രവർത്തികൾ നമ്മൾ അവന്റെ നാമത്തിൽ ചെയ്യും (മർക്കോസ് 16:17–18; യോഹന്നാൻ 14:12). യേശുവിന്റെ യാഗത്താൽ താൻ നേടിയതെല്ലാം സ്വർഗ്ഗത്തിൽ നമുക്കായിട്ട് സൂക്ഷിച്ചിരിക്കുകയാണ്. ഈ നിക്ഷേപത്തിന്റെ താക്കോൽ നമ്മുടെ കൈവശമുണ്ട്. അത് മറ്റൊന്നുമല്ല പ്രാർത്ഥനയാണ്.

നാം എന്തിനാണ് ദു:ഖിച്ചിരിക്കുന്നത് പ്രാർത്ഥനയാകുന്ന താക്കോൽ ഉപയോഗിക്കുക, അനുഗ്രഹത്തിന്റെ നിക്ഷേപങ്ങളെ തുറക്കുക, ദൈവം തന്റെ മഹത്വത്തിനായി നമ്മുടെമേൽ അനുഗ്രഹം ചൊരിയട്ടെ, അങ്ങിനെ ദൈവഹിതം സ്വർഗ്ഗത്തിലെപോലെ ഭൂമിയിൽ നിറവേറുകയും, നമ്മുടെ സന്തോഷം പൂർണ്ണമാകുകയും ചെയ്യട്ടെ.

# എനിക്കു മനസ്സിലായി

*നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണി പ്പാൻ കഴിയാത്തവനല്ല; പാപം ഒഴികെ സർവ്വത്തിലും നമുക്കു തുല്യമായി പരീ ക്ഷിക്കപ്പെട്ടവനത്രെ നമുക്കുള്ളത്*

— എബ്രായർ 4:15

മനുഷ്യരെന്ന നിലയിൽ നമുക്കെല്ലാവർക്കും, അറിയപ്പെടേണ്ടതും അംഗീക രിക്കപ്പെടേണ്ടതുമായ ആഴമേറിയ ആവശ്യങ്ങളുണ്ട്. മറ്റുള്ളവരുടെ പ്രശ്നങ്ങൾ കേൾക്കുമ്പോൾ പലപ്പോഴും അത് കേൾക്കുന്നവരിൽ നിന്ന് വരുന്ന വാചകമാണ് "എനിക്കു മനസ്സിലായി" എന്നത്. ഈ വാക്കിന് വളരെ മൃദുത്വമുള്ളതായി എനിക്കനുഭവപ്പെട്ടിട്ടുണ്ട്. ഞാൻ എന്റെ ഭർത്താവിനോട് പറയുന്നത് ഒരുപക്ഷെ നിങ്ങൾക്കെന്റെ പ്രശ്നം മനസ്സിലായില്ലെങ്കിലും വെറുതെ എനിക്കു മനസ്സിലായി എന്നൊന്നു പറഞ്ഞാൽ എനിക്കത് വളരെ ആശ്വാസം നല്കുന്നു എന്ന്. ഒരു ഭാര്യയുടെ സ്വകാര്യ ദുഖങ്ങളും വേദനക ളുമെല്ലാം ഭർത്താവിന് അറിയത്തില്ലായിരിക്കാം. എങ്കിലും അവളോട് ചേർന്നി രുന്ന് നിന്റെ പ്രശ്നങ്ങൾ ഞാൻ മനസ്സിലാക്കുന്നു എന്നൊന്ന് പറഞ്ഞാൽ അവർക്ക് അതു വലിയ ആശ്വാസം നല്കും.

ഒരു ദിവസം ഗോൾഫ്കളി കഴിഞ്ഞ് കാലുളുക്കി നീരുവച്ചാണ് എന്റെ ഭർത്താവ് വീട്ടിൽ വന്നത്. അദ്ദേഹം വളരെ നിരാശനായിരുന്നു. ഗോൾഫ്കളി അദ്ദേഹത്തിന്റെ ജീവനായിരുന്നു. എന്നാൽ എനിക്ക് അതിനെപ്പറ്റി ഒന്നും അറിയില്ലായിരുന്നു. എങ്കിലും ഞാൻ പറഞ്ഞു, "ദേവേ, എനിക്കറിയാം നിന്റെ വേദന," എന്നു പറഞ്ഞിട്ട് അദ്ദേഹത്തെ സഹായിപ്പാൻ ആവശ്യമായതെല്ലാം ഞാൻ ചെയ്തു. എങ്കിലും എനിക്കറിയാം (എനിക്കു മനസ്സിലായി) എന്നു പറഞ്ഞത് അതിനെക്കാളും സഹായിച്ചു എന്നു ഞാൻ വിശ്വസിക്കുന്നു.

എന്നാൽ മുമ്പായിരുന്നെങ്കിൽ എന്റെ പ്രതികരണം ഇപ്രകാരമായിരുന്നി ല്ല. ഓ ഈ ഗോൾഫ്കളിയിൽ എന്താ ഇത്ര വലിയ കാര്യം, എന്താ കുറച്ചു നാൾ കളിക്കാതിരുന്നാൽ, കാലു കുറയുന്നതുവരെ മര്യാദക്കിവിടെ ഇരിക്ക; ഗോൾഫ് എപ്പോഴും നിങ്ങൾ കളിക്കുന്നതല്ല, പിന്നെ എന്താണിത്ര ഭാരം, എന്നൊക്കെ ആയിരുന്നേനേ. എന്നാൽ ഇപ്രകാരമുള്ള മനോഭാവം എനിക്കും, ദേവിനും ഇടയിൽ വിള്ളലുണ്ടാക്കുവാനേ സാധിക്കൂ കാരണം, അദ്ദേഹ ത്തിന്റെ ആവശ്യങ്ങൾ ഞാനറിയാനും, എന്റെ ആവശ്യങ്ങൾ അദ്ദേഹം അറി യുവാനും ഞങ്ങൾ പരസ്പരം ആഗ്രഹിക്കുന്നു എന്നതാണ് സത്യം.

തിരുവചനത്തിൽ ഞാൻ വളരെ ഇഷ്ടപ്പെടുന്ന വേദഭാഗങ്ങളിൽ ഒന്നാണ് എബ്രായർ 4:15) "നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതക

ളിൽ സഹതാപം കാണിപ്പാൻ കഴിയാത്തവനല്ല, പാപം ഒഴികെ സർവ്വത്തിലും നമുക്ക് തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രെ നമുക്കുള്ളത്. യേശു എന്റെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നു എന്നത് എന്നെ അവനോട് കൂടുതൽ അടുപ്പിക്കുന്നു. ക്രിസ്തുവിൽ ആശ്രയിപ്പാനും എപ്പോഴും അവനോട് ബന്ധപ്പെട്ടിരിക്കുവാനും ഇതെന്നെ സഹായിക്കുന്നു.

# ഒരിക്കലും സ്വാർത്ഥതയെ ജയിക്കാൻ അനുവദിക്കരുത്

*അവനോ മുട്ടുകുത്തി കർത്താവെ അവർക്കു ഈ പാപം നിറുത്തരുതെ എന്നു ഉച്ചത്തിൽ നിലവിളിച്ചു. ഇതു പറഞ്ഞിട്ട് അവൻ നിദ്രപ്രാപിച്ചു*

— അപ്പോസ്തല പ്രവർത്തികൾ 7:60

ദുഷ്ടതയെ ജയിക്കാൻ നമുക്ക് ചെയ്യുവാൻ പറ്റുന്ന ഏറ്റവും വലിയ കാര്യം, നമുക്ക് വേദനയുണ്ടാക്കുമ്പോൾ നമ്മുടെ പ്രശ്നങ്ങൾ മറന്നുകൊണ്ട് മറ്റുള്ളവരെ സഹായിപ്പാൻ എന്തെങ്കിലും ചെയ്യുക എന്നതാണ്. യേശുക്രിസ്തു ക്രൂശിൽ അതിവേദന സഹിച്ചപ്പോഴും തന്റെ അരികിൽ നിന്നവരെ സമാധാനിപ്പിക്കുന്നതായാണ് നാം കാണുന്നത് (ലൂക്കോസ് 23:39–43). സ്തെഫാനോസിനെ ജനം കല്ലെറിഞ്ഞപ്പോൾ, താൻ കല്ലെറിഞ്ഞവർക്കു വേണ്ടി കർത്താവെ, ഈ പാപം അവർക്കു നിറുത്തരുതെ എന്നു പ്രാർത്ഥിക്കുകയാണുണ്ടായത്. (അപ്പോസ്തല പ്രവർത്തികൾ 7:59, 60)

കാരാഗൃഹത്തിൽ കിടന്ന പൗലോസും ശീലാസും, കാരാഗൃഹപ്രമാണിയെ ശുശ്രൂഷിക്കുവാൻ അവർ സമയമെടുത്തതായി കാണുന്നു. കാരാഗൃഹത്തിൽ ഭൂകമ്പമുണ്ടായി, വാതിലുകൾ തുറന്നപ്പോഴും ചങ്ങലകൾ അഴിഞ്ഞു വീണപ്പോഴും രക്ഷപ്പെടാൻ ശ്രമിക്കാതെ ജയിൽ അധികാരിയെ ശുശ്രൂഷിക്കുവാൻ അവർ അവിടെ തന്നെ നില്ക്കുന്നതാണ് നാം കാണുന്നത്. ഇങ്ങനെ ഒരു സന്ദർഭം കിട്ടിയാൽ ഓടി രക്ഷപ്പെടാൻ നമുക്കു തോന്നും. നമ്മുടെ വേദനകളോർത്തു മാത്രം സമയം ചിലവിടുവാനും ഒരു പക്ഷെ നമുക്കു തോന്നും. എന്നാൽ അവരുടെ ഇപ്രകാരമുള്ള പ്രവർത്തനം കാരാഗൃഹപ്രമാണിയെയും അദ്ദേഹത്തിന്റെ കുടുംബത്തെയും രക്ഷയിലേക്കു നടത്തുവാൻ ഇത് കാരണമായിത്തീരും. (അപ്പോസ്തല പ്രവർത്തികൾ 16:25–34)

ക്രിസ്തുവിന്റെ സഭ എന്ന നിലയിൽ, നാം നമ്മുടെ സ്വാർത്ഥതയ്ക്കെതിരെ യുദ്ധം ചെയ്ത്, സ്നേഹത്തിൽ നടക്കുന്നുവെങ്കിൽ തീർച്ചയായിട്ടും, ലോകം നമ്മെ ഉറ്റുനോക്കുവാനിടയാകും. ലോകം പോകുന്നതുപോലെയല്ല നാം അവരെ സ്വാധീനിക്കേണ്ടത്, നാം നമ്മുടെ സ്വാർത്ഥത വെടിഞ്ഞ് വെറുക്കാതെ, കുറ്റം വിധിക്കാതെ അവഗണിക്കാതെ, നമ്മുടെ ബന്ധുക്കളെയും സുഹൃത്തുക്കളെയും, യഥാർത്ഥമായി സ്നേഹിച്ചാൽ, അവർ തീർച്ചയായിട്ടും യേശുവിനെ അറിയുവാനിടയാകും. അതുകൊണ്ട് താമസിക്കാതെ, മടിക്കാതെ, സ്വാർത്ഥത വെടിഞ്ഞ് മറ്റുള്ളവർക്കുവേണ്ടി നമുക്ക് പ്രവർത്തിക്കാം.

# വളരുന്ന സമയം

*സ്നേഹത്തിൽ സത്യം സംസാരിച്ചുകൊണ്ട് ക്രിസ്തു എന്ന തലയോളം സകലത്തിലും വളരുവാൻ ഇടയാകും*

— എഫെസ്യർ 4:15

താങ്കളുടെ ജീവിതത്തിന്റെ പുറകിലേക്ക് നോക്കുകയാണെങ്കിൽ താങ്കൾക്ക് കാണുവാൻ കഴിയും ജീവിതത്തിന്റെ ലളിതമായ സാഹചര്യങ്ങളിൽ ഒരിക്കലും നിങ്ങൾ വളർന്നിട്ടില്ല; നിങ്ങൾ വളർന്നിട്ടുണ്ടെങ്കിൽ അത് ജീവിതത്തിന്റെ കഠിനമായ സമയങ്ങളിൽ മാത്രം. ജീവിതത്തിലെ കഷ്ടതയുടെ സമയങ്ങളിൽ പഠിച്ച പാഠങ്ങൾ, ലളിതമായ സാഹചര്യ ങ്ങളിൽ കൂടുതൽ പ്രയോജനപ്പെടുവാൻ സഹായിക്കുന്നു. ഇത് ജീവിത ത്തിന്റെ ഒരു പ്രധാന പ്രമാണം തന്നെയാണ്. ഇപ്രകാരമാണ് ജീവിതം തന്നെ നയിക്കപ്പെടുന്നത്. നിങ്ങൾ ഒരാഴ്ച മുഴുവൻ ജോലി ചെയ്തു, ആഴ്ചയുടെ ഒടുവിൽ പേ ചെക്ക് വാങ്ങി ആഴ്ചയുടെ അവസാനം സുഖിക്കുന്നു.

നിങ്ങൾ നല്ല വ്യായാമം എടുക്കുന്നു, തക്ക സമയത്ത് ഭക്ഷണം ലഭിക്കുന്നു, നിങ്ങളുടെ ശരീരത്തിന് ആവശ്യമായ എല്ലാ സുഖ സൗകര്യങ്ങളും നിങ്ങൾ തന്നെ ഒരുക്കുന്നു. നിങ്ങളുടെ വീട് വീടിന്റെ അടിയിലത്തെ നില, കാർപോർച്ച്, അങ്ങനെ എല്ലാ ഭാഗങ്ങളും വൃത്തിയാ ക്കുന്നതിൽ നിങ്ങൾ വളരെ ശ്രദ്ധാലുക്കളും ഓരോ പ്രാവശ്യവും കുറെക്കൂടി വൃത്തിയാക്കാൻ ശ്രമിക്കുന്നു. എന്നാൽ എബ്രായർ 12:11 ഇപ്ര കാരം ഓർപ്പിക്കുന്നു; "ഏത് ശിക്ഷയും തത്ക്കാലം സന്തോഷകരമല്ല ദു:ഖകരമത്രെ എന്നു തോന്നും; പിന്നത്തേതിലോ അതിനാൽ അഭ്യാസം വന്നവർക്ക് നീതി എന്ന സമാധാന ഫലം ലഭിക്കും."

സത്യത്തിൽ പറഞ്ഞാൽ, നാം കഷ്ടതയുടെ നടുവിൽ വളരുന്ന വരാകുന്നു. ഇപ്രകാരമുള്ള ജീവിതത്തിലെ കഠിന സമയങ്ങളിൽ മാത്രമെ നാം വളരുകയുള്ളൂ.

# ഇപ്പോൾ അദ്ധ്വാനിക്കുക നാളെ വിശ്രമിക്കുക

*എണ്ണവിറ്റ് കടം വീട്ടി*

— 2 രാജാക്കന്മാർ 4:7

വേദപുസ്തകത്തിൽ നാം ഇപ്രകാരം വായിക്കുന്നു സ്നേഹം ഒഴികെ നാം ആരോടും ഒന്നും കടപ്പെട്ടിരിക്കരുത്. നാം മറ്റുള്ളവരോട് സ്നേഹം ഒഴികെ മറ്റെന്തെങ്കിലും കടപ്പെട്ടാൽ നാം നമുക്ക് തന്നെ നിരാശയും, ദുഖവും, വരുത്തിവയ്ക്കുകയാണ്. ഞാനും, ഡേവും വിവാഹം കഴിഞ്ഞ സമയം ഞങ്ങൾക്ക് ധാരാളം ആവശ്യങ്ങളുടെ മുഖത്ത് കടം വാങ്ങുകയും കടത്തിന് അടിമപ്പെടുകയും ചെയ്തു. ഞങ്ങളുടെ കുട്ടികൾ ആയപ്പോഴേക്കും ഞങ്ങളുടെ ക്രെഡിറ്റ് കാർഡ് ഉപയോഗിച്ച് ധാരാളം കടം വരുത്തി വച്ചു. ഓരോ പ്രാവശ്യവും പണം കൊടുക്കാനുള്ളത് കൊടുക്കാൻ കഴിയാതെ വന്നതുമൂലം അതിന്റെ പലിശ വളരെ വലതായിക്കൊണ്ടിരുന്നു. ഓരോ ദിവസം കഴിയും തോറും ഞങ്ങളുടെ കടം വർദ്ധിച്ചു വർദ്ധിച്ചു വന്നുകൊണ്ടിരുന്നു.

നാം ദൈവരാജ്യത്തിൽ ജീവിക്കുവാൻ പോകുന്നവർ ആകയാൽ നാം നമ്മുടെ പരിജ്ഞാനത്തിൽ കാര്യങ്ങൾ ചെയ്യുന്നവർ ആകുക ഒരിക്കലും ജഡിക അഭിലാഷങ്ങളുടെ ഇഷ്ടപ്രകാരം ആകുവാൻ പാടില്ല (സദൃശ്യവാക്യങ്ങൾ 3:13). യേശുക്രിസ്തു നമുക്കു ജ്ഞാനം നല്കി തന്നിരിക്കുന്നു, പരിശുദ്ധാത്മാവ് നമ്മളിൽ അധിവസിക്കുന്നു (കാണുക 1 കൊരിന്ത്യർ 1:30, എഫെസ്യർ 1:7). നാം പരിശുദ്ധാത്മാവിന്റെ ശബ്ദത്തിന് കീഴ്പ്പെടുന്നെങ്കിൽ തീർച്ചയായും നാം പ്രശ്നങ്ങളിൽ അകപ്പെടും. അതുപോലെ നാം ജഡത്തിന്റെ ഇഷ്ടപ്രകാരം നടന്നാൽ തീർച്ചയായും നമുക്ക് തകർച്ച തന്നെയുണ്ടാകും.

ജ്ഞാനം നമ്മളെ ചില തീരുമാനങ്ങൾ എടുപ്പിക്കുന്നു, അത് തീർച്ചയായും നമ്മുടെ നാളത്തെ ജീവിതത്തിന് ഉപകാരപ്രദമായിരിക്കും. വികാരം എപ്പോഴും ഇപ്പോഴത്തെ സുഖം മാത്രമെ ചിന്തിക്കൂ, നാളത്തെപ്പറ്റി ചിന്തിക്കാറില്ല. നാളെ എന്ന ഒരു ദിവസം എത്തുമ്പോൾ വിഢിത്തം എപ്പോഴും, നിരാശയും ദുഖവും നിറഞ്ഞതായി മാറും. എന്തുകൊണ്ട്?

ബുദ്ധി നാളെയെപ്പറ്റി തയ്യാറുള്ളവനും നല്ല ഫലം കൊയ്യുവാൻ എളുപ്പമാണ്. എന്നാൽ വിഡ്ഢിത്വം ഇന്നത്തെ സുഖത്തെപ്പറ്റി ചിന്തിക്കുകയും താൻ ചെയ്ത തെറ്റിന് നല്ല കണക്ക്, കൊടുക്കുന്നതായും വരുന്നു.

ആയതിനാൽ ക്രമീകൃതമായ ജീവിതം നയിക്കുവാനായി ഇന്ന് നിത്യതയിൽ നിക്ഷേപിക്കുന്നവരാകുക. എന്നാൽ നാളെ നല്ല ഫലം കൊയ്യുവാൻ കഴിയും. ഈ നിരാശയിൽ നിന്നും വേദനയിൽ നിന്നും, രക്ഷ നേടാനായി ഒരേ ഒരു മാർഗ്ഗം മാത്രം ഇന്നത്തെ ജീവിതം ക്രമപ്പെടുത്തി, ഇന്നത്തെക്കുറിച്ച് ചിന്തിക്കാതെ നിത്യതയിൽ ദൈവം നൽകുവാൻ പോകുന്ന പ്രതിഫലങ്ങളെപ്പറ്റി ഓർക്കുക ഇപ്പോൾ അദ്ധ്വാനിക്കുക, നാളെ വിശ്രമിക്കാം.

# ദൈവിക വിശ്രാമത്തിലേക്കു പ്രവേശിക്കുക

*ഇതാ ഞാൻ നിന്റെ പ്രമാണങ്ങളെ  വാഞ്ഛിക്കുന്നു. നിന്റെ നീതിയാൽ എന്നെ ജീവിപ്പിക്കേണമെ. അങ്ങനെ ഞാൻ നിന്റെ ന്യായപ്രമാണം ഇടവിടാതെ എന്നേക്കും പ്രമാണിക്കും (കേൾക്കുകയും, സ്വീകരി ക്കുകയും, സ്നേഹിക്കുക യും, അനുസരിക്കുകയും ചെയ്യും) നിന്റെ പ്രമാണങ്ങളെ ആരായുന്നതുകൊണ്ട് (ഒഴിച്ചുകൂടാൻ പാടില്ലാത്ത ആവശ്യം) ഞാൻ വിശാലതയിൽ നടക്കും.*

— സങ്കീർത്തനം 119:40,44–45

നിങ്ങൾ വാസ്തവമായി ദൈവവചനത്തെ സ്നേഹിക്കുന്നവരാണെങ്കിൽ– അതിനെ കേൾക്കുകയും, സ്വീകരിക്കുകയും, അനുസരിക്കുകയും ചെയ്യുന്നു വെങ്കിൽ - നിങ്ങൾക്കു സ്വാതന്ത്ര്യവും സ്വസ്ഥമായ ജീവിതവും ലഭിക്കും. മറ്റൊരു പ്രകാരത്തിൽ ജീവിതം കഠിനവും, സകലവും പ്രകാശമേറിയതും ആയിരിക്കുകയില്ല. ദൈവത്തിന്റെ വാഗ്ദത്തങ്ങളെ വിശ്വസിക്കുകയും അവന്റെ കല്പനകളെ അനുസരിക്കുകയും, ചെയ്യുമ്പോഴാണ് നിങ്ങളുടെ ജീവിതസന്തോഷം  നിറവുള്ളതാകുന്നത്.

ദൈവത്തിന്റെ പ്രമാണങ്ങളെ അനുസരിക്കാതെയും അവന്റെ വചനത്തെ ശ്രദ്ധിക്കാതെയും പോകുന്നവർ അവർക്കായി ദൈവം ഒരുക്കുന്ന സ്വസ്ഥതയിൽ പ്രവേശിക്കുകയില്ലെന്നാണ് ബൈബിൾ പഠിപ്പിക്കുന്നത്. ആയതിനാൽ ജീവിതത്തിൽ മോഹഭംഗവും കലക്കവുംമൂലം നിങ്ങളുടെ സമാധാനവും സന്തോഷവും നഷ്ടപ്പെട്ടെങ്കിൽ നിങ്ങളോടുതന്നെ ചോദിക്കുക, ‘ഞാൻ ദൈവവചനം അനുസരിക്കാറുണ്ടോ?’

ജീവിതത്തിലെ എല്ലാവിധ വടംവലിക്കുള്ളിൽ നിന്നും സ്വാതന്ത്ര്യം, നേടണമെങ്കിൽ ദൈവവചനം വിശ്വസിക്കുകയും നിങ്ങൾ ചെയ്വാനായി നിങ്ങളുടെ ഹൃദയങ്ങളിൽ യേശു തരുന്ന ആലോചനയെ അനുസരിക്കുകയും വേണം. ദൈവവചനത്തെ വിശ്വസിക്കുന്നതിലൂടെ മാത്രമെ സകലവിധ ജീവിതസംഘട്ടനങ്ങളിൽ നിന്നും മുക്തനായി ദൈവത്തിന്റെ സ്വസ്ഥതയിൽ പ്രവേശിക്കുവാൻ കഴിയുകയുള്ളൂ. വചനം ഇപ്രകാരം പറയുന്നു ‘വിശ്വസിച്ചവരായ നാമല്ലോ (കേൾക്കുകയും, ദൈവത്തിൽ ആശ്രയിക്കുകയും ചെയ്തവർ) സ്വസ്ഥതയിൽ പ്രവേശിക്കുന്നു.’ (എബ്രായർ 4:3)

നിങ്ങളുടെ വിചാരങ്ങൾ നിഷേധാത്മകവും നിങ്ങൾ സംശയത്താൽ നിറയപ്പെടുകയും ചെയ്യുന്നുവെങ്കിൽ ദൈവവചനം കേൾക്കുന്നതും സ്വീകരിക്കുന്നതും അനുസരിക്കുന്നതും നിങ്ങൾ മതിയാക്കിയതിനാലാണ്.

എത്രയും പെട്ടെന്ന് നിങ്ങൾ ദൈവവചനത്തെ വിശ്വസിച്ചാൽ നിങ്ങളുടെ സന്തോഷം തിരികെ പ്രാപിക്കുവാനും 'സ്വസ്ഥത' അനുഭവിക്കുവാനും ഇടയാകും. അവനിൽ നിക്ഷിപ്തമായിരിക്കുന്ന ആ വിശ്രമസ്ഥാനത്ത് എല്ലാ ദിവസവും നിങ്ങൾ ആയിരിക്കണമെന്നാണ് ദൈവത്തിന്റെ ആഗ്രഹം.

# നമ്മുടെ ജീവിതത്തിലെ പ്രഥമലക്ഷ്യം

*അവൻ മുന്നറിഞ്ഞവരെ (മുൻകൂട്ടി അറിയുകയും സ്നേഹിക്കുകയും ചെയ്തവർ) തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതൻ ആകേണ്ടതിനു അവന്റെ സ്വരൂപത്തോടു (അവന്റെ സ്വരൂപത്തോടുള്ള ആന്തരിക പങ്കാളിത്തം) അനുരൂപരാകുവാൻ മുൻനിയമിച്ചുമിരിക്കുന്നു.*

— റോമർ 8:29

ഒരു ക്രിസ്ത്യാനിയുടെ ജീവിതത്തിലെ പ്രഥമലക്ഷ്യം ക്രിസ്തുവിനെപ്പോലെ ആയിത്തീരുക എന്നതാണ്. യേശുക്രിസ്തു, പിതാവിന്റെ തത്വത്തിന്റെ മുദ്രയും അതെ പ്രതിമയും ആയിരിക്കുന്നതുപോലെ അവനെ അനുഗമിക്കുന്നവരും ആയിരിക്കണം. യേശു നമ്മുടെ വിശ്വാസത്തിന്റെ നായകനായിരിക്കുന്നതുകൊണ്ട് നമ്മൾ എങ്ങനെ ജീവിക്കണമെന്നു മാതൃക കാട്ടിത്തന്നു. ആകയാൽ യേശു എങ്ങനെ മറ്റുള്ളവരുമായി ഇടപെടുന്നുവോ അതുപോലെ നാമും സഹവർത്തിക്കണം.

എങ്ങനെ ബിസിനസ്സിൽ വിജയിക്കാം, എങ്ങനെ കീർത്തിമാനാകാം എന്നതായിരിക്കരുത് നമ്മുടെ ലക്ഷ്യം. അഭിവൃദ്ധിയും, പ്രശസ്തിയും ഒരു വലിയ മിനിസ്ട്രിയും കെട്ടിപ്പടുക്കുന്നതോ ആയിരിക്കരുത് പിന്നെയോ ക്രിസ്തുവിനെപ്പോലെ ആകുക എന്നതായിരിക്കണം ലക്ഷ്യം.

നമ്മിൽ നിന്നു ഒരു പ്രസംഗം കേൾക്കുക എന്നതിലുപരി ലോകം വാഞ്ഛിക്കുന്നത് ക്രിസ്ത്യാനികളായ നാം വിശ്വസിക്കുന്നതുപോലെ ജീവിച്ചു പ്രവർത്തിക്കുന്നുണ്ടോ എന്നാണ്. നമ്മുടെ ജീവിതം കണ്ട് അനേകർ നമുക്കു ക്രിസ്തുവിലുള്ളത് പ്രാപിക്കാനുള്ള വിശപ്പും, ദാഹവും ഉള്ളവരാകണം. ഇതിനുദാഹരണമായിട്ടാണ് ബൈബിളിൽ എല്ലാവരെയും ദാഹിപ്പിക്കുന്ന ഉപ്പിനോടും ഇരുളിൽ പ്രകാശം നല്കുന്ന വെളിച്ചത്തോടും നമ്മെ സാദൃശ്യപ്പെടുത്തിയിരിക്കുന്നത്.

അനവധി ക്രിസ്ത്യാനികൾ തങ്ങൾ വിശ്വാസികളാണെന്നറിയിക്കാനായി അവരുടെ കാറുകളിൽ ബൈബിൾ സ്റ്റിക്കറുകളും സ്വർഗ്ഗപ്രതിരൂപങ്ങളോ വയ്ക്കാറുണ്ട്. എന്നാൽ ലോകം ഈ വകകളാൽ തൃപ്തിപ്പെടുകയില്ല. അവർ നോക്കുന്നത് നാം പുറപ്പെടുവിക്കുന്ന ദൈവസ്വഭാവത്തിന്റെ ഫലങ്ങളാണ്. അവർക്കു കാണേണ്ടത് നാം പ്രസംഗിക്കുന്നതുപോലെ ജീവിക്കുന്നതാണ് അല്ലാതെ മറ്റുള്ളവരോടു പ്രസംഗിക്കുകയും സ്വന്ത ജീവിതത്തിൽ അതു അനുഭവമാകാതെയും ഇരിക്കുന്നവരായിട്ടല്ല

# ഉടൻ അതു ചെയ്യുക

*ദൈവാത്മാവ് നടത്തുന്നവർ ഏവരും ദൈവമക്കൾ ആകുന്നു.*

— റോമർ 8:14

ഞാൻ സന്തോഷവതിയും അഭിഷേകം ചെയ്യപ്പെട്ടവളും ആയിരിക്കണമെങ്കിൽ എന്റെ ജീവിതത്തിൽ ദൈവശബ്ദത്തെ അനുസരിക്കണമെന്നു ഞാൻ കണ്ടെത്തി. ഞാൻ എന്തെങ്കിലും ചെയ്യണമെന്ന് ദൈവം എന്തിന് ആവശ്യപ്പെടുന്നു എന്നറിയുന്നതിനെക്കാൾ അവൻ എന്ത് ആവശ്യപ്പെടുന്നുവോ അതുടനെ ചെയ്യുന്നത് അഭികാമ്യം!

'ആത്മാവിന്റെ നടപ്പ്' എന്നത് കഴിഞ്ഞ ദശകങ്ങളിൽ കരിസ്മാറ്റിക് വിശ്വാസികൾ തെറ്റായി ഉപയോഗിച്ചു പോന്നു. എന്നാൽ അതിന്റെ ശരിയായ അർത്ഥം എനിക്കു മനസ്സിലായത് ദൈവം എന്തു പറയുന്നു എന്നു കേൾക്കുകയും അവൻ എന്നോട് ചെയ്യാൻ ആവശ്യപ്പെടുന്നത് ചെയ്യുന്നതുമാണ്. മറ്റുള്ളവർ ദൈവത്തെ അനുസരിക്കാതിരിക്കുന്നത് ചൂണ്ടിക്കാട്ടുവാൻ വിരലുകൾ ഉപയോഗിക്കുമ്പോൾ നമ്മൾ എല്ലാവരിൽ നിന്നും ദൈവം ആഗ്രഹിക്കുന്നത് അനുസരണം ആകുന്നു എന്നോർക്കണം.

# ദൈവത്തിനു മാത്രമെ യഥാർത്ഥത്തിൽ സഹായിക്കാൻ കഴിയൂ

*നീയല്ലോ എന്നെ ഉദരത്തിൽ നിന്നു പുറപ്പെടുവിച്ചവൻ; എന്റെ അമ്മയുടെ മുലകുടിക്കുമ്പോൾ നീ എന്നെ നിർഭയം വസിക്കുമാറാക്കി. ഗർഭപാത്രത്തിൽ നിന്നു ഞാൻ നിങ്കൽ ഏല്പിക്കപ്പെട്ടു, എന്റെ അമ്മയുടെ ഉദരം മുതൽ നീ എന്റെ ദൈവം. കഷ്ടം അടുത്തിരിക്കയാൽ എന്നെ വിട്ടകന്നിരിക്കരുതെ; സഹായിപ്പാൻ മറ്റാരുമില്ലല്ലോ.*

— സങ്കീർത്തനം 22:9-11

ഞാനിപ്പോൾ ദീർഘകാലമായി ദൈവത്തോടുകൂടെ നടക്കുന്നതിനാൽ എനിക്കു കുറച്ചു അനുഭവങ്ങൾ പങ്കു വയ്ക്കാനുണ്ട്. ഞാൻ കടന്നു പോയിട്ടുള്ള കഠിന സമയങ്ങളും അതിലുൾപ്പെടും. ദീർഘവർഷങ്ങൾ കൗശല പ്രയോഗത്തിലൂടെ സാത്താൻ എന്നെ നിയന്ത്രിച്ച കാര്യം ഒരിക്കലും വിസ്മരിക്കുകയില്ല. ആ കാലങ്ങൾ എന്റെ ജീവിതത്തിൽ ഉണ്ടാകരുതായിരുന്നുവെന്നോർത്ത് കരഞ്ഞുകൊണ്ട് തറയിലൂടെ നടന്നതു ഞാൻ ഓർക്കുന്നു.

സഹായം തേടി സ്നേഹിതരുടെയും മറ്റുള്ളവരുടെയും അടുക്കലേക്ക് ഓടി നടന്നതോർക്കുന്നു. എന്നാൽ ഒടുവിൽ ഈ ഓട്ടം നിർത്തുവാനുള്ള സാഹചര്യം എനിക്കു കിട്ടി – ഞാൻ അവരെ ഇഷ്ടപ്പെടാതിരുന്നതോ ആശ്രയിക്കാതിരുന്നതോ അല്ല എന്നാൽ അവർക്കും എന്നെ സഹായിപ്പാൻ കഴിയുകയില്ലായിരുന്നു. അതു ദൈവത്തിനു മാത്രമെ കഴിയൂ.

ഒരു പ്രാസംഗികൻ പറയുന്നത് എനിക്കു കേൾക്കുവാൻ ഇടയായി 'ജനങ്ങൾക്കു നിങ്ങളെ സഹായിപ്പാൻ കഴിയുമെല്ലെങ്കിൽ യഥാർത്ഥത്തിൽ നിങ്ങൾക്കൊരു പ്രശ്നവുമില്ല.'

എന്റെ ഭർത്താവിനു യാതൊരു പ്രശ്നങ്ങളോ, പ്രയാസങ്ങളോ ഇല്ലാതിരിക്കുന്നതുകൊണ്ട് ഞാൻ മിക്കവാറും പ്രകോപിതയായിട്ടുണ്ട്. അദ്ദേഹത്തിന് എന്തെങ്കിലും ഉള്ളതായി എന്നോടു പറഞ്ഞിട്ടില്ല. പക്ഷെ തന്റെ പ്രയാസസമയങ്ങളെ തരണം ചെയ്തു ജയാളിയായിക്കഴിയുമ്പോൾ എന്നോടു പറയും ചിലആഴ്ചകൾക്കു മുമ്പ് 'ഞാൻ ഒരു വലിയ പ്രയാസത്തിൽകൂടെ കടന്നു പോയി.'

അദ്ദേഹം പറഞ്ഞു തീരും മുമ്പ് ഞാൻ ചോദിക്കും 'എന്തുകൊണ്ടാണ് അത് എന്നോടു പറയാതിരുന്നത്?' അദ്ദേഹം എന്താണ് പറഞ്ഞതെന്ന് നിങ്ങൾക്കറിയാമോ? 'എനിക്കറിയാം നിനക്കെന്നെ സഹായിക്കാൻ കഴിയുകയില്ലെന്ന്, അതുകൊണ്ട് ഞാൻ നിന്നോടു ചോദിച്ചില്ല.'

നിങ്ങൾ സ്നേഹിക്കുകയും ആശ്രയിക്കുകയും ചെയ്യുന്നവരുമായി പ്രയാസങ്ങളെ പങ്കുവയ്ക്കുന്നതു തെറ്റാണെന്നു ഞാൻ പറയുകയില്ല, എന്നാൽ ഡേവ് മനസ്സിലാക്കിയ ഒരു സത്യം ഞാൻ എന്റെ ജീവിതത്തിൽ പ്രായോഗികമാക്കിയിരിക്കുന്നു. ചില സമയങ്ങളിൽ ദൈവം മാത്രമെ നമുക്കു സഹായിയായി കാണാനൊക്കുകയുള്ളൂ. എന്റെ ഭർത്താവിനെ സഹായിക്കുന്നത് എനിക്കിഷ്ടമാണെങ്കിലും, വാസ്തവത്തിൽ എനിക്കതു കഴിഞ്ഞിരുന്നില്ല. അതെ, ദൈവം മാത്രം ആയതിനാലാണ് അവങ്കലേക്ക് എന്റെ ഭർത്താവ് പോയത്.

# നിങ്ങളുടെ ശത്രുവിനെ അറിയുക

*നമുക്കു പോരാട്ടം ഉള്ളതു ജഡരക്തങ്ങളോടല്ല (ഭൗതികശത്രു) വാഴ്ചകളോടും, അധികാരങ്ങളോടും (പ്രധാനിയായ ആത്മാവ്) ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും ആത്രെ.*

— എഫെസ്യർ 6:12

സാത്താൻ ആളുകളെയും ചുറ്റുപാടുകളെയും ഉപയോഗിക്കുന്നു, എന്നാൽ നമ്മുടെ യഥാർത്ഥ ശത്രു അവരല്ല. അവൻ തന്നെയാണ്. സാത്താൻ ആളുകളിലൂടെയും മറ്റു സംഘങ്ങളിലൂടെയും പ്രവർത്തിച്ച് നമ്മിൽ പോരാട്ടവും യുദ്ധവും സൃഷ്ടിച്ച് സന്തോഷിക്കുകയും ഇതെല്ലാം അവനാണ് ചെയ്തതെന്നു ആരും അറിയാത്തവിധം നില്ക്കുകയും ചെയ്യുന്നു. ദൈവം അയച്ച ദൗത്യനിർവ്വഹണത്തിനായി യരുശലേമിലേക്കു പോകാൻ ഒരുങ്ങിയപ്പോൾ ആ യാത്രയെ തടസ്സപ്പെടുത്തുവാൻ സാത്താൻ ഉപയോഗിച്ചതു പത്രോസിനെ ആയിരുന്നു. ഇതു മനസ്സിലാക്കിയ യേശു പത്രോസിൽ നിന്നു ദൃഷ്ടിമാറ്റിയിട്ട് സാത്താനെ ശാസിച്ചു പറഞ്ഞത് 'സാത്താനെ, എന്നെ വിട്ടുപോ; നീ എനിക്കു ഇടർച്ചയാകുന്നു (തടസ്സവും ദ്രോഹിക്കുന്നവനും ആകുന്നു) (മത്തായി 16:23). സാത്താൻ പത്രോസിനെ ഉപയോഗിച്ചു എന്നാൽ പത്രോസ് അല്ല യഥാർത്ഥ പ്രശ്നം എന്നു മനസ്സിലാക്കിയ യേശു പത്രൊസിൽ നിന്നു ദൃഷ്ടിമാറ്റിയിട്ട് പ്രശ്നത്തിന്റെ സാക്ഷാൽ കാരണക്കാരനെ നോക്കി ശാസിക്കുകയായിരുന്നു. പരീക്ഷയുടെ ഉറവിടം അടെച്ചു.

നമുക്കു നേരിട്ടിരിക്കുന്ന പരീക്ഷയുടെയും പ്രശ്നങ്ങളുടെയും താത്ക്കാലിക ശ്രോതസ്സിലേക്കു നോക്കി നിരാശപ്പെടാതെ അതിനപ്പുറമുള്ള കാഴ്ചപ്പാടുണ്ടാകണം. സാധാരണയായി നാം മറ്റുള്ളവരിൽ പഴിചാരുകയും അവരോടു കോപിഷ്ഠരാകുകയുമാണ് ചെയ്യുക. എന്നാൽ അതു കുറച്ചുകൂടി പ്രശ്നം വലുതാക്കുകയേയുള്ളൂ. നാം ഇങ്ങനെ പെരുമാറുമ്പോൾ നമ്മെത്തന്നെ സാത്താന്റെ കയ്യിലെ കളിപ്പാവയാകുകയും അവന്റെ പദ്ധതിക്കു സഹായം ചെയ്യുകയുമാണ്. ചിലപ്പോൾ നാം ചുറ്റുപാടുകളെയും എന്തിന് ദൈവത്തെപോലും, പഴിയ്ക്കാറുണ്ട്. അതും സാത്താനെ സന്തോഷിപ്പിക്കാനാണ്.

അതെ, നമുക്കു നമ്മുടെ ശത്രുവിനെ മനസ്സിലാക്കേണ്ടതുണ്ട്. ഇവ രണ്ടും മാത്രമല്ല, അവന്റെ സ്വഭാവം എങ്ങനെയുള്ളതെന്നുകൂടി അറിയണം. ബൈബിൾ നമ്മെ പ്രോത്സാഹിപ്പിക്കുന്നത് ദൈവത്തിന്റെ സ്വഭാവം എന്തെന്നു അറിയാനും അവനിൽ വിശ്വസിക്കുവാനും, അവൻ പറയുന്നത് കേൾക്കുവാനുമാണ്. ഇതുപോലെ നാം സാത്താന്റെ സ്വഭാവവും അറിയണം. അവൻ പറയുന്നത് വിശ്വസിക്കുകയോ അവന്റെ വ്യാജവാക്കുകളെ വിശ്വസിക്കാതിരിക്കുകയും വേണം.

# പൂർണ്ണജയം പ്രാപിക്കുന്നു

*നാമോ നമ്മെ സ്നേഹിച്ചവൻ മുഖാന്തരം ഇതിൽ ഒക്കെയും*
*പൂർണ്ണജയം പ്രാപിക്കുന്നു* — റോമർ 8:37,38

നമുക്കൊരു വിജയഭേരിയുടെ ബോധം ആവശ്യമാണ്. റോമർ 8:37 പൗലോസ് നമുക്കു നല്കുന്നത്. യേശുക്രിസ്തു മുഖാന്തരം നമുക്കു ലഭിക്കുന്ന പൂർണ്ണ വിജയത്തിന്റെ ഉറപ്പാണ്. ആ സത്യം വിശ്വസിക്കുന്നവരായ നമുക്കു സ്ഥിരത നല്കുന്നു. ഒരിക്കൽ ഒരു സ്ത്രീയെക്കുറിച്ച് എനിക്കു കേൾക്കാൻ കഴിഞ്ഞത് അവളുടെ ഭർത്താവ് വീട്ടിൽ നിന്നു പോകയും, ഒരാഴ്ച ജോലി ചെയ്ത് ലഭിക്കുന്നതെല്ലാം കൊണ്ടുവന്ന് അവളുടെ കയ്യിൽ കൊടുക്കുകയും ചെയ്യും. അപ്പോഴാണ് അവൾ പൂർണ്ണജയം പ്രാപിക്കുന്നത്. എന്നാൽ ദൈവം എന്നോട് സംസാരിച്ചു പറഞ്ഞത് "നീ ഒരു പ്രശ്നത്തിൽ ആകുന്നതിനുമുന്നമെ നീ വിജയി ആണെന്നറിയുമ്പോഴാണ് പൂർണ്ണജയം പ്രാപിക്കുന്നത്."

ശോധനകൾ വർദ്ധിക്കുമ്പോൾ ചിലപ്പോൾ നമ്മുടെ ആഗ്രഹത്തിനു ഇളക്കം തട്ടാറുണ്ട്. പ്രത്യേകിച്ച് അതിന്റെ ദൈർഘ്യം വർദ്ധിക്കുമ്പോൾ, എന്നാൽ എന്തെല്ലാം നമുക്കെതിരായി വന്നാലും ദൈവസ്നേഹത്തിൽ സമ്പൂർണ്ണമായി ആശ്രയിക്കുന്ന നമ്മുടെ അന്തർഭാഗത്ത് പൂർണ്ണജയം നമുക്കുണ്ട്. നാം വാസ്തവത്തിൽ ആത്മവിശ്വാസമുള്ളവരാണെങ്കിൽ നമുക്കു കുഴപ്പങ്ങളെയും വെല്ലുവിളികളെയും ശോധനകളെയും ഓർത്ത് ഭാരപ്പെടേണ്ടതില്ല. എന്തുകൊണ്ടെന്നാൽ അതെല്ലാം മാറിപ്പോകുമെന്ന് നമുക്കറിയാം. എപ്പോഴെങ്കിലും ഒരു ശോധന നേരിടുമ്പോൾ ഇതും മാറിപ്പോകും എന്നോർക്കുക. ശോധന കാര്യത്തിൽ നിങ്ങൾ പഠിക്കുന്ന പാഠങ്ങൾ ഭാവിയിൽ സഹായകമാകും എന്നു വിശ്വസിക്കുന്നു.

ആത്മവിശ്വാസം ഇല്ലെങ്കിൽ നമുക്കു ഓരോ തിരിവുകളും നമ്മിൽ ഉണ്ടെന്നു ഉളവാക്കും. സാത്താൻ ഒരു ബോംബ് ഇടുകയും നമ്മുടെ സ്വപ്നങ്ങൾ നശിപ്പിക്കുകയും ചെയ്യും. നാം ആരംഭിക്കും എന്നാൽ ഒന്നിനു പുറകെ ഒന്നായി പരാജയം നേരിടേണ്ടി വരും. പക്ഷെ എപ്പോഴും അല്ലെങ്കിൽ വിശ്വാസത്തോടെ ജീവിക്കുന്നവർ യേശുക്രിസ്തു മുഖാന്തിരം പൂർണ്ണജയം പ്രാപിച്ചവരാകയാൽ അഭിവൃദ്ധി പ്രാപിക്കും.

ആകയാൽ വിശ്വാസത്തിന്റെ ചുവടുവച്ചുകൊണ്ട് എല്ലാത്തിലും ആത്മവിശ്വാസത്തോടെ നിലകൊള്ളുവാൻ തീരുമാനിക്കുക. ദൈവത്തിനു നമ്മെ ഇടയ്ക്കിടെ തിരുത്തേണ്ടി വരും. അതു നാം സുരക്ഷിതരാണെന്നു പറയണം. ഒന്നും ചെയ്യാതിരിക്കേണ്ടി വന്നാലും നല്ലതാണ് ആത്മ വിശ്വാസമുള്ളവർ തങ്ങളുടെ പ്രവർത്തി നല്ലതായി ചെയ്തിരിക്കും. അവരാണ് തങ്ങളുടെ ശുശ്രൂഷയാൽ ഇന്നത്തെ ലോകത്തിനു വ്യത്യാസം വരുത്തുന്നത്. ആത്മവിശ്വാസമുള്ളവർ തങ്ങളായിത്തന്നെ മുന്നേറുന്നതിനാൽ പൂർത്തിയാക്കും.

# നിങ്ങളുടെ ഉപ്പിനെ ദൂരെ കൊടുക്കുക

*നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു; ഉപ്പു കാരമില്ലാതെ പോയാൽ (അതിന്റെ ശക്തി, ഗുണം)... അതു... മറ്റൊന്നിനും പിന്നെ കൊള്ളുന്നതല്ല.*

— മത്തായി 5:13

നമ്മുടെ ജീവിതത്തിന്റെ നല്ലൊരു ഭാഗം തെറ്റായ വിധത്തിലുള്ള സന്തോഷം അനുഭവിക്കാനാണ് മറ്റുള്ളവർ ശ്രമിച്ചത്. നാം പരിശ്രമിച്ചത് പ്രാപിക്കാനാണെങ്കിലും യഥാർത്ഥത്തിൽ കൈവിട്ടുപോകയായിരുന്നു. സ്നേഹം കൊടുക്കാനുള്ളതാണ് അതാണു സ്നേഹത്തിന്റെ സ്വഭാവം "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു." (യോഹന്നാൻ. 3:16)

മറ്റുള്ളവരോട് നാം സ്നേഹം പ്രകടിപ്പിക്കുന്നത് അവരുടെ ഭൗതികവും ആത്മികവുമായ ആവശ്യങ്ങളിലൂടെയാണ്. ഔദാര്യം സ്നേഹത്തിന്റെ പ്രവർത്തിയാകുന്നു പ്രോത്സാഹനം, ക്ഷമ, ദയ, താഴ്മ, മര്യാദ, നിസ്വാർത്ഥത, നല്ല മനോഭാവം, നല്ലതിനെ വിശ്വസിക്കുക, സത്യസന്ധത എന്നിവയിലൂടെയാണ് നാം സ്നേഹത്തെ കാണുന്നത്. നമ്മുടെ മുന്നേറ്റ പ്രവർത്തനങ്ങളിൽ വിശേഷാൽ ചെറിയ കാര്യങ്ങളിൽ പോലും സ്നേഹം പ്രത്യക്ഷമാക്കണം.

"നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു, ഉപ്പു കാരമില്ലാതെ പോയാൽ (അതിന്റെ ശക്തിയും, ഗുണവും) അതിനു എന്തൊന്നുകൊണ്ട് രസം വരുത്താം? അതു പുറത്തു കളഞ്ഞിട്ട് മനഷ്യർ ചവിട്ടുവാൻ അല്ലാതെ മറ്റൊന്നിനും പിന്നെ കൊള്ളുന്നതല്ല" (മത്തായി 5:13). ഈ വാക്യത്തിൽ യേശു പറഞ്ഞത് നമ്മൾ ലോകത്തിനു രുചി വരുത്തുന്ന ഉപ്പാണ്. എന്നാൽ ഉപ്പ് കാരമില്ലാതെ (ഉപ്പുരസം) പോയാൽ അതു ഒന്നിനും കൊള്ളുകയില്ലെന്നാണ്.

ഞാൻ പറയട്ടെ  സ്നേഹമില്ലായെങ്കിൽ ജീവിതം മുഴുവൻ രസമില്ലാത്ത അവസ്ഥയിലായിരിക്കും. കടപ്പാടുകളെ മറക്കുകയും ദാനശീലവും സത്യസന്ധമായ സ്നേഹവും നഷ്ടപ്പെടുത്തുകുയും ചെയ്യുമ്പോൾ ജീവിതം ശൂന്യമായിത്തീരുകയാണ്. സ്നേഹം ഉപ്പാണ്, ജീവന്റെ ശക്തിയാണ്, അതിനാലാണ് ഓരോ പ്രഭാതത്തിലും നമുക്കു എഴുന്നേല്ക്കാൻ കഴിയുന്നത്.

നാം അഭിമുഖീകരിക്കുന്ന ജീവിതത്തിന്റെ രുചിയില്ലായ്മയിലേക്കു ഉപ്പു വിതറുവാൻ നിഴലുകളിൽ മാഞ്ഞുനില്ക്കുന്ന ദൈവത്തിന്റെ ഏജന്റുമാരെ കാണാൻ സാധിച്ചാൽ നമ്മുടെ ദിനങ്ങൾ ഓരോന്നും ആശ്ചര്യകരമായിരിക്കും.

# ഉറപ്പായ തീരുമാനമുള്ളവരായിരിക്കുക

*ഇരുമനസ്സുള്ള (തിടുക്കവും, സംശയവും, പതർച്ചയും) മനുഷ്യൻ തന്റെ വഴികളിൽ ഒക്കെയും (ചിന്തയിലും, വികാരത്തിലും, തീരുമാനത്തിലും) അസ്ഥിരൻ (തീരുമാനമില്ലാത്തവനും, ഉറപ്പില്ലാത്തവനും) ആകുന്നു.*

— യാക്കോബ് 1:8

നമ്മുടെ പ്രശ്നമോ അവസ്ഥയോ എന്തുതന്നെ ആയിരുന്നാലും സംശയവും, ഇരുമനസ്സുമുണ്ടാകാതെ ഉറച്ച തീരുമാനം എടുക്കുന്നതുമാണ് ഉത്തമം. ഉദാഹരണമായി നിങ്ങൾക്കാരോടെങ്കിലും ഒരു വഴക്കുണ്ടെങ്കിൽ കോപം വച്ചു പുലർത്തി ക്ഷമിക്കാതെയും, കയ്പ്പോടും, ഈർഷ്യയോടുകൂടെ അവൻ ഇങ്ങോട്ടു വന്നു നിരപ്പാകട്ടെ എന്നു കാത്തിരിക്കുന്നതിനെക്കാൾ എളുപ്പം അയാളോടു നിരപ്പാകാനുള്ള തീരുമാനം നാം മുമ്പുകൂട്ടി എടുക്കുന്നതാണ്. നിങ്ങൾ സമാധാനം ഉണ്ടാക്കുന്ന വ്യക്തിയാണെങ്കിൽ നിങ്ങൾക്കു ധാരാളം സന്തോഷമുണ്ടായിരിക്കും. ഞാൻ ദീർഘകാലം പോർ നടത്തി ജീവിക്കുകയും വലിയ വില അതിനു കൊടുക്കേണ്ടി വരികയും ചെയ്തു. എന്റെ സമാധാനവും സന്തോഷവും മാത്രമല്ല ചില സമയത്ത് ആരോഗ്യം പോലും നഷ്ടമായി. യേശുവിനു ഒരു വഴിയുണ്ട് ആ വഴിയിൽ നാം പ്രവർത്തിച്ചാൽ ജീവിതം സന്തോഷകരമായി ആസ്വദിക്കാം. ഇരുമനസ്സ് നമ്മുടെ സമയം നഷ്ടമാക്കും. സമയം വിലയേറിയതാകയാൽ നഷ്ടമാക്കാനുള്ളതല്ല.

നിർണ്ണയമുള്ള വ്യക്തിക്കു കുറഞ്ഞ പരിശ്രമം കൊണ്ട് കൂടുതൽ ചെയ്യുവാൻ കഴിയും. തെറ്റുകൾ തിരുത്താതെ ദൈവത്തിൽ നിന്നു കേൾക്കുവാൻ പഠിച്ചവർ ആരുമില്ല. തെറ്റുകളെ ഓർത്തു കൂടുതൽ ഭാരപ്പെട്ട് നിങ്ങളെത്തന്നെ വലിയ വിഷമത്തിലാക്കരുത്. നിങ്ങൾ കുറവുകളുള്ള മനുഷ്യജീവിയാണ് അല്ലാതെ തെറ്റും കുറവുമില്ലാത്ത ദൈവമല്ല. തെറ്റുകളിൽ നിന്നു പഠിച്ചാലും നിങ്ങൾക്കു കഴിയുംവിധം ഓരോന്നായി ശരിയാക്കുകയും ഉറപ്പുള്ള തീരുമാനത്തോടെ നില്ക്കുകയും ചെയ്ക. ഒരിക്കലും ഇരുമനസ്സിലേക്കും അസ്ഥിരതയിലേക്കും പിന്മാറി വീഴരുത്. തെറ്റുകൾ വന്നുപോയി എന്നോർത്ത് ദു:ഖിച്ചിരിക്കാതെ ദൈവം നിങ്ങളോട് ഉപേക്ഷിക്കാൻ പറയുന്നത് ഉടൻതന്നെ ചെയ്യുക. അതു നിങ്ങളുടെ മനസ്സിൽ സൂക്ഷിക്കരുത്. നിങ്ങൾക്ക് ശരിയെന്നു ബോദ്ധ്യമായതു ചെയ്തുകൊണ്ട് വിത്തു വിതയ്ക്കുക അങ്ങനെ നിങ്ങൾ കൂടുതൽ ഉറപ്പുള്ളവരാകും.

ഒരു ശരിയായ സമയം വേർതിരിച്ചു ദൈവത്തിനായി കാത്തിരിക്കുക. ജഡവികാരങ്ങളെ പിൻപറ്റാതെ ഹൃദയത്തെ പിൻതുടരുക. തെറ്റുകൾ വരുത്തുന്നതിൽ ഒന്നാമനോ ഒടുക്കത്തവനോ നിങ്ങളല്ല എന്നു മനസ്സിലാക്കി ഭയരഹിതനാകുക. പരാജയഭീതി ആയിരങ്ങളെ സന്ദേഹത്താൽ ബന്ധിപ്പിച്ചിരി

ക്കുന്നു.  അതു തീർച്ചയായും നിങ്ങളുടെ സന്തോഷത്തെ മോഷ്ടിക്കുകയും ജീവിതം കുഴപ്പത്തിലാക്കുകയും ചെയ്യുന്നു. ഒരു ശരിയായ തീരുമാനം എടുക്കാൻ ഭയപ്പെടരുത്. അതു ഉടൻ ചെയ്യുകയും അതിനെ പിൻതുടരുകയും ചെയ്ക.

# തിരുത്തലുകളെ സ്വീകരിക്കുക

*ഭോഷൻ അപ്പന്റെ പ്രബോധനം നിരസിക്കുന്നു; ശാസനയെ കൂട്ടാക്കുന്നവനോ വിവേകിയായിത്തീരും*

— സദൃശ്യവാക്യങ്ങൾ 15:5

തിരുത്തലുകളോടും വിമർശനങ്ങളോടും എങ്ങനെയാണ് പ്രതികരിക്കുന്നതെന്ന് നിങ്ങളോടുതന്നെ ചോദിക്കുക. നിങ്ങളുടെ കണക്കെടുപ്പ് സത്യസന്ധമായിരിക്കട്ടെ. അല്പവിശ്വാസമുള്ളവർ തങ്ങളെതന്നെ വിലയിരുത്തുമ്പോൾ മാന്യമായി എതിർക്കാതെയും പ്രതിരോധിക്കാതെയും തിരുത്തലുകളെ സ്വീകരിക്കും.

വിശ്വസ്തരായ ആളുകൾ വസ്തുനിഷ്ടമാംവിധം കേൾക്കുന്നതു മറ്റൊരു കാഴ്പ്പാടിലാണ്. അവർ പ്രാർത്ഥനയിലൂടെ എന്തു സ്വീകരിക്കണം എന്തു ത്യജിക്കണമെന്നു ദൈവം അവരുടെ ഹൃദയത്തിൽ പറയുന്നതനുസരിച്ച് ചെയ്യുന്നു. ഞാൻ അപമാനവും കുറ്റങ്ങളും പേറിനടന്ന കാലത്ത് എന്റെ ഭർത്താവിന്റെ തിരുത്തലുകളെപോലും ഞാൻ സ്വീകരിച്ചിരുന്നില്ല. എന്റെ മാറ്റത്തിനു ക്രമീകരണത്തിനുമായി അദ്ദേഹം നല്കിയ ഉപദേശങ്ങൾ എന്നെ വൈകാരിക തലത്തിലാക്കിയിട്ട് ഞാൻ അദ്ദേഹത്തോട് കോപിക്കുകയും എതിർക്കുകയും ചെയ്തു സ്വയം കലക്കത്തിലായി. അപ്പോഴും ഡേവ് ആവർത്തിച്ചു പറയും, 'ഞാൻ നിന്നെ സഹായിക്കാനാണ് ശ്രദ്ധിക്കുന്നത്.'

എന്നാൽ എന്റെ ഭൂതകാലം ആരുടെയും സഹായം സ്ഥിരീകരിക്കുന്ന നിലയിലായിരുന്നില്ല. ഞാൻ ഇട്ടിരിക്കുന്ന കുപ്പായം നല്ലതാണോ എന്ന ചോദിക്കുമ്പോൾ 'കൊള്ളുകയില്ല' എന്നാണ് മറുപടിയെങ്കിൽ ഞാൻ എതിർക്കുമായിരുന്നു. അദ്ദേഹത്തിന്റെ സത്യസന്ധമായ അഭിപ്രായം പോലും ഞാൻ സ്വീകരിച്ചിരുന്നില്ല. അദ്ദേഹത്തിന്റെ അഭിപ്രായം എന്റേതുമായി യോജിക്കുന്നില്ലെങ്കിൽ ഞാൻ ത്യജിക്കപ്പെട്ടു എന്ന ചിന്ത എന്നെ ഭരിക്കുന്നു. എന്നാൽ ആ ദിവസങ്ങൾ കഴിഞ്ഞുപോയതിൽ ഞാൻ ഇന്നു സന്തോഷിക്കുന്നു. ഞാൻ ഇഷ്ടപ്പെട്ട സുരക്ഷിതമോ, എന്റെ വികാരങ്ങളോ അല്ല എല്ലാവർക്കുമുള്ളത്.

മറ്റുള്ളവർ നമ്മെ അംഗീകരിച്ചില്ലെങ്കിലും ദൈവം നമ്മെ അംഗീകരിച്ചു എന്ന വിശ്വാസം നമുക്കു നമ്മെത്തന്നെ അംഗീകരിക്കാൻ സഹായിക്കുന്നു എന്നത് സംപൂർണ്ണമായും അത്ഭുതം തന്നെയാണ്. ആകയാൽ വിനയത്തോടെ തിരുത്തലുകളെ സ്വീകരിക്കുന്നതാണ് നല്ലത്. എന്നാൽ മറ്റുള്ളവരുടെ അഭിപ്രായങ്ങൾ അമിതമായി നമ്മെ നിയമിപ്പാനും ഇടയാകരുത്.

# ഒരു ക്ഷമിക്കുന്ന ഹൃദയം

*നിങ്ങൾ ക്ഷമിക്കാഞ്ഞാലോ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് നിങ്ങളുടെ പിഴകളെയും ക്ഷമിക്കുകയില്ല.*

— മർക്കോസ് 11:26

യേശു നമ്മെ പ്രാർത്ഥിക്കാൻ പഠിപ്പിച്ചു. "ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളെയും ഞങ്ങളോട് ക്ഷമിക്കേണമെ" ദൈവം കരുണയുള്ള ദൈവമാണെങ്കിലും, ക്ഷമയുടെ കാര്യം അവനു അതിപ്രാധാന്യമർഹിക്കുന്ന ഒന്നാണ്. അവന്റെ വചനത്തിൽ തുടർച്ചയായി അവൻ പറയുന്നത്, നിങ്ങൾക്കു കരുണ ലഭിക്കണമെങ്കിൽ നിങ്ങളും കരുണയെ കൊടുക്കുന്നവരായിരിക്കണം. നാം ദൈവത്തിൽ നിന്നു വീണ്ടും വീണ്ടും ക്ഷമയെ പ്രാപിച്ചുകൊണ്ടിരിക്കുന്നെങ്കിലും നാം മറ്റുള്ളവരോട് അല്പംപോലും ക്ഷമ കാണിക്കാറില്ലെന്നത് ആശ്ചര്യമല്ലേ.

മത്തായി 18:23-35 വരെയുള്ള ഭാഗത്ത് യജമാനനോട് വലിയൊരു തുക കടം പറ്റിയിരിക്കുന്ന ദാസന് അതു ഇളവുകിട്ടിയ കഥ യേശു വിവരിക്കുന്നു. എന്നാൽ ആ ദാസൻ തന്റെ കൂട്ടുദാസന് നല്കേണ്ടിയിരുന്ന ചെറിയ ഒരു തുക ഉടൻ മടക്കിതരണമെന്ന് ആവശ്യപ്പെടുകയും ലഭിക്കാതെ വന്നപ്പോൾ അയാളെ ദണ്ഡിപ്പിച്ച് ജയിലിലടയ്ക്കുകയും ഉടൻ മുഴുവൻ തുകയും തരണമെന്ന് ആവശ്യപ്പെടുകയുമുണ്ടായി. കുറച്ചു സമയം കൂടെ അനുവദിച്ചാൽ ഏതുപ്രകാരവും തിരിച്ചടയ്ക്കാമെന്നുള്ള യാചനാപൂർണ്ണമായ അപേക്ഷ നിരസിക്കപ്പെട്ടു. ഈ വാർത്ത കൂട്ടുദാസന്മാരായ മറ്റുള്ളവർ യജമാനനെ അറിയിച്ചു. യജമാനൻ ഉടനെ ആ കരുണയില്ലാത്ത ദാസനെ വരുത്തി ഇപ്രകാരം പറഞ്ഞു "ദുഷ്ട ദാസനെ, നീ എന്നോട് അപേക്ഷിക്കയിൽ ആ കടം (വലിയ തുക) ഒക്കെയും ഇളവു തന്നുവല്ലോ എനിക്കു നിന്നോട് കരുണ തോന്നിയതുപോലെ നിനക്കും ആ കൂട്ടുദാസനോട് കരുണ തോന്നുകയില്ലയോ" (ചെറിയൊരു തുകയ്ക്ക്).

18:34 - ൽ ആ യജമാനൻ കോപിച്ചിട്ട് ദണ്ഡിപ്പിക്കുന്നവരെ വരുത്തി ആ കരുണയില്ലാത്ത ദാസൻ തന്റെ പണം മുഴുവൻ മടക്കിത്തരുവോളം ജയിലിൽ പാർപ്പിച്ചു ദണ്ഡിപ്പിക്കുവാൻ കല്പിച്ചു എന്നു യേശു പറഞ്ഞു. ഞാൻ വിചാരിക്കുന്നത് മറ്റുള്ളവരോട് നാം ക്ഷമ കാണിക്കാതിരിക്കുമ്പോൾ നമ്മൾത്തന്നെ വൈകാരിക ജയിലിൽ അടയ്ക്കപ്പെട്ട് ദണ്ഡനം സഹിക്കുകയാണ്.

ഒരാളോട് കയ്പ്പും, നീരസവും, ക്ഷമയില്ലായ്മയും വച്ചുപുലർത്തുമ്പോൾ നാം നമുക്കുതന്നെ മുറിവുണ്ടാക്കയും, മറ്റാരാക്കാളും അധികം വേദന സഹി

ക്കുകയുമാണ്. നമ്മൾത്തന്നെ ദുരതത്തിലാകുന്നു. യേശു ആ കഥ അവസാനിപ്പിക്കുന്നത്. ''നിങ്ങൾ ഓരോരുത്തൻ സഹോദരന്മാരോടു ഹൃദയപൂർവ്വം ക്ഷമിക്കാഞ്ഞാൽ സ്വർഗ്ഗസ്ഥനായ എന്റെ പിതാവ് അങ്ങനെ തന്നെ നിങ്ങളോടു ചെയ്യും" എന്നു പറഞ്ഞുകൊണ്ടാണ്. ദൈവം നിങ്ങളെ ശുശ്രൂഷയിൽ ഉപയോഗിക്കണമെങ്കിൽ നിങ്ങൾ ക്ഷമിക്കാൻ പഠിക്കണം.

# വിശ്വാസത്തോടെ നിങ്ങളുടെ മതിലുകൾ പൊളിക്കുക

*അവർ നിന്നെ ഭ്രഷ്ടയെന്നും ആരും തിരിഞ്ഞുനോക്കാത്ത സീയോനെന്നും വിളിക്കകൊണ്ട് ഞാൻ നിന്റെ മുറിവുകളെ പൊറുപ്പിച്ചു നിനക്കു ആരോഗ്യം വരുത്തും എന്നു യഹോവയുടെ അരുളപ്പാട്*

— യിരെമ്യാവ് 30:17

മുറിവുകളും വേദനകളും ഉണ്ടാകാതെ സുരക്ഷിതരായിപ്പാനായി ചിലർ അവർക്കു ചുറ്റും ചില മതിലുകൾ കെട്ടിപ്പൊക്കാറുണ്ട്. എന്നാൽ അതു ലക്ഷ്യം തെറ്റിയ പണിയാണ്. ഈ ലോക ജീവിതത്തിൽ എന്തെങ്കിലുമൊക്കെ പോറൽ ഏല്ക്കാതെ ജീവിക്കാൻ പറ്റില്ലെന്നാണ് ദൈവം എനിക്കു കാണിച്ചുതന്നത്. ജനങ്ങൾ പൂർണ്ണരല്ലാത്തതിനാൽ അവർ നമ്മെ വേദനിപ്പിക്കുകയും നിരാശപ്പെടുത്തുകയും ചെയ്യുംമുൻപ് നാമും അനേകരെ വേദനിപ്പിക്കുകയും നിരാശപ്പെടുത്തുകയും ചെയ്തിട്ടുള്ളതുപോലെ തന്നെ.

എന്റെ ഭർത്താവ് യോഗ്യനായ ഒരു വ്യക്തി ആണെങ്കിലും വല്ലപ്പോഴുമൊക്കെ എന്നെ വേദനിപ്പിക്കാറുണ്ട്. എന്തുകൊണ്ടെന്നാൽ ഞാൻ അങ്ങനെയൊരു വേദനകളുടെ ചുറ്റുപാടിൽ നിന്നു വന്നവളാണ്. ഇങ്ങനെയുള്ള സമയങ്ങളിൽ ഞാൻ എനിക്കു ചുറ്റും സംരക്ഷണഭിത്തി കെട്ടി സ്വയം രക്ഷപ്പെടാൻ ശ്രമിക്കുമായിരുന്നു. എന്നെ ആർക്കും വേദനിപ്പിക്കുവാൻ കഴിയുകയില്ല, അതിനു ഞാൻ ആരെയും അനുവദിക്കുകയില്ല എന്നൊക്കെ പറഞ്ഞുവാദിച്ചിട്ടുണ്ട്. എന്തുതന്നെയായാലും ഞാൻ ഒന്നു പഠിച്ചു. മറ്റുള്ളവരെ പുറത്താക്കി ഞാൻ കെട്ടുന്ന മതിലിനുള്ളിൽ ഞാൻ അകപ്പെട്ടിരിക്കുന്നു. ദൈവം എന്റെ സംരക്ഷകനായിരിപ്പാൻ ആഗ്രഹിക്കുന്നു എന്ന് എനിക്കു കാണിച്ചുതന്നു. പക്ഷെ ഞാൻ സ്വയം എന്റെ സംരക്ഷണത്തിനായി പ്രവർത്തിക്കുന്നതിനാലാണ് ദൈവത്തിനു ഒന്നും ചെയ്യാൻ കഴിയാത്തത്.

നിനക്കു യാതൊരു മുറിവും ഏല്ക്കാതെ സൂക്ഷിച്ചുകൊള്ളാമെന്നു ദൈവം വാഗ്ദത്തം ചെയ്തിട്ടില്ല, എന്നാൽ എന്റെ സ്വയം സംരക്ഷണ പരിപാടി ഉപേക്ഷിച്ചു ദൈവത്തിങ്കലേക്കു വന്നാൽ എന്നെ സൗഖ്യമാക്കാമെന്നു അവൻ വാഗ്ദത്തം ചെയ്തിട്ടുണ്ട്. ഭയത്തിൽ നിന്നു രക്ഷപ്പെടാനായി മതിലു കെട്ടിയിട്ടുണ്ടെങ്കിൽ അതിനെ വിശ്വാസത്താൽ ഇടിച്ചുപൊളിച്ചിട്ട് നിങ്ങളുടെ പഴയ മുറിപ്പാടുകളുമായി യേശുവിനെ സമീപിച്ച് സൗഖ്യമാക്കുന്ന കൃപ പ്രാപിക്കുക. ആരെങ്കിലും നിങ്ങളെ നിരാശപ്പെടുത്തുന്നുവെങ്കിൽ ആ പുതിയ പാടുകളുമായി യേശുവിന്റെ അടുത്തുവരിക. ആ മുറിവു വ്യണമാകാൻ അനുവദിക്കരുത്. അവയെ ദൈവകരങ്ങളിൽ ഏല്പിച്ചിട്ട് അവൻ കൈകാര്യം ചെയ്യു

വാൻ അനുവദിക്കുക. ഈ തിരുവെഴുത്തു നിങ്ങൾക്കു ദൈവത്തിൽ നിന്നുള്ള വാഗ്ദത്തം ആയിത്തീരട്ടെ. "ഞാൻ നിന്റെ മുറിവുകളെ പൊറുപ്പിച്ചു നിനക്കു ആരോഗ്യം വരുത്തും, എന്തുകൊണ്ടെന്നാൽ അവർ നിന്നെ ഭ്രഷ്ടയെന്നും, ആരും തിരിഞ്ഞുനോക്കാത്ത സീയോനെന്നും വിളിച്ചുവല്ലോ" (യിരെമ്യാവ് 30:17). ദൈവത്തിന്റെ സഹായത്താൽ നിന്റെ വേദനകളെയും നിരാശകളെയും മറികടന്ന് അവനിൽ പൂർണ്ണനാകാൻ സാധിക്കും.

# യേശുവിന്റെ കടുപ്പമേറിയ സ്നേഹതന്ത്രം

*അവൻ പക്ഷവാതക്കാരനോട്: എഴുന്നേറ്റ് കിടക്ക എടുത്തു വീട്ടിൽ പോക എന്നു പറഞ്ഞു*

— മത്തായി 9:6

വേദനിക്കുന്നവരോട് യേശുവിനു അനുകമ്പയുണ്ടെങ്കിലും അവൻ അവരെ ഓർത്തു സങ്കടപ്പെടുന്നില്ല, പിന്നെയോ എപ്പോഴൊക്കെ സാദ്ധ്യമാണോ അപ്പോഴെല്ലാം അവർ സ്വയം സഹായിക്കേണ്ടതിനായി സഹായിക്കാറുണ്ട്. മനുഷ്യർ ചില പ്രത്യേക പ്രവർത്തികൾ ചെയ്യുവാൻ അവൻ നിർദ്ദേശിക്കുന്നു. എന്നാൽ അവന്റെ നിർദ്ദേശങ്ങൾ അവർക്കു ഞെട്ടൽ ഉളവാക്കിയേക്കാം. ഉദാഹരണമായി അവൻ ആ തളർവാതരോഗിയോട് 'കിടക്ക എടുത്തു വീട്ടിൽ പോക' എന്നു പറഞ്ഞു (മത്തായി 9:6). തന്റെ മകൾ മരിച്ചുപോയി എന്ന വർത്ത ലഭിച്ച വ്യക്തിയോട് യേശു പറഞ്ഞത് 'ഭയപ്പെടരുത്' എന്നാണ് (മർക്കോസ് 5:35, 36). ഒരു അന്ധനായ മനുഷ്യനെ കണ്ടപ്പോൾ നിലത്തു തുപ്പി അതുകൊണ്ട് ചേറുണ്ടാക്കി ആ മലിനമായ വസ്തു അയാളുടെ കണ്ണിന്മേൽ പുരട്ടിയിട്ട് ശീലോഹാം കുളത്തിൽപോയി കഴുകുക എന്നു പറഞ്ഞു. യേശു കല്പിച്ചതുപോലെ ചെയ്തപ്പോൾ ആ മനുഷ്യനു കാഴ്ച ലഭിച്ചു. (യോഹന്നാൻ 9:17)

പലപ്പോഴും യേശു ആളുകളോട് ആവശ്യപ്പെട്ടതു ആശ്ചര്യവും അസാദ്ധ്യവുമായ കാര്യങ്ങൾ ചെയ്യാനാണ്. ഒരു തളർവാതരോഗി എങ്ങനെയാണ് കിടക്ക എടുത്തു നടക്കുന്നത്? ഓർക്കുക, അയാൾ തളർന്നുകിടക്കുന്നവനാണ്. മകൾ മരിച്ചുപോയി എന്ന വാർത്ത കേൾക്കുന്ന മനുഷ്യൻ എങ്ങനെ ഭയപ്പെടാതിരിക്കുന്നത്? അന്ധനായ മനുഷ്യൻ എങ്ങനെയാണ് ആ പ്രത്യേക കുളം കണ്ടുപിടിക്കുക? ഈ ബലഹീന മനുഷ്യരെ ഓർത്തു സഹതപിക്കുന്നതിനു പകരം യേശു അവർക്കു ചില പ്രവർത്തികളാണ് നിർദ്ദേശിച്ചത്. അവൻ അവരുടെ മനസ്സുകളെ അവർ നേരിടുന്ന പ്രശ്നങ്ങളിൽ നിന്നും അവരിൽ നിന്നും മാറ്റിയിട്ട് അവർക്കു പ്രയോജനപ്രദമായ മറ്റു ചിലതിൽ നിക്ഷേപിക്കാനാണ് സഹായിച്ചത്. യേശു അവരിൽ മനസ്സലിഞ്ഞ് (മത്തായി 9:36) ആളുകൾ ആയിരിക്കുന്ന അവസ്ഥയിൽ നിന്നു മാറി മറ്റു ചിലത് പ്രവർത്തിക്കുവാൻ അവരെ കഴിവുള്ളവരാക്കി.

പ്രശ്നങ്ങളിൽ അകപ്പെട്ടിരിക്കുന്നവരെ സഹായിക്കേണ്ടത് എങ്ങനെയെന്നോർത്ത് വിഷമിക്കുന്ന സമയങ്ങൾ വരും എന്നാൽ യഥാർത്ഥത്തിൽ യേശുവാകട്ടെ 'കടുപ്പമേറിയ സ്നേഹത്തിന്റെ' പാതയിലൂടെയാണ് ജനത്തിന് സ്വാതന്ത്ര്യം വരുത്തിയത്.

# പരിശുദ്ധാത്മാവിന്റെ നേതൃത്വത്തിൽ ആശ്രയിക്കുക

*പുത്രൻ നിങ്ങൾക്കു സ്വാതന്ത്ര്യം വരുത്തിയാൽ (സ്വതന്ത്രരാക്കിയാൽ) നിങ്ങൾ സാക്ഷാൽ സ്വതന്ത്രർ (ചോദ്യം ചെയ്യപ്പെടാത്തവർ) ആക്കും*

— യോഹന്നാൻ 8:36

ഞാൻ ഒരിക്കൽ ഇങ്ങനെ വായിക്കാൻ ഇടയായി, വിശ്വാസികളായ നമ്മൾ കപ്പൽ പോലെയാണ്. കാറ്റിന്റെയും, ഓളങ്ങളുടെയും ഗതി അനുസരിച്ച് ദൈവം നമ്മെ സമുദ്രത്തിലൂടെ സഞ്ചരിപ്പിക്കുന്നു. ദൈവത്തിൽ നമുക്കുള്ള സ്വാതന്ത്ര്യത്തെയാണ് സമുദ്രം കാണക്കുന്നത്. കാറ്റ് പരിശുദ്ധാത്മാവിന്റെ പ്രതീകമാണ്. എന്നാൽ പുതിയ വിശ്വാസികളെപ്പോലെ കപ്പൽഛേദം ഭയപ്പെട്ട് തുറമുഖത്ത് നാം കെട്ടികിടക്കുകയാണ്. അവനെ പിൻതുടരുവാൻ നാം അഭ്യസിച്ചിട്ടില്ല. അഭ്യസനം പൂർത്തിയാകുമ്പോൾ പരിശുദ്ധാത്മാവിന്റെ ആന്തരിക സമ്മർദ്ദത്തിനനുസരിച്ച് തുറമുഖത്തുനിന്ന് നമ്മെ അഴിച്ചിട്ട് അവന്റെ നേതൃത്വത്തിൻ കീഴിൽ സമുദ്രത്തിലൂടെ സഞ്ചരിക്കാൻ തുടങ്ങും. അപ്പോൾ മുങ്ങിതകരുമെന്ന ഭയം ഒട്ടും ഇല്ലായിരിക്കും.

*പൗലോസിന്റെ വിവരണം ഇപ്രകാരമാണ്. 'അതുപോലെ നാമും (യഹൂദ ക്രിസ്ത്യാനികൾ) ശിശുക്കൾ ആയിരുന്നപ്പോൾ ലോകത്തിന്റെ ആദി പാഠങ്ങളിൻകീഴ് (എബ്രായ നിയമങ്ങൾക്കും, ആചാരങ്ങൾക്കും കീഴ്) അടിമപ്പെട്ടിരുന്നു. എന്നാൽ കാല സമ്പൂർണ്ണത വന്നപ്പോൾ ദൈവം തന്റെ പുത്രനെ സ്ത്രീയിൽ നിന്നു ജനിച്ചവനായി ന്യായപ്രമാണത്തിൻ കീഴ് ജനിച്ചവനായി നിയോഗിച്ചയച്ചതു അവൻ ന്യായപ്രമാണത്തിൻ കീഴുള്ളവരെ വിലയ്ക്കു വാങ്ങിയിട്ട് (വീണ്ടെടുപ്പും, മറുവിലയുമാകുന്ന പ്രായശ്ചിത്തം മൂലം) നാം പുത്രത്വം പ്രാപിക്കേണ്ടതിന് തന്നെ. നിങ്ങൾ മക്കൾ ആകകൊണ്ട് അബ്ബാ പിതാവെ എന്നു വിളിക്കുന്ന പുത്രന്റെ ആത്മാവിനെ ദൈവം നമ്മുടെ ഹൃദയങ്ങളിൽ അയച്ചു.*

— ഗലാത്യർ 4:3–6

ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ ഉണ്ടെങ്കിൽ ദൈവം തന്റെ ന്യായപ്രമാണത്തെ നിങ്ങളുടെ ഉള്ളിൽ എഴുതി വച്ചിരിക്കും. ന്യായപ്രമാണം നിങ്ങൾ ഓർത്തിരിക്കണമെന്നില്ല. നിങ്ങൾ പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നതിനാൽ നിങ്ങളുടെ യാത്ര ശരിയായ ദിശയിലായിരിക്കും.

# ലളിതമായ സമീപനം

*അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരെ എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും (ഞാൻ സ്വസ്ഥതയും മോചനവും കുളിർമ്മയും നല്കും) ഞാൻ സൗമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോടു പഠിപ്പിൻ. എന്നാൽ നിങ്ങളുടെ ആത്മാക്കൾക്കു ആശ്വാസം കണ്ടെത്തും. (സുഖം, സ്വസ്ഥത, കുളിർമ്മ, മോചനം, എന്നിവ) എന്റെ നുകം മൃദുവും (ഉപയോഗപ്രദവും, നല്ലതുമാകുന്നു - കടുപ്പമോ, പരുക്കനോ, സമ്മർദ്ദത്തിന്റെതോ അല്ല, എന്നാൽ ആശ്വാസപ്രദവും, കൃപയേറിയതും, സുഖപ്രദവും ആകുന്നു) എന്റെ ചുമട് ലഘുവും ആകുന്നു.*

— മത്തായി 11:28–30

ലളിതം എന്നതിന്റെ നിർവചനം 'ഈസി' അഥവാ എളുപ്പം, അനായാസം എന്നൊക്കെയാണ്. ഇതു മനസ്സിൽ വച്ചുകൊണ്ടായിരിക്കണം മേലുദ്ധരിച്ച വാക്യഭാഗങ്ങൾ ചിന്തിക്കുവാൻ. മൃദുവും, ലഘുവും എന്നിങ്ങനെയുള്ള പദങ്ങളുടെ തുടർച്ചയായ ഉപയോഗത്തെ മനസ്സിലാക്കുക.

ഒന്നാമതായി യേശു പറയുന്നത് "എന്നോട് പഠിപ്പിൻ" എന്നാണ്. ഞാൻ മനസ്സിലാക്കുന്നതു അവൻ എങ്ങനെയാണ് വ്യക്തികളെയും ചുറ്റുപാടുകളെയും കൈകാര്യം ചെയ്തതെന്നും ഓരോ പ്രത്യേക സാഹചര്യത്തോടുള്ള അവന്റെ പ്രതികരണം എന്തെന്നും പഠിച്ച് അവന്റെ വഴികളെ പിൻതുടരുക എന്നാണ്. യേശു ഒരിക്കലും ക്ലേശിതനോ, കത്തിജ്വലിച്ചു ചാമ്പലാകുന്നവനോ അല്ലായിരുന്നു. ചുറ്റുപാടുകളുടെ നിയന്ത്രണത്തിലോ മറ്റുള്ളവരുടെ നിർദ്ദേശപ്രകാരം നീങ്ങുന്നവനോ ആയിരുന്നില്ല. യോഹന്നാൻ 14:6 – ൽ അവൻ പറയുന്നത് 'ഞാൻ തന്നെ വഴി' എന്നാണ്. അവന്റെ വഴിയാണ് ശരിയായത്– നമ്മെ നീതിയിലേക്കും സമാധനത്തിലേക്കും, സന്തോഷത്തിലേക്കും നയിക്കുന്ന വഴി.

യോഹന്നാൻ 15:11 ൽ അവൻ പ്രാർത്ഥിച്ചത് അവന്റെ സന്തോഷം നമ്മുടെ ജീവിതങ്ങളിൽ നിറയണമെന്നാണ്. ഏതുവരെ നമ്മുടെ ജീവിതത്തിൽ വ്യത്യസ്തമായ ഒരു സമീപനം അവന്റെ ചുറ്റുപാടുകളോടും കൂടെ നാം എടുക്കാതിരിക്കുന്നുവോ അത്രയും നാൾ ഇതു സംഭവിക്കുകയില്ല. നാം ലഘൂകരിക്കേണ്ടതായ വിവിധ കാര്യങ്ങളെക്കുറിച്ച് ഞാൻ എഴുതാൻ ആരംഭിച്ചാൽ അതിനു അന്ത്യം കാണുകയില്ല. എന്നാൽ എല്ലാത്തിനോടും ഒരു മൃദു സമീപനരീതി നാം പഠിച്ചാൽ അത് ചില കാര്യങ്ങളോടു മാത്രം കാണിക്കുന്ന സമീപനത്തെക്കാൾ നന്നായിരിക്കും.

നിങ്ങൾ അഭിമുഖീകരിക്കുന്നത് എന്തുതന്നെ ആയിരുന്നാലും അതിനോടുള്ള ലളിതമായ സമീപനം എപ്രകാരമായിരിക്കണമെന്ന് നിങ്ങളോടുതന്നെ

ചോദിച്ചാൽ നിങ്ങൾ എടുത്തിരിക്കുന്ന സൃഷ്ടിപരമായ തീരുമാനത്തിൽ വസിക്കുന്നു. അവൻ ഭയങ്കരനും ശക്തിമാനും ആയിരിക്കുന്നെങ്കിലും അവൻ സമ്പൂർണ്ണമായും സൗമ്യനാണ്. പരിശുദ്ധാത്മാവ് നിങ്ങളെ ലാളിത്യത്തെക്കുറിച്ചു പഠിപ്പിക്കും. നാം സത്യമായും അതു പഠിക്കുവാൻ ആഗ്രഹിച്ചാൽ പരിശുദ്ധാത്മാവ് നമ്മെ പഠിപ്പിക്കും.

# യേശുവിനെ നിങ്ങളുടെ ബന്ധങ്ങളിലേക്കു ക്ഷണിക്കുക

*നിങ്ങളെ വിളിച്ചിരിക്കുന്ന വിളിക്കു (ദൈവവിളി)) യോഗ്യമാം വണ്ണം നടപ്പിൻ (കർത്താവിനായി സമർപ്പിക്കപ്പെട്ട പ്രവർത്തന സ്വഭാവത്തോടെ) പൂർണ്ണവിനിയ ത്തോടും, സൗമ്യതയോടും ദീർഘക്ഷമയോടും കൂടെ) നിസ്വാർത്ഥവും, സൗമ്യവും, ലാളിത്യത്തോടും) നടക്കയും സ്നേഹത്തിൽ അന്യോന്യം പൊറുക്കുകയും ചെയ്വിൻ*

— എഫെസ്യർ 4:1-2

ദൈവം നമ്മെ ആദ്യമെ സ്നേഹിച്ചു, അതിനു ശേഷമാണ് നാം ദൈവത്തെ സ്നേഹിച്ചത്. അവൻ ആ സ്നേഹത്തെ ആവർത്തിച്ച് സ്ഥിരീകരിച്ചു. അങ്ങനെ നാമും മറ്റുള്ളവരെ സ്നേഹിക്കാൻ തുടങ്ങുകയും ആരാണ് ആദ്യം സ്നേഹിച്ചതെന്നു പറയാൻ കഴിയാത്തവണ്ണം അതു കൂടി പിണയുകയും ചെയ്തു. എഫെസ്യർ 5:1 – ൽ 'ആകയാൽ പ്രിയമക്കൾ എന്നപോലെ ദൈവത്തെ അനുകരിപ്പിൻ' (പിതാവിന്റെ മാതൃക പിൻപറ്റുക)

എഫെസ്യ ലേഖനത്തിൽ ഈ സ്നേഹത്തിന്റെ വിശദീകരണം നല്കുന്നത് നാം എങ്ങനെ ഉപയോഗപ്രദവും, സഹായിക്കുന്നവരും, അന്യോന്യം ദയയുള്ളവരും അലിവുള്ളവരും, അനുകമ്പയുള്ളവരും, മറ്റുള്ളവരെ മനസ്സിലാക്കുന്നവരും ആയിരിക്കേണം എന്നു പറഞ്ഞുകൊണ്ടാണ്. ക്രിസ്തുവിനെപ്പോലെ ആകണമെങ്കിൽ നാം മറ്റുള്ളവരുടെ ആവശ്യങ്ങളിൽ ശ്രദ്ധ ചെലുത്തുന്നവരാകണം. നമുക്കു അംഗീകരിക്കാൻ പറ്റുന്ന കേന്ദ്ര മാതൃക യേശുവാണ്.

ബന്ധുക്കളിൽകൂടി പ്രവർത്തിക്കുന്നത് ചിലപ്പോൾ വേദനാജനകമാണ്. എന്നാൽ അതിലും വേദനാജനകമാണ് നമ്മെ സ്നേഹിക്കുന്നവരിൽ തെറ്റായ വിത്തുവിതച്ചിട്ട് പരാജയത്തെയും, അനൈക്യത്തെയും, ഭിന്നതയെയും കൊയ്തുകൂട്ടുന്നത്. അതുകൊണ്ട് നല്ല ബന്ധങ്ങൾ സ്ഥാപിക്കണമെങ്കിൽ നാം ദൈവവുമായി ഉടമ്പടി ചെയ്തുകൊണ്ട് ക്രിസ്തുവിനെപ്പോലെയാകുന്നതിനായി അവനോട് അടുക്കണം. ഒരിക്കൽ നാം യേശുവിനെ നമ്മുടെ ബന്ധങ്ങളിലേക്കു ക്ഷണിക്കയും അവൻ ആവശ്യപ്പെടുന്നത് ചെയ്യുകയും ചെയ്താൽ നമ്മുടെ വിചാരങ്ങളിലും പ്രവർത്തികളിലും ക്രിസ്തുവിനെപ്പോലെ ആയിത്തീരും. തദനന്തരം അവൻ സ്നേഹിച്ചതുപോലെ സ്നേഹിച്ചുകൊണ്ട് നമ്മുടെ ബന്ധങ്ങളെ വികസിപ്പിക്കും. അങ്ങനെ ക്രിസ്തുവിൽ യഹൂദനെന്നോ യവനനെന്നോ, ദാസനോ, സ്വതന്ത്രനോ എന്നൊ പുരുഷനോ, സ്ത്രീയെന്നോ വ്യത്യാസമില്ലാതെ ക്രിസ്തുവിൽ എല്ലാവരും ഒന്നായിത്തീരുന്നു എന്ന കാര്യം ഓർത്തുകൊള്ളണം. (ഗലാത്യർ 3:28)

# മനുഷ്യരെ അല്ല, ദൈവത്തെ പിൻപറ്റുക

*എന്നിട്ടും പ്രമാണികളിൽ തന്നെയും, അനേകർ അവനിൽ വിശ്വസിച്ചു; പള്ളിഭ്രഷ്ടർ ആകാതിരിപ്പാൻ പരീശന്മാർ നിമിത്തം ഏറ്റു പറഞ്ഞില്ല താനും.*

— യോഹന്നാൻ 12:42

ബൈബിൾ വളരെ വ്യക്തമായി യോഹന്നാൻ 12:42 വാക്യങ്ങളിൽ പറഞ്ഞിരിക്കുന്നു; പ്രമാണിമാരിൽ പലരും യേശുവിൽ വിശ്വസിച്ചെങ്കിലും പള്ളിഭ്രഷ്ടർ ആകും എന്ന ഭയത്താൽ ഏറ്റു പറഞ്ഞില്ല അവർ മനുഷരിൽ നിന്നു ലഭിക്കുന്ന മഹത്വത്തിനും, സ്തുതിക്കും ദൈവം കൊടുക്കുന്ന സ്ഥാനത്തെക്കാൾ വിലമതിച്ചു (വാക്യം 43). ഈ ഉദാഹരണത്തിൽ നിന്നും നാം മനസ്സിലാക്കുന്നത് യേശുവിന്റെ ബന്ധത്തിൽ അവർക്കു നില്ക്കുവാൻ കഴിയാഞ്ഞത് അവർ മനുഷ്യരുടെ പ്രശംസ തേടി പരിചയിച്ചു പോയതിനാലാണ്. അവർക്കു കർത്താവുമായി ഒരു ബന്ധം ആവശ്യമാണെന്നറിഞ്ഞിട്ടും അവർ അംഗീകരിച്ചത് മനുഷ്യരുടേതാണ്. അതു സങ്കടകരമാണെങ്കിലും സംഭവിക്കുന്നത് എപ്പോഴും അതാണ്.

യോഹന്നാൻ 12 ൽ പറഞ്ഞിരിക്കുന്ന ആളുകൾക്കു യേശു ആരെന്നു യഥാർത്ഥമായി അറിയാമായിരുന്നു. അതുകൊണ്ടാണ് അവർ അവനിൽ വിശ്വസിച്ചത്. എന്നാൽ അവനുമായുള്ള സ്നേഹബന്ധത്തിൽ നിലനില്ക്കുവാൻ അവർക്കു കഴിഞ്ഞില്ല. അവരുടെ ജീവിതങ്ങൾ എങ്ങനെ പുറത്തായി എന്നു ഞാൻ അത്ഭുതപ്പെടുകയാണ്. മനുഷ്യരോടു അതെ എന്നും ദൈവത്തോട് അല്ല എന്നും പറയാൻ തക്കവണ്ണം അവർക്ക് തെറ്റു പറ്റിയത് എവിടെയാണ്? അവരിൽ അനേകരുടെ പേരുകൾ പിന്നീടൊരിക്കലും ബൈബിളിൽ പറയാതെ പോയതിലും എനിക്കാശ്ചര്യം ഉണ്ട്. അവർ തങ്ങളുടെ കടപ്പാടുകൾ ഉപേക്ഷിച്ച് മറ്റുള്ളവരെക്കാൾ മനുഷ്യരെ സ്നേഹിച്ചു തങ്ങളുടെ ഭാവി നഷ്ടമാക്കിയതും എന്നെ അത്ഭുപ്പെടുത്തുന്നു. ദൈവത്തെ പിൻപറ്റാതെ മനുഷ്യരെ പ്രസാദിപ്പിക്കുന്നവരായി തീർന്നപ്പോൾ അവരിൽ അനേകരുടെ ജീവിതങ്ങൾ സ്വയം ബഹുമാനിക്കാൻ കഴിയാത്ത അവസ്ഥയിലായിപ്പോയി.

# പരീക്ഷണവും ആശ്രയവും

*നിന്റെ വഴി യഹോവയെ ഭരമേല്പ്പിക്ക (നിന്റെ വിചാരങ്ങളും, ഭാരങ്ങളെ അവനിലേക്ക് ഉരുട്ടിമാറ്റുക) അവനിൽ തന്നെ ആശ്രയിക്ക;(അവനിൽ ചാരുകയും, വിശ്രമിക്കുകയും ചെയ്ക) അവൻ അതു നിർവ്വഹിക്കും.*

— സങ്കീർത്തനങ്ങൾ 37:5

പരീക്ഷ, എന്നത് വേദപുസ്തകാനുസരണമല്ലെന്ന് നിങ്ങൾക്കറിയാമോ? ശരിയാണ് ഞാൻ നിരവധി കൺകോർഡൻസുകളിൽ ഇതു പരിശോധിച്ചതാണ് ആ വാക്ക് അവിടെയുണ്ടെന്നതു സത്യമാണെങ്കിലും നമ്മുടെ ഇന്നത്തെ ചിന്താവിഷയത്തിന്റെ അടിസ്ഥാനത്തിലല്ല അർത്ഥമാക്കിയിരിക്കുന്നത്. ആരെങ്കിലുമോ, എന്തെങ്കിലുമോ പരീക്ഷിച്ചറിയുക എന്ന അർത്ഥത്തിലാണ് ഈ വാക്കുപയോഗിക്കുന്നത്. ഉദാഹരണത്തിന് 'വിശ്വാസത്തിന്റെ പരിശോധന' ആത്മാക്കളെ പരിശോധിച്ചു നോക്കണം (1 യോഹന്നാൻ 4:1). 'എന്നെ ശോധന ചെയ്ത് എന്റെ വിചാരങ്ങളെ അറിയേണമെ' (സങ്കീർത്തനങ്ങൾ 139:23) എന്നു സങ്കീർത്തനക്കാരൻ പറയുന്നു. 'അഗ്നിശോധന' യെക്കുറിച്ചും ബൈബിളിൽ പറഞ്ഞിരിക്കുന്നു. (1 പത്രൊസ്. 4:12)

തിരുവെഴുത്തിൽ ഒരു വ്യക്തിയുടെയോ സാധനത്തിന്റെയോ മൂല്യം തിട്ടപ്പെടുത്തുന്നതിനാണ് ഈ പദം ഉപയോഗിച്ചിരിക്കുന്നത്. എന്നാൽ ഇതു നമ്മുടെ സാധാരണ ഉപയോഗത്തിനു എതിരാണ്. ഇംഗ്ലീഷിലെ Try എന്ന വാക്കിനു പരിശ്രമം എന്ന അർത്ഥവും ഉണ്ട്. നാം ചില പ്രവർത്തനങ്ങളിൽ അതു നിർവഹിക്കുന്നതിനായി അഥവാ പൂർത്തകരിക്കുന്നതിനായി ചെയ്യുന്ന മനുഷ്യ ബലത്തിനു പരിശ്രമം എന്നു പറയാറുണ്ട്. നാം നമ്മുടെ കഴിവുകളെ ഉപയോഗിക്കരുതെന്നു ഞാൻ ഒരിക്കലും പറയാറില്ല. എന്നാൽ വിശ്വാസികൾ എന്ന നിലയ്ക്കു നമ്മിൽ പ്രവർത്തിക്കുന്ന ദൈവ കൃപയുടെയും ശക്തിയുടെയും കഴിവിലായിരിക്കണം നാം എല്ലാം ചെയ്യുന്നതെന്നതാണ് ഞാൻ നല്കുന്ന സന്ദേശം.

മറ്റൊരു പ്രകാരത്തിൽ ദൈവിക സഹായം തേടാതെ നാം ഒന്നിനും പരിശ്രമിക്കുന്നില്ലെന്നതു തന്നെ. നമ്മുടെ ഓരോ പദ്ധതിയിലും പൂർണ്ണമായി നാം അവനിൽ ചാരുന്നു. 'അവനെകൂടാതെ എനിക്കൊന്നും ചെയ്യാൻ കഴിയുകയില്ല' എന്ന ഒരു മനോഭാവം നാം സൂക്ഷിക്കുന്നു. ഇതുകൂടാതെ ലോകപ്രകാരമുള്ള അവസാനങ്ങളിലേക്ക് ഇറങ്ങിയാൽ നിരാശയും, ഇച്ഛാഭംഗവും, നാശവും പരിശോധനകളെയും വിട്ടിട്ട് ദൈവത്തിൽ ആശ്രയിക്കുക. ഇതാകുന്നു ദൈവം എന്റെ മനസ്സിനെ തുറന്നപ്പോൾ ഞാൻ പഠിച്ചതും പ്രാപിച്ചതുമായ അത്ഭുതകരമായ കൃപയുടെ വെളിപ്പാട്.

# ഒരു ശിക്ഷാവിധിയും ഇല്ല

*അതുകൊണ്ട് ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്ക് ഒരു ശിക്ഷാവിധിയും ഇല്ല. ജീവന്റെ ആത്മാവിന്റെ പ്രമാണം എനിക്കു പാപത്തിന്റെയും, മരണത്തിന്റെയും പ്രമാണത്തിൽ നിന്നു ക്രിസ്തുയേശുവിൽ സ്വാതന്ത്ര്യം വരുത്തിയിരിക്കുന്നു.*

— റോമർ 8:11

നിങ്ങളുടെ പിന്മാറ്റത്തിന്റെയും ദുർദ്ദിനങ്ങളുടെയും കാലത്ത് ശിക്ഷാവിധി ലഭിക്കാതിരിക്കാൻ സൂക്ഷിക്കുക. കാലങ്ങളുടെ പൊടി കുടഞ്ഞും, ഉണർന്നെഴുന്നേറ്റുംകൊണ്ട് വീണ്ടും പ്രവർത്തി ആരംഭിക്കുക. ഒരു കുഞ്ഞ് നിരവധി പ്രാവശ്യം വീണും എഴുന്നേറ്റുമാണ് ധൈര്യമായി നടക്കാൻ പഠിക്കുന്നത്. ആ കുഞ്ഞിനെ സംബന്ധിച്ചിടത്തോളം പല വീഴ്ചകളിലും അതു കരയുമെങ്കിലും പിന്നെയും അതു നടക്കാൻ ശ്രമിക്കുന്നു എന്നതാണ് ശ്രദ്ധിക്കേണ്ടത്.

നിരാശയിലൂടെയും ശിക്ഷാവിധിയിലൂടെയും സാത്താൻ നിങ്ങളുടെ പരിശ്രമത്തെ തടയും. ശിക്ഷാവിധി വരുമ്പോൾ ‘വചനമെന്ന വാൾ’ ഉപയോഗിക്കുക റോമർ 8:1 ലെ വചനം ഓർക്കുകയും സാത്താനെ അതു കേൾപ്പിക്കുകയും വേണം. ജഡത്തെ അനുസരിച്ചല്ല ആത്മാവിനെ അനുസരിച്ചാണ് നാം നടക്കേണ്ടതെന്നു പറയുന്നു. ജഡത്തെ അനുസരിച്ചുള്ള നടപ്പ് സ്വയത്തിന്മേലുള്ള ആശ്രയമാണ്. ആത്മാവിനെ അനുസരിച്ചുള്ളത് ദൈവത്തിലുള്ള ആശ്രയമാണ്. നിങ്ങൾ പരാജയപ്പെട്ടാലും അതു പരാജയമായിരിക്കുകയില്ല, പിന്നെയോ എല്ലാം നിങ്ങളെക്കൊണ്ടു ശരിയായി ചെയ്യാൻ കഴിയുകയില്ലെന്നുള്ള തിരിച്ചറിവായിരിക്കും. നാം ശക്തരായിരിക്കുന്നു എന്നു പറയുമ്പോൾതന്നെ ബലഹീനരും ആകുന്നു എന്നു നാം സമ്മതിക്കേണ്ടിയിരിക്കുന്നു. നമ്മുടെ ബലഹീനതകളിൽ ക്രിസ്തു ശക്തനായിരിക്കട്ടെ. നിങ്ങളുടെ ബലഹീന വേളകളിൽ അവൻ നിങ്ങളുടെ ശക്തിയായിത്തീരട്ടെ.

# ലൗകിക മത്സരം ഒഴിവാക്കുക

*നാം അന്യോന്യം പോരിനു വിളിക്കുകയും അന്യോന്യം ആയാസപ്പെട്ടുംകൊണ്ട് വൃഥാഭിമാനികൾ ആകരുത്.*

— ഗലാത്യർ 5:26

ലോകരീതി അനുസരിച്ച് ഏറ്റവും ഉന്നതമായ സ്ഥാനം മറ്റെല്ലാവരുടെയും തലയായിരിക്കുകയാണ്. സാധാരണ ചിന്താഗതിപ്രകാരം ആർക്കു എന്തു വേദന ഉളവായാലും വേണ്ടില്ല നമ്മുടെ പരിശ്രമം എല്ലാവരെക്കാളും ഉയർന്ന സ്ഥാനത്തു എത്തി വേരൂന്നുക എന്നതാണ്. ബൈബിൾ പറയുന്നത് നാം മത്സരം ഒഴിവാക്കുന്നതുവരെ യഥാർത്ഥ സമാധാനം അനുഭവിക്കുകയില്ലെന്നാണ്.

'വെറും തമാശിനായി' തുടങ്ങുന്ന മത്സരങ്ങൾപോലും ബാലൻസുതെറ്റി പരസ്പരം വെറുക്കുന്നതിനും പോരാട്ടത്തിലും എത്തിച്ചേരുകയും ഒന്നിച്ചനുഭവിക്കേണ്ട വിശ്രമം നഷ്ടപ്പെടുത്തുകയും ചെയ്യുന്നു. മനുഷ്യർ ആരും സാധാരണയായി തോല്ക്കുവാനായി കളിക്കാറില്ല. പിന്നെയോ ഏറ്റവും ഉയർന്ന വിജയത്തിനായിട്ടാണ് കളിക്കാറ്. എന്നാൽ സന്തോഷിക്കുവാൻ തക്കവിധം കളിച്ചു ജയിക്കാത്തവനു എന്തോ പ്രശ്നം തീർച്ചയായും ഉണ്ട്. ഒരു പക്ഷെ ആ വലിയ പ്രശ്നത്തിൽ നിന്നും ജീവിതത്തിന്റെ എല്ലാ മേഖലകളിലേക്കും വ്യാപിക്കുന്ന മറ്റു പല പ്രശ്നങ്ങളും കണ്ടേക്കാം.

തീർച്ചയായും നമ്മൾ നമ്മുടെ ജോലി നന്നായി ചെയ്യണം നാം തിരഞ്ഞെടുത്തിരിക്കുന്ന തൊഴിൽ മുൻകൂട്ടി നന്നായി ചെയ്യേണ്ട ആവശ്യമുണ്ട്. എന്നാലും ഞാൻ നിങ്ങളെ ഓർപ്പിച്ചുത്സാഹിപ്പിക്കുന്നത് ഒരു വിശ്വാസിയുടെ ഉയർച്ച വരുന്നതു ദൈവത്തിൽ നിന്നാണ്, അല്ലാതെ മനുഷ്യരിൽ നിന്നല്ല. മുന്നേറുന്നതിനായി ലോകകളി നാം കളിക്കണ്ട. ദൈവം തന്റെ പ്രസാദം നമുക്കു നല്കി തന്നോടും മറ്റുള്ളവരോടും നമ്മെ അടുപ്പിക്കും. പക്ഷെ നാം അവന്റെ വഴിയിൽ ആയിരിക്കണം. (സദൃശ്യവാക്യങ്ങൾ 3:3–4)

ദൈവം എനിക്കും നിങ്ങൾക്കും ചെയ്യുന്നതല്ലായിരിക്കും മറ്റൊരാൾക്കു ചെയ്യുന്നത്. എന്നിരുന്നാലും യേശു പത്രോസിനോടു പറഞ്ഞതു ഓർത്തുകൊള്ളണം. 'ഞാൻ മറ്റൊരാൾക്കു എന്തു ചെയ്യുന്നു എന്നോർത്തു നീ ഭാരപ്പെടേണ്ട, നീ എന്നെ അനുഗമിക്ക.' (യോഹ.21:22)

# ഇതും, ഇങ്ങനെയും, സംഭവിക്കാം

*ഇതും സംഭവിക്കാം, ഇങ്ങനെയും സംഭവിക്കാം*

— ഉല്പത്തി 4:14

ഉല്പത്തി പുസ്തകത്തിന്റെ പ്രാരംഭ അദ്ധ്യായങ്ങളിൽ നമുക്കു കാണാൻ കഴിയുന്ന ഒരു പ്രവചന വാക്കാണ് 'സംഭവിക്കാൻ പോകുന്ന കാര്യങ്ങൾ'. ഇതിന്റെ നിവർത്തിയായിട്ടാണ് 'അങ്ങനെ സംഭവിച്ചു' എന്ന പ്രയോഗരീതി. കിംഗ്സ് ജയിംസ് വേഷനിൽ ഈ പ്രയോഗം നൂറുകണക്കിന് പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു. ഉദാഹരണമായി ഉല്പത്തി 39 ൽ അടിമയായി മിസ്രയിമിൽ എത്തി രാജാവിന്റെ ഭരണസ്ഥാനത്ത് രണ്ടാമനായി വന്ന യോസേഫിന്റെ അനുഭവ വിവരണം. സംഭവിച്ചു എന്ന പ്രയോഗം (ഇംഗ്ലീഷ് ബൈബിളിൽ) എട്ടു പ്രാവശ്യം ചെയ്തിരിക്കുന്നു. ബൈബിളിന്റെ അവസാന പുസ്തകമായ വെളിപ്പാടിൽ 'വേഗത്തിൽ സംഭവിപ്പാനുള്ളത്' (1:1) എന്ന പ്രയോഗം കാണാം.

ഇതു നമ്മളോടു പറയുന്നത് ഈ ജീവിതത്തിൽ എന്തെല്ലാമുണ്ടോ, ഭാവിജീവിതത്തിൽ എന്തെല്ലാമുണ്ടോ അവയൊന്നും സ്ഥിരമായതല്ല പിന്നെയോ താല്ക്കാലികങ്ങളാണ്. എന്നാൽ നമുക്കു ദൈവത്തിൽ നിന്നുള്ള നല്ല വാർത്തയാകട്ടെ ഇപ്പോഴത്തെ സാഹചര്യമായാലും വരുവാനുള്ളവയായാലും 'ഇതെല്ലാം മാറിപ്പോകും' എന്നത്രെ.

ജീവിതം ഒരു തുടർച്ചയായതും സ്ഥിരമായതുമായ മാറ്റ പ്രക്രിയയാണ്. ഈ സത്യം നാം മനസ്സിലാക്കിയാൽ നമ്മുടെ പ്രയാസസമയങ്ങളിൽ നമുക്കു നമ്മെത്തന്നെ കണ്ടെത്തുവാൻ സാധിക്കും. കൂടാതെ നല്ല കാലങ്ങളോട് മാത്രം പറ്റിച്ചേർന്നിരിക്കാതെ ചിന്തിക്കുവാനും, ഞാനിതിനെ നഷ്ടപ്പെടുത്തിയാൽ വീണ്ടും പ്രാപിക്കുവാൻ കഴിയില്ലെന്നും മനസ്സിലാക്കുക. ജീവിതംകൊണ്ട് നന്നായി സന്തോഷിക്കണമെന്നാണ് ദൈവം ആവശ്യപ്പെടുന്നത്. അതിന്റെ അന്ത്യം മാത്രമല്ല, ജീവിതയാത്ര മുഴുവൻ.

# വിശ്വാസം ഒരു പ്രഭവസ്ഥാനമല്ല, ഒരു കൈവഴിയാണ്

*എന്റെ സഹായം ആകാശത്തെയും ഭൂമിയെയും ഉണ്ടാക്കിയ യഹോവയിങ്കൽ നിന്നു വരുന്നു*

— സങ്കീർത്തനം 121:2

വിശ്വാസത്തെക്കുറിച്ച് നമുക്കു അറിവുണ്ടാകണം. വിശ്വാസം ഒരു അത്ഭുത കാര്യമാണ്. വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയുന്ന തല്ലെന്നു ബൈബിൾ പറയുന്നു (എബ്രായർ 11:6). വിശ്വാസം ഇത്രയ്ക്കു പ്രാധാന്യം അർഹിക്കാൻ കാരണം അതുകൂടാതെ ദൈവം നമുക്കു നല്കി ത്തരുവാൻ ആഗ്രഹിക്കുന്ന നന്മകൾ ഒന്നും പ്രാപിക്കുവാൻ നമുക്കു കഴിയു കയില്ല എന്നതാണ്. ഇതുകൊണ്ടുതന്നെയാണ് ദൈവം നമ്മെ വിശ്വാസത്തിൽ പരിശീലിപ്പിക്കുന്നത്. നമ്മുടെ മനസ്സുകൾ അവങ്കലേക്കുയർത്തി അവനെ വിശ്വസിക്കുവാൻ പഠിക്കുമ്പോഴാണ് ദൈവം ഈ ഭൂമിയിൽ ചെയ്യാനുദ്ദേശി ക്കുന്ന കാര്യങ്ങൾ നമ്മിലൂടെ നടപ്പാക്കുന്നത്. പ്രാർത്ഥനയിലും, സ്തുതി പ്പിലും ബൈബിൾ സ്റ്റഡിയിലും, ഏറ്റുപറച്ചിലിലും, ആത്മികയുദ്ധത്തിലും, എന്നല്ല നാം കേൾക്കുന്നതും ഉൾപ്പെട്ടിരിക്കുന്നതുമായ സകല ആത്മിക പ്രമാ ണങ്ങളിലും വാസ്തവത്തിൽ സംഭവിക്കുന്നതും ഇതുതന്നെയാണ്.

എന്നാൽ നമ്മുടെ സകല ആത്മിക പ്രവർത്തനങ്ങളിലും നാം സൂക്ഷി ക്കേണ്ടത് നാം കർത്താവിനു പകരം ഈ വക കാര്യങ്ങളെ പിൻപറ്റലും, ആശ്രയം ചാരലുമാണോ ആരാധിക്കുന്നതെന്നാണ്. നമ്മുടെ പ്രാർത്ഥനാ സമയം ബൈബിൾസ്റ്റഡി, ധ്യാനം, സ്തുതിപ്പ്, സൽപ്രവർത്തികൾ, എന്നിവയെ ആരാധിക്കുക, എന്നതും സാദ്ധ്യമാണ്. ദൈവത്തിൽ വിശ്വാസം അർപ്പിക്കുന്നതിനു പകരം നമ്മുടെ വിശ്വാസം നമ്മിൽതന്നെ അർപ്പിക്കുക എന്നതും സാദ്ധ്യമാണ്. ഇവയ്ക്കു രണ്ടിനും മദ്ധ്യേ ഇങ്ങനെയൊരു നല്ല ലൈൻ ഉണ്ടെന്നത് ഭയപ്പെടുത്തുന്ന കാര്യമായിരിക്കാം. എന്നാൽ നാം ഓർത്തിരിക്കേണ്ടത് ഈ കാര്യങ്ങൾ നന്നായിരിക്കുന്നതുപോലെ തന്നെ അവ ദൈവത്തിൽ പ്രാപിക്കാനുള്ള ചാനലുകൾ മാത്രമാണ്.

# അനിഷ്ഠമായതിനെ തിരഞ്ഞെടുക്കുന്ന ദൈവം

*ജ്ഞാനികളെ ലജ്ജിപ്പിപ്പാൻ ദൈവം ലോകത്തിൽ ഭോഷത്വമായത് തിരഞ്ഞെടുത്തു; ബലമുള്ളതിനെ ലജ്ജിപ്പിപ്പാൻ ദൈവം ലോകത്തിൽ ബലഹീനമായതു തിരഞ്ഞെടുത്തു. ഉള്ളതിനെ ഇല്ലായ്മയാക്കുവാൻ ദൈവം ലോകത്തിൽ ബലഹീനവും, നികൃഷ്ടമായതും ഏതുമില്ലാത്തതും തിരഞ്ഞെടുത്തു. ദൈവസന്നിധിയിൽ ഒരു ജഡവും പ്രസംശിക്കാതിരിക്കേണ്ടതിനു തന്നെ.*

— 1 കൊരിന്ത്യർ 1:27–29

ദൈവം മനപൂർവ്വമായിട്ടാണ് താൻ ഉദ്ദേശിക്കുന്ന ജോലി ചെയ്യാൻ അയോഗ്യമായവരെ തിരഞ്ഞെടുക്കുന്നത്. ഈ തിരഞ്ഞെടുപ്പിൽ കൂടെ ദൈവം കൃപ വെളിപ്പെടുത്തുന്നത് താൻ എങ്ങനെയാണ് മനുഷ്യജീവിതങ്ങളെ കൃപയും കരുണയും ശക്തിയും ഉപയോഗിച്ച് രൂപാന്തരപ്പെടുത്തുന്നതെന്നാണ്. ദൈവം ഒരാളെ തിരഞ്ഞെടുക്കുമ്പോൾ അയാൾ സ്വന്തകഴിവിൽ ആശ്രയിക്കാതെ ദൈവത്തിന്റെ കഴിവിൽ ആശ്രയിക്കണമെന്നാണാഗ്രഹിക്കുന്നത്. എന്തുകൊണ്ടെന്നാൽ ദൈവം നമ്മെക്കാൾ ജ്ഞാനിയാകയാൽ ഭോഷത്വമായതിന്റെയും നികൃഷ്ടമായതിന്റെയും ശക്തി മാറ്റുവാനും ബലഹീനമായതിനു ബലം നല്കുവാനും അവനു കഴിയും (1 കൊരിന്ത്യർ 1:25). നമുക്കെല്ലാവർക്കും നമുടേതായ ഭാഗധേയം ഉണ്ട്. അതു നമ്മൾ പൂർത്തിയാക്കേണ്ടതുമാണ്. ഞാൻ കഴിവില്ലാത്തവനാണെന്നു പറഞ്ഞ് ആർക്കും ഒഴിഞ്ഞുമാറുക സാദ്ധ്യമല്ല. എന്തെന്നാൽ 'എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു' എന്നാണ് ദൈവം പറയുന്നത് (2 കൊരിന്ത്യർ 12:9). ഭൂതകാല സംഭവങ്ങളെ ചൂണ്ടിക്കാട്ടിയും ഒഴിവുകഴിവുകൾ പറയാൻ പറ്റുകയില്ല എന്തുകൊണ്ടെന്നാൽ 'ഒരുവൻ ക്രിസ്തുവിലായാൽ പുതിയ സൃഷ്ടിയാകുന്നു; പഴയതു കഴിഞ്ഞുപോയി, ഇതാ അതു പുതുതായി തീർന്നിരിക്കുന്നു' എന്നു എഴുതിയിരിക്കുന്നു. (2 കൊരിന്ത്യർ 5:17)

ദൈവം നമ്മെ എങ്ങനെ കാണുന്നു എന്നതല്ല പ്രശ്നം നമ്മുടെ അഭിവൃദ്ധിയെ നാം എങ്ങനെ കാണുന്നു എന്നതാണ് പ്രശ്നം. ദൈവം ആഗ്രഹിക്കുന്ന വിധം നാം അവനെ പിൻപറ്റുമ്പോൾ എല്ലാം നന്നായിരിക്കും.

# വിശ്വാസികൾ തോട്ടക്കാരാണ്

*നശിച്ചുപോകുന്ന ആഹാരത്തിനായിട്ടല്ല, നിത്യജീവങ്കലേക്കു നിലനില്ക്കുന്ന ആഹാരത്തിനായിട്ടുതന്നെ പ്രാർത്ഥിപ്പിൻ; അതു മനുഷ്യപുത്രൻ നിങ്ങൾക്കു തരും (പൂർത്തീകരിക്കും) അവനെ പിതാവായ ദൈവം മുദ്രയിട്ടിരിക്കുന്നു (അധികാരപ്പെടുത്തിയിരിക്കുന്നു, അധികാര പത്രം നല്കിയിരിക്കുന്നു) എന്നു ഉത്തരം പറഞ്ഞു. ദൈവത്തിനു പ്രസാദമുള്ള പ്രവർത്തികളെ പ്രവർത്തിക്കേണ്ട തിനു ഞങ്ങൾ എന്തു ചെയ്യേണം എന്നു ചോദിച്ചു. യേശു അവരോട്: ദൈവ ത്തിനു പ്രസാദമുള്ള പ്രവർത്തി അവൻ അയച്ചവനിൽ നിങ്ങൾ വിശ്വസിക്കുന്ന തത്രെ (ആശ്രയിക്കുക, ചാരുക, അവന്റെ സന്ദേശ വാഹകനിൽ വിശ്വസിക്കുക) എന്നുത്തരം പറഞ്ഞു.*

— യോഹന്നാൻ 6:27–29

എനിക്കു നിങ്ങളോട് പറയാൻ സാധിക്കുന്നില്ല, എത്രയോ പ്രാവശ്യമാണ് 'ദൈവമെ, ഞാൻ നിനക്കു എന്തു ചെയ്യേണം? നീ എന്താണ് ആഗ്രഹിക്കുന്നതെന്നു എന്നോടു പറയുക, ഞാൻ അതു ചെയ്യും' എന്നു ഞാൻ പറഞ്ഞിരിക്കുന്നു.

ഞാൻ പ്രവർത്തിക്കുന്നവളായിരുന്നു. ആരെങ്കിലും നീ ഇന്നതു ചെയ്യണമെന്നു പറഞ്ഞ് എന്നെ കാണിച്ചാൽ ഞാൻ അതു ചെയ്യുമായിരുന്നു എന്നു മാത്രമല്ല, ശരിയായിട്ടു തന്നെ ചെയ്തിരുന്നു. എന്നാൽ എന്നെ പ്രയാസപ്പെടുത്തിയതും കുഴപ്പത്തിലാക്കിയതും ഞാൻ ശരിയായതു ചെയ്തിട്ടും അതു ഫലപ്രാപ്തിയില്ലെത്തിയില്ല എന്നതാണ്. 'ദൈവത്തിനു പ്രസാദമുള്ള പ്രവർത്തി ചെയ്യാൻ ഞങ്ങൾ എന്തു ചെയ്യണം?' ഈ ജനത്തിന് അറിയേണ്ടത് അതായിരുന്നു. അവരുടെ ആശയം ദൈവപ്രസാദമുള്ള പ്രവർത്തി ചെയ്യാൻ ആരും അവരോടു പറഞ്ഞില്ല എന്നായിരുന്നു. ദൈവം തന്റെ പ്രവർത്തി ചെയ്യാൻ തക്കവണ്ണം വലിയവനും കഴിവുള്ളവനുമാകുന്നു എന്നാണ് നാം വിചാരിക്കുന്നത്. ദൈവത്തിന്റെ അത്ഭുതപ്രവർത്തിയെക്കുറിച്ച് കേൾക്കുമ്പോൾ നമ്മുടെ പ്രതികരണം ഇങ്ങനെയാണ്. 'കർത്താവെ, ഈ പ്രവർത്തികൾ എങ്ങനെയാണ് ഞാൻ ചെയ്യേണ്ടതെന്നു കാണിച്ചുതരിക' എന്നാൽ അവരോടുള്ള യേശുവിന്റെ മറുപടി എന്തായിരുന്നു? ദൈവത്തിനു പ്രസാദമുള്ള പ്രവർത്തി നിങ്ങൾ വിശ്വസിക്കുക എന്നതാണ്.

ഈ വേദഭാഗം കർത്താവു എനിക്കു ആദ്യം മനസ്സിലാക്കിതന്നപ്പോൾ ഞാൻ വിചാരിച്ചത് വിജയകരമായ പ്രവർത്തനത്തിനായി ഒടുവിൽ ഞാൻ എന്തു ചെയ്യണമെന്നാണ്. എന്നാൽ ഒരർത്ഥത്തിൽ അവൻ ചെയ്തത് 'വിശ്വസിക്കുക' എന്ന് എന്നോട് പറയുകയായിരുന്നു. ഞാൻ ചോദിച്ചു 'കർത്താവെ, നീ ഇതാണോ അർത്ഥമാക്കുന്നത്.'

‘അതെ,’ അവൻ എന്നോട് പറഞ്ഞു ‘അതുതന്നെ’ വിശ്വാസികളായ നമ്മുടെ വിചാരം നമ്മൾ നേടുന്നവർ ആണെന്നാണ്. നമ്മൾ അങ്ങനെയാണ്. എന്നാൽ നമ്മൾ നേടുന്ന വഴി വിശ്വാസത്തിലൂടെയാണ്.

# അവൻ നിങ്ങളുടെ ശക്തിയെ വർദ്ധിപ്പിക്കുന്നു

*അവൻ ക്ഷീണിച്ചിരിക്കുന്നവന്നു ശക്തി നല്കുന്നു;*
*ബലമില്ലാത്തവനു ബലം വർദ്ധിപ്പിക്കുന്നു.*

— യെശ്ശയ്യാവ് 40:29

നാം ക്ഷീണിതരായിരിക്കുമ്പോൾ കർത്താവു നമ്മെ ശക്തീകരിക്കുകയും ഉന്മേഷ പൂർണ്ണരാക്കുകയും ചെയ്യുന്നു. അവൻ നമ്മുടെ ശരീര മനസ്സുകൾക്ക് ഉന്മേഷം പകരുന്നു.

ഞാൻ വലിയ പ്രാർത്ഥനാ കൂട്ടങ്ങൾ നടത്തിക്കൊണ്ടിരുന്ന കാലം ഓർമ്മയിലുണ്ട്. ഞാൻ ശാരിരികമായും മാനസ്സികമായും ഗുഹയിൽ അടയ്ക്കപ്പെട്ടതുപോലത്തെ ഒരു വികാരമായിരുന്നു. ഇടയ്ക്കു ഞാൻ ഒരു നിമിഷത്തേക്കു നിർത്തിയിട്ട് 'കർത്താവെ ഇവിടെ എനിക്കു സഹായം ആവശ്യമായിരിക്കുന്നു - നീ എന്നെ ഒന്നു ചൈതന്യമുള്ളവളാക്കണം' തിരുവെഴുത്തിൽ നാം വായിച്ചതുപോലെ അവൻ എനിക്കു ശക്തിയെ വർദ്ധിപ്പിച്ചു അഭിവൃദ്ധി നല്കിയിരിക്കുന്നു.

നിങ്ങൾ നിങ്ങളുടെ മേശയ്ക്കരികിൽ ഇരിക്കുമ്പോഴോ, വീടു വൃത്തിയാക്കുകയോ, ദിവസം മുഴുവൻ പറമ്പിലെ പുല്ലു വെട്ടുകയോ, കാറിലെ ഓയിൽ മാറ്റുകയും ഒക്കെ ചെയ്തു ക്ഷീണിച്ചു വീട്ടിൽ പോകുന്നേരം ആവശ്യമായ ശക്തിയും ഉന്മേഷവും ദൈവം നല്കും. ഒരു മിനിട്ട് പുറകോട്ടു ചാരി കഴിയുമ്പോൾ ആ ശക്തി നമുക്കു പ്രാപ്യമായിരിക്കും. 'നിനക്കറിഞ്ഞുകൂടയോ? നീ കേട്ടിട്ടില്ലയോ? യഹോവ നിത്യദൈവം ഭൂമിയുടെ അറുതികളെ സൃഷ്ടിച്ചവൻ തന്നെ; അവൻ ക്ഷീണിക്കുന്നില്ല, തളർന്നുപോകുന്നതുമില്ല; അവന്റെ ബുദ്ധി അപ്രമേയമത്രെ അവൻ ക്ഷീണിച്ചിരിക്കുന്നവനു ശക്തി നല്കുന്നു; ബലമില്ലാത്തവന് ബലം വർദ്ധിപ്പിക്കുന്നു.' (യെശ്ശയ്യാവ് 40:28, 29)

# പുതിയ കാര്യങ്ങൾ പ്രസ്താവിക്കുവാനുള്ള സമയം ആയിരിക്കുന്നു

*പണ്ടു പ്രസ്താവിച്ചതു ഇതാ, സംഭവിച്ചിരിക്കുന്നു. ഞാൻ പുതിയും അറിയിക്കുന്നു; അതു ഉത്ഭവിക്കും മുമ്പെ ഞാൻ നിങ്ങളെ കേൾപ്പിക്കുന്നു*

— യെശ്ശയ്യാവ് 42:9

യിസ്രായേൽ ജനതയെ ദൃഢപ്പെടുത്തുന്ന ഈ വാകൃത്തിൽ ദൈവം അവരോട് താൻ ചെയ്യാൻ പോകുന്ന പുതിയ കാര്യത്തെ അതു സംഭവിക്കും മുമ്പെ പ്രസ്താവിക്കുകയായിരുന്നു. നിങ്ങൾ എന്നെപ്പോലൊരാൾ ആകുന്നെങ്കിൽ തീർച്ചയായും ജീവിതത്തിൽ എന്തെങ്കിലും പുതിയതു സംഭവിക്കാൻ കാത്തിരിക്കുന്നവരായിക്കും. നിങ്ങൾക്കു ചില മാറ്റങ്ങൾ ആവശ്യമാണ്, ഈ പുസ്തകം വായിക്കുന്നതിലൂടെ ദൈവത്തിന്റെ ഹിതവും, സമയവും മനസ്സിലാക്കുന്നതാണ്. ഈ പ്രമാണങ്ങൾ നിങ്ങൾക്കറിയാമെങ്കിലും എനിക്കും ഓർപ്പെടുത്തലുകളുടെ അവസരങ്ങൾ ആവശ്യമാണ്. ചിലപ്പോൾ നമുക്കറിയാവുന്ന കാര്യങ്ങളാണെങ്കിൽപോലും 'ഉദ്ബോധിപ്പിക്കപ്പെടേണ്ടതാണ്' അതു നമുക്കു നാം വിട്ടുപോയവയെ വീണ്ടും ശക്തിയോടുകൂടെ ചെയ്യുവാനുള്ള ഉത്സാഹം പകരുന്നതാണ്.

പഴയ കാര്യങ്ങളാൽ നിങ്ങൾ തകർന്നിരിക്കുന്നുവെങ്കിൽ ആ പഴയ കാര്യങ്ങളെക്കുറിച്ചുള്ള സംസാരം നിർത്തുക. നിങ്ങൾക്ക് ചില പുതിയവ ആവശ്യമാണോ? എങ്കിൽ പുതിയ കാര്യങ്ങളെക്കുറിച്ച് സംസാരിക്കുക. ദൈവത്തോടുകൂടെ കുറച്ചു സമയം ചിലവഴിക്കുക. ദൈവവചനം പഠിക്കുന്നതിനായി കുറച്ചു സമയം വേർതിരിക്കുക. നിങ്ങളുടെ ജീവിതത്തെക്കുറിച്ച് ദൈവത്തിന്റെ പദ്ധതിയെന്തെന്ന് അറിയുക. സാത്താൻ നിങ്ങളെ ചുറ്റും തള്ളിക്കൊണ്ടു നടക്കാൻ അനുവദിക്കരുത്. സാത്താന്റെ വായ് ആകരുത്. ആദിയിൽതന്നെ അവസാനത്തെക്കുറിച്ച് പ്രസ്താവിക്കുന്ന ദൈവവചനത്തിന്റെ വാഗ്ദത്തങ്ങളെ കണ്ടെത്തുക. 'ഒന്നും ഒരിക്കലും മാറുകയില്ല' എന്നു പറയാതെ 'ഓരോ ദിവസവും എന്റെ ജീവിത സാഹചര്യങ്ങളിൽ മാറ്റം വന്നുകൊണ്ടിരിക്കുന്നു എന്നു പറയുക."

ഞാൻ നിങ്ങളോട് പങ്കുവയ്ക്കുന്ന ശക്തിയുടെ തത്വം കണ്ടുപിടിച്ച ഒരു അവിശ്വാസിയായ ഡോക്ടറുടെ കഥ ഞാൻ കേട്ടിട്ടുണ്ട്. തന്നെ സമീപിക്കുന്ന എല്ലാ രോഗികളോടും അദ്ദേഹം നിർദ്ദേശിക്കുന്നത് നിങ്ങൾ വീട്ടിൽ ചെന്നിട്ട് 'ഞാൻ ഓരോ ദിവസവും കൂടുതൽ നന്നായിക്കൊണ്ടിരിക്കുന്നു' എന്നു പലപ്രാവശ്യം പറയണമെന്നാണ്. അദ്ദേഹത്തിന് ഇതുവഴി ലഭിച്ചത് അത്ഭുതകരമായ റിസൽട്ട് ആയിരുന്നു. അദ്ദേഹത്തിന്റെ സേവനം തേടി

നാടിന്റെ നാനാഭാഗത്തു നിന്നും അനേകർ എത്തിയിരുന്നു. അത്ഭുതം! ദൈവം ആരംഭമായി തന്നെ അതു പറയുകയും മനുഷ്യർ അതു വിശ്വസിക്കുന്നു. ദൈവത്തിന്റെ വഴിയെ ചെല്ലുക. യേശു പറഞ്ഞു 'ഞാൻ തന്നെ വഴി, എന്നെ അനുഗമിക്കുക' (യോഹന്നാൻ 12:26, 14:6). യേശു ഒരിക്കലും നിഷേധാത്മകമായി ജീവിക്കുകയോ, സംസാരിക്കുകയോ ചെയ്തതായി നാം കാണുന്നില്ല. ഞാനും നിങ്ങളും അവന്റെ മാതൃകയാണ് പിൻപറ്റേണ്ടത്. നിങ്ങളുടെ ചുറ്റുപാടിനെക്കുറിച്ച് യേശു എന്തു പറയുമെന്നാണ് നിങ്ങൾ വിശ്വസിക്കുന്നത്, ദൈവശക്തിയുടെ അത്ഭുപ്രവർത്തനം നടക്കേണ്ടതിനു അവനായി വാതിൽ തുറന്നുകൊടുക്കുക.

# ലാക്കിലേക്കോടുന്നു

*ലഭിച്ചു കഴിഞ്ഞു എന്നോ(ഈ മാതൃക, ആദർശം) തികഞ്ഞവനായി എന്നോ, അല്ല ഞാൻ ക്രിസ്തുയേശുവിനാൽ (മശിഹാ) പിടിക്കപ്പെട്ടിരിക്കുന്നതുകൊണ്ടും എനിക്കും അതു പിടിക്കാമോ എന്നുവച്ച് (എന്നെ അവന്റെ സ്വന്തമാക്കുവാൻ) പിന്തുടരുന്നതേയുള്ളൂ.*

— ഫിലിപ്പിയർ 3:12

അടുത്ത വാക്യത്തിൽ പൗലോസ് പറയുന്നു 'പിമ്പിലുള്ളതു മറന്നും, മുമ്പിലുള്ളതിനായി ആഞ്ഞുംകൊണ്ട്... ലാക്കിലേക്കോടുന്നു.' ഈ തത്വം ബൈബിളിൽ പലയിടത്തും നമുക്കു കാണാൻ കഴിയും. പ്രവാചകനായ യേശ്ശയ്യാവ് ദൈവത്തിന്റെ സന്ദേശം അറിയിക്കുമ്പോൾ ഇതെ വെളിപ്പാടു പ്രാപിച്ചിരുന്നു. 'മുമ്പുള്ളവയെ ഓർക്കേണ്ട; പണ്ടുള്ളവയെ നിരൂപിക്കുകയും വേണ്ട; ഇതാ ഞാൻ പുതിയതൊന്നും ചെയ്യുന്നു.' (യെശ്ശയ്യാവ് 43:18,19)

മിക്കവാറും നമുക്കെല്ലാവർക്കും തന്നെ നമ്മുടെ വ്യക്തിത്വത്തിനു ചില മെച്ചപ്പെടുത്തൽ ചെയ്യാൻ കഴിയും. ദൈവം നമ്മോട് കൂടെയുണ്ടെന്ന പ്രത്യാശ കൈവരിക്കാൻ സമയം എടുക്കും. ദൈവം എനിക്കു എത്രമാത്രം പ്രത്യാശ തന്നിട്ടുണ്ടെന്നു മനസ്സിലാക്കാൻ ദൈവം എന്നെ പൂർണ്ണസമയ ശുശ്രൂഷയിലേക്കു വിളിച്ചപ്പോൾ ഞാൻ എങ്ങനെ ആയിരുന്നു എന്ന് ഓർത്താൽ മതി. തീർച്ചയായും ഇന്നു ഞാൻ ചെയ്യുന്നതും നിങ്ങൾക്കു എന്നിൽ നിന്നു പ്രാപിക്കുവാൻ കഴിയുന്നതുമായ ഒരു ശുശ്രൂഷയ്ക്കു പറ്റിയ ഉപകരണമല്ലായിരുന്നു അന്നു ഞാൻ. യഥാർത്ഥത്തിൽ കൂടുതൽ പേരും എന്നെ ഉപേക്ഷിച്ചിരുന്നു എന്നാണ് എന്റെ വിശ്വാസം

എന്നാൽ ഓരോരുത്തരും നമ്മുടെ കുറവുകളെ മാത്രം നോക്കിക്കാണുമ്പോൾ ദൈവം നമ്മുടെ കഴിവുകളെ നോക്കിക്കാണുന്നു എന്നത് എത്രയോ അതിശയകരവും ആശ്വാസകരവുമാണ്. ദൈവത്തിനു എന്നിൽ പ്രവർത്തിക്കേണ്ടതിനായി ഞാൻ സംപൂർണ്ണമായി ഒരുക്കപ്പെടുംവരെ ദൈവം കാത്തിരുന്നില്ല. ദൈവം ഞാൻ ഏതവസ്ഥയിൽ ആയിരുന്നോ അവിടെ തന്റെ പ്രവർത്തി ആരംഭിക്കുകയും ഉത്തരവാദിത്തത്തോടെ എന്നെ ഇന്നത്തെ അവസ്ഥയിൽ എത്തിക്കുമായിരുന്നു. അവൻ നിങ്ങളിലും ഇപ്രകാരം പ്രവർത്തിക്കുമെന്നു എനിക്കു തീർച്ചയായും ഉറപ്പാണ്.

# നിങ്ങളുടെ മുഖഭാവം സൂക്ഷിക്കുക

*യഹോവ പിന്നെയും മോശെയോട് അരുളിചെയ്തത്: നീ അഹ രോനോടും പുത്രന്മാരോടും പറയേണ്ട്ത്; നിങ്ങൾ യിസ്രായേൽമ ക്കളെ അനുഗ്രഹിച്ചു ചൊല്ലേണ്ടതു എന്തെന്നാൽ; യഹോവ നിന്നെ അനുഗ്രഹിക്കുമാറാകട്ടെ; യഹോവ തിരുമുഖം നിന്റെമേൽ പ്രകാശിപ്പിച്ചു നിന്നോടു കൃപയുള്ളവനാകട്ടെ ; യഹോവ തിരു മുഖം നിന്റെമേൽ ഉയർത്തി നിനക്കു സമാധാനം നല്കുമാറാകട്ടെ*

— സംഖ്യപുസ്തകം 6:22–26

മറുരൂപ മലയിൽ വച്ച് യേശുവിന്റെ മുഖഭാവം മാറി, നാം എങ്ങനെ നോക്കുന്നു എന്നതനുസരിച്ചാണ് നമ്മുടെ മുഖഭാവം മാറുന്നത്. അതു നമ്മുടെ മുഖത്തെ വെളിപ്പെടുത്തുന്നു. ഇന്നു സഭയിൽ നാം നമ്മുടെ മുഖ ഭാവത്തെക്കുറിച്ച് ഉത്ഖണ്ഡപ്പെടേണ്ടിയിരിക്കുന്നു. എന്തെന്നാൽ ദൈവം തരുന്ന അനുഗ്രഹങ്ങളിൽ ഒന്ന് അവയിൽ തന്റെ തിരുമുഖം നമ്മുടെമേൽ പ്രകാശിപ്പിച്ച് കാട്ടുകയും തിരുമുഖം നമ്മുടെമേൽ ഉയർത്തി സമാധാനം തരികയുമാണ്.

ലോകം നമ്മെ നോക്കുമ്പോൾ അവരിൽ നിന്നു വ്യത്യസ്തമായി ചിലതു അവർക്കു നമ്മിൽ കാണുവാൻ കഴിയണം. അവർക്കു നമ്മുടെ മനസ്സും, ഹൃദ യവും വായിക്കുവാൻ കഴിയുകയില്ല. പക്ഷെ അവർക്കില്ലാത്തതും, അവർക്കാ വശ്യമായിരിക്കുന്നതുമായ ചിലതു നമ്മുടെ മുഖ ഭാവത്തിലൂടെ കാണിച്ചു കൊടുക്കാൻ സാധിക്കും. നാം ദൈവത്തെ ആരാധിക്കുമ്പോൾ കുറെക്കൂടി മെച്ചപ്പെട്ടവരാകുന്നു. ആരാധന നമ്മുടെ മുഖത്ത് ഒരു പുഞ്ചിരി നല്കുന്നു. നന്ദി പറയുമ്പോഴും, സ്തുതിക്കുമ്പോഴും, ആരാധിക്കുമ്പോഴും, മൂട്ടിക്കെട്ടി യതും, കോപിച്ചിരിക്കുന്നതുമായ മുഖഭാവം കാണിക്കുക സാദ്ധ്യമല്ല.

ഇതു നാം തുടർച്ചയായി ചെയ്യുന്നെങ്കിൽ നമ്മുടെ മുഖഭാവം ദൈവസാന്നി ദ്ധ്യത്തെ വെളിപ്പെടുത്തും. ഒരിക്കലും നമ്മുടെ ആന്തരിക ഇച്ഛാഭംഗങ്ങളോ കലക്കങ്ങളോ കാണിക്കേണ്ടിവരികയില്ല; ക്രിസ്ത്യാ നികൾ സ്നേഹത്തിൽ നടക്കുന്നവരാകയാൽ സന്തോഷമുള്ള വരായിരിക്കണം. നമുക്കു നമ്മോടു തന്നെ ചോദിക്കാം. 'ജനങ്ങൾ എന്റെ മുഖത്തു നോക്കി എന്നെ ഒരു ക്രിസ്ത്യാ നിയായി തിരിച്ചറിയാൻ കഴിയുന്നുണ്ടോ?'

# നിങ്ങളുടെ പ്രശസ്തി ദൈവം ഒരുക്കി നല്കുന്നതാകട്ടെ

*ഇപ്പോൾ ഞാൻ മനുഷ്യരെയോ ദൈവത്തെയോ സന്തോഷിപ്പിക്കുന്നത്? അല്ല ഞാൻ മനുഷ്യരെ പ്രസാദിപ്പിപ്പാൻ നോക്കുന്നുവോ? ഇന്നും ഞാൻ മനുഷ്യരെ പ്രസാപ്പിക്കുന്നു എങ്കിൽ ക്രിസ്തുവിന്റെ (മശിഹാ) ദാസനായിരിക്കുകയില്ല*

— ഗലാത്യർ 1:10

അപ്പോസ്തലനായ പൗലോസ് തന്റെ ശുശ്രൂഷയിൽ നേരിട്ട വിഷമപ്രശ്നം മനുഷ്യരെ പ്രസാദിപ്പിക്കണമോ ദൈവത്തെ പ്രസാദിപ്പിക്കണമോ എന്നുള്ള തിരഞ്ഞെടുപ്പായിരുന്നു എന്നു പറയുന്നു. ഈ തിരഞ്ഞെടുപ്പു നടത്താനുള്ള അവസരം നമുക്കു മുമ്പിലുണ്ട്. ഫിലിപ്പിയർ 2:7 ൽ നാം വായിക്കുന്നത്: യേശു സ്വയമായി ഒരു 'ഉയർച്ച (പ്രശസ്തി) യെടുക്കുവാൻ തുനിഞ്ഞില്ല' എന്നാണ്. തനിക്കൊരു പേരുണ്ടാക്കണമെന്ന് നമ്മുടെ കർത്താവ് കരുതിയില്ല, നാമും അങ്ങനെയാവണം.

ഒരിക്കൽ കർത്താവു എന്നോട് കല്പിച്ചത് 'സ്വന്ത കീർത്തിക്കായി ശ്രമിക്കരുതെന്ന് ജനത്തോടു പറയുക' എന്നാണ് ഞാൻ അതു ചെയ്യുന്നു. നമ്മുടെ ലക്ഷ്യം നമുക്കു പ്രശസ്തിയുണ്ടാകണെമെന്നാണെങ്കിൽ നാം ദൈവത്തെ ഭയപ്പെടുന്നതിനെക്കാൾ മനുഷ്യരെ ഭയപ്പെടുന്നവരാകും. ദൈവത്തിൽ നിന്നുള്ള പ്രശംസയെക്കാൾ മനുഷ്യരുടെ പ്രശംസയ്ക്കായി ശ്രമിക്കും.

ദൈവ ഇഷ്ടത്തിൽ നിന്നു നമ്മെ അകറ്റുവാൻ സാത്താൻ ഉപയോഗിക്കുന്ന ഏറ്റവും നല്ല മാർഗ്ഗം നാം മറ്റുള്ളവരാൽ ത്യജിക്കപ്പെടുമെന്ന ഭയപ്പെടുത്തലാണ്. എന്റെ കാര്യത്തിലും ഇതാണ് സംഭവിച്ചത്. ഞാൻ പൂർണ്ണമായി എന്റെ ജീവിതത്തെ ദൈവഹിതത്തിനായി സമർപ്പിച്ചപ്പോൾ എന്റെ മുൻകാല സ്നേഹിതരിൽ പലരും എന്നെ കൈവിട്ടു. ചിലർ എനിക്കെതിരായിത്തീർന്നു. പൗലോസിനെപ്പോലെ ദൈവത്തെ പ്രസാദിപ്പിക്കണമോ മനുഷ്യരെ പ്രസാദിപ്പിക്കണമോ എന്നു ഞാനും തിരഞ്ഞെടുക്കേണ്ടി വന്നു. ഞാൻ മനുഷ്യരുടെ പ്രശംസയ്ക്കായി പ്രവർത്തിച്ചിരുന്നെങ്കിൽ ഇന്നു ആയിരിക്കുന്ന മിനിസ്ട്രീയിൽ ആയിരിക്കുമായിരുന്നില്ല.

ഞാനും നിങ്ങളും ഇന്നു അഭിമുഖീകരിക്കുന്നത് ഒരു തീരുമാനത്തെയാണ്. നാം നമ്മെത്തന്നെയും നമ്മുടെ മിനിസ്ട്രീയെയും നമ്മുടെ പ്രശസ്തിയെയും കെട്ടിപ്പടുക്കുവാൻ ശ്രമിക്കുകയാണോ, അതോ നമ്മുടെ എല്ലാ മാനുഷികമായ ശ്രമങ്ങളെയും വിട്ടിട്ട് ദൈവത്തിൽ ആശ്രയിക്കുകയാണോ?

# ദൈവത്തിന്റെ പരിപാലന ശക്തി

*നിന്റെ എല്ലാ വഴികളിലും (അനുസരണത്തിന്റെയും, സേവനത്തിന്റെയും) നിന്നെ കാക്കേണ്ടതിനു അവൻ നിന്നക്കുറിച്ച് തന്റെ ദൂതന്മാരോടു കല്പിക്കും.*

— സങ്കീർത്തനങ്ങൾ 91:11

എന്നോടുകൂടെ പ്രവർത്തിക്കുന്ന ഒരു സ്ത്രീക്ക് മറ്റുള്ളവരെപ്പോലെ 'വലിയ' സാക്ഷ്യമൊന്നുമില്ല. അവൾ ഒരു സഭയിൽ ദൈവത്തെ സ്നേഹിക്കുന്നവളായി വളർന്നു. പിന്നീട് വിവാഹിതയായി, പരിശുദ്ധാത്മ നിറവു പ്രാപിച്ചു, തുടർന്നു ഞങ്ങളുടെ മിനിസ്ട്രീയിൽ പ്രവർത്തിക്കാനെത്തി. ഞങ്ങളുടെ മിനിസ്ട്രീയിൽ ലഭിക്കുന്ന മയക്കുമരുന്നിന് അടിമപ്പെട്ടവരുടെയും, ലൈംഗിക പീഡനം അനുഭവിക്കുന്നവരുടെയും സാക്ഷ്യങ്ങൾ അവളെ അത്ഭുതപ്പെടുത്തി. ഒരു ദിവസം അവൾ ദൈവത്തോട് ഇപ്രകാരം ചോദിച്ചു 'കർത്താവെ, ഇവരെപ്പോലെ എനിക്കൊരു സാക്ഷ്യമില്ലാത്തത്?"

അവൾക്കു ലഭിച്ച മറുപടി ഇപ്രകാരമായിരുന്നു "നിനക്കു ഒരു സാക്ഷ്യം ഉണ്ട്. അത് ഈ വക കാര്യങ്ങളിൽ നിന്ന് ഞാൻ നിന്നെ വിടുവിച്ചു കാത്തു എന്നതാണ്'. ദൈവത്തിൽ നിന്നു അകന്നു പോകുന്നതിന്റെ ദു:ഖം അനുഭവിക്കാതെ ദൈവം അവളെ പരിപാലിച്ചു. ദൈവത്തിന്റെ പരിപാലന ശക്തിയുടെ സാക്ഷ്യം വളരെ വലുതാണ്. സങ്കീർത്തനം 91 – ൽ നമ്മെ കാക്കേണ്ടതിനു അവൻ തന്റെ ദൂതന്മാരോട് കല്പിക്കും എന്നു പറഞ്ഞിരിക്കുന്നു.

നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്ന ചിലകാര്യങ്ങളെ നാം ഇഷ്ടപ്പെടാറില്ല. എന്നാൽ നമുക്കു എതിരായി സാത്താൻ ഒരുക്കിയിരിക്കുന്ന വലിയ പദ്ധതിയിൽ നിന്ന് ദൈവം നമ്മളെ വിടുവിക്കുകയായിരുന്നു എന്നതല്ലെ സത്യം? വലിയ ഗതാഗതക്കുരുക്കുകളിലൂടെ ഡ്രൈവു ചെയ്തിട്ടും നാം ജീവിക്കുന്നു എന്നതു എനിക്ക് അത്ഭുതമായി തോന്നാറുണ്ട്. ദൈവിക സൂക്ഷിപ്പിന്റെ ശക്തിക്കായി നാം നന്ദി പറയണം. അവൻ നമ്മുടെ പരിപാലകനാണെന്നറിയുമ്പോഴാണ് നമുക്കു വിശ്രമിപ്പാൻ കഴിയുന്നത്. ദിനംതോറും ദൈവം നമ്മെ കാത്ത് ശത്രുവിന്റെ ശക്തിയിൽ നിന്നു സൂക്ഷിക്കുന്നു. നമ്മെ പരിശുദ്ധാത്മാവിനാൽ മുദ്രയിട്ട് യേശുവിന്റെ മടങ്ങിവരവിൻ നാളിലെ വീണ്ടെടുപ്പിനായി കാത്തു പരിപാലിക്കുന്നു.

# ദൈവത്തിന്റെ അതിരുകൾ

*ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലയ്ക്കു വാങ്ങയിരിക്കയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ നിങ്ങളുടെ ശരീരംകൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തിവിൻ.*

— 1 കൊരിന്ത്യർ 6:19-20

സ്ട്രെസ് അഥവാ ഞെരുക്കം എന്ന വാക്ക് ഒരു എൻജിനീയറിംഗ് ടേം ആകുന്നു. വലിയ പിരിമുറുക്കത്തിനടിമപ്പെട്ട് പോകാനിടയുള്ള തുലാസിന്റെയോ മറ്റു സാധനങ്ങളുടെയോ മേൽ വരുന്ന ശക്തിയെ കാണിക്കുന്നു.

എന്നാൽ നമ്മുടെ ഈ കാലത്ത് ഈ വാക്കിന് അർത്ഥവ്യാപ്തി വർദ്ധിച്ചിട്ടുണ്ട്. ശാരിരിക സമ്മർദ്ദം മാത്രമല്ല, മാനസികവും വികാരപരവുമായ പിരിമുറുക്കത്തെ കൂടി കാണിക്കുന്നു. മനുഷ്യരായ നമുക്കു സാധാരണമായ കുറച്ചു ഞെരുക്കങ്ങളെ കൈകാര്യം ചെയ്യാൻ കഴിയും. ഒരു പ്രത്യേക അളവുവരെയുള്ള പിരിമുറുക്കങ്ങളെയും സമ്മർദ്ദങ്ങളെയും ചെറുത്തു നില്ക്കത്തക്കവണ്ണമാണ് ദൈവം നമ്മെ സൃഷ്ടിച്ചിരിക്കുന്നത്. എന്നാൽ പ്രശ്നം വരുന്നത് നാം അതിരുകടക്കുമ്പോഴാണ്; നമ്മുടെ ഉദ്ദേശ പ്രവർത്തിയാണ്. എന്നാൽ മറ്റേനകരെപ്പോലെ, ശാരിരിക നാശം സംഭവിച്ചാലും എനിക്കു ചെയ്യാനുള്ള കാര്യം ഞാൻ ചെയ്യും എന്നു പറഞ്ഞു എന്നെത്തന്നെ മുമ്പോട്ടു തള്ളുന്നു.

തീർച്ചയായും എനിക്കോ ഡേവിനോ രോഗം വന്നാൽ പെട്ടെന്ന് രോഗസൗഖ്യത്തിനായി ഞങ്ങൾ പ്രാർത്ഥിക്കും. എന്നാൽ ദൈവം നിങ്ങളുടെ സംപൂർണ്ണ സ്വാസ്ഥ്യത്തിനായി വച്ചിരിക്കുന്ന അതിരു ലംഘിച്ച് രോഗിയായാൽ രോഗസൗഖ്യത്തിനായി വിശ്രമിക്കുന്നതുപോലെ പ്രാർത്ഥിക്കുകയും വേണം. അവൻ നമ്മുടെ ജീവിതത്തിൽ വച്ചിരിക്കുന്ന അതിരുകൾ നമ്മുടെ നന്മയ്ക്കായിട്ടാണ്.

# നിങ്ങളുടെ ജീവിതത്തിനുവേണ്ടിയുള്ള ദൈവത്തിന്റെ നല്ല പദ്ധതി

*നാം അവന്റെ കൈപ്പണിയായി സത്പ്രവർത്തികൾക്കായിട്ട് ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു(പുതുതായി ജനിച്ചിരിക്കുന്നു) നാം ചെയ്തുപോരേണ്ടതിനു (നല്ല ജീവിതം ജീവിക്കുവാൻ) ദൈവം അവ മുന്നൊരുക്കിയിരിക്കുന്നു*

— എഫെസ്യർ 2:10

നാം ജനിക്കുന്നതിനു മുമ്പെ തന്നെ നമ്മുടെ ജീവിതത്തിനായി ദൈവം കൃത്യമായ ഒരു പദ്ധതി തയ്യാറായിരിക്കുന്നു. അതു പരാജയത്തിന്റെയോ, കലക്കത്തിന്റെയോ, ദാരിദ്രത്തിന്റെയോ, രോഗവ്യാധികളുടെയോ അല്ല. ദൈവത്തിന്റെ പദ്ധതി നല്ലതാകുന്നു, അതു ജീവന്റെയും, ആരോഗ്യത്തിന്റെയും, സന്തോഷത്തിന്റെയും, സംപൂർത്തിയുടെയും പദ്ധതിയാകുന്നു. യിരെമ്യാവ് 29:11 – ൽ "നിങ്ങൾ പ്രത്യാശിക്കുന്ന ശുഭഭാവി വരുവാൻ തക്കവണ്ണം ഞാൻ നിങ്ങളെക്കുറിച്ച് നിരൂപിക്കുന്ന നിരൂപണങ്ങൾ ഇന്നത് എന്ന് ഞാൻ അറിയുന്നു. അതു തിന്മയ്ക്കല്ല, നന്മയ്ക്കുള്ള നിരൂപണങ്ങൾ എന്നു യഹോവയുടെ അരുളപ്പാട്" ഓരോ ദിവസവും നമ്മളിലോരോരുത്തരും നമ്മോടു തന്നെ "എന്റെ ജീവിതത്തെക്കുറിച്ച് ദൈവത്തിനു നല്ലൊരു പദ്ധതിയുണ്ട്' എന്നു പല പ്രാവശ്യം പറഞ്ഞുകൊണ്ടിരുന്നാൽ അതു വളരെ പ്രയോജനകരമായിരിക്കും. ഈ സത്യം നമ്മുടെ മാറിക്കൊണ്ടിരിക്കുന്ന സാഹചര്യങ്ങളിലും വികാരങ്ങളിലും ആഴമായിറങ്ങി ബോദ്ധ്യമാകേണ്ടതാവശ്യമാണ്. നിങ്ങൾ ചോദിച്ചേക്കാം "എന്റെ ജീവിതത്തെക്കുറിച്ച് ദൈവത്തിനു ഇത്ര മനോഹരമായ ഒരു പദ്ധതിയുണ്ടെങ്കിൽ എന്തുകൊണ്ട് ഞാൻ അതിൽ ആയിരിക്കുന്നില്ല?" എന്തുകൊണ്ടാണ് നിങ്ങൾ ഇങ്ങനെ ചോദിക്കുന്നതെന്ന് ഞാൻ മനസ്സിലാക്കുന്നു. തീർച്ചയായും ഇതു നമ്മെ ചിന്തിപ്പിക്കുന്നതാണ്. ഇത്രയധികം ദൈവത്തെ സ്നേഹിക്കുകയും നമുക്കായി നല്ല പദ്ധതികളെ ഒരുക്കുകയും ചെയ്യുന്ന ദൈവം എന്തിനാണ് കഷ്ടപ്പാടിലൂടെയും വേദനയിലൂടെയും കടത്തിവിടുന്നത്.

നമുക്കൊരു ശത്രു ഉണ്ടെന്നും അവൻ ദൈവിക പദ്ധതിയെ തകിടം മറിക്കാനാണ് ശ്രമിക്കുന്നതെന്നും നാം ഓർത്തിരിക്കണം. എന്റെ ജീവിതത്തിനുവേണ്ടി ദൈവത്തിനു മനോഹരമായ ഒരു പദ്ധതിയുണ്ടെങ്കിലും ദൈവിക പദ്ധതിയെ വിട്ടു നടക്കുവാൻ ശ്രമിക്കുന്ന പിശാചിന്റെ ദുഷിച്ച അന്തരീക്ഷത്തിലാണ് ഞാൻ ജീവിക്കുന്നത്. എങ്കിലും ദൈവത്തെക്കുറിച്ചും അവന്റെ മഹത്വപൂർണ്ണമായ പ്രവർത്തിയെക്കുറിച്ചും ചിലതൊക്കെ യതാർത്ഥ

മായി നാം മനസസ്സിലാക്കാനുണ്ട്. ആരെങ്കിലും നമ്മെ വേദനിപ്പിക്കുവാനോ നമുക്കുവേണ്ടിയുള്ള ദൈവിക പദ്ധതിയെ കീഴ്പ്പെടുത്തുവാനോ ഇഷ്ടപ്പെടുന്നില്ല; എന്തെന്നാൽ നമ്മുടെ പച്ച പുൽപ്പുറത്തു കിടത്തി വിശ്രമിപ്പിക്കാനാണ് അവൻ ആഗ്രഹിക്കുന്നത് (സങ്കീർത്തനം 23:2–3). ആകയാൽ നമ്മുടെ ചുറ്റുപാടുകളെ നിയന്ത്രിക്കാൻ അവൻ എഴുന്നേല്ക്കുകയാണ്.

നമുക്കു സ്വയമായി ഒന്നും തന്നെ നമുക്കായി ചെയ്യാൻ കഴിയാത്തിടത്ത് കർത്താവ് നമുക്കുവേണ്ടി ചെയ്യുന്നു എന്നത് എത്രയോ വലിയ ആശ്വാസമാണ്. പക്ഷെ ഇതിനായി നാം അവനിൽ തന്നെ ആശ്രയിക്കേണ്ടതുണ്ട്.

# പ്രാർത്ഥിക്കുകയും അനുസരിക്കുകയും

*ഹനനയാഗവും ഭോജനയാഗവും നീ ഇച്ഛിച്ചില്ല; നീ ചെവികളെ എനിക്കു തുളെച്ചിരിക്കുന്നു. ഹോമയാഗവും പാപയാഗവും നീ ചോദിച്ചില്ല*

— സങ്കീർത്തനം 40:6

ദൈവം നമ്മുടെ അനുസരണത്തിലാണ് പ്രസാദിക്കുന്നത്. അവനെ ശ്രദ്ധിക്കാതെയും അനുസരിക്കാതെയുമിരിക്കുന്നവരോട് സംസാരിക്കുവാൻ ദൈവം താല്പര്യം കാണിക്കുന്നില്ല.

ദീർഘവർഷങ്ങൾ ദൈവം എന്നോട് സംസാരിക്കണമെന്നു ഞാൻ ആഗ്രഹിച്ചു. എന്നാൽ എങ്ങനെ എന്താണ് അനുസരിക്കേണ്ടതെന്നു തിരഞ്ഞെടുക്കാൻ കഴിഞ്ഞില്ല. അവൻ പറയുന്നതു ചെയ്യുക എന്നത് നല്ല ഒരു ആശയമായിട്ടു എനിക്കു തോന്നി. എന്നാൽ അവൻ പറയുന്നത് എനിക്കിഷ്ടമില്ലാത്തത് ആകയാൽ എന്റെ പ്രവൃത്തി അവന്റെ ഇഷ്ടത്തിനെതിരായിട്ടായിരുന്നു. ദൈവം നമുക്ക് അവൻ പറയുന്നത് കേൾക്കുവാനും അനുസരിക്കുവാനുമുള്ള കഴിവു തന്നിട്ടുണ്ട്. അനുസരിക്കുന്നതിനെക്കാൾ ശ്രേഷ്ഠമായ ഒരു യാഗവും അവൻ നിങ്ങളോട് ആവശ്യപ്പെടുന്നില്ല. ചില കാര്യങ്ങൾ ദൈവം നിങ്ങളോട് പറയുമ്പോൾ അതിശയമായി തോന്നിയേക്കാം. മറ്റു ചിലതു കേൾക്കുവാൻ അത്ര രസമുള്ളതല്ലായിരിക്കാം. എന്നിരുന്നാലും അവൻ ആവശ്യപ്പെടുന്ന വിശ്വാസത്തിൽ നിങ്ങൾ അതു നിർവഹിപ്പാൻ അതു ഒരിക്കലും നന്മയല്ലാതെ ഭവിക്കുകയില്ല. ദൈവഹിതം നിങ്ങളുടെ ജീവിതത്തിൽ നിറവേറണമെങ്കിൽ അതിനുള്ള ലളിതമായ മാർഗ്ഗം ഞാൻ പറയട്ടെ: പ്രാർത്ഥിക്കുക, അനുസരിക്കുക ഇതു രണ്ടും ചെയ്യാനുള്ള കഴിവു ദൈവം നിങ്ങൾക്കു തന്നിട്ടുണ്ട്.

# എന്നാൽ ദൈവം...

*ക്രിസ്തുവോ നാം പാപികളായിരിക്കുമ്പോൾതന്നെ നമുക്കുവേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു*

— റോമർ 5:8

ബൈബിൾ ശൈലികളിൽ ചെറുതെങ്കിലും വായിക്കുമ്പോഴൊക്കെ എന്നെ വിസ്മയിപ്പിക്കാറുള്ള രണ്ടു വാക്കുകളാണ് "എന്നാൽ ദൈവം..." വേദപുസ്തകത്തിലുടനീളം കാണപ്പെടുന്ന ഏറ്റവും ശക്തിയേറിയ ഒന്നാണിത്.

ബൈബിളിലൂടെ നാം സഞ്ചരിക്കുമ്പോൾ തുടർച്ചയായി സംസാരിക്കുന്ന ഒരു കാര്യം ദൈവജനത്തിനെതിരായി സാത്താൻ ആസൂത്രണം ചെയ്തിരിക്കുന്ന ഭയാനകമായ പദ്ധതിയെക്കുറിച്ചാണ്. എന്നാൽ അതിനടുത്തായിട്ടാണ് "എന്നാൽ ദൈവമോ" എന്ന പ്രയോഗം വന്നിരിക്കുന്നത്. അടുത്തതായി നാം വായിക്കുന്നത് വിജയത്തെക്കുറിച്ചാണ്. മേലുദ്ധരിച്ച തിരുവെഴുത്തുഭാഗം വെളിപ്പെടുത്തുന്നത് നാമെല്ലാവരും പാപികളാകുന്നു എന്ന സത്യമാണ്. ആ അവസ്ഥയോ ശിക്ഷയ്ക്കും മരണത്തിനുമുള്ളതാണ്. പക്ഷെ "എന്നാൽ ദൈവമോ" എന്ന ശൈലി ആ അവസ്ഥയെ തടസ്സപ്പെടുത്തുകയും ദൈവസ്നേഹം ഇടയ്ക്കുകയറി സകല ചുറ്റുപാടുകൾക്കും മാറ്റം വരുത്തുകയും ചെയ്യുന്നു.

നാം പാപികൾ ആയിരിക്കുമ്പോൾ തന്നെ ക്രിസ്തു നമുക്കുവേണ്ടി മരിക്കുകയും നമ്മോടുള്ള സ്നേഹം പ്രകടിപ്പിക്കുകയും ചെയ്തു. അവന്റെ സ്നേഹം പാപത്തിന്റെ നശീകരണ ശക്തിയെ പ്രതിരോധിക്കുന്നു. ദൈവം എന്നെ ശുശ്രൂഷയ്ക്കു വിളിച്ചപ്പോൾ ആളുകൾ എന്നോട് "ജോയ്സി ഞങ്ങൾ കുറെപ്പേർ ഇതേക്കുറിച്ച് സംസാരിച്ചു, എന്നാൽ ദൈവം നിന്നോടു പറഞ്ഞു എന്നു പറഞ്ഞുകൊണ്ട് നീ ചെയ്യാൻ പോകുന്ന കാര്യം നിനക്കു ചെയ്യാൻ പറ്റിയ യാതൊരു വഴിയും ഞങ്ങൾ കാണുന്നില്ല; മാത്രവുമല്ല ഇങ്ങനെ ഒരു ശുശ്രൂഷ ചെയ്യാൻ തക്ക വ്യക്തിത്വവും നിനക്കില്ല" ഞാനിപ്പോഴും ഓർക്കുന്നു അവർ എന്നോടു പറഞ്ഞ വാക്കുകൾ എന്നെ എത്രയധികമാണ് വിഷമിപ്പിച്ചത്.

ഞാൻ മുറിവേറ്റവളും നിരാശയുള്ളവളുമായി എന്നാൽ ദൈവം എന്നെ വിളിച്ചതുകൊണ്ട് എന്നെ യോഗ്യതയുള്ളവളാക്കി. മറ്റുള്ളവർ എന്റെ ബലഹീനതകളെ കണ്ടപ്പോൾ ദൈവം കണ്ടത് എന്റെ വിലയാണ്. അവൻ എന്നെ സഹായിച്ചു. അതുതന്നെ അവൻ നിങ്ങൾക്കു വേണ്ടി ചെയ്യും.

# ആക്രമണപരമായ സ്നേഹം

*ഞാൻ നിങ്ങളെ സ്നേഹിച്ചിരിക്കുന്നതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നാകുന്നു എന്റെ കല്പന. സ്നേഹിതന്മാർക്കുവേണ്ടി ജീവനെ കൊടുക്കുന്നതിലും അധികമുള്ള സ്നേഹം ആർക്കും ഇല്ല.*

— യോഹന്നാൻ 15:12–13

നാം ദൈവമക്കൾ ആകയാൽ ദൈവം നമ്മെ സ്നേഹിച്ചതുപോലെ നാമും മറ്റുള്ളവരെ സ്നേഹിക്കണം. അതാണ് ആക്രമണപരമായ സ്നേഹം അഥവാ ത്യാഗപൂർണ്ണമായ സ്നേഹം.

സ്നേഹം ഒരു പ്രയത്നം (അദ്ധ്വാനം) ആകുന്നു. നാം ആരെയെങ്കിലും സ്നേഹിക്കുന്നുവെങ്കിൽ അതിനു ഒരു വില കൊടുക്കാൻ തയ്യാറായിരിക്കണം.

ഒരിക്കൽ ഞാൻ ഒരു സ്ത്രീക്കു മനോഹരമായ ഒരു ജോഡി കമ്മൽ കൊടുത്തു. എന്റെ ജഡത്തിനു അതിഷ്ടമായിരുന്നില്ല, അത് എന്റേതായിരിക്കണമെന്ന ചിന്ത തന്നു. എന്നാൽ ദൈവം പറഞ്ഞതനുസരിച്ച് അതു കൊടുക്കുവാൻ ആത്മാവ് നിർബന്ധിച്ചപ്പോൾ ഞാൻ അത് ചെയ്തു.

പിന്നീടൊരിക്കൽ ആ സ്ത്രീ ഒരു യോഗത്തിൽ താൻ ധരിച്ചിരിക്കുന്ന കമ്മലുകൾ "സൗജന്യമായി ലഭിച്ച" തിനെക്കുറിച്ച് സംസാരിച്ചു.

അപ്പോൾ ദൈവം എന്നോട്, അതെ ആ കമ്മലുകൾ നിനക്കു വിലപ്പെട്ടതായിരുന്നെങ്കിലും ആ സ്ത്രീയ്ക്ക് അതു ദാനമായി ലഭിച്ചതുപോലെ നീ അനുവദിക്കുന്ന "രക്ഷ സൗജന്യമാണെങ്കിലും യേശു അതിനു മുടക്കിയ വില തന്റെ ജീവൻ ആയിരുന്നു" എന്ന് പറഞ്ഞു.

സ്നേഹമാണ് സകല ദാനങ്ങളിലും വച്ച് വിലയേറിയ ദാനം. നീ ദൈവസ്നേഹത്തെ പ്രദർശിപ്പിക്കുമ്പോൾ അതു സൗജന്യവും, ത്യാഗപൂർണ്ണവും - ആക്രമണപരവുമായിരിക്കട്ടെ.

# നിങ്ങളുടെ സമാധാനം മോഷ്ടിക്കുന്നത് എന്തെല്ലാമാണെന്ന് അറിയുക

*ദോഷം വിട്ടകന്നു ഗുണം ചെയ്ക; സമാധാനം അന്വേഷിച്ച് പിൻതുടരുക.*

— സങ്കീർത്തനം 34:14

ജീവിത സമാധാനം ആസ്വദിക്കണമെങ്കിൽ നിന്റെ സ്വന്തം ജീവിതത്തെ പരിശോധിച്ച് അവിടെയുള്ള ''സമാധാന മോഷ്ടാക്കൾ'' ആരെന്നു കണ്ടെത്തണം. സാത്താൻ ഒരേ തന്ത്രം തന്നെ എല്ലാവരിലും ഉപയോഗിക്കുമെങ്കിലും നമുക്കു നമ്മുടേതായ ചില പ്രത്യേകതകൾ ഉണ്ട്. ഉദാഹരണത്തിന് ഒരാൾ ഒരേ സമയം രണ്ടു കാര്യങ്ങൾ ചെയ്യുന്നതിൽ ശല്യപ്പെടാറുണ്ട്. അതെ സമയം മറ്റൊരാൾക്ക് ഒരു സമയം പലവിധ കാര്യങ്ങൾ ചെയ്യുന്നത് ഉത്സാഹവും വെല്ലുവിളിയും നല്കുന്നതായിരിക്കും. നമ്മൾ എല്ലാവരും വ്യത്യസ്തരാകാൻ നാം നമ്മെത്തന്നെ പഠിക്കേണ്ടിയിരിക്കുന്നു.

എന്റെ ഭർത്താവിനെക്കുറിച്ച് ആരെങ്കിലും ദയവില്ലാതെ സംസാരിച്ചാലും അദ്ദേഹം കൂട്ടാക്കാറില്ല, പക്ഷെ ട്രാഫിക് ലൈനിൽ തന്റെ വാഹനത്തിനു മുമ്പിൽ കൊണ്ടുവന്നു വണ്ടി പാർക്കു ചെയ്യുന്ന ഡ്രൈവറുടെ പ്രവർത്തി അദ്ദേഹത്തെ ശല്യപ്പെടുത്തും. എന്നാൽ ഞാനാകട്ടെ നേരെ വിപരീതമാണ്. സുരക്ഷിതമല്ലാത്ത ഡ്രൈവിങ് എനിക്കിഷ്ടമില്ലെങ്കിലും ആരെങ്കിലും എന്നെക്കുറിച്ച് ദോഷം പറയുകയും അനീതിയോടെ കുറ്റപ്പെടുത്തുകയും ചെയ്യുന്നതു വകവയ്ക്കാത്തതുപോലെ ഇതും ശല്യപ്പെടുത്താറില്ല. ഞങ്ങളുടെ മക്കൾ വിഷമതകളിലൂടെ കടന്നുപോകുമ്പോൾ ഡേവ് പറയും അതു നല്ലതാണ് അതിൽകൂടെ അവരുടെ സ്വഭാവം നന്നായി വരും. എന്നാൽ മറുഭാഗത്ത് ഞാനാകട്ടെ അവരെ രക്ഷപ്പെടുത്തുവാനാണ് ശ്രമിക്കുക.

നമ്മൾ വ്യത്യസ്തരാകയാൽ സാത്താനും വ്യത്യസ്ത രീതികളാണ് നമ്മിലോരോരുത്തരിലും പ്രയോഗിക്കുന്നത്. ഇതിനായി നമ്മെ നന്നായി പഠിച്ചു ഏതു ബട്ടൺ ഏതു സമയത്ത് അമർത്തിയാൽ നമ്മെ തകർക്കാമെന്നു മനസ്സിലാക്കിവച്ചിരിക്കുന്നു. എനിക്കു ക്ഷീണമില്ലെങ്കിൽ കാര്യങ്ങൾ ഭംഗിയായി ചെയ്യുവാൻ എനിക്കു കഴിയും. അതു അറിയാവുന്ന സാത്താൻ ശ്രമിക്കുന്നതു കഠിന പ്രയത്നത്താൽ എന്നെ ക്ഷീണിതയാക്കുവാനാണ്. ഞാൻ സമാധാനത്തെ പിൻപറ്റിയപ്പോൾ എന്നെക്കുറിച്ച് സാത്താൻ എന്താണ് മനസ്സിലാക്കിയിരിക്കുന്നതെന്നും അവന്റെ ആക്രമണം എങ്ങനെയെന്നും മനസ്സിലായി. അതുകൊണ്ട് സാത്താൻ അവസരം കിട്ടുമാറ് യാതൊന്നിലും

ഇന്നു ഞാൻ കൂടുതൽ ക്ഷീണിച്ചവശയാകാൻ സമ്മതിക്കുകയില്ല. നിങ്ങളുടെ സമാധാനം മോഷ്ടിക്കുന്നവർ ആരെന്നും എന്തെന്നും കണ്ടുപിടിക്കുവോളം സമാധാന ജീവിതം ആസ്വദിക്കുക. അസാദ്ധ്യമാണ്. ഓരോ സമയത്തും നിങ്ങളെ അലോസരപ്പെടുത്തുന്ന കാര്യങ്ങളുടെ ഒരു ലിസ്റ്റുണ്ടാക്കുക. ഈ പ്രശ്നത്തിനു കാരണമെന്താണ് നിങ്ങളോടുതന്നെ ചോദിക്കുകയും അവയെ എഴുതിവയ്ക്കുകയും ചെയ്ക. നിങ്ങളോടുതന്നെ വിശ്വസ്തത പുലർത്തുക, അതല്ലെങ്കിൽ ഒരിക്കലും സ്വാതന്ത്ര്യം അനുഭവിക്കുവാൻ കഴിയുകയില്ല.

# നിങ്ങളുടെ യോഗ്യതയുടെ അടിസ്ഥാനം രക്തത്തിലാണ്

*നമ്മെ സ്നേഹിക്കുന്നവനും നമ്മുടെ പാപം പോക്കി*
*നമ്മെ തന്റെ രക്തത്താൽ വിടുവിക്കുന്നവനും...*

— വെളിപ്പാട് 1:5

ക്രിസ്തുവിൽ ആയിരിക്കുന്ന നാം സംപൂർണ്ണമായ സുരക്ഷിത സ്ഥാനത്താകുന്നു, മറ്റുള്ളവരുടെ അഭിപ്രായങ്ങളിലോ പ്രവർത്തികളിലോ ആയിരിക്കരുത് നാം അടിസ്ഥാനം ഇടുന്നത്, നമ്മുടെ അടിസ്ഥാനം ക്രിസ്തു മാത്രമായിരിക്കണം.

നിന്റെ യോഗ്യതാ നിർണ്ണയം നിന്റെ കാഴ്ചപ്പാടിലോ നിന്റെ പ്രവർത്തിയിലോ ആയിരിപ്പാൻ പരിശ്രമിക്കരുത്. എന്തെന്നാൽ നിന്റെ യോഗ്യത യേശുക്രിസ്തു ചൊരിഞ്ഞ രക്തത്തിലാണ്. നിന്നിൽ തെറ്റുകൾ കണ്ടേക്കാം, നിനക്കു തിരുത്തലുകൾ വരുത്തേണ്ടതുണ്ടായിരിക്കാം, എന്നിരുന്നാലും ദൈവം മറ്റുള്ളവരിൽ പ്രവർത്തിക്കുന്ന വിധം നിന്നിലും പ്രവർത്തിച്ചുകൊണ്ടാണിരിക്കുന്നത്; ആകയാൽ മറ്റുള്ളവരുടെ പ്രശ്നങ്ങളാകുന്ന ചപ്പുചവറുകൾ നിന്നിൽ നിക്ഷേപിക്കുവാൻ അനുവദിക്കരുത്. യേശുവിന്റെ രക്തത്താൽ കഴുകപ്പെട്ട ഒരു ദൈവപൈതലാണ് നീ എന്നു മനസ്സിലാക്കി നന്നായി ഇടപെടുകയോ സ്നേഹിക്കുകയോ ചെയ്യാതെ നിന്നെ ഉപയോഗ ശൂന്യമോ, ആയോഗ്യതയുള്ളതോ ആയി എണ്ണുവാൻ ആരെയും അനുവദിക്കരുത്.

ആരെങ്കിലും നിന്നെക്കുറിച്ച് മതിപ്പുളവാക്കുകയോ അംഗീകരിക്കുകയോ ചെയ്യാനായി നിന്റെ ആയുഷ്ക്കാലം ചിലവഴിക്കരുത്. എന്തെന്നാൽ നീ ഇപ്പോൾത്തന്നെ ദൈവത്താൽ അംഗീകരിക്കപ്പെട്ടും വിലമതിക്കപ്പെട്ടുമിരിക്കുകയാണ്. ദൈവത്തിന്റെ സ്ഥിരീകരണത്തിലും വിലമതിക്കലിനും നിശ്ചയവും ഉറപ്പും ഉള്ളവരാകുംമ്പോഴാണ് നമുക്കു നമ്മോടുതന്നെ വിലമതിക്കാൻ കഴിയുന്നത്.

# ദൈവം മാത്രമാണ് സംതൃപ്തി നല്കുന്നത്

*ഞാൻ യഹോവയോടു ഒരു കാര്യം അപേക്ഷിച്ചു; അതു തന്നെ ഞാൻ ആഗ്രഹിക്കുന്നു... എന്റെ ആയുഷ്ക്കാലമൊക്കെയും ഞാൻ യഹോവയുടെ ആലയത്തിൽ പാർക്കേണ്ടതിനു തന്നെ*

— സങ്കീർത്തനം 27:4

കർത്താവിനോടുള്ള നിരന്തര കൂട്ടായ്മയുടെ പ്രാധാന്യം മനസ്സിലാക്കാതെ അനേക വർഷങ്ങൾ ഞാൻ ഒരു പള്ളിയിൽ പോയ്ക്കൊണ്ടിരുന്നു. എനിക്കറിയാവുന്നതുപോലെ എന്തൊക്കെയോ ഞാൻ ചെയ്തുകൊണ്ടിരുന്നു. പക്ഷെ അതു ദൈവത്തിനായുള്ള വാഞ്ഛയെ തൃപ്തിപ്പെടുത്തുന്നതല്ലായിരുന്നു. ആ കാലത്തു ഞാൻ ദൈവാലയത്തിൽ ചിലവഴിച്ച ഓരോ നിമിഷങ്ങളും ബൈബിൾ സ്റ്റഡി സമയങ്ങളും ഒന്നും തന്നെ ദൈവിക കൂട്ടായ്മക്കായുള്ള ആഴമേറിയ എന്റെ ദാഹത്തെ ശമിപ്പിച്ചില്ല. എനിക്കാവശ്യം എന്റെ ഭൂതകാലം ദൈവത്തോടു പറയുകയും ദൈവം എന്നോട് ഭാവിയെക്കുറിച്ച് സംസാരിക്കുന്നത് കേൾക്കുന്നതുമായിരുന്നു. എന്നാൽ ദൈവത്തിനു നേരിട്ട് എന്നോട് സംസാരിക്കുവാൻ കഴിയുമെന്ന കാര്യം ആരും എനിക്കു പറഞ്ഞു തന്നില്ല. ഞാൻ അനുഭവിക്കുന്ന ആശ്വാസം തൃപ്തികരമായ വികാരങ്ങൾക്കു പരിഹാരം നല്കാൻ ആർക്കും കഴിഞ്ഞില്ല.

ദൈവവചന വായനയിലൂടെ ദൈവം നമ്മോട് സംസാരിക്കുമെന്നും നമുക്കു സമാധാനവും സംതൃപ്തിയും നല്കുന്ന സ്ഥാനത്തു നമ്മെ എത്തിക്കുന്നതിന അവനു പദ്ധതിയുണ്ടെന്നും ഞാൻ പഠിച്ചു. ദൈവത്തിനു വേണ്ടിയുള്ള നമ്മുടെ ദാഹത്തെക്കുറിച്ച് യെശ്ശയ്യാവ് ഇപ്രകാരം എഴുതി: “എന്റെ ഉള്ളംകൊണ്ട് ഞാൻ രാത്രിയിൽ നിന്നെ ആഗ്രഹിച്ചു; എന്റെ ഉള്ളിൽ എന്റെ ആത്മാവുകൊണ്ട് തന്നെ ഞാൻ ജാഗ്രതയോടെ നിന്നെ അന്വേഷിക്കും” (യോഹ. 26:9). ദൈവത്തോടുള്ള സംസർഗ്ഗവും കൂട്ടായ്മക്കുമല്ലാതെ മറ്റൊന്നിനും നമ്മുടെ ദാഹത്തെ ശമിപ്പിക്കുവാൻ കഴിയുകയില്ല.

# പാപബോധം അല്ലെങ്കിൽ ശിക്ഷാവിധി

*അവൻ വന്നു പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായ വിധിയെക്കുറിച്ചും ലോകത്തിനു ബോധം വരുത്തും*

— യോഹന്നാൻ 16:8

നമ്മിൽ പാപബോധം വരുത്തേണ്ടതിനായി ദൈവം ഇടപ്പെട്ടുകൊണ്ടിരിക്കുമ്പോൾ നമുക്കതു ഈർച്ചയായി തോന്നും ഏതുവരെയെന്നു ചോദിച്ചാൽ നാം നമ്മുടെ പാപം സമ്മതിക്കുകയും, മാനസാന്തരപ്പെട്ട് ക്ഷമ പ്രാപിക്കുകയും ചെയ്യുവോളം തന്നെ. അപ്പോൾ നമ്മുടെ ജീവിതത്തിന്റെ അഴുക്കെല്ലാം ഞെക്കിപിഴിഞ്ഞുകളഞ്ഞതിന്റെ ആശ്വാസം നമുക്കു ലഭിക്കുന്നു. തുടർന്നു ദൈവവുമായി നടത്തുന്ന ഉടമ്പടിയിലൂടെ സമാധാനം തിരികെ പ്രാപിക്കുകയും നമ്മുടെ പെരുമാറ്റം മെച്ചപ്പെടുകയും ചെയ്യും. പ്രാർത്ഥനയിൽ കൂടെ ദൈവത്തെ സമീപിച്ചു നമ്മുടെ ആവശ്യങ്ങൾ നേടുകയും ദൈവിക കൂട്ടായ്മ അനുഭവിച്ച് ആനന്ദിക്കുന്നതിൽ നിന്നും നമ്മെ അകറ്റി നിർത്താൻ ശിക്ഷാവിധിക്കും നിന്ദയ്ക്കും കഴിയുമെന്ന കാര്യം സാത്താന് നന്നായിട്ടറിയാം. നമ്മെക്കുറിച്ച് നമുക്കുള്ള തെറ്റായ വിചാരങ്ങളും ദൈവം എന്നോടു കോപിച്ചിരിക്കുകയാണെന്ന ചിന്തയും നമ്മെ ദൈവത്തിൽ നിന്നും വേർപെടുത്തും. അവൻ നമ്മെ ഉപേക്ഷിക്കുന്നില്ലെങ്കിലും ഭയം മൂലം നാം പിൻമാറുന്നു.

ഇവിടെയാണ് പാപമോചനത്തിന്റെയും ശിക്ഷാവിധിയുടെയും വ്യത്യാസം വിവേചിച്ചറിയേണ്ടതിന്റെ പ്രാധാന്യത.

ഓർമ്മിക്കുക, നിങ്ങൾക്കു പാപബോധമാണ് ആവശ്യമെങ്കിൽ അതു നിങ്ങളെ ഉയർത്തുകയും പാപമോചനം തരികയും ചെയ്യും. ശിക്ഷാവിധിയാകട്ടെ നിങ്ങളെ കുറച്ചുകൂടി ചീത്തയായ സ്ഥിതിയിലേക്കു മാറ്റും.

പ്രാർത്ഥിക്കുമ്പോഴൊക്കെ ദൈവം നിങ്ങളുടെ പാപങ്ങളെ വെളിപ്പെടുത്തുന്നതിനെ കാത്തിരിക്കുക. പാപബോധം ഒരിക്കലും ഒരു പ്രശ്നമല്ല അതു അനുഗ്രഹമാണ്. പൂർണ്ണരായവർ മാത്രം പ്രാർത്ഥിക്കുകയും മറുപടി പ്രാപിക്കുകയും ചെയ്യുന്നുവെങ്കിൽ മറ്റാരും പ്രാർത്ഥിക്കുയില്ല, നമുക്കു പൂർണ്ണരാകുകയല്ല ആവശ്യം പിന്നെയോ പാപത്തിൽ നിന്നുള്ള ശുദ്ധീകരണമാണ് ആവശ്യം. ഞാൻ പ്രാർത്ഥന ആരംഭിക്കുമ്പോഴെല്ലാം എന്നെ പാപത്തിൽ നിന്നും സകല അനീതിയിൽ നിന്നും ശുദ്ധീകരിക്കേണമെ എന്നപേക്ഷിക്കാറുണ്ട്. നാം യേശുവിന്റെ നാമത്തിൽ പ്രാർത്ഥിക്കുമ്പോൾ നാം നമ്മെയല്ല പിന്നെയോ യേശു എന്തായിരിക്കുന്നുവോ അതാണ് പിതാവിനു സമർപ്പിക്കുന്നത്.

# ഒരു തുറന്ന ഹൃദയം

*തുയഥൈര്യ പട്ടണക്കാരിയും രക്താംബരം വില്ക്കുന്നവളുമായ ലുദിയ എന്നു പേരുള്ള ദൈവഭക്തയായ ഒരു സ്ത്രീ കേട്ടുകൊണ്ടിരുന്നു. പൗലോസ് സംസാരിച്ചതു ശ്രദ്ധിക്കേണ്ടതിനു കർത്താവ് അവളുടെ ഹൃദയം തുറന്നു*

— അപ്പോ. പ്രവ. 16:14

പൗലോസിന്റെയും സഹയാത്രക്കാരെയും ഫിലിപ്പിയാ പട്ടണത്തിലേക്കു ദൈവം അയച്ചപ്പോൾ അവിടെ ഒരു കൂട്ടം സ്ത്രീകൾ പുഴവക്കത്തു വന്നുകൂടി. പൗലോസ് അവരോട് അവർ ഇന്നുവരെ കേട്ടിട്ടില്ലാത്ത പുതിയൊരു കാര്യത്തെക്കുറിച്ച് സംസാരിച്ചു. അവർ യഹൂദ ന്യായപ്രമാണത്തെ പിൻപറ്റുന്നവരായിരുന്നു. പൗലോസ് അവരോട് സംസാരിച്ചത് കൃപയുടെ സന്ദേശമായിരുന്നു. ലുദിയ എന്നു പേരുള്ള ഒരു സ്ത്രീ പൗലോസ് പറയുന്നതിനെ കേൾപ്പാൻ തക്കവണ്ണം ഒരു തുറന്ന ഹൃദയമുള്ളവളായിരുന്നു.

ഒരു തുറന്ന ഹൃദയം വേണെന്നത് അത്യാവശ്യമായിരിക്കുന്നതിന്റെ കാരണം അതുകൂടാതെ എന്തെങ്കിലും പുതിയതോ വ്യത്യസ്തമായതോ ആയ കാര്യങ്ങളെ കേൾക്കുവാനോ സ്വീകരിക്കുവാനോ കഴിയുകയില്ല എന്നതാണ്. ബൈബിളിൽ നിന്നു കേൾപ്പാൻ കഴിയുന്ന അതിശയിപ്പിക്കുന്ന ഒരു കാര്യം നാം ചില കാര്യങ്ങൾ വിശ്വസിക്കാതെ തള്ളിക്കളയുന്നതു അതു നമ്മുടെ ഭൂതകാല പ്രവർത്തി പരിചയങ്ങളുടെ ഭാഗം അല്ലാത്തതിനാലാണ് എന്നത്രെ. എന്തുകൊണ്ടാണ് നമ്മുടെ വിശ്വാസത്തിനു പുരോഗതി വരാത്തത്? എന്തുകൊണ്ടാണ് നമുക്ക് ആരാധിപ്പാൻ പാടില്ലാത്ത ചില കാര്യങ്ങൾ ഉണ്ടെന്നു അംഗീകരിപ്പാൻ കഴിയാത്തത്? ഇതിന്റെ അർത്ഥം സാത്താൻ നമ്മുടെ മേൽ നിക്ഷേപിക്കുന്ന എല്ലാ ചണ്ടിക്കൂമ്പാരങ്ങളെയും (തെറ്റായ കാര്യങ്ങൾ) നാം വിശ്വസിക്കണമെന്നല്ല, പിന്നെയോ ഇടുങ്ങിയ മനസ്ഥിതിക്കാരായി ആർക്കും എന്തും നമ്മെ ഉപയോഗിപ്പാനുള്ള അവസരം നല്കരുതെന്നാണ്.

ഭയപ്പെടാതെ കേൾക്കുന്നതെന്തും സ്വീകരിപ്പാൻ യോഗ്യമായതാണോ എന്നു ബൈബിൾ വായനയിലൂടെയും, പ്രാർത്ഥനയിലൂടെയും (ദൈവത്തോടു സംസാരിക്കുക) തിരിച്ചറിയണം. ഏതു കാര്യവും നിർവ്വഹിക്കുന്നതിന് ഒരു വഴി മാത്രമേയുള്ളൂ എന്നു വിചാരിക്കുന്നവരെക്കുറിച്ച് എനിക്കു പ്രയാസമുണ്ട്. എന്നാൽ അതു അവരുടെ വഴിയാണ്. നമുക്കൊരു തുറന്ന ഹൃദയം വേണം, അതു നമ്മോട് നാം കേൾക്കുന്ന കാര്യങ്ങൾ സത്യവും വിശ്വാസയോഗ്യവുമാണോ എന്നു പറയും.

# സ്വയം സന്തോഷിക്കുക

*അവർക്കു ജീവൻ ഉണ്ടാകുവാനും സമൃദ്ധിയായിട്ട് ഉണ്ടാകുവാനും അത്രെ ഞാൻ വന്നിരിക്കുന്നത്*

— യോഹന്നാൻ 10:10

ഞാൻ വളർന്ന കാലത്ത് എനിക്കു സന്തോഷിപ്പാൻ കഴിഞ്ഞില്ല, ഒരു കുഞ്ഞിനെപ്പോലെ ആയിരിക്കുവാൻ എന്നെ അനുവദിച്ചില്ല. എന്റെ കുടുംബം ഒരു സന്തോഷഭവനം അല്ലായിരുന്നതിനാൽ കളിക്കുമ്പോൾ പോലും ശകാരിക്കുകയും, എവിടെയും തിരുത്തലുകളും പ്രശ്നങ്ങളും മാത്രമായിരുന്നു. എപ്പോഴും ഭയപ്പെട്ടിരുന്ന നാളുകളാണ് എന്റെ ഓർമ്മയിലുള്ളത്. ഒരു വളർന്ന് ക്രിസ്ത്യാനിയായപ്പോൾ സന്തോഷിപ്പാൻ കഴിയാതെപോയ തെറ്റുകളെ ഞാൻ മനസ്സിലാക്കി. ജീവിതം സുരക്ഷിതമായിരിക്കേണ്ടതിനു ഞാൻ ജോലി ചെയ്തു. പക്ഷെ സന്തോഷിപ്പാനായി ഒന്നും ചെയ്യാൻ താല്പര്യമില്ലായിരുന്നു. അതു ഞാൻ ത്യജിച്ചു. അതു ന്യായമായി എന്റെ അവകാശമാണെന്ന് എനിക്കറിഞ്ഞുകൂടായിരുന്നു. എന്നെപ്പോലെ കഠിനമായി പണി എടുക്കാത്തവരോട് എനിക്കു ദേഷ്യം വന്നു.

എന്റെ ഭർത്താവ് ജീവിതസന്തോഷം അനുഭവിച്ചിരുന്നു, എന്നാൽ അതു എന്നിൽ കോപം ഉളവാക്കി. അദ്ദേഹം കുറെക്കൂടി ഗൗരവമുള്ളവനായിരുന്നെങ്കിൽ കുറച്ചു കൂടി കാര്യങ്ങൾ നന്നായി ചെയ്യാമായിരുന്നു എന്നു ഞാൻ വിചാരിച്ചു. ഇപ്പോൾ ഞാൻ മനസ്സിലാക്കുന്നു, ഡേവു തന്റെ ജീവിതം ആസ്വദിച്ചതിൽ ഞാൻ വിഷമിക്കേണ്ടായിരുന്നു, എന്തെന്നാൽ ഞാൻ കോപിയായയതുകൊണ്ടാണ് എനിക്കു ജീവിതത്തിൽ സന്തോഷിപ്പാൻ കഴിയാഞ്ഞത്. ഡേവിനോടും മറ്റുള്ളവരോടും ദേഷ്യപ്പെടുവാൻ തക്കവണ്ണം ഞാൻ എത്ര മഠയിയായിപ്പോയി, അവർ അനുഭവിക്കുന്ന സന്തോഷം എനിക്കും അനുഭവിക്കുവാൻ കഴിയുമായിരുന്നു.

എനിക്കു എന്നെത്തന്നെ ഇഷ്ടമില്ലായിരുന്നു. എന്റെ ഹൃദയാന്തർഭാഗത്തു ഞാൻ നല്ലവളല്ല എന്ന വിശ്വാസമായിരുന്നു, തന്മൂലം ഞാൻ എന്നെത്തന്നെ ശിക്ഷിക്കുകയും ചീത്തയായ എനിക്കു സന്തോഷം പാടില്ലെന്നു തീരുമാനിക്കുകയുമായിരുന്നു. വാസ്തവത്തിൽ ചീത്ത ആളുകൾ സന്തോഷം ആഗ്രഹിക്കാറുമില്ല! എന്നാൽ പരിശുദ്ധാത്മാവ് എന്നിൽ മുൻകൂട്ടി പ്രവർത്തനം ആരംഭിച്ചിരുന്നു. ജീവിതസന്തോഷം അനുഭവിക്കേണ്ടതാവശ്യമെന്ന ദൈവത്തിന്റെ ആഗ്രഹം ഞാൻ മനസ്സിലാക്കുംമുമ്പെ തന്നെ. യേശു സത്യത്തിൽ പറഞ്ഞത്, അവൻ വന്നത് നമുക്കു ജീവനുണ്ടാകുവാനും ആ ജീവിതത്തിൽ നാം സമൃദ്ധിയായി സന്തോഷിക്കേണ്ടതിനുമായിട്ടാണെന്നാണ്. (യോഹന്നാൻ 10:10)

നമുക്കു ആനന്ദം ആവശ്യമാണ്, അതില്ലെങ്കിൽ ജീവിതത്തിന്റെ ബാലൻസ് തെറ്റുകയും തുറന്നു കിടക്കുന്ന വാതിലിലൂടെ പ്രവേശിച്ചു സാത്താൻ നമ്മെ വിഴുങ്ങിക്കളയുകയും ചെയ്യും (1 പത്രൊസ് 5:8). യാഹിലെ സന്തോഷം നമ്മുടെ ബലമാണ് (നെഹമ്യാവ് 8:10). ജോലി ചെയ്യാൻ ഒരു സമയം, കളിക്കാൻ ഒരു സമയം, കരയാനും ചിരിക്കാനും ഒരു സമയം ഉണ്ട് (സഭാപ്രസംഗി 3:1–8). നിങ്ങളുടെ ന്യായമായ ആവശ്യങ്ങളെ ത്യജിച്ചു കളഞ്ഞിട്ടില്ലെന്നു ഉറപ്പുവരുത്തുക. ക്രിസ്ത്യാനി എന്ന നിലയിൽ മറ്റുള്ളവരെ സഹായിക്കുന്നതു നല്ലതാണ്. അതിനായിട്ടാണ് നമ്മൾ വിളിക്കപ്പെട്ടിരിക്കുന്നത്. എന്നിരുന്നാലും നമുക്കുവേണ്ടിയും ചില കാര്യങ്ങൾ ചെയ്യുന്നത് തെറ്റല്ല. അതുകൊണ്ട് നിങ്ങൾക്കുവേണ്ടി കുറച്ചു സമയം എടുക്കുന്നു എന്നുറപ്പുവരുത്തുക. അതു നിങ്ങൾക്കു സന്തോഷിപ്പാനുള്ള സമയം ആയിരിക്കട്ടെ.

# കാര്യങ്ങൾ ദൈവത്തിന്റെ വഴിയെ ചെയ്യുക

*ഞാൻ തന്നെ വഴി*

— യോഹന്നാൻ 14:6

നിരവധി ആളുകൾ തങ്ങൾക്കുതന്നെ വല്ലാത്ത മുറിവുകളുണ്ടാക്കിയിട്ട് സഹായത്തിനായി നിലവിളിക്കുകയാണ്. എന്നാൽ പ്രശ്നം അതല്ല, അവർക്ക ദൈവത്തിൽ നിന്നുള്ള സഹായം സ്വീകരിക്കാൻ മനസ്സി ല്ലെന്നതാണ്. എന്തുമാത്രം സഹായം ആവശ്യമായിരിക്കുന്നു എന്നതല്ല കാര്യം ദൈവത്തിന്റെ വഴിയിലൂടെ നാം ആയിരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുവോളം അതു തന്നെ ലഭിക്കുന്നതല്ല. യോഹന്നാൻ 14:6 ൽ യേശു പറഞ്ഞത് “ഞാൻ തന്നെ വഴി ആകുന്നു” എന്നാണ്. “ഞാൻ വഴിയാകുന്നു” എന്നു യേശു പറഞ്ഞതിന്റെ അർത്ഥം ഒരു കാര്യം ചെയ്യുന്നതിന് അവനു പ്രത്യേക വഴിയുണ്ടെന്നാണ്. നമ്മളും അവന്റെ വഴിയ്ക്കനുസരിച്ച നടപ്പാൻ എല്ലാ കാര്യങ്ങളും നമുക്കായി അവൻ നിർവ്വഹിക്കും.

ദൈവത്തിന്റെ വചനം പഠിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്താൽ ദൈവം നമ്മുടെ ജീവിതങ്ങളെ അനുഗ്രഹിക്കുമെന്ന് ബൈബിൾ വ്യക്തമായി പഠിപ്പിക്കുന്നു. ഒരു ഉദാഹരണം പറയാം. നാം മറ്റുള്ളവരുമായി സഹകരിച്ചും, സമാധാനപരമായും ജീവിക്കുകയും നമ്മോടു ദോഷം ചെയ്തവരോടു പൊറുക്കുകയും ചെയ്യണമെന്നാണ് ബൈബിൾ പഠിപ്പിക്കുന്നത്. ഇതിനെ നാം ത്യജിക്കുകയാണെങ്കിൽ നമ്മുടെ ആവശ്യങ്ങൾ ദൈവം നല്കിത്തരുമെന്ന് എങ്ങനെ നമുക്ക് പ്രത്യാശിക്കാം?

എന്റെ ഭർത്താവിനോട് മത്സരിച്ചു ജീവിച്ചതു തെറ്റിപ്പോയി എന്നു അദ്ദേഹത്തോട് വേദനയോടെ ചെന്നു പറയാൻ ദൈവം എന്നോടാവശ്യപ്പെട്ടപ്പോൾ എനിക്കുണ്ടായ പ്രയാസം എന്തായിരുന്നു എന്നു ഞാൻ ഓർക്കുന്നു. അതിൽ ഭേദം അതേസ്ഥലത്തു മരിച്ചുവീഴുന്നതാണ് നല്ലതെന്ന് തോന്നിപ്പോയി! ഈ ഒറ്റക്കാര്യത്തിൽ നിന്ന് എനിക്കു മനസ്സിലായി ദൈവവചനം ആവശ്യപ്പെടുന്ന കാര്യങ്ങൾ പ്രയാസമേറിയതുകൊണ്ടാണ് നാം അതിനെ ചെയ്യാതെ വിട്ടുകളയുന്നത്. നമുക്കു ചെയ്യാവുന്നതു നാം ചെയ്യാതെപോയാൽ നാം ചെയ്യാത്തതു ദൈവവും ചെയ്കയില്ല. ഇതുവളരെ ലജ്ജിതമാണ്.

# വചനം അനുസരിക്കുക

*എങ്കിലും വചനം കേൾക്കുകമാത്രം ചെയ്തുകൊണ്ട് തങ്ങളെത്തന്നെ ചതിക്കാതെ(സത്യത്തിനു വിരുദ്ധമായി വാദിച്ചു നശിക്കുക) അതിനെ ചെയ്യുന്നവരായും ഇരിപ്പിൻ (സന്ദേശത്തെ അനുസരിക്കുക)*

— യാക്കോബ്. 1:22

എന്റെ ഒരു സെമിനാറിൽ പങ്കെടുക്കുന്ന ഒരു പ്രത്യേക സ്ത്രീ വൈകാരിക മുറിവുകൾ മൂലം ഭയത്തിലും, സുരക്ഷിതമില്ലാത്ത വളുമായിരുന്നു, അതിൽ നിന്ന് എത്രയും വേഗത്തിൽ സ്വതന്ത്രയാകണമെന്ന് ആഗ്രഹിച്ചെങ്കിലും യാതൊരു മാർഗ്ഗവും കണ്ടെത്തിയില്ല. സെമിനാറിന്റെ ഒടുവിൽ അവൾ എന്നോട് പറഞ്ഞു. ഇപ്പോൾ എനിക്കു മനസ്സിലായി എന്തുകൊണ്ടാണ് ഇത്രയും നാൾ യാതൊരു അഭിവൃദ്ധിയും എന്റെ ജീവിതത്തിൽ അനുഭവിക്കാൻ കഴിയാഞ്ഞത്. അവൾ തുടർന്നു 'ജോയ്സി, ഞാൻ ജീവിക്കുന്നത് എന്നെപ്പോലെ തന്നെ പ്രശ്നങ്ങൾ നിറഞ്ഞ ഒരുകൂട്ടം സ്ത്രീകളോടുകൂയെയായിരുന്നു. എന്നാൽ പടിപടിയായി ദൈവം അവരെയെല്ലാം വിടുവിക്കുകയായിരുന്നു." അവർ പറഞ്ഞു ഞാൻ ശ്രദ്ധിച്ചു 'ഇതു ചെയ്യാൻ ദൈവം എന്നെ നയിക്കുകയും ഞാൻ അതു ചെയ്കയും ചെയ്തു. അതിനുശേഷം മറ്റൊന്നു ചെയ്യാൻ എന്നെ നയിച്ചു, അതും ചെയ്തു.' എന്നോടും ഇതു തന്നെയാണ് ദൈവം ആവശ്യപ്പെടുന്നതെന്നു ഞാൻ മനസ്സിലാക്കി. ഞാനും അവരും തമ്മിലുള്ള വ്യത്യാസം ദൈവം പറഞ്ഞത് അവർ ചെയ്തു ഞാൻ ചെയ്തില്ല എന്നതായിരുന്നു.

ദൈവം തന്റെ വചനത്തിൽ വാഗ്ദാനം ചെയ്തിരിക്കുന്നതു പ്രാപിക്കുവാൻ നാം വചനത്തെ അനുസരിക്കണം. വചനത്തിൽ പറഞ്ഞിരിക്കുന്നതു ചെയ്യുവാൻ അത്ര എളുപ്പമല്ലാത്ത സമയങ്ങൾ ഉണ്ട്. ദൈവവചനത്തെ അനുസരിക്കുന്നത് സ്ഥിരതയോടും പൂർണ്ണതയോടും കൂടെയായിരിക്കണം. എന്തുതന്നെ സംഭവിച്ചാലും ശരി വചനം അനുസരിപ്പാനുള്ള ഒരു സംപൂർണ്ണസമർപ്പം ഉണ്ടായിരിക്കണം. 'അതെ, നീങ്ങൾ പറഞ്ഞേക്കാം "ദീർഘകാലമായി ഞാൻ വചനത്തെ അനുസരിച്ചാണ് ജീവിക്കുന്നത്, എന്നിട്ടും എനിക്കു വിജയത്തിലെത്താൻ കഴിയുന്നില്ല!" അങ്ങനെയെങ്കിൽ കുറെക്കൂടി അതു ചെയ്യുക. നമ്മുടെ ജീവിതത്തിൽ എപ്പോഴാണ് വചനത്തിന്റെ പ്രവർത്തി ആരംഭിക്കുന്നതെന്നു കൃത്യമായി പറയുവാൻ ആർക്കും കഴിയുകയില്ല. നിങ്ങൾ വചനത്തെ മനസ്സിലാക്കുന്നെങ്കിൽ അതു വേഗത്തിലായാലും, താമസിച്ചാലും പ്രവർത്തിക്കും എന്നതു തീർച്ചയാണ്.

എനിക്കറിയം ഇതൊരു യുദ്ധമാണ്. സാത്താൻ നിങ്ങളെ വചനത്തിൽ നിന്ന് അകറ്റാൻ ശ്രമിക്കുന്നു എന്നു എനിക്കറിയാം. എന്നാൽ ഒരിക്കൽ

നിങ്ങൾ ദൈവവചനത്തിലേക്കു പ്രവേശിച്ചാൽ സാത്താൻ സർവ്വശക്തിയും ഉപയോഗിച്ചു നിങ്ങളുടെ ജീവിതത്തിൽ വചനത്തിന്റെ പ്രവർത്തി നടക്കാതിരിക്ക തക്കവണ്ണം അതിൽ നിന്നു നിങ്ങളെ അകറ്റും. അതുപോലെ, നിങ്ങൾ വചനത്തെ പ്രമാണിച്ച് തുടങ്ങിയാൽ അതു ഒരിക്കലും ഫലം കാണുകയില്ലെന്നു ചിന്തിക്കുന്നതിനും അവൻ പ്രേരിപ്പിക്കും. ആയതിനാലാണ് നിങ്ങൾ വചനം പ്രമാണിക്കേണ്ടത്. ആകയാൽ എന്തു വ്യത്യാസം സഹിച്ചാലും, ഫലപ്രാപ്തിക്കു സമയം എടുത്താലും ദൈവവചനം പ്രമാണിക്കുന്നതിനുള്ള അഗ്രഹം തരുവാൻ ദൈവത്തോടു യാചിക്കണം.

# നിനക്കു സൗഖ്യമാകുവാൻ മനസ്സുണ്ടോ?

*എന്നാൽ മുപ്പത്തെട്ടു ആണ്ടു രോഗം പിടിച്ചുകിടന്നൊരു മനുഷ്യൻ അവിടെ ഉണ്ടായിരുന്നു; അവൻ കിടക്കുന്നതു യേശു കണ്ടു. ഇങ്ങനെ ഏറിയ കാലമായി രിക്കുന്നു എന്നറിഞ്ഞു; നിനക്കു സൗഖ്യമാകുവാൻ മനസ്സുണ്ടോ എന്നവനോടു ചോദിച്ചു.* — യോഹന്നാൻ 5:5–6

മുപ്പത്തെട്ടു വർഷം ദീനമായി കിടന്ന പാവപ്പെട്ട മനുഷ്യനോട് 'നിനക്കു സൗഖ്യ മാകുവാൻ മനസ്സുണ്ടോ?' എന്നു യേശു ചോദിച്ചത് വിസ്മയ കരമായി തോന്നും. എന്നാൽ ഇതു തന്നെയാണ് അവൻ ഇതു വായിച്ചുകൊണ്ടിരിക്കുന്ന നിങ്ങ ളോടും ചോദിക്കുന്നത്. സൗഖ്യമാകുവാൻ മനസ്സില്ലാത്ത ആളുകളുടെ കാര്യം നിങ്ങൾക്കറിയാമോ? അവർക്ക് അവരുടെ പ്രശ്നത്തെക്കുറിച്ച് പറഞ്ഞുകൊ ണ്ടിരിക്കുന്നതിലാണ് പ്രിയം നിങ്ങളും അവരിലൊരാൾ ആണോ?

ചിലപ്പോൾ ആളുകൾ ചില പ്രശ്നങ്ങളുടെ അടിമകളായി തീരാറുണ്ട്. അത് പിന്നീട് അവരുടെ ജീവിതചര്യയായി മാറും. എപ്പോഴും അതിനെക്കു റിച്ച് ചിന്തിച്ചും പറഞ്ഞുകൊണ്ടുമിരിക്കും. നിങ്ങളുടെ ജീവിതത്തിൽ ആഴ മായി പതിഞ്ഞു നിങ്ങളെ വലയ്ക്കുന്ന കാര്യമുണ്ടെങ്കിൽ അതു നിങ്ങളുടെ സംപൂർണ്ണ ജീവിതത്തിന്റെ കേന്ദ്രബിന്ദു അല്ലെന്നു നിങ്ങൾ അറിയേണം എന്നാണ് കർത്താവ് ആഗ്രഹിക്കുന്നത്. അവൻ ആഗ്രഹിക്കുന്നത് നിങ്ങൾ അവനിൽ ആശ്രയിക്കുകയും അവനോടു സഹകരിക്കുകയും ചെയ്തുകൊണ്ട് അവൻ നയിക്കുന്ന വിജയത്തിലേക്കു ഒരു സമയം ഒരു ചുവടുവച്ചുകയറണ മെന്നാണ്. ഒരിക്കലും നിങ്ങളുടെ പ്രശ്നങ്ങളെ സഹാനുഭൂതി നേടാനുള്ള അയുധമാക്കരുത്.

ഞാൻ എന്റെ ഭർത്താവിനോട് പരാതിപ്പെട്ടപ്പോൾ അദ്ദേഹം എന്നോട് പറഞ്ഞത് "ജോയ്സി, ഞാൻ നിന്നെ ഓർത്തു ദു:ഖിക്കുന്നില്ല. ഞാൻ അതു ചെയ്താൽ നീ ഒരിക്കലും നിന്റെ പ്രശ്നത്തിൽ നിന്നു കര കയറുകയില്ല." ഇത് എന്നെ കൂടുതൽ ഭ്രാന്തിയാക്കി ഒറ്റയിടി കൊടുക്കണമെന്നു തോന്നി പ്പോയിട്ടുണ്ട്. ആരെങ്കിലും നമ്മോടു സത്യമായതു പറഞ്ഞാൽ നമുക്കവരോട് കോപം തോന്നും. അസത്യമാകട്ടെ യഥാർത്ഥത്തിൽ നാം ആഗ്രഹിക്കുന്ന തെങ്കിൽ നമ്മുടെ ശരീരം, മനസ്സ് ആത്മാവിന് സൗഖ്യം ലഭിക്കുമെന്നാണ്. സത്യം കേൾക്കുവാനും അംഗീകരിക്കുവാനും നമുക്കു പൂർണ്ണമനസ്സുണ്ടാ യിരിക്കണം.

ദൈവത്തിനു നമ്മോടു വ്യക്തിപരമായിട്ടുള്ള പദ്ധതിയെന്നത് ഓരോരുത്തരും അറിയണം. നമ്മുടെ പ്രശ്നം എന്തുതന്നെ ആയിരുന്നാലും നമ്മുടെ ആവശ്യം പൂർത്തീകരിച്ചു നമുക്കു നേരിട്ട നഷ്ടം നികത്താമെന്ന് അവൻ വാഗ്ദത്തം ചെയ്തിട്ടുണ്ട്. നമ്മെ ബന്ധിപ്പിച്ചിരിക്കുന്ന ജയിൽ കവാടം തുറക്കണമെങ്കിൽ നാം സത്യത്തെ അഭിമുഖീകരിക്കണം.

# ദൈവിക അംഗീകാരം തിരഞ്ഞെടുക്കുന്നു

*അതിനു പത്രോസ്സും അപ്പോസ്തലന്മാരും മനുഷ്യരെക്കാൾ ദൈവത്തെ അനുസരിക്കേണ്ടതാകുന്നു എന്നു മറുപടി പറഞ്ഞു.*

— അപ്പോസ്തല പ്രവൃത്തികൾ 5:29

ആരെങ്കിലും ജീവിതത്തിൽ എന്തെങ്കിലും പ്രത്യേകമായി ചെയ്യാൻ തീരുമാനിക്കുമ്പോൾ മറ്റുള്ളവരുടെയെല്ലാം അംഗീകാരം ചിലപ്പോൾ കിട്ടുകയില്ലെന്ന യാഥാർത്ഥ്യം അറിഞ്ഞിരിക്കണം. പ്രശസ്തിക്കായുള്ള ആഗ്രഹം ഭാവിയെ നശിപ്പിക്കും. വ്യത്യസ്തരായ ആളുകൾക്കിടയിലാണ് ഞാൻ ശുശ്രൂഷിക്കുന്നത്. മാനുഷികമായ രീതിയിൽ അവരെയെല്ലാം എപ്പോഴും പ്രസാദിപ്പിക്കുവാൻ എനിക്കു കഴിയുന്നതല്ല. ജോയിസി മേയർ മിനിസ്ട്രീയിൽ ഞങ്ങൾക്കിപ്പോൾ അഞ്ഞൂറിലധികം ജോലിക്കാരുണ്ട്, അവർക്കെല്ലാവർക്കും യോജിച്ചതായ ഒരു തീരുമാനം എടുക്കാൻ ഞങ്ങൾക്കൊരിക്കലും കഴിയുന്നില്ല.

യേശു സ്വയമായി ഒരിക്കലും തന്റെ പദവി എടുത്തില്ലെന്നാണ് ഫിലിപ്പ്യർ 2:7 - ൽ വായിക്കുന്നത്. മറ്റുള്ളവരുടെ ചിന്താഗതി എന്താണെന്നല്ല, പിന്നെയോ സ്വർഗ്ഗീയ പിതാവിന്റെ അംഗീകാരത്തിനായിരുന്നു അവൻ ഊന്നൽ നല്കിയത്. എത്രത്തോളം ദൈവിക അംഗീകാരം നമുക്കുണ്ടോ അതിനെക്കാൾ വലുതായി നമ്മൾ ഒന്നും കരുതേണ്ട. ഫിലിപ്പ്യ ലേഖനത്തിൽ പൗലോസ് പറയുന്നത് മറ്റുള്ളവരുടെ പ്രശംസയ്ക്കായി നോക്കിയിരുന്നെങ്കിൽ ഞാൻ ഒരിക്കലും യേശുക്രിസ്തുവിന്റെ ദാസൻ ആകയില്ലായിരുന്നു എന്നാണ്. അവൻ പറയുന്നത് മറ്റുള്ളവരുടെ പ്രീതിക്കായുള്ള പോക്ക് ബാലസുതെറ്റിയതും നമ്മുടെ ഭാവിയെ നഷ്ടത്തിലാക്കുന്നതുമാണെന്നാണ്.

നമുക്കൊരിക്കലും ഒരേസമയം ദൈവത്തെയും മനുഷ്യരെയും പ്രസാദിപ്പിക്കുന്നവരായിപ്പാൻ കഴിയുന്നതല്ല.

# നിങ്ങളുടെ മനസ്സിന്റെ ഗതി തെറ്റാതെ സൂക്ഷിക്കുക

*കാൽ സൂക്ഷിക്കുക(നിങ്ങൾ എന്തു ചെയ്യുന്നു എന്നു മനസ്സുകൊണ്ട് അറിയട്ടെ)*

— സഭാപ്രസംഗി 5:1

"കാൽ സൂക്ഷിക്കുക" എന്നതിന്റെ അർത്ഥം "ബാലൻസു തെറ്റി ട്രാക്കിനു വെളിയിൽ ആകരുതെന്നാണ്" ഞാൻ വിശ്വസിക്കുന്നത്. അവിടെ തന്നിരിക്കുന്ന പ്രയോഗരീതി സൂചിപ്പിക്കുന്നത് നടപ്പാതയിലൂടെ പോകുന്നവന്റെ മനസ്സ് അവൻ എന്തു ചെയ്യുന്നു എന്നറിഞ്ഞിരിക്കണമെന്നാണ്. എനിക്കൊരു നിയന്ത്രണമില്ലാത്ത മനസ്സുണ്ടായിരുന്നു. പരിശീലനത്തിലൂടെയാണ് അതിനെ നിയന്ത്രിച്ചത് ചിലപ്പോൾ പിന്നെയും കാൽ വഴുതാറുണ്ട്.

ചില പദ്ധതികൾ നടപ്പാക്കാനായി ഞാൻ ബന്ധപ്പെടുമ്പോൾ പെട്ടെന്ന് എനിക്കു ബോദ്ധ്യമായി എന്റെ മനസ്സ് ഈ വിഷയവുമായി യാതൊരു ബന്ധവുമില്ലാതെ ഏതോ കാര്യങ്ങളിൽ പരതി നടക്കുകയാണ്. അതായത് ശരിയായ ഒരു ഏകാഗ്രതയിൽ ഞാൻ എത്തിയിട്ടില്ലെന്നു ചുരുക്കും. എന്നാൽ എന്റെ മനസ്സ് ഇങ്ങനെ അത് ആഗ്രഹിക്കുന്നിടത്തെല്ലാം അലഞ്ഞുനടക്കാൻ ഞാൻ അനുവദിക്കാൻ പാടുള്ളതല്ല.

നിങ്ങൾ എന്നെപ്പോലെ ഒരാൾ ആകുന്നെങ്കിൽ സഭയിൽ ഇരുന്ന് പ്രസംഗകന്റെ പ്രയോജനപ്രദമായ സന്ദേശം കേട്ടു രസിച്ചിരിക്കുമ്പോഴായിരിക്കാം പെട്ടെന്ന് മനസ്സ് അങ്ങുമിങ്ങും അലഞ്ഞുതിരിയാൻ തുടങ്ങുന്നത്. അല്പസമയത്തിനു ശേഷം "നിങ്ങൾ ഉണരുകയും" അവിടെ പറഞ്ഞ ഒരു കാര്യവും ഓർമ്മയില്ലാതെ പോകുകയും ചെയ്യുന്നു. നിങ്ങളുടെ ശരീരം സഭയ്ക്കുള്ളിൽ ആയിരുന്നു പക്ഷെ നിങ്ങളുടെ മനസ്സ് എവിടെയോ ഷോപ്പിംഗ് സെന്ററിലെ കടകളിലോ വീട്ടിലെ അടുക്കളയിൽ തയ്യാറാക്കേണ്ട ഭക്ഷണത്തിന്റെ ചിന്തയിലോ ആയിരുന്നു.

ഓർമ്മിക്കുക, ആത്മിക യുദ്ധത്തിൽ മനസ്സാണ് യുദ്ധക്കളം. അവിടെയാണ് ശത്രുവിന്റെ ആക്രമണം ശക്തിപ്പെടുന്നത്. സാത്താന് നന്നായിട്ടറിയാം ഒരാൾ ചർച്ചിൽ ഇരുന്നാലും മനസ്സ് അതിൽ പങ്കാളിയാകാതെ നടക്കുന്നെങ്കിൽ ആ വ്യക്തിയുടെ സഭയിലെ ഇരിപ്പുകൊണ്ട് യാതൊരു പ്രയോജനവുമില്ല. ഒരു വ്യക്തി എത്ര നല്ലതായ പദ്ധതി ചെയ്താലും മനസ്സു അതിൽ പങ്കാളിയാകുന്നില്ലെങ്കിൽ അഥവാ അതിനായി മനസ്സിനെ പരിശീലിപ്പിക്കുന്നില്ലെങ്കിൽ സ്വയം നിയന്ത്രണമില്ലാത്ത അയാളുടെ പദ്ധതി പൂർത്തിയാകില്ല.

ഓർമ്മിക്കുക, സാത്താന്റെ ഉദ്ദേശം നിങ്ങൾ മാനസികമായി വളർച്ചയില്ലാത്തവനാണെന്ന അതായത് എന്തോ നിങ്ങൾക്കു തകരാറുണ്ടെന്ന് ചിന്തിപ്പിക്കുകയാണ്. എന്നാൽ സത്യം ഇതാണ് നിന്റെ മനസ്സിനെ കൃത്യമായി ശിക്ഷണത്തിൽ അഭ്യസിപ്പിക്കേണ്ടിയിരിക്കുന്നു. മനസ്സ് ആഗ്രഹിക്കുന്നതു പോലെ ടൗൺ മുഴുവൻ ചുറ്റിനടക്കാൻ അനുവദിക്കരുത്. ഇന്നുതന്നെ 'കാൽസൂക്ഷിക്കുവാൻ' മനസ്സിനെ നിങ്ങൾ ചെയ്യുന്നതിൽ സൂക്ഷിക്കുവാൻ പുതിയതിനെ സ്ഥാപിക്കുകയും ചെയ്യുവാൻ സമയം വേണ്ടിവരും, എന്നിരുന്നാലും അവന്റെ അന്ത്യം നന്നായിരിക്കും.

# അസാദ്ധ്യമായവയെ ദൈവം ചെയ്യും

*യേശു അവരോട് നിന്നാൽ കഴിയും എങ്കിൽ എന്നെ വിശ്വസിക്കുന്നവനു സകലവും കഴിയും എന്നു പറഞ്ഞു* — മർക്കോസ് 9:23

ഇന്നു ഞാൻ ചെയ്യുന്നതു ചെയ്യുവാൻ എനിക്ക് അസാദ്ധ്യമാണ്. ദൈവം എന്നെ ശുശ്രൂഷയ്ക്കായി വിളിച്ചപ്പോൾ എനിക്കു വിശദീകരിക്കാൻ കഴിയാത്തവിധം എന്റെ ജീവിം കുഴഞ്ഞുമറിഞ്ഞതായിരുന്നു. എന്നാൽ ഞാൻ ദൈവത്തെ സ്നേഹിച്ചു; ഞാൻ ആയിരുന്ന വഴിയിൽ തുടങ്ങുകയാൽ എനിക്കിഷ്ടമില്ലായിരുന്നു. എന്നാൽ വഴിയെ മാറ്റുവാനോ, നല്ലതായ മറ്റൊന്നു കണ്ടെത്തുവാനോ അറിഞ്ഞുകൂടായിരുന്നു. ദൈവം ആഗ്രഹിക്കുന്ന സ്ഥാനത്തെ എന്നെ ഏല്പിക്കുവാൻ അനേക വർഷങ്ങൾ വേണ്ടിവന്നു. എന്നാൽ അന്നത്തെക്കാൾ വേഗത്തിൽ നീതിയുടെ പ്രവർത്തികളെ അവൻ ഈ അവസാനകാലത്തു ചെയ്തുകൊണ്ടിരിക്കുന്നു എന്നു ഞാൻ വിശ്വസിക്കുന്നു.

സഹോദരനായ ലാസർ മരിച്ചപ്പോൾ മാർത്തയ്ക്കുണ്ടായ വികാരം നിങ്ങൾക്കറിയാം. അവൾ യേശുവിനോടു "ഗുരുവേ, നീ ഇവിടെ ഉണ്ടായിരുന്നെങ്കിൽ എന്റെ സഹോദരൻ മരിക്കയില്ലായിരുന്നു" (യോഹന്നാൻ 11:21). യേശുവിന് ആ സ്ഥലത്ത് അതിവേഗം എത്താമായിരുന്നു എന്നാൽ ബൈബിൾ പറയുന്നതു ലാസർ മരിച്ച് അടക്കപ്പെടുന്നതുവരെ മനപൂർവ്വമായി അവൻ കാത്തിരിക്കുകയായിരുന്നു. ചുറ്റുപാടുകൾ പൂർണ്ണമായും അസാദ്ധ്യമാകുകയും യാതൊരു നന്മയും പ്രതീക്ഷിക്കാനില്ലാതാകുന്നതുവരെ കാത്തിരുന്നത് ഇതു പൂർണ്ണമായും ദൈവത്തിന്റെ പ്രവർത്തിയാണെന്ന് മനുഷ്യൻ അറിയേണ്ടതിനായിരുന്നു. (യോഹന്നാൻ 11:1–45)

നമ്മുടെ ചുറ്റുപാടുകൾക്കനുസരിച്ച് നീങ്ങാതെയും നാം ആഗ്രഹിക്കുന്ന വേഗതയിൽ ദൈവം പ്രവർത്തിക്കാതിരിക്കുകയും ചെയ്യുന്നത് അവന്റെ ഉദ്ദേശം നടപ്പാക്കേണ്ടതിനായിട്ടാണ്. നമ്മുടെ കുഴച്ചിലുകളിൽ നിന്നു രക്ഷപ്പെടാൻ മാർഗ്ഗമൊന്നുമില്ലെന്നു നാം ചിന്തിക്കുമ്പോൾ അതു പ്രവർത്തിക്കുവാൻ ദൈവം എത്രമാത്രം ശക്തനും അത്ഭുതവാനും ആണെന്നത് അത്രെ. (2 ദിനവൃത്താന്തം 16:9)

ദീർഘവർഷങ്ങളായി ഞാൻ ദൈവത്തെ സേവിക്കുന്നതിനായി ശ്രമിക്കുന്നു. പിന്നെ എന്തുകൊണ്ടാണ് പരിശുദ്ധാത്മാവിന്റെ ശക്തിയിൽ എന്നെ തൊടാതെയായിരിക്കുന്നത്? എന്തുകൊണ്ട് അവൻ അതു രണ്ടു വർഷം മുമ്പെ ചെയ്തില്ല? നാലുവർഷം മുമ്പ് ചെയ്തില്ല? ഞാൻ വിചാരിക്കുന്നത് എന്റെ ജീവിതത്തിൽ ദൈവം പ്രവർത്തിക്കുന്നു എന്ന അത്ഭുതം ഞാൻ മനസ്സിലാക്കേണ്ടതിനായിരുന്നു. സത്യത്തിൽ എന്റെ ജീവിതത്തെ മിനിസ്ട്രീയിൽ അവൻ ഉപയോഗിക്കുന്നതു ഒരു അതിശയം ആയിട്ടാണ്.

# തിരിഞ്ഞു സത്യത്തെ അഭിമുഖീകരിക്കുക

*ദൈവമെ നിന്റെ ദയയ്ക്കുതക്കവണ്ണം എന്നോട് കൃപയുണ്ടാകേണമെ; നിന്റെ കരുണയുടെ ബഹുത്വപ്രകാരം എന്റെ ലംഘനങ്ങളെ മായിച്ചു കളയേണമെ; എന്നെ നന്നായികഴുകി എന്റെ അകൃത്യം പോക്കേണമെ; എന്റെ പാപം നീക്കി എന്നെ വെടിപ്പാക്കേണമെ; എന്റെ ലംഘനങ്ങളെ ഞാൻ അറിയുന്നു. എന്റെ പാപം എപ്പോഴും എന്റെ മുമ്പിൽ ഇരിക്കുന്നു; നിന്നോടുതന്നെ ഞാൻ പാപംചെയ്തു; നിനക്കു അനിഷ്ടമായുള്ളതു ഞാൻ ചെയ്തിരിക്കുന്നു. സംസാരിക്കുമ്പോൾ നീ നീതിമാനായം വിധിക്കുംമ്പോൾ നിർമ്മലനായും ഇരിക്കേണ്ടതിനു തന്നെ. ഇതാ ഞാൻ അകൃത്യത്തിൽ ഉരുവായി; പാപത്തിൽ എന്റെ അമ്മ എന്നെ ഗർഭം ധരിച്ചു. അന്തർഭാഗത്തിലെ സത്യമല്ലോ നീ ഇച്ഛിക്കുന്നത്; അന്തരംഗത്തിൽ എന്നെ ജ്ഞാനം ഗ്രഹിപ്പിക്കേണമെ;*

— സങ്കീർത്തനം 51:1–6

സങ്കീർത്തനം 51 – ൽ ബേർശെബയുമായി അവിഹിത ബന്ധത്തിൽ പ്രവേശിക്കുകയും അവളുടെ ഭർത്താവിനെ കൊല്ലിക്കയും ചെയ്ത ദാവീദ് രാജാവ് പാപമോചനത്തിനും കരുണയ്ക്കുമായി നിലവിളിക്കുകയാണ്. എന്തുകൊണ്ടെന്നാൽ ദൈവം ഈ പാപത്തിന്റെ പേരിൽ ദാവീദിനോട് കഠിനമായിട്ടാണ് ഇടപെട്ടത്. വിശ്വസിച്ചാലും ഇല്ലെങ്കിലും അതിന്റെ പാപം ഈ സങ്കീർത്തനം എഴുതുന്നതിനു മുമ്പ് ഒരു വർഷത്തോളം നീണ്ടു നിന്നതായിട്ടാണ് മനസ്സിലാക്കുന്നത്; എങ്കിലും യഥാർത്ഥത്തിൽ അവൻ അതിനെ തിരിച്ചറിയുകയോ സത്യത്തെ അഭിമുഖീകരിക്കുകയോ ചെയ്തില്ല. സത്യത്തെ നേരിടാൻ എത്രകാലം അവഗണിച്ചുവോ അത്രയും നാൾ സത്യത്തിൽ മാനസാന്തരപ്പെട്ടില്ല. എത്രകാലം അവൻ അനുതപിക്കാതിരുന്നുവോ അത്രയും കാലം ദൈവം അവനു പാപമോചനം നല്കിയില്ല. ഈ വേദഭാഗത്തെ ആറാം വാക്യം വളരെ ശക്തിയേറിയതാണ്. അവിടെ നാം വായിക്കുന്നത് ദൈവം ആഗ്രഹിക്കുന്നത് "അവന്റെ ഭാഗത്തെ സത്യമാണ്" (അകത്തെ മനുഷ്യന്റെ സത്യം) ഇതിന്റെ അർത്ഥം ദൈവത്തിന്റെ അനുഗ്രഹം ലഭിക്കണമെങ്കിൽ നാം അവനോടും, നമ്മോടും, നമ്മുടെ പാത്തോടും സത്യസന്ധത പുലർത്തേണ്ടതാണ്.

# നമ്മുടെ ആശ്രയം യേശുവിലാണ്

*എന്നെ ശക്തനാക്കുന്നവൻ മുഖാന്തിരം ഞാൻ സകലത്തിനും മതിയാകുന്നു (എന്റെ ഉള്ളിലേക്കു ശക്തിയെ പകർന്നു തരുന്നവൻ മൂലം എന്തും ഏതും ചെയ്യുവാൻ അവൻ മൂലം ഞാൻ തയ്യാറാണ്. ക്രിസ്തുവിന്റെ സംപൂർണ്ണതയിൽ ഞാൻ സ്വയം പര്യാപ്തനാണ്.*

— ഫിലിപ്പ്യർ 4:13

നിങ്ങളുടെ ജീവിതത്തിനു വേണ്ടിയുള്ള ദൈവത്തിന്റെ പദ്ധതി നിറവേറുവാൻ സാത്താൻ ആഗ്രഹിക്കുന്നില്ല എന്തുകൊണ്ടെന്നാൽ, അവനറിയാം നിങ്ങളും അവന്റെ നിത്യശിക്ഷാവിധിയിലും പരാജയത്തിലും പങ്കാളികളാണ്. നിങ്ങൾ കഴിവില്ലാത്ത വ്യക്തിയാണെന്ന ചിന്ത ഉളവാക്കുവാൻ കഴിഞ്ഞാൽ നിങ്ങൾ പിന്നീടൊരിക്കലും ദൈവികമായതും വിലയുള്ളതുമായ ഒന്നുംതന്നെ ജീവിതത്തിൽ നിറവേറിക്കാണാൻ ആഗ്രഹിക്കുകയില്ല. നിങ്ങൾ എത്രമാത്രം പരിശ്രമിച്ചാലും പരാജയഭീതിമൂലം നിങ്ങൾ തോല്ക്കുക തന്നെ ചെയ്യും, എന്തുകൊണ്ടെന്നാൽ, നിങ്ങളുടെ വിശ്വാസം പൂർണ്ണമല്ലെന്നതുതന്നെ, ഒരു പക്ഷെ നിങ്ങളുടെ പ്രതീക്ഷ പ്രാരംഭം മുതലെ ഉള്ളതായിരിക്കാം എന്നിരുന്നാലും പിന്നെയും വെളിപ്പെടുന്നത് 'പരാജയലക്ഷണം' ആയിരിക്കും. ഞാനും നിങ്ങളും നമ്മെക്കുറിച്ച് തന്നെ ചീത്തയാണെന്ന ചിന്ത ജനിപ്പിച്ച് നമുക്കു നമ്മിൽതന്നെ വിശ്വാസം ഇല്ലാതാകണമെന്നാണ് സാത്താൻ ആഗ്രഹിക്കുന്നത്.

എന്നാൽ ഇതാ ഇവിടെ ഒരു സദ്വർത്തമാനം: നാം നമ്മിൽതന്നെ ആശ്രയിക്കരുത്. എന്നാൽ നമ്മുടെ ആശ്രയം യേശുവിൽ ആയിരിക്കണം. അവൻ എന്നിൽ വസിച്ചുകൊണ്ട് ഞാൻ അവനുവേണ്ടി ചെയ്യാൻ പോകുന്ന സകലത്തിലും സഹായിക്കുന്നതിനാൽ എനിക്കു എന്നിലും ആശ്രയിക്കാം. വിശ്വാസമില്ലാത്ത (ആശ്രയം) വിശ്വാസി റൺവേയിൽ ഇന്ധനം ഇല്ലാതെ കിടക്കുന്ന ജംമ്പോ ജറ്റിനു തുല്യമാണ്. പുറമെ അതു കാഴ്ചയ്ക്കു മനോഹരമാണെങ്കിലും അകമെ യാതൊരു ശക്തിയും ഇല്ലാതെയാകുന്നു. യേശു നമ്മുടെയുള്ളിൽ ഉണ്ടെങ്കിൽ നാം ഒരിക്കലും നമ്മുടെ ശക്തികൊണ്ടു ചെയ്തിട്ടില്ലാത്ത കാര്യങ്ങൾ ചെയ്യുവാൻ ശക്തിയുള്ളവരായിരിക്കും.

ഈ സത്യം ഒരിക്കൽ നിങ്ങൾ പഠിച്ചാൽ "ഒരു കാര്യവും ശരിയായി ചെയ്യുവാൻ നിനക്കു കഴിയില്ല" എന്നു വ്യാജം പറയുമ്പോൾ നിങ്ങളുടെ പ്രതികരണം ഇപ്രകാരമായിരിക്കും "ഒരു പക്ഷെ കഴിവില്ലായിരിക്കാം, എന്നാൽ എന്നിലുള്ള യേശുവിനു കഴിയും, എന്തുകൊണ്ടെന്നാൽ ഞാൻ എന്നിലല്ല, അവനിലാണ് ചാരുന്നത്. ഞാൻ തൊടുന്ന ഏതു കാര്യവും വിജയംപ്രാപിക്കുവാൻ അവൻ സഹായിക്കും" (യോശുവ 1:7). അല്ലെങ്കിൽ ശത്രു നിന്നോടു

പറയും "ഇതു ചെയ്യാൻ നിനക്കു കഴിയുകയില്ല, അതുകൊണ്ട് വെറുതെ പരിശ്രമിക്കേണ്ട, എന്തുകൊണ്ടെന്നാൽ നിങ്ങൾ വീണ്ടും പരാജയപ്പെടും" അപ്പോൾ നിങ്ങളുടെ കഴിഞ്ഞകാലങ്ങളിലെപ്പോലെ പ്രതികരണമാവട്ടെ "അതു സത്യമാണ് യേശുവിനെകൂടാതെ ഒരു ചെറിയ കാര്യം പോലും ചെയ്യാൻ ഞാൻ പ്രാപ്തനല്ല, എന്നാൽ അവനോടുകൂടെ എനിക്കാവശ്യമായ എന്തും ചെയ്യാൻ ഞാൻ ശക്തനാകുന്നു." (ഫിലിപ്പ്യർ 4:13)

# ശ്രദ്ധ കേന്ദ്രീകരിക്കുക

*ആകയാൽ നാമും സാക്ഷികളുടെ ഇത്ര വലിയൊരു സമൂഹം നമുക്കു ചുറ്റും നില്ക്കുന്നതുകൊണ്ട് സകലഭാരവും മുറുകെ പറ്റുന്ന പാപവും വിട്ട് നമുക്കുമുമ്പിൽ വച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക*

— എബ്രായർ 12:1

ഈ വാക്യം എഴുതിയ കാലത്ത് എഴുത്തുകാരന്റെ മുമ്പിൽ സമാന്തരമായി തെളിഞ്ഞ ഒരു കാര്യം അന്നു മനസ്സിലാക്കിയിരുന്നതുപോലെ ഇന്നു മനസ്സിലാക്കാൻ പ്രയാസമാണ്. ആ കാലത്ത് ഓട്ടക്കാർ ഇന്നു നാം ചെയ്യുന്നതുപോലെ തങ്ങളുടെ ശരീരങ്ങളെ അഭ്യസിപ്പിക്കുമായിരുന്നു, എന്നാൽ ഓടുന്ന സമയത്ത് വേഗതയ്ക്കു തടസ്സം വരാതിരിപ്പാൻ തങ്ങളുടെ ഉടുവസ്ത്രങ്ങൾ ഉരിഞ്ഞുകളയുമായിരുന്നു. കൂടാതെ ഞങ്ങളുടെ ശരീരത്തിൽ വിലമതിപ്പുള്ള എണ്ണ പുരട്ടുമായിരുന്നു. നമുക്കും ഓട്ടത്തിൽ വിജയികളാകണമെങ്കിൽ പരിശുദ്ധാത്മാവിനാൽ അഭിഷേകം ചെയ്യപ്പെടണം. വേഗതയ്ക്കു തടസ്സം വരുത്തുന്നതിനായി ജീവിതത്തിൽ കാണപ്പെടുന്ന സകലത്തെയും നീക്കിക്കളയണം. ഓട്ടക്കളത്തിൽ സ്ഥിരതയോടെ ഓടണമെങ്കിൽ പലവിധമായ തടസ്സങ്ങളെയെല്ലാം നീക്കിക്കളയണം.

നമ്മുടെ ലക്ഷ്യം തെറ്റിക്കുന്ന നിരവധി സാഹചര്യങ്ങൾ ഉണ്ട്. നമ്മുടെ ജീവിതം മറ്റുള്ളവരാൽ നിയന്ത്രിക്കപ്പെടുകയാൽ നമുക്കു ലക്ഷ്യം തെറ്റുകയും കഴിവുകൾ വികസിക്കാതെ പോകുകയും ചെയ്യും. ഇല്ല എന്നു പറയേണ്ട സ്ഥാനത്തു പറയാതിരിക്കുന്നതും കഴിവിന്റെ വികസനത്തെ തടയും. നമ്മുടെ ലക്ഷ്യങ്ങളിൽ നിന്നു ദൃഷ്ടിമാറ്റി അന്യരുടെ ദർശനത്തിലും ലക്ഷ്യത്തിലും പ്രശ്നങ്ങളിലും ഇടപെടുന്നതും നമ്മുടെ പ്രഭാവത്തെ ഹനിക്കുന്നതായിരിക്കും.

ദൈവം നമ്മെ എന്തിനായി വിളിച്ചുവോ അതു ചെയ്യുന്നതിനു ശ്രമിച്ചാൽ നമ്മുടെ നോട്ടവും കേന്ദ്രീകരിക്കപ്പെട്ടതായിരിക്കും; എന്തുകൊണ്ടെന്നാൽ നാം ജീവിക്കുന്ന ഈ ലോകത്തിൽ നമ്മെ കുരുക്കിൽപ്പെടുത്തുന്നതും തെറ്റായ ആകർഷണവലയത്തിൽപ്പെടുത്തുന്നതുമായ കാര്യങ്ങളാണ് നിറഞ്ഞിരിക്കുന്നത്. നാം ബൈബിൾ വായിക്കാൻ തുടങ്ങും ആരെങ്കിലും അതു നിർത്തും. നം പ്രാർത്ഥിക്കാൻ തുടങ്ങുമ്പോൾ ഫോൺ മുഴങ്ങിക്കൊണ്ടിരിക്കും. അതിനുപുറമെ ഒന്നായ വലിച്ചിഴക്കൽ ഇവിടെയാണ് ഉടനടിയോ താമസിച്ചോ "ഇല്ല" എന്നു പറയാൻ നാം പഠിക്കേണ്ടത്. "നമുക്കായി ദൈവം ഒരുക്കിയിരിക്കുന്ന പദ്ധതിക്കും ഉദ്ദേശത്തിനും എതിരായി പോകയില്ലെന്നും തടസ്സം നില്ക്കുന്നവയെ എതിർക്കുമെന്നും" തീരുമാനം എടുക്കണം.

# ദൈവത്തിന്റെ മുഖം അന്വേഷിക്കുന്നു

*എന്റെ മുഖം അന്വേഷിപ്പിൻ' എന്നു നിങ്കൽ നിന്നു കല്പന വന്നു എന്നു എന്റെ ഹൃദയം പറയുന്നു. യഹോവേ ഞാൻ നിന്റെ മുഖം അന്വേഷിക്കുന്നു.*

— സങ്കീർത്തനം 27:8

ദൈവം നമുക്കുവേണ്ടി എന്തു ചെയ്തു എന്നന്വേഷിക്കുന്നതിനെക്കാൾ ദൈവം ആരാകുന്നു എന്ന അന്വേഷണമാണ് പൂർണ്ണവളർച്ചയുടെ അടയാളം. എന്റെ ഭർത്താവ് വീട്ടിൽ നിന്നു ദൂരയാത്രപോയിട്ടു തിരിച്ചുവരുമ്പോൾ വിമാനത്താവളത്തിൽ വച്ച് അവനെ കാണുന്നത് എങ്ങനെ ഹർഷപൂർണ്ണമാക്കും; എന്തെന്നാൽ എനിക്കവനെക്കുറിച്ച് കരുതലുണ്ട്. അവനും എനിക്കു തന്റെ സ്നേഹം പ്രകടമാക്കുന്ന സമ്മാനങ്ങൾ തരും. എന്തായിരുന്നാലും എയർപോട്ടിൽ ഞാൻ അവനെ സ്വീകരിക്കുമ്പോൾ അവൻ വീട്ടിൽ മടങ്ങിയെത്തിയ സന്തോഷം പ്രകടപ്പിക്കാതെ എനിക്ക് എന്താണ് കൊണ്ടുവന്നതെന്നറിയാൻ വെമ്പൽകൂട്ടിയാൽ അതു അവനെ ദു:ഖിപ്പിക്കുകയും മുറിപ്പെടുത്തുകയും ചെയ്യുമായിരിക്കും. ഇപ്രകാരം തന്നെ നാം ദൈവത്തിന്റെ മുഖം അന്വേഷിക്കുമ്പോൾ (അവന്റെ സാന്നിദ്ധ്യം) എന്റെ സ്വർഗ്ഗീയപിതാവിനെ കൂടുതൽ നന്നായി മനസ്സിലാക്കുകയാണ്. അവന്റെ കരങ്ങൾ എനിക്കായി സദാ തുറന്നിരിക്കുന്നു.

നാം അന്വേഷിക്കേണ്ടത് ഒന്നാണ്, അതെ ഒന്നുമാത്രം "യഹോവയുടെ സാന്നിദ്ധ്യത്തിൽ വസിക്കുക" എന്തുകൊണ്ടെന്നാൽ അവിടെയാണ് നാം സന്തോഷത്തിന്റെ പരിപൂർണ്ണത അനുഭവിക്കുന്നത്. (സങ്കീർത്തനം 16:11; 27:4)

# സമാധാനമാണ് മദ്ധ്യസ്ഥൻ

*ക്രിസ്തുവിന്റെ സമാധാനം (ആന്തരിക പൊരുത്തം) നിങ്ങളുടെ ഹൃദയങ്ങളിൽ വാഴട്ടെ (മദ്ധ്യസ്ഥനായി തുടർന്നു മനസ്സിൽ ഉയർന്നുവരുന്ന സകല ചോദ്യങ്ങൾക്കും സമാധാനമാർഗ്ഗത്തിൽ തീരുമാനവും അന്തിമവാക്കും പറയട്ടെ) അതിനല്ലോ നിങ്ങൾ ഏകശരീരമായി വിളിക്കപ്പെട്ടിരിക്കുന്നത്, നന്ദിയുള്ളവരായും ഇരിപ്പിൻ*

— കൊലൊസ്യർ 3:15

സമാധാനം യേശുക്രിസ്തുവിൽ നിന്നു ലഭിച്ചിരിക്കുന്ന നമ്മുടെ അവകാശമാണ്. എന്നാൽ അനുദിനവും അവനെ പിൻപറ്റുവാനുള്ള തിരഞ്ഞെടുപ്പും നമുക്കുള്ളതാണ്. (കൊലൊസ്യർ 3:15) സമാധാനം നമ്മുടെ ജീവിതത്തിൽ മദ്ധ്യസ്ഥനായി നിന്നുകൊണ്ട് കാര്യങ്ങളെ ക്രമീകരിക്കുകയും, തീരുമാനം എടുക്കുകയും ചെയ്യുന്നതായി പറയുന്നു. ഹൃദയസമാധാനം നിലനിർത്തുവാൻ ചിലതിനോടെല്ലാം “ഇല്ല” എന്നു പറയേണ്ടിവരും.

ഉദാഹരണമായി, ചില കാര്യങ്ങളിൽ നമുക്കു സമാധാനം അനുഭവപ്പെടുകയില്ല, അങ്ങനെയുള്ള കാര്യങ്ങൾ ചെയ്യാതിരിക്കണം. നാം ചെയ്യുന്ന ജോലിയിൽ സമാധാനം കണ്ടെത്താൻ കഴിയുന്നില്ലെങ്കിൽ ചെയ്തുകഴിഞ്ഞ് കിട്ടുമെന്ന് പ്രതീക്ഷിക്കരുത്. സമാധാനം കാണാതെയുള്ള വിവാഹബന്ധങ്ങളിൽ ഇടപെട്ട ശേഷം എന്തുകൊണ്ടാണ് എന്റെ വിവാഹജീവിതത്തിൽ സമാധാനം ഇല്ലാത്തതു എന്ന ചോദ്യം അർത്ഥപൂർണ്ണാകയില്ല. ചില വിലപിടിപ്പുള്ള സാധനങ്ങൾ വാങ്ങുവാൻ നിശ്ചയിക്കുമ്പോൾ വേണ്ടത്ര സമാധാനം കാണുന്നില്ലെങ്കിൽ വാങ്ങിയശേഷം മാസംതോറും വരുന്ന പെയ്മെന്റുകൾ സമാധാനം നഷ്ടമാക്കിക്കൊണ്ടിരിക്കും.

കൊലൊസ്യർ 3:15 – ൽ സമാധാനം ക്രിസ്തുവിൽ നിന്ന് വരുന്നു എന്നും അതു നമ്മുടെ ഹൃദയങ്ങളിൽ വാഴ്ച നടത്തുന്നു(മദ്ധ്യസ്ഥനായി തുടരുന്നു) എന്നും വായിക്കുന്നു. നമ്മുടെ മനസ്സിൽ ഇരിക്കുന്ന ഏതു ചോദ്യങ്ങൾക്കും അന്തിമ തീരുമാനം എടുക്കുന്നതിനു നമ്മെ സഹായിക്കുന്നത് സമാധാനമാണ്. ഈ സമയം നിങ്ങളുടെ മനസ്സിലും ഹൃദയത്തിലും സ്ഥിതിചെയ്യുന്നെങ്കിൽ അതു നിങ്ങൾക്കു ഉഴ്ക്കാഴ്ചയും ബുദ്ധിയും ജ്ഞാനവും നല്കും (വാക്യം 16). അതു ചെയ്യണമോ, ചെയ്യണ്ടായോ അതു ശരിയാണോ എന്നെനിക്കറിഞ്ഞുകൂടാ, എന്തുചെയ്യണമെന്നെനിക്കറിഞ്ഞുകൂടാ എന്നിങ്ങനെ വിചാരപ്പെടേണ്ടിവരികയില്ല. നിങ്ങൾ ഒരു ക്രിസ്തു ശിഷ്യനാണെങ്കിൽ സമാധാനത്തെ പിൻതുടരുവാനായി നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നു.

# വിശ്വാസവും, കൃപയും; ഒന്നിച്ചു പ്രവർത്തിക്കുന്നു

*കൃപയാലല്ലോ (അനർഹമായ ദൈവപ്രകാരം) നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്; (ന്യായവിധിയിൽ നിന്നു വിടുവിക്കപ്പെട്ട് ക്രിസ്തുവിന്റെ രക്ഷയുടെ പങ്കാളിയായി തീർന്നിരിക്കുന്ന) അതിനും നിങ്ങൾ കാരണമല്ല (നിങ്ങളുടെ പ്രയത്നത്താലല്ല) ദൈവത്തിന്റെ ദാനമത്രെ ആകുന്നു.*

— എഫെസ്യർ 2:8

വിശ്വാസവും കൃപയും ഒന്നിച്ചു പ്രവർത്തിച്ചു ദൈവത്തിന്റെ അനുഗ്രഹം എങ്ങനെ കൊണ്ടുവരുന്നു എന്നു ദൃഷ്ടാന്തത്തിലൂടെ ഞാൻ പറയാം. എന്റെ മീറ്റിംഗുകളിൽ ഞാൻ എപ്പോഴും പ്രാസംഗികന്റെ പ്ലാറ്റുഫോമിൽ ഒരു വലിയ ഇലക്ട്രിക് ഫാൻ വയ്ക്കാറുണ്ട്. വന്നുകൂടുന്ന ജനത്തിൽ ഒരാളെ വിളിച്ച് അവരെ മുമ്പിൽ നിർത്തിയിട്ട് ഞാൻ നിങ്ങളെ തണുപ്പിക്കാൻ പോകയാണെന്നു പറഞ്ഞു സ്വിച്ച് ഓൺ ചെയ്യും. എന്നാൽ ഫാൻ കറങ്ങുകയില്ല, അപ്പോൾ ഞാൻ "എന്താണ് ഈ ഫാൻ കറങ്ങാതിരിക്കാൻ കാരണം" എന്നു ജനക്കൂട്ടത്തോടു ചോദിക്കും.

തീർച്ചയായും അവരതു എളുപ്പത്തിൽ മനസ്സിലാക്കും: "അതു മെയിൻപ്ലഗിൽ കുത്തിയിട്ടില്ല" എന്നവർ പറയും. "ശരിയാണ്" ഞാൻ പറയും, ഇതാണ് പലപ്പോഴും നമ്മുടെ പ്രാർത്ഥനകൾക്ക് മറുപടി ലഭിക്കാത്തതിന്റെ കാരണം. നാം നമ്മുടെ ദൃഷ്ടി വിശ്വാസത്തിൽ (ഫാൻ) വയ്ക്കുകയും അതു പ്രവർത്തിക്കാനായി പ്രതീക്ഷിക്കുകയും ചെയ്യും, എന്നാൽ നാം പരാജയപ്പെടും എന്തെന്നാൽ ഫാനിലേക്കുള്ള പൗവ്വറിലേക്ക് കർത്താവിലേക്കു നാം നോക്കുന്നില്ല.

യേശുവിനു എപ്പോഴും വിശ്വാസമുണ്ടായിരുന്നിട്ടും, അവൻ കഷ്ടം സഹിച്ചു, ഗത്സമനാ തോട്ടത്തിലും യേശുവിനു വിശ്വാസമുണ്ടായിരുന്നു. മഹാപുരോഹിതന്റെയും പീലാത്തോസിന്റെയും മുമ്പിൽ നില്ക്കുമ്പോഴും അവനു വിശ്വാസം ഉണ്ടായിരുന്നു. അവൻ അധിക്ഷേപിക്കപ്പെടുകയും, ചീത്തവിളി കേൾക്കയും, ദുർവിനിയോഗം ചെയ്യപ്പെട്ടപ്പോഴും അവനിൽ വിശ്വാസം ഉണ്ടായിരുന്നു. ഗോൽഗോൽത്താവിലേക്കുള്ള വഴിയിലും വിശ്വാസം ഉണ്ടായിരുന്നു. ക്രൂശിൽ തൂങ്ങിക്കിടക്കുമ്പോഴും വിശ്വാസം അവനുണ്ടായിരുന്നു. അവന്റെ ശരീരം കല്ലറയിൽ വയ്ക്കപ്പെട്ടപ്പോഴും വിശ്വാസം നഷ്ടപ്പെട്ടിട്ടില്ല. ദൈവം അവനെ ഉപേക്ഷിക്കയില്ലെന്നും വാഗ്ദത്തംപോലെ മരണത്തിൽ നിന്നു ഉയിർത്തെഴുന്നേല്പ്പിക്കുമെന്നും പൂർണ്ണമായി അവൻ വിശ്വസിച്ചിരുന്നു. എങ്കിലും നിങ്ങൾക്കറിയാമോ ഈ വക വിശ്വാസങ്ങളൊന്നും ദൈവശക്തി അവനെ ഉയിർത്തെഴുന്നേല്പ്പിക്കുംവരെ പ്രയോജനപ്പെട്ടില്ല.

പിതാവിന്റെ വിടുതലിന്റെ സമയംവരെ അവനെ സ്ഥിരപ്പെടുത്തി നിർത്തിയത് വിശ്വാസമായിരുന്നു. ഈ ലോകത്തിൽ നമുക്കും വിശ്വാസമുള്ളവരായി കഴിയാം. എന്നാൽ അതു നമ്മിൽ പ്രയോജനപ്രദമായ ഫലമുള്ളവാക്കുന്നുവെങ്കിൽ "ദൈവശക്തിയുടെ ഉറവിടമായ ദൈവകൃപയുടെ പ്ലഗിൽകുത്തണം" അപ്പോൾ നിന്റെ നോട്ടം നിന്റെ വിശ്വാസത്തിൽ ആകാതെ വിടുവിക്കുന്നവനായ ദൈവത്തിൽ വയ്ക്കുക.

# അതു അങ്ങനെ തന്നെ ആകുന്നു

*ഈ ലോകത്തിനു അനുരൂപമാകാതെ... മനസ്സുപുതുക്കി രൂപാന്തരപ്പെടുവിൻ*

— റോമർ 12:2

എന്റെ ശരീരഘടന അനുസരിച്ച് മുകളിൽ എട്ടും താഴെ പത്തും സൈസ്സുള്ള ഡ്രസ്സാണ് ധരിക്കുന്നത്. ഞാൻ എപ്പോഴും അങ്ങനെയാണ്. അതിമനോഹരങ്ങളായ വസ്ത്രങ്ങൾ കാണാറുണ്ടെങ്കിലും അവ എന്റെ സൈസിലുള്ളതല്ലാത്തതിനാൽ വാങ്ങാറില്ല. ഞാൻ സാധാരണ രണ്ടു സൂട്ടുകൾ വാങ്ങുകയും എനിക്കാവശ്യമായത് എടുക്കുകയും ചെയ്യും, അപ്പോൾത്തന്നെ എന്നെപ്പോലെ തന്നെ മറ്റൊരാൾ പത്തു ടോപ്പിലും, എട്ടു അടിയിലും സൈസ്സുള്ള ആളെക്കുറിച്ച് ചിന്തിക്കും. അതായത് വാങ്ങിയതു പാഴാകാതിരിപ്പാനാണ്. അതിനെക്കുറിച്ചൊരു തീരുമാനത്തിലെത്തുവോളം ഞാൻ ആകെ പതറിയവളായിരിക്കും അതെ, "അതങ്ങനെതന്നെ"

അതെക്കുറിച്ചു ഞാൻ വളരെ ചിരിക്കാറുണ്ട് ചിരി ഒരു അതിപ്രധാന സ്വഭാവമാണ്. പ്രത്യേകിച്ച് പ്രായം കൂടുമ്പോൾ. നിങ്ങൾ ആഗ്രഹിക്കുന്നതിനെക്കാൾ നിങ്ങളുടെ കാലുകൾ നീളം കൂടിയവും നിങ്ങളുടെ ശരീരവുമായി താരതമ്യത്തിൽ വ്യത്യസ്ഥവുമെങ്കിൽ, അല്ല നിങ്ങൾ പൊക്കം കുറഞ്ഞ വ്യക്തിയാണെങ്കിൽ നിരാശപ്പെടേണ്ട, അത് അങ്ങനെ തന്നെയെന്ന് ഇപ്പോൾതന്നെ തീരുമാനിക്കുക.

എനിക്കു ദൈവം തന്നിരിക്കുന്ന ആകൃതിയിൽ ഞാൻ സന്തുഷ്ടയും അതുകൊണ്ട് പരമാവധി നന്നായി ചെയ്യുവാൻ പരിശ്രമിക്കുകയുമാണ്. ദൈവം ആഗ്രഹിക്കുന്നത് നിങ്ങൾ നിങ്ങളെയും നിങ്ങളുടെ ശരീരത്തെയും സ്നേഹിക്കണമെന്നാണ്. ലോകം നിങ്ങൾക്കു മറ്റെന്തെല്ലാം സന്ദേശം തന്നാലും ദൈവം ആവശ്യപ്പെടുന്നത് ഇതാണ്. ബൈബിൾ പറയുന്നത് "ഈ ലോകത്തിന് അനുരൂപരാകാതെ മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ" എന്നാണ് (റോമർ 12:2). നിങ്ങളെക്കുറിച്ചു പുതിയ രൂപത്തിൽ ചിന്തിക്കുക. ഏറ്റവും "നല്ലവൻ" ആയിരിപ്പാൻ തീരുമാനിക്കുക. ലോകം പറയുന്നതുപോലെ ആകാതിരിപ്പാൻ സൂക്ഷിക്കുക.

ഈ ലോകം നിങ്ങളോടു പലതും പറയം, നിങ്ങളുടെ ചെവികളിൽ അസത്യമായതു പൊറുപൊറുക്കും, പലതും കഠിനമേറിയ കാര്യങ്ങൾ ആയിരിക്കും. അതിന്റെ ഭംഗിയും കാഴ്ചപ്പാടും ഒരു മാസം കൊണ്ടില്ലതാനും. അതിനെ പിൻതുടർന്നാൽ നിങ്ങൾ നശിച്ചുപോകും. എന്നാൽ മറിച്ച് ദൈവം ആഗ്രഹിക്കുന്ന വ്യക്തിയായി നിങ്ങൾക്കു നിങ്ങളെ കാണാൻ കഴിഞ്ഞാൽ നിങ്ങൾ നിങ്ങളായിരിക്കുകയില്ല. നിങ്ങളുടെ ആശ്രയവും, വികാസവും ഈ ലോകത്തിന്റെ നന്മയ്ക്കായി നിങ്ങളെക്കൂടെ വലിയ ശക്തിയാക്കി മാറ്റും.

# വിധിക്കരുത്

*എന്നാൽ നീ സഹോദരന്മാരെ വിധിക്കുന്നതെന്തുകൊണ്ട്? അല്ല നീ സഹോദരനെ ധിക്കരിക്കുന്നതെന്ത്? നാം എല്ലാവരും ദൈവത്തിന്റെ ന്യായസത്തിനു മുമ്പാകെ നില്ക്കേണ്ടി വരും. എന്റെ മുമ്പിൽ എല്ലാ മുഴങ്കാലും മടങ്ങും; എല്ലാ നാവും ദൈവത്തെ സ്തുതിക്കും എന്നു കർത്താവ് അരുളിച്ചെയ്യുന്നു എന്നു എഴുതിയിരിക്കുന്നുവല്ലോ. ആകയാൽ നമ്മിൽ ഓരോരുത്തൻ ദൈവത്തോടു കണക്കു ബോധിപ്പിക്കേണ്ടി വരും. അതുകൊണ്ട് നാം ഇനി അന്യോന്യം വിധിക്കരുത്. സഹോദരനു ഇടർച്ചയോ തട്ടലേല്ക്കാതിരിപ്പാൻ മാത്രം മറച്ചുകൊൾവിൻ*

— റോമർ 14:10-13

ദൈവത്തിന്റെ ന്യായാസനത്തിന്റെ മുമ്പാകെ ഞാൻ നില്ക്കുമ്പോൾ അവൻ എന്നോട് എന്നെക്കുറിച്ചല്ലാതെ നിങ്ങളെക്കുറിച്ചും ചോദിക്കുകയില്ല. അതുപോലെ നിങ്ങളോട് എന്നെക്കുറിച്ചും ചോദിക്കുകയില്ല. ദൈവമുമ്പാകെ നില്ക്കുന്ന എന്നോട് മറ്റുള്ളവരുടെ കണക്കുകൾ ചോദിക്കുകയില്ലെങ്കിലും ജോയ്സ്മേയർ എന്ന എന്റെ ജീവിത കണക്കുകൾ ചോദിക്കുന്നതായിരിക്കും.

എനിക്കറിയാൻ പാടില്ല എത്രമാത്രം സമയം ദൈവത്തോടുകൂടെ പ്രവർത്തിക്കാതെ ഞാൻ വിട്ടുകളഞ്ഞുവെന്ന്. എന്നാൽ എന്നെക്കുറിച്ചുള്ള സകല കണക്കുകളും അവൻ ചോദിക്കുമ്പോൾ ഞാൻ മറുപടി പറഞ്ഞേ മതിയാകൂ. ഞാൻ അവന്റെ മുമ്പാകെ നില്ക്കുകയാണങ്കിൽ അവൻ ഇങ്ങനെ പറയും "ജോയ്സി എന്തുകൊണ്ടാണ് ഞാൻ നിന്റെ തെറ്റുകളെ ബോദ്ധ്യപ്പെടുത്തിയപ്പോൾ നീ എന്നെ ഗ്രഹിക്കാതെ പോയത്?" അതിനു മറുപടിയായി "കർത്താവെ ഞാൻ എന്റെ ഭർത്താവിനെ പ്രസാദിപ്പിക്കുവാനും, അവനെ നേരെയാക്കാനുമായി സമയം ചിലഴിക്കുകയായിരുന്നു" എന്നു പറയുവാൻ കഴിയുകയില്ല.

ഈ വേദഭാഗപ്രകാരം നാമോരോരുത്തരും ദൈവമുമ്പാകെ നമ്മുടെ ജീവിതത്തിന്റേതായ കണക്കു ബോധിപ്പിക്കേണ്ടി വരും. അതുകൊണ്ടാണ് നാം നമ്മുടെ സ്വന്തം ശുദ്ധീകരണത്തിനായി പ്രവർത്തിക്കുകയും അതിനു തടസ്സമായി വരുന്നതും ക്രിസ്തുവിലുള്ള നമ്മുടെ സഹോദരങ്ങൾക്കെതിരായും വരുന്ന എല്ലാ ഇടർച്ചകളും തടസ്സങ്ങളും, വിപരീതങ്ങളും നീക്കിക്കളയേണ്ടതാണ്. നമുക്ക് ഒരിക്കലം എല്ലാം വിശ്വസിക്കുവാൻ കഴിയുകയില്ല; ആയതിനാലാണ് നാം നമ്മുടെ മനോഭാവത്തെ കാത്തു സൂക്ഷിക്കേണ്ടത്– മറ്റുള്ളവർ അവരുടെ കണക്കുകൾ കൊടുക്കട്ടെ.

# സ്നേഹത്താൽ അലിയുക

*സ്നേഹം ഒരുനാളും ഉതിർന്നുപോകുന്നില്ല. (വാടിപ്പോകയില്ല, സംപൂർണ്ണമായി അവസാനിക്കുകയില്ല)*

— 1 കൊരിന്ത്യർ 13:8

ദൈവസ്നേഹം പോലെയുള്ള സ്നേഹം ഏതു അവസരത്തിലും കീഴ്പ്പെടുന്നതിനും എല്ലാ വിപരീതങ്ങളെയും സഹിപ്പാനും സഹായിക്കുന്നു. ക്ഷീണം ഭാവിക്കാതെ എല്ലാം സഹിക്കുന്നു. കഠിനമേറിയവ ഉപേക്ഷിച്ചു കളയാതിരിക്കുന്നതിനു തീരുമാനിക്കുന്നു. ഏതു കാഠിന്യമേറിയ കാര്യങ്ങളും വ്യക്തികളും സ്നേഹത്തിൽ ലയിച്ചു പോകുന്നു.

സ്നേഹത്തോടു പ്രതികരിക്കാത്തവരും അതിനു വില കല്പിക്കാത്തവരുമായവർക്കു സ്നേഹത്തെ കാണിച്ചുകൊടുക്കുക പ്രയാസ കാര്യമാണ്. നാം മനസ്സോടെ കൊടുക്കുവാൻ ആഗ്രഹിക്കുന്നവയെ വാങ്ങുകയും തിരിച്ചൊന്നും താരാതിരിക്കുകയും ചെയ്യുന്ന വ്യക്തികൾക്കു സ്നേഹം കാണിച്ചുകൊടുക്കാവാനും പ്രയാസമാണ്. എന്നാൽ ഓർക്കുക മറ്റുള്ളവരുടെ പ്രതികരണത്തിന്റെയോ പ്രവർത്തിയുടെയോ ഉത്തരവാദികളല്ല നമ്മൾ പിന്നെയോ നാം നമ്മുടെ പ്രവർത്തികൾക്കു ഉത്തരവാദികൾ ആകുന്നു. നമ്മുടെ പ്രതിഫലം മനുഷ്യരിൽ നിന്നല്ല ദൈവത്തിൽ നിന്നാകുന്നു. അതു പോലെ നമ്മുടെ സത്പ്രവർത്തികൾ ആരും കണക്കിടാതെ പോയാലും ദൈവം അതു കാണുകയും പരസ്യമായി നമുക്കു പ്രതിഫലം തരുകയും ചെയ്യും. നിന്റെ സ്നേഹത്തിന്റെ പ്രവർത്തികൾ രഹസ്യമായിട്ടാണെങ്കിലും, “രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവ് നിനക്കു പ്രതിഫലം തരും.” (മത്തായി 6:4)

സ്നേഹത്തിനു ഉപേക്ഷിക്കുവാൻ കഴിയാത്തതിനാൽ സംപൂർണ്ണ വിജയം അതു കരസ്ഥമാക്കുന്നു. “നന്മ ചെയ്കയിൽ നാം മടുത്തുപോകരുത്; തളർന്നുപോകാഞ്ഞാൽ തക്കസമയത്തു തന്നെ കൊയ്യും” (ഗലാത്യർ 6:9). സ്നേഹത്തിൽ നടക്കാൻ പരാജയപ്പെടരുത്. എന്തെന്നാൽ സ്നേഹം ഒരിക്കലും പരാജയപ്പെടുന്നില്ല.

# നമ്മെക്കാൾ കൂടുതലായി ദൈവത്തിൽ ആശ്രയിക്കുക

*കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുക (നിങ്ങളെത്തന്നെ അവനുകൊടുക്ക; നിങ്ങളെ നിങ്ങൾ സൂക്ഷിക്കുന്നതു വിട്ടിട്ട് അവന്റെ സൂക്ഷിപ്പിൽ ആകുക) എന്നാൽ നീ രക്ഷിക്കപ്പെടും.*

— അപ്പോ. പ്രവ. 16:31

രക്ഷിക്കപ്പെടുവാൻ ഞാൻ എന്തു ചെയ്യേണം? ചോദിച്ച ഫിലിപ്പ്യയിലെ കാരാഗ്രഹപ്രമാണിക്കു പൗലോസും ശീലാസം കൊടുത് മറുപടിയാണിത്. രക്ഷയുടെ യതാർത്ഥ അർത്ഥം ഇതാണ് - നമ്മെത്തന്നെ ദൈവത്തിനു കൊടുക്കുക, നമ്മുടെ സൂക്ഷിപ്പിൽ നിന്ന് നമ്മെ എടുത്തിട്ട് അവന്റെ സൂക്ഷിപ്പിൽ ഭരമേല്പ്പിക്ക. ദൈവം നമക്കു വേണ്ടി കരുതുന്നവനാണ്. നാം നമുക്കായി കരുതുന്ന സ്വാതന്ത്ര്യം എന്ന പ്രശ്നം ഉപേകഷിച്ചാൽ നമുക്കുവേണ്ടി അത്യധികമായി പ്രവർത്തിക്കുവാൻ ദൈവത്തിനു കഴിയും. നമുക്കുവേണ്ടി കരുതുവാനുള്ള ആഗ്രഹം ഭയത്തിൽ നിന്നാണ്, അടിസ്ഥാനപരമായി നോക്കിയാൽ നാം ചെയ്യുന്നത് നല്ലതാണെന്ന ആശയമാണ് അതിലുള്ളത്. നാം നമ്മെ സംപൂർണ്ണമായി ദൈവത്തിൽ ഏല്പ്പിക്കുകുയ ദൈവം നമ്മുടെ സഹായത്തിനു വരാതിരിക്കുകയും ചെയ്താൽ എന്തു സംഭവിക്കുമെന്ന ഭയം നമ്മെ ഭരിക്കുന്നു. സ്വയാശ്രയത്തിന്റെ അടിസ്ഥാന പ്രശ്നം നാം ദൈവത്തെക്കാൾ അധികം നമ്മെ സ്നേഹിക്കുന്നു എന്നതാണ്.

നാം നമുക്കായി ഒരു രഹസ്യ പദ്ധതിയുണ്ടാക്കുവാൻ ഇഷ്ടപ്പെടുന്നു. ദൈവമെ എന്റെ ജീവിതത്തിൽ പ്രവേശിച്ചു പ്രവർത്തിക്കേണമെ എന്നു നാം പ്രാർത്ഥിക്കും. എന്നാൽ അവനു പ്രവർത്തിക്കുവാൻ നാം നല്കുന്നത് ഏറ്റവും അവസാനത്തേതായിരിക്കും (കുറഞ്ഞപക്ഷം നമ്മുടെ ചിന്താരീതിയെങ്കിലും) നാം വളരെ വേഗത്തിൽ നമ്മുടെ നിയന്ത്രണം ഏറ്റെടുക്കും. ദൈവത്തിനു നമുക്കുവേണ്ടി ഒരു പദ്ധതി ഉണ്ട് എന്നും ഓർക്കുവാൻ നാം പരാജയപ്പെടും. അതു നമ്മുടേതിനെക്കാൾ വളരെ വലുതാണെന്നും.

# ദൈവം സംസാരിക്കുന്നു നിങ്ങൾ കേൾക്കുന്നുവോ?

*സത്യത്തിന്റെ ആത്മാവു വരുമ്പോഴോ(സത്യം തന്നെ ആത്മാവ്) അവൻ നിങ്ങളെ സകല സത്യത്തിലും (പൂർണ്ണമായ, മുഴുവനായ സത്യത്തിൽ) വഴി നടത്തും. അവൻ സ്വയമായി സംസാരിക്കാതെ (അവന്റെ അധികാര സന്ദേശം താൻ കേൾക്കുന്നത് സംസാരിക്കുകയും) വരുവാനുള്ളത് (ഭാവിയിൽ സംഭവിപ്പാനുള്ളത്) നിങ്ങൾക്ക് അറിയിച്ചു തരികയും ചെയ്യും*

— യോഹന്നാൻ 16:13

ദൈവമക്കളെക്കുറിച്ച് ദൈവത്തിന്റെ ആഗ്രഹം അവന്റെ ഏറ്റവും നല്ലതു നമ്മുടെ ജീവിതത്തിൽ അനുഭവമാക്കണമെന്നാണ്. അതിൽ നാം വ്യക്തിപരമായും വളരെ അടുത്തുംനിന്ന് അവൻ പറയുന്നതിനെ ശ്രദ്ധിക്കുന്നതു കൂടെയാണ്.

ആത്മാവിലും സത്യത്തിലും അവനെ ആരാധിക്കുന്ന ആളുകളെയാണ് അവൻ ആഗ്രഹിക്കുന്നത്. (യോഹന്നാൻ 4:23, 24)എന്തെന്നാൽ അങ്ങനെയുള്ളവരാണ് അവനെ പിൻപറ്റുന്നതും അവന്റെ ശബ്ദം കേൾക്കുന്നതും (യോഹന്നാൻ. 10:2–14). ദൈവവുമായുള്ള നമ്മുടെ വ്യക്തിപരമായ ബന്ധം നിലനില്ക്കുന്നത് അവനുമായുള്ള നമ്മുടെ ആന്തരികവുമായ ആശയവിനിമയങ്ങളുടെ അടിസ്ഥാനത്തിലാണ്. അവൻ നമ്മോടു സംസാരിക്കുന്നതിനാൽ നാം തുടർച്ചയായി ഉന്മേഷവന്മാരും, പുനരുദ്ധീകരിക്കപ്പെട്ടവരും, പുതുക്കപ്പെട്ടവരുമായി അവനാൽ നയിക്കപ്പെടുന്നു.

കേൾവിയുടെ ആദ്യപടി ശ്രദ്ധിക്കുകയാണ്. നിങ്ങളുടെ ചെവി അവങ്കലേക്കു തിരിച്ചു മൗനമായിരിപ്പാൻ ഞാൻ നിങ്ങളെ പ്രോത്സാഹിപ്പിക്കുകയാണ്. അവൻ നിങ്ങളെ സ്നേഹിക്കുന്നതുകൊണ്ട് അവൻ നിങ്ങളോടു സംസാരിക്കും. നിങ്ങളുടെ ജീവിതത്തെക്കുറിച്ച് കരുതലുള്ളവനാകയാൽ നിങ്ങൾ ചോദിക്കുന്നതിലും നിനെക്കുന്നതിലും അത്യന്തംപരമായി അവൻ ചെയ്തുതരും (എഫെസ്യർ 3:20). നിങ്ങൾ അവന്റെ ആടുകളിൽ ഒന്നാണ്. ആടുകൾ ഇടയന്റെ ശബ്ദം തിരിച്ചറിയുന്നതിനാൽ അന്യന്മാരുടെ ശബ്ദത്തെ പിൻതുടരുകയില്ല. നിങ്ങൾക്കു ദൈവത്തിൽ നിന്നു കേൾക്കുവാൻ കഴിയും; അതു നിങ്ങളുടെ അവകാശത്തിന്റെ പങ്കാണ്. അന്യരെ ശ്രദ്ധിക്കാതെ അവനെ കേൾക്കുകയും ജീവിതകാലം മുഴുവൻ അവനെ മാത്രം പിൻപറ്റുകയും ചെയ്ക.

# ശിശുവിനെപ്പോലെ ആയിരിക്കുക

*അവൻ ഒരു ശിശുവിനെ അടുക്കൽ വിളിച്ചു അവരുടെനടുവിൽ നിറുത്തി; നിങ്ങൾ തിരിഞ്ഞ് (മാനസാന്തരപ്പെട്ട്) ശിശുക്കളെപ്പോലെ (ആശ്രയിക്കുകയും, സ്നേഹിക്കുകകുയം, ക്ഷമിക്കുകയും, എളിമയും) ആയ്വരുന്നില്ല എങ്കിൽ സ്വർഗ്ഗരാജ്യത്തിൽ കടക്കയില്ല; ആകയാൽ ഈ ശിശുവിനെപ്പോലെ തന്നെത്താൻ താഴ്ത്തുന്നവൻ സ്വർഗ്ഗരാജ്യത്തിലെ ഏറ്റവും വലിയവൻ ആകുന്നു.*

— മത്തായി. 18:2–4

ലൂക്കോസ് 18:17 ൽ ഇതെ സന്ദേശം തൃപ്തിക്കൊണ്ട് ശിശുവിനെപ്പോലെ ആകേണ്ടതിന്റെ പ്രധാന്യം വെളിപ്പെടുത്തി. അവൻ പറഞ്ഞു "ദൈവരാജ്യത്തെ കൈക്കൊള്ളാത്തവൻ ആരും ഒരുനാളും അതിൽ കടക്കയില്ല." ആപ്ലിഫൈഡ് വേർഷനിൽ മത്തായി 18:3 ശിശുവിന്റെ ഗുണവിശേഷങ്ങളാണ് കൊടുത്തിരിക്കുന്നത്. ആശ്രയം, സൗമ്യത, സ്നേഹം, ക്ഷമ തുടങ്ങിയവ. ഈ നാലു ഗുണങ്ങൾ നമ്മിൽ ഉണ്ടെങ്കിൽ നാം എത്രയധികം സന്തോഷിക്കണം.

കുഞ്ഞുങ്ങളോട് എന്തു പറഞ്ഞാലും അവർ വിശ്വസിക്കും. ചിലർ പറയാറുണണ്ട് കുഞ്ഞുങ്ങൾ ഒരുതരം ഗുല്ലിബിൾ, അഥവാ നിഷ്പ്രയാസം കബളിപ്പിക്കപ്പെടാവുന്ന തരക്കാരാണ്. എത്ര അപഹാസ്യമായിരുന്നാലും കേൾക്കുന്നതിനെ അവർ വിശ്വസിക്കും. എന്നാൽ വാസ്തവത്തിൽ കുഞ്ഞുങ്ങൾ ഗുല്ലിബിളല്ല അവർ ആശ്രയിക്കുന്നവരാണ്. അത് ശിശുക്കളുടെ പ്രകൃതമാണ്. മറ്റൊന്നുമായി പരിചയപ്പെടുന്നതുവരെ അഥവാ പഠിപ്പിക്കുന്നതുവരെ അവർ ആശ്രയിക്കും. ഒരു കാര്യം നമുക്കറിയാം ശിശുക്കൾ ജീവിതം ആസ്വദിക്കുന്നവരാണ്. ഒരു ശിശുവിന് അക്ഷരാർത്ഥത്തിൽ ഏതും ആസ്വദിക്കുവാൻ കഴിയും. ഒരു കുഞ്ഞിന് ഒരു തൊഴിലിനെ ഗെയിം ആക്കി ആനന്ദിപ്പാൻ കഴിയും.

ഞാൻ ഓർക്കുന്നു, എന്റെ മകന് പതിനൊന്നോ പന്ത്രണ്ടോ വയസ്സുള്ളപ്പോൾ അവനോട് അടിച്ചുവാരാൻ പറഞ്ഞു. പുറത്തു നിന്നു ഞാൻ കണ്ടത് ചൂലും തൊപ്പിയും അവൻ സംഗീത സാമഗ്രികളാക്കി കളിക്കുന്നു. നോക്കുക അടിച്ചുവാരിനെ അവൻ ഒരു കളിയാക്കി മാറ്റി. അവൻ ആ ജോലിയെ അവനു സന്തോഷിപ്പിപ്പാനുള്ള വകയാക്കി. നമുക്കെല്ലാവർക്കും ഈ വിധ മനോഭാവം ഉണ്ട്. നമ്മൾ ചൂലുകൊണ്ട് ഡാൻസു ചെയ്യില്ലായിരിക്കും എന്നാലും നമ്മൾ തിരഞ്ഞെടുക്കുന്നതു എല്ലാവിധത്തിലും സന്തോഷിപ്പിപ്പാനുള്ള മനോഭാവം തന്നെയാണ്.

# ദൈവത്തെ മഹിമപ്പെടുത്തുക

*എന്നോടുചേർന്നു യഹോവയെ മഹിമപ്പെടുത്തുക;*
*നാം ഒന്നിച്ചു അവന്റെ നാമത്തെ ഉയർത്തുക*

— സങ്കീർത്തനം 34:3

മഹിമപ്പെടുത്തുക എന്ന വാക്കിന് "വലുതാക്കുക" എന്നാണർത്ഥം. "ഞാൻ നിന്നെ മഹിമപ്പെടുത്തുന്നു" എന്നു ദൈവത്തോട് നാം പറയുംമ്പോൾ അക്ഷരാർത്ഥത്തിൽ "എന്റെ ജീവിതത്തിലെ പ്രശ്നങ്ങളെക്കാളും, ആവശ്യങ്ങളെക്കാളും ഞാൻ നിന്നെ എന്റെ ജീവിതത്തിൽ വലുതാക്കി തീർക്കുന്നു" എന്നത്രെ. ഈ വാക്കിന്റെ അർത്ഥം മനസ്സിലാക്കാതെ ദൈവത്തെ മഹത്വപ്പെടുത്തുന്ന ധാരാളം പാട്ടുകൾ കഴിഞ്ഞ വർഷങ്ങളിൽ ഞാൻ പാടിയിട്ടുണ്ട്. നമ്മൾ എല്ലാവരും ഇതു ചെയ്യാറുണ്ട്. അർത്ഥം മനസ്സിലാക്കാതെ നാം പാടുകയും സംസാരിക്കുകയും ചെയ്യുന്നു. എന്തെന്നാൽ അതെല്ലാം നമ്മൾ ചർച്ചിൽ നിന്നു അഭ്യസിച്ച ശൈലികളാണ്.

നാം ദൈവത്തെ മഹിമപ്പെടുത്തണം അതായത് നമ്മുടെ ജീവിതത്തിലെ സകല മഹിമകളെക്കാളും വലുതായ സ്ഥാനം അവനു നല്കണം. നാം അവനെ ആരാധിക്കുകയും, സ്തുതിക്കുകയും ചെയ്യുമ്പോൾ നാം അതാണ് ചെയ്യുന്നത്. നാം പറയുന്നത് "നീ ഏറ്റവും വലിയവനാണ് ഏറ്റവും ശ്രേഷ്ഠനാണ് അതുകൊണ്ട് ഞാൻ നിന്നെ ആരാധിക്കുന്നു" ദൈവത്തിനു പ്രഥമ സ്ഥാനം നല്കിക്കൊണ്ട് നാം പറയുന്നത് "എന്റെ ആവശ്യങ്ങളെക്കാൾ നീ വലിയനാണ്."

# വിശ്വാസം മദ്ധ്യത്തിൽ (നടുവിൽ) ആയിരിക്കണം

*അപ്പോൾ വലിയ ചുഴലിക്കാറ്റ് ഉണ്ടായി; പടകിൽ തിര തള്ളിക്കയറുകകൊണ്ട് അതു മുങ്ങുമാറായി. അവൻ അമരത്തു തലയണ വച്ചു ഉറങ്ങുകയായിരുന്നു. അവർ അവനെ ഉണർത്തി; ഗുരോ ഞങ്ങൾ നശിച്ചുപോകുന്നതിൽ നിനക്കു വിചാരമില്ലയോ എന്നു പറഞ്ഞു.*

— മർക്കോസ് 4:37,38

കടലിനു നടുവിൽ വച്ചു ശിഷ്യന്മാർക്കുണ്ടായ ആശ്ചര്യം പ്രാരംഭത്തിനെക്കാൾ കൂടുതലായിരുന്നു. പുതിയ മാനങ്ങളിൽ എത്തിച്ചേരാൻ ദൈവം നമ്മെ സദാ വിളിക്കുന്നെങ്കിലും അതിനിടയിൽ എന്താണ് സംഭവിക്കാൻ പോകുന്നതെന്നു സാധാരണ വെളിപ്പെടാറില്ല. നാം ആയിരിക്കുന്ന സുരക്ഷിത സ്ഥാനം വിട്ടിട്ടാണ് അക്കരെയുള്ള അനുഗ്രഹത്തിനായി നാം പുറപ്പെടുന്നത്. മിക്കവാറും അതിന്റെ മദ്ധ്യത്തിൽ വച്ചായിരിക്കും ചുഴലിക്കാറ്റുമായി മല്ലടിക്കേണ്ടിവരുന്നത്. മദ്ധ്യഭാഗം എപ്പോഴും ഒരു പരിശോധനസ്ഥാനമായിരിക്കും. കൊടുംകാറ്റ് അതിന്റെ മുഴുവൻ ശക്തിയിലായിരുന്നു. യേശുവോ ഉറങ്ങുകയായിരുന്നു. ഇതു നിങ്ങൾക്കു വിശ്വസിക്കാൻ കഴിയുമോ?

നിങ്ങളുടെ ജീവിതത്തിൽ എപ്പോഴെങ്കിലും നിങ്ങൾ വളരെവേഗത്തിൽ മുങ്ങിത്താഴുകയാണെന്ന വിചാരത്തിൽ നോക്കുമ്പോൾ യേശുവിനെ ഉറങ്ങുന്നവനായി കണ്ടിട്ടുണ്ടോ? നിങ്ങൾ വീണ്ടും വീണ്ടും പ്രാർത്ഥിച്ചിട്ടും ദൈവത്തിൽ നിന്നു യാതൊരു പ്രതികരണവുമില്ല. നിങ്ങൾ അവനോടുകൂടെ സമയം ചിലവഴിക്കുകയും അവന്റെ സാന്നിദ്ധ്യം ലഭിക്കാനായി പരിശ്രമിക്കുകയും ചെയ്തിട്ടും ഒന്നും സംഭവിക്കുന്നില്ല. ഒരു മറുപടിക്കായി നിങ്ങൾ അന്വേഷിക്കുന്നു. എന്നാൽ നിങ്ങൾഎത്രയും കഠിനമായി കാറ്റിനും ഓളങ്ങൾക്കും എതിരായി തണ്ടു വലിച്ചുവോ അതിനെക്കാൾ ശക്തിയോടെയായിരുന്നു കൊടുങ്കാറ്റ് വീശിയത് - എന്തു ചെയ്യണമെന്നറിയാതെ നിങ്ങൾ വിഷമിക്കുന്നു.

ശിഷ്യന്മാർ നേരിട്ട ഈ ചുഴലിക്കാറ്റ് ഒരു ചെറിയ ഏപ്രിൽമാസ ചാറ്റലോ, വേനൽക്കാലത്തെ ഉപദ്രവകാരിയല്ലാത്ത കൊടുങ്കാറ്റോ അല്ലായിരുന്നു. പിന്നെയോ താരതമ്യേന ശക്തിയേറിയ ഒരു ചുഴലിക്കാറ്റായിരുന്നു. അതിക്രോധത്തോടെ പടകിൻമേൽ അടിക്കുകയും അതിലേക്കു ജലത്തെ നിറയ്ക്കുകയും ചെയ്തു. നമ്മെയും കൊണ്ടു ആഴത്തിലേക്കു താഴുന്ന ഒരു പടകിനെയാണ് അവിടെ കണ്ടത്, നമ്മുടെ വിശ്വാസം ഉപയോഗിക്കേണ്ടതായ

സമയം കൊടുങ്കാറ്റിലാണ് നാം അതു ഉപയോഗിക്കേണ്ടത്. അതിനെക്കുറിച്ചുള്ള പ്രസംഗങ്ങൾ കേൾക്കുന്നതും, പാട്ടുകൾ പാടുന്നതും, നല്ലതാണ്. എന്നാൽ കൊടുങ്കാറ്റിൽ നമ്മൾ അത് ഉപയോഗിക്കണം. വിശേഷിച്ച് ഇങ്ങനെയുള്ള പ്രതിസന്ധികളുടെ സമയത്ത്. ഇങ്ങനെയുള്ള സമയങ്ങളിലാണ് നമുക്ക് എത്രമാത്രം വിശ്വാസം ഉണ്ടെന്നു കണ്ടുപിടിക്കുന്നത്.

# അപരാധങ്ങളെ ഒഴിവാക്കുന്നു

*അതിൽ ഇപ്പോൾ അല്പനേരത്തേക്കു നാനാപരീക്ഷകളാൽ ദു:ഖിച്ചിരിക്കേണ്ടി വന്നാലും ആനന്ദിക്കുന്നു. അഴിഞ്ഞുപോകുന്നതും തീയിൽ ശോധന കഴിക്കുന്ന തുമായ പൊന്നിനെക്കാൾ നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന വിലയേറി യത് എന്ന് യേശുക്രിസ്തുവിന്റെ (മശിഹാ, അഭിഷിക്തൻ) പ്രത്യക്ഷതയിൽ പുക ഴ്ചയ്ക്കും, തേജസ്സിനും മാനത്തിനുമായി കാണ്മാൻ ഇടവരും*

— 1 പത്രൊസ്. 1:6,7

ഓരോ സമയവും കുറ്റം ചെയ്വാനും, കുഴപ്പത്തിൽ പെടുവാനും പരീക്ഷി ക്കപ്പെടുമ്പോഴെല്ലാം നിങ്ങളുടെ വിശ്വാസവും, ശോധന ചെയ്യപ്പെടുകയാണ്. "നിങ്ങൾക്കു നേരിട്ടിരിക്കുന്ന അഗ്നിപരിശോധനയിൽ ആശ്ചര്യപ്പെടരുത്" എന്നാണ് പത്രോസ് പറയുന്നത് എന്തുകൊണ്ടെന്നാൽ അതിലൂടെയാണ് നിങ്ങളുടെ ഗുണനിലവരാം തിട്ടപ്പെടുത്തുന്നത്: ഓരോ ബന്ധപ്പെട്ട ശോധ നകളും നിങ്ങളിൽ ദൈവ പ്രവർത്തിയുടെ മഹത്വത്തിൽ സാക്ഷ്യം വെളി പ്പെടുത്തുന്നതിനുള്ള അവസരങ്ങളാണ്. നാം അപരാധം സഹിക്കുന്നത് കാണുന്നവർ അതു സാക്ഷിക്കും.

ജീവിതത്തിലെ കൊടുംങ്കാറ്റിനെ നിയന്ത്രിക്കാൻ ശരിയും തെറ്റുമായ മാർഗ്ഗ ങ്ങളുണ്ട്. എന്നാൽ വിശ്വാസിയായ എന്നിൽ നിക്ഷിപ്തമായിരിക്കുന്ന പരി ശുദ്ധാത്മാവിന്റെ ശക്തിയിൽ തികയുന്നതുവരെ ശരിയായതു പ്രവർത്തിക്കു വാനും തെറ്റുകൾ ഒഴിവാക്കാനും കഴിയുകയില്ല.

യേശുവിന്റെ സാമ്പത്തിക ശാസ്ത്രം ലോകം പഠിപ്പിക്കുന്നതിൽ നിന്നും കീഴ്മേൽ മറിഞ്ഞതാണ്. അവൻ പറയുന്നത് കൊടുംങ്കാററിന്റെ മദ്ധ്യത്തിലും നമുക്കു സമാധാനം ലഭിക്കുമെന്നാണ്. ചിന്തിച്ചുനോക്കുക അതു എത്രയോഅ ത്ഭുതകരം, ഏതു തന്നെ സംഭവിച്ചാലും തരക്കേടില്ല നിങ്ങൾക്കു പൂർണ്ണസ മാധാനത്തിൽ ആയിരിപ്പാൻ കഴിയും.

യേശു പറഞ്ഞു "പാമ്പുകളെയും തേളുകളെയും ശത്രുവിന്റെ സകല ബല ത്തെയും ചവിട്ടുവാൻ ഞാൻ നിങ്ങൾക്കു അധികാരം (ശാരിരികമായും, മാന സികമായ ശക്തിയും കഴിവും) തരുന്നു" (ലൂക്കോസ് 10:19). ഒന്നും നിങ്ങൾക്കു ഒരിക്കലും ദോഷം വരുത്തുകയില്ല എന്നു അവൻ വാഗ്ദത്തം ചെയ്തിട്ടു ണ്ട്. ശത്രുവിന്റെമേൽ നമുക്ക് അധികാരം ഉണ്ടെങ്കിൽ തീർച്ചയായും നമുക്കു മറ്റുള്ളവരുടെ കുറ്റങ്ങളെയും കാണുവാൻ കഴിയും. മറ്റുള്ളവർക്കു പ്രയോജ നകരമായു ചെയ്യുവാൻ അവൻ നമുക്കു ശക്തി നല്കുന്നു.

# വിശ്വസിക്കുന്നതിൽ സന്തോഷമുണ്ട്

*എന്നാൽ പ്രത്യാശ നൽകുന്ന ദൈവം പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നിങ്ങൾ പ്രത്യാശയിൽ സമൃദ്ധിയുള്ളവരായി വിശ്വസിക്കുന്നതിലുള്ള സകല സന്തോഷവും സമാധാനവും കൊണ്ട് നിറക്കുമാറാകട്ടെ*

— റോമർ 15:13

ഞാൻ വളരെ ആകുല ചിന്തയിലായിരുന്നു ഒരു സായാഹ്നത്തെപ്പറ്റി ഓർക്കുന്നു. എന്നിൽ ഒട്ടും സമാധാനവും സന്തോഷവും ഇല്ലായിരുന്നു ആകെ ആശയക്കുഴപ്പം നിറഞ്ഞ നിമിഷങ്ങൾ. ഞാൻ റോമർ 15:3 വായിച്ചു "സകല സന്തോഷവും നൽകട്ടെ," എന്നെ മാത്രം മുൻപിൽ കണ്ടുകൊണ്ട് എഴുത്തുകാരൻ എഴുതിയതുപോലെ തോന്നി (കാണുക യെശ്ശയ്യാവ് 50:4). എന്റെ പ്രശ്നം വളരെ ലഘുവായിരുന്നു, വിശ്വസിക്കുന്നതിന് പകരം സംശയിച്ചു. ദൈവം വ്യവസ്ഥ കൂടാതെ എന്നെ സ്നേഹിച്ച കാര്യം മറന്നു, അവൻ എന്നെ വിളിച്ചതാണ് എന്നുള്ള കാര്യം മറന്നു, അവൻ എന്നിൽ പ്രസാദമില്ല എന്നു കരുതി. ഞാൻ സംശയത്താൽ നിറഞ്ഞു... സംശയം... സംശയം എന്നാൽ ഞാൻ പുറകോട്ട പോയി, ദൈവത്തിൽ ആശ്രയിച്ച് വിശ്വാസത്തിന് വീണ്ടും മൂർച്ച കൂട്ടി, അപ്പോൾ ദൈവിക സന്തോഷവും, സമാധാനവും എന്നിലേക്ക് തിരികെ വന്നു.

എന്റെ ജീവിതത്തിൽ സംശയം മാറ്റി ദൈവത്തിൽ ആശ്രയിക്കണമെന്ന് എനിക്കു ബോധ്യമായി. എന്റെ സന്തോഷത്തിനും, സമാധാനത്തിനും കുറവ് വരുമ്പോൾ എന്റെ വിശ്വാസത്തെ ഞാൻ പരിശോധിക്കും. അപ്പോൾ അവിടെ എനിക്ക് കാണുവാൻ കഴിയുന്നത് എന്റെ വിശ്വാസം കുറയുന്നതായിട്ടാണ്.

# എല്ലാറ്റിലും ഉന്നതമായ പദവി

*നിങ്ങളിൽ ഏറ്റവും വലിയവൻ നിങ്ങളുടെ ശുശ്രൂഷക്കാരൻ ആകേണം. തന്നെത്താൻ ഉയർത്തുന്നവൻ എല്ലാം താഴ്ത്തപ്പെടും. തന്നെത്താൻ താഴ്ത്തുന്നവൻ എല്ലാം ഉയർത്തപ്പെടും.*

— മത്തായി. 23:11,12

യേശുക്രിസ്തു ശിഷ്യന്മാരുടെ കാല് കഴുകി കാരണം യേശു സ്വതന്ത്രനായിരുന്നു. സ്വതന്ത്രനും സുരക്ഷിതത്വബോധമുള്ളവർക്കാണ് ദാസ്യ ജോലി ചെയ്യുവാൻ സാധിക്കൂ. നമ്മൾക്ക് ഒരു ശുശ്രൂഷ മനോഭാവം ഉണ്ടാകുക എന്നുള്ളത് വളരെ പ്രധാന്യമർഹിക്കുന്നതാണ്. പലപ്പോഴും ദാസ്യ വേല ചെയ്യുന്നത് ആസ്വദിക്കുവാൻ പലർക്കും സാധിക്കുന്നില്ല, കാരണം അത് വളരെ വിലകുറഞ്ഞ പണിയായി അവർ കാണുന്നു എന്നുള്ളതാണ്. പക്ഷെ യേശുക്രിസ്തുവിനെ സംബന്ധിച്ച് ശുശ്രൂഷ എന്നതാണ് ഏറ്റവും ഉന്നതമായ പദവി. മറ്റുള്ളവരെ ശുശ്രൂഷിക്കുന്നത് അവരുടെ ജീവിതത്തിൽ സ്നേഹത്തിന്റെ വില അവർ മനസ്സിലാക്കുവാനിടയാകുകയും മറ്റുള്ളവരെ തുറന്നു സ്നേഹിക്കുവാൻ, അതുവഴി അവർക്ക് സാധിക്കുകയും ചെയ്യും. ശുശ്രൂഷ എന്നത് ഏറ്റവും ക്രൂരനായ വ്യക്തിയെ പോലും സൗമ്യനാക്കുന്നതാണ്. ഒരു വ്യക്തി താൻ സ്നേഹത്താൽ ശുശ്രൂഷിക്കപ്പെടുന്നു എന്ന് മനസ്സിലാക്കുമ്പോൾ അവന്റെ മുഖത്ത് ദൃശ്യമാകുന്ന അമ്പരപ്പും അതിശയവും ഒന്നു കാണേണ്ടതു തന്നെയാണ്.

എതിരാളി നമുക്ക് ദ്രോഹം ചെയ്തിട്ടുണ്ടെന്ന് അവന് പൂർണ്ണമായി അറിവുണ്ട്, എന്നാൽ നാം അത് അറിഞ്ഞിട്ടും അവന്റെ ദുഷ്ടതയ്ക്ക് പകരം സ്നേഹം കൊടുക്കുമ്പോൾ, അത് തീർച്ചയായിട്ടും, അവന്റെ ശത്രുതയും അഭിമാനവുമെല്ലാം തകർന്നുടയുവാൻ കാരണമാകും. അത് മത്രമല്ല താമസമെന്യേ അവൻ, നമ്മിൽ ആശ്രയിക്കുകയും യഥാർത്ഥ സ്നേഹം എന്തെന്ന് നമ്മിൽ നിന്ന് പഠിക്കുകയും ചെയ്യും. ഒരു ശുശ്രൂഷക്കാരൻ (ദാസൻ) ആകുക എന്നതിന്റെ പിന്നിലെ ഏറ്റവും വലിയ ഉദ്ദേശം എന്നത് മറ്റുള്ളവർക്ക് ദൈവ സ്നേഹം കാണിക്കുകയും അതുവഴി അവർക്ക് ഇത് അനുഭവിച്ച് മറ്റുള്ളവർക്ക് കൊടുക്കുവാൻ സാധിക്കും എന്ന് മനസ്സിലാക്കുകയും ആണ്.

# അവനിൽ മാത്രം ആശ്രയിക്കുക

*"അനന്തരം ഗിദയോൻ എന്ന യെരുബ്ബാലും അവനോടുകൂടെയുള്ള ജനം ഒക്കെയും അതികാലത്ത് പുറപ്പെട്ട് ഹരോദ് ഉറവിന്നരികെ പാളയമിറങ്ങി. മിദ്യാന്യരുടെ പാളയമോ അവർക്ക് വടക്ക് മോരേകുന്നിനരികെ താഴ്‌വരയിൽ ആയിരുന്നു. യഹോവ ഗിദയോനോട്: നിന്നോട്കൂടെ ജനം അധികമാകുന്നു. എന്റെ കൈ എന്നെ രക്ഷിച്ചു എന്നു യിസ്രായേൽ  എന്റെ നേരെ വമ്പു പറയാതിരിക്കേണ്ടതിനു ഞാൻ മിദ്യാന്യരെ ഇവരുടെ കയ്യിൽ ഏല്പ്പിക്കയില്ല. ആകയാൽ നീ ചെന്നു ആർക്കെങ്കിലും ഭയവും ഭീതിയുമുണ്ടെങ്കിൽ, അവൻ ഗിലെയാദ് പർവ്വതത്തിൽ നിന്ന് മടങ്ങിപ്പൊയ്ക്കൊള്ളട്ടെ എന്ന ജനത്തിൽ പ്രസിദ്ധപ്പെടുത്തുക എന്നു കല്പിച്ചു. എന്നാറെ ജനത്തിൽ ഇരുപത്തീരായിരം പേർ മടങ്ങിപ്പോയി, പതിനായിരം പേർ ശേഷിച്ചു.*

— ന്യായാധിപന്മാർ 7:1-3

ഒരു വലിയ യുദ്ധത്തിനായി പോകുന്ന ഗിദെയോനോട് ഞാൻ നിനക്കു കൂടുതൽ ആളുകളെ തരാം എന്നു പറയുന്നതിനു പകരം ദൈവം പറഞ്ഞത് നിന്റെ കൂടെയുള്ള ജനം അധികമാകുന്നു എന്നാണ്. ചില സമയങ്ങളിൽ നമ്മുടെ ബലത്തെക്കാളും ബലഹീനതയിലൂടെയാണ് ദൈവം പ്രവർത്തിക്കുന്നത്. ചിലപ്പോൾ നമ്മോടുകൂടെ അധികം പേരുണ്ടായിരിക്കും എന്നാൽ വിജയിക്കണമെങ്കിൽ ദൈവത്തിന്റെ സഹായം ആവശ്യമാണ്. ദൈവം ഗിദെയോനോട് പറഞ്ഞത് നിന്റെ കൂടെയുള്ളവർ, കൂടുതലും തങ്ങളുടെ അമിത ബലത്തിൽ ആശ്രയിക്കുന്നവരാണ്, എന്നാൽ ദൈവത്തിലും അവന്റെ അമിത ബലത്തിലും പൂർണ്ണമായി ആശ്രയിപ്പാൻ കഴിയുന്നതുവരെ അവർക്ക് വിജയിപ്പാൻ സാദ്ധ്യമല്ലാത്തതാണ്. അഹംഭാവവും പൊങ്ങച്ചവും മനുഷ്യരെ നശിപ്പിക്കുന്നതാണ്. ആയതിനാൽ വിനയത്തോടെ ദൈവത്തിന്റെ കരത്തിൽ താണിരിപ്പാൻ നമുക്ക് അവന്റെ സഹായം ആവശ്യമാണ്.

# പ്രാർത്ഥനാ ജീവിതം നയിക്കുക

*ഇടവിടാതെ പ്രാർത്ഥിപ്പിൻ*

— 1 തെസ്സ. 5:17

ഒരു ദിവസം ഞാൻ എത്ര സമയം പ്രാർത്ഥിക്കുമെന്ന് എനിക്കു പറയാൻ സാധിക്കത്തില്ല. ഞാൻ ദിവസം മുഴുവൻ വെറുതെ ദൈവത്തോട് സംസാരിക്കാറുണ്ട്. ഞാൻ മുടി ചീകുമ്പോഴും, പാതിരാത്രിയിൽ പോലും ഞാൻ ദൈവത്തോട് സംസാരിക്കാറുണ്ട്. ഏറ്റവും നിസ്സാരകാര്യം മുതൽ ഗൗരവമേറിയ കാര്യങ്ങൾ വരെ എല്ലാറ്റിനെക്കുറിച്ചും ഞാൻ ദൈവത്തോട് സംസാരിക്കാറുണ്ട്. ഇങ്ങനെയുള്ള സംസാരം എപ്പോഴും എന്നെ സന്തോഷിപ്പിക്കാറുണ്ട്.

മനുഷ്യരുടെ വിവിധ തരത്തിലുള്ള പ്രശ്നങ്ങളും അവസ്ഥകളും കേൾക്കുമ്പോൾ അവയെല്ലാം എന്റെ ദൈവത്തോട് പറയുവാൻ ഞാൻ തീരുമാനിക്കും. അങ്ങനെ കുറഞ്ഞ സമയത്തിനുള്ളിൽ ധാരാളം കാര്യങ്ങൾ ദൈവത്തോട് പറയാൻ ഞാൻ ശേഖരിക്കും. മറ്റുള്ളവരുടെ പ്രശ്നങ്ങൾ കേട്ടാലുടൻ തന്നെ ആ സ്ഥലത്ത് വെച്ച് തന്നെ ഞാനത് ദൈവത്തോട് പ്രാർത്ഥിച്ച് പറയാറുണ്ട്. പ്രാർത്ഥന നാം ശ്വാസോച്ഛ്വാസം ചെയ്യുന്നത് പോലെ തന്നെ ആയിരിക്കണം. ഇങ്ങനെ ദൈവവുമായിട്ട് ഇടതടവില്ലാതെ നാം ബന്ധപ്പെട്ടാൽ മാത്രമാണ് ദൈവം ആഗ്രഹിക്കുന്നിടത്ത് നമുക്കെത്തുവാൻ സാധിക്കുന്നത്. ഇതാണ് ഇടവിടാതെ പ്രാർത്ഥിപ്പിൻ എന്നത്കൊണ്ട് അർത്ഥമാക്കുന്നത്. (1 തെസ്സ. 5:17). നാം ഒരിടത്ത് തന്നെ എപ്പോഴും ഇരുന്നു പ്രാർത്ഥിക്കുക എന്ന് ഇത് അർത്ഥമാക്കുന്നില്ല. നാം ദൈവത്തോട് എല്ലാറ്റിനും എപ്പോഴും സംസാരിക്കുക എന്നതാണിതിന്റെ അർത്ഥം.

# വാസ്തവമായി തോന്നുന്ന കള്ള തെളിവ്

*നിങ്ങൾ പിശാചെന്ന പിതാവിന്റെ മക്കൾ നിങ്ങളുടെ പിതാവിന്റെ മോഹങ്ങളെ ചെയ്‌വാനും ഇച്ഛിക്കുന്നു. അവൻ ആദിമുതൽ കൊലപാതകൻ ആയിരുന്നു. അവനിൽ സത്യം ഇല്ലായ്കകൊണ്ട് സത്യത്തിൽ നില്ക്കുന്നതുമില്ല. അവൻ ഭോഷ്ക്ക് പറയുമ്പോൾ സ്വന്തത്തിൽ നിന്ന് എടുത്തു പറയുന്നു അവൻഭോഷ്ക്കു പറയുന്നവനും അതിന്റെ അപ്പനും ആകുന്നു.*

— യോഹന്നാൻ. 8:44

**ഭ**യം (Fear) എന്ന വാക്കിലെ അക്ഷരങ്ങൾ False Evidence Appearing Real (വാസ്തവമായി തോന്നുന്ന കള്ള തെളിവിനെ സൂചിപ്പിക്കുന്നു എന്നു പറയാറുണ്ട്). യേശു പറഞ്ഞു. പിശാച് ഭോഷ്ക്കു പറയുന്നവനും അതിന്റെ അപ്പനുമാണ്. കാരണം, സാത്താനിൽ സത്യം ഇല്ല. പിശാച് എപ്പോഴും ഭോഷ്ക്ക് പറഞ്ഞ് ദൈവജനത്തെ കബളിപ്പിച്ച് ഭയപ്പെടുത്തി അതുവഴി ദൈവത്തോടുള്ള അനുസരണത്തിൽ നിന്ന് അവരെ അകറ്റി അനുഗ്രഹങ്ങൾ മുടക്കുകയും ചെയ്യുന്നു.

നാം ഏതു കാര്യത്തെ കുറിച്ചാണോ ഭയപ്പെടുന്നത് ആ ഭയം ആ കാര്യത്തെ കഴിഞ്ഞും വലുതായിരിക്കും. എന്നാൽ ധൈര്യത്തോടും ദൃഢനിശ്ചയത്തോടും പ്രശ്നത്തെ നാം അഭിമുഖീകരിക്കുകയാണെങ്കിൽ നമുക്ക് വളരെ വേഗം വിജയിക്കുവാൻ സാധിക്കും. മാനുഷഭയം എപ്പോഴും ഒരു കണി തന്നെയാണ്. ഒരിക്കലും ഒരു പ്രശ്നത്തെ കഴിഞ്ഞു വലുതായിരിക്കരുത് അതിനെകുറിച്ചുള്ള ഭയം. ഇക്കാരണത്താലാണ് ഭയപ്പെടേണ്ടാ എന്ന് തിരുവചനത്തിൽ ദൈവം ആവർത്തിച്ച് പറയുന്നത്. ദൈവത്തിൽ നിന്ന് നമ്മെ അകറ്റുവാൻ സാത്താൻ കൊണ്ടുവരുന്ന ഏറ്റവും വലിയ ആയുധമാണ് ഭയം എന്നത് ഇത് പലപ്പോഴും ദൈവത്തിൽ നിന്ന് ലഭിപ്പാനുള്ള അനുഗ്രഹങ്ങൾ നമുക്ക് നഷ്ടമാക്കും.

ആയതിനാൽ ഓരോ നാളും ദൈവം നമ്മളെ ധൈര്യപ്പെടുത്തി ഭയത്തിൽ നിന്ന് മുക്തി നേടുവാൻ സഹായിക്കുകയും ഒപ്പം നമുക്കായി കാത്തിരിക്കുന്ന അനുഗ്രഹങ്ങളെ കുറിച്ച് നമ്മെ ഓർപ്പിക്കുകയും ചെയ്യുന്നു.

# സരസനും, ഔദാര്യമുള്ളവനും, അത്ഭുതവാനുമായ ദൈവം

*അവനിൽ നമുക്ക് അവന്റെ രക്തത്താൽ അതിക്രമങ്ങളുടെ മോചനമെന്ന വീണ്ടെടുപ്പ് ഉണ്ട്, അത് അവൻ നമുക്ക് താൻ ധാരാളമായി കാണിച്ച കൃപാദാന പ്രകാരം സകല ജ്ഞാനവും വിവേകവുമായി നല്കിയിരിക്കുന്നു. അവനിൽതാൻ മുൻനിർണ്ണയിച്ച തന്റെ പ്രസാദത്തിനു തക്കവണ്ണം തന്റെ ഹിതത്തിന്റെ മർമ്മം അവൻ നമ്മോട് അറിയിച്ചു.*

— എഫെസ്യർ. 1:7–9

നാം ദൈവത്തെ സ്നേഹിക്കുകയാണെങ്കിൽ ദൈവം നമ്മുടെ ജീവിതത്തിൽ ചെയ്യുന്നത് തീർച്ചായായിട്ടും നമ്മെ അതിശയിപ്പിക്കും. പലപ്പോഴും നമ്മൾ നമ്മുടെ രക്ഷയുടെ സന്തോഷം നഷ്ടപ്പെടുന്ന രീതിയിൽ ക്രിസ്ത്യാനിത്വത്തെ കുഴച്ചുമറിക്കാറുണ്ട്. പ്രാരംഭമായിട്ട് നാം ചെയ്യേണ്ടത് ദൈവസ്നേഹം സ്വീകരിക്കുകയാണ്. പിന്നീട് നമ്മെത്തന്നെ സ്നേഹിക്കുക, ശേഷം ദൈവത്തിന് ആവശ്യമായ സ്നേഹം തിരിച്ച് നല്കുക അതുവഴി ആ സ്നേഹം നമുക്കുചുറ്റും, വേദനിക്കുന്നവർ മരിച്ചുകൊണ്ടിരിക്കുന്നവർ എന്നിവരിലേക്ക് ഒഴുക്കുക എന്നതാണ്. നമ്മൾകൊടുക്കുന്ന സ്നേഹം അതെ അളവിലല്ല മറിച്ച് അതിന്റെ ഇരട്ടിയിലധികമായിട്ടാണ് ദൈവം തിരിച്ചു നല്കുന്നത്.

ലോകത്തിൽ ധാരാളം ധനവാന്മാരുണ്ട്. എന്നാൽ അവരിൽ പലരും ദു:ഖിതരാണ്. ഭൗതികമായി അനുഗ്രഹിക്കപ്പെടുക എന്നത് നല്ലതാണ്. പക്ഷെ അതിലും ഉത്തമം ഭൗതിക നന്മയോടൊപ്പം ദൈവത്തിന്റെ അനുഗ്രഹങ്ങൾ വചനപ്രകാരം അനുഭവിക്കുക എന്നതാണ്. ദൈവം ഞങ്ങൾക്ക് തുറന്നുതന്ന വാതിലുകളെക്കുറിച്ച് ഞങ്ങൾ അത്ഭുതപ്പെടാറുണ്ട്. എനിക്കതിനെ വർണ്ണിക്കുവാൻ സാധിക്കത്തില്ല. എന്നാൽ എന്റെ ശ്വാസം നില്ക്കുന്നത് വരെയും ഞാൻ അനുഭവിക്കുന്ന ദൈവിക സന്തോഷം മറ്റുള്ളവർക്ക് പകർന്നുകൊടുക്കുവാൻ ഞാൻ ഉത്സാഹിച്ചുകൊണ്ടിരിക്കും.

നമ്മുടെ സമൂഹം ഇന്നുവളരെ കുഴഞ്ഞുമറിഞ്ഞ പ്രശ്നങ്ങളുടെ നടുവിലാണ് പലർക്കും ദൈവത്തെക്കൊണ്ട് അവർക്ക് ആവശ്യമുണ്ടെന്ന് അറിയത്തില്ല. മിക്കവർക്കും ദൈവത്തെക്കുറിച്ച് ഒരു തെറ്റായ മുൻ വിധിയാണുള്ളത്. അതുകൊണ്ട് തന്നെ അവരുടെ പ്രശ്നങ്ങളുടെ പരിഹാരത്തിനായി ദൈവത്തിങ്കലേക്ക് തിരിയാനും അവർക്കു സാധി ക്കത്തില്ല. എന്നെയും എന്റെ ഭർത്താവ് ദേവിനെയും ദൈവം വിളിച്ചത്. ഈ ലോകത്തിന്, സരസനും, ഔദാര്യമനസ്സ്ക്കരും, അതിശയിപ്പിക്കുന്നവനും നമ്മുടെ എല്ലാ പ്രശ്നത്തിനും പരിഹാരകനുമായ ദൈവത്തെ പരിചയപ്പെടുത്തുവാനാണ്.

# കരുണ, കരുണ, കരുണ

*നാം മുടിഞ്ഞു പോകാതിരിക്കുന്നത് യഹോവയുടെ ദയ ആകുന്നു; അവന്റെ കരുണ തീർന്നു പോയിട്ടില്ലല്ലോ. അത് രാവിലെ തോറും പുതിയതും നിന്റെ വിശ്വസ്തത വലിയതും ആകുന്നു.* — വിലാപങ്ങൾ. 3:22,23

1828 – ൽ എഴുതിയ നോഹ വെബ്സ്റ്ററിന്റെ ഇംഗ്ലീഷ് ഭാഷയുടെ അമേരിക്കൻ ഡിഷ്നറിയിൽ "കരുണ" എന്ന വാക്കിന്റെ അർത്ഥം കൊടുത്തിരിക്കുന്നത്. പരോപകാരം, അതുപോലെ മറ്റുള്ളവരെ അവരുടെ മുറിവുകളെയോ പ്രശ്നങ്ങളെയോ അവഗണിച്ചതുകൊണ്ട് ശുശ്രൂഷിക്കുവാനുള്ള ഹൃദയത്തിന്റെ ആർദ്രഭാവം എന്നാണ്. മറ്റൊർത്ഥം, മറ്റുള്ളവരുടെ കുറവുകൾ ക്ഷമിച്ച്, അവരുടെ കുറ്റങ്ങൾക്ക് നിയമം അനുശാസിക്കുന്ന ശിക്ഷ ലഘുവാക്കി കൊടുക്കുക എന്നതാണ്.

ഈ അർത്ഥത്തിൽ കരുണ എന്ന വാക്കിന് പകരംവെക്കാൻ വേറൊരു വാക്കില്ല എന്നു വേണം പറയാൻ. എന്നാൽ ഇതിനോട് സാമ്യമുള്ള ഒരു വാക്ക് "കൃപ" എന്നുള്ള വാക്കാണ്. ഇത് പരോപകാരം, ആർദ്രത, മൃദുത്വം, ദയ, വിനയം, എന്നിവയെ കാണിക്കുന്നതാണ്. എന്നാൽ ഇത് എതിരാളികളോട് മാത്രം കാണിക്കുന്നതാണ്. കരുണ എന്നത് സർവ്വ ശക്തനായ ദൈവത്തിന്റെ ഒരു പ്രധാന സ്വഭാവ സവിശേഷതയാണ്.

എനിക്ക് നിങ്ങളെ കുറിച്ചറിയത്തില്ല എന്നാൽ ദൈവത്തിന്റെ കരുണയോർത്ത് വളരെ അധികം സന്തോഷിക്കുന്നു. കാരണം ഇത് കൂടാതെയിരുന്നുവെങ്കിൽ ഇന്ന് ഞാൻ ഏതവസ്ഥയിലായിരിക്കുമെന്ന് എനിക്ക് ഊഹിക്കാൻ പോലും സാദ്ധ്യമല്ല. ഒന്നുമാത്രം എനിക്കറിയാം ഞാനെവിടെ ആയിരുന്നാലും ഞാൻ ഇന്ന് അനുഭവിക്കുന്ന സന്തോഷം എനിക്ക് ലഭിക്കത്തില്ലായിരുന്നു. നാമെല്ലാം ശിക്ഷിക്കപ്പെടേണ്ടവരാണ്. എന്നാൽ ദൈവം നമ്മോട് കരുണ കാണിക്കുന്നു. എത്ര അതിശയനായ ദൈവത്തെയാണ് തങ്ങൾ സേവിക്കുന്നത്. സങ്കീർത്തനങ്ങൾ ദൈവത്തിന്റെ കരുണയെക്കുറിച്ച് ധാരാളം വർണ്ണിക്കുന്നുണ്ട്. സങ്കീർത്തനം. 107:1 ഇതിനുദാഹരണമാണ് "യഹോവയ്ക്ക് സ്തോത്രം ചെയ്യുവിൻ അവൻ നല്ലവനല്ലോ അവന്റെ ദയ എന്നേക്കുമുള്ളത്." ദാവീദ് ദൈവത്തെ വളരെ യധികം സ്നേഹിച്ച മനുഷ്യനായിരുന്നു. എങ്കിലും ദാവീദിന്റെ ജീവിതത്തിൽ തെറ്റുകൾ സംഭവിച്ചിട്ടുണ്ട്. ദാവീദ് ദൈവത്തിന്റെ കരുണയെക്കുറിച്ച് കൂടുതൽ സംസാരിച്ചത് തന്റെ ജീവിതത്തിൽ ദൈവം അവനോട് കരുണ കാണിച്ചത് കൊണ്ടാണ്.

ദൈവത്തിന്റെ കരുണ എന്നത് ക്ഷമിക്കുന്നതും, നമ്മെ യഥാസ്ഥാനപ്പെടുത്തുന്നതുമാണ്. വളരെ കൃത്യമായി കാര്യങ്ങളെ വിലയിരുത്താൻ സാധിക്കുന്ന ദാവീദിന് മാത്രമെ, "യഹോവയ്ക്ക് സ്തോത്രം ചെയ്യുവിൻ, അവൻ നല്ലവനല്ലോ അവന്റെ ദയ എന്നേയ്ക്കുമുള്ളത്." എന്ന് പറയുവാൻ സാധിക്കൂ എന്ന് ഞാൻ വിശ്വസിക്കുന്നു.

# സന്തോഷിക്കുന്നതിന്റെ ശക്തി

*അർദ്ധരാത്രിയ്ക്ക് പൗലോസും ശീലാസും, പ്രാർത്ഥിച്ച് ദൈവത്തെ പാടി സ്തുതിച്ചു. തടവുകാർ ശ്രദ്ധിച്ചുകൊണ്ടിരുന്നു. പെട്ടെന്നു വലിയൊരു ഭൂകമ്പം ഉണ്ടായി കാരാഗൃഹത്തിന്റെ അടിസ്ഥാനം കുലുങ്ങി വാതിൽ ഒക്കെയും തുറന്നുപോയി. എല്ലാവരുടെയും ചങ്ങല അഴിഞ്ഞുവീണു.*

— പ്രവൃത്തി. 16:25-26

തിരുവചനത്തിലുടനീളം ദൈവജനത്തോട് സന്തോഷിക്കുവാൻ എന്ന് ദൈവം പറയുന്നുണ്ട്. “കർത്താവിൽ എപ്പോഴും സന്തോഷിപ്പിൻ, സന്തോഷിപ്പിൻ, എന്നു ഞാൻ പിന്നെയും നിങ്ങളോട് പറയുന്നുണ്ട്” എന്ന് ഫിലിപ്പിയർ 4:4 ൽ പൗലോസ് പറയുന്നു.

ഇവിടെ സന്തോഷിപ്പിൻ എന്ന് രണ്ട് പ്രാവശ്യം പറഞ്ഞിരിക്കുകയാണ്. പലപ്പോഴും മനുഷ്യർ, സന്തോഷിപ്പിൻ എന്ന വാക്ക് കേൾക്കുകയും, അത് നല്ലതാണെന്ന് ചിന്തിക്കുകയും ചെയ്യാറുണ്ട് പക്ഷെ, അത് എങ്ങിനെ ചെയ്യണം എന്നവർക്ക് അറിഞ്ഞുകൂടാ. സന്തോഷിക്കാൻ ആഗ്രഹിക്കുന്നു പക്ഷെ എങ്ങിനെ എന്നവർക്ക് അറിയത്തില്ല.

പൗലോസും ശീലാസും ക്രൂരമായി അടിക്കപ്പെടുകയും കാരാഗൃഹത്തിലെറിയപ്പെടുകയും ചെയ്തു അവരുടെ കാലുകൾ ആമത്തിൽ പൂട്ടപ്പെട്ടു. അവർ അപ്പോഴും സന്തോഷത്തോടെ ദൈവത്തെ പാടി സ്തുതിച്ചു. സന്തോഷിക്കുക എന്നതിന് ഇത്രവലിയ ശക്തിയുണ്ടെന്ന് പലപ്പോഴും നമുക്ക് മനസ്സിലാകത്തില്ല. ഇതുപോലെ തന്നെ പ്രശ്നങ്ങളുടെ നടുവിൽ, സന്തോഷിക്കുവാനും, ചിരിക്കുവാനും, നമുക്ക് സാധിക്കുന്നുവെങ്കിൽ, നമ്മുടെ പ്രശ്നങ്ങളെല്ലാം പരിഹരിക്കപ്പെടുവാനിടയാകും. നിങ്ങൾക്ക് ദൈവവുമായിട്ട് ഒരു വ്യക്തി ബന്ധമുണ്ടോ? നിങ്ങൾ രക്ഷിക്കപ്പെട്ട ആളാണോ? എങ്കിൽ പരിശുദ്ധാത്മാവ് നിങ്ങളിൽ വസിക്കുന്നു (യോഹന്നാൻ. 14:16, 1 കൊരിന്ത്യർ. 12:3 വായിക്കുക). സന്തോഷം എന്നത് ആത്മാവിന്റെ ഫലമാണ്, ആത്മാവ് നിങ്ങളിലുണ്ടെങ്കിൽ അതിന്റെ ഫലമായ സന്തോഷവും നിങ്ങളിൽ കാണും.

നിങ്ങൾ സന്തോഷം വാങ്ങിക്കയോ, സൃഷ്ടിക്കുകയോ അല്ല മറിച്ച് അത് ആത്മാവിന്റെ ഫലമായി നിങ്ങളിൽ അന്തർലീനമായിരിക്കുന്നതാണ്. വിശ്വാസികളായ നാം സന്തോഷം ലഭിക്കുവാനായി പരിശ്രമിക്കേണ്ടതില്ല. മറിച്ച് നമുക്ക് നമ്മുടെ ആത്മാവിൽ സന്തോഷം ഉണ്ട്. അത് എങ്ങിനെ പ്രകടിപ്പിക്കണമെന്ന് നാം പഠിച്ചാൽ മാത്രം മതി.

# ഇപ്പോൾ കഷ്ടം അനുഭവിക്കുന്നു, പിന്നീട് തേജസ്സക്കരിക്കപ്പെടുന്നു"

*നാം മക്കളെങ്കിലോ അവകാശികളും ആകുന്നു. ദൈവത്തിന്റെ അവകാശികളും ക്രിസ്തുവിനു കൂട്ടവകാശികളും തന്നെ, നാം അവനോടുകൂടി തേജസ്സ്ക്കരിക്കപ്പെടേണ്ടതിനു അവനോടുകൂടെ കഷ്ടമനുഭവിച്ചാലത്രെ.*

— റോമർ. 8:17

നമ്മുടെ ജഡത്തിന്റെ ഇച്ഛയ്ക്ക് വിപരീതമാണ് ആത്മാവിന്റെ ഇച്ഛ. ദൈവാത്മാവിനെ അനുസരിക്കുവാനാണ് നാം തയ്യാറാകുന്നതെങ്കിൽ, അപ്പോൾ തന്നെ ജഡത്തിലെ കഷ്ടത തുടങ്ങും. കഷ്ടത എന്നു പറയുന്നത് നമുക്ക് ഇഷ്ടമില്ലാത്ത കാര്യമാണ്. പക്ഷെ തിരുവചനം പറയുന്നത് ക്രിസ്തുവിന്റെ മഹത്വത്തിൽ പങ്കാളികളാകുവാൻ ആഗ്രഹിക്കുന്നവർ അവന്റെ കഷ്ടതയിലും പങ്കാളികളാകണം എന്നാണ്. എന്റെ ജീവിതത്തിൽ കർത്താവിനെ ഞാൻ അനുസരിച്ച് നടന്നപ്പോഴൊക്കെ ഞാൻ കഷ്ടതയിലൂടെ കടന്നുപോയത് ഓർക്കുന്നു. അപ്പോഴൊക്കെ ഞാൻ ചിന്തിച്ചിട്ടുണ്ട്. ദൈവമെ എന്നാണ് എനിക്ക് ഈ കഷ്ടതയിൽ നിന്ന് രക്ഷപ്പെടാൻ സാധിക്കുന്നത്? എന്നെങ്കിലും കഷ്ടതയില്ലാതെ എനിക്ക് എന്റെ കർത്താവിനെ അനുസരിക്കാൻ സാധിക്കുമോ?

ആദ്യമായി, ദൈവവചനം പഠിക്കുവാനും ശ്രദ്ധിക്കുവാനും, തുടങ്ങുന്നവരോട് എനിക്ക് പറയുവാനുള്ളത്, നിങ്ങളുടെ ജഡമോഹങ്ങളെ എന്നാണ് നിങ്ങൾക്ക് നിയന്ത്രിക്കാൻ സാധിക്കാതെ വരുന്നത് അപ്പോഴാണ് ദൈവത്തെ അനുസരിക്കുവാൻ ഏറ്റവും നല്ല സമയം. അപ്പോൾ മാത്രമാണ് ദൈവവചനം അനുസരിക്കുന്നത് നിങ്ങൾ ആസ്വദിക്കുവാൻ സാധിക്കുന്നത്. റോമാലേഖനം. 8:18 ൽ പൗലോസ് അപ്പോസ്തലൻ ഇപ്രകാരം പറയുന്നു. "നമ്മിൽ വെളിപ്പെടുവാനുള്ള തേജസ്സ് വിചാരിച്ചാൽ ഈ കാലത്തിലെ കഷ്ടങ്ങൾ ഏതുമില്ല എന്ന് ഞാൻ എണ്ണുന്നു." പൗലോസ് ഇവിടെ അർത്ഥമാക്കുന്നത്. നാം ഈ ലോകത്തിൽ അനുഭവിക്കുന്ന കഷ്ടങ്ങൾക്ക് പകരം ദൈവസന്നിധിയിൽ നമ്മൾക്ക് ധാരാളം ആശ്വാസവും സന്തോഷവും ഉണ്ടാകും എന്നാണ്. ഇതാണ് സുവിശേഷം (നല്ല വാർത്ത) നമ്മൾ ഇവിടെ എന്തെല്ലാം അനുഭവിച്ചാലും വരുവാനുള്ള തേജസ്സിനോട് അതിനെ ഒരിക്കലും താരതമ്യം ചെയ്യുവാൻ സാധിക്കത്തില്ല.

# താഴ്മയുള്ളവർ ഉയർത്തപ്പെടും

*അതുകൊണ്ട് അവൻ തക്കസമയത്ത് നിങ്ങളെ ഉയർത്തുവാൻ ദൈവത്തിന്റെ ബലമുള്ള കൈക്കീഴ് താണിരിപ്പിൻ.*

— 1 പത്രൊസ്. 5:6

താഴ്മ ധരിക്കേണ്ടവർക്ക് ഒരു നല്ല ദൃഷ്ടാന്തമാണ്. അപ്പോസ്തലനായ പത്രൊസ് മത്തായി സുവിശേഷം 26:31–35 വരെയുള്ള വാക്യങ്ങളിൽ വായിക്കുന്നത് തന്നെക്കുറിച്ച് വളരെ അഭിമാനപരമായി ചിന്തിക്കുന്ന പത്രൊസിനെയാണ്. ഇവിടെ കർത്താവ് പറയുന്നത് തന്റെ ക്രൂശീകരണത്തോട് ബന്ധപ്പെട്ട് ശിഷ്യന്മാരെല്ലാം തങ്കൽ ഇടറും എന്നാണ്. എന്നാൽ 33-ാം വാക്യത്തിൽ പത്രൊസ് പറയുന്നത് എല്ലാവരും ഇടറിയാലും താൻ ഇടറുകയില്ല എന്നാണ്. യേശുവിന്റെ മറുപടി പത്രൊസെ ഈ രാത്രി മുഴുവനും കഴിയും മുമ്പെ (കോഴി കൂകുംമുമ്പെ) നീയെന്നെ മൂന്നുവട്ടം തള്ളിപ്പറയും എന്നായിരുന്നു. അത് സംഭവിക്കുകയും ചെയ്തു. ഒരു പക്ഷെ പത്രൊസ് അത്രത്തോളം ചിന്തിച്ചുപോലും കാണത്തില്ല. നമ്മിൽ പലരും ഇതുപോലെയാണ്. മറ്റുള്ളവരെ നാം കുറ്റം വിധിക്കുമ്പോൾ നമുക്ക് അങ്ങനെയൊന്നും സംഭവിക്കത്തില്ല എന്ന് നാം ചിന്തിക്കാറുണ്ട്. എന്നാൽ പിന്നീട് അവരോട് സമാനമായതോ അതിലും വലിയതോ ആയ പല തെറ്റുകളും നാം ചെയ്തെന്നു വരാം.

ദൈവശക്തി തന്റെ ജീവിതത്തിൽ അനുഭവിച്ചറിയുന്നതിനു മുമ്പെ പത്രൊസിന്റെ ജീവിതത്തിൽ തന്റെ ബലഹീനത അനുഭവിച്ചറിയേണ്ടത് ആവശ്യമായിരുന്നു. യേശുവിനെ മൂന്നുവട്ടം തള്ളിപ്പറയുന്നതോടുകൂടി പത്രൊസ് ജീവിതത്തിലെ പൂർണ്ണപരാജയം തിരിച്ചറിഞ്ഞു. എന്നാൽ അതിന്റെ ഫലമായി തന്നിൽ ഉണ്ടായ മാറ്റം അത്ഭുതാവഹമാണ്. തന്നെത്താൻ താഴ്ത്തുവാനും അതുവഴി ദൈവത്തിന് തന്നെ പൂർണ്ണമായും ഉപയോഗിക്കാവാനും തക്കവണ്ണം പത്രൊസ് പാകപ്പെട്ടു. ഇതുപോലെതന്നെ തന്നെത്താൻ താഴ്ത്തുന്നവരാണ് ഉയർത്തപ്പെടുന്നത്.

# "മതബന്ധം ഹിംസിക്കുന്നു. വ്യക്തിബന്ധം രക്ഷിക്കുന്നു"

*അവൻ ഞങ്ങളെ പുതിയ നിയമത്തിന്റെ ശുശ്രൂഷകന്മാർ ആകുവാൻ പ്രാപ്തരാക്കി, അക്ഷരത്തിന്റെ ശുശ്രൂഷകന്മാരല്ല, ആത്മാവിന്റെ ശുശ്രൂഷകന്മാരത്രെ. അക്ഷരം കൊല്ലുന്നു; ആത്മാവോ ജീവിപ്പിക്കുന്നു.*

— 2 കൊരിന്ത്യർ. 3:6

മതം പലപ്പോഴും മനുഷ്യരെ കൊല്ലുന്നു. ദൈവവുമായിട്ട് വ്യക്തിപരമായ ബന്ധം ആഗ്രഹിക്കുന്ന ധാരാളം ആളുകളുണ്ട്. എന്നാൽ മതത്തിന്റെ വക്താക്കൾ അവരുടെ തലയിൽ അനാവശ്യമായ നിയമത്തിന്റെയും ചട്ടത്തിന്റെയും ചുമടുകൾ കെട്ടിവയ്ക്കുകയും അവരെ നിരുത്സാഹപ്പെടുത്തുകയും ചെയ്യുന്നു. യേശുക്രിസ്തു പിതാവുമായിട്ടുള്ള തന്റെ വ്യക്തിബന്ധത്തെക്കുറിച്ച് പറഞ്ഞപ്പോൾ അന്നത്തെ മതത്തിന്റെ ആളുകൾ യേശുവിനെ പീഡിപ്പിക്കുകയാണ് ചെയ്തത്. സത്യത്തിൽ ദൈവവുമായിട്ട് ബന്ധമുണ്ടെന്നും അവന്റെ ശക്തി അനുഭവിക്കുന്നുവെന്നും പറയുന്ന മനുഷ്യരെ ഇന്നും മതത്തിന്റെ ആളുകൾ ഉപദ്രവിക്കുകയാണ് ചെയ്യുന്നത്. പിശാച് എപ്പോഴും ദൈവത്തോട് ബന്ധമുള്ളവരെ ഉപദ്രവിക്കുന്നു എന്നത് വാസ്തവമാണ്. ദൈവത്തെ അറിയുന്നു എന്ന് പറയുന്നവർ എക്കാലത്തെയുംപോലെ ഇപ്പോഴും മതത്തിന്റെ ശത്രുക്കളായിത്തീരും.

മതം ദൈവത്തെ സാധാരണ മനുഷ്യരിൽ നിന്ന് വളരെ അകറ്റി നിർത്തുകയും, ഒരു പ്രത്യേക കൂട്ടം ആളുകൾക്ക് (പ്രധാനികൾക്ക്) അതായത് നിയമങ്ങളും ചട്ടങ്ങളും അപ്പടി പാലിക്കുന്നവർക്ക് മാത്രമെ ദൈവത്തോട് അടുക്കുവാൻ കഴിയൂ എന്ന് പഠിപ്പിക്കുകയും ചെയ്യുന്നു.

യേശുക്രിസ്തുവിന്റെ കാലത്തുണ്ടായിരുന്ന ഈ മതവികാരം ഇന്നും ജനങ്ങളെ ദൈവത്തിൽ നിന്ന് അകറ്റുന്നതാണ്. യേശുക്രിസ്തു മരിച്ചത് സകല മനുഷ്യർക്കും ദൈവവുമായിട്ടുള്ള വ്യക്തിബന്ധം ഉണ്ടാക്കുവാനാണ്. എന്നാൽ മതഭക്തന്മാർ ഇന്ന് ഈ ബന്ധം പരിമിതപ്പെടുത്തുന്നു. മതം പറയുന്നത് ഒന്നുകിൽ നിയമം പാലിക്കുക അല്ലെങ്കിൽ ശിക്ഷ സ്വീകരിക്കുക എന്നാണ്. എന്നാൽ വ്യക്തിബന്ധം (ദൈവവുമായുള്ള) പറയുന്നത്, നിങ്ങളെത്തന്നെ സ്നേഹിക്കുന്നതിനാൽ, പരമാവധി ചെയ്യുക, ഞാൻ നിങ്ങളുടെ ഹൃദയം അറിയുന്നു. തെറ്റു സമ്മതിക്കുക, മാനസാന്തരപ്പെടുക എന്നോടുള്ള സ്നേഹത്തിൽ തുടരുക എന്നാണ്.

# "വ്യായാമം"

*ഏതു ശിക്ഷയും തൽക്കാലം സന്തോഷകരമല്ല, ദു:ഖകരമത്രെ എന്നു തോന്നും, പിന്നെത്തേതിലോ അതിനാൽ അഭ്യാസം വന്നവർക്ക് നീതി എന്ന സമാധാന ഫലം ലഭിക്കും.*

— എബ്രായ. 12:11

മനുഷ്യരെല്ലാവരും വ്യായാമം (അഭ്യാസം) ചെയ്യേണ്ടവരാണ്. നമ്മുടെ ശരീരം സന്ധികളാലാണ് ബന്ധിപ്പിച്ചിരിക്കുന്നത്. ആയതിനാൽ ഇതിനെ പലപ്പോഴും ചലിപ്പിക്കേണ്ടതാണ്. നോഹയുടെ ദിനചര്യകളെക്കുറിച്ചോ മോശെയുടെ വിനോദങ്ങളെക്കുറിച്ചോ കൂടുതലൊന്നും നാം തിരുവചനത്തിൽ വായിക്കുന്നില്ല. അവരൊന്നും വ്യായാമം ചെയ്തിരുന്നില്ല എന്ന്, ഇത് അർത്ഥമാക്കുന്നില്ല. അവർ ചെയ്തിരുന്നതെല്ലാം, ശാരിരികമായി അവർക്ക് വ്യായാമം നല്കുന്ന ജോലികളായിരുന്നു. വാഹനങ്ങളും, ഇന്നുള്ള സൗകര്യങ്ങളൊന്നും ഉണ്ടാകുന്നതിന് മുമ്പ് മനുഷ്യർ നടന്നാണ് യാത്ര ചെയ്തിരുന്നത്. എന്തെങ്കിലും കൊണ്ടുപോയിരിന്നത് തല ചുമടായി മാത്രമായിരുന്നു. തുണി അലക്കുവാൻ, വിറകു കീറുവാൻ, ധാന്യം പൊടിക്കുവാൻ എല്ലാ ശാരീരിക അധ്വാനം ആവശ്യമായിരുന്നു. ഇങ്ങനെയുള്ള ശാരീരിക അദ്ധ്വാനവും വ്യായാമവുമായിരിക്കാം അവരൊക്കെ ദീർഘകാലം ജീവിച്ചിരുന്നതിന്റെ ഒരു കാരണം. യേശുക്രിസ്തുവിനെ വേണമെങ്കിൽ ഏറ്റവും നല്ല നടപ്പുകാരൻ എന്ന് വിശേഷിപ്പിക്കാം. തന്റെ പിതൃനഗരമായ ഗലീലയിൽ നിന്ന് യെരുശലേം വരെയുള്ള 120 മൈൽ ദൂരം യേശു എപ്പോഴും നടന്നായിരുന്നു പോയിരുന്നത്. തന്റെ ശുശ്രൂഷയുടെ കാലങ്ങളിൽ യേശു ഇങ്ങനെ ആയിരക്കണക്കിന് മൈലുകൾ സഞ്ചരിച്ചിരുന്നിരിക്കാം. യേശുവിന്റെ കാലത്ത് പത്തു മൈൽ യാത്ര ചെയ്യുക എന്നതായിരുന്നു ഏറ്റവും കുറഞ്ഞ ദൂരം. അവരിത് നിത്യേന ചെയ്തിരുന്നതിനാൽ അവരെല്ലാം ആരോഗ്യദൃഡഗാത്രരായിരുന്നു. ദൈനംദിനമുള്ള വ്യായാമം നമ്മളെ ആരോഗ്യമുള്ളവരും സൗന്ദര്യമുള്ളവരുമാക്കി തീർക്കും, അനാവശ്യമായ രോഗങ്ങളിൽ നിന്നും ഇത് നമ്മളെ സംരക്ഷിക്കും. ഹൃദയസംബന്ധമായ രോഗങ്ങൾ, സ്തംഭനം, പ്രമേഹം, ക്യാൻസർ, അകാല വാർദ്ധക്യം, സന്ധിവീക്കം, ക്ഷയരോഗം, വിഷാദം, വായുസംബന്ധമായ അസുഖങ്ങൾ ഇവക്കെല്ലാം പരിഹാരം വ്യായാമം തന്നെയാണ്.

# നിങ്ങളുടെ ഭാവി കർത്താവിന്റെ കരങ്ങളിലാണ്

*ദരിദ്രന്മാരോട് സുവിശേഷം അറിയിപ്പാൻ കർത്താവ് എന്നെ അഭിഷേകം ചെയ്കയാൽ അവന്റെ ആത്മാവ് എന്റെമേൽ ഉണ്ട്. ബന്ധന്മാർക്ക് വിടുതലും, കുരുടന്മാർക്ക് കാഴ്ചയും, പ്രസംഗിപ്പാനും പീഡിതന്മാരെ വിടുവിച്ചയപ്പാനും കർത്താവിന്റെ പ്രസാദവർഷം പ്രസംഗിപ്പാനും എന്നെ അയച്ചിരിക്കുന്നു.*

— ലൂക്കോസ്. 4:18,19

ഞാൻ വളർന്നത് വളരെ ഉപദ്രവവും, പീഡനവും നിറഞ്ഞ അന്തരീക്ഷത്തിലാണ്. എന്റെ കുട്ടിക്കാലം, ഭയവും, പീഡനവും നിറഞ്ഞതായിരുന്നു. വിദഗ്ധന്മാർ പറയുന്നത് ഒരു മനുഷ്യന്റെ സ്വഭാവരൂപീകരണം നടക്കുന്നത് ആദ്യത്തെ അഞ്ച് വർഷത്തിലുള്ളിലാണെന്നാണ്. എന്റെ വ്യക്തിത്വം വളരെ കുഴഞ്ഞു മറിഞ്ഞതായിരുന്നു. ഞാൻ വളർന്നത് ഭയത്തിന്റെ മതിൽക്കെട്ടിനുള്ളിലായിരുന്നു. എല്ലാവരും എന്നെ ഉപദ്രവിക്കും എന്ന ഭയം. എന്നെ അങ്ങിനെ ജീവിക്കുവാൻ പ്രേരിപ്പിച്ചു, പുറത്തുള്ളവരുമായി ഞാൻ ബന്ധപ്പെടാറെ ഇല്ലായിരുന്നു.

കർത്താവിനുവേണ്ടി ജീവിക്കുവാൻ തുടങ്ങിയപ്പോൾ ഞാൻ ഒരു യൗവ്വനക്കാരിയായിരുന്നു. ഞാൻ എവിടെനിന്നാണ് വന്നതെന്ന് എനിക്ക് ബോധ്യമുണ്ടായിരുന്നു. എന്നാൽ എവിടേക്കാണ് പോകുന്നത്, ഞാൻ ഭാവിയിൽ എന്തായിത്തീരും എന്നതിനെക്കുറിച്ച് എനിക്കൊരു ധാരണയും ഉണ്ടായിരുന്നില്ല. എന്റെ ഭൂതകാല അനുഭവങ്ങൾ എന്റെ ഭാവിയെ സാരമായി ബാധിക്കുമെന്ന് ഞാൻ വിചാരിച്ചിരുന്നു. വളരെ തിക്താനുഭവങ്ങൾ നിറഞ്ഞ എന്റെ ഭൂതകാലം ഒരു നല്ല ഭാവികാലത്തിന് എപ്പോഴും തടസ്സമായിരിക്കുമെന്ന് ഞാൻ കരുതി. എന്നാൽ യേശു പറയുന്നത് ശ്രദ്ധിക്കുക “ബദ്ധന്മാർക്ക് വിടുതലും, കുരുടന്മാർക്ക് കാഴ്ചയും, പീഡിതർക്ക് സ്വാതന്ത്ര്യവും പ്രസംഗിപ്പാനാണ് ഞാൻ വന്നത്.” എനിക്ക് സ്വാതന്ത്ര്യമുണ്ട് എന്ന് ഞാൻ വിശ്വസിക്കുന്നതുവരെയും എന്റെ അവസ്ഥയ്ക്ക് ഒരു മാറ്റവും വന്നിരുന്നില്ല. എന്റെ ജീവിതത്തെക്കുറിച്ച് എനിക്ക് വളരെ ക്രിയാത്മകമായ ഒരു കാഴ്ചപ്പാടാണ് വേണ്ടിയിരുന്നത്. എന്റെ ഭാവി തീരുമാനിക്കുന്നത്, എന്റെ ഭൂതകാലമോ എന്റെ വർത്തമാനകാലമോ അല്ല എന്നു ഞാൻ വിശ്വസിക്കണമായിരുന്നു.

നിങ്ങൾക്കും വളരെ ദുഷ്കരമായ ഒരു ഭൂതകാലമായിരിക്കാം ഉള്ളത്. ജീവിതത്തിൽ യാതൊരു പ്രതീക്ഷയും ഇല്ല എന്നു നിങ്ങൾക്ക് തോന്നാം എന്നാൽ ഞാൻ ധൈര്യത്തോടെ പറയട്ടെ എന്റെ ജീവിതത്തെ മാറ്റിയവൻ നിങ്ങളുടെ ജീവിതത്തെയും മാറ്റുവാൻ പ്രാപ്തനാണ്. ഓർക്കുക നമ്മുടെ ഭാവി തീരുമാനിക്കുന്നത് ഭൂതകാലമോ വർത്തമാനകാലമോ അല്ല.

# വെളിച്ചത്തെ ഭയപ്പെടരുത്

*ദൈവം വെളിച്ചമാകുന്നു. അവനിൽ ഇരുട്ട് ഒട്ടും ഇല്ല എന്നുള്ളത് ഞങ്ങൾ അവനോടു കേട്ട് നിങ്ങളോട് അറിയിക്കുന്ന ദൂതാകുന്നു.*

— 1 യോഹന്നാൻ. 1:5

ദൈവത്തിന്റെ വെളിച്ചം മറഞ്ഞിരിക്കുന്നതിനെ വെളിപ്പെടുത്തുന്നതാണ് (യോഹന്നാൻ. 3:20, 1 കൊരിന്ത്യർ 4:5, വായിക്കുക). ഒരു മുറിയിൽ ലൈറ്റിട്ടു കഴിയുമ്പോൾ അതിലെ എല്ലാ ചെളിയും, പ്രാണികളും എല്ലാം ദൃശ്യമാകും. ദൈവം വെളിച്ചമാണ്. അവൻ നമ്മിൽ പ്രകാശിക്കുമ്പോൾ, മറഞ്ഞിരിക്കുന്ന കാര്യങ്ങൾ, നാം ഒഴിവാക്കേണ്ട കാര്യങ്ങൾ എല്ലാം അവൻ വെളിവാക്കും.

പലപ്പോഴും നാം വഞ്ചിക്കപ്പെടുകയാണ്. നമ്മുടെ തെറ്റുകളെ പുറത്തു കൊണ്ടുവരുന്നത് നമുക്ക് പലപ്പോഴും ഇഷ്ടപ്പെടാറില്ല. അവയെക്കുറിച്ച് സംസാരിക്കുന്നതും നമുക്ക് ഇഷ്ടമില്ല. നാം മറച്ചുവച്ചിരിക്കുന്ന ഏതിനും നമ്മുടെമേൽ ആധിപത്യമുണ്ട്. കാരണം അവയെ വെളിവാക്കുവാൻ നാം ഭയപ്പെടുന്നു എന്നതാണ്. നമുക്ക് ചെയ്യുവാൻ പറ്റുന്ന ഏറ്റവും നല്ല കാര്യം നമ്മുടെ രഹസ്യങ്ങളെയും, മറഞ്ഞിരിക്കുന്ന ആശങ്കകളെയും ദൈവത്തിന്റെ വെളിച്ചത്തിനു മുമ്പാകെ കൊണ്ടുവരിക മാത്രമാണ്. അങ്ങനെ വെളിച്ചത്തെക്കുറിച്ച് പേടിച്ച് മറഞ്ഞിരിക്കാതെ വെളിച്ചത്തിലേക്ക് വന്ന് ദൈവത്തിനായി ജീവിക്കുക.

# നിങ്ങളുടെ ഉത്തരവാദിത്വത്തെക്കുറിച്ച് ബോധവാന്മാരാകുക

*ജീവികളെയും മരിച്ചവരെയും ന്യായം വിധിപ്പാൻ ഒരുങ്ങിയിരിക്കുന്നവനു അവർ കണക്കു ബോധിപ്പിക്കേണ്ടി വരും.* — 1 പത്രൊസ്. 4:5

ഞാൻ നേരത്തെ ജോലി ചെയ്ത സ്ഥാപനത്തിലെ ഉദ്യോഗസ്ഥൻ എന്നെ വളരെ സമയം ജോലി ചെയ്യിച്ചിരുന്നു. അതുമൂലം എന്റെ കുടുംബത്തോടൊപ്പം വളരെ കുറച്ചു സമയങ്ങൾ മാത്രമാണ് എനിക്ക് ചിലവഴിക്കുവാൻ സാധിച്ചത്. ഞാനെത്ര ജോലി ചെയ്താലും ഒരു നല്ല വാക്കുപോലും അയാൾ പറയില്ലായിരുന്നു. എപ്പോഴും ചെയ്തത് പോരാ എന്നായിരുന്നു അദ്ദേഹത്തിന്റെ നിലപാട്. ചെറിയ കാര്യത്തിനുപോലും അയാൾ വളരെ കോപിക്കുമായിരുന്നു. ഞാനിതിനെ കുറിച്ച് ദൈവസന്നിധിയിൽ പ്രാർത്ഥിച്ചപ്പോൾ എനിക്ക് ലഭിച്ച ഉത്തരം ഇങ്ങനെയായിരുന്നു. "നിന്റെ യജമാനൻ ചെയ്യുന്നത് തെറ്റാണ്, അതുപോലെ ഇതിനെക്കുറിച്ച് പ്രതികരിക്കുന്നത് നിന്റെ കുറ്റവും ആണ്." ഈ ഉത്തരം എനിക്ക് കഠിനമായി തോന്നും കാരണം ഞാൻ വിചാരിച്ചത് എന്റെ അധൈര്യത്തിന് പകരം ഞാൻ മറ്റുള്ളവരെ പഴിക്കുവാനാണ് തുനിഞ്ഞത്. പ്രതികരിക്കുവാനുള്ള ഭയംകൊണ്ട് ഞാൻ അഞ്ചു വർഷത്തോളം പലതും സഹിച്ച് ആ ജോലിയിൽ തുടർന്നു. പിന്നീട് ഞാൻ ചിന്തിച്ചു ഞാൻ മനുഷ്യരെ പ്രസാദിപ്പിക്കുന്നവളാണോ? അതോ ഒരു ഭീരുവാണോ? അവസാനം ചിന്തിച്ച് ചിന്തിച്ച് ഞാനൊരു രോഗിയായി തീർന്നു. എന്റെ പ്രശ്നം ആ ഉദ്യോഗസ്ഥൻ അല്ലായിരുന്നു പ്രശ്നം ഞാൻ തന്നെയായിരുന്നു.

നിങ്ങളുടെ ജീവിതത്തിന്റെ പരമപ്രധാനമായ ഉത്തരവാദിത്വം ദൈവം നിങ്ങളെയാണ് ഏല്പിച്ചിരിക്കുന്നത്. അത് നിങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കുന്നില്ലെങ്കിൽ ജീവിതകാലം മുഴുവൻ നിങ്ങൾ ചെയ്യുന്ന എല്ലാ അബദ്ധങ്ങൾക്കും മറ്റുള്ളവരെ പഴിക്കേണ്ടിവരും. മാത്രമല്ല നിങ്ങൾക്ക് സ്വന്ത തീരുമാനങ്ങൾ ദൈവഹിതമായി നിങ്ങൾക്ക് തോന്നുകയും ചെയ്യും. ന്യായവിധി നാളിൽ നിങ്ങളുടെ ജീവിതത്തിന്റെ കണക്ക് ദൈവം മറ്റുള്ളവരോടല്ല മറിച്ച് നിങ്ങളോടാണ് ചോദിക്കുന്നത് (മത്തായി 12:36, 1 പത്രൊസ് 4:5). ന്യായവിധി നാളിൽ യേശു "എന്തുകൊണ്ടാണ് നീ എന്റെ കല്പനയനുസരിച്ച് ചുറ്റുപാടുള്ളവരോട് നീ സംസാരിക്കുന്നത് എന്ന് ചോദിച്ചാൽ നാം എന്തുത്തരം പറയും? ഞാൻ മനുഷ്യരെ പേടിച്ചതുകൊണ്ട് ഒന്നും ചെയ്യുവാൻ സാധിച്ചില്ല എന്ന് പറയാൻ സാധിക്കുമോ? അതോ എനിക്ക് വളരെ തിരക്കുണ്ടായിരുന്നെന്നും മനുഷ്യരെ പിടിക്കുവാൻ ഇഷ്ടമില്ലാത്തതുകൊണ്ട് ഞാനൊന്നും ചെയ്തില്ല എന്ന് പറയുമോ? ഇങ്ങിനെയുള്ള ഉത്തരങ്ങൾ ദൈവത്തിന് പ്രസാദകരമാകുമെന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ടോ?

# കേൾക്കുവാൻ സമയമെടുക്കുക

*"മിണ്ടാതിരുന്ന് ഞാൻ ദൈവമെന്ന് അറിഞ്ഞുകൊൾവിൻ"*

— സങ്കീർത്തനം 46:10

ദൈവത്തിൽ നിന്ന് കേൾക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ നാം പൂർണ്ണമായി ശ്രവിക്കേണ്ടതാണ്. നമുക്കിഷ്ടമുള്ള സമയത്തും, ഇഷ്ടമുള്ള കാര്യങ്ങളും മാത്രമല്ല, നാം ശ്രദ്ധിക്കേണ്ടത്. പ്രശ്ന പരിഹാരത്തിനു മാത്രമാണ് പലരും ദൈവസന്നിധിയിൽ വരുവാനാഗ്രഹിക്കുന്നത്. ജോലി ആവശ്യമുള്ളപ്പോൾ, അഭിവൃദ്ധി ആവശ്യമുള്ളപ്പോൾ, കുട്ടികളെ എങ്ങനെ കൈകാര്യം ചെയ്യണമെന്ന് അറിയുവാൻ ഇങ്ങനെയുള്ള സമയങ്ങളിൽ മാത്രം മനുഷ്യർ ദൈവവചനം ശ്രദ്ധിക്കുന്നത്.

നമ്മുടെ ആവശ്യങ്ങൾക്ക് മാത്രമല്ല എല്ലായ്പ്പോഴും ദൈവവചനം നാം കേൾക്കണം. ഇങ്ങനെ ശ്രദ്ധിക്കുന്നുവെങ്കിൽ അവൻ നമ്മളോട് സംസാരിച്ചുകൊണ്ടേ ഇരിക്കും. ശ്രദ്ധിക്കുക എന്നത് പലർക്കും പരിശീലനത്താൽ ഉണ്ടാക്കി എടുക്കേണ്ട കഴിവാണ്. ഞാനൊരു പ്രാസംഗികയാണ്. ആ കഴിവ് എനിക്കുണ്ട് എന്നാൽ നല്ല ഒരു കേൾവിക്കാരി ആകുവാൻ ഞാൻ പഠിക്കേണ്ടിയിരുന്നു. "മിണ്ടാതിരുന്ന് അഥവാ സ്വസ്ഥമായിരുന്നു ഞാൻ ദൈവം എന്ന് അറിഞ്ഞുകൊൾവിൻ" (സങ്കീ. 46:10) എന്നാണ് സങ്കീർത്തനക്കാരൻ പറയുന്നത്. നമ്മുടെ ശരീരത്തിൽ നല്ല ഊർജ്ജമുണ്ട് അത് നിങ്ങളെ അടങ്ങി ഇരിക്കാതെ എന്തെങ്കിലും ചെയ്തുകൊണ്ടിരിപ്പാൻ എപ്പോഴും ഉത്സാഹിപ്പിക്കും. എന്നാൽ ദൈവവചനം കേൾക്കണമെങ്കിൽ നാം സ്വസ്ഥരായിരുന്നേ മതിയാകൂ. ദൈവത്തോടു നാം എന്തെങ്കിലും യാചിക്കുമ്പോൾ ഉത്തരത്തിനായി സ്വസ്ഥമായി കാത്തിരിക്കണം. ഒരു പക്ഷെ അപ്പോൾത്തന്നെ ഉത്തരം ലഭിക്കാൻ സാദ്ധ്യതയില്ല. ദൈവം തന്റേതായ സമയത്താണ് പ്രവർത്തിക്കുന്നത്. എന്നാൽ ക്ഷമയോടെ നാം കാത്തിരിക്കുകയാണെങ്കിൽ ദൈവം കൃത്യസമയത്ത് തന്നെ നമ്മോട് സംസാരിക്കും.

# ഒരിക്കലും ചെറിയ സ്വപ്നങ്ങൾ കാണരുത്

*ജ്ഞാനംകൊണ്ട് ഭവനം പണിയുന്നു; വിവേകം കൊണ്ട് അത് സ്ഥിര മായി വരുന്നു. പരിജ്ഞാനംകൊണ്ട് അതിന്റെ മുറികളിൽ വിലയേറി യതും മനോഹരവുമായ സകല സമ്പത്തും നിറഞ്ഞുവരുന്നു.*

— സദൃശ്യവാക്യങ്ങൾ. 24:34

നിങ്ങൾക്ക് ഇന്നുള്ള അവസ്ഥയിൽ നിന്ന് വലിയൊരു സ്വപ്നം ഭാവിയെക്കുറിച്ച് ഉണ്ടെന്ന് ഞാൻ പ്രത്യാശിക്കുന്നു. "നാം ചോദിക്കുന്നതിലും നിനെക്കുന്നതിലും അത്യന്തംപരമായി നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നവന്" എന്നാണ് എഫെസ്യർ 3:20 - ൽ വായിക്കുന്ന ത്. നാം ഒന്നിനുവേണ്ടിയും അപേക്ഷിക്കുന്നില്ലെങ്കിൽ നമ്മെത്തന്നെ വഞ്ചി ക്കുകയാണ് ചെയ്യുന്നത്. നമ്മൾ വലുതായി ചിന്തിക്കുകയും, വലിയ കാര്യ ങ്ങളെ ആശിക്കുകയും, വലിയ കാര്യങ്ങളെ ചോദിക്കുകയും ചെയ്യേണ്ടതാ ണ്. ഞാനെപ്പോഴും പറയുന്നത് "ചെറിയ കാര്യങ്ങളെ ചോദിച്ചിട്ട് അത് മുഴു വനും കിട്ടുന്നതിലുപരി വലിയ കാര്യങ്ങളെ ചോദിച്ചിട്ട് അതിന്റെ പകുതി കിട്ടുന്നതാണ് നല്ലത്" എന്നാണ്.

ജ്ഞാനംക്കൊണ്ടാണ് ഭവനം പണിയുന്നതെന്നും വിവേകത്താലാണ് അത് സ്ഥിരമായി വരുന്നതെന്നും മനസ്സിലാകാതെ ഒരുവൻ വലിയ സ്വപ്നങ്ങൾ കണ്ടാൽ അവൻ ഒരു ഭോഷനാണ്. ഭാവിയെക്കുറിച്ചുള്ള സ്വപ്നങ്ങൾ സാദ്ധ്യ തകളാണ്. എന്നാൽ അത് യാഥാർത്ഥ്യമാകണമെങ്കിൽ നാം നമ്മുടെ ഭാഗം ചെയ്യേണ്ടത് ആവശ്യമാണ്. ഒളിമ്പിക്സിൽ സ്വർണ്ണം നേടുക ഒരു യുവാവി നെക്കുറിച്ച് ചിന്തിക്കുകയാണെങ്കിൽ നമുക്ക് മനസ്സിലാകുന്നത് പെട്ടൊന്നൊരു സന്ദർഭത്തിൽ അവന് അത് ലഭിച്ചതല്ല, കഠിന പരിശ്രമമാണ് അവനെ അവിടെ എത്തിച്ചത്. ഒരു പക്ഷെ അവൻ കഠിനമായി പരിശ്രമിച്ചപ്പോൾ അവന്റെ കൂട്ടു കാർ കളിച്ചുകൊണ്ടിരിക്കുകയായിരിക്കാം. അവരോടൊപ്പം ഉല്ലസിക്കുവാ നുള്ള സമയം അവന് നഷ്ടമായെങ്കിലും ഭാവിയിൽ സന്തോഷിക്കുവാൻ വകയുണ്ട്. ഈ കൂട്ടുകാരെപ്പോലെ പലരും താല്ക്കാലികവും പെട്ടെന്നു കിട്ടു ന്നതുമായ കാര്യങ്ങൾക്കുവേണ്ടി ആഗ്രഹിക്കുന്നവരാണ്. അവർക്ക് എല്ലാം ഇപ്പോൾ തന്നെ കിട്ടണം. ഇങ്ങനെയുള്ളവർക്ക് ഭാവിയെക്കുറിച്ച് ചിന്തയി ല്ലാത്തവരും ഹൃസ്വദൃഷ്ടിയുള്ളവരുമാണ്. അവരുടെ സ്വപ്നങ്ങൾ വളരെ ചെറുതായിരിക്കും. മത്സരത്തിൽ ഉല്ലാസത്തിനു വേണ്ടിയല്ല. വിജയം ലക്ഷ്യ മാക്കി വേണം നാം ഇറങ്ങുവാൻ. (1 കൊരിന്ത്യർ 9:24-25)

എല്ലാ ജീവിതത്തിലും ഒരു സ്വർണ്ണഖനി ഉളിഞ്ഞുകിടപ്പുണ്ട്. ആഴത്തി ലേക്ക് ഇറങ്ങുന്നവർക്കേ അതു ലഭിക്കൂ. ആത്മാവിന്റെ ആഴങ്ങളിലേക്ക് നാം പോയാൽ തീർച്ചയായും നമുക്കൊരിക്കലും ലഭിക്കത്തില്ല എന്ന് നാം വിചാ രിച്ച വിജയവും ശക്തിയും തീർച്ചയായും ലഭിക്കും.

# നമ്മുടെ ദൈവമായ യഹോവ ഏകനാണ്

*യഹോവ നമ്മുടെ ദൈവമാകുന്നു യഹോവ ഏകൻ തന്നെ.*

— ആവർത്തനം. 6:4

പഴയനിയമത്തിൽ യഹോവയായ ദൈവം ഏകനാണെന്ന് യിസ്രായേൽമക്കൾ എപ്പോഴും പറഞ്ഞിരുന്നു. എന്തുകൊണ്ടാണ് ഏകൻ എന്നതിന് അവർ വളരെ പ്രാധാന്യം കൊടുത്തിരുന്നത്. ഞാനിതിനെക്കുറിച്ച് അത്ഭുതപ്പെട്ടിട്ടുണ്ട്. പിന്നീടാണ് എനിക്കു മനസ്സിലായത്, ജാതികൾക്ക് എല്ലാറ്റിനും ഓരോ ദൈവങ്ങളുണ്ടായിരുന്നുവെന്ന് – ഒരു കുഞ്ഞുണ്ടാകുവാൻ പ്രത്യുത്പാദനത്തിന്റ ദേവനോടും, കാർഷിക അഭിവൃദ്ധിയുണ്ടാകുവാൻ കൊയ്ത്തിന്റെ ദേവനോടും, അവർ പ്രാർത്ഥിച്ചിരുന്നു. ഓരോ ദേവനോടുമുള്ള പ്രാർത്ഥന, യാഗങ്ങൾ, എന്നിവ വ്യത്യസ്തമായിരുന്നു. അതുപോലെ, സൗഖ്യം, സമ്പത്ത്, സമാധാനം, അങ്ങനെ എല്ലാറ്റിനും അവർക്ക് വേറെ ദേവന്മാരുണ്ട്. ജീവിതകാലംമുഴുവനും വിവിധ ദേവൻന്മാരുടെ അടുക്കൽ അവർ ഓടിനടന്നിരിക്കാം.

ഇവിടെയാണ് ഏകനായ യഹോവയായ ദൈവത്തിന്റെ മഹത്വം നാം മനസ്സിലാക്കേണ്ടത്, മനുഷ്യന് ആവശ്യമായതെന്തും തരുവാൻ അവൻ മതിയായവനാണ്. ആയതിനാൽ അവനിൽ മാത്രം നാം ആശ്രയിക്കണം.

ഏകൻ എന്ന വാക്കിന്റെ അർത്ഥം, കൂടിക്കലരാത്തത്, ശുദ്ധം, തനിയെയുള്ളത് എന്നൊക്കെയാണ്. എനിക്ക് ആവശ്യമുള്ളപ്പോഴൊക്കെ ഞാൻ ഈ ഏകനായ ദൈവത്തിന്റെ അടുക്കൽ പോകും. സമാധാനം, നീതി, പ്രത്യാശ, സൗഖ്യം, സാമ്പത്തികം, സഹായം അങ്ങനെ എന്തെല്ലാം ആവശ്യമാണോ ഞാൻ പോകുന്നത് ഏകസത്യ ദൈവമായ യഹോവയുടെ അരികിലേക്കാണ്.

# "നിങ്ങളുടെ ശത്രുക്കളെ അനുഗ്രഹിക്കുക"

*നിങ്ങളെ ശപിക്കുന്നവരെ അനുഗ്രഹിപ്പിൻ, നിങ്ങളെ ദുഷിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിപ്പിൻ നിന്നെ ഒരു ചെകിട്ടത്തു അടിക്കുന്നവന്നു മറ്റേതും കാണിച്ചുകൊടുക്കുക. നിന്റെ പുതപ്പു എടുത്തു കളയുന്നവനു വസ്ത്രവും തടുക്കരുത്*

— ലൂക്കോസ്. 6:28,29

മറ്റുള്ളവർ നമ്മെ ഉപദ്രവിക്കുമ്പോൾ നാം എന്തു ചെയ്യേണം എന്ന് യേശു വളരെ വ്യക്തമായിട്ടാണ് പറഞ്ഞിരിക്കുന്നത്. നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കുകയും ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുവിൻ (മത്തായി. 5:44). ശപിക്കുന്നവരെ അനുഗ്രഹിപ്പിൻ (ലൂക്കോസ്. 6:28).

ഞാൻ കണ്ടുമുട്ടിയതും ശുശ്രൂഷിച്ചതുമായ പലരും എന്നോട് പറഞ്ഞത്, ശത്രുക്കളോട് ക്ഷമിക്കുവാൻ അവർക്കു ആഗ്രഹമുണ്ട് എന്നാലും അങ്ങിനെ ചെയ്യുവാൻ സാധിക്കുന്നില്ല എന്നാണ്. ഞാനിതിനെക്കുറിച്ച് ദൈവത്തോട് ചോദിച്ചപ്പോൾ എനിക്ക് കിട്ടിയ മറുപടി. അവർ ക്ഷമയെക്കുറിച്ചുള്ള തിരുവചനങ്ങൾ പൂർണ്ണമായി അനുസരിക്കാത്തത്കൊണ്ടാണ് അങ്ങനെ സംഭവിക്കുന്നത് എന്നായിരുന്നു. പിന്നീട് ശത്രുക്കളെയോർത്ത് പ്രാർത്ഥിക്കുന്നതിനുള്ള, അവരെ അനുഗ്രഹിക്കുന്നതിനുള്ള ധാരാളം വചനങ്ങളിലേക്ക് എന്നെ നയിച്ചു. ശത്രുക്കളോട് ക്ഷമിച്ചതായിട്ട് പലരും പറയാറുണ്ടെങ്കിലും അവർക്ക് വേണ്ടി പ്രാർത്ഥിക്കുന്നതിൽ അവർ പരാജയപ്പെടുകയാണ് ചെയ്യുന്നത്.

നമ്മളെ എതിർക്കുന്നവരോട് കരുണ കാണിക്കവാനാണ് നമ്മൾ പ്രാർത്ഥിക്കേണ്ടത്. നാം കരുണ കാണിച്ചാൽ നമുക്കും കരുണ ലഭിക്കും എന്നോർക്കുക (ഗലാത്യർ. 6:7). നമ്മോട് ദ്രോഹം ചെയ്തവരോട് ക്ഷമിക്കുകയും അവർക്കുവേണ്ടി നമ്മൾ പ്രാർത്ഥിക്കുകയും ചെയ്യുമ്പോൾ അവർക്ക് മാനസാന്തരം ഉണ്ടാകുവാനും തെറ്റുകൾ മനസ്സിലാക്കുവാനും ഇടയാകും. എന്നാൽ നാം പ്രാർത്ഥിക്കുന്നില്ലെങ്കിൽ അവർ ആ അവസ്ഥയിൽ തന്നെ ഇരിക്കാനാണ് സാദ്ധ്യത. ശപിക്കാതെ അനുഗ്രഹിക്കുക എന്നുള്ളത് ക്ഷമിക്കുവാനുള്ളതിന്റെ പ്രധാന ഭാഗമാണ്. നിങ്ങൾ ശത്രുക്കൾക്കുവേണ്ടി പ്രാർത്ഥിക്കുവാനും, അവരെ അനുഗ്രഹിക്കുവാനും, ആഗ്രഹിക്കുമ്പോൾ തിന്മയോടു തോല്ക്കാതെ നന്മയാൽ തിന്മയെ ജയിക്കുക എന്ന വചനം നിവൃത്തിയാകുകയാണ്. (റോമർ. 12:21)

# എന്തിനിത്ര തിടുക്കം

*എല്ലാറ്റിനും ഒരു സമയമുണ്ട്. ആകാശത്തിൻ കീഴുള്ള സകല കാര്യത്തിനും ഒരു കാലമുണ്ട്.*

— സഭാപ്രസംഗി. 3:1

ലോകം മുഴുവനും ഇന്ന് തിരക്കിലാണ്. തങ്ങളെവിടേക്കു പോകുന്നു എന്നു പോലും പലർക്കും അറിയത്തില്ല. ഇപ്രകാരമുള്ള തിരക്കുപിടിച്ച ഓട്ടം, ജീവിതത്തിൽ പലതും നഷ്ടമാക്കും. നാം ജീവിതം ആസ്വദിപ്പാൻ ആഗ്രഹിക്കുന്നുവെങ്കിൽ, സമാധാനം വേണമെങ്കിൽ, ഈ ഓട്ടം നിർത്തേണ്ടതാവശ്യമാണ്. തങ്ങൾക്ക് ഒരു പ്രയോജനമില്ലാത്തതും അർത്ഥമില്ലാത്ത കാര്യങ്ങൾക്കു വേണ്ടിയാണ് മിക്കവരും ഓടിക്കൊണ്ടിരിക്കുന്നത്. 21-ാം നൂറ്റാണ്ടിന്റെ അടയാളം തന്നെ തിടുക്കം (ധൃതി) എന്നായിക്കഴിഞ്ഞിരിക്കുന്നു. ഇന്ന് ഒരു പകർച്ചവ്യാധി പോലെ മിക്കവരെയും ബാധിച്ചുകൊണ്ടിരിക്കുന്നു. ധൃതിപിടിച്ചുള്ള ഈ പോക്ക് നമ്മെ അവസാനം ഇത് സമാധാനത്തിലാക്കാൻ സാധിക്കാത്ത അവസ്ഥയിലെത്തിക്കും.

എന്റെ ജീവിതത്തിൽ ഒരു വിശ്രമവുമില്ലാതെ പ്രവർത്തിച്ച നാളുകൾ ഞാനോർക്കുന്നു. അന്നൊക്കെ എനിക്ക് അവധിക്കാലങ്ങൾ പോലും വിശ്രമിക്കുവാൻ സാധിക്കത്തില്ലായിരുന്നു. എന്റെ തിരക്ക് പലപ്പോഴും എന്റെ സമാധാനം നശിപ്പിച്ചുകൊണ്ടിരുന്നു. ജീവിതം വിലപ്പെട്ടതാണ് അത് ആസ്വദിക്കാതെ തിരക്കിട്ടു പോകുന്നവർക്ക് ദിവസങ്ങൾ വെറുതെ കൊഴിഞ്ഞുപോകുന്നതുപോലെ തോന്നും. എന്റെ തിരക്ക് കാരണം ഓരോ ദിവസം കഴിയുമ്പോഴും ചെയ്തു തീർക്കുവാനുള്ള ഒരു വലിയ ഭാരം എന്നെ അലട്ടിക്കൊണ്ടിരുന്നു, ആ ദിവസങ്ങളൊന്നും തന്നെ എനിക്ക് ആസ്വദിക്കുവാൻ കഴിഞ്ഞിരുന്നില്ല.

ഒടുവിൽ ദൈവത്തിന്റെ താളത്തിനൊത്ത് കാര്യങ്ങളെ ചെയ്യുവാൻ ഞാൻ പഠിച്ചു. യേശു ഈ ഭൂമിയിലായിരുന്നപ്പോൾ തിടുക്കത്തിൽ ഒന്നും ചെയ്തില്ല. ദൈവവും ഒരിക്കലും ഒരു തിടുക്കക്കാരനല്ല. അതെ, ആകാശത്തിൻ കീഴിൽ എല്ലാറ്റിനും ദൈവം ഒരു സമയം വെച്ചിട്ടുണ്ട് (സഭാപ്രസംഗി. 3:1). ആയതിനാൽ നമ്മുടെ ജീവിതത്തിൽ എല്ലാം അതതിന്റെ സമയത്ത് നടക്കുവാൻ അനുവദിക്കുകയും ഓരോ സന്ദർഭങ്ങളെയും ആസ്വദിച്ച് തിടുക്കം കൂട്ടാതെ ഒന്നിൽ നിന്ന് മറ്റൊന്നിലേക്ക് യാത്ര ചെയ്യാം. ദൈവം സഹായിക്കട്ടെ.

# സമാധാനം അനുഭവിക്കുക

*സമാധാനം ഞാൻ നിങ്ങൾക്ക് തന്നേച്ചു പോകുന്നു. എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു. ലോകം തരുന്നതുപോലെയല്ല, ഞാൻ നിങ്ങൾക്കു തരുന്നത്.*

— യോഹന്നാൻ. 14:27

അനേകരുടെ ജീവിത കോലാഹലം നിറഞ്ഞതായിരിക്കയാൽ അവർക്ക് ദൈവ ശബ്ദം കേൾക്കുവാൻ സാധിക്കത്തില്ല. അവരുടെ ഉള്ളം കലങ്ങി മറിഞ്ഞ താകയാൽ, എങ്ങിനെയാണ് സമാധാനം അനുഭവിക്കുക എന്ന് അവർക്ക് അറിയത്തില്ല.

ബഹളമയമായ ജീവിതത്തിന് അവർ അടിമകളായി തീർന്നിരിക്കുന്നു. മന:പൂർവ്വമായി, അവർ എല്ലാ കാര്യങ്ങളെയും ബഹളമയമാക്കുന്നു. ഈ കുഴഞ്ഞുമറിഞ്ഞ ജീവിതത്തിൽ അവർ സുഖം കണ്ടെത്താൻ ശ്രമിക്കുകയാണ്. ദൈവം ഇതിനെ അസാധാരണമായി കാണുന്നു എങ്കിലും അവർക്കിത് സാധാരണ ജീവിതമായി തോന്നുകയാണ്.

എങ്ങനെ സമാധാനം അനുഭവിക്കാം എന്ന് ഞാൻ പഠിക്കാൻ ശ്രമിച്ച പ്പോൾ എനിക്ക് ആദ്യമായി ഒരു മടുപ്പാണ് അനുഭവപ്പെട്ടത്. എന്റെ ജീവിതത്തിൽ എന്തു ചെയ്യണമെന്ന് ഞാൻ പലപ്പോഴും അതിശയത്തോടെ ചോദിച്ചിട്ടുണ്ട്. റോമാലേഖനം 3:17 – ൽ ഇപ്രകാരം പറയുന്നു: "സമാധാന മാർഗ്ഗം അവർ അറിഞ്ഞിരുന്നില്ല." എന്റെ ജീവിതവും ഇപ്രകാരം തന്നെ ആയിരുന്നു. എങ്ങിനെയാണ് സമാധാനം അനുഭവിക്കുന്നതെന്ന് എനിക്കറിയത്തിലായിരുന്നു. കാരണം ഞാൻ വളർന്നുവന്ന സാഹചര്യം അങ്ങിനെയുള്ളതായിരുന്നു. തികച്ചും വ്യക്തമായ ഒരു ജീവിതരീതി ഞാൻ പഠിക്കേണ്ടിയിരുന്നു.

എന്നാൽ ഇന്ന് ഞാൻ സമാധാനം അനുഭവിക്കുന്നു. സമാധാനം കുറയുമ്പോൾ, അതെങ്ങിനെ നഷ്ടപ്പെട്ടു എന്ന് എന്നോടുതന്നെ ചോദിക്കുകയും സമാധാനം തിരികെ ലഭിക്കുവാനുള്ള വഴികളെ അന്വേഷിക്കുകയും ചെയ്തു.

ഇത് വായിച്ചാലുടൻ തന്നെ യേശുക്രിസ്തുവിലുള്ള സമാധാനത്തിനായി നിങ്ങൾ അതിയായി ആഗ്രഹിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. നിങ്ങളുടെ ഉള്ളിൽ ഈ സമാധാനം അനുഭവിക്കുക, മറ്റുള്ളവരുമായി സമാധാനത്തിലായിരിക്കെ ഇതിനായി നിങ്ങൾ എന്തും ചെയ്യുവാൻ തയ്യാറാകേണം. ദൈവിക സമാധാനം നിങ്ങളെ യഥാർത്ഥ ദൈവഹിതത്തിലേക്ക് നിങ്ങളെ നയിക്കുന്നതിനാൽ നിങ്ങൾ എപ്പോഴും ഇത്

അനുഭവിക്കുവാൻ ആഗ്രഹിക്കും. യേശു ഇപ്രകാരം പറഞ്ഞു നിങ്ങൾ എന്നെ അനുഗമിക്കുന്നുവെങ്കിൽ എന്റെ സമാധാനം നിങ്ങൾക്കു തരും (യോഹന്നാൻ. 14:27). ഈ സമാധാനം ദിനംതോറും അനുഭവിപ്പാൻ കർത്താവ് നിങ്ങളെ സഹായിക്കട്ടെ.

# "ദൈവത്തിന്റെ ദയ എന്ന ദാനം"

*യോസേഫിന്റെ യജമാനൻ അവനെ പിടിച്ചു രാജാവിന്റെ ബദ്ധന്മാർ കിടക്കുന്ന കാരാഗൃഹത്തിലാക്കി; അങ്ങനെ അവൻ കാരാഗൃഗഹത്തിൽ കിടന്നു. എന്നാൽ യഹോവ യോസേഫിനോടുകൂടെ ഇരുന്നു. കാരാഗൃഹ പ്രമാണിക്കു അവനോടു ദയതോന്നത്തക്കവണ്ണം അവനു കൃപ നല്കി. കാരാഗൃഹത്തിലെ സകല ബദ്ധന്മാരെയും കാരാഗൃഹപ്രമാണി യോസേഫിന്റെ കയ്യിൽ ഏല്പ്പിച്ചു. അവരുടെ പ്രവൃത്തിക്കൊക്കെയും അവൻ വിചാരകനായിരുന്നു. യഹോവ അവനോടുകൂടെ ഇരുന്നു. അവൻ ചെയ്തതൊക്കെയും സഫലമാകുകകൊണ്ട് അവന്റെ കൈക്കീഴുള്ള യാതൊന്നും കാരാഗൃഹപ്രമാണി നോക്കിയില്ല.*

— ഉല്പത്തി. 39:23

യോസേഫ് അന്യായമായിട്ടാണ് ജയിലിൽ അടക്കപ്പെട്ടത്. എന്നാൽ ദൈവം അവനൊപ്പം ഇരുന്നു അവനെ പരിപാലിച്ചു. ഒരു മനുഷ്യൻ അന്യായമായിട്ട് ശിക്ഷിക്കപ്പെട്ട് കാരാഗൃഹത്തിലായാലും അവന് അവിടെ അധികാരവും ദൈവത്തിന്റെ ദയയവും ലഭിക്കുന്നുവെങ്കിൽ കാരാഗൃഹവാസവും വളരെ നല്ലതു തന്നെയാണ്. യോസേഫിനോടു കാണിച്ച ദയ നിങ്ങളോട് കാണിക്കുവാനും ദൈവം ആഗ്രഹിക്കുന്നു പക്ഷെ യോസേഫിനുണ്ടായിരുന്ന സ്വഭാവവും ദൈവാശ്രയവും നിങ്ങൾക്കും ഉണ്ടായിരിക്കേണ്ടതാണ്. വളരെ പ്രതികൂലമായ സാഹചര്യത്തിലും ഒരു നല്ല മനോഭാവം എന്നത് യോസേഫിന്റെ സ്വഭാവമായിരുന്നു. ആയതിനാലാണ് അവന് ദൈവത്തിന്റെ ദയയവും കൃപയും ലഭിച്ചത്. ദൈവത്തിന്റെ കൃപ നിങ്ങൾക്കുണ്ടെങ്കിൽ പ്രത്യേകിച്ചൊരു കാരണമില്ലെങ്കിലും ആളുകൾ നിങ്ങളെ ഇഷ്ടപ്പെടും.

# സാധാരണ ദയയും അസാധാരണ ദയയും

*അങ്ങനെ നീ ദൈവത്തിനും മനുഷ്യർക്കും ബോധ്യമായ
ലാവണ്യവും സൽബുദ്ധിയും പ്രാപിക്കും*

— സദൃശ്യവാക്യങ്ങൾ. 3:4

സാധാരണ ദയയും അസാധാരണ ദയയും തമ്മിൽ ഒരു പ്രധാന വ്യത്യാസം ഉള്ളത് സാധാരണ ദയ (മമത) നമ്മുടെ പ്രയത്നത്താൽ ലഭിക്കുന്നത്. അസാധാരണ ദയ (ദൈവത്തിൽ നിന്നുള്ളത്) അപ്രകാരം ലഭിക്കുന്നതുമല്ല എന്നുള്ളതാണ്. ആളുകളെ പ്രീതിപ്പെടുത്താൻ വേണ്ടി പ്രവർത്തിക്കുന്നവർക്ക് സാധാരണ ദയ ലഭിക്കും എന്നാൽ ദൈവം ആഗ്രഹിക്കുന്നത് ദയ ലഭിക്കാൻ വേണ്ടി മനുഷ്യർ വെറുതെ പ്രയത്നിക്കേണ്ട ആവശ്യമില്ല എന്നാണ്. പക്ഷെ ദൈവഹിതം അത് നാം ഇഷ്ടപ്പെടുന്നതായാലും ഇല്ലെങ്കിലും അനുസരിക്കുവാൻ മനുഷ്യർ തയ്യാറാകുമ്പോൾ ദൈവം സൗജന്യമായി നല്കുന്നതാണ് ദൈവത്തിന്റെ ദയ അഥവാ അസാധാരണമായ ദയ. പൂർണ്ണമായി ദൈവത്തിലാശ്രയിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നവർക്ക് ലഭിക്കുന്ന ദാനമാണ് അസാധാരണ ദയ. മനുഷ്യരെ പ്രസാദിപ്പിക്കാവാനും അവരിൽ നിന്നുള്ള മമത ലഭിക്കുവാനും നാം ആഗ്രഹിച്ചാൽ ജീവിതം മുഴുവനും അവർ ഇഷ്ടപ്പെടുന്ന കാര്യങ്ങൾ മാത്രം ചെയ്യേണ്ടി വരും.

സത്യത്തിൽ അതൊരു അടിമത്വമാണ്. ദൈവഹിതം അനുസരിക്കുവാൻ അങ്ങിനെയുള്ളവർക്ക് ഒരുനാളും സാധിക്കയില്ല. അസാധാരണ ദയ ലഭിക്കുന്നത് മനുഷ്യരെ പ്രീതിപ്പെടുത്തുന്നതിനനുസരിച്ചല്ല. ഇത് ദൈവകൃപയ്ക്കനുസരിച്ചാണ് ലഭിക്കുന്നത്. അതുകൊണ്ടാണ് അസാധാരണ ദയക്കായി ഞാൻ എപ്പോഴും പ്രാർത്ഥിക്കുന്നത്.

ദൈവം തന്റെ ദയ എന്നോട് എത്ര പ്രാവശ്യം കാണിച്ചിട്ടുണ്ട് എന്നു ചോദിച്ചതിന് എനിക്കത് വർണ്ണിക്കാൻ സാദ്ധ്യമല്ല. എന്റെ ശുശ്രൂഷയിൽ ദൈവം ചെയ്യുന്ന അത്ഭുതങ്ങളെ ഞാനിപ്പോൾ ഓർക്കുകയാണ്. അവൻ എന്നെ അയച്ച ദേശങ്ങൾ, എന്നെ നടത്തിയ വിധങ്ങൾ ഓ... അത് എത്ര അതിശയകരമാണ്. എനിക്ക് ആകെക്കൂടി പറയുവാൻ സാധിക്കുന്നത് നന്ദി കർത്താവെ എന്നു മാത്രമാണ്. നാം തന്നെ നമ്മുടെ കഴിവിൽ കാര്യങ്ങളെ ചെയ്യാതെ ദൈവത്തിലാശ്രയിച്ച് പ്രവർത്തിക്കുന്ന പക്ഷം നമുക്കെപ്പോഴും ആ അസാധാരണ ദയ അനുഭവിക്കുവാൻ സാധിക്കും.

# അവൻ നമ്മെ ഒരുനാളും കൈവിടില്ല

*ഞാൻ നിന്നെ ഒരുനാളും കൈവിടുകയില്ല ഉപേക്ഷിക്കുകയുമില്ല*

— എബ്രായർ 13:5

ഞാൻ വീണ്ടും ജനനം പ്രാപിച്ചത് എനിക്ക് ഒൻപത് വയസ്സുള്ളപ്പോഴാണ്. അന്നൊരു രാത്രിയിലായിരുന്നു അത് സംഭവിച്ചത് പള്ളിയിൽ പോകുവാൻ എന്റെ പിതാവ് അനുവദിക്കാത്തതിനാൽ അന്ന് എന്റെ വീട്ടിൽ വന്ന ചില ബന്ധുക്കളുടെ കൂടെ ഡാഡിയെ കാണാതെയാണ് ഞാൻ പോയത്. ഞാനാ രാത്രിയിൽ രക്ഷിക്കപ്പെടാൻ പോവുകയാണെന്ന് എനിക്ക് അറിയാമായിരുന്നു. എങ്ങിനെയാണ് അറിവുണ്ടായത് എന്ന് എനിക്കറിയത്തില്ല. അന്ന് പതിവുപോലെ വചന ശുശ്രൂഷയ്ക്കു ശേഷം പാസ്റ്റർ ജനങ്ങൾ മുമ്പോട്ട് കടന്നുവരുവാനുള്ള ആഹ്വാനമൊന്നും നടത്തിയില്ല. എന്നാൽ ദൈവവചനം എന്റെ ഉള്ളിൽ ക്രിയ ചെയ്യുകയും, എന്റെ ഉള്ളിൽ ശക്തമായ ഒരു ശുദ്ധീകരണം നടന്നതായി തിരിച്ചറിയുകയും ചെയ്തു. എന്റെ ചില സഹോദരന്മാരുടെ ജീവിതം ഞാൻ ശ്രദ്ധിച്ചപ്പോൾ എനിക്ക് നിരാശ തോന്നി. കാരണം എന്നോടൊപ്പം ദൈവവചനം കേട്ടിട്ടും അവരുടെ നടപ്പ് പിന്നെയും പഴയ പടിയായിരുന്നു. എന്റെ രക്ഷ നഷ്ടപ്പെടുമോ എന്ന് ഞാൻ ചിന്തിക്കാനിടയായി. എനിക്ക് ഏകദേശം 20 വയസ്സു കഴിഞ്ഞപ്പോഴാണ് ഞാൻ നിന്നെ ഒരുനാളും കൈവിടില്ല ഉപേക്ഷിക്കുകയുമില്ല (എബ്രായർ. 13:5) എന്ന തിരുവചനം ഞാൻ മനസ്സിലാക്കിയത്. അവൻ നമ്മെ ഉപേക്ഷിക്കത്തില്ല എന്നുള്ളത് നമ്മെ സംബന്ധിച്ച് എത്ര ആശ്വാസകരമാണ്.

# ദൈവത്തിന്റെ സ്നേഹിതൻ

*ഞാൻ പൂർണ്ണ ഹൃദയത്തോടെ യഹോവയെ സ്തുതിക്കും. നിന്റെ അത്ഭുതങ്ങളെയൊക്കെയും ഞാൻ വർണ്ണിക്കും*

— സങ്കീർത്തനം. 9:1

ദൈവത്തോട് നമ്മുടെ പ്രശ്നങ്ങൾ മാത്രം എപ്പോഴും പറയാതെ നാം ദൈവത്തോട് അവന്റെ അത്ഭുതങ്ങളെക്കുറിച്ചും അവന്റെ നന്മയെക്കുറിച്ചും സംസാരിക്കേണ്ടതാവശ്യമാണ്. ദൈവം ചെയ്ത വൻ കാര്യങ്ങൾ, അവന്റെ പുത്രൻ നല്കിയ വിടുതൽ, ഇവയൊക്കെ നാം വർണ്ണിച്ച് ദൈവത്തെ സ്തുതിക്കേണം. അതിന് ശേഷമാവണം നമ്മുടെ ആവശ്യങ്ങളിലേക്ക് കടക്കാൻ. എന്റെ മക്കൾ അവരുടെ ആവശ്യങ്ങളിൽ മാത്രം എന്റെ അടുത്ത് വരുന്നത് എനിക്കിഷ്ടമല്ല. അവർ എപ്പോഴും എന്നെ സ്നേഹിക്കുന്നതും എന്നോടുകൂടെ കൂട്ടായ്മ ആചരിക്കുന്നതുമാണ് എനിക്കിഷ്ടം. എനിക്ക് ചിലരെ അറിയാം അവർ എന്നെ ഫോണിൽ വിളിക്കുന്നത് അവരുടെ പ്രശ്ന പരിഹാരത്തിനായി മാത്രം ആണ്. നിങ്ങൾക്കും ഒരുപക്ഷെ ഇപ്രകാരമുള്ള അനുഭവമുണ്ടായിരിക്കാം. മേൽപ്പറഞ്ഞവർ സ്നേഹിതന്മാരാണെന്നാണ് അറിയപ്പെടുന്നത്. എന്നാൽ വാസ്തവത്തിൽ അവർ സ്നേഹിതരല്ല. ഭാരങ്ങളിൽ സഹായിക്കുന്നവരാണ് കൂട്ടുകാർ പക്ഷെ അതു മാത്രമല്ല, അതുകൊണ്ട് ഉദ്ദേശിക്കുന്നത്. നല്ല കൂട്ടുകാർ അന്യോന്യം ധൈര്യപ്പെടുത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടവരാണ്. നമ്മിൽ നിന്ന് എന്തെങ്കിലും ലഭിക്കുവാൻ മാത്രം ആഗ്രഹിക്കുന്നവരെ നാം ഒഴിവാക്കേണ്ടതാണ്. ദൈവത്തിന്റെ സ്നേഹിതനാകുവാനാണ് ഞാൻ ആഗ്രഹിക്കുന്നത്. ദൈവം അബ്രഹാമിനെ തന്റെ സ്നേഹിതൻ എന്നു വിളിക്കുന്നു. ഞാൻ അപ്രകാരമാകുവാൻ ഇച്ഛിക്കുന്നു. അവനെന്റെ എല്ലാം ആണ്. എനിക്ക് വർണ്ണിക്കുവാൻ ആവുന്നിടത്തോളം അവന്റെ അത്ഭുതങ്ങളെ വർണ്ണിക്കുവാൻ ഞാനാഗ്രഹിക്കുന്നു.

# നിങ്ങളെ ഉപദ്രവിക്കുന്നവരോട് ക്ഷമിക്കുക

*കർത്താവെ അവർക്ക് ഈ പാപം നിറുത്തരുതെ എന്ന് ഉച്ചത്തിൽ വിളിച്ചു. ഇതു പറഞ്ഞിട്ടു അവൻ നിദ്രപ്രാപിച്ചു*

— അപ്പോസ്തലപ്രവൃത്തികൾ 7:60

പ്രവൃത്തികളുടെ പുസ്തകം 6, 7 അദ്ധ്യായത്തിലാണ് നാം സ്തേഫാനോസിനെക്കുറിച്ച് വായിക്കുന്നത്. യെഹൂദന്മാർ അവന്റെമേൽ ചുമത്തിയ കുറ്റം. ദൈവത്തിനും മോശേക്കും എതിരെ ദൂഷണം പറഞ്ഞു എന്നുള്ളതായിരുന്നു. എന്നാൽ താൻ ദൈവത്തെയോ മോശെയെയോ ദുഷിച്ചതല്ല ദൈവവചനം ശക്തിയായി പ്രസംഗിച്ചതാണ് യെഹൂദന്മാരെ പ്രകോപിച്ചതെന്ന് നമുക്കറിയാം. പ്രസംഗം തീർന്ന ഉടനെ കോപാകുലനായ ന്യായാധിപസംഘത്തിലെ ആളുകളും, യുവജനങ്ങളും ചേർന്ന് സ്തേഫാനോസിനെ കല്ലെറിയുകയാണുണ്ടായത്. ഓരോ കല്ലുകൾ തന്റെ മേൽ പതിക്കുമ്പോഴും സ്തേഫാനോസിന്റെ പ്രാർത്ഥന കർത്താവേ ഇവരുടെ പാപം നിറുത്തരുതെ അഥവാ അവരുടെ മേൽ കണക്കിടരുതെ എന്നാണ്. അങ്ങിനെ സ്തെഫാനോസ് ക്രിസ്തു സഭയുടെ ആദ്യത്തെ രക്തസാക്ഷിയുമായിത്തീർന്നു.

ഒരു പക്ഷെ ഞാനായിരുന്നു ആ സ്ഥാനത്തെങ്കിൽ ഒരു കല്ലെങ്കിലും തിരിച്ചെറിയുവാൻ പരിക്ഷിക്കപ്പെട്ടേക്കാം. എന്നാൽ സ്തെഫാനോസ് അവരോട് ക്ഷമിച്ച് അവർക്കുവേണ്ടി പ്രാർത്ഥിക്കുകയാണ് ചെയ്തത്. പലപ്പോഴും നമ്മളെ ഉപദ്രവിക്കുന്നവർക്ക് അറിയത്തില്ല അവരെന്താണ് ചെയ്യുന്നതെന്ന്. അവർ സ്വാർത്ഥതയിലാണ് ഇത് ചെയ്യുന്നത്. ഒരിക്കൽ ഒരാൾ എന്നോട് ഇപ്രകാരം പറഞ്ഞു. നമ്മളെ മറ്റുള്ളവർ ഉപദ്രവിക്കുന്നതിന്റെ 95% സമയവും അവർ യഥാർത്ഥമായി ആഗ്രഹിക്കാത്ത കാര്യമാണ് ചെയ്യുന്നതെന്നാണ്. മറ്റുള്ളവരോട് എപ്പോവും ദേഷ്യപ്പെട്ടിരിക്കുവാൻ ദൈവം ആഗ്രഹിക്കുന്നില്ല. ഒരു പക്ഷെ താങ്കൾ ഒരു പ്രസംഗകനല്ലാത്തതിനാൽ ഇത് താങ്കൾക്കുള്ളതല്ല എന്നു ചിന്തിച്ചേക്കാം. എന്നാൽ ഞാൻ പറയട്ടെ എല്ലാ വിശ്വാസികൾക്കും വിവിധ തരത്തിലുള്ള ശുശ്രൂഷകളുണ്ട്. ഒരു പക്ഷെ നിങ്ങളുടെ കുട്ടികളോടോ, ഭാര്യയോടോ, ഭർത്താവിനോടോ, കുടുംബത്തോടോ, ദൈവത്തോടോ ആയിരിക്കാം വിദ്വേഷമുള്ള ഹൃദയത്തോടുകൂടി എങ്ങിനെയാണ് നിങ്ങൾക്ക് ദൈവത്തെ സ്തുതിക്കുവാൻ കഴിയുന്നത്. നമ്മളിൽ വിദ്വേഷം പെട്ടെന്നുണ്ടാകാൻ സാദ്ധ്യതയുണ്ട് എന്നാൽ ദൈവവചനം പറയുന്നത് ദൈവം ഒരുനാളും ദ്വേഷ്യപ്പെടുന്നില്ല എന്നാണ്.

# "പിശാചിനെ ഓടിച്ചുകളയുക"

*അവൻ ഭോഷ്ക്കു പറയുമ്പോൾ സ്വന്തത്തിൽ നിന്ന് എടുത്തു പറയുന്നു. അവൻ ഭോഷ്ക്കു പറയുന്നവനും, അതിന്റെ അപ്പനും ആകുന്നു.*

— യോഹന്നാൻ. 8:44

പിശാച് എപ്പോഴും കള്ളം പറയുന്നവനാണ് നാം അവന്റെ പ്രവൃത്തികളെക്കുറിച്ച് ജാഗരൂകരായിരുന്നില്ലെങ്കിൽ അവൻ നമ്മെ വഞ്ചിക്കുകയും, നമ്മെ നശിപ്പിക്കുകയും ചെയ്യും. അവൻ അലറുന്ന സിംഹം പോലെ നടക്കുന്നു എന്നു പറയുന്നു (1 പത്രൊസ്. 5:8). എന്നാൽ നമ്മോടുകൂടെ യെഹൂദാ ഗോത്രത്തിലെ ബാലസിംഹമായ യേശുവുണ്ട്. സത്യത്തിൽ സിംഹംപോലെ അലറേണ്ടത് പിശാചല്ല മറിച്ച് ദൈവമക്കളാണ്. ദൈവ മക്കളെപ്പോഴും ആത്മികമായി ഉത്സാഹമുള്ളവരായാൽ മാത്രമെ പിശാചിന്റെ അസ്ത്രങ്ങളെ തിരിച്ചറിഞ്ഞ് അതിനെ എതിർക്കുവാൻ സാധിക്കൂ. നാം പിന്മാറി പോവുകയാണെങ്കിൽ പിശാച് നമ്മെ വീണ്ടും  വീണ്ടും ഉപദ്രവിച്ചുകൊണ്ടിരിക്കും. എന്നാൽ നാം അവരോട് യേശുക്രിസ്തു നമുക്ക് തന്ന അധികാരത്താൽ അവനെ എതിർത്തു നില്ക്കുകയാണെങ്കിൽ അവൻ നമ്മെവിട്ട് ഓടിപ്പോകും.

പിശാച് ഭോഷ്ക്കു പറയുന്നവനും വഞ്ചിക്കുന്നവനുമാണ്. അവൻ സിംഹം പോലെ അലറിവരുന്നുവെങ്കിലും അവൻ സിംഹമല്ല. യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന നമ്മുടെ ഉള്ളിൽ അത്യുന്നതന്റെ ശക്തിയാണ് വ്യാപരിക്കുന്നത്. നമ്മിൽ ജീവിക്കുന്നവൻ ഈ ലോകത്തിൽ ജീവിക്കുന്നവനെക്കാൾ വലിയവനാണ്. (1 യോഹന്നാൻ. 4:4)

ദൈവവചനം നമുക്കറിയാമെങ്കിൽ പിശാചിനോട് നിന്റെ തന്ത്രങ്ങളൊന്നും എന്റെയടുത്ത് ഫലിക്കയില്ല എന്ന് നമുക്ക് പറയാൻ സാധിക്കും.

ഒന്നുകിൽ നിങ്ങൾക്ക് പിശാചിൽ നിന്ന് ഓടി ഒളിക്കാം. അല്ലായെങ്കിൽ ധൈര്യത്തോടെ അവനെതിരായി ഉറച്ചുനില്ക്കാം.

# "നമ്മൾ ദൈവത്തിന്റെ മക്കളാണ്"

*ഒരു സ്ത്രീ തന്റെ കുഞ്ഞിനെ മറക്കുമോ? താൻ പ്രസവിച്ച മകനോട് കരുണ തോന്നാതിരിക്കുമോ? അവർ മറന്നുകള ഞ്ഞാലും ഞാൻ നിന്നെ മറക്കുകയില്ല.*

— യെശയ്യാവ്. 49:15

നാം ദൈവത്തിന്റെ കുഞ്ഞുങ്ങൾ എന്നപോലെ അവന്റെ അടുക്കൽ ചെല്ലുവാൻ ദൈവം ആഗ്രഹിക്കുന്നു. മുലയൂട്ടുന്ന ഒരു സ്ത്രീ തന്റെ കുഞ്ഞിനെ എങ്ങനെയാണ് സ്നേഹിക്കുന്നത് അതിലും ഉപരിയായി ദൈവം നമ്മെ സ്നേഹിക്കുന്നു എന്നാണിവിടെ അർത്ഥമാക്കുന്നത്. ദൈവം നമ്മെ ഇത്ര അധികം സ്നേഹിക്കുന്നു എന്നും, കരുതുന്നു എന്നും നാം മനസ്സിലാക്കേണ്ടതാണ്. അവന്റെ മുമ്പാകെ, നാം വിശ്വാസത്തോടെ കടന്നു ചെല്ലുമ്പോൾ നമുക്ക് അവന്റെ കരുതൽ അനുഭവിക്കുവാൻ സാധിക്കും. ദൈവം മനുഷ്യരെപ്പോലെയല്ലല്ലോ, മനുഷ്യർ നമ്മെ മറക്കാം, ഉപദ്രവിക്കാം എന്നാൽ അതൊന്നും ദൈവത്തോടുള്ള ബന്ധത്തിൽ നിന്ന് നമ്മെ അകറ്ററുത്.

ഒരു സ്നേഹവാനായ പിതാവ് എന്ന നിലയിൽ അവൻ നമ്മെ കരുതുന്നു. ബാല്യകാലത്തിൽ നമുക്ക് ശരിയായ ശുശ്രൂഷയും കരുതലും ലഭിച്ചില്ല എങ്കിൽ അത് നമ്മിൽ ഭയവും ആശങ്കയും ഉളവാക്കാൻ ഇടയുണ്ട്. എന്നാൽ ഇതൊന്നും ദൈവസ്നേഹത്തിന് തടസ്സമാകത്തില്ല. അപ്പന്റെ സ്നേഹത്തെയോ അവയുടെ കരുതലിനെയോ, ദൈവത്തിന്റെ സ്നേഹം, കരുതൽ, എന്നിവയോട് താരതമ്യപ്പെടുത്തുവാൻ സാധിക്കത്തില്ല. ശരിയായ അന്തരീക്ഷത്തിൽ വളർത്തപ്പെടാത്തവർക്ക് ദൈവത്തോടും ചിലപ്പോൾ ശരിയായ ബന്ധപ്പെടൽ സാധിക്കത്തില്ല കാരണം, അവരിൽ, ഭയവും, ആശങ്കയും കാണും. എന്നാൽ ഞാൻ പറയുന്നതും നിങ്ങൾ ദൈവവചനം ധ്യാനിക്കുകയാണെങ്കിൽ ദൈവം നിങ്ങളെ വിടുവിക്കുകയും, അങ്ങിനെ ഒരു കൊച്ചുകുട്ടിയെ പോലെ ദൈവത്തോട് അടുക്കുവാൻ അത് നിങ്ങളെ സഹായിക്കുകയും ചെയ്യും.

# ദൈവത്തിന്റെ സമയകൃത്യത

*എന്നാൽ നിങ്ങൾ ഒന്നിലും കുറവില്ലാതെ തികഞ്ഞവരും സമ്പൂർണ്ണരും ആകേണ്ടതിനു സ്ഥിരതക്കു തികഞ്ഞ പ്രവൃത്തി ഉണ്ടാകട്ടെ*

— യാക്കോബ്. 1:4

കൃത്യ സമയം എന്നു പറയുന്നത് നമ്മുടേതല്ല, ദൈവത്തിന്റേതാണ്. ഒരു കാര്യം ശരിയായി ചെയ്യുവാൻ ദൈവം സമയമെടുക്കുന്നില്ല. ഒരു കെട്ടിടം നിർമ്മിക്കുന്നതിനു മുമ്പെ അവൻ ശരിയായ ഒരു അടിസ്ഥാനം ഇടുന്നു. ദൈവം പണിതു കൊണ്ടിരിക്കുന്ന ഒരു കെട്ടിടമാണ് നമ്മൾ. പ്രധാന ശില്പിയായ ദൈവത്തിന് അവൻ എന്താണ് ചെയ്തുകൊണ്ടിരിക്കുന്നത് എന്നതിനെക്കുറിച്ച് വളരെ വ്യക്തമായ ധാരണയുണ്ട്. നമുക്ക് ഒരുപക്ഷെ ഇത് അജ്ഞാതമായിരിക്കാം. നമുക്കെല്ലാം മനസ്സിലായില്ലെങ്കിലും സർവ്വ ജ്ഞാനിയായ ദൈവത്തിലാശ്രയിച്ച് നാം സംതൃപ്തിയടയേണ്ടതാണ്. ദൈവ ത്തിന്റെ സമയം എന്നത് രഹസ്യമാണ്. ദൈവം ഒരിക്കലും താമസിച്ചോ നേര ത്തെയോ കാര്യങ്ങൾ ചെയ്യുന്നില്ല. അവന്റെ സമയം കൃത്യസമയമാണ്, നമ്മിൽ ക്ഷമ എന്ന സ്വഭാവം രൂപപ്പെടുത്തുവാൻ ദൈവം എല്ലാ സാദ്ധ്യതക ളെയും ഉപയോഗിക്കുന്നു.

ക്ഷമ എന്നത് പരിശോധനഘട്ടത്തിൽ മാത്രം വളർന്നുവരുന്നതാണ് (യാക്കോബ് 1:3) ആത്മാവിന്റെ ഒരു ഫലമാണ്. എന്നിൽ ക്ഷമ വളരെ കുറ വായിരുന്നു എന്നാൽ ഈ നാളുകളിൽ എനിക്ക് കൂടുതൽ ക്ഷമിക്കുവാനും ക്ഷമയോടെ കാത്തിരിക്കുവാനും സാധിക്കുന്നുണ്ട്.

ക്ഷമയോടെയുള്ള കാത്തിരിപ്പ് എന്നിൽ പലപ്പോഴും അസ്വസ്ഥത ഉളവാക്കിയിട്ടുണ്ട്. എനിക്കെല്ലാം പെട്ടെന്ന് ലഭിക്കണമെന്നായിരുന്നു ആഗ്രഹം. വാസ്തവത്തിൽ നമ്മുടെ കഴിവുകൾ വർദ്ധിക്കുന്നത് നമ്മിൽ ക്ഷമ എന്ന സ്വഭാവം വളരുമ്പോഴാണ്. ഇത് ദൈവത്തിന്റെ വഴിയാണ്. മറ്റൊരു വഴിയുമില്ല. ആയതിനാൽ ദൈവത്തിന്റെ സമയത്തിനായി (കൃത്യസമയത്തിനായി) കാത്തിരിക്കാം.

# ഇതൊരു പരിശോധനയാണ്

*നിന്റെ ദൈവമായ യഹോവ നിന്നെ താഴ്ത്തുവാനും, തന്റെ കല്പന കൾ പ്രമാണിക്കുമോ ഇല്ലയോ എന്ന് നിന്നെ പരീക്ഷിച്ച് നിന്റെ ഹൃദയ ത്തിൽ ഇരിക്കുന്നത് അറിയുവാനുമായി നിന്നെ ഈ നാല്പതു സംവ ത്സരം മരുഭൂമിയിൽ നടത്തിയ വിധമൊക്കെയും നീ ഓർക്കേണം.*

— ആവർത്തനം. 8:2

ദൈവജനം തന്റെ പ്രമാണങ്ങൾ അനുസരിക്കുമോ ഇല്ലയോ എന്നറിവാൻ ആണ് ദൈവം അവരെ നാല്പതു വർഷം മരുഭൂമിയിലൂടെ നടത്തിയത് എന്ന് ബൈബിൾ പറയുന്നു. ദൈവം ആവശ്യപ്പെടുന്നതെല്ലാം (അനുസരിക്കുവാൻ) എപ്പോഴും എളുപ്പമുള്ള കാര്യങ്ങളല്ല, ആയതിനാൽ പരിശോധന വരുന്നത് കഠിനമായ സമയങ്ങളിലാണ്. നമ്മെ കുറെക്കൂടെ ഉത്തരവാദിത്വമുള്ള ജോലി യിലേക്ക് ഉയർത്തുന്നതിനുമുമ്പായി ദൈവം പരിശോധിക്കാറുണ്ട്. ഇതുപോ ലെയുള്ള ശോധനകൾ നമ്മുടെ ദൈനംദിന ജീവിതത്തിൽ ദൈവം പല പ്പോഴും തരാറുണ്ട്. ഉദാഹരണത്തിന് ഒരു ഹോട്ടലിൽ സീറ്റു കിട്ടാനായി നാം ദീർഘനേരം കാത്തുനിൽക്കേണ്ടി വന്നേക്കാം. അവസാനം സീറ്റു കിട്ടു മ്പോഴോ, ലഭിക്കുന്നത് മോശമായ ആഹാരമായിരിക്കാം. മറ്റു ചിലപ്പോൾ നമ്മുടെ മേലുദ്യോഗസ്ഥൻ നമുക്കിഷ്ടമില്ലാത്ത ജോലി ചെയ്യുവാൻ നമ്മോട് ആവശ്യപ്പെടാം. ഇതൊരു പരിശോധനയാണ്. യാക്കോബ് 1:2–4 വരെ പറ യുന്നത്: “വിശ്വാസത്തിന്റെ പരിശോധന സ്ഥിരത ഉളവാക്കുന്നു എന്നാണ്.” പരിശോധനയിലൂടെ നമ്മൾചെയ്യുന്ന കാര്യത്തോട്, സ്ഥിരതയും ആത്മാർത്ഥ തയും കാണിക്കാൻ നമ്മൾ പഠിക്കും. യേശുവിനെ തള്ളിപ്പറയുമെന്ന് പത്രൊസ് ഒരിക്കലും കരുതിയില്ല പക്ഷെ പരിശോധന വന്നപ്പോൾ അവൻ, അത് ചെയ്തുപോയി. നമ്മൾ എന്തു ചെയ്യുമെന്ന് പറയുന്നതിലല്ല ദൈവം ശ്രദ്ധിക്കുന്നത് പരിശോധനയുടെ ഫലമായി നമുക്ക് ചെയ്യുവാൻ കഴിയുന്നത് തെളിയിച്ചു കാണിക്കുന്നതിനാലാണ് ദൈവം പ്രസാദിക്കുന്നത്. നമ്മുടെ ബൈബിളിൽ, പല കളറുകളിൽ വരച്ചിട്ടുണ്ടോ എന്നു നോക്കിയല്ല തന്റെ ശുശ്രൂഷയിൽ ദൈവം നമ്മെ ഉയർത്തുന്നത് മറിച്ച് കഠിനമായ പരിശോധന യിലും നാം വിജയിക്കുന്നത് നോക്കിയാണ് അവൻ നമ്മെ ഉയർത്തുന്നത്. യാക്കോബ് പറയുന്നത് ശ്രദ്ധിക്കുക – “പരീക്ഷ സഹിക്കുന്ന മനുഷ്യൻ ഭാഗ്യ വാൻ. അവൻ കൊള്ളാകുന്നവനായി തെളിഞ്ഞശേഷം കർത്താവു തന്നെ സ്നേഹിക്കുന്നവർക്ക് വാഗ്ദത്തം ചെയ്ത ജീവകിരീടം പ്രാപിക്കും.” (യാക്കോബ്. 1:12)

# മറ്റുള്ളവരിലേക്കല്ല ദൈവത്തിങ്കലേക്ക് കടന്നുവരിക

*വ്യഭിചരിണികളായുള്ളോരേ, ലോകസ്നേഹം ദൈവത്തോട് ശത്രുത്വം ആകുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? ആകയാൽ ലോകത്തിന്റെ സ്നേഹിതൻ ആകുവാൻ ഇച്ഛിക്കുന്നവനെല്ലാം ദൈവത്തിന്റെ ശത്രുവായി തീരുന്നു.*

— യാക്കോബ്. 4:4

എന്റെ അടുക്കളയിൽ സിങ്കിനു മുകളിൽ ചില്ലു ജനലുകളുണ്ട്. അത് ഉയരത്തിലായതിനാൽ തുറക്കുവാനും, അടക്കുവാനും എനിക്കു പ്രയാസമാണ്. ഓരോ പ്രാവശ്യം അവ തുറക്കുമ്പോഴും അടക്കുമ്പോഴും എനിക്കു മുകളിലേക്ക് ഉയർന്നു ചാടണം. എനിക്ക് ഒരു പക്ഷെ ഇങ്ങനെ എന്നും കഷ്ടപ്പെട്ട് അത് ചെയ്യുകയോ അഥവാ എന്നെ കഴിഞ്ഞും ഉയരമുള്ള എന്റെ ഭർത്താവ് ദേവിനെ വിളിക്കാം, അദ്ദേഹത്തെ വിളിക്കുയാണെങ്കിൽ എന്റെ കഷ്ടപ്പെടുത്തുന്ന ഈ കാര്യത്തിൽ നിന്ന് എനിക്ക് രക്ഷപ്പെടാം.

ഇതുപോലെയാണ് പലപ്പോഴും നമ്മുടെ ജീവിതത്തിൽ നമുക്ക് പ്രയാസം നേരിടുന്ന എല്ലാ കാര്യങ്ങളും ദൈവത്തിനു ചെയ്യുവാൻ കഴിയുന്നതാണ്. എന്നാൽ ദൈവത്തോട് നാം അത് അറിയിക്കേണ്ടത് ആവശ്യമാണ്. എന്റെ ഭർത്താവിനെ സഹായത്തിന് വിളിക്കുന്നതിന് പകരം ഞാൻ എന്റെ അയൽക്കാരനെയാണ് വിളിക്കുന്നതെങ്കിൽ അതായിരിക്കാം ദേവിന് ഏറ്റവും ദേഷ്യമുള്ള കാര്യം. ഈ ആശയമാണ് യാക്കോബ് ഇവിടെ വ്യക്തമാക്കുവാൻ ആഗ്രഹിക്കുന്നത്. വ്യഭിചാരിണി അഥവാ അവിശ്വസ്തരായ ഭാര്യമാർ അവരുടെ ഭർത്താക്കന്മാരെ സ്നേഹിക്കുന്നതിനു പകരം, പരപുരുഷന്മാരെ ആഗ്രഹിച്ചു പോകുന്നത്, അവിശ്വസ്തതയാണെന്നാണ്. ഇപ്രകാരം ചെയ്യാതെ നാം നമ്മുടെ മണവാളനായ യേശു കർത്താവിന്റെ അടുക്കലേക്ക് എല്ലാ പ്രശ്നങ്ങളിലും കടന്നുവരേണ്ടതാണ്.

# നമ്മുടെ ജീവിതത്തിൽ ഒരു സംതുലനാവസ്ഥ പാലിക്കുക

*നിർമ്മദരായിരിപ്പിൻ, ഉണർന്നിരിപ്പിൻ നിങ്ങളുടെ പ്രതിയോഗിയായ പിശാച് അലറുന്ന സിംഹം എന്നപോലെ ആരെ വിഴുങ്ങേണ്ടു എന്നു തിരഞ്ഞു ചുറ്റി നടക്കുന്നു.*

— 1 പത്രൊസ്. 5:8

ശാന്തത എന്ന സ്വഭാവം എനിക്ക് അന്യമായിരുന്നു. ശാന്തത കൈവരിക്കാൻ സഹായിക്കണമെ എന്ന് ഞാൻ ദൈവത്തോട് പ്രാർത്ഥിക്കുമായിരുന്നു. അവസാനം ദൈവം എന്റെ ബലഹീനതയുടെ ഭാഗത്ത് പ്രവർത്തിക്കുവാൻ തുടങ്ങി. എന്നാൽ എന്റെ പ്രശ്നം എന്തെന്നാൽ മറ്റു പല ദൈവമക്കളെയും പോലെ പലതിനോടും തീവ്രമായി പ്രതികരിക്കുന്ന വ്യക്തി ആയിരുന്നതിനാൽ സൗമ്യമായ ഒരു സ്വഭാവം എനിക്ക് വളരെ ബുദ്ധിമുട്ടുള്ളതായി തോന്നി. ഒരുവശത്ത് (എന്റെ സ്വഭാവത്തിന്റെ) എനിക്ക് ഞാൻ കൂടുതൽ കഠിനമാകുന്നു എന്ന് തോന്നിയപ്പോൾ അത് ബാലൻസ് ചെയ്യുവാൻ ഞാൻ അതിന്റെ നേരെ എതിർ വശത്തേക്ക് (കൂടുതൽ ശാന്തമായി) പോയി. അപ്പോൾ ഞാൻ വളരെ ശാന്തവും, ക്ഷമയും ദയയുള്ളവളുമായി. അത് കാരണം എന്റെ ഇളയകുട്ടിയെ അച്ചടക്കം പഠിപ്പിക്കുവാൻ എനിക്ക് വളരെ പ്രയാസം നേരിട്ടു. മറ്റുള്ളവരോടും ഞാൻ ആവശ്യത്തിലധികം കരുണയും, ദയയും കാണിക്കുവാൻ തുടങ്ങി. ഇത് എന്റെ കുടുംബബന്ധം, ശുശ്രൂഷ എന്നിവയെ സാരമായി ബാധിച്ചു. എന്റെ സ്വഭാവത്തിന്റെ ഒരു വശം, മറ്റു വശത്തെക്കാൾ മോശമാണെന്ന് എനിക്കു മനസ്സിലായി. ഇവിടെ എനിക്കു വേണ്ടത് ഒരു ബാലൻസ് (സംതുലനാവസ്ഥ) ആയിരുന്നു. ഏതു സ്വഭാവമാണെങ്കിലും അതിന്റെ അങ്ങേ അറ്റത്തേക്ക് പോകുന്നത് അപകടമാണെന്ന് എനിക്കു മനസ്സിലായി. വളരെ കഠിനവും വളരെ മൃദുത്വവും അപകടകരവുമാണ്. നമ്മൾ വളരെ ശാന്തരായാൽ മറ്റുള്ളവർ നമ്മെ നിലത്തിട്ടു ചവിട്ടും. അതുപോലെ വളരെ കഠിനരായാൽ മനുഷ്യർ വെറുക്കും. ആയതിനാൽ, ക്ഷമിക്കുവാനും, ശാന്തത കൈവരിക്കുവാനും, ഒരു സമയമുണ്ട്. അതോടൊപ്പം ദേഷ്യപ്പെടാതെ, വിദ്വേഷം കാണിക്കാനും ഒരു സമയമുണ്ട്. എപ്പോൾ എന്ത് പ്രകടിപ്പിക്കേണമെന്ന് നാം വിവേകത്തോടെ തീരുമാനിക്കണം.

# "നിങ്ങളുടെ പ്രവൃത്തികൾ നിങ്ങളുടെ ഹൃദയത്തെ വെളിവാക്കട്ടെ"

*ഇങ്ങനെ ആത്മാവില്ലാത്ത ശരീരം നിർജ്ജീവമായിരിക്കുന്നതുപോലെ പ്രവൃത്തി ഇല്ലാത്ത വിശ്വാസവും നിർജ്ജീവമാകുന്നു.*

— യാക്കോബ്. 2:26

ക്രിസ്ത്യാനി എന്ന നിലയിൽ നാം നമ്മുടെ പ്രവൃത്തിയിലൂടെ വിശ്വാസത്തെ വെളിപ്പെടുത്തേണ്ടതാണ്. അല്ലാതെ നമ്മുടെ ഹൃദയത്തിൽ വിശ്വസിക്കുന്നു എന്നു പറയുന്നതിലൂടെയല്ല. പലപ്പോഴും ആളുകൾ പറയുന്നത് അവരുടെ ഹൃദയം നേരുള്ളതാണ് എന്നാണ്. എന്നാൽ നാം മനസ്സിലാക്കേണ്ടത് മനുഷ്യർക്ക് നമ്മുടെ ഹൃദയം കാണാൻ സാദ്ധ്യമല്ല. നമ്മുടെ പ്രവൃത്തികളാണ് അവർ കാണുന്നത്. ഒരു ഭർത്താവ് ഭാര്യയോട് ഞാൻ നിന്നെ വളരെ അധികം സ്നേഹിക്കുന്നു എന്നു പറഞ്ഞിട്ട് അവളെ സ്നേഹിക്കുന്നു എന്ന് അവൾക്ക് മനസ്സിലാകത്തക്ക രീതിയിൽ പ്രവർത്തിക്കാതെ ഇരുന്നാൽ എന്തു പ്രയോജനം. നമ്മൾ ഹൃദയംകൊണ്ട് വിശ്വസിക്കുന്നത് പ്രവൃത്തിയിൽ കാണിക്കേണ്ടത് വളരെ ആവശ്യമാണ്.

# ദൈവത്തിന്റെ കൃപ നമ്മളെ നയിക്കും

*സൈന്യത്താലല്ല, ശക്തിയാലുമല്ല, എന്റെ ആത്മാവിനാലത്രെ എന്നു സൈന്യങ്ങളുടെ യഹോവ അരുളി ചെയ്യുന്നു.*

— സെഖര്യാവ്. 4:6

കുറെ നാളുകൾക്ക് മുമ്പ് എന്റെ ഒരു മീറ്റിംഗിന് മുമ്പ് ഒരു വ്യക്തി എന്റെ ഭർത്താവിന്റെ കയ്യിൽ ബൈബിളിലെ ഒരു വേദഭാഗം തുറന്നുകൊടുത്തിട്ട് അത് എനിക്ക് തരുവാൻ ആവശ്യപ്പെട്ടു. ദൈവകൃപയെക്കുറിച്ചാണ് ഞാൻ അന്ന് ക്ലാസ്സ് എടുക്കുവാൻ ഒരുങ്ങിയത്. ഞാൻ എന്താണ് സംസാരിക്കുവാൻ പോകുന്നതെന്ന് അയാൾക്ക് അറിയില്ലായിരുന്നു. എന്നാൽ അത്ഭുതമെന്നു പറയട്ടെ. അദ്ദേഹം എടുത്തുതന്ന വേദഭാഗം പൂർണ്ണമായും എന്റെ വിഷയത്തോടു ബന്ധപ്പെട്ടതായിരുന്നു. താഴെ പറയുന്ന സന്ദേശം, ദൈവനിശ്വസനീയമാണ്. ഇത് വായിച്ച് ദൈവത്തിന് നിങ്ങളോട് പറയുവാനുള്ളത് സ്വീകരിക്കുവാൻ ഞാൻ നിങ്ങളെ പ്രോത്സാഹിപ്പിക്കുകയാണ്.

പർവ്വതത്തെതന്നെ നേരിടുവാൻ ഞാൻ
നിന്നോട് ആവശ്യപ്പെടുന്നു
കാരണം പർവ്വതം അവിടെനിന്നു മാറുമ്പോൾ
അവിടെ ഞാൻ മാത്രമെ ശേഷിക്കൂ എന്ന് നീ അറിയും.
എനിക്കു മാത്രമാണ് പർവ്വതത്തെ നീക്കുവാൻ സാധിക്കു
ന്നത് നീ അനുഭവിക്കുന്ന പ്രശ്നത്തെ പരിഹരിക്കുവാൻ,
എനിക്ക് മാത്രമെ സാധിക്കൂ
നിന്റെ ആകെകൂടെയുള്ള ജോലി
എന്നിൽ വിശ്വസിക്കുകയും എന്റെ
ശബ്ദം ശ്രദ്ധിക്കുകയും മാത്രമാണ്.
ഞാൻ കല്പിക്കുന്നത് നീ കേൾക്കുമ്പോൾ
അനുസരിക്കുക എന്നതാണ് നിന്റെ കർമ്മം
എന്നാൽ ഞാനിത് കൂടുതൽ
ബുദ്ധിമുട്ടുള്ളതാക്കത്തില്ല
കാരണം എപ്പോഴും വിജയം എന്റേതാണ്
ഞാൻ നിന്നെ എന്റെ ആത്മാവുകൊണ്ട് നിറയ്ക്കുകയും
എന്റെ കൃപനിന്നിൽ പ്രകാശിപ്പിക്കുകയും ചെയ്യും.
നീ ആഗ്രഹിക്കുന്ന രീതിയിൽ നീ പൂർണ്ണനാകുമ്പോൾ അല്ല,
മറിച്ച് എന്നെപ്പോലെയാകുവാൻ നിന്റെ
ഹൃദയം എപ്പോൾ അതിയായി ആഗ്രഹിക്കുന്നോ അപ്പോഴാണ്."

# മുമ്പോട്ട് ലക്ഷ്യം വയ്ക്കുക

*"ഞാൻ പിടിച്ചിരിക്കുന്നു എന്നു നിരൂപിക്കുന്നില്ല. ഒന്നു ഞാൻ ചെയ്യുന്നു. പിമ്പിലുള്ളതു മറന്നും മുമ്പിലുള്ളതിനു ആഞ്ഞുംകൊണ്ട് ക്രിസ്തു യേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിനായി ലാക്കിലേക്ക് ഓടുന്നു.*

— ഫിലിപ്പിയർ. 3:12–14

കഴിഞ്ഞ കാലങ്ങളിൽ സംഭവിച്ചതിനെ ഓർത്ത് നിങ്ങൾ നിരാശപ്പെട്ടിരിക്കുകയാണെങ്കിൽ നിങ്ങൾ ചെയ്യേണ്ടത് നിങ്ങളുടെ ജീവിതത്തിൽ ഒരു പുതിയ ലക്ഷ്യം വെക്കുകയാണ്. ദൈവം നിങ്ങളെക്കുറിച്ച് ആഗ്രഹിക്കുന്നത് നടക്കുവാനും, ദൈവം നല്കുവാൻ ആഗ്രഹിക്കുന്നത് ലഭിക്കുവാനും തന്റെ മരണത്തിലൂടെ യേശു വാഗ്ദാനം ചെയ്തത് അനുഭവിപ്പാനും തീരുമാനിക്കുക.

നിരാശപ്പെടുമ്പോൾ ഞാനിനി ഒരിക്കലും അടിമത്വത്തിലേക്ക് പോകത്തില്ല എന്ന് ഉറക്കെ പറയുക. എന്റെ ജീവിതത്തിൽ സംഭവിച്ചുപോയ കാര്യങ്ങളെക്കുറിച്ച് എനിക്കൊന്നും ചെയ്യുവാൻ സാധിക്കത്തില്ല എന്നാൽ ഞാൻ എന്തായി തീരണം എന്നതിനെക്കുറിച്ച് എനിക്ക് ചിലതൊക്കെ ചെയ്യുവാൻ സാധിക്കും. യേശുക്രിസ്തു എനിക്കു നല്കിയ രക്ഷയെ ഞാൻ ജീവിതത്തിൽ ആസ്വദിച്ച് സന്തോഷിക്കുന്നു. പഴയതിനെ മറന്ന് എന്റെ കർത്താവിനുവേണ്ടി ഒരു പുതിയജീവിതം പുതിയ ലക്ഷ്യത്തോടെ നയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

# ആദ്യം ചെയ്യേണ്ടത് ആദ്യം തന്നെ ചെയ്യുക

*മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ;*
*അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും.*

— മത്തായി. 6:33

മുമ്പെ ദൈവത്തിന്റെ രാജ്യവും നീതിയും അന്വേഷിക്കണമെന്നിരിക്കെ നമ്മൾ പലപ്പോഴും നമ്മുടെ പ്രശ്നപരിഹാരമാണ് അന്വേഷിക്കുന്നത്. ദൈവം അന്വേഷിക്കുന്നിടത്തോളം നാം അവന്റെ തണലിലാണ്. അവന്റെ ചിറകിൻകീഴിൽ നീ ശരണം പ്രാപിക്കുമെന്നാണ് സങ്കീർത്തനക്കാരൻ പറയുന്നത് (സങ്കീർത്തനം 91:4). എന്നാൽ ദൈവഹിതത്തെ ആഗ്രഹിക്കുന്നതിനു പകരം നാം നമ്മുടെ ആവശ്യങ്ങൾക്ക് മാത്രമാണ് ദൈവത്തോട് യാചിക്കുന്നതെങ്കിൽ, അന്നു മുതൽ നമുക്ക് ദൈവത്തിന്റെ സംരക്ഷണം നഷ്ടമാകും.

വളരെ കാലം ഞാൻ ദൈവത്തെ അന്വേഷിച്ചത് എന്റെ ശുശ്രൂഷ എങ്ങനെ അഭിവൃദ്ധിപ്പെടണം എന്നതിനു വേണ്ടിയായിരുന്നു. എന്നാൽ എനിക്ക് ഒരിഞ്ചുപോലും അഭിവൃദ്ധി നേടാൻ സാധിച്ചില്ല. മാത്രമല്ല ചില സമയങ്ങളിൽ അത് പുറകോട്ടു പോവുകയും ചെയ്തു.

എന്നാൽ ഞാൻ ചെയ്യേണ്ടിയിരുന്നത് മുമ്പെ ദൈവത്തിന്റെ രാജ്യവും നീതിയും അന്വേഷിക്കുക എന്നതായിരുന്നു. അപ്പോഴാണ് ദൈവം അഭിവൃദ്ധി നല്കുന്നത്.

നിങ്ങളുടെ ആത്മിക പുരോഗതിയെക്കുറിച്ച് നിങ്ങൾ ആശങ്കപ്പെടേണ്ട കാര്യമില്ല, മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിക്കുക മാത്രം ചെയ്താൽ മതിയാകും. അഭിവൃദ്ധിയും അനുഗ്രഹവുമൊക്കെ താനെ വന്നുകൊള്ളും.

ഒരു ശിശു പാലുകുടിച്ചാണ് വളരുന്നത്. അതുപോലെ ആത്മിക വളർച്ചയ്ക്കായി നാം വചനമെന്ന മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ഛിക്കേണം. (1 പത്രൊസ് 2:2). നമ്മുടെ സ്വയപ്രയത്നത്താൽ ഒരിക്കലും യഥാർത്ഥ വിജയം ആസ്വദിക്കുവാൻ സാധിക്കത്തില്ല. നാം ദൈവത്തിന്റെ രാജ്യവും നീതിയും ആദ്യമായി അന്വേഷിക്കുന്ന പക്ഷം ഇതൊക്കെ താനെ വന്നുകൊള്ളും.

# ദൈവം ഇത് നന്മയ്ക്കായി വിചാരിച്ചു

*അവന്റെ സഹോദരന്മാർ ചെന്നു അവന്റെ മുമ്പാകെ വീണു; ഇതാ ഞങ്ങൾ നിനക്കു അടിമകൾ എന്നു പറഞ്ഞു. യോസേഫ് അവരോട്; ഭയപ്പെടേണ്ട ഞാൻ ദൈവത്തിന്റെ സ്ഥാനത്തു ഇരിക്കുന്നുവോ? നിങ്ങൾ എന്റെ നേരെ ദോഷം വിചാരിച്ചു; ദൈവമോ ഇന്നുള്ളതുപോലെ ബഹുജനത്തിനു ജീവരക്ഷ വരുത്തേണ്ടതിനു അതിനെ ഗുണമാക്കി തീർത്തു.*

— ഉല്പത്തി. 50:18–20

നമ്മുടെ ഭൂതകാലത്ത് എന്തൊക്കെ സംഭവങ്ങളുണ്ടായാലും അതൊന്നും നമ്മുടെ ഭാവിയെ നിർണ്ണയിക്കുന്നതായിരിക്കുകയില്ല. മനുഷ്യർ നമ്മോട് എന്തു ദോഷം ചെയ്താലും ദൈവത്തിനു അവയെ നന്മയ്ക്കായി ഉപയോഗിക്കുവാൻ സാധിക്കും. ദൈവത്തെ സ്നേഹിക്കുന്നവർക്ക് നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്ക് തന്നെ സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു. എന്ന് റോമാ ലേഖനത്തിൽ പറയുന്നു (റോമർ 8:28). നമ്മുടെ ദൈവം എത്ര വലിയവനാണെന്ന് ചിലപ്പോൾ നമ്മൾ മറന്നുപോകും.

യോസേഫിന്റെ ജീവിതത്തിൽ വേദനാജനകമായ പല സംഭവങ്ങൾ ഉണ്ടായി എന്നാൽ അപ്പോഴൊക്കെ അവൻ തന്റെ ദൈവത്തിൽ ആശ്രയിക്കുകയാണ് ചെയ്തത്. അവൻ മാറി ഇരുന്ന്, മറ്റുള്ളവരെ പഴിച്ചില്ല. തന്റെ സഹോദരന്മാർ, തന്റെ യജമാനൻ, യജമാനന്റെ ഭാര്യ, ഇവരെയൊന്നും യോസേഫ് കുറ്റം പറഞ്ഞില്ല. വിദ്വേഷം, പക, വെറുപ്പ്, ഒന്നും തന്നെ അവനിൽ ഉണ്ടായില്ല. ദൈവം അവനോട്കൂടെ ഇരുന്ന് എല്ലാ തിക്താ നുഭവങ്ങളെയും യോസേഫിന്റെ നന്മയ്ക്കും ഉയർച്ചയ്ക്കും കാരണമാക്കി തീർത്തു. എന്തു സംഭവിച്ചാലും ദൈവം തന്നോടുകൂടെ ഉണ്ടെന്ന് യോസേഫിന് അറിയാമായിരുന്നു. തന്റെ ജീവിതത്തെ രൂപപ്പെടുത്താൻ അവൻ ദൈവത്തെ പൂർണ്ണമായും അനുവദിക്കുകയാണുണ്ടായത്. ഇതു തന്നെയാണ് ഞാനും നിങ്ങളും ചെയ്യേണ്ടത്. ജഡത്തിൽ ആശ്രയിക്കാതെ, പൂർണ്ണമായി ദൈവത്തിന്റെ കരങ്ങളിൽ ആശ്രയിക്കുക.

# രണ്ടാമനാകാൻ തീരുമാനിക്കുക

*സഹോദരപ്രീതിയിൽ തമ്മിൽ സ്ഥായിപൂണ്ടു ബഹു*
*മാനത്തിൽ അന്യോന്യം മുന്നിട്ടുകൊൾവിൻ.*

— റോമർ. 12:10

മറ്റുള്ളവർക്ക് മുൻഗണന കൊടുക്കുക എന്നത് നല്ല സ്വഭാവമാണ് പക്ഷെ അതിനായി എന്തുകൊണ്ടും തൃപ്തിപ്പെടുവാനുള്ള ത്യാഗമനോഭാവം ആവശ്യമാണ്.

മറ്റുള്ളവർക്ക് ഒന്നാം സ്ഥാനം കൊടുക്കുക അഥവാ, ഏറ്റവും നല്ലത്, കൊടുക്കുക എന്നതാണിന്റെ അർത്ഥം. നിങ്ങളുടെ ആഹാരത്തിന്റെ ഏറ്റവും നല്ലഭാഗം മറ്റുള്ളവർക്ക് കൊടുക്കുമ്പോൾ, സൂപ്പർമാർക്കറ്റിലെ ക്യൂവിൽ നിങ്ങളുടെ പുറകിൽ നിൽക്കുന്നവനെ ആദ്യം കൗണ്ടറിലേക്ക് പോകുവാൻ അനുവദിക്കുമ്പോൾ, ആശുപത്രിയിലെ കൺസൽട്ടിംഗ് റൂമിലെ ലൈനിൽ നിങ്ങളുടെ പുറകിൽ നിൽക്കുന്ന ഗർഭിണിയെയോ, പ്രായമായവരെയോ ആദ്യം പോകുവാൻ അനുവദിക്കുമ്പോൾ, ഒക്കെയും നിങ്ങൾ മറ്റുള്ളവർക്ക് മുൻഗണന നല്കുകയാണ്.

ഈ സമയത്തൊക്കെ മാനസികമായി ഇപ്രകാരമുള്ള സാഹചര്യങ്ങളോട് പൊരുത്തപ്പെടാൻ നിങ്ങൾ പഠിക്കുകയാണ്.

നമ്മൾ ആഗ്രഹിക്കുന്നത് ഒന്നാമതാകുവാനാണ്. എന്നാൽ തീരുമാനിക്കുന്നതോ രണ്ടാമനാകുവാനും. നമ്മൾ തിരക്കിലാണ് എങ്കിലും നമ്മെ കഴിഞ്ഞും തിരക്കുള്ളവർക്ക് നമ്മൾ അവസരം കൊടുക്കുകയാണ്.

മറ്റുള്ളവർക്ക് ഇതുപോലെ അവസരം കൊടുക്കുവാൻ പഠിക്കുന്നതുവരെ ഒരുവൻ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെടുന്നില്ല (എഫെസ്യർ 3:17 കാണുക). വെറുതെ വിട്ടുവീഴ്ച ചെയ്യുകയല്ല മറിച്ച് അത് നല്ല മനോഭാവത്തോടെ ചെയ്യുകയാണ് വേണ്ടത്. ഇപ്രകാരം കാര്യങ്ങൾ ചെയ്യുക. ഒരുവൻ പഠിക്കുമ്പോൾ അവൻ സ്നേഹത്തിൽ നടക്കുവാൻ പഠിക്കുകയാണ്.

# അത്യാവശ്യമായതിന് മുൻഗണന കൊടുക്കുക

*അവൻ സർവ്വത്തിനും മുമ്പെയുള്ളവൻ; അവൻ സകലത്തിനും അധാരമായിരിക്കുന്നു. അവൻ സഭ എന്ന ശരീരത്തിന്റെ തലയും, സകലത്തിനും താൻ മുമ്പനാകേണ്ടതിനു അവൻ ആരംഭവും മരിച്ചവരുടെ ഇടയിൽ നിന്ന് ആദ്യനായി എഴുന്നേറ്റവനും ആകുന്നു.* — കൊലൊസ്യർ. 1:17-18

പല മനുഷ്യരും ആഗ്രഹിക്കുന്നത് ലഭിക്കാതിരിക്കുകയും അതിന്റെ ഫലമായി അവരുടെ സമാധാനം നഷ്ടപ്പെടുകയും ചെയ്യുന്നത് നമ്മൾ കണ്ടിട്ടുണ്ട്. എനിക്ക് തോന്നുന്നത്, ഇതിന്റെ പ്രധാന കാരണം അവരുടെ അത്യാവശ്യങ്ങൾക്ക് (അവർക്ക് ഏറ്റവും ആവശ്യമായത്) അവർ മുൻഗണന കൊടുത്തതുകൊണ്ടാണ് എന്നാണ്. നമുക്ക് ലക്ഷ്യം വെയ്ക്കുവാൻ പല ആവശ്യങ്ങളും ആഗ്രഹങ്ങളും കാണും. അവയിൽ ചിലതൊക്കെ നമുക്ക് ദോഷകരമാണെന്ന് പെട്ടെന്നു തിരിച്ചറിയാനും ഉപേക്ഷിക്കാനും സാധിക്കും.

എന്നാൽ നമ്മുടെ ആവശ്യങ്ങളിൽ പലതും നല്ലതായിരിക്കാം. ഇത് ഏതു ഒന്നാമത് തിരഞ്ഞെടുക്കേണം എന്നത് ആശയക്കുഴപ്പം ഉണ്ടാക്കും. മറ്റുള്ളവർക്ക് ഏറ്റവും ആവശ്യമായത് പലപ്പോഴും നമുക്ക് അങ്ങിനെയായിരിക്കാം. മറ്റുള്ളവർ ചെയ്യുന്നതിനെ നാം അനുകരിക്കുന്നത് അപകടകരമാണ്. ഇവിടെ നമ്മൾ ദൈവത്തിൽ ആശ്രയിക്കേണ്ടത് ആവശ്യമാണ്. ദൈവം ആഗ്രഹിക്കുന്ന കാര്യത്തിന് നാം മുൻഗണന കൊടുക്കണം. മുൻഗണനകൾ തീരുമാനിക്കുമ്പോൾ യേശുക്രിസ്തുവാണ് നമ്മുടെ ജീവിതത്തിൽ നന്മകൾ നല്കുവാൻ സാധിക്കുന്നവൻ എന്ന സത്യം നാം മറന്നു പോകരുത്. ആയതിനാൽ യേശുവിനായിരിക്കണം ജീവിതത്തിൽ ഒന്നാം സ്ഥാനം കൊടുക്കുവാൻ. യേശുക്രിസ്തു ദമ്പതികളെ കൂട്ടി ച്ചേർക്കുന്നില്ലെങ്കിൽ അവരുടെ ജീവിതം പരാജയപ്പെടും. അന്യോന്യം സ്നേഹിക്കുവാൻ യേശു നമ്മളെ സഹായിക്കുന്നില്ലെങ്കിൽ നമുക്ക് ഒരിക്കലും നല്ല വ്യക്തി ബന്ധങ്ങൾ ഉണ്ടായിരിക്കുകയില്ല. യേശുവിനെ കൂടാതെ നമ്മുടെ സമ്പത്തിന് യാതൊരു പ്രയോജനവുമില്ല. യേശുവില്ലെങ്കിൽ നമ്മുടെ ചിന്തകൾ കുഴഞ്ഞു മറിഞ്ഞതായിരിക്കും. നമ്മുടെ വികാരങ്ങൾ അവനില്ലെങ്കിൽ അനിയന്ത്രിതമാകും.

യേശു സഭയുടെ തലയാണ്, ആയതിനാൽ അവനുമാത്രം ഒന്നാംസ്ഥാനം കൊടുക്കണം.

ഇതുവരെയും യേശു അല്ല നിങ്ങളുടെ മുൻഗണന എങ്കിൽ, ദയവായി നിങ്ങളുടെ മുൻഗണനകളെ മാറ്റി യേശുവിനെ ഒന്നാം സ്ഥാനത്തു കൊണ്ടുവരിക.

# ഏറ്റവും വലിയ കല്പന

*യേശു അവനോട് നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണ ഹൃദയത്തോടും പൂർണ്ണ ആത്മാവോടും പൂർണ്ണ മനസ്സോടും കൂടെ സ്നേഹിക്കേണം. ഇതാകുന്നു വലിയതും ഒന്നാമത്തേതുമായ കല്പന. രണ്ടാമത്തേതു അതിനോട് സമം. കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കേണം.*

— മത്തായി. 22:37–39

ന്യായപ്രമാണത്തിലെ ഏറ്റവും വലിയ കല്പന ഏതാണെന്നു ചോദ്യത്തിന് യേശുവിന്റെ മറുപടിയായിരുന്നു മേല്പ്പറഞ്ഞ വാക്യം. മത്തായി. 7:12 – ൽ യേശു ഇപ്രകാരം പറഞ്ഞു. മനുഷ്യർ നിങ്ങൾക്കു ചെയ്യേണം എന്നു നിങ്ങൾ ഇച്ഛിക്കുന്നത് ഒക്കെയും നിങ്ങൾ അവർക്കു ചെയ്യുവിൻ. ന്യായ പ്രമാണവും പ്രവാചകന്മാരും ഇതുതന്നെ. നാം മറ്റുള്ളവരുടെ ആവശ്യങ്ങൾ അറിഞ്ഞ്, അവരെ ശുശ്രൂഷിക്കുമ്പോഴാണ്, നമുക്ക് ദൈവത്തെയും നമ്മോടുള്ള അവന്റെ പദ്ധതികളെയും ആസ്വദിക്കുവാൻ സാധിക്കുന്നത്.

നമ്മുടെ വിശ്വാസം, സ്വാർത്ഥത നിറഞ്ഞതാണെങ്കിൽ അത് മലിനപ്പെട്ടതാണ്. ഇത് മറ്റുള്ളവരുടെ ആവശ്യങ്ങൾ തിരിച്ചറിയുന്നിൽ നാം പരാജയപ്പെടുവാൻ കാരണമാകും. നമ്മുടെ ആഗ്രഹങ്ങളെല്ലാം നാം മറക്കണം എന്നല്ല ഇതിന്റെ അർത്ഥം, എന്നാൽ നാം എപ്പോഴും അവയെക്കുറിച്ച് ചിന്തിച്ചുകൊണ്ടിരിക്കാതെ നമ്മിലുള്ള സ്വാർത്ഥതയെ ദൂരെ എറിയേണ്ടത് ആവശ്യമാണ്. യഹോവയിൽ തന്നെ രസിച്ചു കൊൾക; അവൻ നിന്റെ ഹൃദയത്തിലെ ആഗ്രഹങ്ങളെ നിനക്കു തരും (സങ്കീർത്തനം 37:4).

# സ്നേഹം മുഖപക്ഷമില്ലാത്തതാണ്

*അപ്പോൾ പത്രൊസ് വായ് തുറന്നു പറഞ്ഞുതുടങ്ങിയത്: ദൈവത്തിനു മുഖപക്ഷമില്ല എന്നും, ഏതു ജാതിയിലും അവനെ ഭയപ്പെട്ട് നീതി പ്രവർത്തിക്കുന്നവനെ അവൻ അംഗീകരിക്കുന്നു എന്നും ഞാനിപ്പോൾ യഥാർത്ഥമായി ഗ്രഹിക്കുന്നു.*

— അപ്പൊ, പ്രവ. 10:34,35

സ്നേഹം പരിധിയില്ലാത്തതാണെങ്കിൽ, ഇതിൽ പക്ഷാഭേദം പാടില്ല. ഉദാഹരണത്തിനായി ഞാനൊരു സംഭവം പറയാം. ഒരിക്കൽ എന്റെ മകന്റെ കയ്യിലെ പ്ലാസ്റ്റർ എടുക്കാൻ ഞാൻ ഡോക്ടറുടെ അടുത്തുപോയി. ഞാൻ പുറത്തിരിക്കുമ്പോൾ, പ്രായം ചെന്ന ഒരു മനുഷ്യൻ എന്റെ അടുത്ത സീറ്റിൽ വന്നിരുന്നു. അദ്ദേഹം എന്നോട് സംസാരിക്കുവാൻ തുടങ്ങി. എന്നാൽ എനിക്കു വായിച്ചുകൊണ്ടിരിക്കുവാനിഷ്ടം. അദ്ദേഹം വീണതും, കാലൊടിഞ്ഞതും ഈ ഡോക്ടർ ചെയ്ത സഹായവും എല്ലാം വാതോരാതെ സംസാരിച്ചുകൊണ്ടിരുന്നു. എനിക്കത് ബോറിംങ്ങായി തോന്നിയതുകൊണ്ട്, ഞാൻ അത് ശ്രദ്ധിക്കാതെ വായിച്ചുകൊണ്ടിരുന്നു. അദ്ദേഹം ഒരുപക്ഷെ, ഏകാന്തത അനുഭവിക്കുന്ന ആളായിരിക്കാം. കൂടുതലാരും അദ്ദേഹത്തോട് സംസാരിക്കത്തില്ലായിരിക്കാം. എന്റെ സാന്നിദ്ധ്യം അദ്ദേഹം ശ്രദ്ധിച്ചിരുന്നിരിക്കാം. ഇതൊക്കെ എനിക്ക് അറിയാം എങ്കിലും എന്തോ എനിക്ക് അപ്പോൾ സംസാരിക്കുവാൻ തോന്നിയില്ല.

പരിശുദ്ധാത്മാവ് എന്നോട് ഇപ്രകാരം സംസാരിച്ചു. ഒരു പക്ഷെ ആ വൃദ്ധന്റെ സ്ഥാനത്ത് നീ ഇഷ്ടപ്പെടുന്ന മറ്റാരെങ്കിലും ആയിരുന്നെങ്കിൽ നീയിങ്ങനെ പെരുമാറുമായിരുന്നോ? ആ വാക്കുകൾ എന്നെ വളരെ അധികം ചിന്തിപ്പിച്ചു. ഒരു ബന്ധം സ്ഥാപിക്കുവാൻ എനിക്കു കിട്ടുന്ന എല്ലാ സന്ദർഭങ്ങളും ഞാൻ വിനിയോഗിക്കണം എന്ന് എനിക്ക് മനസ്സിലായി. ചുരുക്കിപ്പറഞ്ഞാൽ ഞാൻ അദ്ദേഹത്തോടു എന്തെല്ലാം ചെയ്തില്ല അതെല്ലാം എന്നെ ആ ബന്ധത്തിൽ നിന്ന് അകറ്റുവാനിടയായി. ആകയാൽ മുഖപക്ഷം കൂടാതെ എല്ലാവരോടും സ്നേഹത്തോടെ ഇടപെടേണ്ടതാണ്.

# മനസ്സിനെ സൂക്ഷിക്കുക

*ഈ ന്യായപ്രമാണ പുസ്തകത്തിലുള്ളത് നിന്റെ വായിൽനിന്ന് നീങ്ങിപ്പോകരുത്. അതിൽ എഴുതിയിരിക്കുന്നതുപോലെ ഒക്കെയും പ്രമാണിച്ച് നടക്കേണ്ടതിനു നീ രാവും പകലും അത് ധ്യാനിച്ചുകൊണ്ടിരിക്കേണം. എന്നാൽ നിന്റെ പ്രവൃത്തി സാധിക്കും. നീ കൃതാർത്ഥനായും ഇരിക്കും.*

— യോശുവ. 1:8

യോശുവയുടെ മുമ്പാകെ പരാജയപ്പെടുത്തുവാൻ ധാരാളം ശത്രുക്കളുണ്ടായിരുന്നു. ഇതു ഒരിക്കലും അവസാനിക്കാത്ത ഒരു യാത്രപോലെ തോന്നും. എന്നാൽ ദൈവവചനം പറയുന്നത് ന്യായപ്രമാണം, അനുസരിച്ച് പാലിക്ക എന്നാണ്. തന്റെ മുമ്പിലുള്ള വലിയ പ്രതിസന്ധിയെ ഓർത്ത് വ്യാകുലപ്പെടാനല്ല തിരുവചനം പ്രമാണിക്കുവാനാണ് കർത്താവ് പറഞ്ഞത്. യോശുവയെപ്പോലെ തന്നെ ജീവിതത്തിൽ അഭിവൃദ്ധിയും വിജയവും നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ നമ്മുടെ മുമ്പിലുള്ള പ്രശ്നത്തെക്കുറിച്ചല്ല നാം ചിന്തിച്ചുകൊണ്ടിരിക്കേണ്ടത് മറിച്ച്, അത് മറികടക്കാനുള്ള സാദ്ധ്യതകളാണ് നാം ചിന്തിക്കേണ്ടത്. പ്രശ്നത്തെക്കുറിച്ചുള്ള സംസാരം, ചിന്ത, അതുപോലെ അതിനെക്കുറിച്ച് എപ്പോഴുമുള്ള പ്രാർത്ഥന, ഇവയൊക്കെ ഒഴിവാക്കേണ്ടതാണ്.

എപ്പോഴും പ്രശ്നത്തെക്കുറിച്ചു മാത്രം ആലോചിച്ചുകൊണ്ടിരിക്കാതെ നാം പ്രാർത്ഥിച്ചിട്ടുണ്ടെങ്കിൽ ദൈവം അത് കേട്ടിട്ടുണ്ട്, വിശ്വസിച്ച് സ്വസ്ഥമായിരിക്കുക. നമ്മൾ പലപ്പോഴും പറയുന്നത് ഞാൻ ദൈവത്തോട് കൂട്ടായ്മ ആചരിക്കുകയാണെന്നാണ്, സത്യത്തിൽ നാം നമ്മുടെ പ്രശ്നങ്ങളോടല്ലേ കൂട്ടായ്മ ആചരിക്കേണ്ടത്.

മർക്കോസ് 11:23 - ൽ യേശു പറഞ്ഞത് മലയോട് നീങ്ങിപ്പോകുവിൻ എന്നു പറയുന്നതിനെക്കുറിച്ചാണ്. അല്ലാതെ മലയെക്കുറിച്ച് സംസാരിപ്പാനല്ല. വ്യക്തമായ ഒരു കാരണമുണ്ടെങ്കിൽ നമ്മുടെ മുമ്പിലുള്ള പ്രശ്നത്തെക്കുറിച്ച് സംസാരിക്കുക. അല്ലെങ്കിൽ മിണ്ടാതിരിക്കുകയാണ് നല്ലത്. ദൈവത്തോട് നമ്മുടെ ആവശ്യം പറഞ്ഞിട്ട് ദൈവം ഉത്തരം നല്കുന്നതു വരെ അതിനെക്കുറിച്ച് മാത്രം ചിന്തിച്ചുകൊണ്ടിരിക്കാതെ നിങ്ങൾക്ക് താല്പര്യമുള്ള മറ്റെന്തെങ്കിലും ചെയ്തുകൊണ്ടിരിക്കുകയാണ് ചെയ്യേണ്ടത്. ഇത് നിങ്ങളുടെ മനസ്സും ഹൃദയവും സ്വസ്ഥമാക്കും.

# വിശ്വസിക്കുന്നതിന് നഷ്ടമൊന്നുമില്ല

*വെളിപ്പാടു ഇല്ലാത്തെടുത്തു ജനം മര്യാദവിട്ടു നടക്കുന്നു. ന്യായപ്രമാണം കാത്തുകൊള്ളുന്നവനോ ഭാഗ്യവാൻ*

— സദൃ. 29:180

മോശമായ ഒരു ഭൂതകാലമുള്ളവർ നല്ല ഭാവിയിൽ വിശ്വാസമർപ്പിക്കണം. സദൃശ്യ വാകൃത്തിൽ പറയുന്നത് വെളിപ്പാട് (ദർശനം) ഇല്ലാത്തെടത്തു ജനം മര്യാദ വിട്ടു നടക്കുന്നു എന്നാണ്. ദർശനം നാം നമ്മുടെ മനസ്സിൽ കാണുന്നതാണ്. ഇത് ചിലപ്പോൾ ദൈവം തരുന്നതായിരിക്കാം മറ്റു ചിലപ്പോൾ നാം തന്നെ ഒരു ലക്ഷ്യത്തോടുകൂടി കാണുന്നതായിരിക്കാം. ഇപ്രകാരം ഒരു വെളിപ്പാട് (ദർശനം) ഉണ്ടാകുക എന്നത് നമുക്ക് വലിയ നഷ്ടമൊന്നുമുള്ള കാര്യമല്ല. പലർക്കും, ഇങ്ങനെ ഒരു ദർശനം ഉണ്ടാകേണം എന്ന് വിശ്വസിക്കുവാൻ ബുദ്ധിമുട്ടാണ്. എന്നാൽ നല്ല കാര്യങ്ങളെക്കുറിച്ച്, വിശ്വസിക്കുവാനും ദർശനം ഉണ്ടാകുവാനും ഞാൻ നിങ്ങളെ പ്രോത്സാഹിപ്പിക്കുകയാണ്. നിങ്ങൾ ആഗ്രഹിക്കുന്നത് എന്തും യേശുക്രിസ്തുവിന്റെ സഹായത്താൽ നിങ്ങൾക്ക് ചെയ്യുവാൻ സാധിക്കും എന്ന് വിശ്വസിക്കേണ്ട് ആവശ്യമാണ്.

ഉദാസീനമായ മനോഭാവം വെച്ച് പുലർത്താതെ വിശ്വാസത്തിൽ ഉറയ്ക്കുക. ചിന്തകളിൽ ക്രിയാത്മകമാവുക. നിങ്ങൾ ഹൃദയത്തിൽ എങ്ങിനെ ചിന്തിക്കുന്നുവോ അപ്രകാരമായിരിക്കും നിങ്ങളുടെ ഭാവി. അതുകൊണ്ട് ക്രിസ്തുവിൽ ആശ്രയിച്ച് ഒരു നല്ല ഭാവിയെക്കുറിച്ചുള്ള ദർശനം (വെളിപ്പാട്) മനസ്സിൽ സൂക്ഷിച്ച് മുന്നോട്ടുപോകുവാൻ സർവ്വശക്തൻ നിങ്ങളെ സഹായിക്കട്ടെ.

# എന്തുകൊണ്ട് ദൈവം വളരെ താമസിക്കുന്നു

*ദൈവത്തിനു സകലവും സാദ്ധ്യമാകുന്നു'*

— മത്തായി. 19:26

ഞാൻ നിന്നെ അനുഗ്രഹിക്കും ദൈവം അബ്രഹാമിനോട് പറഞ്ഞപ്പോൾ എനിക്കൊരു മകനെയാണ് വേണ്ടതെന്ന് അബ്രഹാം ദൈവത്തോട് പറഞ്ഞു. ദൈവം അബ്രഹാമിനോട് മകനെ നല്കുമെന്ന് പറഞ്ഞെങ്കിലും ഉടനെ ആ വാഗ്ദത്തം നിവൃത്തിച്ചില്ല. അബ്രഹാമിന് നൂറ് വയസ്സുള്ളപ്പോഴാണ് യിസ്ഹാക്കിനെ ലഭിക്കുന്നത് (ഉല്പത്തി. 21:5). ഏകദേശം ഇരുപതു വർഷം അബ്രഹാമിനു കാത്തിരിക്കേണ്ടി വന്നു. ദൈവത്തിന്റെ വാഗ്ദത്തം ലഭിക്കുമ്പോൾ തന്നെ (ഒരു മകനെ നല്കുമെന്നുള്ള) അബ്രഹാമും സാറായും വൃദ്ധരായിരുന്നു. സാറായുടെ ഗർഭപാത്രം നിർജ്ജീവമായപ്പോഴാണ് ദൈവം ഇസ്ഹാക്കിനെ നല്കിയത്. അബ്രഹാമിന്റെയും സാറായുടെ ജീവിതത്തിൽ ഇത് ഒരത്ഭുതം തന്നെ ആയിരുന്നു.

ചിലപ്പോൾ ഇതുപോലെ നാം ദൈവത്തോടു ചോദിക്കുന്ന കാര്യങ്ങൾ വളരെ നാളുകൾക്ക് ശേഷം ഒരത്ഭുതമായിട്ടായിരിക്കാം ദൈവം നല്കുന്നത്. എന്തെന്നാൽ തങ്കൽ ഏകാഗ്രചിത്തന്മാരായിരിക്കുന്നവർക്കു വേണ്ടി തന്നെത്താൻ ബലവാൻ എന്നു കാണിപ്പാൻ ദൈവം ആഗ്രഹിക്കുന്നു (2 ദിന. 16:9). ലാസർ രോഗിയായി കിടക്കുന്ന വിവരം മാർത്തയും മറിയയും അറിയിച്ചപ്പോൾ എന്തുകൊണ്ടാണ് ലാസർ മരിച്ച് അടക്കവും കഴിയുന്നതുവരെ അവിടെ പോകാതിരുന്നത് കാരണം ലാസറിനെ അത്ഭുതകരമായി ഉയർപ്പിക്കുവാൻ പോകുന്നു എന്ന് യേശു അറിഞ്ഞിരുന്നു. അത് എത്ര അസാദ്ധ്യമായി തോന്നിയാലും ദൈവത്തിന് അസാദ്ധ്യമായതൊന്നുമില്ല. ഇക്കാരണത്താലാണ് ദൈവം തന്റെ സമയത്തിനുവേണ്ടി കാത്തിരുന്നു പ്രവർത്തിക്കുന്നത്.

# ദൈവത്തിൽ നിന്നല്ല ദൈവത്തിങ്കലേക്ക് ഓടുക

*അവൻ മരിച്ചത് പാപസംബന്ധമായി ഒരിക്കലായിട്ടു മരിച്ചു. അവൻ ജീവിക്കുന്നതോ ദൈവത്തിനു ജീവിക്കുന്നു. അവ്വണ്ണം നിങ്ങളും പാപസംബന്ധമായി മരിച്ചവർ എന്നും ക്രിസ്തു യേശുവിൽ ദൈവത്തിനു ജീവിക്കുന്നവർ എന്നും നിങ്ങളെത്തന്നെ എണ്ണുവിൻ.*

— റോമർ 6:10,11

നമ്മുടെ തെറ്റുകളും ബലഹീനതകളുമാണ് നമ്മൾ എപ്പോഴും ചിന്തിച്ചുകൊണ്ടിരിക്കുന്നത് എങ്കിൽ അത് നമ്മളെ തളർത്തും. എന്നാൽ ദൈവത്തിന്റെ കൃപയും ക്ഷമയുമൊക്കെയാണ് നമ്മുടെ ചിന്തയെങ്കിൽ അത് നമ്മെ ധൈര്യപ്പെടുത്തും. നമ്മുടെ ബന്ധവും കൂട്ടായ്മയുമൊക്കെ ദൈവത്തോടൊപ്പം വേണം അല്ലാതെ, നമ്മുടെ ബലഹീനതകളോടെയല്ല, നമ്മുടെ ബലഹീനതകൾ, തെറ്റുകൾ, പാപങ്ങൾ, ഇവയെക്കുറിച്ചാണ് നാം ചിന്തിക്കുന്നതെങ്കിൽ, അതിനായി നമ്മൾ എത്ര നാളുകളെടുത്താലും അതെല്ലാം നമുക്ക് നഷ്ടമായ സമയങ്ങളാണ്. നമുക്ക് ബലഹീനതയുണ്ടെങ്കിൽ അത് ദൈവത്തോട് ഏറ്റു പറഞ്ഞ് വീണ്ടും ദൈവത്തോടുള്ള കൂട്ടായ്മയിൽ നാം തുടങ്ങേണ്ടതാണ്. മേൽപ്പറഞ്ഞ വാക്യം പറയുന്നത് നാം ദൈവത്തിനു ജീവിക്കുന്നവരും, മടുത്തുപോകാതെ കൂട്ടായ്മ ബന്ധമുള്ളവരുമാണെന്നാണ്. ആയതിനാൽ ഒരിക്കലും നമ്മുടെ പാപങ്ങൾ നമ്മെ ഈ ബന്ധത്തിൽ നിന്ന് അകറ്റരുത്. നാം പാപം ചെയ്യുമ്പോൾ ദൈവം നമ്മോട് സംസാരിക്കാനും പാപം ക്ഷമിക്കുവാനും ആഗ്രഹിക്കുന്നു എന്ന് നാം മറന്നുപോകരുത്. നാം അവനിലേക്ക് ഓടി അടുക്കുവാൻ ദൈവം ആഗ്രഹിക്കുന്നു. ഒരിക്കലും അവനിൽ നിന്ന് ഓടുവാനല്ല.

# നിങ്ങൾ പോകുന്നേടത്തൊക്കെയും നിങ്ങളുണ്ട്

*പാപം അറിയാത്തവനെ നാം അവനിൽ ദൈവത്തിന്റെ നീതി ആകേണ്ടതിനു അവൻ നമുക്കുവേണ്ടി പാപം ആക്കി.*

— 2 കൊരിന്ത്യർ 5:21

നിങ്ങൾ എവിടെയെല്ലാം പോയാലും അവിടെയെല്ലാം നിങ്ങൾക്ക് ഇഷ്ടമില്ലാത്ത ഒരാളെയാണ് കണ്ടുമുട്ടുന്നതെങ്കിൽ അത് എത്ര അസഹനീയമായിരിക്കും. നിങ്ങൾ ഒരു പാർട്ടിക്കു പോയാൽ നിങ്ങൾക്ക് അവളുടെ സംസാരം കേൾക്കേണ്ടിവരുന്നു. നിങ്ങൾ പള്ളിയിൽ പോയാൽ ഇതാ അവൾ നിങ്ങളുടെ അടുത്ത സീറ്റിൽ ഇരിക്കുന്നു അങ്ങിനെ, നിങ്ങളുടെ ഊണുമേശയിങ്കൽ, എവിടെയും എല്ലായിടത്തും അവളുണ്ട്.

ഇതുപോലെ തന്നെയായിരിക്കും നിങ്ങൾക്ക് നിങ്ങളെത്തന്നെ ഇഷ്ടമില്ലെങ്കിൽ, കാരണം നിങ്ങൾ എവിടെപോയാലും മേല്പ്പറഞ്ഞതുപോലെ അവിടെയെല്ലാം നിങ്ങളുണ്ട്. നിങ്ങൾക്കൊരിക്കലും നിങ്ങളിൽ നിന്നു രക്ഷപ്പെടുവാൻ സാദ്ധ്യമല്ല. നിങ്ങളിൽ പലരും ഇവിടെ പറഞ്ഞ കാര്യം അത്ര ഗൗരവമായി കാണുന്നില്ലായിരിക്കാം. നിങ്ങൾ വിശ്വസിച്ചാലും ഇല്ലെങ്കിലും ഞാൻ പറയട്ടെ. തങ്ങളെത്തന്നെ ഇഷ്ടപ്പെടാത്ത പലരെയും ഞാൻ കണ്ടുമുട്ടിയിട്ടുണ്ട്.

ഒരു പക്ഷെ അവർക്ക് അത് മനസ്സിലായിട്ടില്ലായിരിക്കാം. എന്നാൽ അവരുടെ വാക്കുകളും പ്രവൃത്തികളും വളരെ സൂക്ഷ്മമായി നിരീക്ഷിച്ചപ്പോൾ മനസ്സിലായത് ചില സമയങ്ങളിൽ അവർ അവരെത്തന്നെ തള്ളിപ്പറയുകയും മറ്റു ചിലപ്പോൾ അവർ അവരെത്തന്നെ വെറുത്തിട്ടുമുണ്ട്. എന്റെ ശുശ്രൂഷയിൽ ഞാൻ എത്ര മനുഷ്യരെ കണ്ടുമുട്ടിയിട്ടുണ്ട് എന്നാൽ വളരെ കുറച്ചു പേർക്കു മാത്രമാണ് തങ്ങളിൽത്തന്നെ സമാധാനം അനുഭവിപ്പാൻ സാധിക്കുന്നത് എന്നത് എന്നെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്. ഭൂരിപക്ഷം പേരും ഒരർത്ഥത്തിൽ തങ്ങളോടുതന്നെ യുദ്ധം ചെയ്യുന്നവരാണ്.

ദൈവം ആഗ്രഹിക്കുന്നത്, നിങ്ങൾ നിങ്ങളെത്തന്നെ സ്നേഹിക്കുവാനാണ്, അതൊരു സ്വർത്ഥമായതോ, അഹംഭാവമായതോ ആയ രീതിയിലല്ല മറിച്ച്, വളരെ ആരോഗ്യപരമായ രീതിയിൽ നിങ്ങൾ ദൈവത്തിന് എത്ര പ്രിയപ്പെട്ടവരാണ് എന്ന് മനസ്സിലാക്കിയാണ്. ദൈവം നിങ്ങളെ കാണുന്നതുപോലെ തന്നെ നിങ്ങൾ നിങ്ങളെ നോക്കിക്കാണുന്നുവെങ്കിൽ നിങ്ങൾ നിങ്ങളെ സ്നേഹിക്ക മാത്രമല്ല നന്മയ്ക്കുവേണ്ടി ലോകത്തിൽ നിലകൊള്ളുന്ന ഒരു വൻ ശക്തിയാണ് നിങ്ങൾ എന്ന ആത്മവിശ്വാസവും നിങ്ങൾക്കുണ്ടാകും.

# ക്രിയാത്മകമായി ചിന്തിക്കുക

*നീ വിശ്വസിച്ചതുപോലെ നിനക്കു ഭവിക്കട്ടെ*

— മത്തായി. 8:13

കുറെ വർഷങ്ങൾക്കുമുമ്പ് ഞാൻ എല്ലാം നിഷേധാത്മകമായി ചിന്തിക്കുന്ന ആളായിരുന്നു. ഞാൻ എപ്പോഴും പറഞ്ഞിരിക്കുന്നത് രണ്ട് കാര്യം ക്രിയാത്മകമായി ചിന്തിച്ചുപോയാൽ എന്റെ മനസ്സുതന്നെ സ്തംഭിച്ചു പോകുമെന്ന്. "നല്ലതൊന്നും നടക്കത്തില്ല എന്ന് നിങ്ങൾ ചിന്തിക്കുകയാണെങ്കിൽ, അത് സംഭവിക്കാതിരിക്കുമ്പോൾ നിങ്ങൾ നിരാശപ്പെടുകയില്ല" എന്നതായിരുന്നു എന്റെ തത്വം. ഇത് എന്റെ ജീവിതത്തിൽ പരാജയങ്ങൾ ഉണ്ടാക്കുവാൻ തുടങ്ങി. ഇങ്ങനെയുള്ള നിരാശകൾ പിന്നീട് ഒന്നിനെയും ക്രിയാത്മകമായി കാണുവാൻ എനിക്കു സാധിക്കാതെ വന്നു. എന്റെ ചിന്തകൾ നിഷേധാത്മകമായിരുന്നതുകൊണ്ട് എന്റെ വാക്കുകളും ജീവിതവും അതുപോലെ ആയിത്തീർന്നു.

എന്നാൽ ഒരു വിടുതലിനായി ദൈവത്തിൽ ആശ്രയിക്കുവാനും, ദൈവ വചനം പഠിക്കുവാനും ഇടയായപ്പോൾ എനിക്കു മനസ്സിലായത് ആദ്യമായി എന്റെ നിഷേധാത്മകമായ ചിന്ത മാറണമെന്നാണ് മത്തായി 8:13 – ൽ വായിക്കുന്നത് നമ്മൾ വിശ്വസിക്കുന്നതുപോലെ നമുക്കു ഭവിക്കും എന്നാണ്. ഞാൻ ചിന്തിച്ചതെല്ലാം നെഗറ്റീവായിട്ടായിരുന്നു അതുകൊണ്ട് സ്വാഭാവികമായി പലതും നെഗറ്റീവായാണ് എന്റെ ജീവിതത്തിൽ സംഭവിച്ചത്. എന്നാൽ നാം ചിന്തിക്കുന്നതെല്ലാം അതുപോലെ ലഭിക്കണമെന്ന് ഇത് അർത്ഥമാക്കുന്നില്ല. ദൈവത്തിന് നമ്മുടെ ജീവിതത്തെക്കുറിച്ച് വ്യക്തമായ പദ്ധതി ഉണ്ട്. നമ്മുടെ ചിന്തയിലും പ്രവൃത്തിയിലും അതിനെ മാറ്റുവാൻ സാദ്ധ്യമല്ല. അതുകൊണ്ട് ദൈവത്തിന്റെ പദ്ധതിക്കനുസരിച്ച് നമ്മൾ സംസാരിക്കുകയും പ്രവൃത്തിക്കുകയും ചെയ്യണം.

നിങ്ങളെക്കുറിച്ചുള്ള ആഗ്രഹം എന്തെന്ന് നിങ്ങൾക്കറിയില്ല എങ്കിൽ, കുറഞ്ഞ പക്ഷം ദൈവം നിങ്ങളെ നോക്കുന്നു എന്നെങ്കിലും നിങ്ങൾ വിശ്വസിക്കണം. അവൻ ചെയ്യുന്നതെല്ലാം നല്ലതാണ്. അവനെന്നെ അനുഗ്രഹിക്കും എന്ന് വിശ്വസിക്കു. എല്ലാം ശുഭമായി ഭവിക്കുമെന്ന് ആത്മവിശ്വാസത്തോടെ ചിന്തിക്കുക. നിങ്ങളുടെ ജീവിതത്തിൽ സംഭവിക്കുന്നത് പ്രാരംഭത്തിൽ ദോഷമായി തോന്നിയാലും തന്റെ വചനത്തിലെ വാഗ്ദത്തം പോലെ അവയെല്ലാം ദൈവം നല്ലതാക്കി തീർക്കും എന്ന് വിശ്വസിക്കുക.

# സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു

*എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്ക് നിർണ്ണയ പ്രകാരം വിളിക്കപ്പെട്ടിരിക്കുന്നവർക്ക് തന്നെ സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു എന്നു നാം അറിയുന്നു.*

— റോമർ. 8:28

എല്ലാ കാര്യങ്ങളും നല്ലതാണെന്നല്ല വചനം പറയുന്നത്, എല്ലാം നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു എന്നാണ്. നിങ്ങൾ ഒരു ഷോപ്പിംഗിന് പോകുന്നു എന്നിരിക്കട്ടെ. അതിനായി നിങ്ങൾ കാറിൽ കയറുമ്പോൾ കാർ സ്റ്റാർട്ടാകുന്നില്ല. ഈ സാഹചര്യത്തെ രണ്ടു രീതിയിൽ നിങ്ങൾക്കു കാണാം. ഒന്നാമതായി, ഓ,ഞാനിന്ന് ചിന്തിച്ചതാണ്, എവിടെ പോകാൻ തുടങ്ങിയാലും, തടസ്സം തന്നെയാണ്. രണ്ടാമതായി, ഇങ്ങനെ പറയാം "സാരമില്ല കാർ നന്നാക്കിയിട്ട് പോകാം, ഒരു പക്ഷെ ഇപ്പോൾ പോകുന്നത് ദൈവഹിതമല്ലായിരിക്കാം. ഇതൊക്കെ നല്ലതിനു തന്നെയാണ്." ഇപ്പോൾ ഞാൻ വീട്ടിലിരിക്കേണ്ടത് ആവശ്യമായിരിക്കാം.

റോമാലേഖനം 12:16 - ൽ പറയുന്നത്. മനുഷ്യരോടും സാഹചര്യങ്ങളോടും ചേർന്നു പോകുക എന്നാണ് ഇത് അർത്ഥമാക്കുന്നത്. നമ്മൾ അഗ്രഹിക്കുന്നത് നടക്കാതിരിക്കുമ്പോഴും നാം നിരാശപ്പെടരുത് എന്നാണ്. ക്രിയാത്മകമായി ചിന്തിക്കുന്നവർക്ക് പോലും എല്ലാ കാര്യങ്ങളും വിജയിക്കണമെന്നില്ല. എന്നാൽ ഇങ്ങനെയുള്ളവർക്ക് എന്തു സംഭവിച്ചാലും അതിൽ സന്തോഷിച്ചുകൊണ്ട് മുമ്പോട്ടു പോകുവാൻ സാധിക്കും.

# ഇരുമനസ്സ് അപകടകരമാണ്

*ഇരുമനസ്സുള്ള മനുഷ്യൻ തന്റെ വഴികളിലൊക്കെയും അസ്ഥിരൻ ആകുന്നു.*

— യാക്കോബ്. 1:8

ഇരുമനസ്സുള്ള മനുഷ്യൻ തന്റെ ചിന്ത, വികാരം, തീരുമാനം, എന്നിവയിലെല്ലാം അസ്ഥിരനും സംശയാലുവുമായിരിക്കും. നമ്മൾ ഇരുമനസ്സുകാരാകാതെ നിശ്ചയ ദാർഢ്യത്തോടെ തീരുമാനമെടുക്കുന്നവരായിരിക്കണം.

നേതാക്കന്മാർ തീരുമാനം എടുക്കുന്നവരും ആ തീരുമാനത്തിൽ ഉറച്ചു നില്ക്കുന്നവരും ആയിരിക്കണം. ഒരു തീരുമാനം എടുത്തിട്ട്, അത് ശരിയാണോ, തെറ്റാണോ എന്ന് ആശങ്കപ്പെടുന്നവർ എപ്പോഴും അസ്ഥിരന്മാരാണ്. ദൈവം പറയുന്നത് എന്താണെന്ന് നാം വ്യക്തമായി കേൾക്കുകയും, അതിനനുസരിച്ച് തീരുമാനമെടുക്കുകയും വേണം. ഒരിക്കൽ നാം ഒരു തീരുമാനമെടുത്താൽ അതു നമ്മൾ പൂർണ്ണഹൃദയത്തോടെ നടപ്പാക്കണം.

റോമാലേഖനം 12-ാം അദ്ധ്യായത്തിൽ വിശ്വാസികൾക്ക് ലഭിച്ച വിവിധ കൃപാവരങ്ങളെക്കുറിച്ച് പൗലോസ് സംസാരിക്കുന്നുണ്ട്. അവിടെ പറയുന്നത്, ഉപദേശിക്കുന്നവൻ എങ്കിൽ ഉപദേശത്തിൽ,0 പ്രബോധിപ്പിക്കുന്നവൻ എങ്കിൽ പ്രബോധനത്തിൽ, ദാനം ചെയ്യുന്നവൻ ഏകാഗ്രയോടെ, ഭരിക്കുന്നവൻ ഉത്സാഹത്തോടെ ചെയ്യേണമെന്നാണ്. ചുരുക്കത്തിൽ പറഞ്ഞാൽ എല്ലാവരും പറയുന്നതനുസരിച്ച് പ്രവർത്തിക്കരുത് എന്നർത്ഥം. ദൈവഹിതത്തിനനുസരിച്ച് പ്രവർത്തിക്കുവാൻ എപ്പോഴും ശ്രദ്ധിക്കുക. സാഹചര്യങ്ങളനുസരിച്ച് തീരുമാനങ്ങൾ മാറ്ററുത്. ശക്തമായ ഒരു തീരുമാനത്തിനുടമയായി ജീവിക്കുവാൻ ദൈവം നിങ്ങളെ സഹായിക്കട്ടെ.

# ദൈവം താൻ സ്നേഹിക്കുന്നവരെ ശിക്ഷിക്കുന്നു

*കർത്താവ് താൻ സ്നേഹിക്കുന്നവരെ ശിക്ഷിക്കുന്നു;*
*താൻ കൈക്കൊള്ളുന്ന ഏതു മകനെയും തല്ലുന്നു.*

– എബ്രായർ. 12:6

നമുക്കെല്ലാവർക്കും പലപ്പോഴും ശരിയായ മാർഗ്ഗനിർദ്ദേശങ്ങളും തിരുത്തലുകളും ആവശ്യമാണ് ദൈവത്തിന്റെ ആഗ്രഹവും ഇതു തന്നെയാണ്. ദൈവം നമ്മെ സ്നേഹിക്കുകയും ശിക്ഷിക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ ശിക്ഷയും തിരുത്തലും ഒന്നും നമ്മുടെ ദോഷത്തിനായല്ല, നന്മയ്ക്കാണ് കാരണമാകുന്നത്.

നമ്മുടെ നന്മയ്ക്കായി പ്രവർത്തിക്കുന്ന കാര്യങ്ങൾ എല്ലായ്പ്പോഴും നമുക്ക് നന്മയായി തോന്നുകയില്ല, കാരണം മനുഷ്യർ നന്മയെന്നു പലപ്പോഴും വിചാരിക്കുന്നത് പെട്ടെന്നുണ്ടാകുന്ന സുഖത്തെയാണ്. ഏതു ശിക്ഷയും തല്ക്കാലം സന്തോഷകരമല്ല, ദു:ഖകരമത്രെ എന്നു തോന്നും; പിന്നെത്തേതിലോ അതിനാൽ അഭ്യാസം വന്നവർക്ക് നീതി എന്ന സമാധാന ഫലം ലഭിക്കും. (എബ്രായർ. 12:11)

ഗുണീകരണം എന്നത് സ്വീകരിക്കുവാൻ പലർക്കും ബുദ്ധിമുട്ടാണ്. പ്രത്യേകിച്ച് ഇത് മറ്റൊരു വ്യക്തിയിൽ കൂടി വരുമ്പോൾ, മറ്റൊരാൾ നമ്മുടെ തെറ്റു തിരുത്തുന്നത് നമുക്കിഷ്ടമില്ല. ദൈവം നമ്മുടെ തെറ്റുകൾ തിരുത്തുന്നത് പലപ്പോഴും സ്വകാര്യമായാണ്. പക്ഷെ ചിലപ്പോൾ നമ്മൾ ഇത് നിരസിക്കുമ്പോഴോ അതു മനസ്സിലാകാതിരിക്കുമ്പോഴോ ദൈവത്തിന് പരസ്യമായി ചെയ്യേണ്ടിവരുന്നു. അതിനായി അവൻ സാദ്ധ്യമായ മാർഗ്ഗങ്ങളെയോ, വ്യക്തികളെയോ ഉപയോഗിക്കുവാൻ സാദ്ധ്യതയുണ്ട്. ഇത് ഒരുപക്ഷെ നമ്മൾ എപ്പോഴും ഇഷ്ടപ്പെട്ടെന്നു വരികയില്ല.

എങ്കിലും ദൈവം നമ്മുടെ നന്മയ്ക്കായി ഉപയോഗിക്കുന്ന എല്ലാ മാർഗ്ഗങ്ങളെയും അത് വ്യക്തിയാകട്ടെ, സാഹചര്യമാകട്ടെ നാം മനസ്സോടെ സ്വീകരിക്കേണ്ടതാവശ്യമാണ്. അല്ലായെങ്കിൽ നാം ഒരിക്കൽകൂടി പർവ്വതത്തെ ചുറ്റി നടക്കേണ്ടിവരും. (ആവർത്തനം. 2:3)

# സ്ഥിരത എന്നത് വിജയത്തിലേക്കുള്ള പ്രധാന കണ്ണിയാണ്

*യേശു അവരോട് ഉത്തരം പറഞ്ഞത്: ദൈവത്തിൽ വിശ്വാസമുള്ളവർ ആയിരിപ്പിൻ. ആരെങ്കിലും തന്റെ ഹൃദയത്തിൽ സംശയിക്കാതെ താൻ പറയുന്നത് സംഭവിക്കും എന്നു വിശ്വസിച്ചുകൊണ്ട് ഈ മലയോട് നീ നീങ്ങി കടലിൽ ചാടിപ്പോക എന്നു പറഞ്ഞാൽ അവൻ പറഞ്ഞതുപോലെ സംഭവിക്കും എന്നു ഞാൻ സത്യമായി നിങ്ങളോട് പറയുന്നു.*

— മർക്കോസ്. 11:22,23

യേശുക്രിസ്തുവിന്റെ ഈ പ്രസ്താവന വളരെ പ്രസക്തമായ ഒന്നാണ്. ആയതിനാൽ ഇത് വ്യക്തമായി പഠിക്കേണ്ടതാണ്. ഒന്നാമതായി. നമ്മുടെ ജീവിതത്തിലെ പർവ്വതങ്ങളോട് നാം എന്താണ് പറയുന്നത്? നാം നമ്മുടെ ആഗ്രഹമല്ല ഇവിടെ പറയേണ്ടത്. ദൈവത്തിന്റേതാണ്, ദൈവത്തിന്റെ ഹിതം എന്നത് ദൈവവചനമാണ്.

ലൂക്കോസ് 4-ാം അദ്ധ്യായത്തിൽ പിശാച് യേശുവിനെ മരുഭൂമിയിൽ വെച്ച് പരീക്ഷിച്ചപ്പോൾ, യേശു ദൈവവചനം കൊണ്ടാണ് അതിനെ നേരിട്ടത്. തിരുവചനത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു എന്ന് പറഞ്ഞ് ആ വചനങ്ങൾ ഉദ്ധരിച്ചുകൊണ്ടാണ് പിശാചിന്റെ വഞ്ചനയെ എതിർത്തത്. നമ്മളും പലപ്പോഴും ദൈവവചനം ഇതുപോലെ ഉപയോഗിക്കാറുണ്ട്, എന്നാൽ നാം ആഗ്രഹിക്കുന്ന രീതിയിൽ പെട്ടെന്ന് ഒരുത്തരം ലഭിക്കാതെ വരുമ്പോൾ അത് മതിയാക്കി, നമ്മുടെ വികാരങ്ങളെ ഉപയോഗിച്ച് പ്രശ്നങ്ങളെ നേരിടുകയും അവസാനം നാം ദയനീയമായി പരാജയപ്പെടുകയും ചെയ്യും.

കല്ല് പൊടിക്കുമ്പോൾ ഒരു പക്ഷെ തൊണ്ണൂറ്റി ഒൻപതു പ്രാവശ്യം അടിച്ചിട്ടും കല്ലിൽ യാതൊരു മാറ്റവും ഇല്ലായിരിക്കാം. എന്നാൽ നൂറാമത്തെ അടിക്ക് ആ കല്ല് രണ്ടായി പൊട്ടുന്നു എന്നു വിചാരിക്കുക. ഓരോ അടികളും ആ പാറയിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട് എന്നാൽ പുറമെ അത് കാണുന്നില്ല എന്നു മാത്രമാണ്. ഇതുപോലെ സ്ഥിരതയോടെയുള്ള പ്രവർത്തനം നമ്മെ വിജയത്തിലെത്തിക്കും. ഒരു മാറ്റം (വിജയം) കാണുന്നതുവരെ നാം സ്ഥിരതയോടെ പ്രവർത്തിക്കേണ്ടതാണ്.

# നമ്മൾചോദിക്കാത്തതിനാൽ നമുക്ക് ലഭിക്കുന്നില്ല

*ഇന്നുവരെ നിങ്ങൾ എന്റെ നാമത്തിൽ ഒന്നും അപേക്ഷിച്ചിട്ടില്ല; അപേക്ഷിപ്പിൻ എന്നാൽ നിങ്ങളുടെ സന്തോഷം പൂർണ്ണമാകുംവണ്ണം നിങ്ങൾക്കു ലഭിക്കും.*

— യോഹന്നാൻ. 16:24

ഒരു ദിവസം രാവിലെ ഞാൻ എഴുന്നേറ്റപ്പോൾ എനിക്ക് കലശലായ തലവേദന അനുഭവപ്പെട്ടു, എനിക്കു പനിപിടിക്കാൻ പോകുന്നു എന്നു തോന്നി. ഒരു ദിവസം മുഴുവൻ ഞാൻ ആ വേദനയും കൊണ്ട് നടന്നു. കണ്ടു മുട്ടിയ എല്ലാവരോടും ഇതിനെക്കുറിച്ച് പറഞ്ഞു. അവസാനമായി ദൈവം എന്നോട് ചോദിച്ചത് ഇത്ര സമയമായിട്ടും നീ എന്തുകൊണ്ട് എന്നോട് ഈ കാര്യം പറഞ്ഞില്ല. യേശുക്രിസ്തുവിനെ എന്റെ സൗഖ്യ ദായകനായിട്ട് വിശ്വ സിച്ചിരുന്നെങ്കിലും ഞാൻ യേശുവിനോട് അപേക്ഷിച്ചില്ലായിരുന്നു.

ഇതുപോലെ നമ്മുടെ പ്രശ്നങ്ങൾ കർത്താവിനോട് പറയുന്നതിനു പകരം സ്വയമായി അതെങ്ങനെ പരിഹരിക്കാം എന്നു ചിന്തിച്ചുകൊണ്ടിരിക്കാറുണ്ട്. തിരുവചനം പറയുന്നത് അപേക്ഷിപ്പിൻ എന്നാൽ എന്റെ സന്തോഷം പൂർണ്ണ മാകുംവണ്ണം നിങ്ങൾക്ക് ലഭിക്കും എന്നാണ്. (യോഹന്നാൻ. 16:24)

നമ്മുടെ ജഡത്തിന്റെ ആഗ്രഹം പ്രശ്നങ്ങൾ തനിയെ പരിഹരിക്കുക എന്നാണ്. അതുവഴി മഹത്വമെല്ലാം സ്വയമായി എടുക്കുക എന്നതാണ്. ആയ തിനാൽ ജഡത്തിന്റെ ഇച്ഛകൾ എപ്പോഴും ദൈവവചനം അനുസരിക്കുന്ന തിൽ നിന്ന് നമ്മെ എപ്പോഴും വിലക്കിക്കൊണ്ടിരിക്കും. ഇത് കൊണ്ടാണ് വേണ്ടത്ര പുരോഗതിയും വിജയവും നമുക്ക് ലഭിക്കാതിരിക്കുന്നത്. നാം ആഗ്ര ഹിക്കുന്നത് ലഭിക്കണമെങ്കിൽ സ്വയത്തിന്റെ ആഗ്രഹം വെടിഞ്ഞ് താഴ്മ യോടെ ദൈവത്തിൽ ആശ്രയിക്കണം. പ്രവർത്തിക്കുന്നതു മതിയാക്കി അപേ ക്ഷിപ്പാൻ പഠിക്കണം.

# ശാന്തമാവുക; ഭാരം കുറക്കുക

*അതുകൊണ്ട് നാളെക്കായി വിചാരപ്പെടരുത്. നാളത്തെ ദിവസം തനിക്കായി വിചാരപ്പെടുമല്ലോ. അതതു ദിവസത്തിനു അന്നന്നത്തെ ദോഷം മതി.*

— മത്തായി.6:34

വിചാരപ്പെടുക എന്നതിന് ഞാൻ കൊടുക്കുന്ന അർത്ഥം മാനസികമായി നിങ്ങൾ ആയിരിക്കുന്നിടത്ത് നിന്ന് മാറി അല്പം പുറകോട്ടോ മുൻപോട്ടോ മാറുക എന്നാണ്.

നാളത്തെ ആളായിട്ടല്ല ഇന്നത്തെ മനുഷ്യനായിട്ട് ജീവിക്കുവാനാണ് ദൈവം ആഗ്രഹിക്കുന്നത്. പലപ്പോഴും നാം ഭാവിയെക്കുറിച്ചോ, ഭൂതകാലത്തെക്കുറിച്ചോ ഓർത്താണ് കഴിയുന്നത്. മാനസികമായും, ശാരീരികമായും ആത്മികമായും ഇന്നത്തെ ആളായിട്ടാണ് നാം ജീവിക്കേണ്ടത്. യോഹന്നാൻ. 8:58 - ൽ യേശു തന്നെക്കുറിച്ച് ഞാൻ എന്നാണ് സംബോധന ചെയ്യുന്നത്. യേശു എപ്പോഴും വർത്തമാനകാലത്തിലാണ്. അതുകൊണ്ട് നമ്മൾ ഭൂതകാലത്തിനോ ഭാവിയിലോ ജീവിക്കുകയാണെങ്കിൽ പരാജയപ്പെടും. അതുകൊണ്ടാണ് യേശു നാളെയെക്കുറിച്ച് വിചാരപ്പെടരുത്, നാളത്തെ ദിവസം തനിക്കായി വിചാരപ്പെടുമല്ലോ എന്നു പറഞ്ഞത്. (മത്തായി 6:34)

നമ്മുടെ ആവശ്യങ്ങൾ, ആഹാരം, വസ്ത്രം, പാർപ്പിടം, എന്തായിരുന്നാലും മുമ്പെ നാം ദൈവത്തിന്റെ രാജ്യവും നീതിയും അന്വേഷിക്കുകയാണെങ്കിൽ അതെല്ലാം നമുക്ക് ലഭിക്കും (മത്തായി. 6:25-33). നാം ഇന്നത്തെ ദിവസത്തെക്കുറിച്ച് ശ്രദ്ധ കേന്ദ്രീകരിച്ച് മുമ്പോട്ടു പോകേണ്ടതാണ്. ശാന്തമാകുക, ഭാരം കുറയ്ക്കുക, കൂടുതൽ ചിരിക്കുക, കുറച്ച് ഭാരപ്പെടുക. നാളത്തെക്കുറിച്ചോ ഇന്നലെയെക്കുറിച്ചോ ചന്തിച്ച് ഇന്ന് എന്ന ദിവസത്തിന്റെ പ്രാധാന്യം നഷ്ടപ്പെടുത്തരുത്.

ഇന്ന് എന്ന ദിവസം പിന്നീടൊരിക്കലും മടങ്ങിവരികയില്ല. ഇന്നലെയെക്കുറിച്ചോ നാളെയെക്കുറിച്ചോ ഉള്ള ഭാരം നിങ്ങളെ അലട്ടുകയാണെങ്കിൽ അവിടെ നിർത്തിയിട്ട് മനസ്സിനെ ഇന്നത്തെ കാര്യങ്ങളിൽ മാത്രം ചിന്തിക്കുമ്പോൾ ഏകാഗ്രമാക്കുക. ഭൂതകാലത്തിൽ നിന്ന് പഠിച്ച് ഭാവിക്കായി ഒരുങ്ങുകയും ഇന്നത്തേക്കുവേണ്ടി ജീവിക്കുകയും ചെയ്യുക.

# ദൈവം കരുതുന്നു

*എന്റെ കഷ്ടതയിൽ ഞാൻ യഹോവയെ വിളിച്ചപേക്ഷിച്ചു, എന്റെ ദൈവ ത്തോടു നിലവിളിച്ചു. അവൻ തന്റെ മന്ദിരത്തിൽ നിന്നു എന്റെ അപേക്ഷ കേട്ടു. തിരുമുമ്പിൽ ഞാൻ കഴിച്ച പ്രാർത്ഥന അവന്റെ ചെവിയിൽ എത്തി.*

— സങ്കീർത്തനം. 18:6

ദൈവം നിങ്ങളെ സ്നേഹിക്കുകയും സഹായിപ്പാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. എന്നാൽ നിങ്ങൾ അതിനായി അപേക്ഷിക്കേണ്ടത് ആവശ്യമാണ്. അടുത്തകാലത്ത് ഒരു മനുഷ്യൻ എന്നോട് പറഞ്ഞത് അയാൾക്ക് നിയന്ത്രിക്കാൻ പറ്റാത്ത പ്രയാസങ്ങൾ ഉണ്ടാകുമ്പോൾ സ്വർഗ്ഗത്തിലേക്ക് കൈയ്യുയർത്തി യേശുവെ എന്നെ സഹായിക്കേണമെ എന്നു പറയുമെന്നാണ്. ദൈവം ഹൃദയത്തിന്റെ നിലവിളി കേൾക്കുന്ന വനാണ് അതുകൊണ്ട് സ്വയമായി ഒന്നും ചെയ്യാതെ ദൈവത്തോടു അപേക്ഷിക്കുക. നമ്മുടെ ആരോഗ്യം, വസ്ത്രം, എന്നീ നിസ്സാര കാര്യങ്ങൾ ദൈവം കരുതുന്നുണ്ടോ എന്നു ചിന്തിക്കാം. എന്നാൽ നിങ്ങളെ സംബന്ധിച്ചുള്ള എല്ലാ കാര്യങ്ങളും, അതെത്ര വലിയതോ, ചെറിയതോ ആയാലും ദൈവം അവയ്ക്കായി കരുതുന്നുണ്ട്.

നിങ്ങൾ ആവശ്യപ്പെടുന്ന പക്ഷം നിങ്ങളുടെ ആരോഗ്യത്തിനുവേണ്ടിയും ദൈവം കരുതും. ജീവിത പുരോഗതിക്കായുള്ള ആത്മി ശക്തിക്കായി ദൈവ ത്തോട് അപേക്ഷിക്കേണ്ടത് ആവശ്യമാണ്. ദൈവത്തിന്റെ കൃപ എപ്പോഴും ലഭ്യമാണ്. ശരിയായത് തെരഞ്ഞെടുത്ത് ദൈവത്തിൽ ആശ്രയിക്കുകയാണെ ങ്കിൽ, ജീവിത വിജയത്തിനായുള്ള ശക്തി ദൈവം നിങ്ങൾക്ക് നല്കും.

# വെറുതെ അനുസരിക്കുക

*അവർക്കും അവരുടെ മക്കൾക്കും എന്നേക്കും നന്നായിരിപ്പാൻ അവർ എന്നെ ഭയപ്പെടേണ്ടതിനും എന്റെ കല്പനകളൊക്കെയും പ്രമാണിക്കേണ്ടതിനും ഇങ്ങനെയുള്ള ഹൃദയം അവർക്ക് എപ്പോഴും ഉണ്ടായിരുന്നുവെങ്കിൽ എത്ര നന്നു.*

— ആവർത്തനം 5:29

ദൈവവചനം ശ്രദ്ധിച്ച് ദൈവം പറയുന്നത് ചെയ്യുകയാണെങ്കിൽ, നമുക്ക് എല്ലാം അനുകൂലമാകും. സമ്മർദ്ദം അതിജീവിക്കുന്നത് എങ്ങിനെ എന്ന് പലർക്കും അറിഞ്ഞുകൂടാ, കാരണം, സാത്താൻ അങ്ങിനയാണ് അവരെ തെറ്റിദ്ധരിപ്പിച്ചിരിക്കുന്നത്. ആളുകളുടെ ജീവിതത്തെ കൂടുതൽ സങ്കീർണ്ണമാക്കുന്ന രീതിയിൽ പിശാച് പ്രവർത്തിക്കുന്നു കാരണം, അവർ ദൈവത്തോട് അടുത്താലുള്ള സന്തോഷത്തിന്റെ ശക്തി അവന് അറിയാം. ദൈവം നമുക്ക് നല്കുന്ന ഊർജ്ജം നഷ്ടപ്പെടുത്താൻ പിശാച് നമ്മെ അനാവശ്യമായ സങ്കീർണ്ണതകളിൽ കുരുക്കി. ആവശ്യമില്ലാത്ത കാര്യങ്ങൾ ചെയ്യിക്കും. അവനറിയാം നമ്മൾ ദൈവത്തെ അനുസരിച്ചാൽ ഈ ഊർജ്ജം അവനെതിരായി ഉപയോഗിക്കുമെന്ന്. ചെറിയ കാര്യങ്ങളിൽ പോലും ദൈവത്തെ അനുസരിക്കുകയാണെങ്കിൽ പലരും ആഗ്രഹിക്കുന്ന രീതിയിൽ അവരുടെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും മാറ്റങ്ങൾ വരും. ഒരു പക്ഷെ ദൈവത്തോടുകൂടെ കുറച്ചു സമയം ചിലവഴിക്കാൻ ദൈവം ആഗ്രഹിക്കുന്നു. ഈ സമയം നാം ടെലിവിഷൻ കാണുന്നതോ, മറ്റു വിനോദങ്ങളിൽ ഏർപ്പെടുന്നതോ ആകാം. ദൈവത്തിന്റെ ശബ്ദം കേൾക്കുവാനും, അനുസരിപ്പാനും നിങ്ങൾ എത്രത്തോളം കൃത്യമായി കാത്തിരിക്കുന്നുവോ, അത്രത്തോളം, നിങ്ങളുടെ ജീവിതത്തിൽ മാറ്റങ്ങൾ പെട്ടെന്നു തന്നെ ഉണ്ടാകും. ചെറിയ കാര്യങ്ങളിൽ ഉള്ള നമ്മുടെ അനുസരണത്തെ ദൈവം നമ്മുടെ മാറ്റത്തിനായി ഉപയോഗിക്കുന്നു.

സാഹചര്യം ഏതായാലും ദൈവത്തെ ശ്രദ്ധിച്ച് അനുസരിക്കുക. സദൃശ്യവാക്യം 3:6 ൽ പറയുന്നത്. "നിന്റെ എല്ലാ വഴികളിലും അവനെ നിനച്ചുകൊൾക, അവൻ നിന്റെ പാതകളെ നേരെയാക്കും." ദൈവം നിങ്ങളോട് അനുസരിക്കുവാൻ പറയുന്ന കാര്യങ്ങളുടെ കാരണം ഒരു പക്ഷെ നിങ്ങൾക്ക് അറിയത്തില്ലായിരിക്കാം, ഒരു മാറ്റമോ, ഉത്തരമോ പെട്ടെന്നു കിട്ടുകയില്ലായിരിക്കാം. എങ്കിലും ദൈവത്തെ അനുസരിച്ചുകൊണ്ടേ ഇരിക്കുക. അത് നിങ്ങൾക്കും നിങ്ങളുടെ കുട്ടികൾക്കും നന്നായിരിക്കും.

# നിങ്ങൾ ആയിരിക്കുന്നതുപോലെ തന്നെ കടന്നുവരിക

*എന്നാൽ മൂടുപടം നീങ്ങിയ മുഖത്തു കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ പ്രതിബിംബിക്കുന്നവരായി നാം എല്ലാവരും ആത്മാവാകുന്ന കർത്താവിന്റെ ദാനമായി തേജസ്സിൻ മേൽ തേജസ്സു പ്രാപിച്ച് അതേ പ്രതിമയായി രൂപാന്തരപ്പെടുന്നു.*

— 2 കൊരിന്ത്യർ 3:18

ദൈവത്തോടൊപ്പം വ്യക്തിപരമായി സമയം ചിലവഴിക്ക എന്നത് വളരെ ഗൗരവമായി കാണേണ്ട ഒന്നാണ്. നിർഭാഗ്യകരമെന്ന് പറയട്ടെ ഇങ്ങനെയുള്ള കാര്യങ്ങളോട്, പലർക്കും വിരസത തോന്നാറുണ്ട്. ദൈവത്തോടൊപ്പം സമയം ചിലവഴിക്കാൻ അവർക്കിഷ്ടമാണെങ്കിലും, അവർക്കിത് അസ്വസ്ഥതയാണ് ഉണ്ടാക്കുന്നത്. ദൈവത്തിന്റെ സാന്നിദ്ധ്യം അനുഭവിച്ചിട്ടേ ഇല്ല എന്നാണ് പലരും പറയുന്നത്. പലർക്കും ഇങ്ങനെയുള്ള സമയങ്ങളിൽ എന്തു ചെയ്യണമെന്ന് അറിയത്തില്ല.

മേൽപ്പറഞ്ഞിരിക്കുന്ന വാക്യത്തിൽ പറഞ്ഞിരിക്കുന്നത് മൂടുപടം നീക്കി നാം കർത്താവിന്റെ മുമ്പാകെ വരിക എന്നാണ്. എന്നാൽ മാത്രമെ നമുക്ക് പുതിയ നിയമത്തിലെ അനുഗ്രഹങ്ങൾ പ്രാപിക്കാൻ സാധിക്കൂ. എനിക്കതിൽ നിന്ന് മനസ്സിലായത്, കർത്താവിന്റെ രൂപത്തോട് നാം അനുരൂപപ്പെടണമെങ്കിൽ, ഒരു യാഥാസ്ഥിതികനാകാതെ നിയമത്തിൽ മാത്രം പിടിക്കാതെ എന്റെ പുറംമൂടി എല്ലാം മാറ്റി, പച്ചയായി ദൈവമുമ്പാകെ വരിക എന്നാണ്. ഈ വ്യക്തിബന്ധമാണ് നമ്മളെ അവന്റെ രൂപത്തോട് അനുരൂപപ്പെടുത്തുന്നത്. എല്ലാറ്റിനും ഉപരി നമുക്ക് കർത്താവിന്റെ സാന്നിദ്ധ്യമാണാവശ്യം, കാരണം നമ്മുടെ ജീവിതത്തിൽ സ്ഥായിയായ കാര്യങ്ങൾ ചെയ്യുവാൻ അവനു മാത്രമാണ് സാധിക്കുന്നത്.

# അസാധാരണമായ ലക്ഷ്യമുള്ള സാധാരണക്കാർ

*എന്നാൽ നാം ചോദിക്കുന്നതിലും നിനെക്കുന്നതിലും അത്യന്തംപരമായി ചെയ്യു വാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നവന്നു സഭയിലും ക്രിസ്തു യേശുവിലും എന്നേക്കും തലമുറ തലമുറയായും മഹത്വം ഉണ്ടാകട്ടെ. ആമേൻ.*

— എഫെസ്യർ. 3:20

അസാധാരണമായ ലക്ഷ്യമുള്ള സാധാരണക്കാരെയും നിസ്സാരന്മാരെയും ദൈവം ഉപയോഗിക്കാറുണ്ട്. അപ്രകാരമുള്ള ഒരു സാധാരണ ക്കാരിയായിരുന്നു ഞാൻ. എങ്കിലും എനിക്ക് ജീവിതത്തിൽ ലക്ഷ്യവും ദർശനവും ഉണ്ടായിരുന്നു. ഞാൻ സാധാരണക്കാരിയാണെങ്കിൽപോലും നില വാരം കുറഞ്ഞവളല്ല ആ വാക്ക് തന്നെ ഞാൻ ഇഷ്ടപ്പെടുന്നില്ല. കാരണം ഞാൻ വിശ്വസിക്കുന്നതും ശുശ്രൂഷിക്കുന്നതും ഒരു സാധാരണ ദൈവത്തെ യല്ല. എന്റെ ആഗ്രഹംപോലെ നിങ്ങളും സാമാന്യനിലവാരം ജീവിതം ഇഷ്ട പ്പെടുന്നില്ലായിരിക്കാം.

സാമാന്യ നിലവാരം എന്നത് ശരിയായ പ്രശ്നമല്ല, ഇത് മോശമല്ല എന്നാൽ ഇത് ഒരിക്കലും ഏറ്റവും നല്ലതല്ല. ഇത് സാമാന്യം നല്ലതാണെന്നു മാത്രമെ പറയാൻ സാധിക്കൂ.

ദൈവം നമ്മളെക്കുറിച്ച് ആവശ്യപ്പെടുന്നത് ഇത്രത്തോളമല്ല. ഏതൊരു സാധാരണക്കാരനെയും ദൈവത്തിന് ശക്തമായി ഉപയോഗിക്കുവാൻ സാധിക്കും. നമ്മെ തന്നെ അതിശയിപ്പിക്കുന്ന രീതിയിൽ നമ്മെ ദൈവത്തിന് ഉപയോഗിക്കുവാൻ സാധിക്കും. ഇതിനായി നാം ദൈവത്തിൽ വിശ്വസിക്കുകയും, അസാധാരണമായ ഒരു ലക്ഷ്യം നമുക്ക് ഉണ്ടായിരിക്കു കയും വേണം. ഇവിടെ അസാധാരണം എന്ന് ഞാൻ അർത്ഥമാക്കുന്നത്, നമുക്ക് മനസ്സിൽ വ്യക്തമായി ഉൾക്കൊള്ളാൻ പറ്റാത്തത് എന്നാണ്. ഇതി നായി നാം ദൈവത്തിൽ വിശ്വസിക്കണം.

എഫെസ്യർ. 3:20 പറയുന്നത് നാം ചിന്തിക്കുന്നതിലും ചോദിക്കുന്നതിലും അത്യന്തംപരമായി ദൈവത്തിനു പ്രവർത്തിക്കുവാൻ സാധിക്കുമെന്നാണ്. ഇത് ദൈവം തന്റെ ശക്തിയാലാണ് ചെയ്യുന്നതെങ്കിലും പ്രവർത്തിക്കുന്നത് നമ്മി ലൂടെയാണ്. ആയതിനാൽ നമ്മുടെ പൂർണ്ണ സഹകരണം ഇതിന് ആവശ്യമാണ്. അതുകൊണ്ട് നമ്മുടെ വിശ്വാസത്തിലും പ്രാർത്ഥനയിലും നാം ശക്തിപ്പെടണം. ചിലർ വേണ്ടരീതിയിൽ വിശ്വസിക്കുന്നില്ല. ആയതി നാൽ പുതിയ മേഖലകളിലേക്ക് നാം നമ്മുടെ വിശ്വാസം വ്യാപിപ്പിക്കണം. നമ്മൾ സാധാരണ ആളുകളാകണം. പക്ഷെ നമ്മുടെ ലക്ഷ്യം അസാധാരണമായിരിക്കണം.

# അത്യുന്നതന്റെ മറവിലെ വാസം

*അത്യുന്നതന്റെ മറവിൽ വസിക്കുകയും സർവ്വശക്തന്റെ*
*നിഴലിൽ കീഴിൽ വസിക്കുകയും ചെയ്യുന്നവൻ*

— സങ്കീർത്തനം. 91:1

നമുക്ക് സമാധാനത്തിലും സുരക്ഷിതത്വത്തിലും വസിക്കുവാൻ ദൈവത്തിന്റെ മറവിൽ സ്ഥലമുണ്ട്. ഈ രഹസ്യമായ സ്ഥലം, വിശ്രമത്തിന്റെയും, സുഖത്തിന്റെയും സ്ഥലമാണ്. ഇത് നമ്മുടെ ആശങ്കയും, ഭാരവുമെല്ലാം നീക്കുന്ന വളരെ ആത്മികമായ സ്ഥലമാണ്. നമ്മൾ പ്രാർത്ഥനയിലും, ദൈവത്തെ അന്വേഷിച്ചുകൊണ്ടും, അവന്റെ തണലിൽ ആയിരിക്കുമ്പോൾ, നാം ഈ "രഹസ്യമായ സ്ഥലത്താണ്." വസിക്കുക എന്ന വാക്കിന്റെ അർത്ഥം, വീടിന്റെ അനുഭവം ഉണ്ടാകുക, ജീവിക്കുക എന്നൊക്കെയാണ്. ഞാനും നിങ്ങളും ക്രിസ്തുവിൽ വസിക്കുമ്പോൾ, നമ്മൾ വല്ലപ്പോഴും പോവുകയല്ല മറിച്ച് അവിടെ സ്ഥിരമായി വസിക്കുകയാണ്. ഇത് യോഹന്നാൻ 15:7 – ൽ പറഞ്ഞിരിക്കുന്ന വസിക്കുക എന്ന വാക്കിന് തുല്യമാണ്. ക്രിസ്തുവിൽ വസിക്കുകയും, ദൈവത്തിൽ വസിക്കുകയും ഒന്നുതന്നെയാണ്.

ഇവിടെ (യോഹന്നാൻ 15:7) പറയുന്നത് നിങ്ങൾ എന്നിൽ വസിച്ചാൽ, എന്റെ വചനം നിങ്ങളിൽ വസിച്ചാൽ നിങ്ങൾ ഇച്ഛിക്കുന്നത് അപേക്ഷിപ്പിൻ അത് ലഭിക്കും എന്നാണ്.

മറ്റൊരർത്ഥത്തിൽ നമ്മൾ സ്ഥിരമായി ദൈവത്തിൽ വേരൂന്നണം എന്നാണ്. നമുക്ക് സഹായം വരുന്ന സ്ഥലം (ഉറവിടം) നാം വ്യക്തമായി അറിഞ്ഞിരിക്കേണ്ടത് ആവശ്യമാണ്. നമുക്ക് നമ്മുടേതായ സുരക്ഷിതത്വത്തിന്റെയും സമാധാനത്തിന്റെയും ഒരു സ്ഥലം വേണം. അതിനായി ദൈവത്തിൽ ചാരുകയും ആശ്രയിക്കുകയും വേണം.

# ശക്തിപ്പെടുത്തുകയും എന്നേക്കും കൂടെ നില്ക്കുന്നവനുമായ പരിശുദ്ധാത്മാവ്

*എന്നാൽ ഞാൻ പിതാവിനോട് ചോദിക്കും, അവൻ സത്യത്തിന്റെ ആത്മാവ് എന്ന മറ്റൊരു കാര്യസ്ഥനെ എന്നേക്കും നിങ്ങളോടുകൂടെ ഇരിക്കേണ്ടതിനു നിങ്ങൾക്കു തരും.*

— യോഹന്നാൻ. 14:16

"കൂടെ നില്ക്കുക" എന്ന വാക്കിന് ആധുനിക ലോകത്ത് പ്രത്യേക അർത്ഥമാണുള്ളത്. വിമാനത്തിൽ യാത്ര ചെയ്യുന്നവർ ടിക്കറ്റെടുക്കാൻ നില്ക്കുന്നതിനെ ഇത് അർത്ഥമാക്കുന്നുണ്ട്. പരിശുദ്ധാത്മാവ് എപ്പോഴും കൂടെ നില്ക്കുന്നവനാണ് എന്നെ പഠിപ്പിക്കുവാൻ പ്ലെയിൻ ടിക്കറ്റെടുക്കാൻ നില്ക്കുന്നതിനെക്കുറിച്ചുള്ള ചിത്രം എന്റെ മനസ്സിൽ കൊണ്ടുവന്നു. നമുക്ക് ഏറ്റവും നല്ല അവസരം, ആദ്യമെ തന്നെ തരുവാൻ കൂടെ നില്ക്കുന്ന ആളെ പോലെയാണ് പരിശുദ്ധാത്മാവ് നമ്മിൽ പ്രവർത്തിക്കുന്നത്. ഇതുകൊണ്ടാണ് സഹായകൻ, ശക്തിപ്പെടുത്തുന്നവൻ എന്നൊക്കെ പരിശുദ്ധാത്മാവിനെ വിളിക്കുന്നത്.

ഏറ്റവും പ്രധാനപ്പെട്ടതും നമുക്ക് പ്രാർത്ഥിക്കാൻ പറ്റുന്നതുമായ പ്രാർത്ഥന, ഒറ്റ വാക്കിലുള്ള പ്രാർത്ഥന "സഹായിക്കുക" എന്നാണ്. ഒരു ദിവസം എത്രയോ പ്രാവശ്യമാണ് ഞാൻ ദൈവത്തോട്, "എന്നെ സഹായിക്കൂ" എന്ന് നിലവിളിക്കുന്നത്. ദൈവമെ എന്നെ സഹായിക്കേണമെ, എന്നെ ശക്തിപ്പെടുത്തേണമെ ഇപ്രകാരം ഞാൻ എപ്പോഴും പ്രാർത്ഥിക്കാറുണ്ട്. എനിക്കറിയാം എന്റെ ദൈവം എപ്പോഴും എന്റെ കൂടെ ഉണ്ട്.

തിരുവചനം അത് വാഗ്ദാനം ചെയ്യുന്നുമുണ്ട് (യോഹന്നാൻ 14:16) ഞാൻ രാത്രി മുഴുവനും, പ്രസംഗിക്കുകയോ പഠിപ്പിക്കുകയോ ചെയ്യുമ്പോഴൊക്കെ ദൈവ സഹായത്തിനായി ശക്തിക്കായി ഞാൻ അപേക്ഷിച്ചിട്ടുണ്ട്. നാലു ദിവസത്തിൽ ഏഴു മീറ്റിംഗുകൾ ചിലപ്പോൾ എനിക്ക് നടത്തേണ്ടി വന്നിട്ടുണ്ട്. ഈ സമയത്തൊക്കെ എന്റെ ക്ഷീണമകറ്റാൻ പല വചനങ്ങളും ഓർക്കാറുണ്ട്. ഉദാഹരണത്തിനായി എന്റെ സഹായം ആകാശവും ഭൂമിയും ഉണ്ടാക്കിയ യഹോവയിൽ നിന്നു വരുന്നു (സങ്കീർത്തനം. 121:2). യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും. (യെശ്ശയ്യാവ്. 40:31) ഈ സമയങ്ങളിലൊക്കെ എന്റെ ഉദ്യമം തീർക്കുവാൻ ആവശ്യമായ ശക്തിയും സഹായവും എനിക്ക് ലഭിച്ചിട്ടുണ്ട്.

# സമർപ്പിക്കപ്പെട്ട ആഗ്രഹത്തിന്റെ ശക്തി

*യഹോവയുടെ അരുളപ്പാട് രണ്ടാം പ്രാവശ്യം യോനെക്കു ഉണ്ടായത് എന്തെന്നാൽ, നീ പുറപ്പെട്ടു മഹാനഗരമായ നിനെവെയിലേക്കു ചെന്നു ഞാൻ നിന്നോട് അരുളിചെയ്യുന്ന പ്രസംഗം, അതിനോട് പ്രസംഗിക്ക.*

— യോന. 3:1-2

ദൈവം യോനയോട് നിനവെയിൽ ചെന്ന് അവരോട് മാനസാന്തരപ്പെടാൻ പ്രസംഗിക്കാൻ പറഞ്ഞു. എന്നാൽ നിനവെക്കു നേരെ എതിർവശത്തു സ്ഥിതി ചെയ്യുന്ന തർസ്സിസ് എന്ന സ്ഥലത്തേക്കാണ് യോന പോയത്. ദൈവത്തിൽ നിന്ന് ഓടി ഒളിക്കുന്നത് ഒരിക്കലും നമ്മെ സഹായിക്കത്തില്ല. അങ്ങിനെ ചെയ്താൽ എന്താണ് സംഭവിക്കുന്നത്? എന്താണ് യോനെക്കു സംഭവിച്ചത്? യോന പോയ കപ്പൽ ഒരു വലിയ കൊടുങ്കാറ്റിൽപ്പെടുകയാണുണ്ടായത്. ഇതുപോലെ നാം അനുഭവിക്കുന്ന കൊടുങ്കാറ്റുകൾ നമ്മുടെ കടുംപിടുത്തത്തിന്റെ ഫലമാണ്. പല സംഭവങ്ങളിലും ദൈവശബ്ദത്തിനും ദൈവത്തിന്റെ നേതൃത്വത്തിനും എതിരെയാണ് നാം പ്രവർത്തിക്കുന്നത്.

യോനയുടെ മേൽ വന്ന കൊടുങ്കാറ്റ് ആ കപ്പലിലുള്ള എല്ലാവരെയും ഭയപ്പെടുത്തി. കാരണമറിയാൻ ചീട്ടിട്ടപ്പോൾ യോനയുടെ പേരു വീഴുകയും തത്ഫലമായി യോനയെ കടലിൽ എറിയുകയും ചെയ്തു. യോന പറഞ്ഞതുപോലെ കപ്പലിലുള്ളവർ ചെയ്തപ്പോൾ കൊടുങ്കാറ്റ് ശമിക്കുകയും, കടലിൽ വീണ യോനയെ തിമിംഗലം വിഴുങ്ങുകയും ചെയ്തു. മത്സ്യത്തിന്റെ വയറ്റിൽ കിടന്ന് യോന ദൈവത്തോട് സഹായത്തിനായി നിലവിളിക്കുകയും തന്റെ അനുസരണക്കേടിനെ ഓർത്ത് മാനസാന്തരപ്പെടുകയും ചെയ്തു. മത്സ്യം യോനയെ ഉണങ്ങിയ നിലത്ത് (കരയിൽ) ഛർദ്ദിച്ചിടുവാനിടയായി. ഈ സമയത്ത് (യോന. 3:1) ദൈവം യോനയോട് വീണ്ടും സംസാരിക്കുകയാണ്. ദൈവത്തിന്റെ വാക്ക് കേൾക്കാതെ നാം എത്ര ഓടിയാലും ഓട്ടം നിർത്തുമ്പോൾ വീണ്ടും ദൈവം പറയും നീ അത് ചെയ്ക എന്ന്.

ദൈവത്തിന്റെ വാക്ക് അനുസരിക്കാതിരിക്കുന്നിടത്തോളം കാലം നമുക്ക് യോനയെപോലെ അസ്വസ്ഥതകൾ ഉണ്ടാക്കിക്കൊണ്ടിരിക്കും. എപ്പോഴും എന്തോ ശരിയാകാനുണ്ട് എന്ന തോന്നൽ നമ്മെ അലട്ടിക്കൊണ്ടിരിക്കും. അവസാനമായി പൂർണ്ണമായി ദൈവഹിതത്തിന് നമ്മുടെ ഹിതത്തെ നാം കീഴ്പ്പെടുത്തിക്കൊടുക്കുമ്പോഴാണ് നമുക്ക് സ്വസ്ഥതയും സമാധാനവും ഉണ്ടാകുന്നത്. നാം നമ്മുടെ സ്വയമായ രീതിയിൽ പോയാൽ എപ്പോഴും അസ്വസ്ഥതകൾ നമ്മളെ പിൻതുടരും. ആയതിനാൽ നാം നമ്മുടെ ആഗ്രഹങ്ങളെ ദൈവത്തിന് സമർപ്പിക്കേണ്ടതാവശ്യമാണ്.

# നിങ്ങൾ നിങ്ങളെ തിരിച്ചറിയുക (നിങ്ങളായിത്തന്നെ വിജയിക്കുക)

*എന്റെ പ്രാണനെ അവൻ തണുപ്പിക്കുന്നു. തിരുനാമം നിമിത്തം എന്നെ നീതിപാതകളിൽ നടത്തുന്നു.* — സങ്കീർത്തനം. 23:3

എന്റെ ഈ പ്രായത്തിൽ എനിക്ക് അഭിമാനം തോന്നുന്നു, ഊർജ്ജം, ആരോഗ്യം, സന്തോഷം എന്നിവ പ്രായം ചെല്ലുന്നതിനനുസരിച്ച് കുറയണമെന്നില്ല. എന്നാൽ സംതൃപ്തിയോട് കാര്യത്തിൽ മാറ്റം വന്നിട്ടുണ്ട് കാരണം ഇന്ന് ഞാൻ ആയിരിക്കുന്ന അവസ്ഥയിൽ ഞാൻ സന്തുഷ്ടയാണ്. ഞാൻ എന്നെ തിരിച്ചറിയുന്നതിൽ വിജയിച്ചു. എന്റെ യൗവ്വനകാലത്തെക്കുറിച്ച് ഞാൻ ഓർക്കാറില്ല. അതെനിക്ക് ഇഷ്ടവുമില്ല കാരണം, ഞാനിപ്പോൾ ആയിരിക്കുന്ന അവസ്ഥയെ ഞാൻ അംഗീകരിക്കേണ്ടത് ആവശ്യമാണ്.

എപ്പോഴും യുവത്വം പോകരുത് എന്ന് ചിന്തിക്കുന്നവർ അവരുടെ അവസ്ഥയിൽ സംതുഷ്ടിയില്ലാത്തവരാണ്. പ്രായം ചെയ്യുന്നതിനെ വെറുക്കരുത് കാരണം ജീവിക്കുന്ന എല്ലാവരും ഇത് അനുഭവിക്കേണ്ടതാണ്. നാം ആയിരിക്കുന്ന അവസ്ഥയിൽ നമ്മൾ സന്തോഷിക്കേണ്ടത് ആവശ്യമാണ്. നിങ്ങൾ അനുകരിക്കുവാൻ പറ്റിയ ആളെ കണ്ടെത്തുക. അൻപത് അറുപത് വയസ്സായല്ലോ പിന്നെ എനിക്ക് എങ്ങനെ റോൾ മോഡലാകാൻ സാധിക്കുമെന്ന് ചിന്തിക്കരുത്. കാരണം ഏതു പ്രായത്തിലും ഇത് സാദ്ധ്യമാണ്.

ഞാൻ അനുകരിക്കുവാൻ ഇഷ്ടപ്പെടുന്ന വ്യക്തി ബില്ലി ഗ്രഹാമാണ്. സത്യസന്ധമായി പറയട്ടെ അദ്ദേഹത്തിന്റെ പ്രായത്തെ ഓർത്ത് ഞാൻ ഭാരപ്പെടാറില്ല. ഞാനിഷ്ടപ്പെടുന്നത്, അദ്ദേഹത്തിന്റെ സമർപ്പണം, നേട്ടങ്ങൾ, പ്രതിബദ്ധത (ദൈവത്തിന്റെ വിളിയോട് ബന്ധപ്പെട്ട) എന്നിവയാണ്. ജീവിതം പൂർണ്ണമായി ആസ്വദിക്കണമെങ്കിൽ അസംതൃപ്തി എന്ന മല്ലനെ നമ്മിൽ നിന്ന് പൂർണ്ണമായി ഉപേക്ഷിക്കേണ്ടത് ആവശ്യമാണ്. പ്രായത്തിൽ, സ്ഥാനത്തിൽ, സമ്പത്തിൽ, മറ്റ് പലതിലുമുള്ള അസംതൃപ്തി നമ്മളെ ഒന്നിലും സന്തോഷിക്കുവാൻ അനുവദിക്കുകയില്ല.

നമ്മൾ ആഗ്രഹിക്കുന്നതെല്ലാം ഒരു പക്ഷ നമുക്കില്ലായിരിക്കാം. എന്നാൽ മറ്റു പലരിലും അധികം നമുക്കുണ്ട്. നിങ്ങളുടെ ഷെയ്പ്പിനെക്കുറിച്ച് നിങ്ങൾ ഭാരപ്പെടേണ്ട കാരണം നിങ്ങളെപ്പോലെ ആകുവാൻ അഥവാ നിങ്ങളുടെ ഷെയ്പ്പ് ഇഷ്ടപ്പെടുന്ന ചിലരെങ്കിലും കാണും. നിങ്ങളുടെ പ്രായത്തെക്കുറിച്ച് ഭാരപ്പെടേണ്ട കാരണം പലരും നിങ്ങളെക്കഴിഞ്ഞും പ്രായം കൂടിയവരാണ്. സന്തോഷിക്കുക, ചെയ്യാവുന്നതെല്ലാം നന്നായിട്ട് ചെയ്യുക. നിങ്ങളെയും നിങ്ങളുടെ ജീവിതത്തെയും ഇഷ്ടപ്പെടുക. ഈ ജീവിതം മാത്രമാണ് നിങ്ങളുടെ ജീവിതം.

# ലളിതം, പ്രാർത്ഥനയിൽ വിശ്വസിക്കുക

*പ്രാർത്ഥിക്കയിൽ നിങ്ങൾ ജാതികളെപ്പോലെ ജല്പനം ചെയ്യരുത്, അതി ഭാഷണത്താൽ ഉത്തരം കിട്ടും എന്നല്ലോ അവർക്കു തോന്നുന്നത്.*

— മത്തായി 6:7

നാം നമ്മുടെ പ്രാർത്ഥനയിൽ പൂർണ്ണമായി വിശ്വസിക്കുന്നവർ ആകുക. നാം വളരെ ലളിതമായി ദൈവത്തോട് പറയണം, "ദൈവമെ, എന്നെ സഹായിക്കൂ," അവൻ കേൾക്കും. അപ്രകാരമുള്ള പ്രാർത്ഥനയ്ക്ക് മറുപടി നൽകുകയും ചെയ്യും. നാം നമ്മുടെ ആവശ്യങ്ങൾ ദൈവത്തോട് വിശ്വസ്ത പൂർവ്വം പങ്കു വയ്ക്കുമ്പോൾ, വിശ്വസ്തതനായ ദൈവം തന്റെ ഹിതപ്രകാരം പ്രവർത്തിക്കുകയും നമ്മുടെ പ്രാർത്ഥനയ്ക്ക് മറുപടി ലഭിക്കുകയും ചെയ്യുന്നു.

ചിലപ്പോൾ നാം അറിയാതെ മറുന്നു പോകുകയാണ്, പ്രാർത്ഥന എന്നത് ദൈവവുമായിട്ടുള്ള സംഭാഷണമാണെന്നുള്ള കാര്യം. നമ്മുടെ പ്രാർത്ഥനയിൽ നാം ഉപയോഗിക്കുന്ന വാക്കുകളുടെ ഗാംഭീര്യമോ, ശബ്ദത്തിലോ അല്ല കാര്യം മറിച്ച് ദൈവത്തിൽ പൂർണ്ണമായി ആശ്രയിച്ചുകൊണ്ടുള്ള അപേക്ഷയാണോ എന്നതാണ് ദൈവം നോക്കുന്നത്. ചിലപ്പോൾ നാം ധാരാളം ശബ്ദം ഉപയോഗിച്ച് പ്രാർത്ഥിക്കുകയും പ്രതീക്ഷിക്കുകയും ചെയ്യും എന്നാൽ മറുപടി ലഭിക്കണമെന്നില്ല. നമ്മുടെ ദൈവവുമായിട്ടുള്ള ബന്ധത്തിൽ ദൈവത്തെ സ്വാധീനിക്കുവാൻ കഴിയുമെങ്കിൽ അതിലും വലുത് മറ്റൊന്നുമില്ല. 1 തെസ്സലോനിക്യർ 5:17 – ൽ "ഇടവിടാതെ പ്രാർത്ഥിപ്പിൻ." ഈ വാക്യഭാഗം നമുക്ക് പ്രാർത്ഥന നിരന്തരമായിട്ടുള്ള ഒന്നാണ് എന്ന് വളരെ ഗൗരവത്തോടെ പ്രബോധിപ്പിക്കുന്നു. പ്രാർത്ഥന നമ്മുടെ ജീവിതത്തിലെ ഒരു പ്രധാന ഭാഗമായി മാറണം അല്ലെങ്കിൽ ശ്വാസോച്ഛ്വാസം പോലെ ഉപേക്ഷിക്കുവാൻ കഴിയാത്ത ഒന്നായി പ്രാർത്ഥനയെ നാം മാറ്റണം.

നമ്മുടെ ശ്വാസോച്ഛ്വാസത്തിൽ പ്രശ്നമില്ല, ഇനി പ്രശ്നമുണ്ടെങ്കിൽ ഓർക്കുക കരളിന് എന്തെങ്കിലും പ്രശ്നങ്ങൾ കാണും. നിഷ്കളങ്ക ഹൃദയത്തോടെ നാം പ്രാർത്ഥിക്കുമ്പോൾ ദൈവം നമ്മുടെ സങ്കേതം ആയിത്തീരും.

# ദൈവം നിങ്ങളുടെ കടങ്ങളെ ക്ഷമിക്കട്ടെ

*ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ*
*ഞങ്ങളുടെ കടങ്ങളെ ഞങ്ങളോടും ക്ഷമിക്കേണമെ*

— മത്തായി 6:12

ഏതെങ്കിലും സമയം നിങ്ങളുടെ ജീവിതത്തിന്റെ ആരെങ്കിലും മുറിപ്പെടുത്തിയിട്ടുണ്ടോ? അതുപോലെ നിങ്ങൾ ആരെയെങ്കിലും മുറിപ്പെടുത്തിയിട്ടുണ്ടോ? ഉണ്ടെങ്കിൽ തീർച്ചയായും അതിന് പരിഹാരം കൊടുപ്പാൻ കടപ്പെട്ടവരാണ്. അനീതി കാണിക്കൽ, തരം താഴ്ത്തൽ, ചൂഷണം ചെയ്യൽ ഇവയെല്ലാം "മടക്കി കൊടുക്കാത്ത കടമായി" കിടക്കുന്നു. ഈ വക നമ്മുടെ മനസ്സിലൂടെ വികാരത്തെ ഭരിക്കുന്നു; പിന്നീട് ഇത് വൈരാഗ്യമായി മാറുകയും വ്യക്തി പ്രതികരിക്കുകകുയം ചെയ്യുന്നു. ഇതുമൂലം ശാരിരികമായ അസ്വസ്ഥതയും, ക്ഷീണവും ശരീരത്തിന് സംഭവിക്കുന്നു.

യേശു പ്രാർത്ഥന തന്റെ ശിഷ്യഗണത്തെ പഠിപ്പിച്ചപ്പോൾ ഇപ്രകാരം പറഞ്ഞു, "ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളെ ഞങ്ങളോട് ക്ഷമിക്കേണമേ" (മത്തായി 6:12). ഇവിടെ താൻ പഠിപ്പിച്ചത് തന്റെ ശിഷ്യഗണങ്ങൾ ദൈവിക ക്ഷമയ്ക്കായി യാചിക്കുന്നവർ ആകണം. "കടം" എന്നാണ രേഖപ്പെടുത്തിയിരിക്കുന്നത്, കടം നമ്മൾ മറ്റൊരാളോട് ബാധ്യതയുള്ള ഒന്നാണ്. യേശു ഇവിടെ പഠിപ്പിക്കുന്നത് ദൈവത്തോട് പാപം ഏറ്റു പറയുവാനായി ആവശ്യപ്പെട്ടാൽ ദൈവം നിങ്ങളുടെ പാപം ക്ഷമിക്കുകയും, നിങ്ങൾക്ക് ആരോടും ക്ഷമിക്കാത്ത കടം ഉണ്ടാകത്തില്ല. യേശു ഇതിലൂടെ നമ്മോട് ഓർപ്പിക്കുന്നത്. നാം ഒരിക്കലും ആരോടും ക്ഷമിക്കാതിരിപ്പാൻ പാടുള്ളതല്ല അതുപോലെ നമ്മുടെ പാപങ്ങളും അവൻ ക്ഷമിക്കാനായി നമ്മൾ അവസരം ഉണ്ടാക്കിക്കൊടുക്കുക. ഇപ്രകാരം ചെയ്താൽ നമ്മുടെ ജീവിതം വളരെയധികം സന്തോഷപ്രദമായിരിക്കും. ഭാരമില്ലാത്ത ജീവിതം നയിപ്പാൻ ദൈവം ഇടയാക്കട്ടെ.

ബൈബിൾ പറയുന്നു, നമ്മൾ അപ്രകാരം ചെയ്താൽ ദൈവം തീർച്ചയായും അതിന് പ്രതിഫലം നൽകും (കാണുക യെശ്ശയ്യാവ് 61:7–8) എനിക്ക് ചില വർഷങ്ങൾക്കു മുമ്പുവരെ ഈ വേദഭാഗത്തിന്റെ വിശദമായ അർത്ഥം അറിയില്ലായിരുന്നു. കടങ്ങളെ ക്ഷമിക്കുക, ദൈവം മടക്കി തരും അല്ലെങ്കിൽ നമ്മുടെ പാപങ്ങളും ക്ഷമിക്കപ്പെടും എന്നുള്ളത് തികച്ചും സന്തോഷകരമായ കാര്യം തന്നെ. ബൈബിൾ പാപങ്ങളെ ക്ഷമിക്കും എന്നതിന്റെ അർത്ഥം, ദൈവം തന്നെത്താൻ നമ്മുടെ പാപങ്ങളെ ക്ഷമിയ്ക്കും അല്ലെങ്കിൽ സകല കടങ്ങളും ക്ഷമിച്ചു തരും എന്നു തന്നെ.

# സമാധാനം നിലനിർത്താനായി പിണക്കം ഉപേക്ഷിക്കുക

*അതുകൊണ്ട് അബ്രാം ലോത്തിനോട്: എനിക്കും നിനക്കും എന്റെ ഇടയന്മാർക്കും നിന്റെ ഇടയന്മാർക്കും തമ്മിൽ പിണക്കം ഉണ്ടാകരുത്; നാം സഹോദരന്മാരല്ലോ. ദേശമെല്ലാം നിന്റെ മുമ്പാകെ ഇല്ലയോ? എന്നെ വിട്ടുപിരിഞ്ഞാലും, നീ ഇടത്തോട്ടെങ്കിൽ ഞാൻ വലത്തോട്ടു പൊയ്ക്കൊള്ളാം; നീ വലത്തോട്ടെങ്കിൽ ഞാൻ ഇടത്തോട്ടു പൊയ്ക്കൊള്ളാം എന്നു പറഞ്ഞു.*

– ഉല്പത്തി 13:89

അബ്രഹാം (പിന്നീട് അബ്രഹാം) ലോത്തും തമ്മിലുള്ള ബന്ധം നാമും, മറ്റു ള്ളവരുമായുള്ള ബന്ധത്തിന് നിഴലായി നിൽക്കുന്നു. ഉല്പത്തി 12 – ൽ ദൈവം അബ്രഹാമിനും അവന്റെ പിൻതലമുറയ്ക്കുമായി നൽകുന്ന വിവിധ അവകാശങ്ങളെപ്പറ്റി പ്രതിപാദിക്കുന്നു. ഇതിന്റെ ആരംഭമായി നമുക്ക് കാണു വാൻ കഴിയുകയാണ് അബ്രഹാം ദൈവത്താൽ വളരെയധികം ധനികനും, ശക്തിയുള്ളവനുമായി കാണപ്പെടുന്നു. അബ്രഹാമിന്റെ, അനുഗ്രഹം നമ്മളെ പഠിപ്പിക്കുന്നത് അബ്രഹാം അനുഗ്രഹിക്കപ്പെട്ടതുപോലെ ഈ ഭൂമുഖത്തുള്ള സകലരും അനുഗ്രഹിക്കപ്പെടും എന്നുള്ള വലിയ രഹസ്യം ദൈവം വെളി പ്പെടുത്തി.

എനിക്ക് വളരെ അത്ഭുതകരമായി തോന്നുന്ന ഒരു കാര്യമിതാണ്, ഉല്പത്തി 13 – ൽ ഇതാ അബ്രഹാമും ലോത്തും തമ്മിൽ പ്രശ്നങ്ങൾ ആരം ഭിക്കുന്നു (കാണുക വാക്യം 7). പിണക്കം സമാധാനത്തിന്റെ നേരെ എതിർ സ്വഭാവമാണ്. ദൈവം അബ്രഹാമിന് സമാധാനം കൊടുത്തപ്പോൾ പിശാച് പെട്ടെന്ന് അടുത്ത വ്യക്തികളിലൂടെ കയറി അബ്രഹാമിന്റെ സമാധാനത്തെ മോഷ്ടിക്കുന്നു. ബൈബിൾ ഇപ്രകാരം പറയുന്നു, “അബ്രഹാം ലോത്തിന്റെ സമീപത്തു ചെന്ന് പറഞ്ഞു, “എനിക്കും നിനക്കും, എന്റെ ഇടയന്മാർക്കും നിന്റെ ഇടയന്മാർക്കും തമ്മിൽ പിണക്ക ഉണ്ടാകരുതേ.” അബ്രഹാം ലോത്തി നോട് പറയുന്നു, നിനക്കു ഇഷ്ടമുള്ള സ്ഥലം എടുത്ത മാറുക, ബാക്കിയു ള്ളത് ഞാൻ എടുത്തുകൊള്ളാം.

ലോത്തിന് അബ്രഹാം കൊടുത്തില്ലായിരുന്നുവെങ്കിൽ ഒന്നും കിട്ടത്തില്ലായിരുന്നു, എന്നാൽലോത്ത് യോർദ്ദാൻ നദി തീരത്തുള്ള ഏറ്റവും നല്ല സ്ഥലം തിരഞ്ഞെടുത്തു. അബ്രഹാം ഒന്നും സംസാരിച്ചില്ല, എന്നാൽ ലോത്ത് ഉപേക്ഷിച്ച ഫലങ്ങൾ അബ്രഹാം എടുത്തു. അബ്രഹാമിന് അറിയാമായിരുന്നു താൻ എടുക്കുന്ന സ്ഥലം ദൈവം അനുഗ്രഹിച്ചാൽ സമ്പ

ന്നമാകും, താൻ സമാധാനത്തിൽ തന്നെയായിരുന്നു. ദൈവിക സമാധാനത്തിൽ നടക്കുന്നവർക്ക് ജീവിതത്തിൽ ഒന്നും നഷ്ടപ്പെടുന്നില്ല. എന്നാൽ അബ്രഹാമിനോട് "തലപൊക്കി, നീ ഇരിക്കുന്ന സ്ഥലത്തുനിന്ന് വടക്കോട്ടും, തെക്കോട്ടും കിഴക്കോട്ടും പടിഞ്ഞാറോട്ടും നോക്കുക: നീ കാണുന്ന ഭൂമി ഒക്കെയും ഞാൻ നിനക്കും നിന്റെ സന്തതിക്കും ശാശ്വതമായി തരും'' (വാക്യങ്ങൾ 14–15). എത്ര വലിയ ദൈവിക ഇടപെടലാണിത്. അബ്രഹാം ലോത്തിനായി എല്ലാം കൊടുപ്പാൻ തയ്യാറായപ്പോൾ ദൈവം അബ്രഹാമിന് സകലതും നൽകി അനുഗ്രഹിക്കുന്നു.

# അവന്റെ വിശ്രമത്തിൽ പ്രവേശിക്കുക

*ആകയാൽ ദൈവത്തിന്റെ ജനത്തിന് ഒരു ശബ്ബത്തനുഭവം ശേഷിച്ചിരിക്കുന്നു. ദൈവം അവന്റെ പ്രവൃത്തികളിൽ നിന്നു എന്നപോലെ അവന്റെ സ്വസ്ഥതയിൽ പ്രവേശിച്ചവൻ താനും തന്റെ പ്രവൃത്തികളിൽ നിന്നു നിവൃത്തനായിത്തീർന്നു.*

— എബ്രായർ 4:9-10

താങ്കളുടെ ജീവിതത്തിലെ എല്ലാ വിധ തകർച്ചയും, എല്ലാവിധ അത്ഭുതപ്പെടുത്തലുകളും മാറ്റപ്പെടുവാനായി ദൈവത്തിങ്കലേക്ക് നോക്കുക. തകർച്ചകളും, ആകുല ചിന്തകളും ഒരിക്കലും നിങ്ങളുടെ ജീവിതത്തിന് ഒരു മാറ്റം തരികില്ല. എത്രമാത്രം നാം ദൈവത്തിൽ ആശ്രയിക്കുമോ അത്രമാത്രം വലിയ മാറ്റം നമുക്ക് ജീവിതത്തിൽ കാണുവാൻ കഴിയുന്നതാണ്. ആകുല ചിന്തയെ ഒരു പെയിന്റ് കൊണ്ട് വരയ്ക്കുവാൻ ശ്രമിക്കുക, ഒരിക്കലും നിങ്ങളുടെ പെയിന്റിങ് തീരത്തില്ല. എന്നാൽ ദൈവമാകുന്ന ചിത്രകാരന്റെ കയ്യിലേക്ക് നിങ്ങളുടെ ജീവിതത്തെ സമർപ്പിക്കുക, അവന്റെ ജ്ഞാനത്തിലൂടെയും രൂപകല്നപനയിലൂടെയും നിങ്ങൾക്ക് വലിയ മനോഹാരിത കാണുവാൻ കഴിയുന്നതായിരിക്കും. അവനറിയാം എന്ത് നിങ്ങളെ ചെയ്യണം, എപ്രകാരം ചെയ്യണമെന്ന്. അവനിൽ ആശ്രയിക്കുക എന്നാൽ പൂർണ്ണ വിശ്രമത്തിൽ പ്രവേശിക്കുവാൻ കഴിയുന്നതായിരിക്കും.

# ദൈവം പരിചയസമ്പന്നതയുള്ള സഹായ ത്തിനായി നോക്കിക്കൊണ്ടിരിക്കുന്നു

*പുത്രനെങ്കിലും താൻ അനുഭവിച്ച കഷ്ടങ്ങളാൽ അനുസ രണം പഠിച്ചു തികഞ്ഞവനായി തന്നെ അനുസരിക്കുന്ന ഏവർക്കും നിത്യരക്ഷയുടെ കാരണഭൂതനായത്തീർന്നു.*

— എബ്രാ. 5:8–9

താങ്കൾ എപ്പോഴെങ്കിലും ഒരു ജോലി ആഗ്രഹിച്ചിട്ടുണ്ടോ? എന്നാൽ അതിനായി നിങ്ങൾ നോക്കുന്ന ഒരോ പരസ്യങ്ങളിലും പരിചയ സമ്പന്നരായ ആളുകളെ അല്ലെ ആവശ്യപ്പെടുന്നത്? നിങ്ങൾക്കൊരു ജോലി വേണം എന്നാൽ കുറെ നാളത്തെ പരിചയംപോലും ഇല്ല താനും, ഇത് നിങ്ങളെ നിരാശരാക്കിട്ടില്ലേ? ഞാനും പലപ്പോഴും ചിന്തിച്ചിട്ടുണ്ട്. ആരും ഒരു ജോലിയും തരാതെ എങ്ങിനെയാണ് പരിചയം ഉണ്ടാകുന്നത്. ദൈവവും പരിചയസമ്പന്നരായവരെയാണ് നോക്കുന്നത്. നമ്മൾ ദൈവരാജ്യത്തിന്റെ വികസനത്തിനായി പ്രവർത്തിക്കുമ്പോൾ നമ്മുടെ ഭൂതകാലത്തിലെ എല്ലാ അനുഭവങ്ങളെയും, അതെത്ര വേദനാജനകമായിരുന്നാലും ദൈവം അവയെ എല്ലാം നമ്മുടെ അനുഭവങ്ങളായി കരുതുകയും അത് തനിക്കായി ഉപയോഗിക്കുകയും ചെയ്യുന്നു.

കഴിഞ്ഞ കാലങ്ങളിൽ നമുക്കുണ്ടായ അനുഭവങ്ങൾ സമാനപ്രശ്നങ്ങൾ അനുഭവിക്കുന്ന പലരെയും സഹായിപ്പാൻ നമ്മളെ പ്രാപ്തരാക്കുന്നു. യേശുവും താൻ അനുഭവിച്ച കഷ്ടങ്ങളിലാണ് പരിചയസമ്പന്നനായത്.

പ്രിയ സുഹൃത്തെ, താങ്കളുടെ ജീവിതത്തിലെ വേദനകളെ ഒരു വ്യത്യസ്തമായ രീതിയിൽ നോക്കി കാണുവാൻ ഞാനാഗ്രഹിക്കുകയും അതിനായി താങ്കളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ഇങ്ങനെയുള്ള ശരിയായ കാഴ്ചപ്പാട് കാര്യങ്ങളെ എപ്പോഴും വ്യത്യസ്തമാക്കുന്നു. എപ്പോഴും എങ്ങിനെ നമ്മുടെ ജീവിതത്തിലെ വേദനകളെ മറ്റുള്ളവർക്ക് ഗുണകരമാക്കാം എന്നു ചിന്തിക്കുക. നിങ്ങളുടെ ജീവിതത്തിലെ കുഴഞ്ഞുമറിഞ്ഞ അനുഭവങ്ങളെ നിങ്ങളുടെ ശുശ്രൂഷയുടെ ഭാഗമാക്കാൻ സാധിക്കുമോ? ഒരു പക്ഷെ നിങ്ങൾ അനുഭവിച്ചതും കടന്നുപോയതുമായ ധാരാളം അനുഭവങ്ങളെ നിങ്ങളുടെ ജീവിതത്തിന്റെ ചില മേഖലകളിൽ വൈദഗ്ധ്യം പുലർത്തുവാൻ പ്രാപ്തനാക്കിയേക്കാം.

എന്റെ വ്യക്തിപരമായ ജീവിതത്തിൽ ഇപ്രകാരം വൈദഗ്ദ്യം പുലർത്തുവാൻ എനിക്ക് സാധിച്ചിട്ടുണ്ട്. ഉദാഹരണത്തിന്, ലജ്ജ, കുറ്റബോധം, വില കുറഞ്ഞ സ്വയാഭിമാനം, ആത്മവിശ്വാസമില്ലായ്മ, ഭയം, ദേഷ്യം, കയ്പ്, സ്വയാ

നുകമ്പ, ഇവയൊക്കെ എനിക്ക് അതിജീവിക്കാൻ സാധിച്ചിട്ടുണ്ട്. അതുകൊണ്ട് നിങ്ങളുടെ വേദനകളെ മറന്നുകൊണ്ട് ജീവിതത്തിന്റെ മേഖലകളിൽ വൈദഗ്ധ്യം നേടുക. അങ്ങനെ നിങ്ങൾക്ക് എല്ലാ പ്രശ്നങ്ങളുടെയും, വേദനകളുടെയും പരിഹാരകനും വീണ്ടെടുപ്പുകാരനുമായ യേശുക്രിസ്തുവിന്റെ രാജ്യത്തിൽ പ്രവർത്തിക്കുകയും ചെയ്യാം.

# ദൈവവചനത്തിന്റെ പഠിതാവാകുക

*ആകയാൽ എല്ലാ അഴുക്കും ദുഷ്ടതയുടെ ആധിക്യവും വിട്ടു, നിങ്ങളുടെ ആത്മാക്കളെ രക്ഷിപ്പാൻ ശക്തിയുള്ളതും ഉൾനട്ടതുമായ വചനം സൗമ്യതയോടെ കൈക്കൊൾവിൻ.*

— യാക്കോബ്. 1:21

ചിലപ്പോൾ പ്രകൃതിനിയമങ്ങൾക്ക് അതീതമായ, തന്റെ അത്ഭുതകരമായ വെളിപ്പാടുകളിലൂടെ ദൈവം നമ്മോടു സംസാരിക്കാറുണ്ട്. എന്നാൽ ദൈവ വചനത്തെക്കാൾ അതിശയമായതൊന്നും ഇല്ല, കാരണം ഇത് ദൈവശ്വാ സീയവും പരിശുദ്ധാത്മനിയോഗത്താൽ പ്രവാചകന്മാരാലും, അപ്പോസ്ത ലന്മാരാലും നമുക്കു നല്കപ്പെട്ടതാണ്. മനുഷ്യന്റെ എല്ലാ ന്യായമായ ചോദ്യ ങ്ങൾക്കും വേദപുസ്തകം ഉത്തരം നല്കുന്നുണ്ട്. ദൈവത്തിന്റെ ശബ്ദം കേൾക്കുവാനാഗ്രഹിക്കുന്ന എല്ലാവരും തിരുവചനത്തിന്റെ പഠിതാവാകേണ്ട തുണ്ട്. എഴുതപ്പെട്ട വചനത്തിന് വിരുദ്ധമായി ദൈവം ആരോടും സംസാരി ക്കാറില്ല.

ദൈവവചനധ്യാനത്തിനായി സമയം വേർതിരിക്കാതെ ദൈവത്തിന്റെ ശബ്ദം വ്യക്തമായി കേൾക്കാം എന്ന് ആരെങ്കിലും കരുതുന്നുണ്ടെങ്കിൽ അത് വെറും മിത്ഥ്യാധാരമാത്രമാണ്. വചനം ശരിയായി ശ്രദ്ധിക്കാതെയും സ്ഥിരമായി പഠിക്കാതെയും ദൈവശബ്ദത്തിനായി ഒരുവൻ ശ്രദ്ധിക്കുന്നു വെങ്കിൽ അവൻ കേൾക്കുന്ന ശബ്ദം ദൈവത്തിൽനിന്നല്ലായിരിക്കും.

എഴുതപ്പെട്ട വചനമാണ് നമ്മളെ പിശാചിന്റെ ചതിയിൽ നിന്നും വഞ്ചനയിൽ നിന്നും വിടുവിക്കുന്നത്. എന്നാൽ പലരും കുഴപ്പങ്ങളിൽ ചാടി യതിനുശേഷം മാത്രമെ ദൈവത്തിങ്കലേക്കു വരികയുള്ളൂ. ദൈവശബ്ദം വച നത്തിലൂടെ കേൾക്കുവാൻ പരിചയിക്കാത്തവർ ഒരുപക്ഷെ അവർ ശരിയായ പ്രശ്നത്തിലകപ്പെടുമ്പോൾ, ഇത് തിരിച്ചറിയുന്നതിൽ പരാജയപ്പെടും.

നമ്മുടെ കർത്താവുപോലും സാത്താൻ പറഞ്ഞ കള്ളത്തെ നേരിട്ടത് ദൈവവചനത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു എന്ന് പറഞ്ഞിട്ടാണ് (ലൂക്കോസ്. 4 കാണുക). നമുക്കുണ്ടാകുന്ന ആശയങ്ങളോ, ചിന്തകളോ, എന്തുതന്നെ ആയിരുന്നാലും അവയെ ദൈവവചനവുമായി താരതമ്യം ചെയ്തുവേണം നാം സ്വീകരിക്കുവാൻ. തിരുവെഴുത്തുകൾക്ക് വിരോധമാ യുള്ള എല്ലാ സങ്കല്പങ്ങളും, വിചാരങ്ങളും നമ്മൾ അവഗണിക്കുകയും തള്ളി ക്കളയുകയും ചെയ്തിട്ട്, ദൈവശബ്ദം തിരിച്ചറിയുന്നതിൽ എഴുതപ്പെട്ട വച നത്തെ മാത്രം മാനദണ്ഡമായി സ്വീകരിക്കേണ്ടതാണ്. (2 കൊരിന്ത്യർ 10:5 കാണുക)

# വീണ്ടും ശ്രമിക്കുക

*ഞങ്ങൾ സകല വിധത്തിലും കഷ്ടം സഹിക്കുന്നവർ എങ്കിലും ഇടുങ്ങിയിരിക്കുന്നില്ല. ബുദ്ധിമുട്ടുന്നവർ എങ്കിലും നിരാശപ്പെടുന്നില്ല. ഉപദ്രവം അനുഭവിക്കുന്നവർ എങ്കിലും ഉപേക്ഷിക്കപ്പെടുന്നില്ല. വീണുകിടക്കുന്നവർഎങ്കിലും നശിച്ചുപോകുന്നില്ല.*

— 2 കൊരിന്ത്യർ. 4:8,9

നമ്മുടെ പദ്ധതികൾ പരാചയപ്പെടുകയും ആഗ്രഹങ്ങൾ സഫലീകരിക്കാതിരിക്കുകയും ചെയ്യുമ്പോൾ നമുക്ക് നിരാശയുണ്ടാകാറുണ്ട്. പലനാളത്തെ ശ്രമത്തിനും കാത്തിരിപ്പിനും ശേഷവും നമ്മുടെ പ്രതീക്ഷകൾ നടക്കാതിരിക്കുമ്പോൾ ഒരു പക്ഷെ നമ്മുടെ ആത്മിയ ജീവിതത്തിൽ തന്നെ ഒരു മന്ദത അനുഭവപ്പെടുകയും, തക്കസമയത്ത് ശരിയായ ഒരു കൈത്താങ്ങൽ ലഭിക്കാതിരിക്കുകയും ചെയ്യുകയാണെങ്കിൽ അതു നമ്മെളെ തകർച്ചയിലേകക്ക് നയിക്കുവാനും സാദ്ധ്യതയുണ്ട്.

ഈ സമയത്താണ് നമുക്കൊരു പുന:സമർപ്പണം, തീരുമാനം, ശ്രമം ഒക്കെ വേണ്ടിയത്. നമ്മുടെ ഈ പുതിയ സമീപനം അപ്പോഴുള്ള നമ്മുടെ വികാരത്തെയും വിചാരത്തെയും അതിജീവിക്കുന്നതായിരിക്കണം.

നമ്മിൽ ജീവിക്കുന്നവൻ ഈ ലോകത്തിൽ ജീവിക്കുന്നവനെക്കാൾ വലിയവനാണെന്നുള്ള തിരിച്ചറിവ് ഇപ്രകാരമുള്ള സന്ദർഭങ്ങളിൽ നമുക്കുണ്ടാകണം. ആയതിനാൽ എത്രനാൾ കാത്തിരിക്കേണ്ടിവന്നാലും ഞാൻ നിരാശപ്പെടുകയില്ല. എന്തെല്ലാം ചിന്തകളോ വിചാരങ്ങളോ എന്നിലുണ്ടായാലും ഞാൻ അസ്വസ്ഥനാകയില്ല കാരണം എന്റെ ദൈവം ഞാനാഗ്രഹിക്കുന്ന തുറമുഖത്ത് എന്നെ എത്തിക്കും എന്നൊരു ശുഭാപ്തിവിശ്വാസം നമ്മിലുണ്ടാകണം. നിരാശയും പരാചയവും ഒരു ദൈവപൈതലിന്റെ ജീവിതത്തിൽ സ്ഥിരമായിട്ടുള്ളതല്ല, ഈ സമയത്താണ് വീണ്ടും ശ്രമിക്കുക, ഒന്നുകൂടി വല ഇറക്കുക എന്നുള്ള കർത്താവിന്റെ ശബ്ദം നാം തിരിച്ചറിയേണ്ടത്.

നമ്മുടെ പദ്ധതികളും പ്രതീക്ഷകളും തകർന്നടിയുന്നതിന്റെ കാരണം, നാം മറ്റുള്ളവരിൽ കണ്ടെത്തുന്നതിലുപരിയായി അത് നമ്മിൽ തന്നെയാണെന്ന് നാം തിരിച്ചറിയണം. കാരണം നമ്മുടെ ഉദാസീനതയും ആത്മവിശ്വാസമില്ലായ്മയും, മടുപ്പും, മറ്റാരെ കഴിഞ്ഞും നമ്മുടെ ജീവിതത്തെ തകർത്തടുക്കും.

ഇപ്രകാരമുള്ള പരാജയഘട്ടങ്ങളിൽ ദൈവത്തിന്റെ പരിശുദ്ധാത്മാവ് ക്രിയാത്മകമായി ഉള്ളിൽ പ്രവർത്തിക്കുന്നവർക്ക് മാത്രമെ ഒരു പുതിയ കാഴ്ചപ്പാടോടും, ദർശനത്തോടുംകൂടി ശക്തമായി മുമ്പോട്ടു പോകുവാൻ സാധിക്കൂ.

# ദൈവത്തിന്റെ മാറ്റമില്ലാത്ത സ്നേഹം

*യഹോവയായ ഞാൻ മാറാത്തവൻ*

— മലാഖി. 3:6

യഥാർത്ഥസ്നേഹം, അഥവാ ദൈവസ്നേഹം ഒരുനാളും മാറ്റമില്ലാത്തതാണ്. അത് എല്ലായ്പ്പോഴും ഒരു പോലെതന്നെയാണ്. മോശെയുടെ ചോദ്യത്തിനുള്ള ദൈവത്തിന്റെ ഉത്തരം ഇവിടെ ശ്രദ്ധേയമാണ്. ഞങ്ങളുടെ അടുക്കൽ നിന്നെ അയച്ച ദൈവത്തിന്റെ പേരെന്ത്? എന്ന ജനത്തിന്റെ ചോദ്യത്തിന് ഞാനാകുന്നവൻ ഞാനാകുന്നു എന്ന ഉത്തരമാണ് മോശെ കൊടുക്കുവാൻ ദൈവം പറഞ്ഞത്. (പുറപ്പാട്. 3:13,14)

യഹോവയുടെ നാമത്തിന് മാറ്റമില്ലാത്തതുപോലെ അവന്റെ സ്വഭാവത്തിനും മാറ്റമില്ല. സത്യസന്ധമായി പറഞ്ഞാൽ ഞാൻ ഇതുവരെയും ഇപ്രകാരം ഒരു സമ്പൂർണ്ണ സ്നേഹത്തിൽ എത്തിയിട്ടില്ല. എന്നാൽ ഞാൻ തീർച്ചയായും ഈ മാറ്റമില്ലാത്ത സ്നേഹം മനസ്സിലാക്കാൻ ആഗ്രഹിക്കുന്നു. ഇത് നിങ്ങൾക്കും സാധിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. മനുഷ്യരെന്ന നിലയിൽ നമുക്ക് സ്ഥിരത കുറവാണ്. എന്നാൽ നാം കൂടുതൽ സ്ഥിരതയുള്ളവരാകാൻ പഠിക്കേണ്ടതുണ്ട്.

എന്റെ വിവാഹശേഷം എന്റെ ഭർത്താവായ ഡേവിൽ ഞാൻ കണ്ടത് സ്ഥിരത എന്നത് ഒരു മുഖമുദ്രയായിട്ടാണ്. അതുവരെയും ഞാനിടപ്പെട്ടതെല്ലാം അസ്ഥിരതയുള്ള മനുഷ്യരുമായിട്ടാണ്. എന്നാൽ ഡേവ് എല്ലായിടത്തും ഒരുപോലെ ആയിരുന്നു. ഓഫീസിലേക്കു പോകുമ്പോൾ ഒരു സ്വഭാവവും തിരികെ വരുമ്പോൾ മറ്റൊരു സ്വഭാവവും അദ്ദേഹത്തിനില്ലായിരുന്നു. സാഹചര്യങ്ങൾ ഒരിക്കലും അദ്ദേഹത്തിന്റെ സ്വഭാവത്തിന് മാറ്റം വരുത്തിയില്ല. വിവാഹത്തിന് മുൻപുള്ള നാളുകളിൽ ദൈവം അദ്ദേഹത്തിന്റെ ജീവിതത്തിൽ നിരന്തരമായി പ്രവർത്തിച്ചതിന്റെ ഫലമായാണ് ഇപ്രകാരം ഒരു സ്വഭാവം ദേവിന് ഉണ്ടായത്. സ്ഥിരത എന്നു പറയുന്നത് നമ്മുടെ ജീവിതത്തിന്റെ എല്ലാ ഭാഗങ്ങളിലും പ്രവർത്തിക്കേണ്ടതാവശ്യമാണ്. ഇത് നമ്മുടെ ജീവിതത്തിലെ ഒരു അവിഭാജ്യ ഘടകമാകുമ്പോൾ മാത്രമാണ് നമുക്ക് മറ്റുള്ളവരോട് ദൈവസ്നഹം പ്രദർശിപ്പിക്കുവാൻ കഴിയുന്നത്.

# വിശ്വാസത്തെ ഏറ്റുപറയുക

*യേശുവിനെ കർത്താവെന്ന് വായിക്കൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പ്പിച്ചു എന്നു ഹൃദയംകൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും.*

— റോമർ. 10:9,10

പലരും വിശ്വാസത്താൽ രക്ഷിക്കപ്പെട്ടു എന്നു പറയുമ്പോഴും അവരുടെ വിശ്വാസത്തിന്റെ ഏറ്റുപറച്ചിലിൽ അഥവാ അത് പ്രവർത്തിക്കുന്നതിൽ പരാജയപ്പെടുകയാണ് ചെയ്യുന്നത്. യാക്കോബിന്റെ വാക്കുകൾ ഇവിടെ ശ്രദ്ധേയമാണ്. "പ്രവൃത്തിയില്ലാത്ത വിശ്വാസം ചത്തതാകുന്നു." ദൈവം ആരാധനയ്ക്കു യോഗ്യനാണെന്ന് എനിക്ക് ഹൃദയത്തിൽ പറയാൻ സാധിക്കും. എന്നാൽ, ആരാധിക്കുവാൻ ഞാൻ മുൻകൈ എടുക്കുന്നില്ല എങ്കിൽ അതെനിക്ക് പ്രയോജനപ്പെടത്തില്ല. ദശാംശം കൊടുക്കണമെന്ന് ഞാൻ വിശ്വസിക്കുന്നു. എന്നാൽ ഞാനത് കൊടുത്തില്ല എങ്കിൽ എനിക്കെന്തു പ്രയോജനം. നമ്മുടെ വിശ്വാസം പ്രവർത്തി തലത്തിൽ കാണുമ്പോഴാണ് അത് രക്ഷിക്കുന്ന വിശ്വാസമായി തീരുന്നത്. വിശ്വാസം അഥവാ മതം വ്യക്തിപരമായ ഒന്നാണ്. അതുകൊണ്ട് കൊട്ടിഘോഷിക്കേണ്ടതല്ല എന്ന് വിശ്വസിക്കുന്ന ധാരാളം പേരുണ്ട്. ദൈവത്തെക്കുറിച്ച് സംസാരിക്കാൻപോലും അവർ വിമുഖത കാട്ടുന്നു. സുവിശേഷങ്ങളിൽ നാം വായിക്കുന്നത് യേശുവിനെ കണ്ടുമുട്ടിയവരാരും തന്നെ മൗനമായിരുന്നില്ല എന്നതാണ്. അവർക്കാർക്കും യേശുവിനെ ഏറ്റുപറയാതിരിപ്പാൻ സാധിച്ചില്ല. ആരാധനയിലും സ്തുതിയിലും മുഴുകുന്ന ഒരാൾക്ക് ഒരിക്കലും അതിന്റെ ബാഹ്യമായ പ്രകടനങ്ങൾ കാണിക്കാതിരിപ്പാൻ സാധ്യമല്ല. അവൻ നമ്മുടെ ഹൃദയത്തിൽ നിറയുമ്പോൾ അവനെക്കുറിച്ചുള്ള സുവിശേഷം നമ്മിൽകൂടി പുറത്തുവരും.

# മുറിവേറ്റ സൗഖ്യദായകൻ (ആശ്വാസദായകൻ)

*മനസ്സലിവുള്ള പിതാവും സർവ്വാശ്വാസവും നല്കുന്ന ദൈവവുമായി നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായ ദൈവം വാഴ്ത്തപ്പെട്ടവൻ. ദൈവം ഞങ്ങളെ ആശ്വസിപ്പിക്കുന്ന ആശ്വാസംകൊണ്ടു ഞങ്ങൾ യാതൊരു കഷ്ടത്തിലുള്ളവരെ ആശ്വസിപ്പിപ്പാൻ ശക്തരാകേണ്ടതിനു ഞങ്ങൾക്കുള്ള കഷ്ടത്തിൽ ഒക്കെയും അവൻ ഞങ്ങളെ ആശ്വസിപ്പിക്കുന്നു.*

— 2 കൊരിന്ത്യർ. 1:3-4

ക്രൂശിക്കപ്പെട്ടവനായ ക്രിസ്തുവല്ലാതെ നല്ലൊരു ആശ്വാസകൻ മറ്റാരുമില്ല. കാരണം യേശുവിനെ പോലെ വേദനകൾ സഹിച്ചവനു മാത്രമെ നമ്മെ ആശ്വസിപ്പിക്കുവാൻ സാധിക്കുകയുള്ളൂ. ഇതുതന്നെയാണ് മേല്പ്പ റഞ്ഞ വാക്യത്തിൽ പൗലോസ് പറയുന്നത്. നിങ്ങളുടെ ജീവിതത്തിൽ വലിയ കഷ്ടങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ മറ്റുള്ളവരെ ആശ്വസിപ്പിക്കുന്ന ശുശ്രൂഷ യിൽ നിങ്ങൾ തീർച്ചയായും ഒരു വിജയമായിരിക്കും. നിങ്ങൾ അനുവദി ക്കുന്ന പക്ഷം നിങ്ങളുടെ എത്രവലിയ ഭാരങ്ങളും തന്റെ മഹത്വത്തിനായി ഉപയോഗിക്കാൻ ദൈവത്തിനു സാധിക്കും.

എന്റെ ജീവിതത്തിൽ തന്നെ ചിന്തിക്കുകയാണെങ്കിൽ ഞാൻ ആരംഭിച്ചി ടത്തുതന്നെ എന്റെ വേദനകളെക്കുറിച്ചോർത്ത് ഞാൻ ദു:ഖിച്ചും നിരാശപ്പെട്ടും ഇരിക്കുകയായിരുന്നുവെങ്കിൽ, എനിക്കൊരിക്കലും എനിക്കോ മറ്റുള്ളവർക്കോ ആശ്വാസമാകാൻ സാധിക്കുകയില്ലായിരുന്നു. എന്നാൽ ദൈവം തന്റെ കൃപ യാൽ എന്നെ സഹായിച്ചതിനാൽ ഇന്നെനിക്ക് രാജ്യത്തിനകത്തും പുറത്തും ആയിരക്കണക്കിന് ആളുകളെ ആശ്വസിപ്പിക്കുവാനും സഹായിപ്പാനും സാധി ക്കുന്നുണ്ട്.

എന്നെ സംബന്ധിച്ച് ലോകത്തിൽ ഏറ്റവും വലിയ സാക്ഷ്യം എന്തെ ന്നാൽ, സാത്താൻ എന്നെ തകർക്കുവാൻ എന്തായുധം (കഷ്ടത) പ്രയോ ഗിച്ചോ; എന്റെ ദൈവം അതിലൂടെ തന്നെ എന്നെ തന്റെ മഹത്വത്തിനും ഒപ്പം മറ്റുള്ളവരുടെ നന്മയ്ക്കായിട്ടും ഉപയോഗിച്ചു എന്നതാണ്. ആയതിനാൽ നിങ്ങൾ എവിടെയായിരുന്നാലും എന്തെല്ലാം പ്രയാസങ്ങളിലായിരുന്നാലും ദൈവത്തിന് നിങ്ങളുടെ അവസ്ഥയ്ക്ക് മാറ്റം വരുത്തി അവയെ തന്റെ രാജ്യ വിസ്തൃതിയ്ക്കുവേണ്ടിയും മറ്റുള്ളവരുടെ അനുഗ്രഹത്തിനായും ഉപയോ ഗിക്കാൻ തീർച്ചയായും സാധിക്കും.

# ക്ഷമ ദൈവത്തെ പ്രസാദിപ്പിക്കുന്നു

*ഒരുത്തൻ ദൈവത്തെക്കുറിച്ചുള്ള മനോബോധം നിമിത്തം അന്യായമായി കഷ്ടവും ദു:ഖവും സഹിച്ചാൽ അത് പ്രസാദം ആകുന്നു. നിങ്ങൾ കുറ്റം ചെയ്തിട്ട് അടികൊള്ളുന്നത് സഹിചച്ചാൽ എന്തു യശസ്സുള്ളൂ? അല്ല നന്മ ചെയ്തിട്ടു കഷ്ടം സഹിച്ചാൽ അത് ദൈവത്തിന് പ്രസാദം.*

— 1 പത്രൊസ്. 2:19,20

ഈ വാക്യത്തിൽ നിന്ന് ദൈവം ആഗ്രഹിക്കുന്നതെന്താണെന്ന് മനസ്സിലാകണമെങ്കിൽ, ഇതിലെ ഓരോ വാക്കും മനസ്സിരുത്തി ചിന്തിക്കുകയും പഠിക്കുകയും ചെയ്യണം. നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു. നമ്മുടെ വേദനകളെ അവൻ ചുമന്നു എന്നു വചനം പറയുമ്പോൾ (യെശ്ശയ്യാവ് 53:3–6). പിന്നെ എന്തുകൊണ്ടാണ് ഞാൻ കഷ്ടം സഹിക്കുമ്പോൾഅത് ദൈവത്തിന് പ്രസാദമാണെന്ന് വചനം പറയുന്നത്? ഇത് മനസ്സിലാക്കുവാനായി ഞാൻ വർഷങ്ങളോളം പഠിക്കുവാനിടയായി. അവസാനമായി 1 പത്രൊസ്. 2:19,20 ഉം വാക്യങ്ങൾ അർത്ഥമാക്കുന്നത് എന്താണെന്ന് എനിക്കു മനസ്സിലായി. കഷ്ടത സഹിക്കുന്നതിലുപരിയായി കഷ്ടതയെക്കുറിച്ചുള്ള ഒരുവന്റെ മനോഭാവം എന്തായിരിക്കണമെന്നാണ് അവിടെ പറയുന്നത്, ക്ഷമയോടെ (Patiently)ഇംഗ്ലീഷ് ബൈബിൾ നോക്കുക) എന്ന വാക്ക് ശ്രദ്ധിക്കുക. ഒരുവൻ നമ്മെ ഉപദ്രവിക്കുമ്പോൾ നാം അതിനെ ക്ഷമയോടെ സഹിക്കുകയാണെങ്കിൽ അത് ദൈവത്തിന് പ്രസാദമാണ് എന്നാണ്. അന്യായമായ കഷ്ടങ്ങൾ സഹിക്കുവാൻ നമ്മെ പത്രൊസ് ധൈര്യപ്പെടുത്തുന്നത് യേശു അന്യായമായ പീഢനങ്ങൾ എങ്ങനെയാണ് സഹിച്ചത് എന്ന് പറഞ്ഞുകൊണ്ടാണ്. നമ്മുടെ കഷ്ടങ്ങളെക്കാളുപരിയായി അത് സഹിക്കുവാൻ നാം കാണിക്കുന്ന ക്ഷമയോടെയുള്ള മനോഭാവത്തെയാണ് ദൈവം ഇഷ്ടപ്പെടുന്നത്.

# ദൈവത്തിന് സാന്നിദ്ധ്യമാണോ അതോ അവന്റെ സമ്മാനമാണോ നിങ്ങൾ പ്രതീക്ഷിക്കുന്നത്

*ജീവന്റെ വഴി നീ എനിക്കു കാണിച്ചുതരും. നിന്റെ സന്നിധിയിൽ സന്തോഷപരിപൂർണ്ണതയും നിന്റെ വലത്തുഭാഗത്ത് എന്നും പ്രമോദങ്ങളും ഉണ്ട്.*

— സങ്കീർത്തനം. 16:11

ദൈവത്തിന് നമ്മുടെ ജീവിതത്തിൽ എന്തു തരുവാൻ സാധിക്കും എന്നതിലുപരി ദൈവം ആരാണ് എന്ന് അറിയുവാനുള്ള ആഗ്രഹമാണ് വിശ്വാസികളെ വിജയത്തിലേക്ക് നയിക്കുന്ന മുഖ്യ ഘടകം. ഇത് എന്റെ ജീവിതത്തിലെ വലിയ ഒരു പാഠമായിരിക്കുന്നു. ദൈവം എന്നെ അനുഗ്രഹിച്ചാലും ഇല്ലെങ്കിലും ദൈവത്തിൽ സന്തോഷിപ്പാൻ ഞാൻ പഠിക്കേണ്ടിയിരുന്നു. നെഹമ്യാവ് പറയുന്നത് യഹോവയിങ്കലെ സന്തോഷം നമ്മുടെ ബലം എന്നാണ് (നെഹ. 8:10). അല്ലാതെ സാഹചര്യങ്ങളുടെ സന്തോഷമല്ല; സാഹചര്യങ്ങൾ അനുകൂലമോ പ്രതികൂലമോ ആയിക്കൊള്ളട്ടെ. ഒരു ദൈവപൈതൽ തന്റെ ദൈവത്തിൽ സന്തോഷിക്കേണ്ടതാണ്. നമ്മുടെ സന്തോഷത്തിന് സാഹചര്യങ്ങളെയാണ് നാം ആശ്രയിക്കുന്നെങ്കിൽ പിശാചിനെതിരെ നില്ക്കുവാൻ നമുക്ക് സാധിക്കത്തില്ല. ഇങ്ങനെ ഒരുതിരിച്ചറിവുണ്ടാകാൻ എനിക്കു കുറച്ചു സമയം വേണ്ടിവന്നു. എന്നാൽ എന്തൊരു വ്യത്യാസമാണ് അതെന്റെ ജീവിതത്തിൽ വരുത്തിയത് എന്നോർക്കുമ്പോൾ ഞാൻ സന്തോഷിക്കുന്നു. മുമ്പൊക്കെ എന്റെ ജീവിതത്തിൽ എന്തോ ഒരു കുറവ് എനിക്ക് അനുഭവപ്പെട്ടിരുന്നു. എന്നാൽ എന്റെ ദൈവത്തിന്റെ സാന്നിദ്ധ്യം എല്ലാറ്റിനും പരിഹാരം ഉണ്ടാക്കി. നമ്മൾ അന്വേഷിക്കേണ്ടത് ദൈവത്തിൽ നിന്നുള്ള സമ്മാനങ്ങളെക്കാളുപരി (Presentation) അവന്റെ സാന്നിദ്ധ്യം (Presence) ആണ്. അവന്റെ സാന്നിദ്ധ്യമാണ് നമ്മെ നിലനിർത്തുന്നതും നമുക്ക് ജീവൻ നല്കുന്നതും. ഇത് സമൃദ്ധിയായതും നിത്യവുമായ ജീവനാണ്. നാം ആഗ്രഹിക്കുന്നത് ലഭിക്കാതിരിക്കുമ്പോഴും ദൈവത്തെ സേവിക്കുവാൻ നാം തീരുമാനം എടുക്കേണ്ടതാണ്. ഇയ്യോബ് പറഞ്ഞതുപോലെ അവൻ എന്നെ കൊന്നാലും ഞാനവനെ തന്നെ കാത്തിരിക്കും എന്നു നമ്മൾ പറയേണ്ടതാണ്. (ഇയ്യോബ്. 13:15)

# ഏകാഗ്രമായ ഹൃദയം

*യഹോവയുടെ കണ്ണ് തങ്കൽ ഏകാഗ്രചിത്തന്മാരായിരിക്കുന്ന വർക്കുവേണ്ടി തന്നെത്താൻ ബലവാനെന്നു കാണിക്കേണ്ടതിനു ഭൂമിയിലെല്ലാടവും ഊടാടിക്കൊണ്ടിരിക്കുന്നു.*

— 2 ദിനവൃത്താന്തം 16:9

എന്താണ് ഏകാഗ്രമായ ഹൃദയം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്? ശരിയായ കാര്യം ചെയ്യുവാനും ദൈവത്തെ പ്രസാദിപ്പിക്കുവാനുമുള്ള ഹൃദയവാഞ്ഛ ഉണ്ടാകുന്നു എന്നതാണ് ഇതിന്റെ അർത്ഥം. ഏകാഗ്രമായ ഹൃദയമുള്ള വ്യക്തി ദൈവത്തെ സ്നേഹിക്കുന്നവനാണ്. ഒരു പക്ഷെ മറ്റു പല മേഖലക ളിലും തനിക്ക് ഏകാഗ്രതയില്ലായിരിക്കാം. തന്റെ ജഡത്തെ ശരിയാംവണ്ണം അടക്കുവാനോ നാവിനെ നിയന്ത്രിക്കുവാനോ അവന് സാധിക്കത്തില്ലായിരി ക്കാം. എങ്കിലും ഹൃദയത്തിൽ സ്ഥിരതയുള്ളതുകൊണ്ട് അവന് ദൈവത്തെ സ്നേഹിക്കുവാൻ കഴിയും. അവൻ ഒരുപക്ഷെ തെറ്റു ചെയ്തേക്കാം. പെട്ടെന്ന് ദേഷ്യപ്പെട്ടേക്കാം എന്നാൽ, ദൈവത്തിങ്കലേക്ക് തിരിയുവാനും ബന്ധം ശരിയാക്കുവാനും ഇങ്ങിനെയുള്ളവർക്കും പെട്ടെന്നു സാധിക്കും. മറ്റുള്ള വർക്ക് പ്രയാസം വരുത്തുന്ന കാര്യങ്ങൾ ചെയ്തൽ, അവൻ ക്ഷണത്തിൽ ക്ഷമാപണം നടത്തുകയും തന്നെത്താൻ താഴ്ത്തുകയും ചെയ്യും. എല്ലാം കൊണ്ടും, കൃത്യതയുള്ള ഒരു വ്യക്തിയെയല്ല മറിച്ച് ദൈവത്തെ ഭയപ്പെ ടുകയും സ്ഥിരതയുള്ള ഹൃദയത്തിന്റെ ഉടമകളെയാണ് ദൈവം അന്വേഷി ക്കുന്നത്.

ദൈവത്തിന് വിശ്വസിച്ച് ഏല്പിക്കുവാൻ സത്യസന്ധമായ ഹൃദയം എപ്പോഴും ആവശ്യമാണ്. ദൈവത്തിന് തന്റെ രാജ്യത്തിൽ പലതരത്തിലുള്ള അവസരങ്ങളുണ്ട്. ഈ അവസരങ്ങൾ കൊടുക്കുവാൻ ദൈവം ഒരുവനെ താഴ്ത്തുകയും മറ്റൊരുവനെ ഉയർത്തുകയും ചെയ്യും. നമുക്ക് ശരിയായ മനോ ഭവമല്ല ദൈവത്തോടുള്ളതെങ്കിൽ ഞാനാഗ്രഹിക്കുന്ന രീതയിൽ പ്രവർത്തി ക്കുവാൻ നമുക്ക് സാധിക്കുകയില്ല. കാരണം, അവൻ നമ്മെ അതിൽ നിന്നു നീക്കുകയും മറ്റൊരുവനെ അവിടെ ആക്കുകയും ചെയ്യും. അവന് നമ്മെ ഉയർത്തുവാനും താഴ്ത്തുവാനും സാധിക്കും.

ഞങ്ങളുടെ സംഘടനയിൽ ജോലി ചെയ്യുന്നവർക്ക് സ്ഥാനക്കയറ്റം കൊടു ക്കുവാനുള്ള സമയത്ത് ഞങ്ങൾ നോക്കുന്നത് ഏറ്റവും കഴിവുള്ളവരെയല്ല മറിച്ച് ശരിയായ ഹൃദയവും മനോഭാവമുള്ളവരെയും ആവശ്യപ്പെടുമ്പോ ഴൊക്കെയും അതിലുപരിയായി ചെയ്യുവാൻ മനസ്സുള്ളവരെയുമാണ്. ഇപ്ര കാരമാണ് ദൈവവും, താൻ നോക്കുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യം. (ഒരാളെ ഉയർത്തുവാൻ) സ്ഥിരതയുള്ള ഒരു ഹൃദയമാണ്.

# അവന്റെ ആടുകൾ അവന്റെ ശബ്ദം കേൾക്കുന്നു

*ആടുകൾ അവന്റെ ശബ്ദം അറിഞ്ഞ് അവനെ അനുഗമിക്കുന്നു. അന്യന്മാരുടെ ശബ്ദം അറിയായ്കകൊണ്ട് അവ അന്യനെ അനുഗമിക്കാതെ വിട്ട് ഓടിപ്പോകു*

— യോഹന്നാൻ. 10:4–5

വ്യത്യസ്തമായ പല രീതികളിൽ ദൈവം നമ്മോട് സംസാരിക്കാറുണ്ട്. പലരും അമാനുഷികവും അത്ഭുതകരവുമായ ശബ്ദം കേൾക്കുവാൻ ആഗ്രഹിക്കുന്നു അത് സംഭവിക്കുമ്പോൾ ദൈവശബ്ദം കേൾക്കുന്നില്ല എന്നവർ വിചാരിക്കും. പലപ്പോഴും ദൈവം സംസാരിക്കുന്നത് മന്ദവും മൃദുവുമായാണ്. ദൈവം പറയുന്നത് അവൻ നമ്മുടെ ഇടയനാണെന്നും അവന്റെ ആടുകൾ അവന്റെ ശബ്ദം കേൾക്കുന്നു എന്നുമാണ്. (യോഹന്നാൻ. 10:1–5)

കർത്താവ് നമ്മോട് പ്രകൃതിയിലൂടെ സംസാരിക്കും. ഞാൻ പരിശുദ്ധാത്മ സ്നാനം സ്വീകരിച്ചതിന് ചില ദിവസങ്ങൾക്കുശേഷം എനിക്ക് ഇത്തരം ഒരു അനുഭവമുണ്ടായി.

മുഴുവനും കളകൾ നിറഞ്ഞ ഒരു വയലിൽകൂടി ഞാൻ നടക്കുകയായിരുന്നു. പെട്ടെന്നാണ് അതെന്റെ ശ്രദ്ധയിൽപ്പെട്ടത്. അതാ കളകളുടെ നടുവിൽ കുറെ മനോഹരങ്ങളായ പുഷ്പങ്ങൾ വിരിഞ്ഞു നില്ക്കുന്നു. ഞാനതിൽ നിന്നൊരു സന്ദേശം മനസ്സിലാക്കി. എങ്ങിനെ ആ പുഷ്പങ്ങൾ കളയുടെ മദ്ധ്യത്തിലുണ്ടായി. ഇപ്രകാരം തന്നെയല്ലെ ജീവിതത്തിൽ പരിശോധനയുടെയും കലക്കത്തിന്റെയും മദ്ധ്യത്തിലും നല്ല കാര്യങ്ങൾസംഭവിക്കുന്നത്.

ഞാൻ ദൈവത്തിന്റെ ശബ്ദം കേൾക്കുവാനായി കാതോർത്ത സന്ദർഭങ്ങളിൽ, ഒരിക്കൽ ഒരു ദർശ്ശനവും നാലോ അഞ്ചോ പ്രാവശ്യം പ്രവചന രൂപത്തിലുള്ള സ്വപ്നങ്ങളും ഉണ്ടായിട്ടുണ്ട്. ദൈവം പലരോടും ഇപ്രകാരം സംസാരിച്ച രീതിയെ ഞാൻ വിലകുറച്ചു കാണിക്കുകയില്ല, പക്ഷെ പലപ്പോഴും ദൈവം എന്നോടു സംസാരിച്ചിട്ടുള്ളതും, അവയെ ഉറപ്പിച്ചു തന്നതും എഴുതപ്പെട്ട തിരുവെഴുത്തുകളിലൂടെ മാത്രമാണ്. അവൻ എനിക്കു സമാധാനം തരുന്നു. ആയതുകൊണ്ട് അവന്റെ ജ്ഞാനത്തെ പിൻതുടരുവാൻ ഞാൻ ആഗ്രഹിക്കുന്നു.

ദൈവശബ്ദം നാം ശ്രദ്ധയോടെ വിവേചിക്കേണ്ടതാവശ്യമാണ്. എന്നാൽ ദൈവശബ്ദം നേരിട്ടു കേൾക്കുന്നതാണ് ശരിയായ ആത്മികത എന്ന് വിചാരിക്കേണ്ട കാര്യമില്ല. ഇത് ചിലർ ചിന്തിക്കുന്നതുപോലെ വളരെ ബുദ്ധിമുട്ടുള്ള കാര്യമൊന്നുമല്ല. പ്രതീക്ഷയോടെ ശ്രദ്ധിക്കുക എന്നുള്ളത് നമ്മുടെ ഉത്തരവാദിത്വമാണ് അതോടൊപ്പം നാം അതിനെ ശരിയാംവണ്ണം പരിശോധിക്കുകയും വേണം.

# നിങ്ങൾ വികാരത്താലാണോ നയിക്കപ്പെടുന്നത്

*ജഡസ്വഭാവമുള്ളവർക്ക് ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിവില്ല. നിങ്ങളോ ദൈവത്തിന്റെ ആത്മാവു നിങ്ങളിൽ വസിക്കുന്നു എന്നു വരികിൽ ജഡസ്വഭാവമുള്ളവരല്ല ആത്മസ്വഭാവമുള്ളവരത്രെ.*

— റോമർ 8:8,9

വികാരം എന്ന വാക്കിന് ധാരാളം നിർവചനങ്ങളുണ്ട്. വെബ്സേറ്റേഴ്സ് നിഘണ്ടു അനുസരിച്ച് ഇതിന്റെ ഉറവിടം ലത്തീൻ ഭാഷയിൽ "എമോവെറേ" എന്നതാണ്. ഇതിന്റെ അർത്ഥം മാറ്റിക്കളയുക എന്നാണ്. ഇത് വളരെ നല്ല തായി എനിക്കു തോന്നുന്നു. കാരണം നമ്മുടെ ജഡിക വികാരങ്ങളെ ഇപ്ര കാരം നം ദൈവഹിതത്തിന്റെ മുമ്പാകെ മാറ്റിക്കളയേണ്ടതാവശ്യമാണ്. നാം നമ്മുടെ ജഡികവികാരങ്ങളെ അനുഗമിച്ച് ജീവിക്കുവാനും, ദൈവാത്മാവിന്റെ ആലോചനപ്രകാരം നടക്കാതിരിക്കുവാനും സാത്താൻ ആഗ്രഹിക്കുന്നു. നിഘണ്ടു വീണ്ടും ഇപ്രകാരം പറയുന്നു. വികാരങ്ങൾ എന്നു വച്ചാൽ കുഴഞ്ഞു മറിഞ്ഞ, സാധാരണയായി വ്യക്തിപരമായി മാത്രമുള്ള പ്രതിക രണം എന്നതാണ്. ഇത് നമ്മെ ഒരു നടപടിക്കുവേണ്ടി പ്രേരിപ്പിക്കുന്ന മാന സിക വ്യതിയാനമാണ്. ഇത് സത്യമാണ് എന്തെന്നാൽ വികാരങ്ങൾ പല പ്പോഴും സങ്കീർണ്ണമായതുകൊണ്ട് വിവരിക്കാൻ ബുദ്ധിമുട്ടുണ്ട്. ആയതിനാൽ അവയെ കൈകാര്യം ചെയ്യുന്നതിലും ബുദ്ധിമുട്ട് നേരിടാറുണ്ട്.

ഒരു ഉദാഹരണം പറഞ്ഞാൽ ചിലപ്പോൾ പരിശുദ്ധാത്മാവ് ചിലത് ചെയ്യു വാൻ നമ്മെ നയിക്കാറുണ്ട്. നമ്മുടെ വികാരങ്ങളും കൂടെ അതിൽ ഉൾപ്പെടു മ്പോൾ നാം വളരെ ഉത്സാഹത്തോടെ അത് ചെയ്യുന്നു. എന്നാൽ, ഇവിടെ നമ്മുടെ വികാരങ്ങൾ ദൈവം തീർച്ചയായിട്ടും അത് ചെയ്യുവാൻ നമ്മോടാ വശ്യപ്പെടുന്നു എന്ന് പറയും. മറ്റുചിലപ്പോൾ ഇതിനു വിപരീതമായി ദൈവം നമ്മോട് ചെയ്യുവാനും അനുസരിക്കുവാനും പറയുന്ന കാര്യങ്ങളെ ചെയ്യാ തിരിക്കാൻ വികാരം നമ്മെ നിർബന്ധിക്കും. ഈ സമയത്ത് മാനസിക വികാരം നമ്മെ സഹായിക്കത്തില്ല. അപ്പോൾ ദൈവത്തെ അനുസരിക്കുന്നത് ബുദ്ധിമുട്ടാകും. നാം നമ്മുടെ വികാരത്തെ വിവേചിക്കാതെ അതിൽ മാത്രം ആശ്രയിച്ചുകൊണ്ട് മുൻപോട്ടു പോവുകയാണെങ്കിൽ ദൈവഹിതത്തിന് വെളി യിൽ സഞ്ചരിക്കുവാൻ പിശാച് നമ്മെ നയിക്കുവാൻ സാദ്ധ്യതയുണ്ട്. വികാ രത്തെ മാത്രം ആശ്രയിക്കുകയാണെങ്കിൽ ഭൂമിയിൽ ഒരു മനുഷ്യരും ദൈവ ഹിതത്തിനനുസരിച്ച് നടക്കുവാൻ സാധിക്കത്തില്ല.

# പരിശോധനയുടെ സമയങ്ങളാണ് പഠനത്തിന്റെ സമയം

*നീതിമാനായ ദൈവം ഹൃദയങ്ങളെയും അന്തരിന്ദ്രിയ ങ്ങളെയും ശോധന ചെയ്യുന്നുവല്ലോ*

— സങ്കീർത്തനം. 7:9

ദൈവം നമ്മുടെ ഹൃദയങ്ങളെ പരിശോധിക്കുന്ന ദൈവമാണ്. ശോധന, പരി ശോധന എന്ന വാക്കിന്റെ അർത്ഥം ഇവിടെ എന്താണ്? ശുദ്ധിയാ ക്കുന്നതുവരെ പരിശോധിക്കുക എന്നതാണ് ഇതിന്റെ അർത്ഥം. ചില വർഷ ങ്ങൾക്കുമുമ്പ് ഞാൻ പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ ദൈവം എന്നോട് ജോയ്സ് ഞാൻ നിന്റെ വികാരങ്ങളെ ശോധന ചെയ്യുവാൻ പോകുന്നു എന്നു പറഞ്ഞു. എന്നാൽ എനിക്കൊന്നും മനസ്സിലായില്ല. ആറുമാസങ്ങൾ കഴിഞ്ഞ പ്പോൾ എനിക്കെന്തോ വലിയ മാറ്റം സംഭവിക്കുന്നതുപോലെ തോന്നി. വെറുതെ ഇരിക്കുമ്പോൾ കരയുക, നിസ്സാരകാര്യങ്ങൾ പോലും എന്നെ വേദ നിപ്പിക്കുക, ആകെക്കൂടി പറഞ്ഞാൽ ഞാനൊരു വികാരജീവിയെപോലെ ആയി. എന്താണെനിക്കു സംഭവിച്ചത്? ഞാൻ ആലോചിക്കുവാൻ തുടങ്ങി. ദൈവം നേരത്തെ ജോയ്സ്, ഞാൻ നിന്റെ വികാരങ്ങളെ ശോധന ചെയ്യു വാൻ പോകുന്നു എന്ന് പറഞ്ഞത് ഞാനോർത്തു. ദൈവം ഉൾപ്പൂവുകളെയും ഹൃദയങ്ങളെയും ആരായുന്നവൻ എന്നും നീതിമാനായ ദൈവം ഹൃദയങ്ങളെ ശോധന ചെയ്യുന്നുവനെന്നുമുള്ള തിരുവചനങ്ങൾ ദൈവം എന്നെ ഓർപ്പിച്ചു. (സങ്കീർത്തനം. 7:9, വെളി.2:23)

നിങ്ങൾ ആരായിരുന്നാലും നിങ്ങളുടെ ജീവിതത്തിൽ പതിവിലും വ്യത്യ സ്തമായി വൈകാരികമായി നിങ്ങൾ പ്രതികരിക്കുന്ന സമയമുണ്ടാവാം. എന്റെ ജീവിതത്തിൽ ചില സമയങ്ങളിൽ രാത്രിയിൽ സുഖത്തോടെ കിടക്ക യിലേക്കു പോവുകയും രാവിലെ എഴുന്നേല്ക്കുമ്പോൾ വളരെ നിരാശയോടെ എഴുന്നേല്ക്കുകയും ചെയ്തത് ഞാനോർക്കുന്നു. നമുക്കിങ്ങനെ ഉണ്ടാകു മ്പോൾ നാം എന്തു ചെയ്യണം? ഒരിക്കലും ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ നിരാശപ്പെടുകയോ കുറ്റം വിധിക്കുകയോ ചെയ്യാതെ ഇതൊക്കെ ദൈവം നമ്മെ ശോധന ചെയ്യുന്ന നിമിഷങ്ങളാണെന്ന് മനസ്സിലാക്കി ദൈവത്തിൽ കൂടുതൽ ആശ്രയിക്കുകയും അത്തരത്തിലുള്ള വികാരങ്ങളെ നിയന്ത്രിക്കു വാൻ പഠിക്കുകയും ചെയ്യുക. ദൈവം നമ്മെ ശോധന ചെയ്യുന്നില്ലെങ്കിൽ എങ്ങിനെയാണ് നാം നമ്മുടെ വികാരങ്ങളെ നിയന്ത്രിക്കുവാൻ പഠിക്കുന്നത്? ദൈവം ഇപ്രകാരം ചെയ്യുന്നില്ലായെങ്കിൽ നമുക്കൊരിക്കലും പിശാചിന്റെ തന്ത്രങ്ങളെ ജയിപ്പാൻ സാധിക്കത്തില്ല. അതുകൊണ്ട് ശോധനയുടെ സമയ ങ്ങളാണ് പഠനത്തിന്റെ സമയങ്ങളെന്ന് തിരിച്ചറിയുക.

# ഭാരം ഇറക്കുക (ഒഴിവാക്കുക)

*അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെമേൽ ഇട്ടുകൊൾവിൻ.*

— 1 പത്രൊസ് 5:7

ജീവിതത്തിൽ ചില കാര്യങ്ങൾ നമുക്ക് സ്വയമായി തീരുമാനിക്കുവാനും നിയന്ത്രിക്കുവാനും സാധിക്കും. എന്നാൽ മറ്റു ചിലതിനെ നമുക്ക് നിയന്ത്രിക്കുവാൻ സാധിക്കത്തില്ല. ഉദാഹരണമായി, നാം എന്തു ജോലി ചെയ്യണം, നമ്മുടെ സുഹൃത്തുക്കൾ ആരൊക്കെ ആയിരിക്കണം, എന്തു തമാശകൾ പറയണം ഇതൊക്കെ നമ്മുടെ തിരഞ്ഞെടുപ്പുകളാണ്. എന്നാൽ, മറ്റുള്ളവർ നമ്മെക്കുറിച്ച് പറയുന്നത്, ഓഹരി വിപണിയിലെ ഏറ്റക്കുറച്ചിൽ, ഇവ നമ്മുടെ നിയന്ത്രണത്തിലുള്ളതല്ല.

നമ്മുടെ നിയന്ത്രണത്തിലല്ലാത്ത ഇത്തരം കാര്യങ്ങളോട് നാം എങ്ങിനെ പ്രതികരിക്കും. ഇത് പലപ്പോഴും നമ്മുടെ ശാരിരിക മാനസിക നിലകളെ ബാധിക്കും. ചെറിയ കാര്യങ്ങളിൽ അപ്സെറ്റാകുന്നവർ പല രീതിയിൽ കഷ്ടപ്പെടും. എന്നാൽ ഈ ഭാരങ്ങളെ അതിജീവിക്കുന്നവർക്ക് വിജയിക്കുവാൻ സാധിക്കും. തിരുവചനം ഇതിനെ ഭാരങ്ങൾ ഇറക്കുക അഥവാ ഇടുക എന്നാണ് പറയുന്നത്.

ഭാരങ്ങൾ ഇടുക എന്നു പറഞ്ഞാൽ ആ പ്രത്യേക സന്ദർഭത്തിൽ നമുക്കിതല്ലാതെ മറ്റൊന്നും ചെയ്യുവാനില്ല എന്നാണർത്ഥം. അല്ലാതെ, ആക്രോശിക്കുകയോ, കോപിക്കുകയോ അല്ല ചെയ്യേണ്ടത് അതുവഴി, കുറെക്കൂടി ഭാരവും പിരിമുറുക്കവും വർദ്ധിപ്പിക്കുവാൻ മാത്രമ നമുക്ക് സാധിക്കൂ. അതുകൊണ്ട് ഭാരങ്ങൾ ദൈവമുമ്പാകെ ഇറക്കുക എന്നുള്ളതാണ് ഏറ്റവും നല്ല ചികിത്സ.

ഭാരം ദൈവത്തിൽ ഇറക്കി കാര്യങ്ങൾ പൂർണ്ണമായി അവനിൽ ഏല്പ്പിക്കുന്ന പക്ഷം അവൻ എല്ലാം നന്നായി ചെയ്യുവാൻ മതിയായവനാണ്.

ഇന്ത്യയിലും ആഫ്രിക്കയിലും ഞാൻ ശുശ്രൂഷ ചെയ്യുമ്പോൾ കൊടും ദാരിദ്രത്തിലും വിശപ്പിലും കഴിയുന്ന ജനങ്ങളെ ഞാൻ കണ്ടെത്തിയിട്ടുണ്ട്. എന്നെക്കൊണ്ട് കഴിയുന്നതൊക്കെ ഞാൻ ചെയ്തിട്ടുണ്ട്. എന്നാൽ എന്നെക്കൊണ്ട് പൂർണ്ണമായും ദാരിദ്രനിർമ്മാജനം ചെയ്യുവാൻ സാദ്ധ്യമല്ലെന്നും ഞാൻ ചെറിയ സഹായം മാത്രമാണ് ചെയ്യുന്നതെന്നും പിന്നീടെനിക്ക് മനസ്സിലായി. എങ്കിലും എനിക്ക് ചെയ്യാൻ പറ്റാത്ത കാര്യത്തെക്കുറിച്ച് ഞാൻ വേവലാതിപ്പെടാതെ എന്റെ ഭാരങ്ങൾ ദൈവത്തിൽ ഇട്ടുകൊണ്ട് പ്രാർത്ഥിക്കുകയും ബാക്കിഭാഗം ചെയ്യുവാൻ ദൈവത്തെ അനുവദിക്കുകയുമാണ് ഞാൻ ചെയ്യുന്നത്.

# സ്വായാശ്രമയല്ല ദൈവാശ്രയമാണ് വേണ്ടത്

*ദൈവത്തിന്റെ ആത്മാവുകൊണ്ട് ആരാധിക്കുകയും ക്രിസ്തു യേശുവിൽ പ്രശംസിക്കുകയും ജഡത്തിൽ ആശ്രയിക്കാതിരിക്കുകയും ചെയ്യുന്ന നാം തന്നെ*

— ഫിലിപ്പിയർ. 3:3

ആത്മവിശ്വാസത്തെക്കുറിച്ച് ധാരാളം പേർ സംസാരിക്കാറുണ്ട്. ആത്മികവും ലൗകികവുമായ ധാരാളം സെമിനാറുകൾ ഇതിനെക്കുറിച്ച് നടത്തിയിട്ടുണ്ട്. ആത്മവിശ്വാസം എന്നാൽ സാധാരണയായി അർത്ഥമാക്കുന്നത് സ്വാശ്രയത്തെയാണ്. കാരണം ജീവിതത്തിൽ എന്തെങ്കിലും നേടണമെങ്കിൽ നമുക്ക് നമ്മെക്കുറിച്ച് തന്നെ ഒരു നല്ല അഭിപ്രായം ആവശ്യമാണെന്ന് പലരും വിശ്വസിക്കുന്നു. ഇതൊരു തെറ്റായ ധാരണയാണ് കാരണം, നാം നമ്മിൽ വിശ്വസിക്കുന്നതിലുപരിയായി നമ്മിലുള്ള യേശുവിലാണ് വിശ്വസിക്കേണ്ടത്. യേശുവില്ലാതെ നാം നമ്മെക്കുറിച്ച് നല്ലതെന്ന് കരുതിയിട്ടെന്തു കാര്യം. ജഡത്തിലാശ്രയിക്കരുതെന്ന് പൗലോസ് അപ്പോസ്തലൻ ഓർപ്പിക്കുമ്പോൾ അദ്ദേഹം അർത്ഥമാക്കുന്നത് യേശുവിനെ കൂടാതെ നാം ചെയ്യുന്ന ഒന്നിലും ആശ്രയം വെക്കരുത് എന്നാണ്.

അനേകരും അവരുടെ ജീവിതം മുഴുവനും ചെലവിടുന്നത് എങ്ങിനെയും ഉയർച്ചയിൽ എത്തണം എന്ന കാഴ്ചപ്പാടിലാണ്. എന്നാൽ അവർ കയറിയതും തെറ്റായതും നിലനില്ക്കുന്നതുമായ മാർഗ്ഗദർശങ്ങളിലാണെന്ന് തിരിച്ചറിയുന്നത് വളരെ താമസിച്ചായിരിക്കും.

മറ്റു ചിലർ സ്വയമായ വിശ്വാസം വളർത്തുവാൻ വളരെ കഷ്ടപ്പെടാറുണ്ട്. അവരും പരാജയത്തിലാണ് ചെന്നെത്തുന്നത്. അവസാനം ഇവയെല്ലാം ശൂന്യതയും നിരാശയും മാത്രമെ നല്കൂ. മിക്കവരും ചെന്നെത്തുന്നത് പ്രധാനമായും രണ്ട് രീതികളിലാണ്. ഒന്നാമതായി എത്ര കഠിനാധ്വാനം ചെയ്താലും പരാജയപ്പെടുകയും അവസാനം അവൾ സ്വയം കുറ്റപ്പെടുത്തുകയും വെറുക്കുകയും ചെയ്യും. രണ്ടാമതായി വളരെ കഴിവുള്ളവർ എന്തു നേടാൻ കഴിയുന്നവൻ എന്നാൽ നേട്ടങ്ങളുടെ അഭിമാനമെല്ലാം സ്വയമായി എടുക്കുകയും അവസാനം അഹങ്കാരികളായി തീരുകയും ചെയ്യും. ഈ രണ്ടു വഴികളും ദൈവദൃഷ്ടിയിൽ പരാജയമാണ്. ഞാനൊന്നുമല്ല എന്നും, എല്ലാം സാദ്ധ്യമാകുന്നത് ക്രിസ്തുവിലാണെന്നും തിരിച്ചറിയുന്ന വ്യക്തിയാണ് ദൈവത്തിന്റെ ദൃഷ്ടിയിൽ വിജയി. നമ്മുടെ ആശ്രയവും അഭിമാനവുമെല്ലാം യേശുവിൽ തന്നെ ആയിരിക്കണം. നാം എത്ര നേടിയാലും മാനവും മഹത്വവും യേശുവിനു കൊടുക്കണം. ഒരു സ്വാശ്രയക്കാരനാകാതെ ദൈവാശ്രയക്കാരനാകുക.

# ശരിയായ സഭ തിരഞ്ഞെടുക്കുക

*നീയോ പത്ഥ്യോപദേശത്തിന് ചേരുന്നത് പ്രസ്ഥാവിക്കുക.*

— തീത്തോസ്. 2:1

ഞാൻ വർഷങ്ങളായി ഒരു സഭയിൽ ആരാധനയ്ക്കു സംബന്ധിച്ചുകൊണ്ടിരുന്നു. ധാരാളം പ്രസംഗങ്ങൾ, കൃപയെക്കുറിച്ചും, രക്ഷയെക്കുറിച്ചും, മറ്റ് ചില നല്ല സ്വഭാവങ്ങളെക്കുറിച്ചെല്ലാം കേട്ടു. പക്ഷെ അവയിലൂടെയൊന്നും ദൈവം തരുന്ന, നീതി, സമാധാനം, സന്തോഷം, ഇവയൊന്നും അനുഭവിപ്പാൻ സാധിച്ചില്ല. (റോമർ. 14:17)

ദൈവവചനം പഠിപ്പിക്കുന്ന ധാരാളം സഭകളുണ്ട്. എന്നാൽ നിങ്ങളുടെ ആത്മിയമായ ജീവിതം മെച്ചപ്പെടുത്തുവാൻ സഹായിക്കുന്ന സഭയാണ് നിങ്ങൾ തിരഞ്ഞെടുക്കേണ്ടത്. ദൈവത്തോടുള്ള കടപ്പാട് നിറവേറ്റുവാൻ വേണ്ടി നമ്മളാരും സഭയിൽ പോകരുത്. ദൈവത്തെ ആരാധിപ്പാനും, മറ്റുള്ള വിശ്വാസികളുമായി കൂട്ടായ്മ ആചരിക്കേണ്ടതിനും നമുക്കുവേണ്ടി മരിച്ച യേശു ആഗ്രഹിക്കന്നതുപോലെ ഒരു ജീവിതം നയിക്കുവാനുമായിരിക്കണം നാം സഭയിൽ പോകുവാൻ.

# ദൈവത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ടവരായിരിപ്പിൻ

*നിർമ്മദരായിരിപ്പിൻ, ഉണർന്നിരിപ്പിൻ; നിങ്ങളുടെ പ്രതിയോഗിയായ പിശാച് അലറുന്ന സിംഹം എന്ന പോലെ ആരെ വിഴുങ്ങേണ്ടു എന്നു തിരഞ്ഞു ചുറ്റി നടക്കുന്നു. ലോകത്തിൽ നിങ്ങൾക്കുള്ള സഹോദര വർഗ്ഗത്തിന് ആ വക കഷ്ടപ്പാടുകൾ തന്നെ പൂർത്തിയായി വരുന്നു എന്നറിഞ്ഞ് വിശ്വാസത്തിൽ സ്ഥിരതയുള്ളവരായി അവനോട് എതിർത്തുനില്പ്പിൻ.*

— 1 പത്രൊസ്. 5:8

നിർമ്മദരായിരിപ്പിൻ ഉണർന്നിരിപ്പിൻ എന്നു പറഞ്ഞാൽ ആത്മനിയന്ത്രണം പാലിക്കുക നിശ്ചയദാർഢ്യത്തോടെ ആയിരിക്കുക, ബലമുള്ളവരായിരിക്കുക ചഞ്ചലഹൃദയരാകാതെ, തീരുമാനത്തിൽ ഉറപ്പുള്ളവരായിരിക്കുക എന്നൊക്കെയാണ്. യേശുക്രിസ്തുവിൽ അടിസ്ഥാനപ്പെട്ട് ആഴത്തിൽ വേരൂന്നിയിരിക്കുന്നവർക്കു മാത്രമെ പിശാചിന്റെ ആക്രമണത്തെയും തന്ത്രത്തെയും ജയിക്കാൻ സാധിക്കൂ. പലവിധമായ വികാരങ്ങൾ നമ്മിൽ ഉണ്ടാക്കി പിശാച് നമ്മെ ജയിക്കാൻ ശ്രമിക്കും. എന്നാൽ ഒരു ക്രിസ്ത്യാനിക്ക് അവന്റെ എല്ലാ ശ്രമങ്ങളെയും പരാജയപ്പെടുത്താൻ സാധിക്കും.

ജീവിതത്തിൽ ഒന്നൊന്നായി പ്രശ്നങ്ങൾ ഉടലെടുക്കുമ്പോൾ നമ്മുടെ ക്ഷണം കൂടാതെ യേശു അതെല്ലാം ഏറ്റെടുക്കും എന്നു വിചാരിക്കരുത്. തക്കസമയത്ത് നാം സഹായത്തിനായി അഭ്യർത്ഥിക്കേണ്ടതാവശ്യമാണ്. മാത്രമല്ല, നമ്മെ സഹായിക്കുന്ന കർത്താവിനുവേണ്ടി നാം കുലുങ്ങാതെ ഉറപ്പുള്ളവരായി നിലനില്ക്കേണ്ടതാവശ്യമാണ്.

എന്തുകൊണ്ടാണ് നമ്മുടെ സ്ഥിരതയും ഭയമില്ലായ്മയും പിശാചിന് ഒരു മുന്നറിയിപ്പും അവൻ പരാജയപ്പെടും എന്ന ലക്ഷണവുമായിരിക്കുന്നതെന്ന് നിങ്ങൾക്കറിയാമോ? കാരണം പിശാചിന്റെ തന്ത്രം എന്തെന്നാൽ വഞ്ചനയും, ഭീഷണിയുമാണ്. അവനെ ഭയമില്ലാത്ത ഒരു വ്യക്തിയെ പിശാചിന് എങ്ങനെ ഭയപ്പെടുത്താനകും. അവന്റെ തന്ത്രങ്ങളറിയാവുന്ന ഒരുവനെ എങ്ങിനെ അവന് വഞ്ചിക്കാനാകും? ആയതിനാൽ ദൈവവചനത്തിൽ ഉറച്ചു വേരൂന്നി നില്ക്കുന്ന ഒരു വിശ്വാസിയെ പിശാചിന് സ്പർശിക്കാൻ പോലും സാദ്ധ്യമല്ല. അവന്റെ തന്ത്രങ്ങൾ ഫലിക്കുകയില്ല എന്ന് മനസ്സിലാക്കുമ്പോൾ അവൻ പരാജിതനാണെന്ന് തിരിച്ചറിഞ്ഞുകൊള്ളും.

# ദൈവത്തെ മാനിക്കുക (ആശ്രയിക്കുക)

*അവനാൽ പ്രാപിച്ച അഭിഷേകം നിങ്ങളിൽ വസിക്കുന്നു. ആരും നിങ്ങളെ ഉപദേശിക്കുവാൻ ആവശ്യമില്ല. അവന്റെ അഭിഷേകം തന്നെ നിങ്ങൾക്ക് സകലവും ഉപദേശിച്ചു തരികയാലും അത് ഭോഷ്ക്കല്ല സത്യം തന്നെ ആയിരിക്കുകയാലും അതു നിങ്ങളെ ഉപദേശിച്ചതു പോലെ നിങ്ങൾ അവനിൽ വസിപ്പിൻ.*

— 1 യോഹന്നാൻ 2:27

ദൈവം നമ്മളോട് പറയുന്നതിലുപരി മറ്റുള്ളവരുടെ വാക്കുകൾക്ക് ചിലപ്പോൾ നമ്മൾ പ്രാധാന്യം കൊടുക്കാറുണ്ട്. ദൈവത്തോട് ആത്മാർത്ഥമായി പ്രാർത്ഥിച്ചതിനുശേഷം നാം മറ്റുള്ളവരുടെ അഭിപ്രായങ്ങൾ ചോദിച്ചുകൊണ്ട് നടക്കുകയാണെങ്കിൽ നമ്മൾ ദൈവത്തെ കഴിഞ്ഞും മനുഷ്യരുടെ അഭിപ്രായങ്ങളെയാണ് മാനിക്കുന്നത്. ദൈവത്തിൽ നിന്നും നിരന്തരം കേൾക്കുന്നതിനെ ഈ മനോഭാവം തടസ്സപ്പെടുത്തും. യോഹന്നാന്റെ ലേഖനത്തിലെ മേൽപ്പറഞ്ഞ വാക്യം നമ്മെ ഓർപ്പിക്കുന്നത് നാം ദൈവത്തിൽ പൂർണ്ണമായി ആശ്രയിച്ച് നിരന്തരം അവനിൽ നിന്ന് കേൾക്കുകയാണെങ്കിൽ മറ്റുള്ളവരോട് എപ്പോഴും ചോദിച്ച് ഉറപ്പു വരുത്തേണ്ട കാര്യമില്ലെന്നാണ്. മറ്റാരും നമ്മെ പഠിപ്പിക്കേണ്ടാ എന്നിത് അർത്ഥമാക്കുന്നില്ല. അങ്ങിനെയാണെങ്കിൽ ഉപദേഷ്ടാക്കന്മാരെ നിയമിക്കേണ്ട ആവശ്യം ഇല്ലല്ലോ?

എന്നാൽ കർത്താവിൽ വിശ്വസിച്ച് ആശ്രയിക്കുന്ന ഒരു വ്യക്തിയിൽ അവന്റെ (ദൈവത്തിന്റെ) അഭിഷേകം നിരന്തരമായി വസിക്കുന്നതിനാൽ, കർത്താവിന് നമ്മുടെ ഉള്ളിൽ വസിച്ച് നമ്മെ നിരന്തരം നയിക്കുവാൻ സാധിക്കും. നമ്മുടെ സംശയങ്ങൾ മറ്റുള്ളവരുടെ സഹായത്താലും വചന പഠനത്താലും നാം ദുരീകരിക്കേണ്ടതാവശ്യമാണ്. പക്ഷെ നമ്മുടെ ജീവിതത്തിൽ നാം എടുക്കേണ്ട തീരുമാനങ്ങൾക്കായി എപ്പോഴും മറ്റുള്ളവരെ ആശ്രയിക്കാതെ ദൈവത്തിലാശ്രയിച്ച് മുമ്പോട്ടുപോകേണ്ടതാണ്.

# മാനപാത്രമാവുക (നിഷേധാത്മകമായി സംസാരിക്കരുത്)

*ഇവയെ വിട്ടകന്നു തന്നെത്താൻ വെടിപ്പാക്കുന്നവൻ വിശുദ്ധിയും ഉടമസ്ഥന് ഉപയോഗവുമായി നല്ല വേലയ്ക്ക് ഒക്കെയും ഒരുങ്ങിയിരിക്കുന്ന മാനപാത്രം ആയിരിക്കും.*

— 2 തിമൊഥെയോസ്. 2:21

ദുഷ്പ്രചരണങ്ങളെ (ദുഷ്ടതയെ) സംബന്ധിച്ച് ചിന്തിക്കുകയാണെങ്കിൽ, നമുക്ക് രണ്ടു രീതിയിലുള്ള ഉത്തരവാദിത്വങ്ങളുണ്ട്. ഒന്ന് ദുഷ്പ്രചരണം നടത്താതിരിക്കുക. രണ്ട് അങ്ങിനെയുള്ളത് കേൾക്കാതിരിക്കുക. മറ്റുള്ളവരെക്കുറിച്ച് നിഷേധാത്മകമായ രീതിയിൽ സംസാരിക്കാതെ ഇരിക്കുക, അതുപോലെതന്നെ മറ്റുള്ളവർ ഇതുപോലെ നമ്മോട് സംസാരിക്കുന്നത് വിലക്കുകയും ചെയ്യുക. മറ്റുള്ളവരെക്കുറിച്ച് ക്രിയാത്മകമായി സംസാരിക്കുക അതോടൊപ്പം അങ്ങിനെ സംസാരിക്കുവാൻ അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടത് ക്രിസ്ത്യാനികളുടെ ഉത്തരവാദിത്വമാണ്. നേരത്തെയൊക്കെ ആളുകൾ എന്റെ അടുക്കൽ പരദൂഷണവുമായി വരുമ്പോൾ ഞാൻ വിചാരിക്കുന്നത് അത് കേൾക്കേണ്ട ആവശ്യമെന്നാണ്. പക്ഷെ കൊലൊസ്സ്യർ. 4 – ാം അദ്ധ്യായത്തിൽ പൗലോസ് പറയുന്നത് "നമ്മൾ നമ്മുടെ മനസ്സോ നമ്മുടെ ചുറ്റുപാടുമുള്ളവരുടെ മനസ്സോ മലിനമാകുംവണ്ണം സംസാരിക്കരുതെന്നാണ്" (കൊലൊസ്സ്യർ. 4:6). അതുപോലെ തന്റെ ശിഷ്യനായ തിമൊഥെയോസിനോട് സംസാരിക്കുമ്പോൾ പൗലോസ് പറയുന്നത് "ഞാനും നീയും മാനപാത്രവുമാകുക എന്നാണ്. മറ്റുള്ളവരെ വിശുദ്ധവും മാനവുമുള്ളവരാക്കുവാൻ നമ്മൾ ഓരോരുത്തരും മാനപാത്രങ്ങളാകേണ്ടതാണ്."

# ദൈവത്തിന്റെ ചിരി

*യഹോവയ്ക്കും അവന്റെ അഭിഷിക്തനും വിരോധമായി ഭൂമിയിലെ രാജാക്കന്മാർ എഴുന്നേല്ക്കുകയും അധിപതികൾ തമ്മിൽ ആലോചിക്കുകയും ചെയ്യുന്നത് നാം അവരുടെ കെട്ടുകളെ പൊട്ടിച്ച് അവരുടെ കയറുകളെ എറിഞ്ഞുകളക. സ്വർഗ്ഗത്തിൽ വസിക്കുന്നവൻ ചിരിക്കുന്നു. കർത്താവ് അവരെ പരിഹസിക്കുന്നു.*

— സങ്കീ. 2:2-4

ദൈവത്തിന്റെ ശത്രുക്കൾ ഒന്നിച്ചുകൂടുമ്പോൾ ദൈവം സിംഹാസനത്തിൽ ഇരുന്ന് ചിരിക്കുകയാണ്. അവൻ ആരംഭവും അവസാനവും, ആൽഫയും, ഒമേഗയും ആയതിനാൽ കാര്യങ്ങൾ എവിടെ ചെന്നെത്തും എന്നത് അവന് കൃത്യമായി അറിയാം. ആരംഭവും അവസാനവുമായി ദൈവം സ്വാഭാവികമായും മദ്ധ്യത്തിൽ സംഭവിക്കുന്ന കാര്യങ്ങൾ അറിയുന്നവനാണ്. ദൈവാത്മാവിൽ നാം നയിക്കപ്പെടുകയാണെങ്കിൽ നമുക്കും ദൈവത്തെപോലെ നമ്മുടെ ശത്രുക്കളെയോർത്ത് ചിരിക്കുവാൻ സാധിക്കും. അബ്രഹാം ചിരിച്ചതുപോലെ നമ്മളും വിശ്വാസത്തിൽ  ചിരിക്കണം. (ഉല്പത്തി. 17:17)

നൂറുവയസ്സുള്ള അബ്രഹാമിന് ഒരു കുഞ്ഞുണ്ടാകുമെന്ന് ദൈവം പറഞ്ഞപ്പോൾ എനിക്കു തോന്നുന്നത് ദൈവത്തിന്റെ വാഗ്ദത്ത നിവൃത്തി ഹൃദയകണ്ണാൽ നോക്കിക്കണ്ടുകൊണ്ടായിരിക്കാം അബ്രഹാം ചിരിച്ചത്.

നമ്മൾ നമ്മുടെ ജീവിതത്തിൽ ഇപ്പോൾ എന്താണ് സംഭവിക്കുന്നതിനെക്കുറിച്ച് ചിന്തിച്ച് ഭാരപ്പെടുന്നതിലുപരിയായി ജീവിതത്തിന്റെ അവസാനം ദൈവം ചെയ്യുവാൻ പോകുന്ന അതിശയമായ കാര്യങ്ങളെക്കുറിച്ച് വേണം ചിന്തിക്കുവാൻ. ദൈവം മുൻകാലങ്ങളിൽ ചെയ്യുന്ന കാര്യങ്ങളെക്കുറിച്ചോർക്കുക. അവയ്ക്കുവേണ്ടി നിങ്ങൾക്ക് കാത്തിരിക്കേണ്ടി  വന്നിട്ടില്ലേ? അതുപോലെതന്നെ ഇനിയുള്ള കാര്യങ്ങളും ദൈവം ചെയ്തുതരുമെന്ന് വിശ്വസിക്കുക. കാരണം അവൻ വിശ്വസ്തനാണ്. ഒരു പക്ഷെ നിങ്ങൾക്ക് കുറെ കാലം കാത്തിരിക്കേണ്ടിവരാം. എന്നാൽ കാത്തിരിപ്പിന്റെ കാലങ്ങളെ നിങ്ങൾ ആസ്വദിക്കുകയാണെങ്കിൽ വളരെ ചുരുങ്ങിയതായി നിങ്ങൾക്ക് തോന്നും. നിങ്ങൾ ഒരു കലത്തിൽ അല്പം വെള്ളം വെച്ചിട്ട് അത് തിളയ്ക്കുന്നതു വരെ നോക്കി കൊണ്ടിരിക്കുകയാണെങ്കിൽ ധാരാളം സമയമെടുക്കുന്നതായി തോന്നും.

എന്നാൽ ഈ സമയം നിങ്ങൾ മറ്റെന്തെങ്കിലും ജോലിയിലേർപ്പെടുകയാണെങ്കിൽ ചില നിമിഷങ്ങൾക്കുള്ളിൽ വെള്ളം തിളക്കുന്നതായി നിങ്ങൾക്കു തോന്നും. നിങ്ങളുടെ പ്രശ്നങ്ങളെ നോക്കി ഇരിക്കുന്നത് വെള്ളം വച്ച കലത്തിൽ നോക്കി ഇരിക്കുന്നതുപോലെയാണ്. എന്നാൽ പ്രശ്നത്തിൽ നിന്നും ശ്രദ്ധതിരിച്ച്, നിങ്ങൾ മറ്റെന്തെങ്കിലും ചെയ്യുകയാണെങ്കിൽ നിങ്ങളൊരിക്കലും കാത്തിരുന്ന് മുഷിയുകയില്ല. മാത്രമല്ല ഞാൻ ഇത് ആസ്വദിക്കുന്നു എന്ന് നിങ്ങൾക്കു  പറയുവാൻ.

# ആശങ്ക ഭയപ്പെടുത്തുന്നു വിശ്വാസമോ ധൈര്യപ്പെടുത്തുന്നു

*നിന്റെ ഭാരം യഹോവയുടെമേൽ വച്ചു കൊൾക. അവൻ നിന്നെ പുലർത്തും, നീതിമാൻ കുലുങ്ങുവാൻ അവൻ ഒരു നാളും സമ്മതിക്കുകയില്ല.*

— സങ്കീർത്തനം. 55:22

ആശങ്ക (ശങ്ക) ഭയത്തോട് വളരെ ബന്ധപ്പെട്ടതാണ്. ഇത് ഭയത്തിന്റെ മുന്നോടിയാണ്. പലരും ജീവിതത്തിൽ കാര്യങ്ങളെക്കുറിച്ച് ആശങ്കപ്പെടാറുണ്ട്. പക്ഷെ എന്താണ് പ്രശ്നമെന്ന് അവർക്കറിയില്ല. ആശങ്കയോടെ നാം എന്തു ചെയ്താലും അത് നമുക്കു നിരാശ മാത്രമെ ഉണ്ടാക്കൂ. നമുക്ക് ചെയ്യുവാൻ കഴിയും എന്ന് നമുക്ക് വിശ്വാസമുള്ള കാര്യങ്ങളെക്കുറിച്ച് പോലും നമ്മൾ ആശങ്കപ്പെടുകയാണെങ്കിൽ നാം ചെയ്യുന്നത് തീർച്ചയായും മഠയത്തരമാണ്. ആശങ്ക ചെയ്യുന്ന പ്രധാനകാര്യം എന്തെന്നാൽ, ജീവിതത്തിലെ സമാധാനവും സന്തോഷവും നഷ്ടപ്പെടുത്തുക എന്നതാണ്. ആ ദിവസത്തേക്കു വേണ്ടിയ ആരോഗ്യവും ഉത്സാഹവുമെല്ലാം നമുക്ക് നഷ്ടമാകും. അതുകൊണ്ട് ഓർത്തിരിക്കുക ആശങ്ക ഭയപ്പെടുത്തുന്നു. വിശ്വാസമോ ധൈര്യപ്പെടുത്തുന്നു.

നമ്മൾ നെഗറ്റീവായി ചിന്തിക്കുകയാണെങ്കിൽ അത് നമ്മെ ഭാരപ്പെടുത്തും. എന്നാൽ പോസിറ്റീവായുള്ള ചിന്ത എപ്പോഴും ധൈര്യപ്പെടുത്തുന്നതാണ്. കോടിക്കണക്കിന് ആളുകൾ ലോകത്തിൽ ക്ഷീണിച്ചിരിക്കുന്നവരാണ്. അവർ ഡോക്ടർമാരെ കാണുന്നു എന്നാൽ ഡോക്ടർമാർക്കു പോലും എന്താണ് യഥാർത്ഥ പ്രശ്നമെന്ന് അറിഞ്ഞുകൂടാ ആയതിനാൽ ഇതിനെ പിരിമുറുക്കം എന്നു വിളിക്കുന്നു.

അനാവശ്യമായ ഭാരം ആശങ്ക എന്നിവകൊണ്ട് മനുഷ്യന് പലരോഗങ്ങളും ഉണ്ടാകുന്നുണ്ട് ഇവക്കെല്ലാം അവർ മരുന്നുപയോഗിക്കുന്നുണ്ട്. എന്നാൽ ഈ പ്രശ്നങ്ങളെല്ലാം, നമ്മുടെ ആശങ്ക, ചിന്താകുലങ്ങളും ഒഴിവാക്കുകയാണെങ്കിൽ തീരുന്നതല്ലെ? എന്തുവന്നാലും അതിനെ ക്രിയാത്മകമായി നേരിടുവാൻ മനസ്സിനെ പാകപ്പെടുത്തുകയാങ്കെിൽ ഈ പ്രശ്നങ്ങളെല്ലാം ഒഴിവാക്കുവാനും അതുവഴി ശരിയായ ശാരീരികനിലയും മാനസിക നിലയും നിങ്ങൾക്ക് കൈവരിക്കുവാൻ സാധിക്കും.

നാം എത്ര ആശങ്കപ്പെട്ടാലും ഭാവിയിൽ സംഭവിപ്പാനുള്ളത് സംഭവിക്കുക തന്നെ ചെയ്യും. ദൈവം നമുക്ക് ഇന്നത്തെക്കുള്ളതെല്ലാം നൽകുന്നു നാളത്തേക്കുള്ള ജ്ഞാനവും കൃപയും ഇന്നല്ല നാളെയാണ് അവൻ നല്കുന്നത്. എന്നാൽ ഇന്നുതന്നെ നാളത്തെ കാര്യവും ഓർത്ത് ഭാരപ്പെടുകയും ആശങ്കപ്പെടുകയും ചെയ്യുകയാണെങ്കിൽ നമുക്ക് അനാവശ്യമായ പിരിമുറുക്കവും, സമ്മർദ്ദവും അനുഭവപ്പെടും കാരണം ഇന്നത്തേയ്ക്ക് തന്നതാണ് നാം

# ശരിയായ കാര്യത്തിൽ ധ്യാനിക്കുക

*ഞാൻ നിന്റെ സകല പ്രവൃത്തിയെയുംകുറിച്ച് ധ്യാനിക്കും,*
*നിന്റെ ക്രിയകളെക്കുറിച്ച് ഞാൻ ചിന്തിക്കും.*

— സങ്കീ. 77:12

ദൈവത്തിന്റെ നന്മ, പ്രവൃത്തി, വഴികൾ എന്നിവയെക്കുറിച്ച് ധ്യാനിക്കുന്നതിനെക്കുറിച്ച് സങ്കീർത്തനക്കാരനായ ദാവീദ് പലപ്പോഴും സംസാരിക്കാറുണ്ട്. ദൈവത്തിന്റെ നന്മയെയും അത്ഭുതങ്ങളെയും കുറിച്ച് ധ്യാനിക്കുന്നത് എത്ര മഹത്വകരമാണ്. പ്രകൃതിയുടെ സൗന്ദര്യം, മൃഗങ്ങൾ, സമുദ്രം, എന്നിവയെ ക്കുറിച്ചുള്ള ടെലിവിഷൻ പരിപാടികൾ ഞാൻ ആസ്വദിക്കാറുണ്ട്. കാരണം അത് ദൈവത്തിന്റെ സൃഷ്ടിയുടെ മാഹാത്മ്യത്തെ വർണ്ണിക്കുന്നതാണ്. മാത്രമല്ല അവൻ സകലത്തെയും തന്റെ ശക്തിയുള്ള വചനത്താൽ വഹിക്കുന്നവനുമാണ്. (എബ്രായർ. 1:3)

ജീവിതത്തിൽ വിജയിക്കുവാൻ നിങ്ങളാഗ്രഹിക്കുന്നുവെങ്കിൽ ദൈവത്തിന്റെ വഴികളെയും പ്രവർത്തനങ്ങളെയുംക്കുറിച്ച് ദൈവവചനത്തിലൂടെ ധ്യാനിക്കുന്നത് നിങ്ങളുടെ ജീവിതത്തിന്റെ ഒരു ഭാഗമാക്കി തീർക്കണം.

സങ്കീർത്തനത്തിൽ എനിക്ക് വളരെ ഇഷ്ടപ്പെട്ട വാക്യങ്ങളിലൊന്ന് സങ്കീർത്തനം. 17:15 ആണ് അത് ഇപ്രകാരമാണ്. "ഞാനോ നീതിയിൽ നിന്റെ മുഖത്തെ കാണും ഞാൻ ഉണരുമ്പോൾ നിന്റെ രൂപം കണ്ട് തൃപ്തനാകും.' എന്റെ ജീവിതത്തിൽ പലപ്പോഴും നിരാശ ഉണ്ടായിട്ടുണ്ട് കാരണം, ഞാൻ എഴുന്നേല്ക്കുമ്പോഴെല്ലാം തെറ്റായ കാര്യങ്ങളെക്കുറിച്ചാണ് ചിന്തിച്ചുകൊണ്ടിരുന്നത്. ഓരോ ദിവസത്തിലും എഴുന്നേല്ക്കുമ്പോൾ ഇത്തരത്തിലുള്ള ചിന്തകൾ എന്നെ ഭാരപ്പെടുത്തുകയും എന്റെ സന്തോഷത്തെ നശിപ്പിക്കുകയും ചെയ്തു. എന്നാൽ പിന്നീട് അതിന് വിപരീതമായി ഓരോ ദിവസം എഴുന്നേല്ക്കുമ്പോഴും ദൈവത്തിന്റെ വൻ കാര്യങ്ങൾ ചിന്തിക്കുവാനും ധ്യാനിക്കുവാനും ഞാൻ ശീലിച്ചു. പരിശുദ്ധാത്മാവ് എന്നിൽ തന്നെ കർത്താവിന്റെ മനസ്സിനെ ഞാൻ ഉപയോഗിക്കുക വഴി ഓരോ ദിവസവും ഞാൻ പൂർണ്ണമായി സംതൃപ്തി അനുഭവിപ്പാൻ സാധിക്കുന്നുണ്ട്.

# നിങ്ങളുടെ വഴികളെ വിചാരിച്ചു നോക്കുവിൻ

*"ഈ ആലയം ശൂന്യമായിരിക്കെ നിങ്ങൾ തട്ടിട്ട വീടുകളിൽ പാർപ്പാൻ കാലമായോ? ആകയാൽ സൈന്യങ്ങളുടെ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു. നിങ്ങളുടെ വഴികളെ വിചാരിച്ചു നോക്കുവിൻ നിങ്ങൾ വളരെ വിതച്ചിട്ടും അല്പമെ കൊണ്ടുവരുന്നുള്ളൂ. നിങ്ങൾ ഭക്ഷിച്ചിട്ടും പൂർത്തിവരുന്നില്ല. പാനം ചെയ്തിട്ടും തൃപ്തി വരുന്നില്ല, വസ്ത്രം ധരിച്ചിട്ടും ആർക്കും കുളിർ മാറുന്നില്ല. കൂലിക്കാരൻ ഓട്ടസഞ്ചിയിൽ ഇടുവാൻ കൂലി വാങ്ങുന്നു."*

— ഹഗ്ഗായി. 1:4–6

ഹഗ്ഗായി. 1:2 – ൽ ദൈവം ഒരു കൂട്ടം ആൾക്കാരോട് യഹോവയുടെ ആലയം പണിയുവാൻ അതിന് 18 വർഷം മുമ്പെ പറയുന്നതായി കാണുന്നു. ദൈവം പറഞ്ഞ കാര്യം ചെയ്യുവാൻ (ദൈവാലയത്തിന്റെ പുന:സ്ഥാപനം) അവർ അപ്പോഴും ഒരുങ്ങിയിട്ടില്ലായിരുന്നു. ദൈവം സംസാരിക്കുമ്പോഴും പലതും അവർക്ക് മനസ്സിലായിട്ടില്ലായിരുന്നു. ദൈവത്തിന്റെ അനുഗ്രഹം എവിടെ? ഞങ്ങൾ എന്തുകൊണ്ടാണ് ഇപ്പോഴും പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നത്? എന്നാൽ അവരുടെ അനുസരണക്കേടിനെക്കുറിച്ച് അവരോട് പറഞ്ഞതിനുശേഷം, ദൈവം ഹഗ്ഗായി. 1:4–6 വരെയുള്ള വാക്യങ്ങളിലൂടെ അവരോട് സംസാരിക്കുകയാണ്. ഇപ്രകാരമുള്ള അനുഭവം നിങ്ങൾക്കുണ്ടായിട്ടുണ്ടോ? ആരെങ്കിലും ഇങ്ങനെ പറയുന്നത് നിങ്ങൾ കേട്ടിട്ടുണ്ടോ? എന്താണ് എന്റെ ജീവിതത്തിൽ സംഭവിക്കുന്നത്? എനിക്കൊന്നും മനസ്സിലാകുന്നില്ലല്ലോ? ഹഗ്ഗായി. 1:7 കൊടുത്തിരിക്കുന്ന ഉത്തരം ശ്രദ്ധിക്കുക. "യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു നിങ്ങളുടെ വഴികളെ  വിചാരിച്ചുനോക്കുവിൻ.

എന്താണു നിങ്ങളുടെ ജീവിതത്തിൽ സംഭവിക്കുന്നത്, എന്തുകൊണ്ടാണ് ഇങ്ങനെയൊക്കെ സംഭവിക്കുന്നത്, എന്താണ് പരിഹാരം നിങ്ങൾക്കറിയ ത്തില്ലെങ്കിൽ ഭാരപ്പെടേണ്ട ദൈവത്തിങ്കലേക്ക് മടങ്ങിവരിക. അവൻ നമ്മുടെ ചോദ്യങ്ങൾക്ക് ഉത്തരം നല്കുകയും പ്രശ്നവും പ്രശ്നപരിഹാരവും നമുക്ക് കാട്ടിത്തരികയും ചെയ്യും. ദൈവത്തിന്റെ അനുഗ്രഹം നമുക്ക് വേണമെങ്കിൽ നമ്മുടെ തെറ്റായ വഴികൾ മാറ്റുവാൻ നാം തയ്യാറാകണം. നാം അപ്രകാരം ചെയ്യുന്ന പക്ഷം മുമ്പെങ്ങും അനുഭവിച്ചിട്ടില്ലാത്ത വലിയ വിജയം നമുക്കന്ന് അനുഭവിപ്പാൻ സാധിക്കും.

# ക്യപ എന്നു പറയുക

*"യഹോവയ്ക്കു സ്തോത്രം ചെയ്‌വിൻ അവൻ നല്ലവനല്ലോ അവന്റെ ദയ എന്നേക്കുമുള്ളത്.'*

— സങ്കീർത്തനം. 118:1

ദൈവവുമായുള്ള ആരോഗ്യപരമായ ബന്ധം നിലനിർത്തുന്നതിന് ഏറ്റവും നല്ല മാർഗ്ഗം അവൻ നിങ്ങളുടെ മേശയിൽ ആഹാരം ധാരാളമായി തന്നതിന് അവന് നന്ദി പറയുക എന്നതാണ്. അമിതമായി ഭക്ഷണം കഴിക്കുവാൻ താല്പര്യമുള്ള ആളാണോ നിങ്ങൾ? എങ്കിൽ അമിതമായി കഴിക്കുമ്പോഴും ദൈവത്തെ മറക്കാതിരിപ്പാൻ ദൈവത്തോട് അപേക്ഷിക്കുക. വയറുനിറയെ വാരിവലിച്ച് കഴിച്ചിട്ട് അസുഖമായി കിടക്കുകയല്ല ശരിയായ സംതൃപ്തി. നിങ്ങൾ കഴിക്കുന്ന ഈ ആഹാരം അവസാനത്തെതല്ല. വീണ്ടും കഴിക്കുവാനുള്ള ദിവസങ്ങൾ ജീവിതത്തിൽ ശേഷിക്കുന്നുണ്ട് എന്ന് വിശ്വസിക്കുക. ദൈവത്തിന് നന്ദി പറഞ്ഞുകൊണ്ട് ആഹാരം കഴിക്കുകയും വയറു നിറഞ്ഞാൽ ഉടനെ കഴിക്കുന്നത് മതിയാക്കുകയും ചെയ്യുക. ഭൂരിപക്ഷം സ്ത്രീകളും ഗർഭിണികളായിരിക്കുമ്പോൾ ധാരാളം പോഷക ആഹാരം കഴിക്കാറുണ്ട്. കാരണം അവർ രണ്ടുപേർക്ക് (അമ്മയ്ക്കും കുഞ്ഞിനും) വേണ്ടിയാണ് കഴിക്കുന്നത്. ഇപ്രകാരം തന്നെ നമ്മളും രണ്ടുപേർക്കുവേണ്ടിയാണ് കഴിക്കേണ്ടിയത്. ഒന്ന് പുറമെയുള്ള ശരീരത്തിനും, അതുപോലെ ആകമെയുള്ള ദൈവത്തിന്റെ മന്ദിരത്തിനും. നിങ്ങൾ നിങ്ങളുടെ ശരീരത്തെ ആരോഗ്യമുള്ളതായി സൂക്ഷിക്കുകയാണെങ്കിൽ മാത്രമെ ദൈവത്തിന് നിങ്ങളിൽകൂടി ശക്തിയോടെ ലോകത്തിൽ പ്രവർത്തിക്കുവാൻ സാധിക്കും. ആകയാൽ നിങ്ങളെ സമൃദ്ധിയായി പോഷിപ്പിക്കുന്ന ദൈവത്തോട് നന്ദി പറയുക.

# ആത്മിക വിശപ്പിന്, ആത്മിക ആഹാരം

*മോഹങ്ങൾ ജനിക്കുമാറ് ജഡത്തിനായി ചിന്തിക്കരുത്*

— റോമർ. 13:14

ആഹാരം കഴിക്കുക എന്നത് മയക്കുമരുന്നുപോലെയോ സിഗരട്ടിനെ പോലെയോ അപകടകരമല്ല, മറിച്ച് ആരോഗ്യമുള്ളവരാകുവാൻ നാം ആഹാരം കഴിക്കേണ്ടതാവശ്യമാണ്. ഇത് അമിതമാകുമ്പോൾ നമുക്ക് പല അസുഖങ്ങളും ഉണ്ടാകാം. എന്നാൽ നമ്മുടെ ആത്മികമായ വിശപ്പിനും ശൂന്യതയ്ക്കും ഭൗതിക ആഹാരം പര്യാപ്തല്ല. എന്നാൽ ആഹാരം കഴിക്കുന്നത് രുചികരവും, അത് ഇഷ്ടവും ആകയാൽ പലരും ശൂന്യത, ആത്മിക ദാഹം, വിരസത, നിരാശ്ശ ഇവക്കെല്ലാം പരിഹാരമായി ആഹാരം കഴിക്കുന്നു. ഇത് ഗുണത്തെക്കാളേറെ ദോഷമാണ് ചെയ്യുന്നത്. ഈ പ്രവണത പലവിധമായ രോഗത്തിലേക്ക് മനുഷ്യരെ നയിക്കും.

എന്നാൽ മറ്റൊരു പരിഹാരമുള്ളത് ദൈവവചനമാണ്. അത് നമ്മളെ ഒരിക്കലും നിരാശ്ശയിലേക്കോ, വിരസതയിലേക്കോ, പ്രശ്നങ്ങളിലേക്കോ, നയിക്കത്തില്ല താനും. ദൈവവചനം ഇപ്രകാരം പറയുന്നു. മനസ്സലിവുള്ള പിതാവും സർവ്വാശ്വസവും നല്കുന്ന ദൈവവുമായി നമ്മുടെ കർത്താവാ യേശുക്രിസ്തുവിന്റെ പിതാവായ ദൈവം വാഴ്ത്തപ്പെട്ടവൻ. ദൈവം ഞങ്ങളെ ആശ്വസിപ്പിക്കുന്ന ആശ്വാസത്താൽ ഞങ്ങൾ യാതൊരു കഷ്ടത്തിലുള്ളവരെ ആശ്വസിപ്പിക്കാൻ ശക്തരാകേണ്ടതിന് ഞങ്ങൾക്കുള്ള കഷ്ടത്തിലൊക്കെയും അവൻ ഞങ്ങളെ ആശ്വസിപ്പിക്കുന്നു. (2 കൊരിന്ത്യർ. 1:3-4)

എനിക്ക് വേദനിക്കുമ്പോൾ ഞാൻ മറ്റുള്ളവരിലേക്ക് മറ്റ് പ്രതിവിധി കളിലേക്കോ ഓടാതെ എന്റെ ദൈവത്തിന്റെ അടുക്കലേക്കാണ് ഞാൻ ഓടുന്നത്. ഇത് പെട്ടെന്നുണ്ടായ സ്വഭാവമല്ല. വളരെ നാളുകളുടെ ദൈവാശ്രയത്തിന്റെ ഫലമായുണ്ടായതാണ്. എനിക്ക് ഈ സമയങ്ങളിൽ ഭൗതിക ആഹാരമല്ല മറിച്ച് ദൈവത്തിൽ നിന്നുള്ള ആത്മിക ആഹാരമാണ് വേണ്ടത്. ഇപ്രകാരമുള്ള സ്വഭാവം നമ്മുടെ ശരീരത്തെയും മനസ്സിനെയും ശരിയായ സംന്തുലി താവസ്ഥയിൽ എപ്പോഴും സൂക്ഷിക്കും. നിങ്ങളുടെ ശരീരത്തിലെന്നപോലെ ആത്മാവിന്നും പോഷണം ആവശ്യമാണ്. നിങ്ങൾ ഒരു പ്രശ്നത്തിൽ അകപ്പെടുന്നതുവരെ ഇതിനായി കാത്തിരിക്കരുത്.

# നിങ്ങളുടെ മനസ്സ് ഉറപ്പിക്കുക

*ഭൂമിയിലുള്ളതല്ല; ഉയരത്തിലുള്ളതു തന്നെ ചിന്തിപ്പിൻ.*

— കൊലൊസ്സ്യർ. 3:2

വേദപുസ്തകം പറയുന്നു ഭൂമിയുള്ളതല്ല ഉയരത്തിലുള്ളത് ചിന്തിപ്പിൻ എന്ന്. ലോകത്തിൽ പലരും മറ്റുള്ളവരിൽ നിന്ന് അംഗീകാരം ലഭിക്കണം എന്നാഗ്രഹിക്കുന്നവരാണ്. അതുകൊണ്ട് മറ്റുള്ളവർക്ക് നമ്മോടുള്ള മനോഭാവം എപ്പോഴും നല്ലതായിരിക്കണമെന്ന് നാം ആഗ്രഹിക്കുന്നു. അവരുടെ ഓരോ പ്രതികരണങ്ങളും നമ്മെ വ്യാകുലപ്പെടുത്തുകയും ചിലപ്പോൾ സന്തോഷി പ്പിക്കുകയും ചെയ്യാറുണ്ട്. എന്നാൽ നമ്മുടെ മനസ്സിലെ തെറ്റായ ചിന്തകളെയും ആശങ്കകളെയും വെടിഞ്ഞ് നല്ലതും ക്രിയാത്മകവുമായ ചിന്തകൾക്കൊണ്ട് നമ്മൾ മനസ്സിനെ നിറക്കേണ്ടതാവശ്യമാണ്. ദൈവവചനത്തിലും ദൈവഹി തത്തിലും ധ്യാനിക്കുക എന്നാൽ മറ്റൊരു ചിന്തകളും നിങ്ങളെ ഭാരപ്പെ ടുത്തുകയില്ല.

ചില കാര്യങ്ങളെ ഓർത്ത് വല്ലാതെ ഭാരപ്പെട്ട സമയങ്ങൾ ആ ചിന്ത ഒരിക്കലെങ്കിലും അഥവാ എല്ലായ്പ്പോഴും നമ്മളെ അസ്വസ്ഥരാക്കിയ അനുഭവം നമുക്കുണ്ടായിട്ടില്ലേ? ഈ സമയങ്ങളിൽ നമുക്ക് വളരെ താത്പര്യമുള്ള ചിലതിനെക്കുറിച്ച് ചിന്തിക്കുകയാണെങ്കിൽ, നമ്മുടെ ഭാരത്തിൽ നിന്ന് കയറുവാൻ അത് നമ്മളെ സഹായിക്കും. എന്നാൽ നാം ഒന്നും ചെയ്യാതെ വെറുതെ ഇരിക്കുകയാണെങ്കിൽ വീണ്ടും നമ്മുടെ ഭാരങ്ങൾ നമ്മെ ചിന്താകുലരാക്കുവാൻ തുടങ്ങും.

എന്തെങ്കിലും എപ്പോഴും ചെയ്തുകൊണ്ടിരിക്കുകയാണ് ഏറ്റവും നല്ല പ്രതിവിധി എന്ന് ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. മറ്റുള്ളവരുടെ ആവശ്യങ്ങൾക്കായി സമയം ചിലവഴിക്കുമ്പോൾ എനിക്ക് എന്നെക്കുറിച്ചും എന്റെ ഭാരങ്ങളെക്കുറിച്ചും ചിന്തിക്കുമ്പോൾ എവിടെയാണ് സമയം. ഈ രീതിയിൽ ഞാൻ എന്റെ മനസ്സിനെ എപ്പോഴും ഭൂമിയിലുള്ളതിനെയല്ല ഉയരത്തിലുള്ളതിനെ ചിന്തിപ്പാൻ സജ്ജമാക്കിക്കൊണ്ടിരിക്കും. എന്റെ മനസ്സിനെ ഞാൻ ദൈവത്തിന്റെ ഉപദേശത്തിനും സ്നേഹത്തിൽ നടക്കുന്നതിനുമായി പാകപ്പെടുത്തുകയാണ് ചെയ്യുന്നത്. (എഫെസ്യർ. 5:2)

# ദൈവം നിന്നെ പൂർണ്ണമായി സ്നേഹിക്കുന്നു

*മരണത്തിനോ ജീവനോ ദൂതന്മാർക്കോ വാഴ്ചകൾക്കോ, അധികാരങ്ങൾക്കോ, ഇപ്പോഴുള്ളതിനോ വരുവാനുള്ളതനോ ഉയരത്തിനോ ആഴത്തിനോ മറ്റു യാതൊരു സൃഷ്ടിക്കോ, നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള ദൈവസ്നേഹത്തിൽ നിന്നു നമ്മെ വേർപിരിപ്പാൻ കഴിയുകയില്ല എന്നു ഞാൻ ഉറെച്ചിരിക്കുന്നു.*

— റോമർ. 8:38,39

ദൈവസ്നേഹത്തെക്കുറിച്ച് എനിക്ക് വേണമെങ്കിൽ ദീർഘമായ ഒരാഴ്ചത്തെ സമ്മേളനത്തിൽ ഉടനീളം സംസാരിക്കുവാൻ സാധിക്കും. പല രീതികളിൽ ഇതിനെ പ്രദർശിപ്പിക്കുവാനും സാധിക്കും. എന്നാൽ ആരെക്കൊണ്ടും ഈ ദൈവസ്നേഹം അനുഭവിപ്പാൻ സാധിക്കത്തില്ല. ഇത് ഓരോരുത്തരും വ്യക്തിപരമായി ആസ്വദിക്കുവാനുള്ളതാണ്. നമുക്ക് തെറ്റുപറ്റുമ്പോഴും നമുക്ക് ആ സ്നേഹം അനുഭവിപ്പാൻ അർഹതയില്ല എന്നു തോന്നുമ്പോഴും നാം ദൈവസ്നേഹം അനുഭവിക്കണം കാരണം അതിലൂടെ മാത്രമെ നമ്മൾക്ക് ലഭിക്കണമെന്ന് ദൈവം ആഗ്രഹി ക്കുന്നതിന്റെ പൂർണ്ണത അനുഭവിപ്പാൻ സാധിക്കൂ.

വാഴ്ചകളും അധികാരങ്ങളും നരകത്തിന്റെ അധികാരങ്ങളെല്ലാം നമുക്ക് എതിരായിരിക്കുമ്പോഴും ദൈവത്തിന്റെ സ്നേഹത്തിന് നമ്മെ ജീവിതത്തിലെ കൊടുങ്കാറ്റുകളുടെ മദ്ധ്യത്തിലൂടെ ശാന്തമായ തീരത്തെത്തിക്കാൻ സാധിക്കും. ദൈവം നമ്മളെ എത്രത്തോളം സ്നേഹിക്കുന്നു എന്നുള്ള വെളിപ്പാട് നമുക്കുണ്ടാകുന്നില്ലെങ്കിൽ നമുക്കൊരിക്കലും പൂർണ്ണ ജയം വരിക്കാൻ സാദ്ധ്യമല്ല. (റോമർ. 8:37)

നാം പരാജയപ്പെടുന്ന സമയത്തും നമുക്ക് തെറ്റു പറ്റുമ്പോഴും ദൈവം നമ്മെ സ്നേഹിക്കുന്നു എന്ന് നാം അറിയേണ്ടതാവശ്യമാണ്. അതുപോലെ തന്നെ നാം എല്ലാം നന്നായി ചെയ്തു എന്ന് നമുക്ക് തോന്നുമ്പോഴും ദൈവസ്നേഹം നമ്മോടൊപ്പമുണ്ടെന്ന് നാം വിശ്വസി ക്കേണ്ടതാവശ്യമാണ്.

നമ്മെ പഴിചാരുവാനും പരിഹസിക്കുവാനും പിശാച് വരുമ്പോൾ ദൈവം നമ്മെ സ്നേഹിക്കുന്നുവെന്ന് നാം തിരിച്ചറിയണം. നമ്മൾ അജ്ഞതയിൽ എന്തെങ്കിലും ചെയ്യുമ്പോൾ, പിശാചിനുവേണ്ടി അറിയാതെ വാതിൽ തുറന്നു കൊടുക്കുമ്പോഴും ദൈവം നമ്മെ സ്നേഹിക്കുന്നു എന്ന് നാം മനസ്സിലാക്കേണ്ടതാവശ്യമാണ്. നമ്മോടുകൂടെയുള്ള ദൈവം തന്റെ സ്നേഹത്താൽ നാം ചെന്നു ചാടിയ എല്ലാ കുഴപ്പങ്ങളിൽ നിന്നും.

# ജ്ഞാനം അപകടകരമാകാം

*ക്രൂശിക്കപ്പെട്ടവനായ യേശുക്രിസ്തുവിനെ അല്ലാതെ മറ്റൊന്നും അറിയാത്തവനായി നിങ്ങളുടെ ഇടയിൽ ഇരിക്കേണം എന്നു ഞാൻ നിർണ്ണയിച്ചു.*

— 1 കൊരിന്ത്യർ. 2:2

ഇത് വളരെ ശ്രദ്ധേയമായ വാക്യമാണ്. ഞാനും നിങ്ങളും എല്ലാം അറിയാൻ ശ്രമിക്കുമ്പോൾ അതിന് വിപരീതമായി പൗലോസ് പറയുന്നത് താൻ ഒന്നും അറിയാത്തവനായി ഇരിപ്പാൻ ആഗ്രഹിക്കുന്നു എന്നാണ്. നമ്മൾ പലപ്പോഴും അറിയില്ലാത്ത കാര്യങ്ങൾ അറിയാൻ വളരെ കഷ്ടപ്പെടുമ്പോൾ പൗലോസ് താൻ അറിഞ്ഞതെല്ലാം വേണ്ടെന്നു വയ്ക്കുവാൻ ആഗ്രഹിക്കുന്നതായാണ് കാണുന്നത്. കാരണം ബൈബിളിൽ പറയുന്നതുപോലെ അധികം പഠിക്കുന്നത് ശരീരത്തിന് ക്ഷീണം തന്നെ (സഭാപ്രസംഗി. 12:12) എന്ന് തിരിച്ചറിയുകയാണ്. ജ്ഞാനം, (മാനുഷ ജ്ഞാനം) മനുഷ്യരെ അഹങ്കാരികളാക്കും എന്നും അറിവ് ചീർപ്പിക്കുമെന്നും (1 കൊരി. 8:1) പൗലോസ് മനസ്സിലാക്കുകയുണ്ടായി.

ചിലപ്പോൾ നാം കൂടുതൽ അറിവ് സമ്പാദിക്കുമ്പോൾ നാം കൂടുതൽ പ്രശ്നങ്ങളും സമ്പാദിക്കാനിടയുണ്ട്. നിസ്സാരമായ കാര്യങ്ങളെക്കുറിച്ചു പോലും നമ്മൾ വളരെ ശ്രദ്ധകൊടുത്തു അന്വേഷിക്കാറുണ്ട്. വളരെ പരിശ്രമത്തിന്റെ ഫലമായി ചിലത് കണ്ടെത്തുമ്പോൾ ഓ... അത് കണ്ടെത്താതിരുന്നെങ്കിൽ എന്നു നിങ്ങൾ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ. അതുകൊണ്ടാണ് പൗലോസ് പറയുന്നത് ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ ഒഴികെ മറ്റൊന്നും അറിയുവാൻ താൻ ആഗ്രഹിക്കുന്നില്ല എന്ന്. ചിലപ്പോൾ എനിക്ക് മനസ്സിലാക്കുന്നത്, എനിക്ക് കൂടുതൽ അറിയാം എന്നു ചിന്തിക്കുമ്പോൾ എന്റെ കർത്താവിനെ അനുഗമിപ്പാൻ വളരെ ബുദ്ധിമുട്ടുണ്ടാകുന്നു എന്നാണ്.

# ദൈവത്തിന്റെ അനുകമ്പയിൽ വിശ്വസിക്കുക

*എന്നാൽ യഹോവ യോസേഫിനോട് കൂടെ ഇരുന്നു കാരാഗൃഹപ്രമാണിക്ക് അവനോട് ദയ തോന്നത്തക്കവണ്ണം അവനു കൃപ തോന്നി.'*

— ഉല്പത്തി. 39:21

ദൈവത്തിന്റെ അനുകമ്പ ലഭിച്ച ധാരാളം ആളുകളെക്കുറിച്ച് തിരുവചനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ദൈവത്തിനു മുഖപക്ഷം ഇല്ലാത്തതിനാൽ (പ്രവൃത്തി. 10:34) നമുക്കും ഈ അനുകമ്പയും കൃപയും ദിനംതോറും അനുഭവിക്കാൻ സാധിക്കും. അനുകമ്പ മറ്റെല്ലാ നല്ല ഗുണങ്ങളെയും പോലെ നമുക്ക് ലഭ്യമാണ്. പക്ഷെ ലഭ്യമായതെല്ലാം നാം അനുഭവിക്കണമെന്നില്ലല്ലോ. ദൈവം നമുക്കായി നല്കുന്ന പല അനുഗ്രഹങ്ങളും നമുക്ക് ഒരുപക്ഷെ അനുഭവിപ്പാൻ സാധിക്കാതെ വന്നേക്കാം. കാരണം നമ്മുടെ വിശ്വാസം അത് അനുഭവിക്കാന്തക്കവണ്ണം പ്രവർത്തിക്കാത്തതാണ്. എന്തു കണ്ടാലും അപ്പോൾ തന്നെ പ്രതികരിക്കുന്ന കണ്ണിൽകാണുന്നതെന്തും അതുപോലെ തന്നെ സത്യസന്ധമായി പറയുന്ന പ്രകൃതിക്കാരിയാണ് ഞാൻ. ഇങ്ങനെയുള്ള സ്വഭാവക്കാരെ സഹിക്കാൻ പലർക്കും ബുദ്ധിമുട്ടുണ്ട് അതുകൊണ്ട് എനിക്ക് ദൈവത്തിന്റെ അനുകമ്പ ആവശ്യമാണെന്ന് ഞാൻ മനസ്സിലാക്കി. എന്റെ ഹൃദയം മറ്റുള്ളവരുടെ മുമ്പാകെ തുറന്നുകാട്ടി ഞാൻ വാസ്തവമായി അവരെ സഹായിപ്പാൻ ആഗ്രഹിക്കുന്നുവെന്ന് മനസ്സിലാക്കുവാൻ എനിക്ക് ദൈവത്തിന്റെ സഹായം ആവശ്യമായിരുന്നു. ഇതുപോലെ പലരുടെയും വ്യക്തിത്വം മനുഷ്യരെ മടുപ്പിക്കുന്നതായിരിക്കാം ആയതിനാൽ ദൈവത്തിന്റെ അനുകമ്പയ്ക്കായി അവർ പ്രാർത്ഥിക്കേണ്ടതാണ്.

ഒരേ സ്വഭാവവും യോഗ്യതകളുമുള്ള മൂന്ന് പേർ ജോലിക്ക് അപേക്ഷിക്കുകയാണെന്നിരിക്കട്ടെ. ഞാൻ വിശ്വസിക്കുന്നത് ദൈവത്തിന്റെ അനുകമ്പ ലഭിച്ചയാൾക്കു മാത്രമെ ആ ജോലി ലഭിക്കുകയുള്ളൂ. ആയതിനാൽ ദൈവം അനുകമ്പ കാണിക്കുന്നവർ മനുഷ്യരാൽ ഇഷ്ടപ്പെടുന്നവരായിരിക്കും. അനുകമ്പ എന്നു പറയുന്നത്. കൃപയുടെ ഒരു ഭാഗം തന്നെയാണ്. ഇംഗ്ലീഷ് പുതിയനിയമത്തിൽ അനുകമ്പ എന്ന വാക്കും, കൃപ എന്ന വാക്കും തർജ്ജമ ചെയ്തിരിക്കുന്നത് ഗ്രീക്ക് വാക്കായ കാരിസ് നിന്നാണ്. അതുകൊണ്ട് ദൈവത്തിന്റെ അനുകമ്പ എന്നത് ദൈവകൃപ തന്നെയാണ്. അതുപോലെ ദൈവകൃപ ദൈവത്തിന്റെ അനുകമ്പതന്നെയാണ്. ഇതെല്ലാം നമുക്ക് ലഭിക്കുന്നത് നമ്മുടെ വിശ്വാസം എന്ന വഴിയിൽ കൂടിയാണ്. ഇപ്രകാരം നമുക്കൊരിക്കലും നേടുവാനോ, നാം അർഹിക്കാത്തതോ,

ആയ കാര്യങ്ങൾ ദൈവശക്തിയാൽ നമ്മുടെ ജീവിതത്തിൽ സംഭവിക്കുകയാണ്.

നിങ്ങളുടെ ജീവിതത്തിൽ ഇതുപോലെ ദൈവകൃപ ലഭിച്ചിട്ടുണ്ടാകാം. അവയെ നിങ്ങൾ ആസ്വദിച്ചിട്ടുമുണ്ടാകാം. അതുകൊണ്ട് കൂടുതൽ വിശ്വാസമുള്ളവരായി ധാരാളം അനുകമ്പയും ദൈവകൃപയും ആസ്വദിക്കുവാൻ ഞാൻ നിങ്ങളെ പ്രോത്സാഹിപ്പിക്കുകയാണ്.

# ആത്മാവിന്റെ പ്രേരണകളെ ശ്രദ്ധിക്കുക

*ഇപ്പോഴോ നമ്മെ പിടിച്ചടക്കിയിരുന്ന ന്യായപ്രമാണം സംബന്ധിച്ച് മരിച്ചിരിക്കക്കൊണ്ട് അക്ഷരത്തിന്റെ പഴക്കത്തിലല്ല ആത്മാവിന്റെ പുതുക്കത്തിൽ തന്നെ സേവിക്കേണ്ടതിന് നാം ന്യായപ്രമാണത്തിൽനിന്ന് ഒഴിവുള്ളവരായിരിക്കുന്നു.*

— റോമർ 7:6

ഈ വേദഭാഗമനുസരിച്ച് നാം ന്യായപ്രമാണത്തിന്റെ കീഴിലല്ല പിന്നെയോ പരിശുദ്ധാത്മാവിന്റെ പ്രേരണയിൽ പുതുക്കപ്പെട്ട് കർത്താവിനെ സേവിക്കുകയാണ്. ഒരു പ്രേരണ നിങ്ങളുടെ ഹൃദയത്തിൽ നിങ്ങൾ എന്തു ചെയ്യുമെന്നുള്ളത് അറിയിക്കുന്നതാണ്. 1 രാജ. 19:11–12 നാം കാണുന്നത് ദൈവം ഏലിയാവിനോട് സംസാരിച്ച "മൃദുസ്വര" മാണ്. "അപ്പോൾ ഇതാ യഹോവ കടന്നുപോകുന്നു ശക്തിയുള്ള ഒരു കൊടുങ്കാറ്റ് യഹോവയുടെ മുൻപിൽ പർവ്വതങ്ങളെ കീറി പാറകളെ തകർത്തു; എന്നാൽ കാറ്റിൽ യഹോവ ഇല്ലായിരുന്നു. കാറ്റിന്റെ ശേഷം ഒരു ഭൂകമ്പം ഉണ്ടായി ഭൂകമ്പത്തിലും യഹോവ ഇല്ലായിരുന്നു. ഭൂകമ്പത്തിനുശേഷം ഒരു തീ തീയിലും യഹോവ ഇല്ലായിരുന്നു. തീയുടെ ശേഷം സാവധാനത്തിൽ ഒരു മൃദുസ്വരം ഉണ്ടായി"

ദൈവത്തിൽ നിന്നുള്ള പ്രേരണ ഒരു ചുറ്റികകൊണ്ട് ചിലരുടെ തലക്കടിച്ച് പ്രേരിപ്പിക്കുന്ന തരത്തിലുള്ളതല്ല. ദൈവം ശക്തിയുള്ള കൊടുംകാറ്റിനെ ഉപയോഗിക്കുന്നില്ല. ഭൂകമ്പമോ തീയോ ഉപയോഗിക്കുന്നില്ല എന്നാൽ അതിനുശേഷമുള്ള നേരിയ മൃദുസ്വരം ഉപയോഗിക്കുന്നു. ദൈവത്തിൽ നിന്നുള്ള മൃദുസ്വരം ദൈവികജ്ഞാനമായി ആ നിമിഷത്തിൽ നിങ്ങളെ നയിക്കുവാൻ നിങ്ങൾക്ക് നൽകാം. 1കൊരിന്ത്യർ. 1:30 ൽ നാം കാണുന്നത്. "അവൻ നമുക്ക് ദൈവത്തിങ്കൽ നിന്നു ജ്ഞാനവും നീതിയും ശുദ്ധീകരണവും വീണ്ടെടുപ്പുമായിത്തീർന്നു" എന്നാണ്. നാം വീണ്ടും ജനിച്ചിട്ടുണ്ടെങ്കിൽ യേശു നമ്മുടെയുള്ളിൽ ജീവിക്കുന്ന യേശു നമ്മുടെ ഹൃദയത്തിൽ വസിക്കുന്നുണ്ടെങ്കിൽ നമുക്ക് പ്രാപിക്കത്തക്കവിധത്തിൽ ദൈവികജ്ഞാനം നമ്മുടെയുള്ളിൽ എപ്പോഴുമുണ്ട്. എന്നാൽ ഈ ജ്ഞാനം നാം ശ്രദ്ധിക്കുന്നില്ലെങ്കിൽ ഇത് നമുക്ക് ഒരു ഗുണവും ചെയ്യുകയില്ല.

# സ്തുതിക്കുവാൻ ശ്രദ്ധ തിരിക്കാം

*നിന്റെ നീതിയുള്ള വിധികൾ നിമിത്തം ഞാൻ ദിവസം ഏഴു പ്രാവശ്യം നിന്നെ സ്തുതിക്കുന്നു.*

— സങ്കീർത്തനം. 119:164

നാം ചെയ്യുന്ന ഏതു ജോലിയുടെയും നടുവിൽ ഒന്നു നിർത്തിയിട്ടു ദൈവത്തെ കരങ്ങളുയർത്തി ആരാധിക്കുകയോ അല്ലെങ്കിൽ ദൈവത്തെ വണങ്ങിക്കൊണ്ട് "ഞാൻ നിന്നെ സ്നേഹിക്കുന്നു കർത്താവെ" എന്നു പറയുന്നതോ ദൈവമുമ്പാകെ ഏറ്റവും ശ്രേഷ്ഠമാണെന്നു ഞാൻ കരുതുന്നു. മുകളിൽ പറഞ്ഞിരിക്കുന്ന വേദഭാഗത്ത് സങ്കീർത്തനക്കാരൻ ദിവസവും ഏഴു പ്രാവശ്യം വീതം സ്തുതിക്കുന്നു ഇങ്ങനെ എല്ലാ ദിവസവും ചെയ്യുന്നു.

ഉദാഹരണമായി ഒരു വലിയ കച്ചവടക്കാരനെക്കുറിച്ചൊ ഒരു വലിയ കമ്പനിയുടെ അദ്ധ്യക്ഷനെക്കുറിച്ചോ ചിന്തിക്കുക. ദിവസം രണ്ടോ മൂന്നോ പ്രാവശ്യം തന്റെ ഓഫീസ് മുറിയുടെ വാതിലടച്ച് മുട്ടിന്മേൽ നിന്നുകൊണ്ട് ഇങ്ങനെ പറയുന്നു, ദൈവമെ അങ്ങയെ ആരാധിപ്പാൻ ഞാൻ അല്പം സമയം എടുക്കുന്നു. പിതാവെ അങ്ങാണ് ഇതൊക്കെ തന്നത്. കച്ചവടം, പണം, വിജയം ഇതൊക്കെ വലുതാണ്. എന്നാൽ ഞാൻ അങ്ങയെ ഇപ്പോൾ ആരാധിക്കുന്നു. ഞാൻ അങ്ങയെ മഹത്വപ്പെടുത്തുന്നു. അങ്ങ് അത്ഭുതവാനാണ്. ഞാൻ അങ്ങയെ സ്നേഹിക്കുന്നു പിതാവെ അങ്ങു മാത്രമാണ് എനിക്കാവശ്യം. യേശുവെ അങ്ങയെ ഞാൻ ആരാധിക്കുന്നു. പരിശുദ്ധാത്മാവെ അങ്ങയെ ആരാധിക്കുന്നു. കച്ചവടക്കാരൻ അങ്ങനെ ചെയ്താൽ അയാൾ തന്റെ കച്ചവടത്തെക്കുറിച്ചോ സാമ്പത്തികത്തെക്കുറിച്ചോ വിജയത്തെക്കുറിച്ചോ യാതൊരു നിലയിലും ഭാരപ്പെടേണ്ടി വരുമെന്ന് ഞാൻ കരുതുന്നില്ല. ഈ കാര്യങ്ങളെല്ലാം കരുതപ്പെടും.

മത്തായി 6:33 പറയുന്നു. "മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ; അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും."

# ഒരു വ്യക്തിപരമായ ബന്ധം

*യേശു അവനോട്: "ആമേൻ ആമേൻ ഞാൻ നിന്നോട് പറയുന്നു. പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണ്മാൻ ആർക്കും കഴിയുകയില്ല എന്നു ഉത്തരം പറഞ്ഞു.*

— യോഹന്നാൻ. 3:3

നാം വീണ്ടും ജനിക്കണമെന്നു ദൈവവചനം പറയുമ്പോൾ അതിന്റെ അർത്ഥം നാം മതഭക്തരാകണമെന്നല്ല. നാം കർത്താവിനെ നമ്മുടെ ജീവിതത്തിലേക്കു സ്വീകരിക്കുകയും നമ്മുടെ ഹൃദയത്തിന്റെ സിംഹാസനത്തിലിരുന്ന് നമ്മെ ഭരിക്കുവാനും നമ്മുടെ ജീവിതത്തിനുമേൽ വാഴുവാനും അനുവദിക്കണം. യേശു നമ്മെ ഏതെങ്കിലും ദിശയിലേക്കു നയിക്കുമ്പോൾ താൻ നമുക്കാവശ്യമായ ശക്തി നൽകി യേശു പറയുന്ന കാര്യങ്ങൾ ചെയ്യുവാൻ നമ്മെ പ്രാപ്തരാക്കുകയും ചെയ്യുന്നു.

വീണ്ടും ജനനം പ്രാപിച്ച് കർത്താവിനോടുകൂടെ കൂട്ടായ്മയിൽ ജീവിച്ച് കർത്താവുമായി വ്യക്തിബന്ധം സ്ഥാപിക്കുന്നതിനുപകരം സ്വപ്രവൃത്തിയിലൂടെ ദൈവത്തെ നേടുവാൻ ശ്രമിക്കുന്നതാണ് ദൈവത്തിൽ നിന്നു കേൾക്കുവാനുള്ള വലിയ തടസ്സം. യേശുവിനനെ തങ്ങളുടെ ജീവിതത്തിന്റെ കർത്താവായി അംഗീകരിക്കാതെ ക്രിസ്തീയ സഭയിൽപോയി മതപരമായ കാര്യങ്ങൾ നിർവഹിച്ച് അനേക വർഷങ്ങൾ നഷ്ടപ്പെടുത്തുവാൻ കഴിയും.

ക്രിസ്തീയ സഭകളിൽ ആഴ്ചതോറും വരുന്ന ആയിരങ്ങൾ സ്വർഗ്ഗത്തിലേക്കു പോകുന്നില്ലായെന്നത് ഭയപ്പെടുത്തുന്ന വസ്തുതയാണ്. ഞാൻ സാധാരണ പറയുന്നതുപോലെ "കാറുകൾ നന്നാക്കുന്ന സ്ഥാനത്തിരിക്കുന്ന ഒരാൾ കാറാകത്തതുപോലെ സഭയിൽ ഇരിക്കുന്നതുകൊണ്ടു മാത്രം ഒരാൾ ക്രിസ്ത്യാനിയാകുന്നില്ല. ന്യായവിധി സമയത്ത് അനേകർ പറയുന്നത് നാം മത്തായി 7:20-23 വായിക്കുന്നു "കർത്താവെ, കർത്താവെ നിന്റെ നാമത്തിൽ വളരെ വീര്യപ്രവൃത്തികൾ പ്രവർത്തിക്കുകയും ചെയ്തില്ലയോ?" അപ്പോൾ കർത്താവ് അവരോട് പറയും "ഞാൻ നിങ്ങളെ ഒരുനാളും അറിഞ്ഞിട്ടില്ല; അധർമ്മം പ്രവർത്തിക്കുന്നവരെ എന്നെ വിട്ടു പോകുവിൻ." കർത്താവിനോടൊപ്പം ഇരുന്ന് അവന്റെ കല്പനകൾ കേൾക്കുവാൻ സമയമെടുക്കുന്നില്ലെങ്കിൽ ജനത്തിന് സൽപ്രവൃത്തികൾ ചെയ്യുകയും അതെ സമയം അധർമ്മം പ്രവർത്തിക്കുന്നവരുമായിത്തീരാം.

# ദൈവത്തോടൊപ്പം സമയം ചിലവഴിക്കുക

*ഒടുവിൽ കർത്താവിലും അവന്റെ അമിത ബലത്തിലും ശക്തിപ്പെടുവിൻ*

— എഫെസ്യർ 6:10

ആദ്യമായി ഞാൻ ദൈവത്തോടൊപ്പം സമയം ചിലഴിക്കുവാൻ തുടങ്ങിയപ്പോൾ അത് എനിക്ക് വളരെ നിസാരമായി തോന്നുകയും ഞാൻ സ്വയചിന്തയിൽ മുഴുകുകയും ചെയ്തു, തന്മൂലം വിരസത തോന്നി. ഉറങ്ങിപ്പോകാതിരിക്കുവാൻ വളരെ ശ്രമിക്കേണ്ടി വന്നു. ഏതു വിശിഷ്ട്യകാര്യവും പോലെ ദൈവസന്നിധിയിൽ നിശബ്ദമായിരിക്കുവാൻ പഠിക്കേണ്ടതാണ്. മാത്രമല്ല അതിന് സമയമെടുക്കുന്നതുമാണ്. നാം സ്വയം ചെയ്യേണ്ട കാര്യമാണ് മറ്റാരിൽ നിന്നും പഠിക്കുവാൻ കഴിയുന്നതല്ല. ദൈവത്തോടു ചേർന്നു കൂട്ടായ്മ ആചരിക്കുന്നത് എങ്ങനെയെന്നു ആരെയെങ്കിലും പഠിപ്പിക്കുവാൻ കഴിയുമെന്ന് ഞാൻ ചിന്തിക്കുന്നില്ല. ഓരോ വ്യക്തിയും വിഭിന്നനാണ്. അതുകൊണ്ട് അവൻ തന്റെ സ്രഷ്ടാവുമായി ആശയവിനിമയം നടത്തുവാൻ സ്വയം പഠിക്കേണ്ടതാണ്.

എല്ലാ വിധമായ പ്രാർത്ഥനയും (അപേക്ഷ, പക്ഷപാദം, സ്തുതി തുടങ്ങിയവ) ഉൾക്കൊണ്ടതാണ് എന്റെ കൂട്ടായ്മ സമയം. ദൈവം എന്നെ സഹായിക്കുവാൻ ഉപയോഗപ്രദമായ പുസ്തകങ്ങൾ വായിക്കുക, ദൈവവചനപഠനം, ദൈവത്തിനായി കാത്തിരിക്കുക, അനുതാപം, കരച്ചിൽ, സന്തോഷം, അരുളപ്പാടുകൾ സ്വീകരിക്കുക ഇങ്ങനെ എന്റെ ദൈവത്തോടൊത്തുള്ള സമയം ഓരോ ദിവസവും വിഭിന്നമാണ്.

ദൈവത്തിന് ഓരോ വ്യക്തിയെക്കുറിച്ചും വ്യക്തിപരമായ പദ്ധതിയുണ്ട്. നാം ദൈവസന്നിധിയിൽ ചെന്ന് നമ്മുടെ ജീവിതത്തെ സമർപ്പിക്കുമെങ്കിൽ അവൻ നമ്മുടെ സമീപെ വന്നു നമ്മോട് സംസാരിക്കും. നമ്മോട് പോകേണ്ടുന്ന വഴി ദൈവം പറഞ്ഞുതരികയും നമ്മെ പഠിപ്പിച്ചു നയിക്കും. മറ്റാരെങ്കിലും ചെയ്യുന്നതിനെ അനുകരിക്കുകയോ അവരെപ്പോലെ ആകുവാൻ ശ്രമിക്കുകയോ ചെയ്യരുത്. നാം ദൈവവുമായി എങ്ങനെ കൂട്ടായ്മ ബന്ധം പുലർത്തണമെന്ന് കാണിച്ചുതരുവാൻ ദൈവത്തെ അനുവദിക്കുക തുടർന്ന് കർത്താവ് കാണിച്ചുതരുന്നതുപോലെ മുമ്പോട്ട് നടന്നു നീങ്ങുക.

# നിങ്ങൾ ആശ്രയിക്കുകയോ ആകുലപ്പെടുകയോ?

*പൂർണ്ണ ഹൃദയത്തോടെ യഹോവയിൽ ആശ്രയിക്കുക: സ്വന്തവിവേകത്തിൽ ഊന്നരുത്. നിന്റെ എല്ലാ വഴികളിലും അവനെ നിനച്ചുകൊൾക. അവന്റെ നിന്റെ പാതകളെ നേരെയാക്കും.*

— സദൃശ്യവാക്യങ്ങൾ 3:5,6

നിങ്ങളുടെ ജീവിതത്തിൽ പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ എന്തു ചെയ്യുന്നു. അവയെല്ലാം കരുത്തുള്ള ദൈവകരങ്ങളിൽ സമർപ്പിക്കുന്നതിനു പകരം ആലോചിച്ച് ആകുലപ്പെടുകയാണോ?

നിങ്ങളുടെ ബുദ്ധിക്കും യുക്തിക്കും അനുസരിച്ച് തെറ്റായി ചിന്തിക്കുന്ന ജഢികമായ മനസ്സുണ്ട്. എന്നാൽ, ദൈവവചനപ്രകാരം ആത്മാവിന്റെ പ്രേരണകളനുസരിച്ച് ശരിയായി ചിന്തിക്കുന്ന ആത്മികമായ മനസുമുണ്ട്. ജഢികമനസ്സിന്റെ പ്രവർത്തനഫലമായിട്ടുണ്ടാകുന്നത് ആകാംക്ഷ. നിരാശ ചിന്താക്കുഴപ്പം തുടങ്ങിയവയാണ്. പ്രാർത്ഥനയിലും ദൈവിക കൂട്ടായ്മയിലും ദൈവാത്മാവിനാൽ നയിക്കപ്പെടുമ്പോൾ ആത്മാവിന്റെ ഫലമായ സന്തോഷമുണ്ട്.

ആത്മാവിന്റെ മനസ്സിലാണ് നിങ്ങൾ ആയിരിക്കുന്നതെങ്കിൽ "സകല ബുദ്ധിയെയും കവിയുന്ന ദൈവിക സമാധാനം," "പറഞ്ഞു തീരാത്ത സന്തോഷം" "മഹിമയുള്ളതായ അവസ്ഥ," ഇവയൊക്കെ കഠിനമായ പരിശോധനയുടെയും കഷ്തയുടെയും നടുവിൽ അനുഭവിക്കുവാൻ കഴിയും (എഫെസ്യർ 4:7, 1 പത്രൊസ്: 1:8). ഈ സന്തോഷവും സമാധാനവും നിങ്ങൾ അനുഭവിക്കുമ്പോൾ ദൈവിക സന്നിധിയിൽ നിങ്ങൾ ആയിരിക്കുന്നുവെന്നും തന്മൂലമാണ് ഈ സന്തോഷം ലഭിക്കുന്നുവെന്നും അറിയുന്നു. ദൈവത്തിനു നിങ്ങൾക്കു വഴി പറഞ്ഞുതരുവാനും പാതയൊരുക്കുവാനും കഴിയും. "നിങ്ങൾ ചോദിക്കുന്നതിലും നിനെക്കുന്നതിലും അത്യന്തംപരമായി" ദൈവം നിങ്ങൾക്കുവേണ്ടി പ്രവർത്തിക്കും. നിങ്ങളെയോ, മറ്റുള്ളവരെയോ മാറ്റുവാൻ ശ്രമിക്കേണ്ടതില്ല. ഇത് നിങ്ങളെ സന്തോഷമുള്ളതാക്കും.

നിങ്ങൾ നാളെയോ ഇന്നലെയെയോർത്ത് ആകുലപ്പെടേണ്ടതില്ല. ഇത് നിങ്ങളെ സന്തോഷമുള്ളവനാക്കും. എല്ലാ കാര്യങ്ങളും എങ്ങനെ ചെയ്യണമെന്ന് നിങ്ങൾ ചിന്തിച്ച് ഭാരപ്പെടേണ്ടതില്ല. ഇത് നിങ്ങളെ സന്തോഷമുള്ളവനാക്കും. എല്ലാം അറിയുന്നവനെ അറിയുക മാത്രമാണ് നിങ്ങൾ ചെയ്യേണ്ടത് ആകുലനായിരിക്കാതെ ദൈവത്തിലാശ്രയിച്ച് സ്വസ്ഥത അനുഭവിക്കുക.

# ശാന്തമായിരിക്കുവാൻ സമയം വേർതിരിക്കുക

*യഹോവേ രാവിലെ എന്റെ പ്രാർത്ഥന കേൾക്കേണമെ*
*രാവിലെ ഞാൻ നിനക്കായി ഒരുക്കി കാത്തിരിക്കുന്നു*

– സങ്കീർത്തനം. 5:3

ദൈവവചനം കേൾക്കുവാനും, ദൈവശബ്ദം മനസ്സിലാക്കുവാനും നാം പരിശീലിക്കുമ്പോൾ നിങ്ങളുടെ ജീവിതത്തെക്കുറിച്ചുള്ള ദൈവിക നടത്തിപ്പ് അറിയുവാൻ ദൈവമുമ്പാകെ ശാന്തമായി ഇരിക്കുവാൻ സമയം വേർതിരിക്കണം. വളരെ സംഘർഷം നിറഞ്ഞ തിരക്കുള്ള വേഗതയുള്ള ജീവിതശൈലി തുടർന്നാൽ ദൈവശബ്ദം കേൾക്കുവാൻ കഴിയാതെ വരും.

ദൈവമുമ്പാകെ ശാന്തമായിരിക്കുവാൻ പറ്റിയ ഒരു സ്ഥലം കണ്ടെത്തുക ദൈവത്തോടൊപ്പം ഒറ്റയ്ക്കിരുന്ന് ദൈവത്തോട് പറയുക ദൈവമെ എനിക്ക് അങ്ങയെ ആവശ്യമാണ്. അങ്ങയുടെ ശബ്ദം കേൾക്കുവാൻ എന്നെ പഠിപ്പിക്കേണമെയെന്ന്. നിങ്ങളുടെ ജീവിതത്തെക്കുറിച്ച് ദൈവമെന്താഗ്രഹിക്കുന്നതെന്നു പറയുവാൻ ദൈവത്തോട് അപേക്ഷിക്കുക. നാം എന്താണ് ചെയ്യേണ്ടതെന്ന് ദൈവത്തോട് ചോദിക്കുക. നാം ചെയ്യുന്നതിൽ ദൈവം ആഗ്രഹിക്കുന്നതെന്തൊക്കെയാണെന്നു പറയുവാൻ ദൈവത്തോട് അപേക്ഷിക്കുക.

ദൈവമുമ്പാകെ നിങ്ങളെത്തന്നെ സമർപ്പിച്ച് ദൈവശബ്ദം ശ്രദ്ധിക്കുക. നാം ദൈവത്തിൽ നിന്ന് ഒന്നും കേട്ടില്ലെങ്കിലും നാം ദൈവത്തെ അന്വേഷിക്കുന്നതിലൂടെ ദൈവത്തെ ബഹുമാനിക്കുകയാണ്. നാം ദൈവത്തെ അന്വേഷിച്ചാൽ കണ്ടെത്തുമെന്ന് ദൈവിക വാഗ്ദത്തമുണ്ട്. ദൈവത്തിൽ നിന്ന് ഒരു വാക്ക് നാം കേൾക്കും. അവൻ നമ്മെ ഉള്ളിലുള്ള അറിവിലൂടെ സാമാന്യ ബുദ്ധിയിലൂടെ, ജ്ഞാനത്തിലൂടെ, സമാധാനത്തിലൂടെ നടത്തും.

നാം പ്രാർത്ഥിക്കുമ്പോൾ തന്നെ ദൈവം നമ്മോട് സംസാരിക്കണമെന്നില്ല. നാം മറ്റു ചില കാര്യങ്ങളിലേർപ്പെടുമ്പോൾ രണ്ടു ദിവസത്തിനുശേഷം ദൈവം നിങ്ങളോട് സംസാരിച്ചേക്കാം. ദൈവം ഉത്തരം തരുവാൻ പലപ്പോഴും താമസിക്കുന്നത് എന്തുകൊണ്ടാണെന്നു എനിക്ക് സത്യമായും അറിയില്ല. എന്നാൽ നാം ദൈവത്തെ തുടർമാനമായി അന്വേഷിക്കുന്നുവെങ്കിൽ ദൈവഹിതം അറിയണമെന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്നുവെങ്കിൽ ദൈവം നമ്മോട് സംസാരിക്കും. "വഴി, ഇതാകുന്നു ഇതിൽ നടന്നുകൊൾവിൻ എന്നൊരു വാക്ക് പിറകിൽ നിന്ന് കേൾക്കും" (യെശ്ശയ്യാവ്. 30:21). അത് നമ്മുടെ സമയത്ത് ആയിരിക്കണമെന്നില്ല എന്നാൽ ദൈവം നമ്മോട് സംസാരിക്കുകയും നാം പോകേണ്ടുന്ന വഴി കാണിച്ചു തരികയും ചെയ്യും. ദൈവ

ത്തിനുവേണ്ടി നാം കാത്തിരിക്കുമ്പോൾ ദൈവത്തെ അനുസരിച്ച് ശുദ്ധിയുള്ള ഒരു മനസാക്ഷിയുള്ള വരായിരിക്കുക. ദൈവം നിങ്ങളോട് അരുളിച്ചെയ്ത ചില കാര്യങ്ങൾ അനുസരിച്ചിട്ടില്ലെങ്കിൽ ദൈവമുമ്പാകെ യാതൊരു സന്തോഷവും ഉണ്ടായിരിക്കുകയില്ല. എന്നാൽ ദൈവശബ്ദത്തെ സംപൂർണ്ണമായി അനുസരിച്ച് നിങ്ങൾ സംപൂർണ്ണമായും അനുഗ്രഹിക്കപ്പെടും.

# സ്നേഹം ഒരു സ്വഭാവമാക്കി മാറ്റുക

*സ്നേഹത്തിനം സത്പ്രവർത്തികൾക്കും ഉത്സാഹം വർദ്ധിപ്പിപ്പാൻ അന്യോന്യം സൂക്ഷിച്ചുകൊൾവിൻ.*

— എബ്രായർ. 10:24

സ്നേഹിക്കുക എന്നത് ജീവിതത്തിന്റെ ഭാഗമാക്കിയാൽ നാം നമ്മുടെ വാക്കുകൾക്കൊണ്ട് മറ്റുള്ളവരെ സ്നേഹിക്കുന്നത് വളർത്തിയെടക്കുവാൻ കഴിയും. ജഡസ്വഭാവത്തിൽ ബലഹീനതകൾ, വീഴ്ചകൾ തുടങ്ങിയവയാണുള്ളത്. ജീവിതത്തിൽ നിഷേധാത്മകമായ ചിന്തകൾ നിറഞ്ഞാൽ ജനങ്ങളുടെയും വസ്തുക്കളുടെയും തെറ്റായ വശങ്ങൾ മാത്രമെ കാണുകയുള്ളൂ. റോമർ. 12:21 - ൽ നാം കാണുന്നത് നന്മയാൽ തിന്മയെ ജയിക്കണമെന്നാണ്.

ദൈവാത്മാവിനാൽ നടത്തപ്പെടുമ്പോൾ നമ്മുടെ വികാരങ്ങൾക്കനുസരിച്ചല്ല ദൈവത്തിന്റെ നടത്തിപ്പ്, സഹായം പ്രവർത്തനം ഇവയെല്ലാം പരിശുദ്ധാത്മാവിനാൽ നിയന്ത്രിക്കപ്പെടേണ്ടതാണ്. അതുകൊണ്ട് ദൈവം എപ്പോഴും ക്രിയാത്മ ചിന്തകളാൽ നിറഞ്ഞവനാണ്. തന്മൂലം ദൈവത്തോടുകൂടെ നടത്തപ്പെടുമ്പോൾ നാം അവനോടുകൂടെ ക്രിയാത്മക ചിന്തകളാൽ നിറയപ്പെടേണ്ടതാണ്. (ആമോസ്. 3:3)

എല്ലാവരിലും തെറ്റുകുറ്റങ്ങൾ നിറഞ്ഞിരിക്കുന്നത് കാണുവാൻ എളുപ്പമാണ്. എന്നാൽ സ്നേഹം പാപങ്ങളെ കഴുകുന്നു. സ്നേഹം പാപങ്ങളുടെ ബന്ധനം അഴിക്കുന്നു. പാപങ്ങളുടെ ബഹുത്വത്തെ മറയ്ക്കുന്നു. “സകലത്തിനുംമുമ്പെ തമ്മിൽ ഉറ്റു സ്നേഹമുള്ളവരായിരിക്കുക. സ്നേഹം പാപങ്ങളുടെ ബഹുത്വത്തെ മറെക്കുന്നു.” (1പത്രൊസ്. 4:8)

തെറ്റുകുറ്റങ്ങളെ ഒരിക്കലും സ്നേഹം വെളിവാക്കുന്നില്ല. സ്നേഹം അത് മറയ്ക്കുന്നു.

# സഹിഷ്ണത സിദ്ധത പ്രത്യാശ ഇവ ഉണ്ടാകുന്നു

*അതു തന്നെയല്ല കഷ്ടത സഹിഷ്ണുതയെയും സഹിഷ്ണുത സിദ്ധതയെയും സിദ്ധത പ്രത്യാശയെയും ഉളവാക്കുന്നു എന്ന് അറിഞ്ഞ് നാം കഷ്ടങ്ങളിലും പ്രശംസിക്കുന്നു.*

— റോമർ. 5:3,4

"ആകുലപ്പെടരുത്" എന്നു പറയുവാൻ എളുപ്പമാണ്. എന്നാൽ ദൈവത്തോടു ചേർന്നു ജീവിച്ചുള്ള അനുഭവം വേണം. അനേക വർഷങ്ങളിലെ അനുഭവം കൂടാതെ ഒരാൾക്കും ഭയം, ആകുല ചിന്ത, ആകാംക്ഷ ഇവയെ ജയിച്ച് സമാധാനസ്വഭാവത്തോടും പ്രത്യാശയോടും സ്വസ്ഥതയോടുംകൂടെ ജീവിക്കുവാൻ കഴിയുമെന്ന് എനിക്ക് തോന്നുന്നില്ല. അതുകൊണ്ടാണ് കഷ്ടതയുടെയും പരിശോധനയുടെയും നടുവിൽ ദൈവത്തിലുള്ള വിശ്വാസവും ആശ്രയവും പ്രധാനമാണെന്നു പറയുന്നത്. യാത്ര കഠിനമാവുമ്പോൾ പ്രലോഭനങ്ങളെ എതിർത്തു നിന്നുകൊണ്ട് ശാന്തമായിരിക്കുക എന്നുള്ളത് വളരെ പ്രധാനപ്പെട്ടതാണ്. ഒരു കാലഘട്ടത്തിലേക്കു കൂടുതൽ കൂടുതൽ പ്രശ്നങ്ങളും പ്രതിസന്ധികളും വരാം. ആ പ്രശ്ന സങ്കീർണ്ണമായ സമയങ്ങളിൽ കർത്താവ് നമ്മെ പണിയുകയും നമ്മിൽ സഹിഷ്ണുത, സിദ്ധത, സ്വഭാവ ശ്രേഷ്ഠത ഇവ നിർമ്മിക്കുകയും ക്രമേണ അത് സന്തോഷപൂർണ്ണവും പ്രത്യാശ നിർഭരവുമായ ഒരു സ്വഭാവം നമ്മിലുണ്ടാക്കുകയും ചെയ്യുന്നു.

# എപ്പോഴും പ്രാർത്ഥിക്കുക

*സകല പ്രാർത്ഥനയാലും, യാചനയാലും ഏതു നേരത്തും ആത്മാവിൽ പ്രാർത്ഥിച്ചും അതിനായി ജാഗരിച്ചുംകൊണ്ട് സകല വിശുദ്ധന്മാർക്കും എനിക്കുംവേണ്ടി പ്രാർത്ഥനയിൽ പൂർണ്ണസ്ഥിരത കാണിപ്പിൻ.*

— എഫെസ്യർ 6:18

എഫെസ്യർ 6:10–17 ൽ ദൈവത്തിന്റെ ആയുധവർഗ്ഗത്തെക്കുറിച്ചാണ് പൗലോസ് പറയുന്നത്. എങ്ങനെ അത് നാം ഉപയോഗിച്ച്, ദൈവവചനത്തിലെ ആയുധംമൂലം ആത്മിയ പോരാട്ടത്തിൽ വിജയം നേടാമെന്നും പറയുന്നു. ഈ ആയുധവർഗ്ഗത്തിലെ ഓരോരുത്തരെയുംകുറിച്ച് പറഞ്ഞതിനുശേഷം വാക്യം 18 – ൽ പൗലോസ് പറയുന്നു "ഏതു നേരത്തും പ്രാർത്ഥിക്കുക" നാം എപ്പോഴൊക്കെ പ്രാർത്ഥിക്കുന്നുണ്ട്? എല്ലാ സമയത്തും.

ഇതിന്റെ അർത്ഥമെന്താണ്. നാം കടയിൽ സാധനങ്ങൾ വാങ്ങുന്ന സമയത്ത് ദൈവം പ്രാർത്ഥിക്കുവാനുള്ള ചിന്ത നമ്മിൽ തന്നാൽ ആ കടയുടെ നടുവിൽ മുട്ടുകുത്തി പ്രാർത്ഥിക്കണമെന്നാണോ? ഞാൻ സാധാരണയായി എന്റെ കട്ടിലിൽ മുട്ടുകുത്തി പ്രാർത്ഥിക്കാറുണ്ട്. മറ്റു ചിലപ്പോൾ തറയിൽ വീണു കിടന്നു മുഖം തറയോട് ചേർത്ത് പ്രാർത്ഥിക്കാറുണ്ട്. നമ്മുടെ ശാരിരികമായ നിൽപ്പും പ്രാർത്ഥനയുമായി കൂട്ടിക്കുഴയ്ക്കേണ്ട ആവശ്യമില്ല. കടയിൽ സാധനങ്ങൾ വാങ്ങുന്ന സമയത്ത് നമ്മുടെ ഹൃദയത്തിൽ പ്രാർത്ഥനയിലായിരിക്കാവുന്നതാണ്.

വിവിധ കാലഘട്ടങ്ങളിൽ നമുക്ക് വിവിധ നിലകളിൽ പ്രാർത്ഥിക്കുവാൻ കഴിയും. മക്കളെല്ലാം വളർന്ന് ഭവനത്തിൽ നിന്ന് പുറത്തായിരിക്കുന്ന മാതാവിന്റെ പ്രാർത്ഥനാശൈലിയിൽ നിന്നു വിഭിന്നമായ നിലയിൽവേണം മൂന്നോ, നാലോ ചെറിയ കുട്ടികളുള്ള മാതാവിന്റെ പ്രാർത്ഥന ജീവിതം ക്രമീകരിക്കാൻ.

മറ്റു ചിലർ ചെയ്യുന്നതുപോലെ ചെയ്യുവാൻ വേണ്ടി, പ്രാർത്ഥനയുടെ കാര്യത്തിൽ വലിയ മതഭക്തരായിത്തീർന്ന് ചില പ്രത്യേക നിലകളിൽ മാത്രമെ പ്രാർത്ഥിക്കുവാൻ കഴിയുമെന്നു കരുതിയാൽ നാം നമ്മുടെ ജീവിതത്തിനു ദോഷം വരുത്തിവെക്കുകയാണ്. പ്രാർത്ഥനയോടുള്ള ബന്ധത്തിൽ പ്രധാന കാര്യം എങ്ങനെ ഇരുന്നു പ്രാർത്ഥിക്കണമെന്നില്ല. വിശ്വാസത്തോടെ എപ്പോഴും, ഇടവിടാതെ പ്രാർത്ഥിക്കണമെന്നാണ്. ഏതു സമയത്തും ആവശ്യമോ ആഗ്രഹമോ ഉണ്ടാകുമ്പോൾ പ്രാർത്ഥനയിൽ സമയം ചിലവഴിക്കുക.

# ദൈവത്തിനായി കാത്തിരിക്കുക

*യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും അവർ കഴുകന്മാരെപ്പോലെ ചിറകടിച്ചു കയറും; അവർ തളർന്നുപോ കാതെ ഓടുകയും ക്ഷീണിച്ചുപോകാതെ നടക്കുകയും ചെയ്യും.*

— യെശ്ശയ്യാവ് 40:31

നമ്മുടെ ശക്തിയെ പുതുക്കുവാനാവശ്യം വരുമ്പോൾ ദൈവത്തിനായി കാത്തിരിക്കുവാൻ യെശ്ശയ്യാവ് നമ്മെ ഓർമ്മിപ്പിക്കുന്നു. ദൈവമുമ്പാകെയും ദൈവവചനവുമായി സമയം ചിലവഴിക്കുന്നതാണ് യഹോവയ്ക്കായി കാത്തിരിക്കുന്നത്. ചില വ്യക്തികളോടൊപ്പം സമയം ചിലവഴിച്ചാൽ നമുക്ക് പ്രത്യേകം ശക്തി ലഭിക്കും. അവരുടെ സാന്നിദ്ധ്യം, അവരുടെ സംസാരരീതി, ജീവിത സമീപനം ഇവയെല്ലാം നമ്മുടെ ജീവിതത്തിലെ തളർന്നു വീഴുന്ന വേളയിൽ പ്രചോദനം നൽകുന്നതാണ്. അതുപോലെ മറ്റുചിലർ നമ്മെ തളർത്തിക്കളയുന്നവർ, അവർ എല്ലാ കാര്യങ്ങളിലും തെറ്റായ വശങ്ങൾ മാത്രം കാണുന്നു.

നാം ശക്തിപ്പെടേണ്ടി വരുമ്പോൾ ദൈവത്മനിറവിൽ ജീവിക്കുന്നവരുമായും ദൈവസന്നിധിയിലും സമയം ചിലവഴിക്കണം. ദൈവസന്നിധിയിൽ സമയം ചിലവഴിക്കുന്നത് സുഗന്ധവർഗ്ഗങ്ങളുടെ വാസനയാൽ നിറയപ്പെട്ട ഒരു മുറിയിലായിരിക്കുന്നതുപോലെയാണ്. നാം അവിടെ വളരെ സമയം ചിലവഴിച്ചാൽ നമ്മോടെകൂടെ ആ വാസനയും പോരും. സുഗന്ധവർഗ്ഗങ്ങളുടെ വാസന നമ്മുടെ മുറിയിലും വസ്ത്രത്തിലും ശരീരമാകയും നിറയും.

മോശെ ഒരു പ്രാർത്ഥന മനുഷ്യനായിരുന്നു. താൻ വളരെ സമയം ദൈവത്തോടുള്ള കൂട്ടായ്മയിൽ ദൈവത്തോടു സംസാരിക്കുവാൻ എടുത്തിരുന്നു. ദൈവം അവനെ സഹായിച്ചില്ലെങ്കിൽ അവൻ ദുഃഖകരമായ നിലയിൽ പരാജയപ്പെടുമെന്നു അവൻ അറിഞ്ഞു. മോശെയുടെ ദൈവത്തെ അന്വേഷിക്കുന്നതിലുള്ള വിശ്വസ്തതമൂലം അവനു ദൈവത്തിൽ നിന്നു ധൈര്യപ്പെടുത്തുന്ന ഒരു സന്ദേശം ലഭിച്ചു. അതിനു അവൻ എന്റെ സാന്നിദ്ധ്യം നിന്നോടുകൂടെ പോരും ഞാൻ നിനക്ക് സ്വസ്ഥത നൽകും. (പുറപ്പാട്. 33:14)

# വിശ്വാസം വിജയകരമായ സാഹചര്യം

*എന്നാൽ പ്രത്യാശ നൽകുന്ന ദൈവം പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നിങ്ങൾ പ്രത്യാശയിൽ സമൃദ്ധിയുള്ളവരായി വിശ്വസിക്കുന്നതിലുള്ള സകല സന്തോഷവും സമാധാനവും കൊണ്ട് നിങ്ങളെ നിറയ്ക്കുമാറാകട്ടെ*

— റോമർ 15:13

റോമർ 15:13 എന്റെ പ്രിയപ്പെട്ട ദൈവവചനമാണ്. ഇവിടെ നാം കാണുന്നത് വിശ്വസിക്കുന്നതിലൂടെ ലഭിക്കുന്ന സമാധാനവും സന്തോഷവുമാണ്. എന്റെ സമാധാനവും സന്തോഷവും നഷ്ടപ്പെട്ട ഒരു കാലഘട്ടത്തെക്കുറിച്ച് ഇപ്പോൾ ഞാൻ ഓർക്കുന്നു. എന്റെ ജീവിതത്തിൽ എന്തൊ പിശുക്കുണ്ടായിരുന്നു, എന്നാൽ അതെന്താണെന്നു എനിക്കറിയില്ലായിരുന്നു. ഒരു രാത്രിയിൽ ഞാൻ വളരെ നിരാശയിൽ ആയിരുന്നു, അതുകൊണ്ട് ദൈവവചന ഭാഗങ്ങൾ എഴുതിയിട്ടിരുന്ന "വാഗ്ദത്തപ്പെട്ടി" തുറന്നു അതിൽ നിന്ന് ഒന്നു ഞാൻ എടുത്തു പെട്ടെന്ന് ദൈവം അതിലൂടെ എന്നോട് സംസാരിച്ചു. അതിലെഴുതിയിരിക്കുന്നത് ഇപ്രകാരമായിരുന്നു. റോമർ 15:13. "വിശ്വാസത്തിൽ സമാധാനവും സന്തോഷവും ഉണ്ട്."

പെട്ടെന്നു തന്നെ ഞാൻ വിശ്വസിക്കുവാൻ ആരംഭിച്ചു. അപ്പോൾ എന്റെ സന്തോഷവും സമാധാനവും തിരികെ ലഭിച്ചു. ഇത് നിങ്ങളെക്കുറിച്ചും ശരിയാണ്. നിങ്ങൾ സംശയിക്കാൻ തുടങ്ങുമ്പോൾ സന്തോഷവും സമാധാനവും നഷ്ടമാകും എന്നാൽ വിശ്വസിക്കുമ്പോൾ അവ തിരികെ ലഭിക്കും. ദൈവം തന്നിരിക്കുന്ന ആയുധമാണ് വിശ്വാസം അതിലൂടെ സന്തോഷവും സമാധാനവും കണ്ടെത്താം നാം വിശ്വസിക്കുവാൻ ആരംഭിക്കുമ്പോൾ പിശാച് പറയും "വിശ്വാസം വളരെ ബാലിശമാണ് നിങ്ങൾ ഒരിക്കലും പ്രാപിക്കാത്ത കാര്യമാണ് വിശ്വസിക്കുന്നത്." നമുക്ക് പിശാചിന് മറുപടിയുണ്ട് "അത് ബാലിശമല്ല ഞാൻ വിശ്വസിക്കുന്നത് എനിക്ക് ലഭിക്കുക തന്നെ ചെയ്യും ഇനി എനിക്കു ലഭിക്കുന്നില്ലെങ്കിൽ പോലും സംശയിക്കുന്നില്ല കാരണം വിശ്വസിക്കുന്നതിലൂടെ എനിക്ക് വലിയ സമാധാനവും സന്തോഷവും ഉണ്ട്."

ഇത് വളരെ വിജയകരമായ ജീവിതമാണ്. വിശ്വസിക്കുമ്പോൾ നമുക്ക് ഒന്നും നഷ്ടമാകുന്നില്ല കാരണം, നാം വിശ്വസിക്കുന്നത് ലഭിക്കുവാനുള്ള സാധ്യതയുണ്ട്. അത് നമുക്ക് ലഭിച്ചില്ലെങ്കിലും നാം സന്തോഷമുള്ളവരും സമാധാനമുള്ളവരുമാണ് വിശ്വാസമുള്ള ഒരു ഹൃദയം വളരെ പ്രധാനപ്പെട്ടതാണ്.

# ഞാൻ നിന്നെ സ്നേഹിക്കാമെന്നു വാഗ്ദത്തം ചെയ്യുന്നു എന്നാൽ...

*ഞാൻ ഒന്നു ചെയ്യുന്നു പിമ്പിലുള്ളത് മറന്നും മുമ്പിലുള്ള തിനു ആഞ്ഞുംകൊണ്ട് ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിനായി ലാക്കിലേക്കു ഓടുന്നു.*

— ഫിലിപ്പിയർ 3:14

എല്ലാ വിജയകരമായ ബന്ധത്തിനും ഏറ്റവും ആവശ്യമായിട്ടുള്ളത് സഹിഷ്ണതയാണ്. അനേകർ തങ്ങളുടെ സ്നേഹം മറ്റുള്ളവർക്ക് നൽകാതിരിക്കാൻ ന്യായങ്ങൾ പറയാറുണ്ട്. "ഞാൻ നിന്നെ സ്നേഹിക്കുന്നു എന്നാൽ ഇന്നലെ നീ എന്റെ വികാരങ്ങളെ വൃണപ്പെടുത്തി." അല്ലെങ്കിൽ "ഇപ്പോൾ എനിക്ക് നിന്നോടൊപ്പം സന്തോഷത്തോടെ ആയിരിക്കാൻ കഴിയില്ല കാരണം ഞാൻ ഇപ്പോൾ വളരെ തിരക്കിലാണ് ഏറ്റവും ക്ഷീണിതനാണ്, എന്റെ ശ്രദ്ധ ഇപ്പോൾ തെറ്റിയ നിലയിലാണ് എനിക്ക് വളരെ ദേഷ്യമുണ്ട് ഒരു സന്തോഷവുമില്ല" തുടങ്ങി മുടന്തൻ ന്യായങ്ങൾ പറയുവാനുണ്ട്.

യഥാർത്ഥ സ്നേഹം പറയുന്നത് "ഞാൻ നിന്നെ സ്നേഹിക്കുന്നു" എന്നു മാത്രമാണ് അപ്പോസ്തലനായ പൗലോസ് ഫിലിപ്പിയർ 3:11-14 - ൽ പറഞ്ഞിരിക്കുന്നത്. മരിച്ചവരുടെ ഇടയിൽ നിന്നു നമ്മെ ഉയർത്തുന്ന ആത്മികവും, ധാർമ്മികവുമായ പുനരുത്ഥാനം നേടുന്നതിനെയാണ്. നാം ഈ ശരീരത്തിലായിരിക്കുമ്പോൾ, നാം ഭൂതകാലം പൂർണ്ണമായി മറന്ന് യേശു നമ്മെ വിളിച്ചിരിക്കുന്ന വിളിയുടെ അടിസ്ഥാനത്തിൽ ലഭിക്കുന്ന പ്രതിഫലം നേടുവാൻ മുമ്പോട്ടു പോകുവാനാണ്. പുറകിലുള്ളതിനെ മറന്ന് മുമ്പിലുള്ളതിനായി മുന്നേറുക.

സ്ത്രീകൾ സാധാരണയായി തങ്ങൾക്ക് നേരിടുന്ന ഹൃദയത്തിലുണ്ടാകുന്ന മുറിവുകൾ വളരെക്കാലത്തേക്കു മറക്കുകയില്ല. യേശു നമ്മെ വിളിച്ചിരിക്കുന്നത് വലിയ ഒരു പ്രതിഫലത്തിനാണ് അതുകൊണ്ട് നാം മറ്റുള്ളവരാൽ ക്ഷമിക്കപ്പെടുകയും മറ്റുള്ളവർ നമ്മോട് ക്ഷമിക്കുകയും അവരോടു ക്ഷമിക്കുകയും ചെയ്യണം. കർത്താവിന്റെ പ്രാർത്ഥന നൽകുന്ന ആഹ്വാനം നാം ദൈവത്തിൽ നിന്നു ക്ഷമ യാചിക്കുമ്പോൾ മറ്റുള്ളവരോട് ക്ഷമിക്കുവാനാണ്. "ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതു പോലെ ഞങ്ങളുടെ കടങ്ങളെ ഞങ്ങളോടും ക്ഷമിക്കേണമെ." (മത്തായി 6:12)

ഡേവിനോടു ക്ഷമിക്കുവാൻ ആവിശ്യമുള്ള യാതൊന്നും എന്റെ ജഡത്തിലില്ല. ഡേവ് ചെയ്തതു തെറ്റാണെന്നു എനിക്കു തോന്നിയാൽ മാനുഷി

കമായ ചിന്തയിൽ എനിക്കു ക്ഷമിക്കുവാൻ കഴിയില്ല. എനിക്കിഷ്ടമില്ലെങ്കിലും ദൈവം എന്നിൽ നിന്ന് ആഗ്രഹിക്കുന്നത് എന്റെ ജഡത്തോട് അരുത് എന്നു പറയുവാനും അവനോട് സ്നേഹത്തോടെ പ്രതികരിക്കുവാനുമാണ്. വളരെ വർഷങ്ങൾക്കു മുമ്പ് തുടങ്ങി ദൈവം എന്നോട് പറയുന്നത് ഞാൻ ചെയ്യു വാനാരംഭിച്ചു. തന്മൂലം ദൈവം ആഗ്രഹിക്കുന്നത് എനിക്ക് ആവശ്യമാണ് എന്നുള്ള ലക്ഷ്യത്തിലേക്ക് എത്തുവാൻ എനിക്ക് സത്യസന്ധമായി കഴിഞ്ഞു. അത് എങ്ങനെ എപ്പോൾ സംഭവിച്ചു എന്നുള്ളത് എനിക്കറിയില്ല. ദൈവവ ചനത്തോടുള്ള ബഹുമാനം നിമിത്തം ദൈവവചനം അനുസരിക്കുമ്പോൾ ദൈവികമായ ഒരു രൂപാന്തരം ഉണ്ടാകുന്നു.

# ദൈവത്തിന്റെ മുദ്രണം

*നിന്റെ ആത്മാവിനെ ഒളിച്ച് ഞാൻ എവിടേക്കു പോകും? തിരുസന്നിധി വിട്ട് ഞാൻ എവിടേക്ക് ഓടും? ഞാൻ സ്വർഗ്ഗത്തിൽ കയറിയാൽ നീ അവിടെയുണ്ട്; പാതാളത്തിൽ എന്റെ കിടക്ക വിരിച്ചാൽ നീ അവിടെയുണ്ട്; ഞാൻ ഉഷസ്സിൽ ചിറകു ധരിച്ച് സമുദ്രത്തിന്റെ അറ്റത്തു ചെന്നു പാർത്താൽ അവിടെയും നിന്റെ കൈ എന്നെ നടത്തും നിന്റെ വലങ്കൈ എന്നെ പിടിക്കും.*

— സങ്കീർത്തനം 139:7–10

ചിലപ്പോൾ നാം ദൈവസന്നിധിയിൽ ചെല്ലുമ്പോൾ വളരെ പരിശ്രമിക്കും എന്നാൽ നമുക്ക് ദൈവസന്നിധിയിൽ നിന്ന് ഓടി അകലുവാൻ കഴിയില്ലെന്നതാണ്. ദൈവം നമ്മോടൊപ്പം ഇല്ലെന്നു ചില സമയങ്ങളിൽ തോന്നിയേക്കാം, അതുകൊണ്ട് ദൈവത്തിന്റെ വാക്കുകൾ നാം ശരിയായി മനസ്സിലാക്കണം. യെശ്ശയ്യാവ് ദൈവമുമ്പാകെ യിസ്രായേൽ ജനത്തിന്റെ ഒരു പരാതി പറയുന്നു. “സീയോനോ യഹോവ എന്നെ ഉപേക്ഷിച്ചു, കർത്താവു എന്നെ മറന്നു കളഞ്ഞു എന്നു പറയുന്നു. (ദൈവത്തിന്റെ മറുപടി) “ഒരു സ്ത്രീ തന്റെ കുഞ്ഞിനോ മറക്കുമോ? താൻ പ്രസവിച്ച മകനോട് കരുണ തോന്നാതിരിക്കുമോ? അവൻ മറന്നുകളഞ്ഞാലും ഞാൻ നിന്നെ മറക്കുയില്ല.” (യെശ്ശയ്യാവ്. 49:14–15)

മാതാപിതാക്കൾ തങ്ങളുടെ മക്കളുടെ ചിത്രം എപ്പോഴും കൈയിൽകൊണ്ടുപോകണമെന്നില്ല എന്നാൽ എപ്പോഴും തന്റെ മക്കളുടെ ചിത്രം കരങ്ങളിൽ വഹിക്കുന്നു. അടുത്ത പ്രാവശ്യം നിങ്ങൾ നിങ്ങളുടെ ആത്മസത്തയെക്കുറിച്ച് ചിന്തിക്കുമ്പോൾ ഓർക്കുക ദൈവകരങ്ങളിൽ നിങ്ങളെക്കുറിച്ചുള്ള കാര്യങ്ങൾ എഴുതിയിട്ടുണ്ട്.

# തൃപ്തിപ്പെടുക

*നിങ്ങളുടെ നടപ്പ് ദ്രവ്യാഗ്രമില്ലാതെയിരിക്കട്ടെ*
*ഉള്ളതുകൊണ്ട് തൃപ്തിപ്പെടുവിൻ*
— എബ്രായർ 13:5

നിങ്ങൾ ഇപ്പോഴുള്ളതുകൊണ്ട് സംതൃപ്തിപ്പെടുക എന്നുള്ളതാണ് ശരിയായ തീരുമാനം. എന്നാൽ കൂടുതൽ ആളുകളും സംതൃപ്തരല്ല എന്നാണ് ഞാൻ മനസ്സിലാക്കിയിരിക്കുന്നത്. അവിശ്വാസികൾ അറിയുന്നില്ലെങ്കിലും അവരായിരിക്കുന്ന സാഹചര്യത്തിൽ തൃപ്തരല്ല എന്നാൽ ദു:ഖകരമെന്നു പറയട്ടെ വിശ്വാസികളും അവരുടെ ഇപ്പോഴുള്ള സാഹചര്യത്തിൽ സംതൃപ്തമായിരിക്കുവാൻ പഠിക്കുന്നില്ല എന്നുള്ളതാണ് വസ്തുത. എത്ര പേർക്ക് ഇങ്ങനെ പറയുവാൻ കഴിയുമെന്ന് ഞാൻ അത്ഭുതപ്പെടുന്നു "എന്റെ ജീവിതത്തിൽ ഞാൻ തൃപ്തനാണ്. ഞാൻ എന്റെ ഭാര്യയെയും മക്കളെയും സ്നേഹിക്കുന്നു. എന്റെ ജോലി എനിക്കിഷ്ടമാണ് എന്റെ കാറിലും വീട്ടിലും ചെയ്യേണ്ട കാര്യങ്ങളുണ്ട്. എന്നാൽ തൃപ്തിയോടെ അവ ദൈവം തന്റെ സമയത്ത് ചെയ്യേണ്ടതിനായി ഞാൻ കാത്തിരിക്കുന്നു. എന്റെ അയൽക്കാരനുള്ള ഒന്നും ഞാൻ ആഗ്രഹിക്കുന്നില്ല. മറ്റുള്ളവർക്കുള്ള യാതൊന്നിലും ഞാൻ ആസൂയപ്പെടുന്നുമില്ല. ദൈവം അവർക്ക് നൽകിയെങ്കിൽ അവർ അതിൽ സന്തോഷിക്കട്ടെ."

ദൈവം നമ്മെ ഈ നിലയിൽ പരിശോധിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. "നീ എന്നെ അനുഗ്രഹിച്ചതിൽ ഞാൻ സന്തോഷിക്കുന്നു" എന്നുള്ള പരീക്ഷ ജയിക്കുന്നതുവരെ ഇപ്പോൾ നമുക്കുള്ളതിൽ അധികമായി ഒന്നും ലഭിക്കുകയില്ല. നാം എല്ലാ നിലയിലും അഭിവൃദ്ധിപ്പെടണമെന്ന് ദൈവം ആഗ്രഹിക്കുന്നു. ദൈവം നമ്മെ എത്ര നല്ല നിലയിലാണ് കരുതുന്നുയെന്നും ദൈവം നൽകിയ നന്മകളും ജനം കാണണമെന്നു ദൈവം ആഗ്രഹിക്കുന്നു. എന്നാൽ ദൈവത്തിന്റെ അനുഗ്രഹങ്ങളെക്കാൾ അധികമായി നാം ദൈവത്തെ ആഗ്രഹിക്കണം. ഇങ്ങനെയാണോ എന്നു ദൈവം നമ്മെ പരിശോധിക്കുന്നു. അതിനുശേഷം നമ്മുടെ ജീവിതങ്ങളിൽ അധികമായി ഭൗതിക നന്മകൾ നല്കുന്നു.

# നിങ്ങൾ ആരംഭിച്ചത് പൂർത്തിയാക്കുക

ആദ്യവിശ്വാസം അവസാനത്തോളം മുറുകെപിടിച്ചുകൊണ്ടാൽ നാം ക്രിസ്തുവിൽ പങ്കാളികളായിത്തീർന്നിരിക്കുന്നുവല്ലോ

— എബ്രായർ 3:14

അതുകൊണ്ട് മഹാ പ്രതിഫലമുള്ള നിങ്ങളുടെ ധൈര്യം തള്ളിക്കളയരുത്

— എബ്രായർ 10:35

എന്നാൽ നിങ്ങൾ ഓരോരുത്തൻ പ്രത്യാശയുടെ പൂർണ്ണനിശ്ചയം പ്രാപിപ്പാൻ അവസാനത്തോളം ഒരുപോലെ ഉത്സാഹം കാണിക്കേണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു.

— എബ്രായർ 6:11

എല്ലാ ദൈവവചനവും വളരെ ഗൗരവത്തോടെ കാണുകയും ധ്യാനിക്കുകയും ചെയ്യണം നാം പൂർത്തിയാക്കാത്ത കാര്യങ്ങളുടെ ആരംഭത്തിൽ ദൈവം വലിയ താല്പര്യം കാണിക്കുന്നില്ല. ആരംഭിക്കുവാൻ എളുപ്പമാണ് പൂർത്തികരിക്കാൻ വലിയ ശ്രമം നടത്തണം. ഒരു പുതിയ കാര്യത്തിന്റെ ആരംഭത്തിൽ നാം വലിയ ഉത്സാഹം കാണിക്കും. നമുക്കു പ്രേരണയായി നമ്മുടെ ജീവിതത്തിൽ വലിയ ശക്തിയുണ്ടായിരിക്കും. എന്നാൽ ആദ്യത്തെ ആവേശം കുറയുമ്പോൾ മനസ്സിലാക്കും വലിയ സഹനശക്തിയുണ്ടെങ്കിലെ ശേഷിക്കുന്ന കഠിനമായ ജോലി പൂർത്തികരിക്കുവാൻ കഴിയുകയുള്ളൂ യെന്ന്. അപ്പോൾ കാര്യങ്ങൾ എങ്ങനെയാണെന്നും എന്തൊക്കെ കാര്യങ്ങൾ ചെയ്താലെ വിജയിക്കാൻ കഴിയുമെന്ന് നാം അറിയുന്നു.

നാം ചെയ്യുന്ന കാര്യം വഴിയിൽ പൂർത്തീകരിക്കാതെ നിർത്തിയാൽ ദൈവമുമ്പാകെ നാം ഒരിക്കലും വിജയികളല്ല. നാം ആരംഭിച്ചു വേല വിജയകരമായി പൂർത്തീകരിക്കാൻ ദൈവം ആവശ്യപ്പെടുന്നു. ഉപേക്ഷിക്കുവാനുള്ള പ്രചോദനം ഉണ്ടായാലും അങ്ങനെ ചെയ്യരുത്. ഇപ്പോൾ ചെയ്യുന്ന കാര്യം പൂർത്തീകരിക്കുവാൻ കഴിയുന്നില്ലെങ്കിൽ ഭാവിയിൽ ആരംഭിക്കുന്ന കാര്യത്തിലും ഇതെ വെല്ലുവിളി നേരിടേണ്ടി വരും. ചിലർ തങ്ങളുടെ ജീവിതം മുഴുവൻ പുതിയ കാര്യങ്ങൾ ആരംഭിക്കും പക്ഷെ പൂർത്തീകരിക്കുകയില്ല. തങ്ങളുടെ മുഴുവൻ ബലവും ഉപയോഗിക്കാത്തവരെക്കാൾ ഉന്നത നിലവാരം പുലർത്തുമെന്ന് ഒരു തീരുമാനം നമുക്ക് എടുക്കാം.

# സ്വർഗ്ഗീയ ആശ്വാസം പ്രാപിച്ച് ജീവിക്കുക

*അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരെ എല്ലാവരും എന്റെ അടുക്കൽ വരുവിൻ ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും.*

— മത്തായി 11:28

കർത്താവിനെ നാം കൂടുതൽ അറിയുമ്പോൾ നമ്മുടെ സമാധാനം നഷ്ടപ്പെടുത്തുന്ന സാഹചര്യങ്ങളിൽ നാം ആശ്വാസത്തോടുകൂടി അവയെ അഭിമുഖീകരിക്കും. കർത്താവ് നമ്മെ സഹായിച്ചു മുൻകാല അനുഭവങ്ങൾ വളരെ വിലയേറിയതാണ്. കർത്താവ് നാം ആഗ്രഹിക്കുന്നതുപോലെ തന്നെ ചെയ്തില്ലെങ്കിലും പ്രശ്നം പരിഹരിക്കുവാൻ സഹായകരമായ നിലയിൽ പ്രവർത്തിക്കുന്നു. പരിശോധനയിൽ ലഭിക്കുന്ന ആശ്വാസം കർത്താവിനോടു സമാധാനത്തിൽ തുടരുവാൻ സഹായിക്കുന്നു.

വ്യക്തിപരമായ ജീവിതാനുഭവങ്ങൾ കുറവുള്ള പുതിയ വിശ്വാസികൾ ദൈവവചനത്തിൽ കാണുന്നു. ദൈവിക വിശ്വസ്തതയുടെ മാതൃകകൾ മനസ്സിലാക്കുകയും അവയിൽ കൂടുതൽ ആശ്രയിക്കുകയും വേണം. മറ്റു വിശ്വാസികളുടെ സാക്ഷ്യങ്ങളും അവരെ കൂടുതൽ പ്രോത്സാഹിപ്പിക്കും. ഓർക്കുക നമുക്ക് പ്രശ്നങ്ങൾ ഉള്ളപ്പോൾ കർത്താവിന്റെ അടുക്കലേക്കു വരുവാനാണ് അവൻ പറഞ്ഞിരിക്കുന്നത്. കർത്താവ് ആശ്വാസം നൽകും.

ഇന്നലെയെക്കുറിച്ചോ നാളെയെക്കുറിച്ചോ ഇന്നിനെക്കുറിച്ചോ ആകാംക്ഷയുള്ളവരായി ഭാരപ്പെട്ട്, സംഘർഷഭരിതമായ ഒരു ജീവിതമല്ല പിന്നെയോ യേശു ആവശ്യപ്പെടുന്നത് ആശ്വാസ പൂർണ്ണമായ ഒരു ജീവിതമാണ്. നാം ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് ചിന്തിച്ച് കണക്കുക്കൂട്ടി ഇരിക്കേണ്ട കാര്യമില്ല. നാം ആഗ്രഹിക്കുന്ന കാര്യങ്ങൾ മറ്റുള്ളവർ ചെയ്യുന്നില്ലല്ലോ എന്നു ചിന്തിച്ച് ഭാരപ്പെടുവാനും കർത്താവ് നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നില്ല.

യേശു ആഗ്രഹിക്കുന്നത് നാം തന്നിലാശ്രയിച്ച് ആശ്വാസത്തോടെ ജീവിക്കണമെന്നാണ്. ദൈവികമായ ആശ്വാസമെന്ന് ഇതിനെ ഞാൻ വിളിക്കും. കാരണം സ്വാഭാവികമായി ആശ്വാസമായി ഇരിക്കുവാൻ കഴിയാത്ത സാഹചര്യമാണ്. എന്നാൽ നമ്മുടെ സ്വഭാവികതയിൽ ദൈവം തന്റെ സ്വർഗ്ഗീയമായതിനെ കൂട്ടിച്ചേർക്കുന്നു. അങ്ങനെ അഭൗമികമായ ആശ്വാസം പ്രാപിച്ച് ജീവിക്കുവാൻ കഴിയുന്നു. നമുക്ക് അഭൗമികമായ ആശ്വാസത്തോടെ ജീവിക്കുവാൻ കഴിയും. യേശു പറയുന്നു "എന്റെ അടുക്കലേക്കു ഏതു കാര്യവുമായും വരിക കാരണം ഞാൻ എപ്പോഴും നിങ്ങളെ എല്ലാ നിലയിലും സഹായിക്കും" കർത്താവിന്റെ മുമ്പാകെ ഏറ്റവും ചെറുതോ ഏറ്റവും വലുതോ ആയ യാതൊന്നുമില്ല. ദൈവത്തിന്റെ മുമ്പിൽ നിങ്ങളുടെ ആവശ്യങ്ങളോ ഭാരങ്ങളോ അധികമല്ല.

# ആരോഗ്യകരമായ തീരുമാനങ്ങളെടുക്കുവാൻ

*കാൺമാൻ ഭംഗിയുള്ളതും തിന്മാൻ നല്ല ഫലമുള്ളതുമായ ഓരോ വൃക്ഷങ്ങളും തോട്ടത്തിന്റെ നടുവിൽ ജീവവൃക്ഷവും നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷവും യഹോവയായ ദൈവം നിലത്തു നിന്നു മുളപ്പിച്ചു.*

– ഉല്പത്തി 2:9

ഭക്ഷണമുൾപ്പെടെ എല്ലാം ദൈവനാമമഹത്വത്തിനായി ചെയ്യുവാൻ നാം പരിശീലിക്കണം ഭക്ഷണത്തിനു മുമ്പ് ഭക്ഷണം കഴിക്കുന്ന പാത്രത്തിലേക്കു നോക്കി വിളമ്പിയിരിക്കുന്ന വിഭവങ്ങൾ ദൈവം നിങ്ങൾക്കുവേണ്ടി ഒരുക്കിയതാണോയെന്നു സ്വയം ചോദിക്കുക. ദൈവത്തിനു യാതൊരു ബന്ധവുമില്ലാത്ത ഒരു ഭൗതിക കാര്യമായി ഭക്ഷണം കഴിക്കുന്നതിനെ കരുതരുത്. ദൈവം അദാമിനെയും ഹവ്വയെയും ഏദെൻതോട്ടത്തിലാക്കിയപ്പോൾ അവരെന്തൊക്കെ ഭക്ഷിക്കണമെന്നു കല്പിച്ചു. ദൈവവും അവരുമായിട്ടുള്ള ബന്ധത്തിൽ ഭക്ഷണത്തിനു യാതൊരു സ്ഥാനവു മില്ലായിരുന്നെങ്കിൽ അവരുടെ ആഹാരത്തെക്കുറിച്ച് ഒന്നും പറയുകയില്ലായിരുന്നു. നല്ല തീരുമാനങ്ങളെടുക്കുക നല്ലതും ആരോഗ്യദായകവുമായ ഭക്ഷണം തിരഞ്ഞെടുക്കുമ്പോഴൊക്കെയും നിങ്ങൾ ജീവനെയാണ് തിരഞ്ഞെടുക്കുന്നത് അത് ദൈവത്തിന്റെ ദാനവുമാണ്. ദൈവം നിങ്ങളെ വലിയ നിലയിൽ കാണുവാൻ ആഗ്രഹിക്കുന്നു. അങ്ങനെയായിരിക്കുവാൻ നിങ്ങൾക്ക് കഴിയും. നിങ്ങളുടെ ശരീരം ദൈവത്തിന്റെ മന്ദിരമാണെന്നു നിങ്ങൾ മനസ്സിൽ കരുതുന്നുവെങ്കിൽ നിങ്ങൾ അതിനു നൽകുന്ന ഇന്ധനമാണ് അത് എങ്ങനെ എത്രകാലം പ്രവർത്തിക്കണമെന്നു തീരുമാനിക്കുന്നത്.

# ദൈവസ്നേഹത്താൽ നിറയപ്പെടുക

*ക്രിസ്തുവൊ നാം പാപികൾ ആയിരിക്കുമ്പോൾ തന്നെ നമുക്കുവേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു*

— റോമർ 5:8

ദൈവജനം ദൈവസ്നേഹം ഗ്രഹിക്കണമെന്ന് ദൈവജനത്തിനുവേണ്ടി പൗലോസ് പ്രാർത്ഥിക്കുന്നു. ദൈവവചനം ദൈവസ്നേഹം വെളിപ്പെടുത്തുന്നു. എന്നാൽ എത്രയോ ദൈവമക്കൾ ഈ അറിവില്ലാത്തവരായി ജീവിക്കുന്നു. ഞാൻ ജോയ്സ് മേയർ മിനിസ്ട്രി ആരംഭിച്ച സമയം ആദ്യ ആഴ്ചയിൽ ഒരു യോഗം സംഘടിപ്പിക്കേണ്ടിവന്നു. അപ്പോൾ ഞാൻ ദൈവത്തോടു ചോദിച്ചു. ദൈവമെ ഞാൻ എന്താണ് സംസാരിക്കേണ്ടത് അപ്പോൾ ദൈവം എന്നോട് പറഞ്ഞു. "എന്റെ ജനത്തോടു ഞാൻ അവരെ സ്നേഹിക്കുന്നുയെന്നു പറയുക."

ഞാൻ പറഞ്ഞു "അവർക്ക് അതറിയാം" "യോഹന്നാൻ 3:16 അനുസരിച്ചുള്ള ഒരു സൺഡെസ്കൂൾ പാഠം പഠിപ്പിക്കുവാനല്ല പിന്നെയോ വളരെ ശക്തിയോടെ സംസാരിക്കുവാനാണ്." കർത്താവ് എന്നോട് പറഞ്ഞത് "വളരെ ചെറിയ കൂട്ടം ആളുകളെ ഞാൻ സ്നേഹിക്കുന്നുയെന്നു അറിയുന്നു അവർ എല്ലാവരും ഇതറിഞ്ഞിരുന്നുവെങ്കിൽ അവരുടെ പെരുമാറ്റം എത്രയോ വിഭിന്നമായിരുന്നേനെ" ദൈവസ്നേഹം സ്വീകരിക്കുന്നതിനെക്കുറിച്ച് ഞാൻ പഠിക്കാനാരംഭിച്ചപ്പോൾ എനനിക്ക് എത്രയോ ആവശ്യമാണെന്നു ബോധ്യമായി. ദൈവം എന്റെ പഠനത്തെ 1 യോഹന്നാൻ 4:16 ലേക്കു നയിച്ചു അവിടെ നാം കാണുന്നത് നാം ദൈവസ്നേത്തെക്കുറിച്ച് വളരെ ബോധവാന്മാരാകേണം എന്നാണ്. ദൈവത്തെ ശരിയായി മനസ്സിലാക്കണമെങ്കിൽ ദൈവസ്നേഹത്തെ നാം മനസ്സിലാക്കണം. ദൈവത്തിന് എന്നോടുള്ള സ്നേഹത്തെക്കുറിച്ച് എനിക്ക് വളരെ അവ്യക്തമായ ഒരു കാഴ്ചപ്പാടായിരുന്നു ഉണ്ടായിരുന്നത്. നമ്മുടെ ജീവിതത്തിലെ ഏറ്റവും ശക്തമായ ഒരു ശക്തിയുടെ ഉറവിടമാണ് ദൈവസ്നേഹം. ഈ സ്നേഹം മൂലം ജീവിതത്തിൽ ഏറ്റവും ബുദ്ധിമുട്ടേറിയ പരീക്ഷയെയും വിജയകരമാക്കാം.

# നിങ്ങൾ സ്വയം പറഞ്ഞുകൊണ്ടിരിക്കുക

*പന്ത്രണ്ട് സംവത്സരമായിട്ട് രക്തസ്രാവമുള്ളവളായി പല വൈദ്യന്മാരാലും ഏറിയോന്നു സഹിച്ചു തനിക്കുള്ളതൊക്കെയും ചെലവഴിച്ചിട്ടും ഒട്ടും, ഭേദം വരാതെ ഏറ്റവും പരവശയായിത്തീർന്നിരരിക്കുന്ന ഒരു സ്ത്രീ യേശുവിന്റെ വർത്തമാനം കേട്ട് അവന്റെ വസ്ത്രം എങ്കിലും തൊട്ടാൽ ഞാൻ രക്ഷപ്പെടുമെന്ന് പറഞ്ഞ് പുരുഷാരത്തിൽകൂടി പുറകിൽ വന്ന് അവന്റെ വസ്ത്രം തൊട്ടു.*

— മർക്കോസ് 5:25–28

12 വർഷമായി രക്തസ്രാവമുള്ളതായ സ്ത്രീ, അവൾ വളരെ കഷ്ടം സഹിച്ചു. അവളെ ആരും സഹായിപ്പാനില്ലായിരുന്നു. ഒരു പ്രത്യാശയില്ലാതെ അവൾ ജീവിച്ചു. യേശുവിന്റെ അടുക്കലേക്കു പോകുവാൻ ചിന്തിച്ചപ്പോൾ “എന്തു പ്രയോജനം” എന്നുള്ള വാക്കുകൾ കേട്ടിരിക്കാം എന്നാൽ തിങ്ങിനിറഞ്ഞ ജനത്തിന്റെ ഇടയിലൂടെ അവൾ കടന്നു യേശുവിന്റെ വസ്ത്രം തൊട്ടു. യേശുവിൽ നിന്നു ശക്തി പുറപ്പെട്ടു അവളെ സൗഖ്യമാക്കി. “അവളുടെ രക്തസ്രവം നിന്നു ബാധമാറി” (വായിക്കുക 29–34). എന്നാൽ നമ്മൾ മറക്കാൻ പാടില്ലാത്ത ഒരു കാര്യമുണ്ട് അവൾ പറഞ്ഞു. “അവന്റെ വസ്ത്രം എങ്കിലും തൊട്ടാൽ ഞാൻ രക്ഷപ്പെടുമെന്ന്.” (മർക്കോസ് 5:28)

അവൾ പറഞ്ഞുകൊണ്ടിരിക്കുന്നത് നിങ്ങൾക്ക് മനസ്സിലായോ? അവളുടെ അനുഭവം എന്തായാലും മറ്റുള്ളവർ അവളെ നിരുത്സാഹപ്പെടുത്തിയാലും, പന്ത്രണ്ടു വർഷം പഴക്കമുള്ള രോഗമായിരുന്നാലും, ജനക്കൂട്ടം തിങ്ങിനിറഞ്ഞിരുന്നെങ്കിലും അവൾക്ക് ഒരു അത്ഭുതം സംഭവിച്ചു. അവളുടെ വിശ്വാസമാണ് അവൾക്ക് വിടുതലിന് കാരണമായത് (വാക്യം 34). യേശു അതു പറഞ്ഞു അവളുടെ വിശ്വാസം വാക്കുകളിലൂടെ വെളിപ്പെട്ടു. വിശ്വാസം പ്രവർത്തിക്കണമെങ്കിൽ നാം അതിനെ ഉണർത്തണം. നമ്മുടെ വാക്കുകളിലൂടെ വിശ്വാസത്തെ പ്രവർത്തന നിരതമാക്കാം. ദൈവം എന്നെ സഹായിക്കുമെന്ന് തുടർമാനമായി പറയുക പ്രത്യാശ കൈവിടരുത്.

# വഴിയിലേക്കു മടങ്ങിവരിക

*നാം അവന്റെ കൈപ്പണിയായി സൽപ്രവർത്തിക്കായിട്ട് ക്രിസ്തുയേശു വിൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു; നാം ചെയ്തു പോരേണ്ടതിനു ദൈവം അവ മുന്നൊരുക്കിയിരിക്കുന്നു.*

— എഫെസ്യർ 2:10

നാം ദൈവത്തിന്റെ കരങ്ങളാൽ നിർമ്മിക്കപ്പെട്ട ദൈവത്തിന്റെ കൈപ്പണി യാണ്. എന്നാൽ പാപം നിമിത്തം തകർന്ന നമ്മെ ക്രിസ്തുയേശു മൂലം വീണ്ടും സൃഷ്ടിച്ചു. സാത്താൻ നമ്മെ തകർക്കുന്നതിനു മുമ്പെ ദൈവം പദ്ധ തിയിട്ടിരിക്കുന്ന സൽപ്രവർത്തികൾ ചെയ്യുവാൻ വീണ്ടും ജനനംമൂലം നമുക്ക് കഴിയുന്നു. നമ്മുടെ ജീവിതത്തിലെ കഷ്ടതകളും തോൽവികളും മൂലം ദൈവം തന്റെ പദ്ധതിയൊരിക്കലും മാറ്റുന്നില്ല. അത് ഇപ്പോഴുമുണ്ട് അതി ലേക്കു മടങ്ങിവരാം. ദൈവത്തിന്റെ വഴിയിൽ ജീവിക്കാം.

# തകരാത്ത കൂട്ടായ്മ

*നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോട് പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനുമാകുന്നു. നാം പാപം ചെയ്തിട്ടില്ല എന്നു പറയുന്നവെങ്കിൽ അവനെ അസത്യവാദിയാക്കുന്നു. അവന്റെ വചനം നമ്മിൽ ഇല്ലാതെയായി.*

— 1 യോഹന്നാൻ 1:9

ദൈവത്തെക്കൂടാതെ എങ്ങനെ ഒരു മനുഷ്യനു ഒരു ദിവസം ജീവിച്ചു തീർക്കാൻ കഴിയുന്നുവെന്ന് ഞാൻ അത്ഭുതപ്പെടാറുണ്ട്. ദൈവത്തിന്റെ സാന്നിദ്ധ്യം അനുഭവിച്ചറിയുവാൻ കഴിയുന്നില്ലെങ്കിൽ എനിക്കൊരു ദിവസം ശരിയായി നിൽക്കുവാൻ കഴിയുന്നില്ല. ഒരു പരസ്യസ്ഥലത്ത് മാതാവിനെ നഷ്ടപ്പെട്ട ചെറിയ കുട്ടിയുടെ സ്ഥിതിയായിരിക്കും എനിക്കുണ്ടാകുന്നത്. മാതാവിനെ ലഭിക്കുവാൻ വേണ്ടിയുള്ള അന്വേഷണം നടത്തുവാനെ എനിക്കു കഴിയുകയുള്ളൂ. കർത്താവിന്റെ കൂട്ടായ്മയിൽ നിന്ന് അകന്നിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. എന്റെ ജീവിതത്തിലെ ഓരോ ദിവസവും അവൻ കൂടെ വേണം.

കർത്താവിനോടുള്ള കൂട്ടായ്മയ്ക്കു ഭംഗം വരുന്ന കാര്യങ്ങൾ ഞാൻ ചെയ്യുമ്പോൾ ദൈവാത്മാവ് എന്റെ മനസാക്ഷിയിൽ ആ കാര്യം ബോധ്യമാക്കുന്നു. എന്റെ തെറ്റ് എന്നെ ചൂണ്ടിക്കാണിക്കുകയും ഞാൻ ആയിരിക്കേണ്ട സ്ഥാനത്തേക്കു എന്നെ മടക്കിക്കൊണ്ടുവരുന്നു. അവൻ എന്നെ തെറ്റ് ചൂണ്ടിക്കാട്ടി ബോധ്യം നൽകുന്നു. ഒരിക്കലും ഉപേക്ഷിക്കുന്നില്ല.

നഷ്ടപ്പെട്ടുപോയി എന്നുള്ള ചിന്തയാണ് ഭരിക്കുന്നതെങ്കിൽ അത് ദൈവത്തിൽ നിന്നുള്ളതല്ല. ദൈവം യേശുവിനെ നമ്മുടെ പാപപരിഹാരമായി കാൽവറി ക്രൂശിൽ മരണത്തിനേൽപ്പിച്ചു. യേശു നമ്മുടെ ശിക്ഷയും പാപവും വഹിച്ചു (വായിക്കുക യെശ്ശയ്യാവ് 53) നമുക്ക് പാപത്തിൽ നിന്നു സ്വാതന്ത്ര്യം ലഭിച്ചു നാം ഇനി കുറ്റബോധം വഹിക്കേണ്ട ഒരിക്കൽ ദൈവം പാപത്തിന്റെ രക്തം നമ്മിൽ നിന്നും ഒടിച്ച് കളഞ്ഞെങ്കിൽ അവൻ പാപത്തിന്റെ ഫലമായ കുറ്റബോധവും നീക്കി.

നമ്മുടെ പാപങ്ങളെ ക്ഷമിക്കുവാൻ തക്കവണ്ണം ദൈവം നീതിമാനും വിശ്വസ്തനുമാണ് അവൻ നമ്മെ എന്നും സകല അനീതിയും പോക്കി ശുദ്ധീകരിക്കുന്നു. എല്ലാ ദിവസവും നമുക്ക് പാപക്ഷമ ആവശ്യമാണ്. പാപത്തെ തിരിച്ചറിയുവാൻ ദൈവാത്മാവ് നമ്മെ സാഹായിക്കുന്നു. ദൈവാത്മാവിന്റെ സഹായത്താൽ കർത്താവിൽ നാം ആശ്രയിക്കുമ്പോൾ നമുക്ക് പാപക്ഷമ ലഭിക്കുകയും ദൈവമുമ്പാകെ ശരിയായി ജീവിക്കുവാൻ കഴിയുകയും ചെയ്യുന്നു.

# വിശ്വസ്തരായിരിക്കുക

*അതുകൊണ്ട് വിശുദ്ധ സഹോദരന്മാരേ സ്വർഗ്ഗീയ വിളിക്ക് ഓഹരിക്കാരായുള്ളോരെ, നാം സ്വീകരിച്ചു പറയുന്ന അപ്പോസ്തലനും മഹാപുരോഹിതനുമായ യേശുവിനെ ശ്രദ്ധിച്ചു നോക്കുവിൻ. മോശെ ദൈവ ഭവനത്തിൽ ഒക്കെയും വിശ്വസ്തരായിരുന്നതുപോലെ യേശുവും തന്നെ നിയമിച്ചാക്കിയവനു വിശ്വസ്തനാകുന്നു.*

— എബ്രായർ 3:1–2

ഏബ്രായർ 3 – ൽ നാം വായിക്കുന്നത് മോശെയും യേശുവും വിശ്വസ്തരായിരുന്നുവെന്നാണ്. പുതിയ നിയമ ഗ്രീക്ക് ഭാഷയിൽ വിശ്വസ്തൻ എന്ന വാക്കിനുള്ള ആശയം "ആശ്രയിക്കുന്നവൻ, നേരുള്ളവൻ" എന്നിവയാണ്. മറ്റൊരു നിലയിൽ പറഞ്ഞാൽ വാക്കു പറഞ്ഞാൽ മാറാത്തവൻ എന്നാണ് അർത്ഥം. നാം ഒരാളോടു ഒരു കാര്യം ചെയ്യുമെന്നു പറഞ്ഞാൽ തീർച്ചയായും ചെയ്യണം. ഒരു സ്ഥലത്ത് ഒരു പ്രത്യേക സമയത്ത് വരുമെന്നു പറഞ്ഞാൽ ആ സമയത്ത് ആ സ്ഥലത്ത് എത്തണം. ആശ്രയിക്കുവാൻ കഴിയാത്ത ആളുകൾ അധികമുണ്ടെന്നുള്ളത് അത്ഭുതകരമായ കാര്യമാണ്. അവർ പറയുന്നത് ചെയ്യുന്നില്ല. ചെയ്യേണ്ട സ്ഥലത്ത് കൃത്യസമയത്ത് ചെല്ലുന്നില്ല. ഒരു വ്യക്തി എത്ര കഴിവുള്ളവനായാലും വിശ്വസ്തനല്ലെങ്കിൽ ദൈവം ഉപയോഗിക്കുന്നില്ല.

ദൈവം നമ്മുടെ വിശ്വസ്തതയെ വിലയേറിയതായി കാണുന്നു. ദൈവം നമ്മുടെ വിസ്വസ്തതയെ പരിശോധിക്കുന്നവനാണ്. നാം ഇഷ്ടപ്പെടാത്ത ചില കാര്യങ്ങൾ ചില നാളുകൾ ചെയ്യുവാൻ നമ്മെ ഏൽപ്പിക്കും. നാം ചെയ്യേണ്ട കാര്യം വളരെ വിഷമമുള്ളതായിരിക്കാം. വലിയ സമർപ്പണത്തോടെ മറ്റൊരാളുടെ കീഴിൽ ചെയ്യേണ്ടി വരുമായിരിക്കാം. അപ്പോൾ ദൈവം പറയുന്നു. "വിശ്വസ്തരായിരിക്കുക" വിശ്വസ്തത ദിവസംതോറും നല്ല മനോഭാവത്തോടെ വെളിപ്പെടുത്തണം. ദൈവം അങ്ങനെയുള്ള വിശ്വസ്തതയ്ക്കു പ്രതിഫലം നൽകുന്നു. ലൂക്കോസ് 16:12 അനുസരിച്ച് അന്യമായതിൽ നാം വിശ്വസ്തരായിരിക്കുമ്പോൾ സ്വന്തമായത് ദൈവം നമുക്ക് തരും.

# നിങ്ങളുടെ മനോഭാവങ്ങൾ പരിശോധിക്കുക

*ഇപ്പോൾ ഞാൻ മനുഷ്യരെയോ ദൈവത്തെയോ സന്തോഷിപ്പക്കുന്നത് അല്ല ഞാൻ മനുഷ്യരെ പ്രസാദിപ്പിപ്പാൻ നോക്കുന്നുവോ ഇന്നും ഞാൻ മനുഷ്യരെ പ്രസാപ്പിക്കുന്നു എങ്കിൽ ക്രിസ്തുവിന്റെ ദാസനായിരിക്കുകയില്ല.*

— ഗലാത്യർ 1:10

നാം ചെയ്യുന്ന ഓരോ കാര്യത്തിന്റെയും പിന്നിലുള്ള മനോഭാവം വളരെ പ്രധാനപ്പെട്ടതാണ്. നമുക്ക് എപ്പോഴും ശുദ്ധിയുള്ള ഹൃദയം ഉണ്ടായിരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു.

നാം വിശ്വാസത്തോടെ കാര്യങ്ങൾ ചെയ്യണമെന്ന് ദൈവം ആവശ്യപ്പെടുന്നു. ദൈവം നമ്മെ ശരിയായ കാര്യങ്ങൾ ചെയ്യുവാനായി പ്രേരിപ്പിക്കുന്നു. ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നത് നാം സ്നേഹത്താൽ പ്രേരിപ്പിക്കപ്പെട്ട് കാര്യങ്ങൾ ചെയ്യണമെന്നാണ്. ദൈവത്തോടും മനുഷ്യരോടുമുള്ള സ്നേഹം നിമിത്തം നാം ചെയ്യേണ്ട കാര്യങ്ങൾ ചെയ്യണം.

ഭയപ്പെട്ടുകൊണ്ട് കാര്യങ്ങൾ ചെയ്യുന്നതിൽ ദൈവം പ്രസാദിക്കുന്നില്ല. മനുഷ്യരുടെ കാഴ്ചയ്ക്കുവേണ്ടി സൽപ്രവൃത്തികൾ ചെയ്യരുതെന്ന് ദൈവവചനം കല്പിച്ചിരിക്കുന്നു. അംഗീകാരവും ബഹുമാനവും ലഭിക്കുവാൻ വേണ്ടി നാം യാതൊന്നും ചെയ്യരുത്. നമ്മുടെ പ്രാർത്ഥന മനുഷ്യർ കാണേണ്ടതിനായിരിക്കരുത് അതുപോലെ ചില ശൈലികളും വാക്കുകളുടെ ആവർത്തിച്ചുള്ള ഉപയോഗംകൊണ്ടു ദൈവത്തെ സ്വാധീനിക്കുവാൻ ശ്രമിക്കരുത്. നമ്മുടെ പ്രാർത്ഥനകളുടെ മനോഹാരിതകൊണ്ടും നീളംകൊണ്ടും ദൈവം പ്രസാദിക്കുന്നില്ല. ദൈവം അന്വേഷിക്കുന്നത് പ്രാർത്ഥനയിലുള്ള ആത്മാർത്ഥതയും തീവ്രതയുമാണ്. അശുദ്ധിയോടെ ചെയ്യുന്ന എല്ലാ പ്രവർത്തികളും ന്യായവിധി ദിവസത്തിൽ വെന്തുപോകും. തെറ്റായ മനോഭാവത്തോടെ ചെയ്യുന്ന എല്ലാ പ്രവർത്തികൾക്കും പ്രതിഫലം നഷ്ടപ്പെടും. (വായിക്കുക. മത്തായി 6:1–7, 1 കൊരിന്ത്യർ 3:12–15)

നാം ഓരോ ദിവസവും സമയമെടുത്ത് നാം ചെയ്യുന്ന കാര്യങ്ങൾ എങ്ങനെയാണ് ചെയ്യുന്നതെന്നു പരിശോധിക്കണം. ദൈവത്തിനു പ്രസാദമായത് നാം എന്തുമാത്രം കാര്യങ്ങൾ ചെയ്യുന്നതിനെക്കാൾ ഉപരി ഏതു മനോഭാവത്തോടെ ചെയ്യുന്നുയെന്നതാണ്.

# രക്ഷയുടെ സന്തോഷം

*എന്റെ ഉള്ളം യഹോവയിൽ ആനന്ദിക്കും അവന്റെ രക്ഷയിൽ സന്തോഷിക്കും*

— സങ്കീർത്തനം 35:9

ദാവീദ് തന്റെ രക്ഷയും സന്തോഷവും ദൈവത്തിലാണ് കണ്ടെത്തിയത്. ദാവീദ് പാപത്തിൽ വീണതിനുശേഷം പ്രാർത്ഥിക്കുന്നത് നാം സങ്കീർത്തനം 51 ൽ വായിക്കുന്നുണ്ട്. "നിന്റെ രക്ഷയുടെ സന്തോഷം എനിക്കു തിരികെ തരേണമേ; മനസ്സൊരുക്കമുള്ള ആത്മാവിനാൽ എന്നെ താങ്ങേണമെ." കർത്താവായ യേശു തന്റെ നാമത്തിൽ ശുശ്രൂഷയ്ക്കയച്ച 70 പേരോടു പറഞ്ഞത് ലൂക്കോസ് 10:17–20 എന്ന ഈ വേദഭാഗത്ത് വായിക്കുന്നുണ്ട്.

*ആ എഴുപത്പേർ സന്തോഷത്തോടെ മടങ്ങിവന്നു. കർത്താവെ, നിന്റെ നാമത്തിൽ ഭൂതങ്ങളും ഞങ്ങൾക്കു കീഴടങ്ങുന്നു എന്നു പറഞ്ഞു. അവൻ അവരോട് സാത്താൻ മിന്നൽപോലെ ആകാശത്തു നിന്ന് വീഴുന്നത് ഞാൻ കണ്ടു. പാമ്പുകളെയും തേളുകളെയും ശത്രുവിന്റെ സകല ബലത്തെയും ചവിട്ടുവാൻ ഞാൻ നിങ്ങൾക്ക് അധികാരം തരുന്നു; ഒന്നും നിങ്ങൾക്ക് ഒരിക്കലും ദോഷം വരുത്തുകയില്ല. എങ്കിലും ഭൂതങ്ങൾ നിങ്ങൾക്ക് കീഴടങ്ങുന്നതിലല്ല നിങ്ങളുടെ പേർ സ്വർഗ്ഗത്തിൽ എഴുയിരിക്കുന്നതിലത്രെ സന്തോഷിപ്പിൻ.*

എനിക്കും നിങ്ങൾക്കും മറ്റൊരു കാരണവും സന്തോഷിപ്പാനില്ല. അത്യധികമായി സന്തോഷിപ്പാൻ രക്ഷ എന്ന ഏക കാരണം മതി. യേശുവിനെ അറിയാതിരിക്കുകയും മറ്റെല്ലാ കാര്യങ്ങളും ജീവിതത്തിൽ പൂർണ്ണമായിതീരുകയും ചെയ്യുന്നതിനെ ആലോചിച്ചു നോക്കുക. അല്ലെങ്കിൽ കർത്താവിനെ അറിയാതെ ഇപ്പോൾ ആയിരിക്കുന്ന സാഹചര്യം എങ്ങനെ അഭിമുഖീകരിക്കുവാൻ കഴിയും.

ചിലപ്പോൾ ജനം പറയുന്നത് ഞങ്ങൾ കേട്ടിട്ടുണ്ട് "ഞാൻ ഇപ്പോൾ ഒരു കഠിനമായ സ്ഥലത്തിനും ഒരു പാറയ്ക്കിടയിലുമായി പോയതുപോലെ തോന്നുന്നു." ക്രിസ്തുവിനെ അറിയാത്തവർ ഇതു പറയുമ്പോൾ അവർ സത്യസന്ധരാണ് കാരണം അവർ ഒരു കഠിനമായ സ്ഥലത്തിനും മറ്റൊരു കഠിനമായ സ്ഥലത്തിനുമിടയിലാണ്. എന്നാൽ ക്രിസ്തുവുമായ ബന്ധവും കൂട്ടായ്മയുമുള്ളവർ പാറയ്ക്കും (ക്രിസ്തു) കഠിനമായ സ്ഥലത്തിനുമിടയിലാണ്. ക്രിസ്തുവിനെക്കൂടാതെ ജീവിക്കുന്നവർക്ക് ലഭിക്കുന്ന എല്ലാത്തിനെക്കാളും ഏറ്റവും നല്ല സ്ഥാനമാണ് പാറയിൽ നിൽക്കുക യെന്നുള്ളത്.

# ആത്മാവ് വഴി നടത്തുന്നു പിശാച് വഴി തെറ്റിക്കുന്നു

*ഞാൻ നിന്നെ ഉപദേശിച്ചു നടക്കേണ്ടുന്ന വഴി നിനക്കു കാണിച്ചുതരും ഞാൻ നിന്റെമേൽ ദൃഷ്ടി വെച്ച് നിനക്ക് ആലോചന പറഞ്ഞുതരും.*

— സങ്കീർത്തനം 32:8

നാം കഷ്ടതയിലായിരിക്കുമ്പോൾ നമ്മെ വിടുവിക്കാമെന്നുള്ള ദൈവത്തിന്റെ വചനമുണ്ട്. നാം അറിയേണ്ട കാര്യങ്ങളെ അറിയിക്കുവാൻ ദൈവം തന്റെ ആത്മാവിനെ അയച്ചിട്ടുണ്ട്. കർത്താവ് തന്റെ ശിഷ്യന്മാരോട് പറഞ്ഞു

> *"ഇനിയും വളരെ നിങ്ങളോടു പറയുവാൻ ഉണ്ട്; എന്നാൽ നിങ്ങൾക്ക് ഇപ്പോൾ വഹിപ്പാൻ കഴിവില്ല. സത്യത്തിന്റെ ആത്മാവ് വരുമ്പോഴോ അവൻ നിങ്ങളെ സകല സത്യത്തിലും വഴി നടത്തും. അവൻ സ്വയമായി സംസാരിക്കാതെ താൻ കേൾക്കുന്നത് സംസാരിക്കുകയും വരുവാനുള്ളത് നിങ്ങൾക്ക് അറിയിച്ചു തരും. അവൻ എനിക്കുള്ളതിൽ നിന്നു എടുത്തു നിങ്ങൾക്ക് അറിയിച്ചു തരുന്നതുകൊണ്ട് എന്നെ മഹത്വപ്പെടുത്തും."*
>
> (യോഹന്നാൻ 16:12-14)

പരിശുദ്ധാത്മാവ് നമ്മെ സത്യത്തിലേക്ക് നടത്തുന്നതിൽ ഞാൻ സന്തോഷിക്കുന്നു. പിശാച് നമ്മെ പീഡിപ്പിക്കുവാനും നമ്മെ ദുരുപയോഗം ചെയ്യുവാനും ആഗ്രഹിക്കുന്നു. എന്നാൽ പരിശുദ്ധാത്മാവ് നമ്മെ ശാന്തമായി വഴി നടത്തുവാൻ ആഗ്രഹിക്കുന്നു. നാം ദൈവത്തിൽ നിന്നാണോ ശത്രുവിൽ നിന്നാണോ കേൾക്കുന്നതെന്നു തിരിച്ചറിയുവാനുള്ള വഴികളിലൊന്നാണിത്. നാം ചില കാര്യങ്ങളെക്കുറിച്ച് ഭാരപ്പെട്ട് മനം കലങ്ങി സംഘർഷത്തിലായിരിക്കുന്നുയെങ്കിൽ അത് ഒരിക്കലും ദൈവത്തിൽ നിന്ന് അല്ല. ദൈവം അങ്ങനെയല്ല പ്രവർത്തിക്കുന്നത് അതിനു പകരമായി പരിശുദ്ധാത്മാവ് വളരെ സൗമ്യമായി സത്യം നിങ്ങൾക്ക് വെളിപ്പെടുത്തിതരും.

# സത്യം അഭിമുഖീകരിക്കുന്നതിൽ നിന്നു ഓടിക്കളയരുത്

*അതിനു മനുഷ്യൻ: എന്നോടുകൂടെ ഇരിപ്പാൻ നീ തന്നിട്ടുള്ള സ്ത്രീ വൃക്ഷ ഫലം തന്നു; ഞാൻ തിന്നുകയും ചെയ്തു എന്നു പറഞ്ഞു. യഹോവയായ ദൈവം സ്ത്രീയോട് നീ ഈ ചെയ്തത് എന്ത് എന്നു ചോദിച്ചതിന്; പാമ്പ് എന്നെ വഞ്ചിച്ചു, ഞാൻ തിന്നുപോയി എന്നു സ്ത്രീ പറഞ്ഞു.*

— ഉല്പത്തി 3:12–13

ഏദെൻ തോട്ടത്തിൽ ദൈവം ആദാമിനെയും ഹവ്വയെയും അവരുടെ പാപത്തെക്കുറിച്ച് സംസാരിക്കുമ്പോൾ, അവർ അന്യോന്യം കുറ്റം പറയുകയും ദൈവത്തെയും പിശാചിനെയും പഴിചാരുകയും ചെയ്യുന്നു. കഴിഞ്ഞ കാലത്ത് ഞങ്ങളുടെ ഭവനത്തിൽ ഞാനും ഡേവും തമ്മിലുള്ള ബന്ധത്തിൽ ഇങ്ങനെയുള്ള കാഴ്ചകൾ അനവധി പ്രാവശ്യം കാണുവാൻ കഴിഞ്ഞിട്ടുണ്ട്. സത്യത്തെ അഭിമുഖീകരിക്കാതെ ജീവിതത്തിലെ പ്രശ്നങ്ങളെ തുടർമാനമായി ഒഴിവാക്കുവാൻ ശ്രമിച്ചുകൊണ്ടിരുന്നു. ഡേവിനു മാറ്റം വരുത്തണമെന്നു ഞാൻ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ഞാൻ ദൈവവചനം വായിക്കുകയും ഡേവിന്റെ പോരായ്മകളെ കാണുകയും അയാൾ എത്രത്തോളം രൂപാന്തരപ്പെടണമെന്ന് മനസ്സിലാക്കുകയും ചെയ്തുകൊണ്ടിരുന്നു. ഞാൻ പ്രാർത്ഥിച്ചപ്പോൾ ദൈവം നൽകിയ ഉത്തരമിതാണ് “ജോയ്സ്, ഡേവ് അല്ല പ്രശ്നം നീയാണ്.”

അത് എന്റെ അഹങ്കാരത്തിനേറ്റ ഒരു അടിയായിരുന്നു. എന്നാൽ കർത്താവിലൂടെ എനിക്കു ലഭിക്കുന്ന മാറ്റത്തിന്റെ ആരംഭവുമായിരുന്നു. മറ്റ് അനേകരെപ്പോലെ ഞാനും എല്ലാ കുറ്റങ്ങളും മറ്റുള്ളവരിലും സാഹചര്യങ്ങളിലും പഴിചാരിപോന്നിരുന്നു. എനിക്കു ലഭിക്കുന്ന പീഡനം നിമിത്തമാണ് ഞാൻ തെറ്റായി പ്രതികരിക്കുന്നതെന്നു ഞാൻ ചിന്തിച്ചിരുന്നു. എന്നാൽ ദൈവം എന്നോട് പറഞ്ഞു “നിന്റെ ജീവിതത്തിലുണ്ടാകുന്ന പീഡനമായിരിക്കാം നീ ഇങ്ങനെ പെരുമാറുവാൻ കാരണം എന്നാൽ അത് ഈ വഴി തുടരേണ്ടതിനു കാരണമായിക്കൂടാ” നമ്മുടെ ജീവിതത്തെക്കുറിച്ചും സ്വഭാവത്തെക്കുറിച്ചുമുള്ള യാഥാർത്ഥ്യങ്ങൾ അഭിമുഖീകരിക്കുന്നതാണ് ഏറ്റവും പ്രയാസകരമായ കാര്യമെന്നു ഞാൻ കരുതുന്നു. അതു വേദനാജനകമായതുകൊണ്ട് അനേകരും അതിൽ നിന്ന് ഓടിയൊളിക്കുന്നു. മറ്റുള്ളവരെക്കുറിച്ചുള്ള സത്യത്തെ കാണുന്നതിനു നമുക്ക് വളരെ എളുപ്പമാണ്. എന്നാൽ നമ്മുടെ ജീവിതവുമായി ബന്ധപ്പെടുമ്പോൾ അത് കൈകാര്യം ചെയ്യുന്നത് ബുദ്ധിമുട്ടായി തോന്നും.

# നിങ്ങളായിരിക്കുന്ന യാഥാർത്ഥ്യം വെളിപ്പെടുത്തുക

*ഒടുവിൽ സഹോദരന്മാരെ സത്യമായതൊക്കെയും ഘനമായതൊക്കെയും നീതി യായതൊക്കെയും നിർമ്മലമായതൊക്കെയും രമ്യമായതൊക്കെയും സൽഗു ണമൊ പുകഴ്ചയായതൊക്കെയും ചിന്തിച്ചുകൊൾവിൻ.*

— ഫിലിപ്പിയർ 4:8

"നിങ്ങളായിരിക്കുന്ന അവസ്ഥ- വെളിപ്പെടുത്തുക" ഒരു മനശാസ്ത്ര പഠന പരിപാടിയായി തോന്നാം. എന്നാൽ ഈ ആശയം വെളിപ്പെട്ടുവന്നിരിക്കു ന്നത് ബൈബിളിൽ നിന്നാണ്. "അവൻ തന്റെ മനസ്സിൽ കണക്കുകൂട്ടുന്നതു പോലെ ആകുന്നു" (സദൃശ്യവാക്യങ്ങൾ 23:7). "മനുഷ്യന്റെ മനസ്സുപോകു ന്നതിലെയാണ് അവൻ പോകുന്നത്" എന്നു പറയുവാൻ ഞാൻ ആഗ്രഹി ക്കുന്നു.

ക്രിയാത്മകമായ ജീവിതത്തിന് അടിസ്ഥാനം ക്രിയാത്മകമായ ചിന്തക ളാണ്. ആകാംക്ഷ നിറഞ്ഞ ചിന്തകളും തെറ്റായ പ്രതീക്ഷകളും കൊണ്ട് നമ്മുടെ ജീവിതത്തെ ഏറ്റവും ദു::ഖപൂർണ്ണമാക്കി തീർക്കുവാനും കഴിയും. നാം സാധാരണയായി ചിന്തിക്കുന്നത് പ്രശ്നങ്ങളാണ് നമ്മുടെ ജീവിതത്തെ നശിപ്പിക്കുന്നതെന്നു എന്നാൽ പ്രശ്നങ്ങളോടുള്ള നമ്മുടെ മനോഭാവമാണ് ജീവിതത്തെ നശിപ്പിക്കുന്നത്. അനുകൂലമല്ലാത്ത സാഹചര്യങ്ങളിലും നല്ല മനോഭാവത അനുഭവിക്കുന്നവരെ ഞാൻ കാണാറുണ്ട്. എന്ന അനുകൂല സാഹചര്യങ്ങളും പണവുമെല്ലാമുണ്ടായിട്ടും പിറുപിറുക്കുകയും പരാതിപ്പെ ടുകയും തെറ്റായി കാര്യങ്ങളെ കണ്ട് വിരക്തിയും സ്വയസഹാതാപവുമായി ജീവിതം തള്ളിനീക്കുന്നവരെയും കാണാറുണ്ട്. നാം കരുതുന്നതിനെക്കാൾ അധികമായി നമ്മുടെ ജീവിതംകണ്ട് നമുക്ക് ചെയ്യുവാൻ കഴിയും. നല്ല ആരോ ഗ്യത്തോടെ ജീവിക്കുന്നതിനു ശരിയായി ചിന്തിക്കുവാൻ പരിശീലിക്കണം.

ചിന്തകൾ വികാരങ്ങളെ സ്വാധിനിക്കും അവ രണ്ടും ചേർന്ന് ശരീരത്തെ ബാധിക്കും ശരിയായ ഒരു മനസ്സ് കാത്ത് സൂക്ഷിക്കണം. മനസ്സുപുതുക്കി രൂപാന്തരപ്പെടുകയെന്നുള്ളത് സമയവും ശ്രമവും ആവശ്യമായിട്ടുള്ള താണ്. ക്രിയാത്മകമായി ചിന്തിക്കുവാൻ പരിശീലനം ആവശ്യമാണ്. അത് ചെയ്യുവാൻ ദൈവവചന വായന നിങ്ങളെ സഹായിക്കുന്നതാണ്.

# അതു താഴെ വീഴട്ടെ

*നിങ്ങൾ പ്രാർത്ഥിപ്പാൻ നിൽക്കുമ്പോൾ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് നിങ്ങളുടെ പിഴകളെയും ക്ഷമിക്കേണ്ടതിനു നിങ്ങൾക്ക് ആരോടെങ്കിലും വല്ലതും ഉണ്ടെങ്കിൽ അവനോട് ക്ഷമിപ്പിൻ.*

— മർക്കോസ് 11:25

നിഘണ്ടു അനുസരിച്ച് ക്ഷമിക്കുക എന്നതിനർത്ഥം ദേഷ്യവും വിരക്തിയും ഉപേക്ഷിക്കുക, കടക്കാരനോട് ക്ഷമിക്കുക തുടങ്ങിയവയാണ്. ഈ വാക്യത്തിൽ ആംപ്ലിഫൈയ്ഡ് ഭാഷാന്തരം ഉപയോഗിച്ചിരിക്കുന്ന ഭാഷാപ്രയോഗം എന്നെ വളരെ സ്വാധീനിച്ചു. "അത് താഴെ വീഴട്ടെ" നിങ്ങളും മറ്റൊരാളുമായി ഒരു പ്രശ്നമുണ്ടായിട്ട് ആ പ്രശ്നം പരിഹരിച്ച് കഴിഞ്ഞിട്ടും എതിർവ്യക്തി പിന്നെയും അതു മനസ്സിൽ സൂക്ഷിച്ചുകൊണ്ടിരിക്കുന്നത് എത്രയോ പ്രാവശ്യം ഉണ്ടായിരിക്കുന്നു. ഞങ്ങളുടെ കുടുംബജീവിതത്തിൽ എനിക്കും ഭർത്താവിനും തമ്മിൽ ഇങ്ങനെയുള്ള അനുഭവങ്ങളിലൂടെ അനവധി പ്രാവശ്യം കടന്നുപോകേണ്ടി വന്നു. സ്ത്രീകളെക്കാൾ പുരുഷന്മാരാണ് കാര്യങ്ങൾ ക്ഷമിക്കുവാനും മറക്കുവാനും കൂടുതൽ ഒരുക്കമുള്ളവരെന്നു ഞാൻ കരുതുന്നു. പരിഭവം ഹൃദയത്തിൽ സൂക്ഷിക്കുന്ന ഭാര്യയുടെ സ്വഭാവം ശരിയല്ല. ഞാൻ അങ്ങനെ ഒരാളായിരുന്നതുകൊണ്ട് എനിക്ക് അത് ശരിക്കറിയാം.

ഞാനും ഡേവും തമ്മിൽ അഭിപ്രായവ്യത്യാസമോ പ്രശ്നങ്ങളോ ഉണ്ടാകുമ്പോൾ അദ്ദേഹം പറയും "നമുക്ക് ആ കാര്യം മറക്കാം" എന്നാൽ വീണ്ടും വീണ്ടും അതേ കാര്യം തന്നെ ഞാൻ സംസാരിക്കും അപ്പോൾ ഡേവ് നിരാശയോടെ പറയുന്നത് ഞാൻ ഓർക്കുന്നു "ജോയ്സ് ഇപ്പോൾ നാം അത് ഉപേക്ഷിച്ചതല്ലേ?" ഇതുതന്നെയാണ് കർത്താവ് ഈ വാക്യത്തിൽ പറയുന്നത് ഉപേക്ഷിക്കുക അവസാനിപ്പിക്കുക അതുപോകട്ടെ അതിനെക്കുറിച്ച് സംസാരിക്കുന്നത് നിർത്തുക.

# മനുഷ്യനെ സ്നേഹിക്കുക ദൈവത്തിലാശ്രയിക്കുക

*പെസഹപെരുന്നാളിൽ യെരുശലേമിൽ ഇരിക്കുമ്പോൾ അവൻ ചെയ്ത അടയാളങ്ങൾ കണ്ടിട്ട് പലരും അവന്റെ നാമത്തിൽ  വിശ്വസിച്ചു. യേശുവോ എല്ലാവരെയും അറികക്കൊണ്ട് തന്നെത്താൻ അവരുടെ പക്കൽ വിശ്വസിച്ചേൽപ്പിച്ചില്ല. മനുഷ്യനിലുള്ളത് എന്തു എന്നു സ്വതവെ അറിഞ്ഞിരിക്കയാൽ മനുഷ്യനെക്കുറിച്ച് യാതൊരുത്തന്റെയും സാക്ഷ്യം ആവിശ്യമായിരുന്നില്ല.*

— യോഹന്നാൻ 2:23–25

യേശു ജനത്തെ സ്നേഹിച്ചു പ്രത്യേകിച്ച് തന്റെ ശിഷ്യന്മാരെ. അവൻ അവരുമായി കൂട്ടായ്മ ആചരിച്ചു അവൻ അവരുമായി സഞ്ചരിച്ചു, ഭക്ഷിച്ചു അവരെ പഠിപ്പിച്ചു. എന്നാൽ കർത്താവ് അവരിൽ ആശ്രയിച്ചില്ല. കാരണം മനുഷ്യന്റെ സ്വഭാവം എന്താണെന്നു കർത്താവിനു നല്ലവണ്ണം അറിയാമായിരുന്നു. നാം ഇതെ നിലയിലായിരിക്കണം. ജനത്തെ സ്നേഹിക്കണം ദൈവത്തിലാശ്രയിക്കണം. ഞാൻ എന്റെ ഭർത്താവിനെ സ്നേഹിക്കുന്നു. ഞങ്ങൾ തമ്മിൽ നല്ല ബന്ധമാണുള്ളത്. ഡേവ് മേയറിനെക്കാൾ നല്ലയൊരാളെ എനിക്ക് വിവാഹം കഴിക്കുവാൻ കഴിയുമെന്ന് കരുതുന്നില്ല. അദ്ദേഹം എനിക്ക് നല്ലവനാണ് അദ്ദേഹം എന്നെ ബഹുമാനിക്കുന്നു. ഒരു ഭാര്യയെ ഭർത്താവ് എങ്ങനെ കരുതുമോ അങ്ങനെ തന്നെ ചെയ്യുന്നു. എന്നാൽ ഒരു മനുഷ്യനെന്ന നിലയിൽ എന്നെ മുറിവേല്പ്പിക്കുന്ന ചില കാര്യങ്ങൾ ചെയ്യുകയും സംസാരിക്കുകയും ചെയ്യാറുണ്ട്. അതുപോലെ ഞാനും അദ്ദേഹത്തെ മുറിവേൽപ്പിക്കുന്ന ചിലത് സംസാരിക്കുകയും  പ്രവർത്തിക്കുകയുമുണ്ട്.

ഏറ്റവും നല്ല മാനുഷിക ബന്ധങ്ങൾക്കു പോലും ഇങ്ങനെ സംഭവിക്കുന്നത് എന്തുകൊണ്ടാണ്. എന്തുകൊണ്ടെന്നാൽ നാം ആരും പരിപൂർണ്ണരല്ല. ദൈവത്തിനു മാത്രമെ നമ്മെ നിരാശപ്പെടുത്താതെ പരിചയപ്പെടുത്താതെ മുറിവേൽപ്പിക്കാതെ തെറ്റൊന്നും ചെയ്യാതെ കരുതുവാൻ കഴിവുള്ളൂ. നാം എത്രത്തോളം സ്നേഹിച്ച്, ബഹുമാനിച്ച് മറ്റുള്ളവരോട് പെരുമാറിയാലും പ്രത്യേകിച്ച് നമ്മുടെ ജീവിത പങ്കാളി കുടുംബത്തിലെ അംഗങ്ങൾ നാം ഒരിക്കലും ജഡത്തിന്റെ ബലഹീനമായ കരങ്ങളിൽ നമ്മുടെ ആശ്രയം വെയ്ക്കരുത്. പിന്നെയോ ദൈവത്തിന്റെ ശക്തിയുള്ള കരത്തിൽ ആശ്രയിക്കണം.

# നാം ക്രിസ്തുവിൽ സംപൂർണ്ണരാണ്

*എല്ലാ വാഴ്ചക്കും അധികാരത്തിനും തലയായ*
*അവനിൽ നിങ്ങൾ പരിപൂർണ്ണരായിരിക്കുന്നു.*

— കൊലൊസ്സ്യർ. 2:10

*നിങ്ങൾ അവനിൽ ഇരിക്കുന്നു, എല്ലാ വാഴ്ചയ്ക്കും അധികാരത്തിനും തലയായ അവനിൽ നിങ്ങൾ പൂർണ്ണരായിരിക്കുന്നു - പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് - ആത്മീയമായി പൂർണ്ണരായിരിക്കുന്നു. (എല്ലാ വാഴ്ചയ്ക്കും അധികാരത്തിനും തലയാ യിരിക്കുന്നു.)*

— കൊലൊസ്സ്യർ. 2:10

നമ്മുടെ ജീവിതത്തിൽ എന്തോ നഷ്ടമായിരിക്കുന്നുയെന്നുള്ള തോന്നൽ, തന്മൂലം എന്തെക്കെയോ നമ്മെ നിരാശപ്പെടുത്തുന്നു. നാം യിരെമ്യാവ്. 2:13ൽ പറയുന്ന ആളുകളെപ്പോലെ ആയിരിക്കുന്നു. അവർ വെള്ളമില്ലാത്ത കിണ റുകളെ കുഴിക്കുന്നു. നമ്മുടെ ജീവിതത്തിൽ നഷ്ടമായതിനെ നേടുവാൻ ഓരോന്നു മാറി മാറി പരീക്ഷിക്കുന്നു. പക്ഷെ ഒന്നും സംതൃപ്തി നൽകു ന്നില്ല. നമ്മുടെ ചിന്തയും വികാരവും അപൂർണ്ണമായിരിക്കുന്നു. എന്നാലും മുകളിൽ പറഞ്ഞിരിക്കുന്ന വാക്യത്തിലെപ്പോലെ യേശുവിൽ നാം പരിപൂർണ്ണ രാണ്.

പരിപൂർണ്ണരായിരിക്കുക എന്നു പറഞ്ഞാൽ സംതൃപ്തിയോടെ, നിറഞ്ഞ വരായി, ഉറപ്പിക്കപ്പെട്ടവരായി തീർന്നിരിക്കുന്നുയെന്നതാണ്. ക്രിസ്തുവിനെ കൂടാതെ ജനം എന്തിനൊക്കെയോ വേണ്ടി അന്വേഷിക്കുന്നവരാണ്. നമുക്ക് എല്ലാവർക്കും സംതൃപ്തി വേണം നമുക്ക് മറ്റുള്ളവരാൽ സ്നേഹിക്കപ്പെടു വാനും അംഗീകരിക്കപ്പെടുവാനും ആഗ്രഹമുണ്ട്. ജനങ്ങളുടെ ആദരവും അംഗീകാരവും നമ്മെ പരിപൂർണ്ണരാക്കുമെന്നാണ് നാം ചിന്തിക്കുന്നത്. ദൈവ ത്തിന് തരുവാൻ കഴിയുന്നതിനെ പ്രാപിച്ചാൽ നാം മനുഷ്യനിലാശ്രയിക്കു മ്പോൾ നാം ശാപത്തിന്റെ കീഴിലാണ്. എന്നാൽ നാം കർത്താവിൽ വിശ്വ സിച്ച് അനുഗ്രഹിക്കപ്പെട്ടവരാകുന്നു (വായിക്കുക യിരെമ്യാവ്. 17:5–8). നാം ആഗ്രഹിക്കുന്ന സന്തോഷം, സമാധാനം, പൂർത്തീകരണം ഇവയെല്ലാം ദൈവ ത്താൽ നിറയപ്പെടുമ്പോഴല്ലാതെ മറ്റൊന്നിനും തരുവാൻ കഴിയില്ല.

# പരിശുദ്ധാത്മാവ് ഉയർത്തുന്നവൻ

*എന്നാൽ ഞാൻ പിതാവിനോട് ചോദിക്കും. അവൻ സത്യത്തിന്റെ ആത്മാവു എന്ന മറ്റൊരു കാര്യസ്ഥനെ(മന്ത്രി, സഹായി, മദ്ധ്യസ്ഥൻ, പക്ഷപാദകൻ, സഹായി, ഇടനിലക്കാരൻ എന്നേക്കും നിങ്ങളോടു കൂടെ ഇരിക്കേണ്ടതിനു നിങ്ങൾക്കു തരും.*

— യോഹന്നാൻ 14:16

ഉയർത്തുക എന്താണെന്നു നിങ്ങൾക്കറിയാമോ? യേശു സ്വർഗ്ഗാരോഹണം ചെയ്യുന്നതിനു മുമ്പ് ശിഷ്യന്മാരോടു പറഞ്ഞു "എന്നാൽ ഞാൻ പിതാവിനോട് ചോദിക്കും അവൻ സത്യത്തിന്റെ ആത്മാവ് എന്ന മറ്റൊരു കാര്യസ്ഥനെ... നിങ്ങൾക്കു തരും." ഇവിടെ "കാര്യസ്ഥൻ" എന്നതിനു ആശ്വാസപ്രദൻ എന്നും അർത്ഥമുണ്ട്. ഗ്രീക്ക് ഭാഷയിൽ ആശ്വാസപ്രദൻ എന്നതിനു ഉപയോഗിച്ചിരിക്കുന്നത് 'പാരക്ലീറ്റോസ്' എന്ന വാക്കാണ്. ഇതിന്റെ അർത്ഥം 'അരികിൽ വന്ന സഹായിക്കുന്നവൻ എന്നാണ്' നമ്മെ പ്രബോധിപ്പിക്കുവാൻ ധൈര്യപ്പെടുത്തുവാൻ അരികിൽ വരുന്നവനാണ് ആശ്വാസപ്രദൻ. പരിശുദ്ധാത്മാവ് ചെയ്യുന്നതെല്ലാം "നമ്മെ ഉയർത്തി നിർത്തുവാനാണ്." നാം മാനസികമായി തകർന്നു പോകാതിരിക്കുവാൻ പരിശുദ്ധാത്മാവ് എപ്പോഴും നമ്മോടു കൂടെയുണ്ട്.

വെബ്സ്റ്റേഴ്സ് II ന്യൂ കോളജ് (1995) അനുസരിച്ച് "ആകുലചിന്ത" എന്നതുകൊണ്ട് അർത്ഥമാക്കുന്നത്: 1. നമ്മെ ദുഖിതരാക്കുക, 2. പിന്നോട്ടു വലിക്കുക, 3. ബലഹീനതപ്പെടുത്തുക തുടങ്ങിയവയാണ്.

സാത്താൻ നമ്മെ തളർത്തുവാൻ, അവൻ നമ്മെ ആത്മാവിൽ ബലഹീനരാക്കുകയും ദു:ഖിപ്പിക്കുകയും പിന്നോട്ടു വലിക്കുകയും ദൈവത്തിനുവേണ്ടി പ്രവർത്തിക്കുന്നതിൽ നിന്നു പിന്തിരിപ്പിക്കുകയും ചെയ്യുന്നു. നാം മുന്നോട്ടു യാത്ര ചെയ്യുന്നതിനു സാത്താൻ തടസ്സം ഉണ്ടാക്കുന്നു. നമ്മുടെ ശക്തിയെല്ലാം ചോർന്നു നാം *പിന്നോട്ടു പോകണമെന്ന്* സാത്താൻ ആഗ്രഹിക്കുന്നു. എന്നാൽ ദൈവം നമ്മെ ശക്തീകരിക്കുകയും മുമ്പോട്ടു നയിക്കുകയും ചെയ്യുന്നു. നാം മുന്നോട്ടു പോകുന്നുണ്ടോ അതോ താഴേക്കു വീഴുകയാണോ എന്നാണ് ചോദ്യം.

ഓരോ ദിവസവും നമുക്ക് നിരാശയുണ്ടാക്കുന്ന സാഹചര്യങ്ങളെയും അധൈര്യപ്പെടുത്തുന്ന വ്യക്തികളെയും അഭിമുഖീകരിക്കേണ്ടി വരും. എന്നാൽ ദൈവാത്മാവിന്റെ സഹായത്താൽ ഇവയൊക്കെ അതിജീവിക്കാൻ കഴിയും.

# ഒരു മഹത്വമേറിയ സ്വാതന്ത്ര്യം

*സ്വർഗ്ഗത്തിൽ നിന്നു കൊടുത്തിട്ടല്ലാതെ (ഒരുവൻ സ്വർഗ്ഗത്തിൽ നിന്നു ലഭിക്കുന്നതുകൊണ്ട് സംതൃപ്തിയടയേണം വേറെ ഒരു ഉറവിടവുമില്ല. ) മനുഷ്യന് ഒന്നും ലഭിപ്പാൻ കഴിയുന്നതല്ല (അവനു അവകാശപ്പെടുവാൻ ഒന്നും വേറെ ഇല്ല, അവനു സ്വയമായി എടുക്കുവാൻ ഒന്നുമില്ല)*

— യോഹന്നാൻ. 3:27

യോഹന്നാന്റെ സുവിശേഷം മൂന്നാം അദ്ധ്യായത്തിൽ സ്നാപക യോഹന്നാന്റെ ശിഷ്യന്മാർ വന്നു അവനോട് പറയുന്നത് യോഹന്നാൻ സ്നാനപ്പെടുത്തിയതുപോലെ യേശുവും സ്നാനം ആരംഭിച്ചിരിക്കുന്നു, യോഹന്നാന്റെ അടുക്കൽ വന്നതിലും അധികം ആളുകൾ യേശുവിന്റെ അടുക്കൽ വന്നിരിക്കുകയെന്നാണ് ഈ സന്ദേശം. യോഹന്നാന്റെ അടുക്കൽ എത്തിച്ചത് തെറ്റായ ലക്ഷ്യത്തോടെയാണ് യോഹന്നാനെ അസൂയാലുവാക്കുവാൻ വേണ്ടിയായിരുന്നു യേശുവിനെതിരെ തെറ്റായ വികാരമുളവാക്കുവാൻ യോഹന്നാനു സന്ദേശവുമായി വന്ന ശിഷ്യന്മാർ തീർച്ചയായും പിശാചിനാൽ ഉപയോഗിക്കപ്പെട്ടതുമൂലം അരക്ഷിതരായിത്തീർന്നു.

മുകളിൽ പറഞ്ഞിരിക്കുന്ന വാക്യത്തിൽ യോഹന്നാൻ യേശു ചെയ്യുന്ന എല്ലാ കാര്യങ്ങളും സ്വർഗ്ഗം ആ വഴിയിൽ നൽകിയിരിക്കുന്നതുകൊണ്ടാണെന്നു പറയുന്നു. ദൈവം തന്നെ എന്തു ചെയ്യുവാനാണ് വിളിച്ചതെന്ന് യോഹന്നാന് അറിയാമായിരുന്നു. അതുപോലെ യേശുവിനെ എന്തിനുവേണ്ടിയാണ് അയച്ചിരിക്കുന്നതെന്നും യേശുവിനും അറിയാമായിരുന്നു. ഒരാൾക്ക് ദൈവം നൽകിയ വിളിക്കും ദാനത്തിനും അപ്പുറം പോകുവാൻ കഴിയില്ലയെന്നും അവനു അറിയാമായിരുന്നു. തൃപ്തിപ്പെടുവാൻ യോഹന്നാൻ തന്റെ അനുഗാമികളോട് കല്പിക്കുന്നു യേശുവിനു വഴിയൊരുക്കുവാൻ ദൈവത്താൽ അയയ്ക്കപ്പെട്ട ഒരു മുന്നോടിയാണ് താനെന്നു യോഹന്നാന് അറിയാമായിരുന്നു. യേശു മുന്നിലേക്കു വരുമ്പോൾ യോഹന്നാൻ ജനങ്ങളുടെ മുമ്പിൽ നിന്നു മറയണമെന്ന് യോഹന്നാൻ ആഗ്രഹിച്ചു.

ജനങ്ങൾ യേശുവിനു ചുറ്റും കൂടി നിൽക്കുന്നത് കണ്ടിട്ട് ശിഷ്യന്മാരുടെ പ്രസ്ഥാവനകൾക്കുള്ള യോഹന്നാന്റെ മറുപടി ഇതായിരുന്നു. 'അവൻ വളരേണം ഞാനോ കുറയേണം' (അവന് പ്രാധാന്യം കൂടണം, ഞാനോ ഏറ്റവും ചുരുങ്ങേണം') (യോഹന്നാൻ 3:30). യോഹന്നാൻ എത്ര മഹത്വപൂർണ്ണമായ സ്വാതന്ത്ര്യമാണ് അനുഭവിച്ചത്. യേശുവിന്റെ അരികിൽ സുരക്ഷിതത്വം അനുഭവിക്കുകയും ആരുമായും മത്സരത്തിലേർപ്പെടാതിരിക്കുകയും ചെയ്യുന്നത് എത്രയോ അത്ഭുതകരമായ കാര്യമാണ്.

# അത് നല്ലത്

*കോപം കളഞ്ഞ്. ക്രോധം ഉപേക്ഷിക്കുക; മുഷിഞ്ഞ് പോകരുത്, അത് ദോഷത്തിനു ഹേതുവാകേയുള്ളൂ*

— സങ്കീർത്തനം. 37:8

എനിക്ക് യാതൊന്നും ചെയ്യാൻ കഴിയാത്ത ഒരു സന്ദർഭത്തിൽ ഞാൻ ആയിരിക്കുമ്പോൾ, എന്റെ ശ്രദ്ധ കർത്താവിൽ ആക്കുന്നതിനു ഞാൻ കണ്ടുപിടിച്ച വഴി വെറുതെ  ഇങ്ങനെ പറയുക, "അത് നല്ലത്."

ഉദാഹരണത്തിന്, ഒരു പ്രഭാതത്തിൽ ഡേവ് കാറിൽ വച്ച് ഓറഞ്ച് ജൂസ് തയ്യാറാക്കിയപ്പോൾ അല്പം എന്റെ സെറ്ററിൽ വീണു പെട്ടെന്നു തന്നെ അദ്ദേഹം പറഞ്ഞു 'പിശാച് എനിക്ക് അത് ഇഷ്ടമായില്ല.' അപ്പോൾ ഞാൻ പറഞ്ഞു 'അത് നല്ലത്' അങ്ങനെ ആ പ്രശ്നം പരിഹരിക്കപ്പെട്ടു ആ ദിവസത്തിന്റെ ബാക്കി സമയം ഞങ്ങൾ സന്തോഷത്തോടെ മുമ്പോട്ടു പോയി.

ചില ആളുകൾ ചെയ്യുന്നതുപോലെ ചില കാര്യങ്ങളിൽ നാം ഭാരപ്പെടേണ്ടതില്ല നിർഭാഗ്യമെന്നു പറയട്ടെ ഭൂരിഭാഗം ക്രിസ്ത്യാനികളും അവരുടെ ഭൂരിഭാഗം സമയത്തും ആകാംക്ഷ ഭരിതരും ഭാരപ്പെടുന്നവരും ഭയപ്പെടുന്നവരുമായി തീരുന്നു. ഇങ്ങനെ സംഭവിക്കുന്നത് വലിയ കാര്യങ്ങൾ നിമിത്തമല്ല. തങ്ങളുടെ പദ്ധതികൾക്ക് ചേരാത്ത  ചെറിയ കാര്യങ്ങളാണ്. 'അത് നല്ലത്' എന്നു പറഞ്ഞ് തങ്ങളുടെ ഭാരം ഉപേക്ഷിക്കുന്നതിനു പകരം തങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയാത്ത കാര്യങ്ങളിലും ചിലതൊക്കെ ചെയ്യുവാൻ അവർ ശ്രമിക്കുന്നു. ഒന്നിലധികം സന്ദർഭങ്ങളിൽ ഈ ചെറിയ പ്രയോഗം "അത്, നല്ലത്" എന്നെ  പ്രശ്നങ്ങളെ അതിജീവിച്ച് മുന്നോട്ടു പോകുന്നതിന് സഹായിച്ചു.

# ഒരു പിതാവിന്റെ സ്നേഹം

*ഉദയം അസ്തമയത്തോട് അകന്നിരിക്കുന്നതുപോലെ അവൻ നമ്മുടെ ലംഘനങ്ങളെ നമ്മോട് അകറ്റിയിരിക്കുന്നു. അപ്പനു മക്കളോട് കരുണ തോന്നുന്നതുപോലെ യഹോവയ്ക്കു തന്റെ ഭക്തന്മാരോട് കരുണ തോന്നു. അവൻ നമ്മുടെ പ്രകൃതി അറിയുന്നുവല്ലോ, നാം പൊടി (ഏറ്റവുംഅധികമായി). എന്ന് അവൻ ഓർക്കുന്നു*

— സങ്കീ. 103:12-14

നമ്മുടെ ജീവിതത്തിലെ എല്ലാ അനീതിയും (ലംഘനങ്ങളും) ദൈവം നീക്കുകയും ഉദയം അസ്തമയത്തിൽ നിന്ന് അകന്നിരിക്കുന്നതുപോലെ അകറ്റുകയും ചെയ്യുന്നു! ഉദയവും അസ്തമയവും തമ്മിലുള്ള അകലം എത്രയാണ്? ഒരു വലിയ അകലം. ദൈവം നമ്മുടെ ബലഹീനതകളെ അറിയുന്നു. നാം പൊടി എന്ന് അവൻ ഓർക്കുന്നു. ദൈവം നമ്മുടെ ജീവിതത്തിൽ അനുവദിക്കുന്നതിലധികമായി സമ്മർദ്ദം നാം നമ്മുടെ ജീവിതത്തിൽ അനുഭവിക്കുന്നു.

എന്റെ മകൻ ഒരു ബാലനായിരുന്നപ്പോൾ എനിക്കിഷ്ടമുള്ള കാര്യങ്ങൾ ചെയ്യുവാൻ തീരുമാനിച്ചു. ഒരു പാത്രത്തിൽ വെള്ളവുമായി അവൻ പോർച്ചിലേക്കു പോയി പെട്ടെന്നു തന്നെ അവൻ മടങ്ങി വന്നു പറഞ്ഞു. മമ്മി നിനക്കുവേണ്ടി ഞാൻ ജനൽ കഴുകി. പോർച്ച് മുഴുവൻ നനഞ്ഞു അവൻ മുഴുവൻ നനഞ്ഞ ജനലിൽ മുഴുവൻ വെള്ളം ഒഴുകുന്നു. എന്നാൽ എന്നോടുള്ള സ്നേഹത്തിലാണ് അവൻ അങ്ങനെ ചെയ്തത്. ദൈവം എന്നെ ഇതിലൂടെ ഒരു കാര്യം ഓർപ്പിച്ചു. ദൈവം പറഞ്ഞു. “നീ അതിനുശേഷം എന്താണ് ചെയ്തത്” നിന്റെ മകനെ അവന്റെ നനവുമാറ്റി വൃത്തിയാക്കാൻ പറഞ്ഞുവിട്ടു എന്നിട്ട്, അവൻ നനച്ച സ്ഥലങ്ങളെല്ലാം അവൻ കാണാതെ വൃത്തിയാക്കി. ദൈവം നമ്മോടുള്ള ബന്ധത്തിലും ഇതുതന്നെയാണ് ചെയ്യുന്നതെന്ന് എന്നെ കാണിച്ചു.

ദൈവം നമ്മുടെ അപൂർണ്ണതകളെ അറിയുന്നു. നാം അവരോടുള്ള സ്നേഹത്തിൽ ചെയ്യുന്നതൊക്കെയും അവൻ സ്വീകരിക്കുന്നു. അവൻ നമ്മുടെ കുറവുകളെ പരിഹരിക്കുന്നു നാം വരുത്തുന്ന അബദ്ധങ്ങളെ പരിഹരിക്കുന്നു. നാം എന്തൊക്കെ കുഴപ്പങ്ങളാണ് വരുത്തിയത് എന്ന് അറിയാത്ത നിലയിൽ അവർ മറെക്കുന്നു. അവൻ ഇത് ചെയ്യുന്നതിന്റെ കാരണം നാം ക്രിസ്തുവിലാണ്, ക്രിസ്തു ദൈവത്തിലാണ്, ക്രിസ്തു നമ്മിലാണ്.

# ഇല്ലയെന്നു പറയുവാനുള്ള ധൈര്യം

*മോഷ്ടിപ്പാനും അറുപ്പാനും മുടിപ്പാനും അല്ലാതെ കള്ളൻ വരുന്നില്ല; അവർക്ക് ജീവൻ ഉണ്ടാകുവാനും സമൃദ്ധിയായിട്ട് ഉണ്ടാകുവാനും അത്രേ ഞാൻ വന്നിരിക്കുന്നത്.*

— യോഹന്നാൻ. 10:10

ഞാൻ കണ്ടിട്ടുള്ളതിൽ ഏറ്റവും ബുദ്ധിപൂർവ്വമായ കാര്യങ്ങളിൽ ഒന്ന് ഞാനും ഡേവും ചേർന്ന് ഒരിക്കൽ ചെയ്തു. ഞങ്ങൾ പൂർണ്ണസമയ സുവിശേഷ വേലയ്ക്കു തിരിയുന്നതിനു മുമ്പ് ഡേവ് ഒരു എൻജിനീയർ ആയി ജോലി ചെയ്തിരുന്നു. തനിക്ക് ഒരു ഉദ്യോഗ കയറ്റവും ശമ്പള വർദ്ധനവും വാഗ്ദാനം ചെയ്തു. എന്നാൽ ഡേവ് അത് നിരസിച്ചു. അന്നു എനിക്ക് അയാളോട് ദേഷ്യമാണുണ്ടായത്. താൻ ഒരു വലിയ മണ്ടത്തരമാണ് പ്രവർത്തിക്കുന്നതെന്ന് എനിക്കു തോന്നി. അവനു ഉയർന്ന പദവിയിലെത്താൻ അവിശ്യബോധമില്ലേ? അവൻ ആ ജോലിക്കു ഏറ്റവും അനുയോജ്യനായ വ്യക്തിയല്ലേ?

ആ സ്ഥാനത്തിരിക്കുന്ന മറ്റുള്ളവരെ താൻ ശ്രദ്ധിച്ചതായി എന്നോടു പറഞ്ഞു. അവർക്ക് വളരെ ദൂരം യാത്ര ചെയ്യണം, മാത്രമല്ല വലിയ മാനസിക സംഘർഷവും പ്രതിബന്ധങ്ങളും അഭിമുഖീകരിക്കേണ്ടി വരുന്നു. "ഇതല്ലെ ഞാൻ ജീവിക്കാൻ ആഗ്രഹിക്കുന്ന വഴി" ഡേവ് പറഞ്ഞു. തന്റെ മൂല്യങ്ങൾ മുറുകെ പിടിക്കുന്ന കുടുംബത്തെ പരിപാലിക്കുന്ന, വ്യക്തിപരമായ കാര്യങ്ങൾ ശ്രദ്ധിക്കുന്ന ഒരു സ്ഥാനം മതിയെന്നും അല്ലാതെ മറ്റുള്ളവർ ശ്രദ്ധിക്കുന്ന ഉന്നത സ്ഥാനമാനങ്ങളുടെ പിന്നാലെ താൻ പോകുകയില്ലെന്നും അയാൾ തീരുമാനിച്ചു.

മാത്രമല്ല ഒരു വലിയ തുക ശമ്പളം ലഭിക്കുന്നത് മാനസിക സംഘർഷം പരിഹരിക്കുവാനുള്ള മരുന്നുകൾക്കും ഡോക്ടർമാർക്കും നൽകിയാൽ എന്തു പ്രയോജനം. പുകവലിയും വ്യായാമക്കുറവും പോലെ രോഗം വരുത്തിയ്ക്കുന്നതാണ് ജോലി നിമിത്തമുള്ള സംഘർഷവും. ആ കാര്യങ്ങളെപ്പോലെ ഇതും കൊല്ലും. ദൈവം നിങ്ങൾക്ക് നൽകിയിരിക്കുന്ന ജീവിതം അസ്വാദ്യകരമായിതീർക്കുവാൻ ആവശ്യമായത് ഒക്കെയും ചെയ്യുക. വേണ്ട എന്നു പറയുവാൻ, വേണം എന്നു പറയുവാൻ അവശ്യമായ ധൈര്യം ചിലപ്പോൾ വേണം.

ജോലിയുടെ കാര്യത്തിൽ മാത്രമല്ല ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഇത് നടപ്പിൽ വരുത്തണം. നിങ്ങൾക്ക് നല്ല ഫലം തരാത്ത എല്ലാ കാര്യങ്ങളും ജീവിതത്തിൽ നിന്ന് ഒഴിവാക്കിയാൽ അത് ജീവിതത്തിലെ മാനസിക സംഘർഷങ്ങൾ കുറയ്ക്കുകയും നിങ്ങൾക്ക് ശ്രദ്ധിക്കുവാൻ വേണ്ടി തിരഞ്ഞെടുത്ത കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധിക്കുവാനും സന്തോഷിക്കുവാനും കഴിയും.

# പിശാച് ദോഷകരായി ചെയ്യുന്നതിനെ ദൈവം നന്മയ്ക്കായി മാറ്റുന്നു

*നിങ്ങൾ എന്റെ നേരെ ദോഷം വിചാരിച്ചു; ദൈവമോ ഇന്നുള്ളതുപോലെ ബഹുജനത്തിനു ജീവരക്ഷ വരുത്തേണ്ടതിനു അതിനെ ഗുണമാക്കി തീർത്തു.*

— ഉല്പത്തി. 50:20

യോസേഫ് പ്രവചിച്ചതുപോലെ അവൻ മിസ്രയിമിൽ ഫറവോന്റെ കീഴിൽ രണ്ടാമനായി തീർന്നപ്പോൾ തന്നെ വിറ്റുകളഞ്ഞ സഹോദരന്മാർ ക്ഷാമകാലത്ത് ധാന്യം വാങ്ങുവാൻ വന്നു. പിന്നീട് തന്റെ പിതാവിനും സഹോദരന്മാർക്കും ക്ഷാമകാലത്ത് സമൃദ്ധിയിൽ ജീവിക്കുവാൻ വേണ്ട കാര്യങ്ങളും സ്ഥലവും യോസേഫ് ക്രമീകരിക്കുന്നു. യോസേഫിന്റെ യൗവ്വനകാലത്ത് ചെയ്ത ദോഷങ്ങൾക്ക് പിതാവായ യാക്കോബ് മരിച്ചതിനുശേഷം പകരം ചെയ്യുമൊയെന്നു അവന്റെ സഹോദരന്മാർ ഭയപ്പെട്ടിരുന്നു. തനിക്കു നേരെ ചെയ്ത ദോഷങ്ങൾക്ക് താൻ അവരോട് ക്ഷമിച്ചതായി മുകളിൽ പറഞ്ഞ വാക്യത്തിൽ നിന്നു മനസ്സിലാക്കാം. ഇവിടെ യോസേഫിന്റെ നല്ല മനോഭാവം വെളിപ്പെടുന്നത് നാം കാണുന്നു. അവൻ പറയുന്നത് ശ്രദ്ധിക്കുക. “നിങ്ങൾ എന്റെ നേരെ ദോഷം വിചാരിച്ചു ദൈവമോ... ബഹുജനത്തിനു ജീവരരക്ഷ വരുത്തേണ്ടതിനു അതിനെ ഗുണമാക്കി തീർത്തു.”

നമ്മുടെ ദോഷത്തിനും നാശത്തിനുമായി സാത്താൻ എത്രയോ പ്രാവശ്യം കെണി ഒരുക്കി എന്നുള്ളത് അത്ഭുതകരമായ കാര്യമാണ്. എന്നാൽ ദൈവം ഇടപെട്ടപ്പോൾ സാത്താൻ ദോഷമായി ചെയ്തത് ദോഷമായി മാറ്റാതെ നമ്മുടെ നന്മയ്ക്കായി മാറ്റുന്നു.

എന്റെ സാഹചര്യവും ഇതിനുള്ള സാക്ഷ്യമാണ്. എന്റെ ബാല്യപ്രായത്തിൽ അനേകം വർഷങ്ങൾ മാനസികമായി, വികാരപരമായി, ലൈംഗികമായി, പീഡിപ്പിക്കപ്പെട്ടു. ഈ സാത്താന്റെ പ്രവൃത്തി ഒരു കുട്ടിയെ സംബന്ധിച്ചിടത്തോളം ഭയാനകമാണ്, എന്നാൽ ദൈവം അത് നന്മയ്ക്കായി മാറ്റി.

എന്റെ പ്രശ്നങ്ങൾ എന്റെ സന്ദേശമായി മാറി. എന്റെ ദുഖങ്ങൾ എന്റെ ശുശ്രൂഷയായി മാറി. കഷ്ടയിലായിരിക്കുന്നവരെ സഹായിക്കുവാൻ വേദനയിൽനിന്നുളവായ അനുഭവങ്ങൾ ഞാൻ ഉപയോഗിക്കുന്നു. നിങ്ങളുടെ വേദനകളെ പാഴാക്കി കളയരുത് ദൈവകരങ്ങളിൽ ഭരമേൽപ്പിച്ചാൽ അവൻ അത് ഉപയോഗിക്കും.

# സമാധാനത്തിന്റെ ആത്മാവ്

*എന്നാൽ നിങ്ങളെ ഏല്പിക്കുമ്പോൾ എങ്ങനെയോ എന്തോ പറയേണ്ടു എന്നു വിചാരിക്കേണ്ട; പറവാനുള്ളത് ആ നാഴികയിൽ തന്നെ നിങ്ങൾക്ക് ലഭിക്കും. പറയുന്നത് നിങ്ങൾ അല്ല നിങ്ങളിൽ പറയുന്ന നിങ്ങളുടെ പിതാവിന്റെ ആത്മാവത്രെ.*

— മത്തായി. 10:19–20

നാം അഭിമുഖീകരിക്കുന്ന സാഹചര്യത്തിൽ പറയുവാനുള്ള കാര്യങ്ങൾ ചെയ്യുവാനുള്ള കാര്യങ്ങൾ ഇവയെല്ലാം മുൻകൂട്ടി തീരുമാനിക്കാൻ പാടു പെടാതിരുന്നാൽ എത്ര വലിയ ആശ്വാസമാണ് നാം അനുഭവിക്കുന്നത്. നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടോ? നിങ്ങൾ എന്നെപ്പോലെയാണെങ്കിൽ, നിങ്ങൾ കടന്നു ചെല്ലുന്ന എല്ലാ സാഹചര്യങ്ങൾക്കുവേണ്ടി നിങ്ങളെത്തന്നെ ഒരുക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നുവെങ്കിൽ നിങ്ങൾക്ക് ഭാവിയിലേക്ക് ഓടേണ്ടി വരും. എല്ലാ അഭിമുഖ സംഭാഷണത്തിലും, സംസാരത്തിലും, പറയേണ്ടുന്ന കാര്യങ്ങൾ നിങ്ങൾ മുൻകൂട്ടി തീരുമാനിക്കുകയും പരിശീലിക്കുകയും ചെയ്യും. എന്നാൽ യേശു പറയുന്നത് നിങ്ങൾ അങ്ങനെ ചെയ്യണ്ടെന്നാണ്. നമ്മെ നയിക്കുന്നവനും വഴി പറയുവാനും കഴിവുള്ള പരിശുദ്ധാത്മാവിൽ ആശ്രയിക്കുവാനാണ് കർത്താവ് പറയുന്നത്.

നിങ്ങൾക്കു കഠിനമായ തീരുമാനങ്ങൾ എടുക്കേണ്ടി വരുമ്പോൾ, കുഴഞ്ഞുമറിഞ്ഞ പ്രശ്നങ്ങൾ കൈകാര്യം ചെയ്യേണ്ടി വരുമ്പോൾ ബുദ്ധിമുട്ടു നിറഞ്ഞ വ്യക്തികളെ അഭിമുഖീകരിക്കുമ്പോൾ ശരിയായ സമയവും ഏറ്റവും നല്ലസമീപനവും പരിശുദ്ധാത്മാവ് തീരുമാനിക്കും. പറയുവാനുള്ള ശരിയായ വാക്കുകൾ ആത്മാവ് തരും അതുവരെ, നാം നമ്മെക്കുറിച്ചോർത്ത് ഈ കാര്യത്തിൽ മനം കലങ്ങേണ്ടതില്ല. ഈ വേദഭാഗത്ത് കർത്താവ് എന്താണ് പറയുന്നത് എന്നു ശ്രദ്ധിച്ചാൽ നമുക്ക് വലിയ സമാധാനം ഉണ്ടാകുന്നുവെന്നു മാത്രമല്ല നാം വലിയവ നേടുകയും ചെയ്യും. കാരണം നാം സംസാരിക്കേണ്ടി വരുമ്പോൾ നമ്മുടെ ജഡികമായ മനസ്സിൽ നിന്നു വരുന്ന കാര്യങ്ങളല്ല പിന്നെയോ ദൈവത്തിൽ നിന്നുള്ള ആത്മികമായ ജ്ഞാനത്തോടെയുള്ള വാക്കുകളാണ് നമ്മുടെ വായിൽ നിന്നു വരുന്നത്.

# ആരാധന ജ്ഞാനം ആകുന്നു

*യഹോവഭക്തി ജ്ഞാനത്തിന്റെ ആരംഭം ആകുന്നു*

— സങ്കീർത്തനം. 111:10

സദൃശ്യവാക്യങ്ങൾ വായിച്ചാൽ അവിടെ ജ്ഞാനത്തോടുകൂടെ നടക്കുന്നവന് ലഭിക്കുന്ന വാഗ്ദത്തങ്ങൾ കാണുമ്പോൾ, ദൈവത്തോടുള്ള ബഹുമാനവും ആരാധനയുമാണ് ജ്ഞാനത്തിന്റെ ആരംഭമെന്ന് മനസ്സിലാക്കാം. അപ്പോൾ ആരാധനയും ബഹുമാനവും എത്രത്തോളം പ്രധാനപ്പെട്ടതാണെന്നു നിങ്ങൾ വേഗത്തിലറിയുന്നു.

ബൈബിൾ പറയുന്നു ജ്ഞാത്തോടുകൂടി നടക്കുന്നവൻ ധനികനെന്ന് അവനു ദീർഘായുസ്സുണ്ടാകും. അവർ വളരെ സന്തോഷവാന്മാരാകും. അവൻ ഏറ്റവും ഭാഗ്യവാനായിരിക്കും. (വായിക്കുക സദൃ. 3:1–8). ആരാധന കൂടാതെ അങ്ങനെയൊരു ജ്ഞാനം ഇല്ല.

ഇന്ന് അനേകർ അറിവ് അന്വേഷിക്കുന്നു, അറിവ് നല്ലതുമാണ്. എന്നാൽ പരിജ്ഞാനം അതിനെക്കാൾ മെച്ചമാണ്. അറിവിന്റെ ശരിയായ ഉപയോഗമാണ് പരിജ്ഞാനം. അറിവ് ചീർപ്പിക്കുന്നു, അഹങ്കാരം ഉണ്ടാക്കുന്നു, അത് മനുഷ്യജീവിതത്തെ നശിപ്പിക്കുന്നു. ജ്ഞാനിയായ മനുഷ്യന് അറിവുണ്ട് എന്നാൽ സമൂഹം അറിവിനു കൊടുക്കേണ്ട പ്രാധാന്യത്തെക്കാൾ കൂടുതൽ പ്രാധാന്യം കൊടുക്കുന്നത് വിദ്യാഭ്യാസമാണ് അനേകം ജനങ്ങളുടെ ലക്ഷ്യം. എന്നിരുന്നാലും നമ്മുടെ ലോകം ധാർമ്മികമായി വേഗം അധ:പതിച്ചുകൊണ്ടിരിക്കുന്നു.

വിദ്യാഭ്യാസം നല്ലതാണ് എന്നാൽ അത് പരിജ്ഞാനത്തെക്കാൾ മെച്ചമല്ല. ദൈവവചനം പറയുന്നത് പരിജ്ഞാനത്തിനുവേണ്ടി കരയുക. വെള്ളിയും പൊന്നുംപോലെ അതിനെ അന്വേഷിക്കുക. അത് ജീവിതത്തിൽ എത്രയും ആവശ്യമാണെന്ന് അറിയുക. പരിജ്ഞാത്തെക്കാൾ പ്രധാനപ്പെട്ടതായി മറ്റൊന്നില്ല. അതിന്റെ ആരംഭം ഭക്തിയിലൂടെയും ആരാധനയിലൂടെയുമാണ് ആരാധനക്കാരനു ദൈവം പരിജ്ഞാനം ഉപദേശിക്കുന്നു.

# ദൈവം സംസാരിക്കുന്നതുപോലെ സംസാരിക്കുക

*ഭക്തിവിരുദ്ധമായ വ്യർത്ഥാലാപങ്ങളെ ഒഴിഞ്ഞിരിക്കുക (പ്രയോജനമില്ലാത്ത, വെറുതെയുള്ള, അലസമായ ആ വാക്കുകൾക്ക് അഭക്തി അധികം മുതിർന്നു വരും*

— 2 തിമൊ. 2:16

എല്ലാ അർത്ഥമില്ലാത്ത, പ്രയോജനമില്ലാത്ത അലസമായ സംസാരങ്ങളെയും ഒഴിവാക്കുക. ദൈവം സാസാരിക്കുന്നതുപോലെ സംസാരിക്കുവാൻ പഠിക്കുക. നിങ്ങൾ സ്നേഹത്തിലും സത്യത്തിലും സംസാരിക്കുക ദൈവവചനമാണ്, ദൈവത്തിന്റെ ഹിതവും ആലോചനയും നിവർത്തിക്കുന്നത് ദൈവമുൻപാകെ നിങ്ങളുടെ ഹൃദയം നോക്കിയിരുന്നെങ്കിൽ മാത്രമെ നിങ്ങൾക്കു വചനം സ്നേഹത്തിലും, സത്യത്തിലും, സംസാരിക്കുവാൻ കഴിയുകയുള്ളൂ. നന്മയായിരുന്നാലും തിന്മയായിരുന്നാലും മനുഷ്യന്റെ ഹൃദയം നിറഞ്ഞു കവിയുന്നതാണ് വായ് സംസാരിക്കുന്നത് - നിങ്ങളുടെ വാക്കുകളാലും പ്രഖ്യാപനങ്ങളാലും നിങ്ങൾ നിയന്ത്രിക്കപ്പെട്ടിരിക്കുന്നു.

നിങ്ങൾ നിങ്ങളുടെ വാക്കുകളാൽ വിധിക്കപ്പെടുന്നു. വാച്ച്മാൻ നീ ഒരിക്കൽ പറഞ്ഞു. “നിങ്ങൾ ഒരു വ്യക്തിയെ ശ്രദ്ധിക്കുക അയാളുടെ വാക്കുകളിൽ കൂടി ഏതാത്മാവാണ് പുറത്തുവരുന്നതെന്ന് കണ്ടുപിടിക്കുവാൻ കഴിയും” അതുകൊണ്ട് നമ്മുടെ സംസാരം വളരെ സൂക്ഷിച്ചുവേണം ചെയ്യാൻ. അങ്ങനെയായാൽ സംസാരം സത്യമായിരിക്കുകയെന്നുമാത്രമല്ല ദയയോടുകൂടിയും ക്രിയാത്മകവും ആത്മിക വർദ്ധനവു വരുത്തിയതും ദൈവഹിതപ്രകാരവുമായിരിക്കും.

നമ്മുടെ സ്വഭാവത്തിലും പ്രവർത്തിയിലും മാറ്റം വരുത്തണമെങ്കിൽ ആദ്യം നിങ്ങളുടെ ചിന്തയെയും വാക്കുകളെയും മാറ്റം വരുത്തണം. അതിനു നിങ്ങളുടെ ഹൃദയത്തിൽ വസിക്കുന്ന പരിശുദ്ധാത്മാവിന്റെ സഹായം വേണം. നിങ്ങളുടെ ജീവിതത്തെ സമർപ്പിച്ചുകൊണ്ട് പ്രാർത്ഥിക്കുക. ദൈവമെ എന്നെ അങ്ങയുടെ പുത്രന്റെ സ്വരൂപത്തോടു അനുരൂപപ്പെടുത്തേണമെ. അത് ദൈവം എനിക്കുവേണ്ടി ചെയ്തെങ്കിൽ നിങ്ങൾക്ക് - വേണ്ടിയും അവൻ അത് ചെയ്യും.

# വ്യത്യസ്തമായതും വിവിധ തരത്തിലും

*യഹോവയായ ദൈവം ഭൂമിയിലെ സകല വന്യ) മൃഗങ്ങളെയും ആകാശത്തിലെ എല്ലാ പറവകളെയും നിലത്തു നിന്നു നിർമ്മിച്ചിട്ട് മനുഷ്യൻ അവയ്ക്ക് എന്ത് പേരിടും എന്നു കാണ്മാൻ അവന്റെ മുമ്പിൽ വരുത്തി. സകല ജീവജന്തുക്കൾക്കും മനുഷ്യൻ ഇട്ടത് പേരായി. മനുഷ്യൻ എല്ലാ കന്നുകാലികൾക്കും ആകാശത്തിലെ പറവകൾക്കും എല്ലാ കാട്ടുമൃഗങ്ങൾക്കും (വന്യമൃഗങ്ങൾക്കും) പേരിട്ടു.*

— ഉല്പത്തി. 2:19–20

നിങ്ങൾ അല്പമൊന്നു ചിന്തിച്ചാൽ നമ്മുടെ ദൈവം എത്ര ശക്തിമാനാണെന്നു നിങ്ങൾ സമ്മതിക്കുമെന്ന് ഞാൻ കരുതുന്നു. ഇപ്പോൾ തന്നെ നിങ്ങളുടെ ചുറ്റുപാടുകളിലേക്ക് ഒന്നു നടക്കുക, അതു നിങ്ങളെ സഹായിക്കും. സമുദ്രത്തിലെന്താണെന്നു കാണുക, പൂക്കളും തേനീച്ചയും എങ്ങനെയാണ് ഒരുമിച്ച് പ്രവർത്തിക്കുന്നതെന്ന് കാണുക. നിങ്ങൾ യേശുക്രിസ്തുവിനെ യഥാർത്ഥമായി നിങ്ങളുടെ രക്ഷകനും കർത്താവുമായി അംഗീകരിച്ചിട്ടുണ്ടെങ്കിൽ പരിശുദ്ധാത്മാവ് നിങ്ങളുടെ ഹൃദയത്തിലും  പുതിയ സൃഷ്ടി നടത്തിയിട്ടുണ്ട്. (വായിക്കുക. പ്രവൃ. 2:38)

നമ്മുടെ ജീവിതത്തിൽ പ്രായോഗികമാക്കാവുന്ന സൃഷ്ടിവൈഭവം നമ്മുടെയുള്ളിൽ ദൈവം നൽകിയിട്ടുണ്ട്. എന്നാൽ നാം സാധാരണയായി ഇടുങ്ങിയ ചിന്താശക്തിയുള്ളവരായിരിക്കുന്നു. നാം മാറ്റത്തെ ഭയപ്പെടുന്നതുകൊണ്ട് എത്ര വിരസതയുണ്ടെങ്കിലും എല്ലാ സമയത്തും കാര്യങ്ങൾ ഒരുപോലെ തന്നെ ചെയ്യുന്നു.

കാര്യങ്ങൾ സാഹസികമായി ചെയ്ത് അതിന്റെ സന്തോഷം അനുഭവിക്കുന്നതിനു പകരം വളരെ വിരസതയുണ്ടെങ്കിലും സുരക്ഷിതമായി ചെയ്യുവാനാണ് നാം ആഗ്രഹിക്കുന്നത്. ചിലയാളുകൾ ജീവിതകാലം മുഴുവൻ ചില ജോലികളിൽ തുടരുന്നു. കാരണം അത് അവർക്ക് വളരെ സുരക്ഷിതമാണ്. അവർ തങ്ങളുടെ ജോലിയിൽ ഒരു സംതൃപ്തിയു കണ്ടെത്താത്തതുകൊണ്ട് അതിനെ വെറുക്കുന്നുണ്ടായിരിക്കാം. എന്നാൽ വേറെ എന്തു ചെയ്യുവാനും അവർ ഭയപ്പെടുന്നു. അവർ മാറ്റത്തിനുവേണ്ടി ചിന്തിക്കുന്നവരും സ്വപ്നം കാണുന്നവരുമായിരിക്കാം എന്നാൽ പരാജയത്തെ ഭയപ്പെടുന്നതുകൊണ്ട് അവരുടെ സ്വപ്നങ്ങൾ പൂവണിയുന്നില്ല. ചെയ്യണമെന്നു തോന്നുന്ന എല്ലാ കാര്യങ്ങളിലേക്കു "എടുത്തു ചാടണമെന്നു" ഞാൻ ഉപദേശിക്കുന്നില്ല.

കാര്യങ്ങൾ സാഹസികമായി ചെയ്യുന്നതിനു പുതുമയിലേക്കു മാറുവാനുള്ള ഒരു സമയമുണ്ട്.

ദൈവം എന്നെയും നിങ്ങളെയും സൃഷ്ടിച്ചിരിക്കുന്നത് വ്യത്യസ്തവും വിവിധതരത്തിലുള്ളതുമായ കാര്യങ്ങളെ ആഗ്രഹിക്കുന്നവരും ആവശ്യമുള്ളവരുമായിട്ടാണ്. ഒരു മാറ്റം ആവശ്യമാണെന്നുള്ള തോന്നൽ നമ്മിൽ ഉണ്ടാകുന്നത് ഒരിക്കലും തെറ്റല്ല. നാം ചെയ്യുന്ന കാര്യത്തിലും വളരെക്കാലമായി നമ്മിൽ ഒരു സംതൃപ്തിയും ഇല്ലെങ്കിൽ നമ്മുടെ ജീവിതത്തെ അതു ബാധിക്കും. ദൈവവചനം നമ്മെ പ്രബോധിപ്പിക്കുന്നത് തൃപ്തിയുള്ള ജീവിതമാണ്, (എബ്രാ. 13:5, 1 തിമൊഥെയോസ് 6:6) സന്തുലിതാവസ്ഥയാണ് പ്രധാനം.

# ഏറ്റവും അധികമായി, ധാരാളമായി ഉന്നതമായി അത്യന്തം പരമായി

*എന്നാൽ നാം ചോദിക്കുന്നതിലും നിനക്കുന്നതിലും അത്യന്തം പരമായി (നമ്മുടെ സ്വപ്നങ്ങ ളിലും ആഗ്രഹങ്ങളിലും ചിന്തകൾക്കും ഏറ്റവും വലിയ പ്രാർത്ഥനകൾക്കും അപ്പുറമായി അവസാനിക്കാത്ത നിലയിൽ) അത്യന്തം പരമായി ചെയ്‌വാൻ കഴിയുന്നവന് (തന്റെ പദ്ധതി നിറവേറ്റു അവൻ) സഭയിലും ക്രിസ്തുയേശുവിലും എന്നേക്കും തലമുറതലമുറയായും മഹത്വം ഉണ്ടാകട്ടെ. ആമേൻ.*

— എഫെസ്യർ. 3:20

മാനസികമായും ശാരിരികമായും മറ്റും മുറിവേറ്റവർക്കുവേണ്ടി പ്രാർത്ഥിക്കുമ്പോൾ അവരെയൊക്കെ സഹായിക്കണമെന്നുള്ള വലിയ ആഗ്രഹം എനിക്കുണ്ടാകാറുണ്ട്. എന്റെ ആഗ്രഹം എന്റെ കഴിവിനപ്പുറമായി എനിക്ക് തോന്നാറുണ്ട്. എന്നാൽ ദൈവത്തിന്റെ മുമ്പിൽ അത് വലിയ കാര്യമില്ല. നമ്മുടെ മുമ്പിൽ കാണുന്ന കാര്യം ജീവിതത്തിലാകട്ടെ ശുശ്രൂഷയിലാകട്ടെ വലിയതെന്നു തോന്നിയാൽ നമ്മുടെ മനസ്സിനു ഉൾക്കൊള്ളാൻ കഴിയുന്നില്ലെങ്കിൽ നാം *ആത്മാവിൽ ചിന്തിക്കണം.*

സ്വാഭാവികമായി അനേകം കാര്യങ്ങൾ അസാദ്ധ്യമാണ്. എന്നാൽ ദൈവത്തിനു ഒന്നും അസാദ്ധ്യമല്ല. ദൈവത്തോടു ആദരവുണ്ടാകേണ്ടതിനു ദൈവം ആഗ്രഹിക്കുന്നത് നാം വലിയ കാര്യങ്ങൾ വിശ്വസിച്ച് വലിയ പദ്ധതികൾ തയ്യാറാക്കാവുന്നതാണ്. യാക്കോബ് 4:2ൽ പറയുന്നത് നമുക്ക് ലഭിക്കാത്തത് നാം ചോദിക്കാത്തതുകൊണ്ടാണെന്നാണ്. നമുക്ക് ചോദ്യത്തിൽ ധൈര്യമുള്ളവരായിരിക്കാം.

ചിലപ്പോൾ എന്റെ യോഗങ്ങളിൽ പ്രാർത്ഥനസമയത്ത് ജനങ്ങൾ എന്നോട് വളരെ പേടിച്ച് എനിക്ക് എന്തുതോന്നുമെന്ന് കരുതി രണ്ട് പ്രാർത്ഥനാ വിഷയങ്ങൾ പറയാമോയെന്നു ചോദിക്കാറുണ്ട്. ദൈവത്തിന്റെ സമയത്ത് ദൈവഹിതപ്രകാരം ദൈവം കാര്യങ്ങൾ ചെയ്യുമെന്ന് വിശ്വസിച്ച് ദൈവത്തോടു നിങ്ങളുടെ എല്ലാ കാര്യങ്ങളും ചോദിക്കാമെന്ന് ഞാൻ പറയാറുണ്ട് - ജനത്തിനു പറയുവാൻ കഴിയുന്ന കാര്യങ്ങൾ അവനോട് പറയണം.

കഴിവുള്ളവരെയല്ല ദൈവം പലപ്പോഴും വിളിക്കുന്നത് അങ്ങനെ ചെയ്താൽ ദൈവം നാമം മഹത്വപ്പെടണമെന്നില്ല. ദൈവത്തിൽ നിന്നു ലഭിക്കുന്ന നിർദ്ദേശങ്ങളനുസരിച്ച് ധീരമായ വിശ്വാസത്തിന്റെ ചുവടുകളെടുക്കുന്നവരും എന്നാൽ തങ്ങളെക്കൊണ്ട് സ്വയമായി ഒന്നും ചെയ്യുവാൻ കഴിവില്ലയെന്നു ചിന്തിക്കുന്നവരെയുമണ്. നാം തീരുമാനങ്ങളെടുക്കുന്നതിനു മുമ്പ്

ശരിയായിട്ട് ചിന്തിച്ച് ഒരുങ്ങിയാണ് കാര്യങ്ങൾ മുന്നോട്ട് നയിക്കുന്നത്. എന്നാൽ നമ്മുടെ ഒരുക്കം പലപ്പോഴും ദൈവത്തിലാശ്രയിക്കുന്നതിനു പകരം സ്വയത്തിൽ ആശ്രയിക്കാൻ കാരണമാകും.

നിങ്ങളുടെ ബലഹീനതകളറിയുക – ദൈവത്തിന്റെ ശക്തിയും വിശ്വസ്ത തയും അറിയുക. എല്ലാറ്റിനും ഉപരി, ഒരു പിൻമാറ്റക്കാരനായി തീരാതിരിക്കുക.

# നിങ്ങളുടെ സന്തോഷം നശിപ്പിക്കുന്ന ചെറുകുറുക്കന്മാർ

*അരിഷ്ടന്റെ ജീവനാൾ ഒക്കെയും കഷ്ടകാലം(ആകാംക്ഷ നിറഞ്ഞ ചിന്തകളാൽ) സന്തുഷ്ട ഹൃദയനോ നിത്യം ഉത്സവം (സാഹചര്യങ്ങൾ എന്തായാലും)*

— സദൃശ്യവാക്യങ്ങൾ 15:15

എന്റെ ജീവിതത്തിൽ ഒരു കാലത്ത് വലിയ ആകാംക്ഷ നിറഞ്ഞ അവസ്ഥയിലായിരുന്നു. ഞാൻ ഒരു കാരണവും കൂടാതെ ഭയപ്പെട്ടിരുന്നു. എന്തോ ഭയാനകമായ ഒന്ന് എന്റെ ജീവിതത്തിൽ സംഭവിക്കാൻ പോകുന്നു എന്നുള്ള ചിന്ത എന്നെ ഭരിച്ചിരുന്നു. അവസാനം ഞാൻ ദൈവത്തിന്റെ അടുക്കൽ ചെന്ന് ചോദിച്ചു ദൈവമെ "എന്നെ പ്രശ്നത്തിലാക്കുതെന്താണ്?" അവൻ എന്നോടു പറഞ്ഞു. നിന്നെ ഭരിക്കുന്നത് ദോഷം സംഭവിക്കുമെന്നുള്ള ഭയമാണ്. ആദ്യം ഈ പറഞ്ഞതിന്റെ അർത്ഥം എനിക്ക് ശരിക്കു മനസ്സിലായില്ല. എന്നാൽ സദൃശ്യവാക്യങ്ങൾ 15:15 വായിച്ചപ്പോൾ എനിക്കതിന്റെ അർത്ഥം മനസ്സിലായി എന്നെ ഭരിക്കുന്നത് "എന്റെ ആകാംക്ഷ നിറഞ്ഞ ജീവിതമാണെന്നു ബോധ്യമായി."

ആ നാളുകളിൽ മറ്റുള്ള അനേകരെ പോലെയായിരുന്നു ഞാൻ എന്റെ ജീവിതം സന്തോഷകരമാകുന്നതിനു തടസ്സമായി ഭയപ്പെടുത്തുന്ന ഒരു ജീവിയെപ്പോലെ പ്രശ്നം എന്നിലേക്കു നുഴഞ്ഞുകയറുന്നതായി ഞാൻ ചിന്തിച്ചു. എല്ലാറ്റിനും ഞാൻ വളരെ പിരിമുറുക്കം അനുഭവിച്ചിരുന്നു, ഒരു പ്രശ്നവും ഇല്ലാതിരിക്കെ ഞാൻ സ്വയം പ്രശ്നങ്ങൾ ഉണ്ടാക്കിക്കൊണ്ടിരുന്നു, ഒരു യോഗത്തിൽ വെച്ച് ചില കാര്യങ്ങൾ സംസാരിക്കാൻ ദൈവം എന്നോട് ആവശ്യപ്പെട്ടു. ചിലർഇത് കേൾക്കേണ്ടതായിട്ടുണ്ട്. "ഒന്നുമില്ലാത്തിടത്തു നിന്ന് ഒരു വലിയ പ്രശ്നം ഉണ്ടാകരുത്." ഈ നിലയിലുള്ള നിർദ്ദേശം കേൾക്കേണ്ട വ്യക്തി ഞാനായിരുന്നു. ചെറിയ കുന്നുകളിൽ നിന്നു വലിയ പർവ്വതങ്ങൾ ഉണ്ടാകുവാൻ എനിക്കു കഴിയുമായിരുന്നു. എന്റെ ജീവിതത്തിൽ നിന്നു ചില കാര്യങ്ങൾ മാറ്റുവാൻ അവയെ മറന്നുകൊണ്ട് പോകുവാൻ ഞാൻ പരിശീലിക്കേണ്ടതായിരുന്നു. നമ്മുടെ ജീവിതത്തിൽ ഭയപ്പെടുവാൻ ആവശ്യമില്ലാത്ത വിഷയങ്ങളിലാണ് നാം ഭയപ്പെടുന്നത്. മുന്തിരിവള്ളി നശിപ്പിക്കുന്ന ചെറുകുറുക്കന്മാരുമുണ്ട് (ഉത്തമഗീതം 2:15)

ഓരോന്നിനു പുറകെ ഓരോന്നായി ചെറിയ കാര്യങ്ങളെ ഓർത്തുകൊണ്ട് നാം ഭാരപ്പെട്ടുകൊണ്ടിരുന്നാൽ നമ്മുടെ ജീവിതത്തിൽ ഒരിക്കലും സന്തോഷത്തോടെ കഴിയുവാൻ ഇടയില്ല.

# മാതൃകയായിരിക്കുക

*ഞാൻ ക്രിസ്തുവിന്റെ (മശിഹ) അനുകാരിയായിരിക്കുന്നതുപോലെ നിങ്ങളും എന്റെഅനുകാരികൾ ആകുവിൻ (എന്റെ മാതൃക പിന്തുടരുക)*

— 1 കൊരിന്ത്യർ. 11:1

എത്ര ധൈര്യം നിറഞ്ഞ അത്ഭുതകരമായ പ്രസ്താവന. എന്താണ് പൗലോസ് ഈ വാകൃത്തിൽ പറഞ്ഞിരിക്കുന്നത്. 1 കൊരിന്ത്യർ 4:16 – ൽ പറഞ്ഞിരിക്കുന്ന കാര്യം തന്നെയാണ് ഇവിടെയും പറഞ്ഞിരിക്കുന്നത്: "ആകയാൽ എന്റെ അനുകാരികൾ ആകുവിൻ എന്ന ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു."

കൊരിന്തിലെ വിശ്വാസികളോട് പൗലോസ് പറയുന്നത് "എന്റെ ജീവിതത്തിലേക്കു നോക്കുക, യേശു നാം എപ്രകാരം ജീവിക്കണമെന്നത് കാണിച്ചു തരും ഇതാണ് ദൈവം നമ്മെക്കുറിച്ചും ആഗ്രഹിക്കുന്നത്. ദൈവം നമ്മിൽ നിന്നു ആഗ്രഹിക്കുന്നത് മറ്റാരിൽ നിന്നും ഒന്നും മറെച്ചുവയ്ക്കുവാൻ കഴിയാത്ത നിലയിൽ ദൈവത്തെ അനുസരിക്കുവാൻ വേണ്ടി നാം എല്ല കാര്യങ്ങളും പ്രവർത്തിക്കുന്നതാണ്. നമ്മെ മാതൃകയാക്കുവാൻ ആഗ്രഹിക്കുന്നവർ യേശുക്രിസ്തുവിന്റെ മാതൃകയിലേക്ക് പ്രവർത്തിയിലും മനോഭാവത്തിലും എത്തിച്ചേരണമെന്നു കർത്താവാഗ്രഹിക്കുന്നു.

റോമർ. 5:19 ഞാൻ വളരെ ഇഷ്ടപ്പെടുന്നു, "ഏക മനുഷ്യന്റെ അനുസരണക്കേടിനാൽ (കേൾക്കുന്നതിൽ പരാജയം കാര്യമായിയെടുത്തില്ല അശ്രദ്ധ) അനേകർ പാപികളായി തീർന്നതുപോലെ എകന്റെ അനുസരണത്താൽ അനേകർ നീതിമാന്മാരായി തീരും (ദൈവത്തിനു അംഗീകാര യോഗ്യമാകും ദൈവമുമ്പാകെ നീതിയോടെ നിൽക്കുക)"

ഈ വാക്യമനുസരിച്ച് ഒരു സ്ത്രീയ്ക്കോ പുരുഷനോ ലോകത്തെ സ്വാധീനം ചെലുത്താം. ഇങ്ങനെയാണ് കാര്യമെങ്കിൽ നമുക്ക് നമ്മുടെ അയൽപക്കത്തും നമ്മുടെ ജോലിസ്ഥലത്തും നാം ഇടപഴകുന്ന സ്നേഹിതരിലും വലിയ സ്വാധീനം ചെലുത്തുന്നവൻ നാം എടുക്കുന്ന ശരിയായ തീരുമാനങ്ങളിലൂടെ കഴിയും.

# ഭയപ്പെടേണ്ട

*നിന്റെ ജീവകാലത്ത് ഒരിക്കലും ഒരു മനുഷ്യനും നിന്റെ നേരെ നിൽക്കുകയില്ല. ഞാൻ മോശെയോടുകൂടെ ഇരുന്നതുപോലെ നിന്നോടുകൂടെയും ഇരിക്കും. ഞാൻ നിന്നെ കൈവിടുകയില്ല, ഉപേക്ഷിക്കുകയുമില്ല*

— യോശുവ 1:5

ദൈവവചനത്തിൽ 365 പ്രാവശ്യം 'ഭയപ്പെടേണ്ട' എന്നു പറഞ്ഞിരിക്കുന്നതായി കേട്ടിട്ടുണ്ട്. എന്നാൽ ഡെയ്ക്ക്സ്സ് അനോട്ടെറ്റഡ് ബൈബിൾ അനുസരിച്ച് ഏറ്റവും കുറഞ്ഞത് 355 പ്രാവശ്യം ഈ പ്രയോഗമുള്ളതായി എനിക്കറിയാം. ഒരു വർഷത്തിന്റെ ഓരോ ദിവസവും 'ഭയപ്പെടേണ്ട' എന്നു മനസ്സിലാക്കാം. ഭയപ്പെടേണ്ട എന്നുള്ള ദൈവവചനം അനുസരിക്കുവാൻ നിങ്ങൾ യഥാർത്ഥത്തിൽ ഒരുക്കമാണോ? ഒരുക്കമാണെങ്കിൽ നിങ്ങൾ നല്ലയാളുകളുടെ കൂട്ടത്തിലാണ്. കാരണം ദൈവവചനത്തിൽ കാണുന്ന ദൈവത്താൽ ഉപയോഗിക്കപ്പെട്ട എല്ലാ ആളുകളോടും ദൈവം ആവർത്തിച്ചു പറഞ്ഞിട്ടുണ്ട് 'ഭയപ്പെടേണ്ട' അങ്ങനെയുള്ള വ്യക്തികളിൽ ഒരാളാണ് യോശുവ. മോശെയുടെ ശേഷം ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട വ്യക്തിയാണ് യോശുവ. അവനു ഒരു വലിയ ജോലി നൽകി, ഇസ്രായേൽ ജനത്തെ കനാൻ നാട്ടിലെത്തിക്കുക.

മോശെയപ്പോലെ ആകണമെന്ന് ഒരിക്കലും യോശുവയോട് പറഞ്ഞില്ല, എന്നാൽ മോശെയ്ക്കു ദൈവം എങ്ങനെയായിരുന്നുവോ അതുപോലെ തന്നെ യോശുവയോടു കൂടെയുണ്ട്. യോശുവായെ ദൈവം ഒരിക്കലും കൈവെടിയുക യില്ല. ദൈവം പറയുന്നു: "യോശുവായേ, നീ ഭയപ്പെടേണ്ട ഞാൻ നിന്നോട് കൂടെയുണ്ട്!" ദൈവം നമ്മോടുകൂടെയുണ്ടെങ്കിൽ സാഹചര്യം എങ്ങനെയായിരുന്നാലും കുഴപ്പമില്ല. എല്ലാ കാര്യങ്ങളും ശരിയായ നിലയിൽ നടക്കും. കാരണം നിങ്ങളെ ഒരുനാളും ദൈവം കൈവിടുകയില്ല ഉപേക്ഷിക്കുകയുമില്ല.

# നാം ഭയപ്പെടുന്നുണ്ടോ?

*ബലവും ധൈര്യവുമുള്ളവരായിരിപ്പിൻ; അവരെ പേടിക്കരുത്, ഭ്രമിക്കയുമരുത്, നിന്റെ ദൈവമായ യഹോവ തന്നെ നിന്നോടുകൂടെ പോരുന്നു; അവൻ നിന്നെ കൈവിടുകയുമില്ല. ഉപേക്ഷിക്കുകയുമില്ല,*

— ആവർത്തനം 31:6

ഭയമെന്നുള്ളത് ചില ബാഹ്യപ്രകടനങ്ങളുള്ള ഒരു വികാരം മാത്രമാണ്. ഇതു നിമിത്തം നാം പേടിക്കും, വിയർക്കും, മുഖം ചുമന്നുപോകും, മുട്ടുകൾ വിറക്കും, ബൈബിൾ ഒരിക്കലും നാം വിറയ്ക്കരുതെന്ന് പറഞ്ഞിട്ടില്ല, അതുപോലെ കുലുങ്ങരുതെന്നും വിയർക്കരുതെന്നുമില്ല. പിന്നെയോ, ദൈവവചനം പറഞ്ഞിരിക്കുന്നത് "നാം ഭയപ്പെടരുതെന്നാണ്." *'ഭയം'* എന്ന പദം തിരിഞ്ഞ് ചിലതിൽ നിന്ന് നാം ഒടിയൊളിക്കുക എന്നതാണ്. ദൈവം പറയുന്നത്, ഭയം ആത്മവിശ്വാസത്തിന്റെ ശത്രുവായതുകൊണ്ട് നാം ചെയ്യുന്ന കാര്യങ്ങളെ നിർത്തുവാനിടയാക്കരുത്. നാം ചെയ്യുന്ന കാര്യങ്ങൾ അവസാനിപ്പിക്കാൻ പാടില്ല എന്നുള്ള ഭയം നമുക്കുവേണം.

ഞാൻ ഈ ആശയം ഗ്രഹിച്ചപ്പോൾ എനിക്കു വിശ്വസിക്കുവാൻ കഴിഞ്ഞില്ല. എന്നാൽ അത് നല്ലതും സത്യവുമാണ്. ഞാൻ തളർന്നു വീഴുമെന്നു തോന്നിയ പുതിയ സാഹചര്യത്തിൽ എന്റെ കാൽമുട്ടുകൾ കൂട്ടിയിടിച്ചതിൽ ഒരു തെറ്റില്ലെന്നു എനിക്കു മനസ്സിലായി എന്നാലും, ഞാൻ എന്തുതന്നെ അനുഭവിച്ചാലും ഞാൻ ചെയ്യേണ്ട കാര്യങ്ങളുമായി മുന്നോട്ടു പോയി, ഞാൻ ഒരു ഭീരുവായി തീർന്നില്ല. നാം ഓടിപോകുമ്പോൾ ഭീരുക്കളായി തീരും. നിങ്ങൾ ഒരുപക്ഷെ ഒരു വികാരത്തെ നിങ്ങളുടെ വിധി നിർണ്ണയിക്കുവാൻ അനുവദിക്കുകയാണ്. ചിലർക്ക് മാത്രമാണ് ഭയമെന്നും മറ്റുള്ളവർക്ക് ഭയമില്ലെന്നും ചിന്തിച്ചേക്കാം. എല്ലാവർക്കും ഭയമുണ്ടാകുമെന്നുള്ളതാണ് സത്യം, ഭയമുണ്ടായാലും നാം എന്തു ചെയ്യുന്നുയെന്നുള്ളതാണ് നമ്മുടെ ജീവിതത്തിൽ വിജയവും പരാജയവും നിശ്ചയിക്കുന്നത്.

# ബുദ്ധിയിൽ നിന്നല്ല ആത്മാവിൽ നിന്ന്

*ഇരുമനസ്സുള്ള മനുഷ്യൻ തന്റെ വഴികളിൽ ഒക്കെയും അസ്ഥിരൻ ആകുന്നു. (അവൻ ചിന്തിക്കുന്നതും തോന്നുന്നതും തീരുമാനിക്കുന്നതും)*

— യാക്കോബ്. 1:8

നമ്മുടെ ജീവിതത്തിൽ നമുക്കു വിചാരങ്ങൾ നൽകുന്ന രണ്ട് ഉറവിടങ്ങൾ ഉള്ളിലുണ്ട് നമ്മുടെ തലയിൽ നിന്നു വരുന്ന ജഡീകമായ വിവരങ്ങൾ. മറ്റൊന്ന് നമ്മുടെ ഹൃദയത്തിൽ നിന്നു വരുന്ന ആത്മികമായ വിവരങ്ങൾ. ഒന്ന് മലിനമായ ജലം അടുത്തത് ശുദ്ധമായ കുടിവെള്ളം. നാം ഏതിൽ നിന്നു കുടിക്കണമെന്ന് നാമാണ് തീരുമാനിക്കേണ്ടത്. രണ്ടുറവയിൽ നിന്നും കുടിക്കുവാൻ ശ്രമിക്കുന്നവരുണ്ട്. അതിനെ ബൈബിൾ വിളിക്കുന്നത് ഇരു മനസ്സുള്ളവർ എന്നാണ്.

നിങ്ങൾക്കറിയാമോ ഇരുമനസ്സിന്റെ അർത്ഥം? നിങ്ങളുടെ മനസ്സ് ഒന്നു പറയുന്നു. ആത്മാവിൽ നിന്ന് അതിന് വിപരീതമായി പറയുന്നു. 'അതൊരു നുണയായതുകൊണ്ട് ഞാൻ വിശ്വസിക്കുന്നില്ല.' എന്നു പറയുന്നതിനു പകരം. രണ്ടു ചിന്തകളാൽ നിയന്ത്രിക്കപ്പെട്ട് എന്തു ചെയ്യണമെന്നറിയാൻ കഴിയാത്ത അവസ്ഥ.

നാം ഏതു തരം ചിന്തകളുടെ ഉറവയിൽ നിന്നു കുടിക്കാൻ തീരുമാനിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണ് കർത്താവ് ആഗ്രഹിക്കുന്ന നിലയിൽ നമുക്ക് സന്തോഷകരവും വിജയകരവുമായ ക്രിസ്തീയ ജീവിതം നയിക്കുവാൻ കഴിയുന്നത്. നമ്മുടെ ബുദ്ധിയിൽ നിന്നല്ല ആത്മാവിൽ നിന്നു തന്നെ ചിന്തകൾ പ്രാപിച്ച് വിജയകരമായ ജീവിതം നയിക്കാൻ പഠിക്കാം.

# കുലുക്കിക്കളയുക

*സകല ഭാരവും (അനാവശ്യമായ ഭാരം)... നമ്മുടെ മുമ്പിൽ വച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക.*

— എബ്രായർ. 12:1

ഒരു വെള്ളമില്ലാത്ത കുഴിയിൽ വീണ കൃഷിക്കാരന്റെ കഴുതയെക്കുറിച്ചുള്ള കഥ എനിക്ക് ഇഷ്ടമാണ്. കൃഷിക്കാരൻ ഇനി ഈ കഴുതയെ എന്തു ചെയ്യണമെന്ന് ആലോചിക്കുമ്പോൾ കഴുത കുഴിയിൽ കിടന്നു കരഞ്ഞുകൊണ്ടിരിക്കുന്നു. അവസാനം കുഴി ആഴമുള്ളതായതുകൊണ്ട് മൂടേണ്ടത് ആവശ്യമാണ് എന്നുള്ള തീരുമാനത്തിൽ മാത്രമല്ല ഈ വയസ്സൻ കഴുതയെ കുഴയിൽ നിന്നു കയറ്റുക എന്നുള്ളത് ഭാരിച്ച ജോലിയുമാണ്. അതുകൊണ്ട് അയാൽ അയൽക്കാരോട് കഴുതയെ കുഴിയിൽ ഇട്ട് മൂടുവാൻ സഹായമാവശ്യപ്പെട്ടു.

അവൻ മണ്ണിടുവാനുള്ള തൂമ്പയും മറ്റുമായി വന്ന് കുഴിയിലേക്ക് മണ്ണിടുവാൻ തുടങ്ങി. എന്താണ് സംഭവിക്കുന്നതെന്ന് മനസ്സിലാക്കിയ മൃഗം ഉച്ചത്തിൽ കരയുവാൻ തുടങ്ങി. നമ്മെ ആരെങ്കിലു കഠിനമായി ഉപദ്രവിച്ചാൽ കരയുകയെന്നത് സ്വാഭാവികമായ പ്രതികരണമാണ്. ഈ കഴുത ആദ്യം അങ്ങനെ ചെയ്തെങ്കിലും പിന്നെ അവൻ ശാന്തനായി. കുറച്ച് കട്ട മണ്ണ് ഇട്ടതിനുശേഷം കൃഷിക്കാരൻ കുഴിയിലേക്കു നോക്കിയപ്പോൾ അത്ഭുതപ്പെട്ടു ഓരോ പ്രാവശ്യവും മണ്ണ് വീഴുമ്പോഴും ശരീരം കൊണ്ട് അതു കുലുക്കി കളഞ്ഞതിനുശേഷം അതിന്റെ മുകളിൽ കയറി നിൽക്കും.

കൃഷിക്കാരൻ തുടർമാനമായി മണ്ണിട്ടുകൊണ്ടിരുന്നു. കഴുത ഓരോ പ്രാവശ്യവും മണ്ണുവീഴുമ്പോഴും അതു ശരീരംകൊണ്ട് കുലുക്കികളഞ്ഞ് അതിന്റെ മുകളിൽ കയറി നിൽക്കും. അവസാനത്തെ പ്രാവശ്യം മണ്ണിട്ടപ്പോൾ കഴുത ശരീരംകൊണ്ട് കുലുക്കി കളഞ്ഞതിനുശേഷം ഒരു അടിയും മുകളിലേക്ക് വച്ച് കുഴിയിൽനിന്നു  പുറത്തേക്കു വന്നു. നമുക്ക് ഈ കഥയിൽനിന്നും പാഠം ഉൾക്കൊള്ളുവാൻ കഴിയും. നമ്മുടെ ജീവിതത്തിൽ കഷ്ടത വരുമ്പോൾ നാം ശാന്തമായിരുന്നു ശ്രദ്ധിച്ചാൽ നാം എന്തു ചെയ്യണമെന്ന് ദൈവം പറഞ്ഞു തരും.

ദൈവത്തിന്റെ കരുണയായും കൃപയാലും എന്റെ ജീവിതത്തിൽ വന്ന മുറിവേറ്റ വികാരങ്ങൾ, ക്രൂരതയോടെയുള്ള പെരുമാറ്റങ്ങൾ, പീഡനങ്ങൾ, അനീതിയായ കാര്യങ്ങൾ ഭയമില്ലാത്ത കാര്യങ്ങൾ ഇവയെല്ലാം കുലുക്കികളയുവാൻ എനിക്കു കഴിഞ്ഞു. ഈ കഴുതയെപ്പോലെ നമ്മുടെ ജീവിതത്തിൽ വരുന്ന കഷ്ടതകളെ കഴുകിക്കളയാം.

# രണ്ടു നിലയിലുള്ള കഷ്ടതകൾ

*അതു തന്നേ അല്ല (ഇപ്പോൾ നമുക്ക് പൂർണ്ണമായ സന്തോഷത്തോടെയിരിക്കാം) കഷ്ടത സഹിഷ്ണുതയെയും, സഹിഷ്ണുത സിദ്ധതയെയും സിദ്ധത പ്രത്യാശ യെയും ഉളവാക്കുന്നു എന്ന് അറിഞ്ഞു നാം കഷ്ടങ്ങളിലും പ്രശംസിക്കുന്നു.*

— റോമർ. 5:3

നിങ്ങളുടെ ക്രിസ്തീയ ജീവിതത്തിന്റെ ഒരു ഘട്ടത്തിൽ നിങ്ങളെ യേശു എല്ലാ കഷ്ടത്തിൽ നിന്നു വിടുവിക്കുമെന്ന് നിങ്ങൾ കേട്ടിരിക്കാം. അത് ശരിയാണ്. അവൻ അങ്ങനെ ചെയ്യും. എന്നാൽ ഒരു പരിവർത്തനഘട്ടമുണ്ട്. ഇത് വളരെ എളുപ്പമല്ല. നിങ്ങളുടെ ജീവിത സന്തോഷമാക്കുന്നതിനും സ്വാതന്ത്ര്യത്തിലേക്കു പ്രവേശിക്കുന്നതും ചില സമയങ്ങളിൽ ബുദ്ധിമുട്ട് നിറഞ്ഞതായിരിക്കും. എന്നിരുന്നാലും അടിമത്വത്തിൽ കഴിയുന്നതിനെക്കാൾ എത്രയോ എളുപ്പമാണ് സ്വാതന്ത്ര്യത്തിലേക്കുള്ള യാത്ര.

യേശുവിനു എന്നെ സ്വാതന്ത്ര്യത്തിലേക്കു കൊണ്ടുവരുവാൻ കഴിയുമെന്ന് അവൻ ആഗ്രഹിക്കുന്നുവെന്നു മനസ്സിലാക്കിയപ്പോൾ എനിക്ക് ആ സ്വാതന്ത്ര്യം വേണമെന്ന് ആഗ്രഹമുണ്ടായി. എന്നാൽ എന്റെ മനോഭാവം 'ഞാൻ ഒത്തിരി കഷ്ടപ്പെട്ടു ഇനി കഷ്ടപ്പെടുവാൻ കഴിയില്ല." എന്നാൽ നാം അടിമത്വത്തിലായിരിക്കുമ്പോൾ നാം അവസാനമില്ലാത്ത കഷ്ടത അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. യേശുവിനെ നമ്മുടെ ജീവിതത്തിലേക്കു കടന്നുവരുവാൻ അനുവദിക്കുകയും അതിലൂടെ ലഭിക്കുന്ന സ്വാതന്ത്ര്യം അനുഭവിക്കാൻ പോകേണ്ടുന്ന വഴിയിലൂടെ പോകുകയും ചെയ്യുമ്പോൾ അല്പം കഷ്ടതയൊക്കെ അനുഭവിക്കേണ്ടി വരും. എന്നാൽ ആ കഷ്ടത വിജയത്തിലേക്കും സ്വാതന്ത്ര്യത്തിന്റെ പുതിയ ജീവിതത്തിലേക്കുമാണ്.

കഷ്ടതയെക്കുറിച്ച് തെറ്റായ ചിന്താഗതികളുള്ളതുകൊണ്ട് അനേകർക്കും ജീവിതത്തിൽ സ്വാതന്ത്ര്യത്തിന്റെ സന്തോഷം അനുഭവിക്കാൻ കഴിയുന്നില്ല. നാം ബുദ്ധിമുട്ടു നിറഞ്ഞ പരിവർത്തനഘട്ടത്തിലൂടെ കടന്നുപോകുമ്പോൾ മുകളിൽ പറഞ്ഞ വേദഭാഗത്തെപ്പോലെ വിശ്വാസം തെരഞ്ഞെടുക്കുകയും സന്തോഷിക്കുകയും വേണം, കാരണം ദൈവം നമ്മെ സ്നേഹിക്കുന്നു. അത് നല്ല അവസാനം നൽകുന്നു. ഈ കാര്യത്തിൽ പക്വതയുള്ള സ്വഭാവമാണ് ലഭിക്കുന്നത്.

# ഒരു ആത്മവിശ്വാസമുള്ള ഹൃദയം

*എന്റെ മനസ്സു ഉറെച്ചിരിക്കുന്നു. ദൈവമെ, എന്റെ മനസ്സ് ഉറച്ചിരിക്കുന്നു.*

— സങ്കീർത്തനം. 57:7

ഈ വേദഭാഗം നമ്മോട് പറയുന്ന കാര്യം ശ്രദ്ധിക്കുക നമ്മുടെ മനസ്സ് ഉറച്ചിരിക്കണമെന്നു മാത്രമല്ല അത് ആത്മവിശ്വാസത്തോടെയായിരിക്കണം. ശുശ്രൂഷയിൽ വിജയം നേടുവാൻ എപ്പോഴും ആത്മവിശ്വാസത്തോടെയിരിക്കണമെന്ന് എനിക്ക് മനസ്സിലായി. ഞാൻ ശുശ്രൂഷയിൽ തിരക്കിലായിരിക്കുമ്പോഴും ജനത്തിന്റെ മുമ്പിൽ പ്രസംഗിച്ചുകൊണ്ടിരിക്കുമ്പോഴും എന്റെ ആത്മവിശ്വാസം കളയാൻ കഴിയുന്ന ചിന്തകൾ പിശാച് എന്റെ തലയിൽ കടത്തിവിടും. ഉദാഹരണത്തിന്, രണ്ടോ മൂന്നോ പേർ തങ്ങളുടെ വാച്ചിൽ നോക്കിയാൽ പിശാച് പറയും. അവൻ വളരെ വിരസത അനുഭവിക്കുന്നു അതുകൊണ്ട് പുറത്തേക്കു പോകുവാൻ ആഗ്രഹിക്കുന്നു. ഒരു ഭാര്യയും ഭർത്താവും എഴുന്നേറ്റ് വിശ്രമമുറിയിലേക്കു പോയാൽ. "അവൻ നിങ്ങളുടെ പ്രസംഗം ഇഷ്ടപ്പെടാത്തതുകൊണ്ട് എഴുന്നേറ്റ് പോകുന്നതായി" സാത്താൻ എന്നോടു പറയും.

നാം എന്തു ദൈവത്തിനുവേണ്ടി ചെയ്താലും നമ്മുടെ ആത്മവിശ്വാസം നഷ്ടപ്പെടുത്തുന്ന ചിലത് ചെയ്യുവാൻ സാത്താൻ ശ്രമിക്കും. നമ്മുടെ പ്രാർത്ഥനയിൽ നമുക്ക് ആത്മവിശ്വാസമുണ്ടാകണമെന്ന് സാത്താൻ ആഗ്രഹിക്കുന്നില്ല. ദൈവം നമ്മെ കേൾക്കുന്നുണ്ട് എന്ന് നാം വിശ്വസിക്കുവാൻ സാത്താൻ ആഗ്രഹിക്കുന്നില്ല. നമ്മുടെ വിളയെക്കുറിച്ചുള്ള ഉറപ്പിലേക്കു വരുവാൻ അവൻ ആഗ്രഹിക്കുന്നില്ല.

തോറ്റുപോകും എന്നുള്ള വികാരം നമ്മുടെയുള്ളിൽ എപ്പോഴും ഒരു ആത്മവിശ്വാസമുള്ള ഹൃദയം നൽകി തരത്തില്ല. നാം ഓരോ ദിവസവും ഉണരുമ്പോൾ ഭയവും നിരാശയും ഭരിക്കുവാനിടയാകരുത്. അതിനു പകരം എല്ലാ പ്രഭാതത്തിലും സാത്താനെ നമ്മുടെ കാലിനു കീഴിലാക്കുവാൻ ഒരുക്കത്തോടെ ഉണരണം.

എങ്ങനെ ഇതു സാധിക്കും, ദൈവവചനം നമ്മോടു പറയുന്ന കാര്യങ്ങളെ ആത്മവിശ്വാസത്തോടെ ഉയർത്തി പറയണം. "യേശുക്രിസ്തുമൂലം എനിക്ക് പൂർണ്ണവിജയമുണ്ട്, എന്നെ ശക്തനാക്കുന്നവൻ മൂലം സകലത്തിനു ഞാൻ മതിയാകുന്നു" ദൈവം നൽകുന്ന വിജയം മൂലം ഏതൊരു സാഹചര്യത്തിലും ഞാൻ വിജയിക്കും.

# ദൈവത്തിന്റെ ആയുധവർഗ്ഗം ധരിക്കുക

*ഒടുവിൽ കർത്താവിലും (കർത്താവിന്റെ കൂട്ടായ്മയിൽ ശക്തിപ്പെടുക) അവന്റെ അമിത ബലത്തിലും ശക്തിപ്പെടുക. ആ ശക്തി അളവുകൂ ടാത്ത ബലം നൽകുന്നു.*

— എഫെസ്യർ. 6:10

ദൈവവുമായി നാം സമയം ചിലവഴിക്കുമ്പോൾ എന്താണ് സംഭവിക്കുന്ന തെന്നു നിങ്ങൾക്കറിയാമോ? മല്ലനായ ഗോല്യാത്തിനെ അഭിമുഖീകരിച്ചു ദാവീദിനെപ്പോലെ പ്രവർത്തിക്കും. നിങ്ങൾക്ക് ശക്തമായി നിന്നുകൊണ്ട് ചോദിക്കുവാൻ കഴിയും "ജീവനുള്ള ദൈവത്തിന്റെ സേനകളെ നിന്ദിപ്പാൻ നീ ആർ?" (1 ശമുവേൽ 17:26). ക്രൂശിന്റെ പടയാളികളായ നിങ്ങൾ പിശാചാ കുന്ന ശത്രുവിനെ ഭയപ്പെടുവാൻ പാടില്ല.

ഭയത്തിന്റെ ആത്മാവ് നമ്മിൽ വരുമ്പോൾ ഇലയെപ്പോലെ ആടുവാനല്ല പിന്നെയോ സിംഹത്തെപ്പോലെ ധൈര്യത്തോടെ നിൽക്കുവാനാണ്. ദൈവ ത്തിനുവേണ്ടി പ്രവർത്തിക്കുന്നവരെയും പിശാചിന്റെ രാജ്യം തകർക്കുന്ന വർക്കും എതിരെ പിശാച് വരുന്നു. പിശാചിനെതിരെ എങ്ങനെ എതിർത്തു നിൽക്കുവാൻ കഴിയും. ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊണ്ട്, വിശ്വാസം എന്ന പരിച എടുക്കുക തന്മൂലം ദുഷ്ടന്റെ തീയമ്പുകളെ കെടു ത്തുവാൻ കഴിയും. ദൈവവചനം എന്ന ആത്മാവിന്റെ വാളും ധരിക്കേണം (വായിക്കുക. എഫെസ്യർ 6:13–17) കർത്താവുമായി നാം കൂട്ടായ്മയിൽ സമയം ചിലവഴിക്കുമ്പോഴാണ് ദൈവത്തിന്റെ സർവ്വായുധ വർഗ്ഗം ധരിക്കുവാൻ കഴി യുകയുള്ളൂ, ദൈവത്തിന്റെ സർവ്വായുധ വർഗ്ഗത്തെക്കുറിച്ചുള്ള വിവരണം ആരംഭിക്കുന്നത് എഫെസ്യർ 6:10 - ലാണ് അവിടെ പറയുന്നത് "കർത്താ വിൽ ശക്തിപ്പെടുക" (അവനോടുള്ള ഐക്യം മൂലം നിങ്ങൾ ശക്തിപ്പെടു ക)" എന്നോട് അത് പറയുന്നത്, ദൈവത്തോടുള്ള കൂട്ടായ്മ മൂലം ശക്തി പ്പെടുക എന്നാണ്. തുടർന്ന് വാക്യം 11 - വായിക്കുന്നത് "ദൈവത്തിന്റെ സർവ്വായുധ വർഗ്ഗം ധരിച്ചുകൊൾവിൻ" എന്നാണ്. കൂട്ടായ്മയിൽ ശക്തിപ്പെ ട്ടതിനുശേഷം മാത്രമെ നമുക്ക് ദൈവത്തിന്റെ ആയുധങ്ങൾ ധരിക്കുവാൻ കഴിയുകയുള്ളൂ.

# പുറത്തേക്കു വരിക കണ്ടെത്തുക

*ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് ഒരുക്കിയിട്ടുള്ളത് കണ്ണു കണ്ടിട്ടില്ല, ചെവി കേട്ടിട്ടില്ല, ഒരു മനുഷ്യന്റെയും ഹൃദയത്തിൽ തോന്നീട്ടുമില്ല.*

— 1 കൊരിന്ത്യർ. 2:9

നിങ്ങൾ ആഗ്രഹിക്കുന്ന ചില മാറ്റം ദൈവം ഒരുപക്ഷെ നിങ്ങളോടാവശ്യ പ്പെട്ടിരിക്കാം. എന്നാൽ നിങ്ങൾ ഭയപ്പെടുന്നു. ആ മാറ്റത്തിലേക്കു വരുവാൻ ഞാൻ നിങ്ങളെ പ്രോത്സാഹിപ്പിക്കുന്നു. നിങ്ങൾ ഒരു അബദ്ധം പ്രവർത്തി ച്ചാലും അതുകൊണ്ട് ലോകം അവസാനിക്കുന്നില്ല.

ദൈവം തുറക്കുന്ന വാതിലുകളിലൂടെ പോകുക ഒരു പക്ഷെ ചില ദിശ യിൽ കുറച്ചു മുന്നോട്ടു പോകേണ്ടി വന്നാലും നിങ്ങൾ കടന്നു ചെല്ലുമ്പോൾ മുമ്പ് അടഞ്ഞു കിടന്ന വാതിലുകൾ തുറക്കപ്പെടുന്നതായി കാണാം. ദൈവ ത്തിൽ നിന്നു അല്പം നിർദ്ദേശങ്ങൾ മാത്രമെ ലഭിക്കുന്നുള്ളുയെങ്കിൽ ഒരു പൂർണ്ണ ചിത്രം ലഭിക്കുന്നില്ലെങ്കിലും മുന്നോട്ടു പോകുക. ദൈവം പടിപടി യായി നിങ്ങളെ നടത്തും. ഒന്നാമത്തെ പടി നിങ്ങൾ മുന്നോട്ടു വച്ചാലെ ദൈവം അടുത്ത പടി നിങ്ങളെ കാണിക്കുകയുള്ളൂ. ഞാൻ നിങ്ങളെ വിഢിത്വം ഉപദേശിക്കുകയല്ല. പരിജ്ഞാനത്തോടും ഭയത്തോടുംകൂടെ ജീവിക്കുന്നതി ലുള്ള വ്യത്യാസം നിങ്ങൾ മനസ്സിലാക്കുവാൻ ഞാൻ പ്രോത്സാഹിപ്പിക്കുക യാണ്.

ദൈവം ഉയർച്ചയിലേക്കു നയിക്കുന്നവനാണ്. എന്റെ ജീവിതത്തിലും വിശ്വാസത്തിലും ഞാനത് കണ്ടതാണ്. ആദ്യം എനിക്ക് അല്പം വിശ്വാസ മുണ്ടായിരുന്നു. അപ്പോൾ ദൈവം എന്നെ ചില കാര്യങ്ങൾ ചെയ്യുവാനേൽപ്പി ച്ചു. ആ ചെറിയ കാര്യങ്ങളിൽ ഞാൻ വിശ്വസ്തനായിരുന്നപ്പോൾ അവനെന്നെ അടുത്തു കാണിച്ചു തന്നു, അപ്പോൾ ഇത് കൈകാര്യം ചെയ്യുവാൻ എന്റെ വിശ്വാസം വളർന്നു.

മുൻകാലങ്ങളിൽ വിവിധ നിലകളിൽ ചെയ്തതോ, വിവിധ കാര്യങ്ങൾ ചെയ്തതിനെയോ ഓർത്ത് ജീവിതം മുഴുവൻ കളയരുത്. എത്രത്തോളം ഏകാ ന്തതയുണ്ടാകുമെന്നോർത്ത് അത്ഭുതപ്പെടുന്നു. നിങ്ങളുടെ എല്ലാ പരിശ്രമങ്ങളും നിങ്ങൾക്ക് സന്തോഷം തരുമെന്ന് ഞാൻ വാഗ്ദാനം ചെയ്യുന്നില്ല. എന്നാൽ എങ്ങനെയാണ് കാര്യങ്ങളെന്നു വ്യക്തിപരമായി അറി യുവാൻ കഴിയും. മറ്റുള്ളവർ കാര്യങ്ങൾ ചെയ്യുകയും അത് എങ്ങനെയായി തീരുമെന്നു ഓർത്ത് അത്ഭുതപ്പെടുകയും ചെയ്യുന്നത് കേട്ട് നിങ്ങൾ ജീവിതം മുഴുവൻ ആയിരിക്കേണ്ടതില്ല. എല്ലാ കാര്യങ്ങളും ചെയ്യുവാൻ നിങ്ങൾക്ക് കഴിവില്ല. എന്നാൽ ദൈവം നിങ്ങളെ നയിക്കുന്ന കാര്യങ്ങളിലേക്കു ദൈവ ത്തിന്റെ സമയത്ത് ഇറങ്ങിച്ചെല്ലുക.

# ഓരോ ദിവസവും പ്രതീക്ഷയോടെ കാത്തിരിക്കുക

*അവൻ(യേശു) അവരോട് (ശിഷ്യന്മാരോട്)പിതാവ് തന്റെ സ്വന്തഅധികാരത്തിൽ വെച്ചിട്ടുള്ള കാലങ്ങളെയോ സമയങ്ങളെയോ അറിയുന്നത് നിങ്ങൾക്കുള്ളതല്ല.*

— അപ്പോസ്തലപ്രവൃത്തി. 1:7

സാധാരണയായി നാം ചില കാര്യങ്ങൾ ചില രീതിയിലൊ ചില സമയത്തോ ചെയ്യുവാൻ തീരുമാനിക്കാത്തതുമൂലം നമ്മുടെ സന്തോഷത്തെയും സമാധാനത്തെയും തടസ്സപ്പെടുത്തുന്ന നിരാശനിറഞ്ഞ അനുഭവങ്ങൾ ഉണ്ടാകാറുണ്ട്. ചില കാര്യങ്ങൾ നമുക്ക് അത്യാവശ്യമായി വേണമെന്നു വരുമ്പോൾ, അതു വേണമെന്നുള്ളത് ദൈവഹിതമാണെന്ന് വേഗത്തിൽ നമുക്ക് ബോധ്യമാകും.

ഞാൻ വസ്തുക്കൾക്കുവേണ്ടി വിശ്വസിക്കാറുണ്ട്. എനിക്കൊരു ലക്ഷ്യമുണ്ട്. തന്മൂലം ചില കാര്യങ്ങൾക്കുവേണ്ടി ഭാവിയിലേക്കു പ്രതീക്ഷയോടെ നോക്കുന്നു. അനേകം വർഷങ്ങൾക്ക് മുൻപ് വിശ്വാസം എനിക്ക് ഇച്ഛാഭംഗം വരുത്തുന്നു എന്നുള്ള ചിന്ത എന്റെ ജീവിതത്തിൽ കടന്നുവന്നു. എന്റെ വിശ്വാസമുപയോഗിച്ച് എനിക്കാവശ്യമായത് വാങ്ങുവാൻ ഞാൻ ശ്രമിച്ചു. എന്നാൽ കാര്യങ്ങൾ സമയത്തു നടക്കാതെ വന്നപ്പോൾ ഞാൻ വിശ്വാസത്തിൽ പരാജയപ്പെട്ടു എന്നുള്ള ചിന്ത എന്നെ ഭരിച്ചു.

എന്നാൽ ഇപ്പോൾ ഇരുപതോളം വർഷങ്ങൾ പിന്നിട്ടു എനിക്ക് എന്റെ വിശ്വാസം ഇപ്പോഴും ഉപയോഗിക്കുവാൻ കഴിയുന്നു. എന്നാൽ ദൈവം നിശ്ചയിച്ച ഒരു സമയമുണ്ട്. “തക്കസമയത്തെ” (1 പത്രൊസ്. 5:6) “ഒരു ആണ്ട് കഴിഞ്ഞിട്ട് ഈ സമയമാകുമ്പോൾ” (ഉല്പത്തി 18:14), കാലസംമ്പൂർണ്ണത വന്നപ്പോൾ (ഗലാത്യർ 4:4) - ഇതൊക്കെ ബൈബിൾ ദൈവത്തിന്റെ സമയത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നു.

ഈ സമയങ്ങളെക്കുറിച്ച് അറിയുവാനുള്ളത് നമ്മുടെ ജോലിയല്ലെന്നു യേശു വളരെ വ്യക്തമായി പറയുന്നു. ഓരോ ദിവസവും പ്രതീക്ഷയോടെ കാത്തിരിക്കുക. അതിനു എത്രകാലം എടുക്കുമെന്നുള്ളത് വിഷയമല്ല) ഇങ്ങനെയുള്ള കാത്തിരിപ്പാണ് നമ്മുടെ ഹൃദയത്തിൽ സന്തോഷം നല്കുന്നത്.

നമ്മിൽ അധികം പേരും കാത്തിരിക്കുന്നവരാണ്. ഞാനും അങ്ങനെയാണ്. ദൈവം എന്നോട് പറഞ്ഞ കാര്യങ്ങൾ എന്റെ ഹൃദയത്തിൽ വെച്ചിരിക്കുന്ന കാര്യങ്ങൾ ഇവയൊന്നും ഇതുവരെ എനിക്കു നേരിൽ കാണുവാൻ കഴി

ഞ്ഞിട്ടില്ല. അവയിൽ ചിലത് പതിനഞ്ചോ, പതിനാറോ വർഷങ്ങൾ വരെ യായിട്ടുണ്ട്. ആ സമയം തന്നെ പറഞ്ഞ വേറെ ചില കാര്യങ്ങൾ എന്റെ ജീവിതത്തിൽ സംഭവിച്ചിട്ടുണ്ട്. ഞാൻ ആശയക്കുഴപ്പത്തിലായിട്ടുണ്ട്. എന്നാൽഎനിക്ക് യാതൊരു ആശയക്കുഴപ്പവുമില്ല, ഞാൻ കാത്തിരിക്കുന്നു. എന്റെ സമയം ഇന്നോ അല്ലെങ്കിൽ മറ്റേതു ദിവസം വരെ, ഏതു നിമിഷത്തിലോ വരാം. അതുപോലെ നിങ്ങൾക്കും കഴിയും.

# പ്രാർത്ഥന എവിടെയും, എപ്പോഴും

*സകല (വിധത്തിലും) പ്രാർത്ഥനയാലും യാചനയാലും ഏതു നേരത്തും (എല്ലാ അവസരത്തിലും എല്ലാക്കാലത്തും) ആത്മാവിൽ പ്രാർത്ഥിച്ചും അതിനായി ജാഗരിച്ചുംകൊണ്ട് സകലവിശുദ്ധന്മാർക്കും എനിക്കുംവേണ്ടി പ്രാർത്ഥനയിൽ പൂർണ്ണ സ്ഥിരത കാണിപ്പിൻ*

— എഫെസ്യർ. 6:18

എപ്പോഴും എവിടെയും ഏതു കാര്യത്തിനും വേണ്ടിയും പ്രാർത്ഥിക്കുവാനും ജാഗരിച്ചുകൊണ്ടിരിക്കുവാനും ഈ വാക്യം നമ്മെ പഠിപ്പിക്കുന്നു. ഈ ദൈവ വചനം വിശ്വസിക്കുകയും പ്രയോഗത്തിൽ വരുത്തുകയും ചെയ്താൽ നമ്മുടെ പ്രാർത്ഥനയുടെ രൂപം മാറും ജീവിതത്തിൽ രൂപാന്തരം സംഭവിക്കും.

നാം പ്രാർത്ഥിക്കേണ്ട ഒരു വിഷയത്തെക്കുറിച്ചുള്ള ചിന്തയുണ്ടാകുമ്പോൾ മറ്റൊരു തെറ്റായ ചിന്ത നമ്മെ ഭരിക്കുന്നു. "ഈ കാര്യം എന്റെ പ്രാർത്ഥനാ സമയത്ത് ഞാൻ ഓർക്കേണ്ടതാണ്." എന്തുകൊണ്ട് അപ്പോൾ തന്നെ ആ വിഷയത്തിനുവേണ്ടി പ്രാർത്ഥിച്ചുകൂടാ, ഈ വിഷയത്തിൽ നമുക്ക് ചില ഉറച്ച ചിന്താഗതികളുണ്ട്. നാം ചിന്തിക്കുന്നത് പ്രാർത്ഥന ഒരു പ്രത്യേക സ്ഥലത്ത് ഒരു പ്രത്യേക സമയത്ത് ഒരു പ്രത്യേക രീതിയിൽ വേണമെന്നാണ്.

നാം അധികം പ്രാർത്ഥിക്കുന്നതിനു തുനിയാഞ്ഞതിൽ അത്ഭുതമില്ല. മറ്റൊരു കാര്യവും ചെയ്യാതെ വെറുതെ ഇരിക്കുന്ന സമയം മാത്രമാണ് പ്രാർത്ഥിക്കുവാൻ കഴിയുന്നതെങ്കിൽ, നമ്മിൽ അധികംപേർക്കും ഇടവിടാതെ പ്രാർത്ഥിക്കുവാൻ കഴിയുകയില്ല. നമുക്ക് മറ്റൊന്നും ചെയ്യാനില്ലാത്ത സമയത്ത് ദൈവത്തോട് ഒരുമിച്ച് സമയം ചിലവഴിക്കുവാൻ ഒരു സമയം വേർതിരിക്കണം. ദൈവത്തോടു ചേർന്നിരിക്കുവാനുള്ള സമയം വേർതിരിക്കുന്നതിനും അത് തുടർമാനമായി പാലിക്കുന്നതിനും പരിശീലിക്കണം. നമുക്ക് ദൈവത്തോടൊത്തിരിക്കുവാൻ വേർതിരിക്കപ്പെട്ട സമയം വേണം. അതുകൂടാതെ തന്നെ ദിവസം മുഴുവൻ പ്രാർത്ഥിക്കുവാനുള്ള നമ്മുടെ പദവി വിനിയോഗിക്കണം. നമ്മുടെ പ്രാർത്ഥന നിശബ്ദമോ, ഉച്ചത്തിലോ, നിണ്ടാതെ ചുരുങ്ങിയതോ, പരസ്യമോ, രഹസ്യമോ എന്തുതന്നെയായാലും പ്രാർത്ഥിക്കുക എന്നതാണ് പ്രധാനം.

# 'ജഡ ദിവസങ്ങളെ' സൂക്ഷിക്കുക

*നിന്റെ എല്ലാ വഴികളിലും അവനെ നിനെച്ചുകൊൾക. അവൻ നിന്റെ പാതകളെ നേരെയാക്കും.* — സദൃശ്യവാക്യങ്ങൾ 3:6

ഞാൻ കൂടുതൽ അനുസരിക്കുമ്പോൾ വീണ്ടും അനുസരിക്കുവാനുള്ള താത്പര്യം ഉണ്ടാകും. അതുപോലെ അനുസരണക്കേട് വർദ്ധിച്ചുവരുമ്പോൾ വീണ്ടും അനുസരണക്കേടു കാണിക്കുവാൻ എളുപ്പമാകും.

ചില ദിവസങ്ങൾ നമുക്ക് രാവിലെ എഴുന്നേലേക്കുമ്പോൾ തന്നെ അറിയാം "ജഡദിവസങ്ങൾ" ആയിരിക്കുമെന്ന്. നമുക്ക് ദിവസത്തിന്റെ ആരംഭത്തിൽ തന്നെ അലസത, മടി, ഇവയുണ്ടായിരിക്കും.

*"ഞാൻ എന്റെ വീട് വൃത്തിയാക്കുന്നില്ല" ഞാൻ കടയിൽ പോകുകയാണ് ഇന്ന് എന്റെ സാധാരണ ഭക്ഷണം കഴിക്കുന്നില്ല ഇന്ന് എനിക്ക് ഇഷ്ടമുള്ള തൊക്കെ കഴിക്കും. ഇതിനെക്കുറിച്ച് എന്റെ മുഖത്തേക്കു സംശയത്തോടെ ആരെങ്കിലും നോക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ആരെങ്കിലും അങ്ങനെ ചെയ്താൽ അവരെന്താണ് ചിന്തിക്കുന്നതെന്നു ഞാൻ പറയും.' ഇവയായിരിക്കും നമ്മുടെ ആദ്യചിന്തകൾ.*

നാം രാവിലെ എഴുന്നേല്ക്കുമ്പോൾ ഈ വിധത്തിലുള്ള ചിന്തകളാണ് ഭരിക്കുന്നതെങ്കിൽ നമുക്ക് ഒരു തീരുമാനമെടുക്കുവാനുണ്ട്. ആ ചിന്തകളെ അനുസരിക്കുകയോ പ്രാർത്ഥിക്കുകയും ചെയ്യാം. നമ്മുടെ ചിന്തകൾ ശരിയാകാൻ ദൈവത്തോടു പറയുക, "കർത്താവെ വേഗത്തിൽ എന്നെ സഹായിക്കേണമെ!" നമ്മെ സഹായിക്കുവാനും നമ്മുടെ മനോഭാവത്തെ നേരെയാക്കുവാനും നാം പ്രാർത്ഥിച്ചാൽ നമ്മുടെ ചിന്തകൾ യേശുക്രിസ്തുവിന്റെ കർതൃത്വത്തിനു കീഴിൽ വരും.

എന്റെ ജഡിക ദിവസങ്ങളെക്കുറിച്ച് എനിക്കെല്ലാം അറിയാം ഞാൻ തെറ്റായ നിലയിൽ പ്രതികരിച്ചാൽ അത് കൂടുതൽ കുഴപ്പങ്ങളിലേക്കു പോകും. സ്വയത്തിന്റെ മനോഭാവങ്ങളെ അനുസരിച്ച് ജഡത്തെ പിൻതുടർന്നാൽ അതിന്റെ ഫലം ഒരു ദിവസം നശിപ്പിക്കുകയായിരിക്കും. നാം നമ്മുടെ മനസ്സാക്ഷിയെ അനുസരിച്ച് ദൈവത്തിന് നമ്മെ തന്റെ കർത്താവിന്റെ ആത്മാവിനാൽ നയിക്കുവാൻ കഴിയുമെന്ന് ചിന്തിക്കേണ്ടതാണ്. എല്ലാ സമയത്തും ദൈവാത്മാവിനാൽ നിയന്ത്രിക്കപ്പെട്ട മനസ്സാക്ഷിയെ നാം അനുസരിച്ചാൽ അടുത്ത സമയത്തേക്ക് അത് കൂടുതൽ വെളിച്ചം തരും.

ദൈവം നമ്മെ കൂടുതൽ നല്ല കാര്യങ്ങളിലേക്കും എന്നുള്ളത് അറിയുകയും ആസ്വദിക്കുകയും ചെയ്താൽ അവനെ അനുസരിക്കുന്നതിൽ നാം കൂടുതൽ വേഗതയുള്ളവരായിരിക്കും.

# നിങ്ങളുടെ ഭൂതകാലം മറക്കുക

*നിങ്ങൾ പ്രത്യാശിക്കുന്ന ശുഭഭാവി വരുവാൻ തക്കവണ്ണം ഞാൻ നിങ്ങളെക്കുറിച്ച് നിരൂപിക്കുന്ന നിരൂപണങ്ങൾ ഇന്നവ എന്നു ഞാൻ അറിയുന്നു; അവ തിന്മയ്ക്കല്ല നന്മയ്ക്കത്രെയുള്ള നിരൂപണങ്ങൾ എന്നു യഹോവയുടെ അരുളപ്പാട്*

— യിരെമ്യാവ്. 29:11

അനേകം ആളുകളുടെ ഭാവികാലത്തെ നിയന്ത്രിക്കുവാൻ ഭൂതകാലത്തെ അനുവദിക്കുന്നു. അങ്ങനെ ചെയ്യരുത് നിങ്ങളുടെ ജീവിതത്തിൽ കഴിഞ്ഞതെല്ലാം കഴിഞ്ഞതായി കരുതുക. നമുക്ക് ഒരു ഭൂതകാലമുണ്ട്, എന്നാൽ നമുക്ക് ഒരു ഭാവികാലമുണ്ട്. എഫെസ്യർ 2:10 – അനുസരിച്ച് ദൈവം നമ്മെ ക്രിസ്തു യേശുവിൽ പുതിയ സൃഷ്ടികളാക്കിയിരിക്കുന്നു മാത്രമല്ല നാം ചെയ്തുപോരേണ്ട ദൈവം ഒരുക്കിയിരിക്കുന്ന നല്ല ജീവിതം നയിക്കണം. നമ്മെ ദൈവം പുതിയ സൃഷ്ടികളാക്കി കാരണം നമ്മുടെ ആദ്യസൃഷ്ടി കുഴഞ്ഞു മറിഞ്ഞ് നന്നാക്കേണ്ട രൂപത്തിലായി.

യിരെമ്യാവ്. 18:1–4 വേദഭാഗത്ത് നാം കാണുന്നത് കുശവനു തന്റെ പാത്രം വീണ്ടും പണിയേണ്ടി വന്നു, കാരണം അതു ദോഷമായി പോയി. കർത്താവാകുന്ന ഏറ്റവും വലിയ കുശവന്റെ കൈകളിൽ നാം ആയിരിക്കുന്ന ഒരു ചിത്രമാണിത്. നാം ക്രിസ്തുവിലായി തീർന്നപ്പോൾ പുതിയ സൃഷ്ടിയായി, പഴയതെല്ലാം കഴിഞ്ഞുപോയി, ഒരു പുതിയ ആരംഭത്തിനുള്ള അവസരം വന്നു. പരിശുദ്ധാത്മാവിനു പ്രവർത്തിക്കത്തക്കവിധത്തിൽ നാം പുതിയ ആത്മിക കളിമണ്ണായി മാറി. നാം നമ്മുടെ ഭൂതകാലത്തെ മറന്നു മുന്നോട്ടു പോകുന്നെങ്കിൽ ഒരു പുതിയ ആരംഭത്തിനുള്ള അവസരം ദൈവം ഒരുക്കിത്തരും. ദൈവം പറഞ്ഞത് വിശ്വസിച്ചുകൊണ്ട് നാം പുതിയതിലേക്കു പ്രവേശിക്കണം.

ഭൂതകാലങ്ങളിലെ പരാജയങ്ങൾ ഭാവിയിലെ വിജയപ്രതീക്ഷകളെ തകിടം മറിക്കരുത്. കഴിഞ്ഞകാല പരാജയങ്ങൾക്ക് നിങ്ങളുടെ ഭാവികാല വിജയത്തിൽ ഒരു സ്ഥാനവുമില്ല. ഞാൻ മുമ്പു പറഞ്ഞതുപോലെ നിങ്ങളുടെ ചില കാര്യങ്ങളിലെ പരാജയം നിങ്ങളെത്തന്നെ ഒരു പരാജയമാക്കുന്നില്ല. സാത്താൻ വഞ്ചിച്ചെടുത്തതൊക്കെയും ദൈവം ഇരട്ടിയായി നൽകും. നിങ്ങൾ ഭൂതകാലം മറന്നു മുന്നോട്ടു പോകുവാൻ ഒരുങ്ങുക, മുന്നോട്ട് പോകുവാൻ നിങ്ങളെത്തന്നെ അനുവദിക്കുക.

# പരാതിപ്പെട്ട് വെറുതെ ഇരിക്കാം, സ്തുതിച്ച് ഉയരാം

*യേശു അവരോട് ഉത്തരം പറഞ്ഞത്: നിങ്ങൾ തമ്മിൽ പിറുപിറുക്കേണ്ട*

— യോഹന്നാൻ 6:43

പരാതിപ്പെടുന്നത് ഒരു പാപമാണ്. അനേകരുടെ ജീവിതത്തിൽ വളരെയധികം പ്രശ്നങ്ങളുണ്ടാക്കുന്ന മലിനമായ സംസാരമാണിത്. ശത്രുവിന് അനേകം വാതിലുകൾ തുറന്നുകൊടുക്കുന്നതാണിത്. വാക്കുകളിൽ ശക്തിയുണ്ട്. എന്നാൽ പരാതി നിറഞ്ഞ വാക്കുകളിൽ നശിപ്പിക്കുന്ന ശക്തിയാണുള്ളത്. അത് പരാതിപ്പെടുന്നവനെയും അതു കേൾക്കുന്നവനെയും സന്താപത്തിലാക്കുന്നു.

എഫെസ്യർ. 4:29 – ൽ ആകാത്ത വാക്കുകളൊന്നും വായിൽ നിന്നു പുറപ്പെടരുതെന്നു പൗലോസ് പ്രബോധിപ്പിക്കുന്നു. ഒരിക്കൽ അതിൽ പരാതിപ്പെടുന്നതും ഉൾപ്പെട്ടിരിക്കുന്നുയെന്ന് എനിക്കറിയില്ലായിരുന്നു. എന്നാൽ ഇന്ന് അതും ഉൾപ്പെട്ടിരിക്കുകയെന്ന് എനിക്കു മനസ്സിലായി. പരാതിപ്പെടുന്നതും പിറുപിറുക്കുന്നതും നമ്മുടെ ജീവിതത്തെ മലിനമാക്കുകയും കർത്താവിനെ ശപിക്കുന്നതിന് തുല്യമായി ഇരിക്കുകയും ചെയ്യുന്നു. കർത്താവിന് അത് വാക്കിനാലുള്ള മലിനീകരണമാണ്. മലിനീകരണം ഒരു വിഷം നൽകലാണ്. ഇപ്പോൾ നടക്കുന്നതിനെക്കുറിച്ച് പരാതി പറഞ്ഞ് ഞാനും നിങ്ങളും നമ്മുടെ ഭാവി വിഷം നിറഞ്ഞതാക്കുകയാണ് എന്ന് എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ?

നാം ഇപ്പോഴായിരിക്കുന്ന സാഹചര്യത്തെക്കുറിച്ച് പരാതി പറഞ്ഞുകൊണ്ടിരിക്കുകയാണെങ്കിൽ നാം അതിൽ തന്നെയായിരിക്കും. എന്നാൽ നാം കഷ്ടതയുടെ നടുവിൽ ദൈവത്തെ സ്തുതിച്ചു കൊണ്ടിരുന്നാൽ ദൈവം നമ്മെ അതിൽ നിന്നുയർത്തും. ഓരോ ദിവസവും നമുക്ക് നന്ദി പറഞ്ഞുകൊണ്ടും ഉപകാരസ്മരണയോടുകൂടെ ആരംഭിക്കാം. പിശാചിനു മുകളിൽകൂടി നമുക്ക് ചാടിക്കടക്കാം. നാം നമ്മുടെ ഹൃദയത്തിൽ സംസാരിത്തിൽ നല്ല കാര്യങ്ങൾക്കൊണ്ടു നിറച്ചില്ലെങ്കിൽ സാത്താൻ തെറ്റായ കാര്യങ്ങൾക്കൊണ്ടു നിറയ്ക്കും. നന്ദിയുള്ളവർ പരാതി പറയുകയില്ല. അവർ തങ്ങൾക്കുള്ള നല്ല കാര്യങ്ങളിൽ ദൈവത്തോടുള്ള നന്ദിയിൽ തിരക്കുള്ളവരായതുകൊണ്ട് പരാതി പറയുവാൻ ഇടയുള്ള കാര്യങ്ങൾ കണ്ടെത്തുവാൻ സമയമില്ല. സ്തുതിക്കുകയും നന്ദി പറയുകയും ചെയ്യുന്നത് നല്ല കാര്യമാണ്. പിറുപിറുക്കുന്നതും പരാതിപ്പെടുന്നതും പൈശാചികമാണ്, സ്തുതിക്കുകയും നന്ദിപറയുകയും ചെയ്യുന്നത് വളരെ നല്ലതാണ്.

# ഹൃദയം സ്നേഹത്താൽ നിറയപ്പെടുക

*ക്രിസ്തു വിശ്വാസത്താൽ (യഥാർത്ഥമായി) നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കേണ്ടതിനും (ഭവനത്തിലെപ്പോലെ സ്ഥിരമായി വസിക്കുക) വരം നൽകണം എന്നും നിങ്ങൾ സ്നേഹത്തിൽ വേരുന്നി അടിസ്ഥാനപ്പെട്ടവരായി ഇരിക്കുക,*

— എഫെ. 3:17

നമ്മിലോരോരുത്തരും "ഒരു സ്നേഹത്തിന്റെ ഹൃദയവുമായിട്ടാണ് ജനിക്കുന്നത്" നമ്മുടെ ഹൃദയം ശൂന്യമാണെങ്കിൽ നാം പ്രശ്നത്തിലാണ്. നമ്മുടെ ജനനം മുതൽ മരണം വരെ സ്നഹം നൽകുകയും സ്വീകരിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. നമുക്ക് സ്നേഹത്തിനു പകരം പീഡനം കിട്ടത്തക്കനിലയിൽ കാര്യങ്ങളെ സാത്താൻ ക്രമീകരിക്കും. പീഡനം തുടർന്നാൽ നമുക്ക് ആരോഗ്യകരമായി ബന്ധങ്ങളെ കാത്തുസൂക്ഷിക്കുവാൻ കഴിയാത്ത നിലയിൽ സ്നേഹത്തിനു ക്ഷാമം നേരിടും.

അനേകം ജനങ്ങളും പലതരത്തിലുള്ള സ്വഭാവ വൈകല്യങ്ങൾക്ക് അടിമപ്പെട്ടിരിക്കുന്നു. അവർക്ക് അവരിൽ നിന്നു തന്നെ ശരിയായി വികാരങ്ങളെ ലഭിക്കാതെ വരുമ്പോൾ അവർ അതിനുവേണ്ടി പുറത്തേക്കു നോക്കുന്നു. നാം അറിഞ്ഞിരിക്കേണ്ട ഒരു പ്രധാന കാര്യം വ്യക്തികളുടെ ഉള്ളിൽ തന്നെ വളരെ അധികം നല്ല വികാരങ്ങളുണ്ട്. നമ്മെക്കുറിച്ച് തന്നെ നല്ല ചിന്തകളുമായിട്ടാണ് നാം സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. നാം എപ്പോഴും മുറിവേല്ക്കപ്പെട്ടവരായി മാനസികവ്യഥ അനുഭവിക്കുന്നവരായി ജീവിക്കുവാനല്ല രൂപകല്പന ചെയ്യപ്പെട്ടിരിക്കുന്നത്. നല്ല അനുഭവങ്ങൾ ഉണ്ടാകുവാൻ വേണ്ടി അനേകർ ലൈംഗികസുഖം, മയക്കുമരുന്ന്, മദ്യം, പുകയില, ഭക്ഷണം, പണം, അധികാരം, ഊഹക്കച്ചവടം, അദ്ധ്വാനം, ടെലിവിഷൻ, കായികമത്സരങ്ങൾ ഇങ്ങനെ പലതരത്തിലുള്ള ആസക്തികൾക്ക് അടിമപ്പെട്ടിരിക്കുന്നു. അവയിൽ നിന്നും അവയുടെ ബന്ധനങ്ങളിൽ നിന്നും നഷ്ടപ്പെട്ട നല്ല അനുഭവങ്ങളെ ലഭിക്കുവാൻ ശ്രമിക്കുന്നു.

നമുക്ക് ഭൂതകാലത്തിൽ എന്തൊക്കെ സംഭവിച്ചെങ്കിലും ഇപ്പോൾ എന്തൊക്കെ നഷ്ടമായെങ്കിലും കർത്താവിൽ നിന്നു അവയെല്ലാം ലഭിക്കുമെന്നുള്ളതാണ് സുവാർത്ത. "യഹോവ എന്റെ ഇടയനാകുന്നു എനിക്കു മുട്ടുണ്ടാകുകയില്ല." (സങ്കീർത്തനം 23:1) "അവൻ നേരോടെ നടക്കുന്നവർക്ക് ഒരു നന്മയും മുടക്കുകയില്ല." (സങ്കീർത്തനം 84:11)

നാം വളരുന്ന സമയത്തൊ, ഇപ്പോഴുമോ ശരിയായി സ്നേഹം ലഭിക്കുന്നില്ലെങ്കിൽ ശൂന്യമായ സംഭരണിയുമായി മറ്റുള്ളവരുടെ അടുത്തേക്കു പോകേണ്ട ആവശ്യമില്ല. നമ്മെ സ്നേഹിക്കുന്ന ആരും തന്നെ ഈ ഭൂമിയിലില്ലെങ്കിലും ദൈവം നമ്മെ സ്നേഹിക്കുന്നു. അതുകൊണ്ട് ആ സ്നേഹത്തിൽ നാം വേരൂന്നി അടിസ്ഥാനപ്പെട്ടവരാകാം.

# പ്രകാശിക്കുക!

*യഹോവ പിന്നെയും മോശെയോട് അരുളിചെയ്തത് "നി അഹരോനോടും പുത്രന്മാരോടും പറയേണ്ടത്: ഇസ്രായൽ മക്കളെ അനുഗ്രഹിച്ചു ചൊല്ലേണ്ടതു എന്തെന്നാൽ യഹോവ നിന്നെ അനുഗ്രഹിച്ചു കാക്കുമാറാകട്ടെ യഹോവ തിരുമുഖം നിന്റെ മേൽ പ്രകാശിപ്പിച്ചു നിന്നോടു കൃപയുള്ളവനാകട്ടെ.*

— സംഖ്യപുസ്തകം 6:22-25

ദൈവത്തിന്റെ തിരുമുഖത്തെയും അവിടുത്തെ സാന്നിദ്ധ്യവും നാം അറിയുന്നുവോ? ദൈവത്തിന്റെ ദാസിദാസന്മാർ ഇങ്ങനെ നമ്മോടു പറയുമ്പോൾ, "യഹോവ തിരുമുഖം നിന്റെമേൽ പ്രകാശിപ്പിച്ച് നിന്നോട് കൃപയുള്ളവനാകട്ടെ യഹോവ തിരുമുഖം നിന്റെമേൽ ഉയർത്തി നിനക്കു സമാധാനം നൽകുമാറാകട്ടെ" (സംഖ്യപുസ്തകം 6:25-26) അവർഅ അർത്ഥമാക്കുന്നത് "നീ മൂലവും, നിന്നിലൂടെയും, ദൈവതേജസ്സ് പ്രകാശിക്കുന്നത് മറ്റുള്ളവർ കാണട്ടെ."

ചില കാര്യങ്ങൾ ചെയ്യുവാൻ ഞാൻ നിങ്ങളെ പ്രോത്സാഹപ്പിക്കുന്നു. നിങ്ങൾ ഭവനം വിട്ട് പോകുമ്പോൾ ദൈവം തന്റെ മുഖം നിങ്ങളുടെ മേൽ പ്രകാശിപ്പിക്കുവാൻ പ്രാർത്ഥിക്കുക. ദൈവം തന്റെ തിരുമുഖം നിങ്ങളുടെ മേൽ ഉയർത്തി സമാധാനം തരുവാൻ പ്രാർത്ഥിക്കുക. മോശെയുടെ മേൽ ചെയ്തതു പോലെ നിങ്ങളുടെമൽ തന്റെ തേജസ്സ് പ്രകാശിപ്പിക്കുവാൻ അപേക്ഷിക്കുക. അപ്പോൾ "നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ട് സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിനു നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ." (മത്തായി. 5:16)

നിങ്ങളുടെ മുഖത്ത് ഒരു പുഞ്ചിരിയുള്ളതുപോലെ നിങ്ങളുടെ വെളിച്ചം പ്രകാശിക്കട്ടെ. ഇങ്ങനെയാണ് ദൈവതേജസ്സ് നമ്മിൽ പ്രകാശിച്ച് നിൽക്കേണ്ടത്. എന്നാൽ ഇന്ന് നാം പുറമെ വെളിപ്പെടുത്തിയില്ലെങ്കിൽ ജനങ്ങൾ അനുഗ്രഹിക്കപ്പെടുകയില്ല.

# ആദ്യം ചെയ്യേണ്ട കാര്യങ്ങൾ ആദ്യം

*മുമ്പെ അവന്റെ രാജ്യവും നീതിയും (ദൈവം കാര്യങ്ങൾ ചെയ്യുന്ന വിധം നീതിമാനായിരിക്കുക) അന്വേഷിപ്പിൻ (ലക്ഷ്യമാക്കുകയും ശ്രമിക്കുകയും ചെയ്യുക) അതോടുകൂടെ ഇതൊക്കെയും നിങ്ങൾ കിട്ടും*

— മത്തായി 6:33

നമ്മുടെ ജീവിതത്തിൽ പല മുൻഗണനകളുണ്ടെങ്കിലും നമ്മൾ അവയെന്താണെന്നു ചിന്തിക്കാറില്ല. നമ്മുടെ ചിന്തകളിൽ ആദ്യസ്ഥാനത്തുള്ളതും നമ്മുടെ സമയം എങ്ങനെ അതിനുവേണ്ടി വിനിയോഗിക്കണം എന്നു ചിന്തിക്കുന്നതുമായ കാര്യങ്ങളാണ് നമ്മുടെ മുൻഗണനകൾ. നമ്മുടെ ശ്രദ്ധ ആവശ്യപ്പെടുന്ന എല്ലാ കാര്യങ്ങളെയും ദൈവത്തിനു ഒന്നാം സ്ഥാനം കൊടുത്താൽ നമ്മുടെ ജീവിതങ്ങളിൽ യഥാർത്ഥ സമാധാനം അനുഭവിക്കാൻ കഴിയും.

നിങ്ങളുടെ ജീവിതം വിജയകരമാകണമെങ്കിൽ നിങ്ങളുടെ ചിന്തയിലും സമയത്തിലും സംസാരത്തിലും തീരുമാനങ്ങളിലും സാമ്പത്തിക കാര്യങ്ങളിലുമെല്ലാം ദൈവത്തിനു ഒന്നാം സ്ഥാനം കൊടുക്കണം. ഈ സത്യത്തിന്റെ ജീവിപ്പിക്കുന്ന സാക്ഷിയാണ് ഞാൻ. ദൈവത്തിനു ഒന്നാം സ്ഥാനം കൊടുക്കുവാൻ ഞാൻ പരിശീലിച്ചു. അതിനുമുമ്പ് എന്റെ ജീവിതം ആരുടെ ജീവിതത്തെക്കാളും കുഴപ്പങ്ങൾ നിറഞ്ഞതായിരുന്നു. എനിക്കു നല്ല ഒരു മനോഭാവമില്ലായിരുന്നു. ഒരേ സമയം രണ്ടു ശരിയായ ചിന്തകൾ ഒരുമിച്ച് ചിന്തിക്കുവാൻ കഴിഞ്ഞിരുന്നില്ല.

എനിക്കാരെയും ഇഷ്ടമില്ലായിരുന്നു ആർക്കും എന്നെയും ഇഷ്ടമില്ലായിരുന്നു. എനിക്കു ചെറിയ പ്രായത്തിൽ നേരിട്ട പീഡനങ്ങൾ എന്നിൽ കയ്പ്, പക, വിദ്വേഷം, ഇവ ഉളവാക്കി. സഭയിലെ ആരാധന സമയത്തു മാത്രമാണ് ദൈവത്തിന് പ്രാധാന്യം കൊടുക്കുന്നതെങ്കിൽ നമ്മുടെ ജീവിതം അനുഗ്രഹിക്കപ്പെടുന്നില്ല. ക്രിസ്തീയ വിശ്വാസികൾ കർത്താവിന് തങ്ങളുടെ ജീവിതത്തിൽ ഒന്നാം സ്ഥാനം നൽകിയിരുന്നെങ്കിൽ ലോകത്തിനു വലിയ മാറ്റം വരുമായിരുന്നു. സമൂഹത്തിലും സഭയിലും ദൈവത്തെ ഭയപ്പെടുന്ന ആത്മാർത്ഥതയുള്ള, സമർപ്പണമുള്ള വിശ്വാസികളുണ്ട്. എന്നാൽ അങ്ങയുള്ള അനേകരില്ല.

ഓരോ ദിവസവും എന്റെ സമയത്തിന്റെ ആദ്യഫലം ദൈവത്തിന് നൽകികൊണ്ട് ആരംഭിക്കുവാൻ ഞാൻ പരിശീലിച്ചു. ദൈവത്തോടടുത്ത സമയം ചിലവഴിച്ചുകൊണ്ട് അവനു ജീവിതത്തിൽ ആദ്യം നൽകിയില്ലെങ്കിൽ എന്റെ ജീവിതം ഒരു ദിവസവും സമാധാനത്തോടെ കഴിക്കുവാൻ കഴിയില്ലെന്നു എനിക്കു മനസ്സിലായി.

# സ്വാതന്ത്ര്യത്തോടെ ഭക്ഷിക്കുക

*തോട്ടത്തിലെ സകലവൃക്ഷങ്ങളുടെയും ഫലം നിനക്കു ഇഷ്ടം പോലെ തിന്നാം*

— ഉല്പത്തി. 2:16

ആദമിനെയും ഹവ്വയെയും സൃഷ്ടിച്ചതിനുശേഷം ദൈവം അവർക്ക് വളരെ ലളിതമായി നിർദ്ദേശങ്ങളാണ് ഭക്ഷണത്തോട് ബന്ധപ്പെട്ട് നൽകിയത്. "ക്രിസ്പ്പീ ക്രീമി നിങ്ങൾ സ്വാതന്ത്ര്യത്തോടെ തിന്നാമെന്ന് ദൈവം പറഞ്ഞോ?" ഒരിക്കലുമില്ല. "സഞ്ചിയിലുള്ള ചിപ്പ് നിങ്ങൾ സ്വാതന്ത്ര്യത്തോടു തിന്നണമെന്നു ദൈവം പറഞ്ഞോ?" ഇല്ല. പൊരിച്ചതും വറുത്തതും കൊഴുപ്പു കുറഞ്ഞതുമായ ആഹാരങ്ങൾ കഴിക്കണെന്നു ദൈവം പറഞ്ഞില്ല.

ദൈവം ആദത്തോടും ഹവ്വയോടും പറഞ്ഞത് തോട്ടത്തിൽ നിന്നു ഭക്ഷിക്കണമെന്നാണ്. ദൈവത്തിന്റെ ഈ ഉപദേശത്തിൽ നാമും നിൽക്കണം. ആരോഗ്യകരമായ ഭക്ഷണത്തിന്റെ ക്രമത്തെ ലളിതമായ സത്യങ്ങളെ മൂടിക്കളയുന്ന തെറ്റായ ഭക്ഷണക്രമങ്ങൾ കഴിഞ്ഞ ചില ദശാംബ്ദങ്ങളായി നമ്മുടെ ജീവിതത്തിലേക്ക് കടന്നു വന്നു. ദൈവത്തിൽ നിന്നു ലഭിക്കുന്ന ഭക്ഷണങ്ങൾ കഴിക്കുക ദൈവം ഒരുക്കിയ ഭക്ഷണ പാനീയങ്ങൾ ഉപയോഗിക്കുമ്പോൾ നിങ്ങൾക്ക് തെറ്റ് സംഭവിക്കുകയില്ല. മനുഷ്യൻ പരീക്ഷണ ശാലകളിലും വ്യവസായ ശാലകളിലും ഉണ്ടാക്കുന്ന ഭക്ഷണം കഴിക്കുമ്പോൾ അത് ദോഷങ്ങൾക്കും പ്രശ്നങ്ങൾക്കും കാരണമാകും.

# കൊടുക്കുന്ന ജീവിതരീതി വെളിവാക്കുക

*തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ച്*
*പോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ*
*നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു.'*

— യോഹന്നാൻ 3:16

ലോകത്തിൽ ശുശ്രൂഷകൾ ചെയ്യേണ്ടതിനു ദൈവത്തിന്റെ അത്ഭുതകരമായ ധനകാര്യശ്രോതസ്സ് നമുക്കിന്ന് ലഭിക്കുന്നുണ്ട്. ഭൂതകാലഘട്ടങ്ങളിൽ തികച്ചും അഭിലഷണീയമല്ലാത്ത സാഹചര്യങ്ങളിലും നാം ദശാംശം വിതയ്ക്കുന്നവരായിരുന്നു. നമ്മുടെ ജീവസന്ധാരണത്തിന്റെ ബില്ല് അടയ്ക്കാൻ കഷ്ടപ്പെടുമ്പോഴും ദൈവിക കാര്യങ്ങളിൽ ശുഷ്കാന്തി കാണിച്ചത് നമുക്ക് നന്മയായി.

പൂർവ്വകാല പഠനകാല ജീവിതത്തിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ ഓർമ്മ മണ്ഡലങ്ങളിൽ തമാശപോലെയുള്ള അനുഭവങ്ങൾ ഒരുപാടു മറഞ്ഞുകിടപ്പുണ്ട്. എന്റെ പ്രാർത്ഥനാബുക്കിൽ കുറിപ്പിട്ട ചില പ്രാർത്ഥനകളിൽ ഒന്നു ഇതായിരുന്നു. "പ്രിയ കർത്താവെ, എനിക്ക് സാമ്പത്തികം ഇല്ല എന്നാൽ പന്ത്രണ്ട് പുതിയ ഡിഷ്ടൗവ്വൽ വാങ്ങുവാൻ കഴിയില്ല, അത് എനിക്കു അത്യാവശ്യമാണ്. ദയവായി തൽകിയാലും. ഒരു ദിവസം എന്റെ സുഹൃത്ത് വാതിൽക്കൽ കോളിംഗ് ബല്ല് മുഴക്കി തന്റെ ആഗമനം അറിയിച്ച്," പ്രിയ സുഹൃത്തേ താങ്കൾക്ക് പന്ത്രണ്ട് ഡിഷ്ടൗവ്വൽ കൊണ്ടു തരുവാൻ എന്നോടു ദൈവം കല്പിച്ചു അതുമായി ഞാനെത്തിയതാണ്.

തികച്ചും ദൈവത്തിന്റെ അതിശയപ്പെടുത്തൽ എന്നെ സ്പർശിച്ചു. എന്റെ സുഹൃത്തിനെ തലോടിക്കൊണ്ട് ആർത്ത നാദം മുഴക്കി ഞാൻ ഉറക്കെപ്പറഞ്ഞു. "ഇതാണ് ദൈവം!" വികാരാധീനമുളവാക്കുന്ന ഇത്തരം പാത്രതുവാലകൾ ആർക്കാണ് ഇപ്പോൾ ലഭിക്കുന്നത്,? ദൈവത്തിന്റെ വഴികളിൽ ജീവിച്ചു നില്ക്കുമ്പോഴാണ് ജീവിതത്തിൽ ഇങ്ങനെയുള്ള പ്രചോദനാത്മകമായ അനുഭവം ഉണ്ടാകുന്നത്.

താങ്കൾക്ക് ദൈവത്തിന്റെ സാമ്പത്തിക അത്ഭുതം ആവശ്യമെങ്കിൽ, ദൈവത്തിന്റെ ആകാംക്ഷ താങ്കളിൽ തോന്നുന്നുവെങ്കിൽ ഭയപ്പെടരുത്. ദൈവത്തിന് ദശാംശം കൊടുക്കുന്നതിൽ നിന്നാരംഭിച്ചാൽ സകലത്തിനും ഉപരിയായി ദൈവം നൽകും. കുടുംബസ്ഥരായ ഞാനും, ഡേവും കൊടുക്കുന്ന ജീവിതരീതി അവലംബിക്കുന്നതിനാൽ പ്രതിമാസം ദൈവം നൽകുന്നത് ധാരാളമായിട്ടാണ്. ദൈവത്തെ നാം അനുസരിക്കുകയും ദൈവം പറയുന്നത് പ്രവർത്തിക്കുകയും ചെയ്താൽ ഒരുവൻ നമുക്ക് പ്രതിഫലം നൽകു

കയും അതിനൊത്തവണ്ണം ദൈവത്തിന്റെ സാമ്പത്തിക അത്ഭുതം അനുഭവിക്കുവാനും കഴിയും. കൊടുക്കുന്നതിനുള്ള വഴി നാം അന്വേഷിക്കുക. മഹത് അനുഭവത്തിനുവേണ്ടി നാം കാത്തിരിക്കാതെ, ഉദ്ദേശ്യത്തോടും ലക്ഷ്യത്തോടും നാം കൊടുക്കുക. തൻനിമിത്തം സന്തോഷവും ഐശ്വര്യവും വർദ്ധിക്കും.

# ദൈവം താങ്കളെ എന്തു ചെയ്യുവാൻ വിളിച്ചുവോ അത് താങ്കൾക്ക് ചെയ്യാം

*എന്നെ ശക്തനാക്കുന്നവൻ മുഖാന്തിരം ഞാൻ സകലത്തിനും മതിയാകുന്നു.*

— ഫിലി. 4:13

അടുത്ത കാലത്ത് ഒരു സഭയിൽ ഞാൻ കണ്ട വാക്യമിതാണ്. "താങ്കൾക്ക് സകലതും ചെയ്യാം, നിങ്ങളിലുള്ള ആത്മവിശ്വാസത്താലും ദൈവത്തിൽ ആശ്രയിക്കുന്നതിനാലും" ഇതു തികച്ചും തെറ്റാണ്.

ഈ വാക്യം കണ്ടപ്പോൾ "അതുപോലെ ആയിത്തീരണമെന്ന് ഇനി ഒരിയ്ക്കലും ആവർത്തിക്കരുതെന്നും" ഞാൻ ആഗ്രഹിച്ചു. നാം ആഗ്രഹിക്കുന്നതുപോലെ താങ്കൾക്കോ എനിക്കോ ഒന്നും ചെയ്യുവാൻ കഴിയുകയില്ല. പക്ഷെ ദൈവം താങ്കളെ എന്തു ചെയ്യുവാൻ വിളിച്ചുവോ അതു താങ്കൾക്ക് ചെയ്യാം. നാം ദൈവത്തിന് വേണ്ടി എന്തെങ്കിലും ആണെങ്കിൽ നമുക്കെന്തെങ്കിലും ആകാം.

ഈ വിഷയത്തിൽ നാം തുല്യത പാലിക്കണം. പ്രോത്സാഹനകരമായ സെമിനാറുകളിൽ പങ്കെടുക്കുന്നതിലൂടെ ചില അപകടങ്ങൾ ഉണ്ടാകുന്നു, "നമുക്ക് എല്ലാം ചെയ്യാം, നമുക്ക് എല്ലാം ചെയ്യാമെന്ന് ചിന്തിക്കുക, വിശ്വസിക്കുക, പറയുക, അവ തീർച്ചയായും നമുക്ക് ചെയ്യാൻ പറ്റും!" ഇത് ഒരു പരിധിവരെ ശരിയാണ്. പക്ഷെ ഇതെപ്പറ്റി ദൈവവചനം എന്തു പറയുന്നു എന്നുള്ളതാണ് പ്രധാന കാര്യം. പക്ഷെ നമ്മെപ്പറ്റി എന്താണ് വചനം പറയുന്നത്.

നമുക്ക് എന്തെങ്കിലും ചെയ്യുവാൻ കഴിയുന്നത് നമ്മെ എന്തിന് വിളിച്ചു എന്നതും, നമ്മിലുള്ള വരങ്ങളുടെ അടിസ്ഥാനത്തിലുമാണ്. നമുക്കുള്ള കഴിവിനെ തിരിച്ചറിയുവൻ ഒരുപാട് കാര്യങ്ങൾ നമ്മുടെ ജീവിതത്തിലുണ്ട്.

ഞാൻ എന്റെ ജീവിതത്തിൽ പ്രധാനമായി പഠിച്ച കാര്യമിതാണ്. ദൈവികകൃപയില്ലാതെ സ്വീകരിച്ച എന്റെ ജോലികളെല്ലാം നിരാശാജനകമാണ്. അല്ലെങ്കിൽ ഞാൻ ആരംഭിച്ചതൊന്നും കൃപയ്ക്കൊത്തതല്ല എന്നു ഞാൻ എന്നെ സംബന്ധിച്ചും പഠിച്ചു.

# പാപം ചെയ്യാനുള്ള അനുമതിയല്ല കൃപ

*എന്നാൽ ലംഘനം പെരുകേണ്ടതിന് ന്യാപ്രമാണവും ഇടയിൽ ചേർന്നു വന്നു. എങ്കിലും പാപം പെരുകിയേടത്ത് കൃപ അത്യന്തം വർദ്ധിച്ചു.എന്നാൽ എന്ത്? ന്യായപ്രമാണത്തിനും കൃപയ്ക്കുമത്രെ അധീനരാകയാൽ നാം പാപം ചെയ്ക എന്നോ? ഒരുനാളും അരുത്. നിങ്ങൾ ദാസന്മാരായി അനുസരിപ്പാൻ നിങ്ങളെ ത്തന്നേ സമർപ്പിക്കുകയും അനുസരിപ്പാൻ നിങ്ങൾ അനുസരിച്ചു പോകുകയും ചെയ്യുന്നവന് ദാസന്മാർ ആകുന്നു എന്നും അറിയുന്നില്ലയോ?*

— റോമർ 5:20; 6:15–16

പൗലോസിന്റെ കാലഘട്ടങ്ങളിൽ ജീവിച്ചിരുന്നവരെ താൻ ഉദ്ബോധിപ്പിക്കുന്ന ന്യായപ്രമാണത്തിന്റെയും കൃപയുടെയും കാര്യമാണ് പ്രധാന പ്രതിപാദ്യ വിഷയം. എങ്ങനെയാണ് ന്യായപ്രമാണം പാപത്തെ ആവിഷ്ക്കരിച്ചത്, പാപം പെരുകിയത് എവിടെയാണ്? കൃപ വർദ്ധിച്ചത് ഇതിന് അതീതമാണ്. ഈ വിഷയങ്ങളിൽ വിശ്വാസികൾ സംശയാലുക്കളാകുകയാണ്. അവർ പ്രതിവചിച്ചത്, “എന്നാൽ എന്ത്? ന്യായപ്രമാണത്തിനല്ല കൃപയ്ക്കത്രെ അധീനരാകയാൽ നാം പാപം ചെയ്ക എന്നോ? ഒരുനാളും അരുത്” (റോമ. 6:15 കാണുക).

അതിനാൽ പൗലോസ് എഴുതുന്നു. “നിങ്ങൾ ദാസന്മാരായി അനുസരിപ്പാൻ നിങ്ങളെത്തന്നെ സമർപ്പിക്കുകയും നിങ്ങൾ അനുസരിച്ചു പോകുകയും ചെയ്യുന്നവന് ദാസന്മാർ ആകുന്നു എന്നും അറിയുന്നില്ലയോ?'' (റോമ. 6:16).

ഏതു അവസ്ഥയിൽ തുടരണം നാം എന്നതിനുള്ള കേവല ഒഴികഴിവല്ല കൃപ. ഇതു അവകാശപ്പെടുന്നത് നമുക്കുവേണ്ടിയോ ജീവിതത്തിന് വേണ്ടി എന്തെങ്കിലും ചെയ്യുവാനല്ല കാരണം നാം ന്യായപ്രമാണത്തിൻ കീഴിലല്ല കൃപയ്ക്ക് അധീനരാണ്. ഇതായിരുന്നു ആദ്യകാല വിശ്വാസികൾ വരുത്തിയ വീഴ്ച.

നാം പാപം ചെയ്യുന്നവരാണെങ്കിലും ദൈവത്തിന്റെ കൃപ ശിക്ഷയിൽ നിന്ന് സംരക്ഷിക്കും എന്നതാണ് ശരി. നാം കുറ്റമറ്റവരെങ്കിലും ജീവപുസ്തകത്തിൽ നമ്മുടെ പേര് നിലനിർത്തുന്നത് ദൈവിക കൃപയാണ്. ഈ ദൈവിക കൃപ നമ്മെ രക്ഷിക്കുന്നു. ദൈവിക സന്നിധിയിൽ നാം നീതികരിക്കപ്പെട്ടവർ എന്നും സ്വർഗ്ഗത്തിൽ ഭവനം ലഭിക്കും എന്നുമുള്ള അനുഗ്രഹവും ഉറപ്പുതരുന്നു. മാത്രമല്ല മറ്റ് അനേക നന്മകളും സമാധാനവും സംതൃപ്തിയും നമുക്ക് കൃപ മുഖാന്തിരം ലഭിക്കുന്നു.

പക്ഷെ ഇതിൽ നിന്നു എല്ലം അപ്പുറമായി ദൈവകൃപയാണ് ആധാരം. മാത്രമല്ല ദൈവിക വ്യഗ്രതയിലും വിശുദ്ധിയിലും ജീവിക്കേണ്ടതിനും നമ്മെ പഠിപ്പിക്കുന്നു. കൃപ ശക്തി മാത്രമല്ല പാപത്തിൽ നിന്നും നമ്മെ ഉയർത്തുന്നു.

# ദൈവത്തിൽ നിന്നുവരുന്നതല്ല ആശയക്കുഴപ്പം

*ദൈവം കലക്കത്തിന്റെ ദൈവമല്ല സമാധാനത്തിന്റെ ദൈവമത്രെ.*

— 1 കൊരി. 14:33

കൻസാസ് പട്ടണത്തിലെ മീറ്റിംഗിൽ ഞാൻ സംബന്ധിച്ചപ്പോൾ എന്റെ ഹൃദയത്തിൽ വന്നത് ജനത്തോടു ചോദിച്ചു. നിങ്ങളിൽ എത്രപേർ ആശയക്കുഴപ്പത്തിലാണ്. മുന്നൂറോളം പേർ അടങ്ങുന്ന ഒരു വലിയ സദസ്സിൽ ഏകദേശം 298 പേർ അവിടെ കൈ ഉയർത്തി. എന്റെ ഭർത്താവ് കൈ ഉയർത്താതിരുന്ന രണ്ട് പേരിൽ ഒരുവനായിരുന്നു. എനിക്ക് പറയാൻ കഴിയും ഡേവ് ഒരിക്കലും തന്റെ ജീവിതത്തിൽ ആശയക്കുഴപ്പത്തിലല്ലായിരുന്നു. കാരണം താൻ അസ്വസ്ഥനല്ലായിരുന്നു. അദ്ദേഹത്തിന് മറ്റൊരു കണക്കുകൂട്ടലുകൾ ഇല്ലായിരുന്നു. എങ്ങിനെയെന്നാൽ താൻ ദൈവത്തിൽ ആശ്രയിച്ചിരുന്നു.

നാം ദൈവത്തിൽ ആശ്രയിക്കുമ്പോൾ നമ്മുടെ ജീവിതം സന്തോഷവും ഗൗരവവുമുള്ളതാക്കാൻ കഴിയും. താങ്കളുടെ ജീവിതത്തിലെ എല്ലാ പ്രശ്നങ്ങൾക്കും ഉള്ള പരിഹാരത്തിനു അലയേണ്ട കാര്യമില്ല. അസ്വസ്ഥമാകുന്ന കാര്യങ്ങളെ എങ്ങനെ അതു സംഭവിച്ചു എന്നു ചിന്തിക്കുക. അപ്പോൾ താങ്കൾക്കു ശരിയായ കാര്യം മനസ്സിലാക്കി താങ്കൾ അനുഭവിച്ച വ്യാകുലതയുടെയും സമയത്തിന്റെയും ഊർജ്ജത്തിന്റെയും നഷ്ടബോധം മനസ്സിലാകും. വ്യാകുലത നീർത്തുക, സങ്കീർണ്ണമാകുന്ന ഊഹാപോഹങ്ങൾ അവസാനിപ്പിക്കുക. നമുക്ക് അറിയില്ല എന്നു സമ്മതിക്കുക, ദൈവത്തിന് മാത്രമെ എന്നെ സഹായിക്കാൻ പറ്റൂ എന്നു വിശ്വസിക്കുകയും ആശ്രയിക്കുകയും ചെയ്യുക. എന്നിട്ട് ജീവിക്കുക. ദൈവം തരുന്ന മറുപടിയാൽ താങ്കൾക്കു വിജയിക്കാം, ജീവിതം ആസ്വദിക്കാം.

# ഒരിക്കലും കോപത്തോടെ കിടക്കയിലേക്ക് പോകാതിരിക്കുക

*കോപിച്ചാൽ പാപം ചെയ്യാതിരിപ്പിൻ സൂര്യൻ അസ്തമിക്കുവോളം കോപം വച്ചു കൊണ്ടിരിക്കരുത്.* — എഫെ. 4:26

നിങ്ങളെക്കുറിച്ച് ഇപ്പോൾ എനിക്കറിയില്ല. എന്നാൽ ബൈബിളിലെ ഈ വാക്യത്തിൽ എനിക്ക് സന്തോഷമുണ്ട്, കാരണം നമ്മുടെ കോപത്തെ നിയന്ത്രിക്കുന്നതിനുള്ള ഒരു മാർഗ്ഗരേഖ നൽകി നമുക്ക് ഒരു സ്വഭാവം രൂപീകരിക്കുവാൻ ഇത് സഹായിക്കുന്നു. "കിടക്കയിലേക്ക് പോകുംമുമ്പ് കോപം വിട്ടൊഴിയുക" ഒരു കുഴപ്പം (പ്രശ്നം) മാത്രമെ അതിലുള്ളൂ. കിടക്കുംമുമ്പ് നാം നല്ലതോ ഭ്രാന്തുപിടിച്ചതോ അവസ്ഥയിൽ ആയിത്തീർന്നാൽ എന്ത് സംഭവിക്കുന്നു? പ്രഭാതത്തിൽ നമുക്ക് ഭ്രാന്തു പിടിച്ച അവസ്ഥയിലായിരിക്കും എഴുന്നേല്ക്കുന്നത്, അതിൽ നിന്ന് കരകയറുവാൻ ചുരുങ്ങിയത് ഒരു ദിവസമെങ്കിലും എടുക്കും. എന്നാൽ കിടക്കും മുമ്പ് ഭ്രാന്ത് പിടിച്ച അവസ്ഥയായാൽ നമുക്ക് ഉടനൊരു തീരുമാനം എടുക്കേണ്ടിവരും.

എന്തുകൊണ്ടാണ് കോപത്തോടെ വൈകുന്നേരം കിടക്കുവാൻ പോകുന്നത് ഇത്ര മോശമായിരിക്കുന്നത്? ഞാൻ ചിന്തിക്കുന്നത് നാം ഉറങ്ങുമ്പോൾ എന്തിനെക്കുറിച്ചാണോ നാം കോപാകുലരായിരിക്കുന്നത് അത് നമ്മിൽ പിടിമുറുക്കി വേർമുളപ്പിക്കുവാൻ സമയം ലഭിക്കുന്നു എന്നാണ്. എന്നാൽ ദൈവവചനം പറയുന്നു "പിശാചിന് ഇടം (അവസരം) കൊടുക്കരുത് (എഫെ. 4:27) കിടക്കയിലേക്ക് പോകുംമുമ്പ് കോപത്തെ വിട്ടൊഴിഞ്ഞില്ലെങ്കിൽ എന്ത് സംഭവിക്കും എന്ന് ഈ വാക്യം പറയുന്നു. ഇത്, നാം പിശാചിന് ഒരു വാതിൽ തുറന്നുകൊടുക്കുന്നു. നിങ്ങൾ ആശ്ചര്യത്തോടെ ചോദിക്കും "എനിക്ക് ഭ്രാന്തു പിടിച്ച അവസ്ഥയായാൽ ഞാൻ എന്തു ചെയ്യണം? അതിന്മേൽ ജയം പ്രാപിക്കുക. അപ്പോൾ നിങ്ങൾക്കു പറയാം, മാത്രമല്ല പറയാൻ എളുപ്പമാണ്. കാരണം നിങ്ങൾ എന്റെ അവസ്ഥയിലല്ല! ഞാൻ നിങ്ങളുടെ അവസ്ഥയിലല്ല നിങ്ങൾ എന്റെ അവസ്ഥയിലുമായിരിക്കുകയില്ല. നാം എല്ലാവരും വ്യത്യസ്ഥ സാഹചര്യത്തിലും അവസ്ഥയിലുമാണ് നിങ്ങൾ സന്തോഷകരമായ, വിജയകരമായ ജീവിതം നയിക്കുവാൻ പോകുന്നു വെങ്കിൽ നിങ്ങൾ അത് തിരഞ്ഞെടുക്കുന്നതായിരിക്കണം. കേവലം വികാരാധിഷ്ഠിതമായല്ല നടക്കേണ്ടത് ആവർത്തനം 30:19 – ൽ യഹോവ ഇപ്രകാരം പറയുന്നു "ജീവനും മരണവും അനുഗ്രഹവും ശാപവും നിങ്ങളുടെ മുമ്പിൽ വച്ചിരിക്കുന്നു"

കോപത്തിനുള്ളതെല്ലാം ത്യജിച്ച് ജീവിതം തിരഞ്ഞെടുക്കുക. കോപത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുത്ത് അതിനെ കൈകാര്യം ചെയ്യുവാൻ പഠിക്കുക അതിനെ അപഗ്രഥിച്ച് അവസാനിപ്പിക്കുക അത് സമർദ്ദം ഒഴിവാക്കും.

# ധ്യാനം വിജയം നല്കിത്തരുന്നു

*ഈ ന്യായപ്രമാണപുസ്തകത്തിലുള്ളത് നിന്റെ വായിൽനിന്നും നീങ്ങിപ്പോക രുത്; അതിൽ എഴുതിയിരിക്കുന്നതുപോലെ ഒക്കെയും പ്രമാണിച്ചു നടക്കേണ്ട തിന് നീ രാവും പകലും അതു ധ്യാനിച്ചുകൊണ്ടിരിക്കണം. എന്നാൽ നിന്റെ പ്രവർത്തിക്കും സാധിക്കും. നീ കൃതാർത്ഥനായും ഇരിക്കും*

— യോശുവ. 1:8

വേദപുസ്തകത്തിന്റെ ആഴങ്ങളിലേക്ക് ചെല്ലുവാൻ നല്ലൊരു കൂട്ടർക്കും സാധിക്കുന്നില്ല. തൻനിമിത്തം ഈ വിജയകരമായ അല്ലെങ്കിൽ ശക്തി യാർജ്ജിക്കുന്നതിൽ ആശയക്കുഴപ്പത്തിലാണ്. വേദപുസ്തകം പഠിക്കുന്ന തിൽ സ്വയം പരിശ്രമം നടത്തുന്നില്ല എന്നതാണ് സത്യം. ഈ കൂട്ടർ ചില പ്പോൾ പ്രസംഗം ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെ ശ്രവിക്കുന്നവരും സാഹ ചര്യവശാൽ മാത്രം വേദപുസ്തകം വായിക്കുന്നവരും ആണ്. പക്ഷെ വേദ പുസ്തകം ചിന്തിക്കുന്നതിലോ, പഠിക്കുന്നതിലോ സമർപ്പിക്കപ്പെടാത്തവരാ ണെന്നുള്ളതാണ് വാസ്തവം.

ജഡം എപ്പോഴും നിരുത്സാഹിയാണ്. ഒട്ടുമിക്കവരും പരിശ്രമം ഇല്ലാതെ എന്തെങ്കിലും നേടാനാഗ്രഹിക്കുന്നവരാണ്; എങ്ങനെയായാലും ഇങ്ങനെ ഒന്നല്ല ആവശ്യമാകേണ്ടത്, വേദപുസ്തകത്തിന് ഒരുവൻ കൊടുക്കുന്ന പ്രാധാന്യം പോലെ ആ പരിപോഷണം അവനു ലഭിക്കും.

താങ്കൾക്കു എല്ലാ കാര്യങ്ങളിലും അഭിവൃദ്ധിയും വിജയവും ലഭിക്കണ മെന്നു ആഗ്രഹിക്കുന്നുവെങ്കിൽ രാവും പകലും ദൈവവചനം ധ്യാനം ആവ ശ്യമെന്ന് വേദപുസ്തകം നിഷ്കർഷിക്കുന്നു. എത്ര സമയമാണ് താങ്കൾ നൽകുന്നത്? താങ്കളുടെ ജീവിതത്തിൽ പ്രശ്നങ്ങൾ എന്തെങ്കിലും ഉണ്ടെ ങ്കിൽ സത്യസന്ധമായി മറുപടി പറയുമ്പോൾ തോൽവിയുടെ മറനീക്കൽ സംഭവിക്കും.

# താങ്കളുടെ ജീവിതത്തിന് താങ്കൾതന്നെ ഉത്തരവാദി

*എങ്കിലും വചനം കേൾക്കമാത്രം ചെയ്തുകൊണ്ട് തങ്ങളെത്തന്നെ ചതിക്കാതെ അതിനു ചെയ്യുന്നവരായും ഇരിപ്പിൻ*

— യാക്കോബ്. 1:22

നമ്മുടെ സമൂഹത്തിന്റെ ഏറ്റവും വലിയ പ്രശ്നം ജീവിതത്തിൽ ഉത്തരവാദിത്വം ഏറ്റെടുക്കുന്നില്ല എന്നതാണ്. ദ്രുതഗതിയിൽ ഒരുക്കപ്പെടാൻ ആഗ്രഹിക്കുന്നതാണ് നമ്മുടെ സമൂഹം. നമ്മുടെ സമൂഹം പഠിപ്പിച്ചിരിക്കുന്നത് പ്രശ്നങ്ങൾ മറ്റാരുടെയെങ്കിലും മേൽ പഴിചാരുവാനുണ്ട്. ഒന്നുകിൽ മാതാപിതാക്കൾ അല്ലെങ്കിൽ ഭർത്താവ്, ഭാര്യ അതും അല്ലെങ്കിൽ സ്കൂൾ സഹപ്രവർത്തകരാണ്, ഉത്തരവാദികൾ. കമ്പനി സൃഷ്ടിക്കുന്ന സിഗരറ്റോ, വാഹനമോ, സദ്യവട്ടത്തിലെ ആഹാരമോ ആണ് ഉത്തരവാദി.

നിലവിലുള്ള ജീവിത സാഹചര്യങ്ങൾക്ക് നിങ്ങൾ ഉത്തരവാദിയെന്നല്ല ഞാൻ പറയുന്നത്. നിയന്ത്രണാധീതമായ ഒരു പാട് കാര്യങ്ങൾ ജീവിതത്തിൽ സംഭവിച്ചിട്ടുണ്ടാവാം. ചിലപ്പോൾ ചീത്തയായതു മറ്റുള്ളവരാൽ നമ്മെ വേദനിപ്പിച്ചിട്ടുണ്ടാവാം, സാഹചര്യവശാൽ സംഭവിച്ചതു നിങ്ങളുടെയോ മറ്റാരുടെയോ കുഴപ്പമാകാം. സത്യസന്ധമായി പറയാത്തതാണ് നമ്മുടെ കൈപ്പിഴ! ദുർവൃത്തമായ സാഹചര്യത്തിൽ സംഭവിച്ചു എന്ന് താങ്കൾക്ക് ഇനിയും പറയുവാൻ കഴിയില്ല. കാരണം താങ്കൾക്ക് ഇനിയും അവസരം ഉണ്ട്. ആ അവസരം നൂറുശതമാനം താങ്കളുടേതാണ്.

താങ്കൾ ഇന്നു ഏതു സാഹചര്യത്തിൽ എന്നുള്ളതല്ല, ഒഴികഴിവിൽ നിലനിൽക്കാതിരിക്കുക, തെറ്റായ മനോഭാവം അസന്തുലിതമായ ജീവിതം എന്നോ എന്റെ അനാരോഗ്യകാരണമായി ഒഴികഴിവു പറയാം. ഈ കടമയിൽ നിന്നൊഴിവാകൽ എനിക്ക് വളർച്ചയ്ക്കു കാരണമാകയില്ല.

ശുദ്ധശീലമായ സമയം ദൈവത്തിനും താങ്കൾക്കും ലഭിക്കും. താങ്കൾക്കു സമയം ലഭിക്കുമ്പോൾ തല നേരെ വച്ച് ശരിയാംവണ്ണം ശ്വാസോച്ഛ്വാസം നടത്തി ഇങ്ങനെ ആവർത്തിച്ചു പറയുക: 'ഞാനാണ് എന്റെ ജീവിതത്തിനു ഉത്തരവാദി എന്നിൽ നിന്ന് അത് നഷ്ടപ്പെടുത്താൻ എനിക്കല്ലാതെ മറ്റാർക്കും സാധിക്കുകയില്ല. ഞാൻ അസന്തുഷ്ടിയുള്ളവനാണെങ്കിൽ, അനാരോഗ്യവാനാണെങ്കിൽ ഞാനറിയുന്നു അതിനെ വ്യത്യാസപ്പെടുത്താനുള്ള ശക്തി എനിക്കുണ്ട്. ഞാൻ എന്താകണമെന്ന് ആഗ്രഹിക്കുന്നുവോ അതാകുവാനുള്ള ദൈവത്തിന്റെ കരം എനിക്കു സഹായവും അറിവും നൽകും!'

# ആരാധനയോ അതോ അസ്വസ്ഥതയോ?

*യഹോവ മോശെയോട് : ഒരു അഗ്നി സർപ്പത്തെ ഉണ്ടാക്കി കൊടി മരത്തിന്മേൽ തൂക്കുക; കടിയേല്ക്കുന്നവർ ആരെങ്കിലും അതിനെ നോക്കിയാൽ ജീവിക്കും എന്നു പറഞ്ഞു.*

— സംഖ്യാ. 21:8

ഇതിൽ നാം കാണുന്നത് യിസ്രായേൽ മക്കളുടെ പാപം നിമിത്തം മരുഭൂമിയിൽ അനേക ജീവിതങ്ങൾ സർപ്പം മുഖാന്തിരം മരണം വരിച്ചു. മോശെ അതുനിമിത്തം ദൈവമുമ്പാകെ നെടുമ്പാടു വീണ് ദൈവത്തെ ആരാധിച്ചു. വളരെപ്പെട്ടെന്നു പ്രശ്നപരിഹാരത്തിനുവേണ്ടി തന്നിലേക്കോ, മറ്റൊന്നിലേക്കോ തിരിയാതെ ദൈവത്തിങ്കലേക്ക് തിരിഞ്ഞു.

ഞാൻ വേദപുസ്തകത്തിൽ നിന്നും കണ്ടെത്തിയതും വിജയം വരിച്ചവർ തങ്ങളുടെ പ്രശ്നങ്ങളിൽ ദൈവത്തെ ആരാധിച്ചു എന്നതാണ്. അവർ ഒരിക്കലും അസ്വസ്ഥരല്ലായിരുന്നു. പക്ഷെ ആരാധിക്കുന്നവർ ആയിരുന്നു. ഞാൻ നിങ്ങളോട് ഇപ്പോൾ ചോദിക്കുന്നു? താങ്കൾ ആരാധിക്കുകയാണോ? അതോ അസ്വസ്ഥത അനുഭവിക്കുകയാണോ? മോശെ ദൈവത്തെ അന്വേഷിച്ചതു സർപ്പത്തെ കൈകാര്യം ചെയ്യുവാനാണ്. മോശെ ഒരിക്കലും തന്റെ പദ്ധതിയിൽ ആശ്രയിച്ചില്ല മറിച്ചു ദൈവം അതിനെ അനുഗ്രഹിക്കാനാണ് പറഞ്ഞത്, മറ്റൊരു മറുപടിക്കു ശ്രമിക്കാതെ അസ്വസ്ഥനാകാതെ ആരാധിക്കുകയായിരുന്നു. അവന്റെ പ്രവൃത്തി ദൈവിക മറുപടിക്കുവേണ്ടിയായിരുന്നു.

നമുക്കറിയാം ഉയർത്തപ്പെട്ട പിത്തളസർപ്പം ക്രൂശിൽ നമ്മുടെ പാപം വഹിച്ച ക്രിസ്തുവിന്റെ പ്രതിബിംബമായിരുന്നു. ആ സന്ദേശം ഇന്നും എത്രയോ പ്രസക്തമാണ്. "നോക്കി രക്ഷപ്പെടുക" ക്രിസ്തുവിനെ ശ്രദ്ധിച്ചു നോക്കുക, നാം നമ്മിലേക്ക് എന്നല്ല, നീ എന്തു ചെയ്തു എന്നല്ല, എന്തു ചെയ്യാൻ കഴിയും എന്നുമല്ല ക്രിസ്തു നമുക്കുവേണ്ടി എന്തു ചെയ്തു.

താങ്കളുടെ പ്രശ്നത്തിനുള്ള പരിഹാരം എന്തുമാകട്ടെ, അസ്വസ്ഥരാകുക എന്നല്ല പ്രത്യുത ആരാധിക്കു എന്നതാണ്. ദൈവം നല്ലവനാണ് അവൻ നമ്മെ മോചിപ്പിക്കും അതിനാൽ ഈ ദൈവത്തെ ആരാധിക്കുവാൻ ആരംഭിക്കുക.

# അനീതിയിൽ സ്നേഹം സന്തോഷിക്കുന്നില്ല

*അനീതിയിൽ സന്തോഷിക്കാതെ സത്യത്തിൽ സന്തോഷിക്കുന്നു.*

— 1 കൊരി. 13:6

അനീതിയിൽ സ്നേഹം മനോവേദനപ്പെടുന്നു. സ്നേഹം എപ്പോഴും ഉചിതവും സന്തോഷവും ആഗ്രഹിക്കുന്നു. സ്നേഹം ഉൽക്കടമായി ആഗ്രഹിക്കുന്നത് നീതിയാണ്. പ്രത്യേകിച്ച് മറ്റുള്ളവർക്കുവേണ്ടി. ജനം മോശമായി പെരുമാറുന്നത് എനിക്ക് കാണാൻ ഇഷ്ടമില്ല. ജീവിതത്തിൽ ഞാൻ വേദനിക്കപ്പെടുകയാണ്, ഞാൻ അതു ഓർമ്മയിൽ അനുഭവിക്കുകയാണ്.

മറ്റുള്ളവരുടെ കഷ്ടപ്പാടുകളിലും വേദനകളിലും നമുക്ക് എന്ത് ചെയ്യുവാൻ കഴിയുമോ അതു ചെയ്യുക. മാത്രമല്ല പ്രാർത്ഥിക്കുകയും ചെയ്യുക. സ്നേഹം ഒരിക്കലും നിർവികാരമായ ഒന്നല്ല. അനീതി നോക്കുവാനോ, വെറുതെ കരുതുവാനോ സ്നേഹത്തിനു കഴിയില്ല."എന്നെ ഓർത്തു അതിൽ ഭാരപ്പെടേണ്ട, അതു താങ്കളുടെ പ്രശ്നമാണെന്ന് ലോകാഭിപ്രായം പോലെ ക്രിസ്ത്യാനിത്വത്തിൽ അനീതിയ്ക്കു സ്ഥാനമില്ല.

എല്ലാവരുടെയും പ്രശ്നത്തിന് വ്യക്തമായി പറഞ്ഞാൽ, ശാരിരികവും സാമ്പത്തികവുമായ എല്ലാവരുടെയും പ്രശ്നത്തിന് സ്ഥിരീകരണം സാധിക്കുകയില്ല, പക്ഷെ നമുക്ക് കരുതാൻ കഴിയും. നമ്മുടെ ചുറ്റുപാടുകളിലെ അനീതി, അക്രമം എന്നിവ ഹൃദയത്തെ കഠിനമാക്കുമ്പോൾ പരിശുദ്ധാത്മാവ് അതിൽ നിന്നു ഉദ്ധരിക്കും.

ദൈവ സ്നേഹമാണ്, ദൈവം ധാർമ്മികത ഇഷ്ടപ്പെടുന്നു. (നാം ദൈവത്തോടു ധാർമ്മികത പുലർത്തുന്നവരാണെന്ന് ദൈവം അറിയുന്നു. സംസാരത്തിലും, പ്രവർത്തിയിലും) അയതിനാൽ സ്നേഹത്തിൽ നടക്കുന്നവർ ധാർമ്മകതയെയും സ്നേഹിക്കുന്നു. സങ്കീ. 97:10 പറയുന്നു, "യഹോവയെ സ്നേഹിക്കുന്നവരെ, ദോഷത്തെ വെറുപ്പിൻ. നീതിയ സ്നേഹിക്കുന്നവർ മിക്കപ്പോഴും പീഡനം അനുഭവിക്കുന്നു. ശിഷ്യൻ ഗുരുവിനു മീതെയല്ല എന്നു യേശു പറഞ്ഞു (മത്തായി. 10:24 കാണുക). ദോഷം ചെയ്യുന്നവരെ നാം വെറുക്കരുത്, അവരുടെ ദോഷവഴികളെ വെറുക്കുക. ദൈവം പാപികളെ സ്നേഹിക്കുന്നു, പാപത്തെ വെറുക്കുന്നു.

സ്നേഹത്തിൽ നടക്കുക, അനീതിയെയും അധാർമ്മികതയെയും വെറുക്കുക. അപ്പോൾ ദൈവ സ്നേഹത്തിനു പാത്രമാവുകയും വിസ്മയ വഴികൾ താങ്കളുടെ ജീവിതത്തിനുമേൽ സംഭവിക്കും.

# ദൈവത്തിന്റെ വഴിയ്ക്കു വിടുക ദൈവം ദൈവമാണ്

*ഞങ്ങളുടെ ദൈവമേ, നീ അവരെ ന്യായം വിധിക്കുകയില്ലയോ? ഞങ്ങളുടെ നേരെ വരുന്ന ഈ വലിയ സമൂഹത്തോടെതിർക്കുവാൻ ഞങ്ങൾക്കു ശക്തിയില്ല, എന്തു ചെയ്യേണ്ടു എന്ന് അറിയുന്നതുമില്ല. എങ്കിലും ഞങ്ങളുടെ കണ്ണുകൾ നിങ്കലേക്കു തിരിഞ്ഞിരിക്കുന്നു.*

— 2 ദിന. 20:12

ഇവിടെ യഹോശാഫാത്ത് തന്റെ കഴിവില്ലായ്മ സമ്മതിച്ചു ദൈവം പ്രവർത്തിക്കാൻ അനുവദിക്കുന്നു. എന്നിൽ ഒരു മാറ്റത്തിനുവേണ്ടി ഒരുപാട് പരിശ്രമിച്ചു വിജയിച്ചില്ല. ദുഷ്ടശീലം മാറുവാൻ വളരെ പരിശ്രമിക്കുമ്പോഴും കാലോചിതമായി പരാജയം വരിക്കുകയായിരുന്നു.

എന്റെ ജീവിതത്തിൽ സൗഭാഗ്യത്തിനു, ശുശ്രൂഷയുടെ വളർച്ചയ്ക്കു സൗഖ്യത്തിനുവേണ്ടി വ്യത്യാസങ്ങൾ വരുത്തി ഞാൻ ജീവിച്ചു. ഞാൻ ഓർക്കുന്നു എന്റെ പോരാട്ടങ്ങളിൽ നിസാരതകൾ ഉണ്ടായിരുന്നു. അതിനാൽ ഞാൻ പരിക്ഷീണിതനായിരുന്നു. ദൈവത്തിൽ മുദ്ര പതിപ്പിച്ചപ്പോൾ ഞാൻ എത്രയോ അസന്തുഷ്ടനാണെന്നും വികാരവിഷുബ്ധവാനാണെന്നും, നിസാരനാണെന്നും ഒരുദിവസംകൊണ്ട് മനസ്സിലായി. ദൈവത്തിലേക്കു തിരിഞ്ഞു ഇപ്രകാരം പ്രതിവചിച്ചു പറഞ്ഞു. “ദൈവമെ ഞാൻ അതു ചെയ്തു, ഇതാണത് ഇനി ആവർത്തിക്കില്ല എനിക്കിതു ചെയ്യാനും സാധിക്കില്ല.”

ആ സമയം എന്റെ ഉള്ളിൽ നിന്നാഴ്ന്ന് പൊങ്ങി വന്ന പരിശുദ്ധാത്മാവ് എന്നോട് പറഞ്ഞത് “വാസ്തവമായി?” ആവേശഭരിതമായ ഇമ്പ ശബ്ദമായിരുന്നു. അത് സംഭവിക്കുന്നതു നമ്മുടെ അവസാനതീരുമാനത്തിന്റെ പരിക്ഷീണിത അവസ്ഥയിലാണ്. “സമയത്തിനുവേണ്ടി എന്തെങ്കിലും ചെയ്യുന്നതിനു മുമ്പ് ദൈവത്തിന് പ്രവർത്തിപ്പാൻ അവസരം നല്കുക.” വേഗത്തിൽ ദൈവപ്രവർത്തിക്ക് പരിശ്രമിക്കുക. 2 ദിനവൃത്താന്തം 20:12ൽ യഹോശാഫാത്ത് പറയുന്നതുപോലെയുള്ള പ്രയത്നം എന്തുകൊണ്ട് നമുക്കും ചെയ്തുകൂടാ. ശത്രുവിന്റെ നേരെ നിൽക്കുവൻ എനിക്കു കഴിയില്ല എന്നു ദൈവമുമ്പാകെ സമ്മതിക്കുക. ദൈവത്തിൽ നിന്നുള്ള വിടുതലിനും കാര്യനിർവ്വഹണത്തിനും വേണ്ടി തന്നത്താൻ ഏല്പിച്ചു കൊടുക്കുക.

# ബോദ്ധ്യം വരുത്തുന്നതിന്റെ അനുഗ്രഹം

*അവൻ വന്നു പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിനു ബോധം വരുത്തും* — യോഹ. 16:8

യേശു ശിഷ്യന്മാരോട് അരുളിചെയ്ത പരിശുദ്ധാത്മാവ് വരുമ്പോൾ ശുശ്രൂഷയിൽ അവരോട് വളരെ അടുത്തബന്ധം പുലർത്തുമെന്നും, സകല സത്യത്തിലും വിശ്വാസികളെ ഉത്തരവാദിത്വത്തോടെ പരിശുദ്ധാത്മാവ് നടത്തുകയും, വിശ്വാസികളുടെ വിശുദ്ധീകരണ ജീവിതത്തിൽ കാര്യസ്ഥനായി വലിയ പങ്കുവഹിക്കുകയും ചെയ്യുന്നു. പരിശുദ്ധാത്മാവിന്റെ ഭാഗിക സഫലീകരണമാണ് ബോധം വരുത്തുന്ന ശക്തി. മറ്റൊരുവിധത്തിൽ പറഞ്ഞാൽ നമ്മുടെ വഴി തെറ്റുമ്പോഴും അല്ലെങ്കിൽ തെറ്റായ ദിശയിൽ സഞ്ചരിക്കുമ്പോഴും നമ്മുടെ തീരുമാനം തെറ്റാണെന്നും ശരിയായ മാർഗ്ഗദർശനം വേണമെന്ന് പരിശുദ്ധാത്മാവ് നമുക്ക് ബോദ്ധ്യം വരുത്തുകയും ചെയ്യുന്നു.

നാം ചെയ്യുന്നത് തെറ്റാണെന്ന് മനുഷ്യാത്മാവിൽ അറിയിക്കുമ്പോഴാണ് സഫലീകരണം സംഭവിക്കുന്നത്. എനിക്കും താങ്കൾക്കും ബോദ്ധ്യം വരുമ്പോൾ, നാം ഏറ്റുപറഞ്ഞു നമ്മുടെ ദിശമാറി ശരിയായ ദിശയിൽ സഞ്ചരിക്കണം. നമ്മൾക്ക് പരിശുദ്ധാത്മാവിനെ ബോദ്ധ്യപ്പെടുകയും സഹകരിക്കുകയും ചെയ്യുമ്പോൾ ആത്മിക പക്വതയിലേക്ക് ദൈവത്തിന്റെ ആസൂത്രണം അനുഗ്രഹത്തിനും നാം ജീവിതത്തിൽ പാത്രരാകും. ഈ ബോദ്ധ്യം നമ്മെ തിരസ്ക്കരിച്ച് നമ്മുടെ വഴിയെ സഞ്ചരിച്ചാൽ, മുന്നോട്ടുള്ള ഗമനത്തിനു പ്രയാസവും ബുദ്ധിമുട്ടുമാകും.

നാം ഈ ബോദ്ധ്യം മനസ്സിലാക്കണമെന്നോ സ്വീകരിക്കണമെന്നോ പിശാച് ആഗ്രഹിക്കുന്നില്ല. ദൈവത്തിന്റെ എല്ലാ നല്ല ആനുകൂല്യങ്ങളും പിശാച് ചതിക്കാൻ വേണ്ടി അനുകരിക്കും. ചിലപ്പോൾ ചിലതു ദൈവ ആനുകൂല്യമാണെന്ന് വിചാരിക്കും. പക്ഷെ, അനുഗ്രഹത്തിനു പകരം തകർച്ചയായിരിക്കും സംഭവിക്കുന്നത്. ഞാൻ വിശ്വസിക്കുന്നു ചതിക്കാൻ വേണ്ടി പിശാച് അനുകരിക്കുന്നത് ശിക്ഷാവിധിയായിരിക്കും. ശിക്ഷാവിധി സൃഷ്ടിക്കുന്നത് അപരാധമാണ്.

ദൈവം മറ്റൊരുവശത്ത് ക്രിസ്തുവിനെ നമുക്ക് സ്വാതന്ത്ര്യം നല്കുവാനും, നീതിയും സന്തോഷവും നല്കുവാനും അയച്ചു (റോമ. 14:17 കാണുക). നമുക്ക് സഹിക്കാൻ പാടില്ലാത്ത തരം താഴ്ത്തുന്ന ഭാരമേറിയത് വഹിക്കാതെ നമ്മുടെ മനുഷ്യാത്മാവിനു പ്രകാശവും സംരക്ഷണവും നാം നല്കണം. നമുക്ക് നമ്മുടെ പാപം വഹിക്കാൻ കഴിയില്ല. ക്രിസ്തു ഈ ഭൂമിയിൽ വന്നതു നമ്മുടെ പാപം വഹിക്കാനാണ്. അവനു മാത്രമെ അതു സാധിക്കൂ. നാം അവന്റെ ശുശ്രൂഷ, സ്വീകരിക്കുക.

# ആത്മീയ പരിപോഷണം

*അവൻ തന്റെ ശിഷ്യന്മാരോട് പറഞ്ഞത്. ആകയാൽ എന്തു തിന്നും എന്നു ജീവനായിക്കൊണ്ടും എന്തു ഉടുക്കും എന്നു ശരീരത്തിനായി ക്കൊണ്ടും വിചാരപ്പെടരുത് എന്നു ഞാൻ നിങ്ങളോട് പറയുന്നു. ആഹാരത്തെക്കാൾ ജീവനും ഉടുപ്പിനെക്കാൾ ശരീരവും വലുതല്ലോ*

— ലൂക്കോ. 12:22, 23

നാം ആത്മിയ ഉന്നതിയിലാണെങ്കിൽ ദിവസങ്ങളും, വർഷങ്ങളും നമുക്ക് തൃപ്തിയാണ്. ഒരു നിശ്ചിത സമയത്തേക്ക് മാത്രമായിരിക്കും അത്. ലക്ഷ്യ മില്ലാതെ വേനൽക്കാലത്ത് അലഞ്ഞു തിരിയുന്ന മിന്നാമിനുങ്ങിനു പെട്ടെന്ന് അതിന്റെ നിശബ്ദതയുടെ സൗന്ദര്യം ആസ്വദിക്കാൻ കഴിയും. നിങ്ങളുടെ മകനെയോ, ചെറുമകനെയോ സ്നേഹത്താൽ വാരിപ്പുണരുന്നത് പോലെ ആത്മിയതയുടെ സ്നേഹം നിങ്ങൾക്ക് ചുറ്റും ഉണ്ടാകും വേർതിരിക്കപ്പെട്ട ഞായറാഴ്ച രാവിലെ താങ്കൾ ഇരിക്കുന്ന സ്ഥലത്ത് ചായം കലർത്തി നിർമ്മിച്ച കണ്ണാടി ചില്ലിലൂടെ വരുന്ന വെളിച്ചം ഹൃദയത്തിനു ആനന്ദമാണ്. ആ നിമിഷം സ്വയമേവ സംഭവിക്കുന്നു. എന്നാൽ എന്റെ കയ്യിൽ ഒരുകഷണം ചോക്ലേറ്റ് ഇരിക്കുന്നതു കാരണം നാം ഒരിക്കലും ചിന്തിക്കരുത് എല്ലാ യ്പ്പോഴും ഞാൻ സന്തോഷമുള്ളവനാണെന്ന്.

ആത്മിയ പരിപോഷണത്തിന്റെ പൂർത്തീകരണം ദൈനംദിന അനുഭവ ങ്ങളിലൂടെ ലഭിക്കുമ്പോൾ തിന്നുന്നതിനും കുടിക്കുന്നതിനു ഒരു പ്രശ്നവു മില്ല. നാം എന്തെങ്കിലും ചെയ്യുന്നതിനെക്കാൾ ശ്രേഷ്ഠമായ ആ നിമിഷത്തെ അനുഭവം വളരെ വലുതാണ്. നമ്മുടെ ശാരീരികവും മാനസിക ആത്മിയ ആരോഗ്യത്തിനും വളരെ ആവശ്യമെന്ന് ഞാൻ വിശ്വസിക്കുന്നു. എന്റെ ചിന്ത യിൽ നമ്മൾ കൂടുതൽ സമയം പ്രശ്നങ്ങളെ ധ്യാനിക്കുകയും ആത്മിയ പോഷണത്തിനും സമയക്കുറവും ചിലവഴിക്കുകയും ചെയ്യുന്നു എന്നാണ് തോന്നുന്നത്. ഇതൊരു വീട്ടിലെ രോഗചികിത്സയെന്നോ, കൂട്ടുകാരുടെ കൂട്ടാ യ്മയെന്നോ, എല്ലാ സമയങ്ങളിലേയും പ്രശ്നമെന്നോ നാം വിളിക്കും പക്ഷെ ഇതു എല്ലാം നമ്മുടെ സാഹചര്യങ്ങളിൽ സംഭവിക്കുന്നു.

ദൈവത്തിന്റെ സ്നേഹാധിഷ്ഠമായ കാര്യങ്ങളെ കൂടുതൽ ധ്യാനിച്ചു നമ്മുടെ മനസ്സിലെ പ്രശ്നങ്ങളിൽ നിന്നു നമുക്ക് ഒഴിഞ്ഞു നിൽക്കാം. നമ്മുടെ ജീവിതത്തിലെ പ്രശ്നങ്ങളെ ദൈവത്തിൽ നിന്ന് അകറ്റാതെ ദൈവിക സന്നി ധിയിലേക്ക് കൊണ്ടുവരുവാൻ കഴിയണം. യോനാ ദൈവത്തിൽ നിന്നകന്ന് തന്റെ കർത്തവ്യത്തിൽ വിഘ്നം വരുത്തി ലക്ഷ്യബോധമില്ലാത്തവനായി. അവനു സംഭവിച്ച ദാരുണ അവസ്ഥ ഓർക്കുമല്ലോ; ദയവു ചെയ്ത് യോന യുടെ പാത പിന്തുടരുത്. ദൈവത്തിലേക്ക് ഓടുക! ആത്മിയ വിശപ്പു മാറ്റു വാൻ ദൈവത്തിനെ കഴിയൂ. അവനാണ് പരിഹാരകൻ.

# നമ്മുടെ വഴിയല്ല ദൈവത്തിന്റേത്

*എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങൾ അല്ല; നിങ്ങളുടെ വഴികൾ എന്റെ വഴികളുമല്ല എന്നു യഹോവ അരുളിച്ചെയ്യുന്നു.*

— യെശ. 55:8

ദൈവം തോന്നിപ്പിക്കുന്നത് അധികവും യുക്തിഹീനമെന്നു ഞാൻ കണ്ടുപിടിച്ചു. നമുക്ക് നിരക്കാത്തതാണ് പലപ്പോഴും നാം ചെയ്യുവാൻ ദൈവം ആഗ്രഹിക്കുന്നത്. എല്ലായ്പ്പോഴും നമ്മുടെ യുക്തിക്കു സന്തുലിതമല്ല. നാം നമ്മുടെ യുക്തിക്കനുസരിച്ച് കാര്യങ്ങൾ ചെയ്യുമ്പോൾ, ദൈവം ചെയ്യുന്നത് നാം കാര്യങ്ങൾ മനസ്സിലാക്കി ആശ്രയിച്ചു ചെയ്യുവാനാണ്. ദൈവം നമ്മുടെ സാഹചര്യങ്ങൾക്കൊത്ത് ചെയ്യാൻ പറഞ്ഞാൽ നമ്മുടെ ജിവിതം ലോകപ്രകാരമുള്ളതാകും. അതിനാൽ നമ്മുടെ പ്രാർത്ഥന ഇപ്രകാരമാകട്ടെ. "എന്റെ ഇഷ്ടമല്ല അവിടുത്തെ ഇഷ്ടം മാത്രം ആകട്ടെ."

എന്റെ എല്ലായ്പ്പോഴുമുള്ള പ്രാർത്ഥന "ഞാൻ ഇഷ്ടപ്പെടുന്നത് എനിക്ക് വേണ്ടാത്തതെന്ന് നീ അറിയുന്നുവെങ്കിൽ ദൈവമെ എനിക്ക് അതു നല്കുക." നമ്മുടെ ചിന്തകൾക്ക് അപ്പുറമാണ് ദൈവിക പദ്ധതികൾ. അവൻ ആരംഭവും അവസാനവും കാണുന്ന ദൈവമാണ്. അവന്റെ എല്ലാ വഴികളും സത്യമാണ്. ഉറപ്പുള്ളതാണ്. പ്രകൃതിയാൽ നാം യുക്തിപരമായതു ചിന്തിക്കുമ്പോൾ ദൈവം അതിനപ്പുറമായതു ചിന്തിക്കുന്നു.

# സമൃദ്ധിയാൽ നിറയുക

*ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നതു ഞാനല്ല ക്രിസ്തുവത്രെ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ചു എനിക്കുവേണ്ടി തന്നെത്താൻ ഏല്പിച്ചുകൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രെ ജീവിക്കുന്നതു.*

— *ഗലാത്യർ.* 2:20

എന്റെ ആരംഭകാല ശുശ്രൂഷയിൽ മറ്റുള്ളവരെ സഹായിക്കണം എന്നതായിരുന്നു. ദൈവം എന്നോട് ഇപ്രകാരം പറഞ്ഞു. "നീ എപ്പോഴാണ് ശൂന്യമാക്കപ്പെടുന്നത് അപ്പോൾ പരിശുദ്ധാത്മാവിൽ നീ ആശ്രയിക്കും, സകലവും അവൻ മുഖാന്തിരം വരുന്നു, എന്നു നീ പഠിക്കുമ്പോൾ തന്റെ ചുറ്റുപാടുകളിൽ ശൂന്യതയുണ്ട് അയല്ക്കാരെ നിറയ്ക്കേണ്ടതിന് നിന്റെ ശൂന്യപാത്രത്തിനു സാധിക്കും." നമ്മുടെ ശൂന്യത വെളവാകുന്നത് എളുപ്പമുള്ളതല്ല അപൂർവ്വമായ ഒന്നാണ്.

ലക്ഷ്യമില്ലാതെ ദീർഘവർഷം അലയുന്ന ആളാണെങ്കിൽ ഒരിക്കലും വിനയഭാവത്തിലെത്തുവാൻ കഴിയാതെ അഹന്തയിലെത്തും ദൈവത്തിൽ ആശ്രയിക്കതെ നിരപേക്ഷം ഉള്ളവനാകും. ദൈവകരത്തിൽ ആശ്രയിക്കാതെ എന്നിലേക്കു തിരിയും ഇതാണ് താങ്കൾ പിന്തുടരുന്നതെങ്കിൽ എനിക്കു പറയാനാകും ഇതു വളരണമെങ്കിൽ അതിനു അവസരം കൊടുക്കരുത്. നിങ്ങളുടെ തിരുമാനമാണ് എന്നന്നേക്കുമുള്ളത് പക്ഷെ, "നിങ്ങളിൽ നല്ല പ്രവൃത്തി ആരംഭിച്ചവൻ യേശുക്രിസ്തുവിന്റെ നാളോളം അതിനെ തികയ്ക്കും എന്ന് ഉറപ്പായി വിശ്വസിച്ചുമിരിക്കുന്നു (ഫിലിപ്പിയർ. 1:6)

നാം അവന്റെ ശുശ്രൂഷ ആരംഭിക്കുമ്പോഴാണ് അല്ലാതെ നല്ല പ്രവൃത്തി ചെയ്യുന്നതുകൊണ്ടല്ല. ഒരാൾ ഇങ്ങനെ പറഞ്ഞു. ''ഒരു പുരുഷനോ സ്ത്രീയോ ചെയ്യുന്ന പ്രവൃത്തിയുടെ മഹത്വം നിലനിൽക്കുന്ന അടിസ്ഥാനമാണ്." ആത്മിയതയിൽ ആത്മാർത്ഥതയുള്ളവരാണെങ്കിൽ, ശൂന്യതയുള്ളവർക്കുവേണ്ടി പ്രവർത്തിപ്പാൻ നാം ശൂന്യമാക്കപ്പെട്ടവരായിരിക്കും.

# അയച്ച് പിടിക്കുക

*എന്റെ മാംസവും എന്റെ ഹൃദയവും ക്ഷയിച്ചുപോകുന്നു. ദൈവം എന്നേക്കും എന്റെ ഹൃദയത്തിന്റെ പാറയും എന്റെ ഓഹരിയും ആകുന്നു.*

— സങ്കീ. 73:26

നമ്മുടെ വിശ്വാസം പണിയപ്പെടുന്നതു നമുക്കുള്ള സുഖപ്രദമായതിൽ നിന്നാണ്. സുഖപ്രദമായതില്ലാതെ നമുക്കു ജീവിക്കാൻ പോലും കഴിയുകയില്ല. എന്റെ മനോഹരവീടിനെപ്പറ്റി ഞാൻ ചിന്തിച്ചു. പക്ഷെ ഒരുപാട് സംവിധാനമുള്ള അപ്പാർട്ടുമെന്റുകളിൽ പിന്നെയും താമസിക്കാൻ ശ്രമിക്കുമ്പോൾ നമുക്കുണ്ടാകുന്ന സന്തോഷം മനുഷ്യമനസ്സിൽ നിന്ന് ഉയരുന്നതാണ്. എനിക്കുള്ളതിൽ നിന്നല്ല.

ഒന്നു നാം തിരിച്ചറിയുക. നമുക്കുള്ള വായ്പ മുഴുവൻ ദൈവത്തിൽ നിന്നാണ്. അവൻ ഉപയോഗിക്കുവാൻ തന്നിരിക്കുകയാണ്. പക്ഷെ നാം അതു മുഖാന്തിരം കയ്യടക്കി വച്ചിരിക്കുകയോ, അവകാശമാക്കി വച്ചിരിക്കുകയോ ആണ്. കൂടുതൽ പ്രാധാന്യം കൊടുക്കുമ്പോൾ ദൈവം ഇതിനെ കുലുക്കിയിട്ടു ഇങ്ങനെ പറയും. നിന്റെ ഭാഗം ശരിയാണ്. ഇതിൽ ആകൃഷ്ടനായിരിക്കുക. ഇതിനെ കൂടുതൽ ഇഷ്ടപ്പെടുന്നു പിന്നീട് നമ്മോട് അതിനെ സൂക്ഷിപ്പാൻ പറയുന്നു. പക്ഷെ നാം അതിൽ മുറുകെ പിടിച്ചിരിക്കുകയാണെങ്കിൽ നമ്മുടെ ബുദ്ധിക്ക് അതു സുരക്ഷിതമാണ് മാത്രമല്ല നമ്മുടെ സന്തോഷം ആശ്രയിക്കുന്നതു അതിനനുസരിച്ചാണ് അപ്പോൾ ദൈവം അത് തിരിച്ച് പിടിക്കുന്നു. നാം സന്തോഷിക്കുന്നതിനുവേണ്ടി സകലവും തന്നിരിക്കുന്നു. പക്ഷെ അതിൽ പുകഴാൻ നമുക്കൊന്നുമില്ല.

# നാം തിടുക്കമുള്ളവർ എന്നാൽ ദൈവം തിടുക്കമുള്ളവനല്ല

*മകനെ, എന്റെ ഉപദേശം മറക്കരുത്; നിന്റെ ഹൃദയം എന്റെ കല്പനകളെ കാത്തുകൊള്ളട്ടെ.*

— സദൃ. 3:1

നാം സഹനശക്തിയെപ്പറ്റി പഠിച്ചിട്ടില്ല അതിനാൽ നമുക്കു സഹിഷ്ണുതയില്ല. സഹനശക്തി നമ്മുടെ ഉള്ളിൽ പ്രവർത്തിക്കേണം - വെറുതെ വരുന്ന ഒന്നല്ല, സഹനശക്തിയുടെ ഫലം നമ്മുടെ ഉള്ളലാണ്. അതിനാലാണ് ദൈവത്തിന്റെ ആത്മാവ് നമ്മിൽ ഇരിക്കുന്നത്.

സഹനശക്തി നമ്മിൽ വെളിവാകുന്നതു നമ്മുടെ മനസ്സിലും വികാരങ്ങളിലുമാണ്, അത് നമ്മിൽ പ്രവർത്തിക്കുന്നു. എന്റെ മക്കളുടെ ജന്മദിനം കടന്നുപോയി, ഞാൻ എല്ലാം കൃത്യമായി ചെയ്തുവച്ചു. പതിവിൽ നിന്നു വ്യത്യസ്തമായി സകലതും ചെയ്തു. വേഗത്തിൽ ചെയ്തതു ഗുണമാകുന്നുവെന്ന് പ്രതീക്ഷിച്ചു. പക്ഷെ അന്നെ ദിവസം ഒരുവനുവേണ്ടി ഹോസ്പിറ്റലിൽ സമയം ചിലവഴിക്കേണ്ടി വന്നു. ഡോക്ടർ പറഞ്ഞു. “വീട്ടിലേക്കു പോകുക, ഒരു കോഴ്സ് മരുന്നു പൂർത്തീകരിക്കുക.”

എന്റെ അനുഭവത്തിൽ നിന്നും ദൈവവചനത്തിൽ നിന്നും എനിക്കു പറയുവാനുള്ള ഉപദേശം. “നാം തിടുക്കം കാട്ടുന്നവരാകരുത്.” താങ്കളുടെ ജീവിതത്തെക്കുറിച്ച് ഒരു പാട് സ്വപ്നങ്ങൾ ഉണ്ടാകും. എന്നാൽ അതിന്റെ പൂർത്തീകരണത്തിലെത്താൻ ഒരു കാലമുണ്ട്. വലിയ പ്രസംഗങ്ങൾ നമ്മുടെ ജീവിതത്തിൽ നടത്താറുണ്ട് എന്നാൽ വിഭ്രാന്തി പരത്തി നാം ആഗ്രഹിക്കുന്നതുപോലെ സംഭവിക്കാതിരിക്കും. ദൈവിക സമയത്തിനുവേണ്ടി നാം കാത്തിരിക്കുക. നാം തിടുക്കമുള്ളവരാണ്. എന്നാൽ ദൈവം തിടുക്കക്കാരനല്ല!

ദൈവിക കാര്യങ്ങളിൽ നാം തിടുക്കമുള്ളവരാകൂ. എന്തു നാം ആഗ്രഹിക്കുന്നവോ അത് ദൈവം നമുക്ക് നല്കിത്തരും. നമ്മുടെ ഉള്ളിൽ ദൈവം നല്കിത്തരുന്ന ആഗ്രഹങ്ങൾ അവൻ തക്കസമയത്ത് നിവർത്തിക്കും. എങ്ങനെ ആരംഭിക്കണമെന്നും ദൈവത്തിന്റെ മാർഗ്ഗദർശനത്തിനും നിർദ്ദേശത്തിനും കാത്തിരിക്കുക. ദൈവം എന്തു പറയുന്നുവോ, കാണിക്കുന്നുവോ അതു ചെയ്യുക, പക്ഷെ അതിനപ്പുറമായിരിക്കരുത്.

# പ്രതികൂലം വരുമ്പോൾ നാം എന്തു ചെയ്യും

*വിശ്വാസത്തിന്റെ നല്ലപോർ പൊരുതുക*

— 1 തിമൊ. 6:12

സകലമനുഷ്യന്റെയും ജീവിതത്തിൽ ഇപ്പോഴോ പിന്നീടൊരിക്കലോ പ്രതികൂലം വരും. നമുക്ക് എല്ലാവർക്കും പരീക്ഷണവും, പരിശോധനകളും ഉണ്ട്. എല്ലാവരും ഈ പരീക്ഷണത്തിലൂടെ പോയേ മതിയാവൂ. എല്ലാ പ്രകൃതി ക്ഷോഭവും മുൻകൂട്ടി പറയുകയല്ല. എല്ലാ കാര്യങ്ങളും നന്നായി നടക്കുന്നു എന്നു നാം പറയും എന്നാൽ ആ ദിവസം കഴിയുംമുമ്പ് നാം പ്രതീക്ഷിക്കാത്ത പരീക്ഷണങ്ങൾ നമ്മുടെ ജീവിത്തിൽ സംഭവിക്കും.

പ്രതികൂലം ജീവിതത്തിന്റെ ഭാഗമാണ്. അതിനാൽ നാം അതിനുവേണ്ടി ഒരുങ്ങി നില്ക്കുക പ്രതികൂലം വരുമ്പോൾ അതിനെ പ്രതിരോധിക്കാൻ കാലേക്കൂട്ടി നിശ്ചയിക്കുന്ന പദ്ധതിയുണ്ടാകണം കാരണം പ്രശ്നങ്ങൾക്കുശേഷം ശക്തിയുണ്ടാകുവാൻ ഒരുക്കമാവും അത്.

പ്രതികൂലം വരുമ്പോൾ നാം ആദ്യം പ്രാർത്ഥിക്കണം. "ദൈവമെ മാനസികമായി നില്പ്പാൻ സഹായിക്കണമെ.'' നിങ്ങളുടെ വികാരം പൂർണ്ണമായി കീഴ്പ്പെടുത്തരുത് അടുത്തതായി നാം ചെയ്യേണ്ടതു ദൈവത്തിലുള്ള ആശ്രയമാണ്. അപ്പോൾ തന്നെ ഭയം വർദ്ധിക്കും പക്ഷെ പ്രാർത്ഥിക്കണം.

മാനസിക ഒരുക്കം (ദൃഢത), ദൈവാശ്രയം, പ്രാർത്ഥന പിന്നീടു ദൈവത്തിന്റെ മറുപടിയ്ക്കായി കാത്തിരിക്കുക, നന്നായി കാര്യങ്ങൾ ചെയ്യുക. താങ്കളുടെ ചുമതല ഏറ്റെടുക്കുക. നിങ്ങൾക്കു പ്രതികൂലം വന്നു എന്ന കാരണത്താൽ കർത്താവിന്റെ ശുശ്രൂഷ നിർത്തരുത്. ബുദ്ധിമുട്ട്, ആപത്ത് എന്നിവ സംഭവിക്കുമ്പോൾ ഈ ലോകത്തിലെ മഹത്തായ കാര്യം ദൈവിക ചുമതലയാണ്. പിശാച് പരിശോധനയും പരീക്ഷണവും കാണുമ്പോൾ നിങ്ങളെ പിടിച്ച് നിർത്താൻ അനുവദിക്കരുത്, അനുവദിച്ചാലും ഒരു നിശ്ചിതസമയം വരെ സാധിക്കൂ.

അടുത്ത സമയത്തു ഉണ്ടാകുവാൻ പോകുന്ന കഷ്ടതയിൽ താങ്കൾ ഒരുങ്ങി ഇങ്ങനെ പറയുക "ഞാൻ ദൈവസന്നിധിയിൽ വിശ്വസ്തനാണ്, എന്റെ കഷ്ടതയിൽ ദൈവം എനിക്കു ഇരട്ടി പങ്കു നല്കും പിശാചെ, നീ ചിന്തിച്ചു എന്നെ മാനസികമായി വേദനിപ്പിക്കാമെന്ന്, പക്ഷെ എനിക്കു ലഭിക്കാൻ പോകുന്നത് ഇരട്ടി അനുഗ്രഹമാണ് കാരണം ദൈവത്തെ അന്വേഷിക്കുന്നതിൽ ഞാൻ ശുഷ്കാന്തിയുള്ളവനാണ്."

# വിശ്വസിക്കുക മാത്രം ചെയ്യുക

*യോശു ചോദിച്ചു, "നീ വിശ്വസിക്കുന്നുവോ, ഉവ്വ് കർത്താവേ എന്ന് അവൻ പറഞ്ഞു"*

— മത്താ. 9:28

മർക്കോസ് 5:26 – ൽ ക്രിസ്തു പറഞ്ഞു "ഭയപ്പെടരുത്, വിശ്വസിക്കുക മാത്രം ചെയ്യുക." പലപ്പോഴും സകലമാനമനുഷ്യരും എനിക്ക് എതിരായപ്പോൾ, നിരുത്സാഹപ്പെടുത്തിയപ്പോൾ എന്തു ചെയ്യണമെന്ന് എനിക്ക് അറിയില്ലായിരുന്നു. ഒരു പക്ഷെ സാമ്പത്തിക പ്രതിസന്ധിയോ, എന്റെ ശരീരത്തിലെ വേദനയോ വരുമ്പോൾ ഞാൻ ദൈവത്തോട് പറയും, എന്താണു ദൈവമെ ഞാൻ ചെയ്യേണ്ടത്? അപ്പോൾ ഞാൻ ആവർത്തിച്ചാവർത്തിച്ച് കേട്ടത് "വിശ്വസിക്കുക മാത്രം ചെയ്യുക" എബ്രാ. 4:3. നമ്മോടു പറയുന്നു വിശ്വസിക്കുന്ന നാമല്ലോ സ്വസ്ഥതയിൽ പ്രവേശിക്കുന്നത്. ഒരിക്കൽ നാം സ്വസ്ഥതയിൽ പ്രവേശിച്ചാൽ നമുക്ക് എത്രമാത്രം വലിയ പ്രതികൂലങ്ങൾ സംഭവിച്ചാലും ഒരിക്കലും നിരാശപ്പെടേണ്ടിവരില്ല.

മർക്കോസ്. 11:24 നിങ്ങളുടെ പ്രാർത്ഥനയിൽ എന്തു യാചിച്ചാലും അതു ലഭിച്ചു എന്നു വിശ്വസിക്കുക. അപ്പോ. 16:31 "കർത്താവായ യേശുവിൽ വിശ്വസിക്കുക എന്നാൽ നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും." എബ്രാ. 11:6 ൽ പറയുന്നു "ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉണ്ട് എന്നും തന്നെ അന്വേഷിക്കുന്നവർക്ക് പ്രതിഫലം കൊടുക്കുന്നു എന്നും വിശ്വസിക്കേണ്ടതല്ലോ." നിങ്ങൾ ഈ വാക്യത്തിൽ വിശ്വസിക്കുന്നതിന്റെ പ്രാധാന്യം കാണുന്നില്ലയോ? താങ്കളോ, ഞാനോ ദൈവത്തിൽ നിന്നെന്തെങ്കിലും പ്രാപിക്കണമെങ്കിൽ നാം അവനിൽ വിശ്വസിക്കുകയും ദൈവം നല്ലവൻ എന്നും പറയേണം.

# എതിർപ്പ് ഉപേക്ഷിക്കുക

*ദൈവത്തിനു മുഖപക്ഷമില്ല എന്നും ഏതു ജാതിയിലും അവനെ ഭയപ്പെട്ട് നീതിപ്രവർത്തിക്കുന്നവനെ അവൻ അംഗീകരിക്കുന്നു*

— അപ്പൊ. 10:34

കർത്താവിന്റെ കാലത്ത് വിഭജനത്തിന്റെ മതിൽക്കെട്ടുകളെപ്പറ്റി കൈകാര്യം ചെയ്തു. യഹൂദർ ജാതികളോട് അനാദരവു പുലർത്തി അവനെ നായ്ക്കൾ എന്നു വിളിച്ചു. അനേക പുരുഷന്മാരും സ്ത്രീകളെ താണതരത്തിലുള്ളവരായിക്കണ്ടു. ചിലപ്പോൾ അവരോട് മോശമായി പെരുമാറി ഇങ്ങനെ യഹൂദർ അവരുടെ തെറ്റായ മനോഭാവം വെളിപ്പെടുത്തി. എന്റെ സ്ത്രീ പൂർവ്വികരോട് കാട്ടിയ പക്ഷാഭേതപരമായ അനീതി നിമിത്തം പുരുഷ സമൂഹത്തോട് വെറുപ്പുളവായി. അഡോൾഫ് ഹിറ്റ്ലർ എന്ന ജർമ്മൻ പൈശാചിക ഭ്രാന്ത സ്വഭാവക്കാരനെ യഹൂദർ എതിർക്കുന്നതുപോലെ, രണ്ടാം ലോക മഹായുദ്ധത്തിൽ ജപ്പാൻകാർ അമേരിക്കയിലെ ‘പേൾഹാർബറിൽ’ ബോംബിട്ടതു നിമിത്തം ജപ്പാൻകാരെ അമേരിക്ക വെറുക്കുന്നതുപോലെ, അടിമത്വം നിമിത്തം ഒരു ആഫ്രിക്കകാരും അമേരിക്കൻ വെള്ളക്കാരും എതിർക്കുന്നതു പോലെ.

പഴയകാലത്തിലേക്കു നമുക്കാർക്കും ഈവിധം സഞ്ചരിക്കുവാൻ സാധിക്കില്ല. നാം എത്രമാത്രം ഇഷ്ടപ്പെട്ടാലും അതു ഒരിക്കലും സാദ്ധ്യമല്ല. പഴയകാലത്ത് സമൂഹത്തോട് തെറ്റായതും എന്തുകാണിച്ചുവോ അതിലേക്ക് ജനത്തെ തിരിച്ചുവിടുക അസാദ്ധ്യമാണ്. ഇതിനെതിരെ പ്രതികരിക്കാൻ സമൂഹത്തിനു കഴിയാതെപോയി. ദൈവത്തിനു മാത്രമെ സാധിക്കൂ. നമ്മുടെ സമാധാനം എന്നു പറയുന്നതു “പിന്നിലുള്ളതു മറന്നു മുമ്പിലുള്ളതിനെ ആഞ്ഞുകൊണ്ട് യാത്ര ചെയ്യാം.” (ഫിലി. 3:13–14 കാണുക).

വെറുക്കപ്പെടുവാനുള്ള ജീവിതം കുറച്ചു മാത്രമേയുള്ളു നമ്മുടെ അനുഭവവുമായി ഒന്നു താരതമ്യം ചെയ്യൂ. താങ്കൾ എതിർക്കുന്ന വ്യക്തി എങ്കിൽ സ്വയം വിശ്വസ്തരാവുക. താങ്കൾ അല്പമെങ്കിലും എതിർക്കുന്ന വ്യക്തി എങ്കിൽ അതിനെ ഏറ്റുപറയുക. ആത്മാർത്ഥതയോടെ പ്രാർത്ഥിക്കുക. ഹൃദയത്തിൽ നിന്ന് എതിർപ്പ് മാറിപ്പോകും.

നിങ്ങളോട് തന്നെ പറയുക “മറ്റുള്ളവരെക്കാൾ ഞാൻ ശ്രേഷ്ഠനല്ല; ദൈവ ദൃഷ്ടിയിൽ നാം എല്ലാവരും തുല്യരാണ് എല്ലാ മനുഷ്യരും ദൈവസൃഷ്ടിയാണ് അവൻ എല്ലാം നല്ലത് എന്നു കണ്ടു.”

# പരദേശിയോട് സ്നേഹം കാണിക്കുക

*അതിഥിസത്ക്കാരം മറക്കരുത്; (സഹോദരസ്നേഹം, സൗഹൃദം, ബഹുമാനം, കനിവ്, പങ്കുവയ്ക്കൽ) ഇവയുള്ളവർ ആകുക. അതിനാൽ ചിലർ അറിയാതെ ദൈവദൂതന്മാരെ സത്ക്കരിച്ചിട്ടുണ്ടല്ലോ.*

— എബ്രാ. 13:2

എല്ലാവരോടും സ്വാഗതം ചെയ്യപ്പെടാത്ത ഒരു സംഘമാണ് പൊതു താല്പര്യങ്ങൾക്കായി പരസ്പരം സഹായിച്ച് പ്രവർത്തിക്കുന്നവരുടെ സംഘം. 'ഉള്ളിൽ' അതു അനുഭവപ്പെടണം, "പുറമെയുള്ളത്" വേദനജനകമാണ്. ഞാൻ വിചാരിക്കുന്നു സഭയും ഈ ഗണത്തിൽ പെടുമെന്ന്.

ക്രിസ്തുവിലുള്ള ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം താങ്കൾക്കും എനിക്കും വേദപുസ്തകത്തിലെ ശിക്ഷണം എന്നു പറയുന്നത് അപരിചിതരോടുള്ള അനുകമ്പയാണ്. അവരോട് നല്ല മനോഭാവം പുലർത്തുക, അവരോട് ഒരുകാരണവശാലും മോശമായി പെരുമാറരുത്. ഇതു വളരെ പ്രാധാന്യം കൊടുക്കേണ്ടതു സഭയാണ്. ഈ മനോഭാവത്തോടെ എത്രപേർ ദൈവസഭയിൽ ഞായറാഴ്ച രാവിലെ കടന്നുപോകും, പക്ഷെ ദയനിയമെന്നവണ്ണം പറയട്ടെ ഈ അറിവു സഭയ്ക്കു അന്യം വന്നിരിക്കുന്നു എന്നതാണ് യാഥാർത്ഥ്യം.

തീർച്ചയായും ഒട്ടുമിക്ക സഭയും കൃത്യനിർവ്വഹണത്തിൽ തണുത്തിരിക്കുകയാണ്. ചിലർ സജീവമാണ്, സൗഹാർദ്ദപരമായിട്ടാണ്, സ്നേഹമായിട്ടാണ് ഇങ്ങനെയുള്ളവർക്ക് ഉത്കർഷമുണ്ടാകും. എല്ലാവരും അംഗീകരിക്കണം. സ്നേഹിക്കണം, സ്വാഗതം ചെയ്യണം. ദൈവം യിസ്രായേലിനു നൽകുന്ന മാർഗ്ഗനിർദ്ദേശത്തിൽ പരദേശിയെ പീഡിപ്പിക്കരുതെന്നും ഉപദ്രവിക്കരുതെന്നും യിസ്രായേൽ മിസ്രയിദേശത്ത് പരദേശിയാണെന്നും ഓർമ്മിപ്പിക്കുന്നു. (പുറപ്പാട് 22:21)

നാം സഭയിലോ, സ്കൂളിലോ, പുതിയതായി ജോലി ചെയ്യുന്നവരാകാം. നമ്മളോട് സൗഹൃദമായി പെരുമാറുന്നവരെ നാം ശ്രദ്ധിക്കണം. നാം ഏറ്റവും ഉൽകൃഷ്ടമായ നിയമം ഓർക്കണം. "മനുഷ്യൻ നിങ്ങൾക്കു ചെയ്യേണം എന്നു നിങ്ങൾ ഇച്ഛിക്കുന്നതു പോലെ തന്നെ അവർക്കും ചെയ്യുവിൻ." (ലൂക്കോസ് 6:31)

# കുറ്റസമ്മതത്തിന്റെ സ്വാതന്ത്ര്യം

*ഞാൻ എന്റെ പാപം നിന്നോടറിയിച്ചു. എന്റെ അകൃത്യം മറച്ചതുമില്ല. എന്റെ ലംഘനങ്ങളെ യഹോവയോട് ഏറ്റുപറയും എന്നു ഞാൻ പറഞ്ഞു. അപ്പോൾ നീ എന്റെ പാപത്തിന്റെ കുറ്റം ക്ഷമിച്ചു തന്നു.'*

— സങ്കീ. 32:5

1 യോഹന്നാൻ1:9 ൽ വേദപുസ്തകത്തിൽ ഇങ്ങനെ പഠിപ്പിക്കുന്നു, നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നുവെങ്കിൽ അവൻ നമ്മോട് പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു. നിങ്ങളുടെ തെറ്റ് അംഗീകരിച്ച് പറയാൻ ഇന്നുമുതൽ ആരംഭിക്കുക. പഴയകാല തെറ്റുകൾ ഒന്നും ഉണ്ടാകരുത്. ദൈവത്തോടും മനുഷ്യരോടും അംഗീകരണം ഉണ്ടാവണം. എല്ലാവരോടും സമാധാനം ആചരിക്കണം.

ഇതു താങ്കൾ അനുസരിക്കുമെങ്കിൽ പുത്തൻ അനുഭവത്തിന്റെ സ്വതന്ത്ര്യം ലഭിക്കുകയും ക്രിസ്തുവിനോടും സമൂഹത്തോടും നമ്മുടെ ബന്ധങ്ങൾ മഹത്തരമായി വർദ്ധിക്കും. ഞാൻ എന്റെ തെറ്റ് മറ്റുള്ളവരോട് പങ്ക് വയ്ക്കുമ്പോൾ അവരുടെ തെറ്റിനെപ്പറ്റി ബോദ്ധ്യംവരും  മാത്രമല്ല അവരുടെ തെറ്റിനെപ്പറ്റി വ്യാകുലത ഉണ്ടാകും.

സമൂഹത്തിന്റെ മുമ്പിൽ നമ്മുടെ ജീവിതം തുറക്കപ്പെട്ടതാകണം. അതു സമൂഹത്തിൽ മാന്യതയും ബഹുമാനവും നല്കും. എന്താണോ നാം മായ്ക്കുവാൻ ശ്രമിക്കുന്നതു അതു നമ്മുടെ വ്യക്തിത്വത്തെ ബാധിക്കും. ക്രിസ്തുവിനെ താങ്കളുടെ ജീവിതത്തിലെ സമസ്തമേഖലയിലേക്കും സ്വാഗതം ചെയ്യുക. അവനിൽ നിന്നു നിങ്ങളുടെ തെറ്റിനെ മൂടിവയ്ക്കുവാൻ ശ്രമിക്കരുത്. എങ്ങനെയായാലും അവൻ സകലവും അറിയുന്നവനാണ്. നാം ദൈവത്തെ ഓർക്കുന്നതിനെക്കാൾ അധികമായി അവനു നമ്മെ അറിയാം. അല്ലെങ്കിൽ നാം അവനെ കണ്ടെത്തിയില്ലെങ്കിലും അവൻ നമ്മെ സ്നേഹിക്കുന്നു.

നാം ദൈവത്തിന്റെ മുമ്പിൽ നമ്മുടെ ശക്തി നല്കുവാൻ എളുപ്പമാണ്. അപ്പോൾ തന്നെ നമ്മുടെ കഴിവുകേടും സമ്മതിയ്ക്കുക. കാരണം ദൈവിക ശക്തിയാണ് നമ്മുടെ ബലഹീനതയിൽ തികഞ്ഞുവരുന്നത്. പാപസംബന്ധമായ ഒന്നു നമ്മുടെ ജീവിതത്തിൽ ഉണ്ടാവരുത്. സർവ്വതും ദൈവത്തിന്റെ മുമ്പിൽ നല്കുക. കാണുവാനല്ല പുതിയ സ്ഥിതിയിലേക്കുള്ള മാറ്റം കാണുവാൻ അവൻ ആഗ്രഹിക്കുന്നു. അതിനാൽ അവൻ നമ്മോട് സഹിഷ്ണത കാട്ടുന്നു.

# ഭയമോ വിശ്വാസമോ

*എന്നാൽ സംശയിക്കുന്നവൻ തിന്നുന്നു എങ്കിൽ അതു വിശ്വാസത്തിൽ നിന്നും ഉത്ഭവിക്കായ്കകൊണ്ട് അവൻ കുറ്റക്കാരനായിരിക്കുന്നു. വിശ്വാസത്തിൽ നിന്ന് ഉത്ഭവിക്കാത്തതൊക്കെയും പാപമത്രെ.* — റോമ. 14:23

ആത്മാർത്ഥമായി പറയുകയാണ് വിശ്വാസത്തിൽ കാര്യങ്ങൾ ചെയ്യുന്ന നമ്മൾക്ക് മറ്റൊരാൾ നമ്മെ നിയന്ത്രിക്കുന്നതും വിദഗ്ദമായി നിയന്ത്രിക്കുന്നതും അനുവദനീയമാണോ? ഒരിക്കലും അല്ല! ഇതു വിശ്വാസത്താലുള്ള സ്വഭാവമല്ല ഭയത്തിൽ നിന്നുളവാകുന്നതാണ്. വിശ്വാസം ദൈവത്തെ അനുകരിക്കുന്നു എന്നാൽ ഭയം പേടിപ്പെടുത്തുകയും അനുസരണമില്ലായ്മയുടെ ഒഴിവുകഴിവു നിരത്തുകയും ചെയ്യും.

മനുഷ്യൻ സമ്പൂർണ്ണതയിലെത്താൻ കഴിയുമെന്ന് വിശ്വസിക്കുന്നു. ലൈംഗിക വൈകൃതമുള്ളവർക്കും മദ്യത്തിനും മയക്കുമരുന്നിനും, മറ്റ് ലഹരി വസ്തുക്കൾക്കും അടിമയാകുന്നവർക്കു മാത്രമെ മറ്റൊരാളിന്റെ ആശ്രിതത്തിൽ കഴിയാൻ സാധിക്കൂ. ഇങ്ങനെയുള്ളവരുടെ ആവശ്യത്തിനു അവർ തന്നെ സാമ്പത്തികം കണ്ടെത്തണം. അതിനു ഇവർക്കുവേണ്ടി അവർ സഹ ആശ്രിതരാകേണ്ടി വരും.

വേദനിക്കപ്പെടുന്നവനെ സഹായിക്കുന്നതു വലിയ കാര്യമാണ്. അവരുടെ വികാരം നമ്മെ നിയന്ത്രിക്കുവാൻ ആരംഭിക്കുമ്പോൾ അത് അപകടകരമായ നിലയിലേക്ക് എത്തുകയും നമ്മളാൽ നിയന്ത്രിക്കപ്പെടൻ കഴിയാതെയും ഇരിക്കും എന്നാൽ അവരുടെ പ്രശ്നത്തെ നിയന്ത്രിക്കാൻ പരിശുദ്ധാത്മാവിനു മാത്രമെ സാധിക്കൂ. ദൈവം നമ്മുടെ ഉള്ളിൽ തരുന്ന ആശയത്തിനൊത്തവണ്ണം പടിപടിയായി ചെയ്യാൻ വിശ്വാസത്തിനു കഴിയും. പക്ഷെ ഭയം നമ്മെ മറ്റൊരാളിന്റെ നിയന്ത്രണത്തിലും അധികാരം ചെലുത്തലിനും കാരണമാക്കും. എത്രയോ സമയങ്ങളിൽ നാം കൗടില്യക്കാരുടെ വാക്കുകൾ കേട്ടിരിക്കുന്നു. "ഞാൻ വാർദ്ധക്യത്തിലാണ് എനിക്കു ഇപ്പോൾ താങ്കൾ ഒന്നും ചെയ്യണമെന്നില്ല" അല്ലെങ്കിൽ നിന്റെ ഉയർച്ചയുടെ കാരണക്കാരൻ ഞാനാണ് എന്റെ കഠിനാദ്ധ്വാനമാണ്, വീട്, വസ്ത്രം, പഠനം എല്ലാം, എന്നിട്ടും ഇപ്പോൾ നീ എന്നെ പരിത്യജിക്കുകയാണോ?

ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ സന്തുലിത പാലിക്കണം. സന്തുലിത പാലിക്കണം എന്നു പറഞ്ഞാൽ പരിശുദ്ധാത്മാവും നമ്മുടെ ഹൃദയങ്ങളിൽ വന്നു സത്യത്തിലേക്കു വഴിനടത്താൻ സാഹചര്യം ഒരുക്കുക. ഈ ആത്മാവാം വഴികാട്ടി നമുക്ക് അറിവ് നല്കി ഇണക്കിച്ചേർത്ത് ശരിയായി നീങ്ങിപ്പോകാത്തതിന്റെ മുമ്പിൽ നില്പ്പാൻ ബലം നല്കും. വിശ്വാസം ദൈവത്തെ അനുസരിക്കുന്നു. അതിനാൽ ഭയം നിയന്ത്രണമില്ലാത്ത വികാരത്താൽ ഓടിപ്പോകുന്നു.

# വിവേചനശക്തി

*ആത്മികനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല.* — 1 കൊരി. 2:15

നമ്മുടെ പ്രശ്നങ്ങൾ എത്രമാത്രം നാം ഊഹിച്ചാലും, അതു കൂടുതൽ കുഴപ്പത്തിലേക്കും, പ്രതിബന്ധത്തിലേക്കും എത്തിക്കും. കാരണം മറ്റൊന്നല്ല, നാം ശ്രമിക്കുന്നതു ദൈവിക കൃപയില്ലാതെയാണ്.

എന്റെ ശുശ്രൂഷയിൽ, എനിക്കു ലഭിച്ച പ്രാർത്ഥനാകുറിപ്പിൽ വളരെയധികവും മാർഗ്ഗനിർദ്ദേശത്തിനുവേണ്ടിയുള്ളതായിരുന്നു. നല്ലൊരു കൂട്ടർക്കും എന്തു ചെയ്യണമെന്ന് ഊഹിക്കാൻ പോലുമറിയില്ല. ദൈനംദിന ജീവിതത്തിൽ ഇവർ അനുഭവിക്കുന്ന സാഹചര്യങ്ങൾ  തീർത്തും കുഴപ്പത്തിലും പ്രതിസന്ധിയിലും ആക്കുന്നു. ഇവർക്കു സഹായം ആവശ്യമാണ്, ഇവർക്കറിയില്ല എവിടെനിന്നു  ലഭിക്കുമെന്ന്.

എനിക്കൊരു പ്രശ്നമുണ്ടെങ്കിൽ, അതിനെക്കുറിച്ച് വ്യാകുലപ്പെടേണ്ട തിരിച്ചറിവാണ് ആവശ്യം. ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ ദൈവത്തിൽ നിന്നു കേൾക്കണം. ദൈവവചനം ലഭിക്കണം. ഞാൻ എന്തു ചെയ്യണമെന്നു ദൈവം പറയണം. ജീവിത സാഹചര്യങ്ങളിൽ വിവേചന ശക്തി ലഭിക്കുന്നു എന്നു പറഞ്ഞാൽ അതു ദൈവിക ജ്ഞാനമാണ്. എങ്ങനെ കാര്യങ്ങൾ ചെയ്യും എന്നറിയുന്നതിന്റെ "ആത്മിയ അറിവാണ്"

ഒരിക്കൽ ഞാൻ ദൈവത്തോട് വിവേചനശക്തി ലഭിക്കേണ്ടതിനു വേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. അപ്പോൾ ദൈവം എന്നോടു പറഞ്ഞു. "ജോയ്സ്, നിന്റെ യുക്തി അവസാനിപ്പിക്കുന്നില്ലെങ്കിൽ ഒരിക്കലും വിവേചന ശക്തി ലഭിക്കില്ല." ഇവിടെ ശ്രദ്ധിക്കേണ്ടത്, "നിന്റെ യുക്തിയിൽ നിന്ന് മോചനം പ്രാപിക്കുന്നതുവരെ എന്നു ദൈവം പറഞ്ഞില്ല പക്ഷെ "നിന്റെ യുക്തി അവസാനിക്കുന്നില്ലെങ്കിൽ" എന്നാണ് പറഞ്ഞത്.

താങ്കളുടെ ജീവിതത്തെപ്പറ്റി ഊഹിച്ചുകൂട്ടുന്നെങ്കിൽ അത് തിരുത്തുക കാരണം അതു തെറ്റാണ് മാത്രമല്ല അതിനെ ഉപേക്ഷിക്കുക. എന്റെ മനസ്സു പോലെയാകാം നിങ്ങളുടേതും. എന്റെ യുക്തിയിൽ ആസക്തമായ ആളായിരുന്നു ഞാൻ. നമ്മുടെ യുക്തി ഉപയോഗിക്കുന്നതിൽ ഒരു തെറ്റും ഇല്ല. ദൈവം നമ്മെ അനുഗ്രഹിച്ചിരിക്കുന്ന ഇത്തരത്തിലുള്ള വലിയ അനുഗ്രഹത്താലാണ്. പക്ഷെ നാം ആശയക്കുഴപ്പത്തിലേക്കും പ്രതിസന്ധിയിലേക്കും വീഴുവാൻ ആരംഭിച്ചപ്പോൾ, ഉള്ളിലെ ഇന്ദ്രിയ ശക്തിയുടെ സമാധാനം നഷ്ടമായി, നിങ്ങൾ തന്നെ ഇപ്രകാരം പറയും, "ഓ... വളരെ താമസിച്ചു പോയി," നിങ്ങളുടെ സകല കാര്യങ്ങളിലും പ്രശ്നത്തിലും ദൈവിക സാന്നിദ്ധ്യത്തിനായി പൂർണ്ണമായി ഏല്പ്പിച്ചുകൊടുക്കുക, താങ്കളുടെ സർവ്വസാഹചര്യങ്ങളും ദൈവിക കരങ്ങളിൽ നൽകുക.

# നല്ല പരിചയം നിന്ദയ്ക്ക് കാരണമാകും

*എല്ലാറ്റിനും സ്തോത്രം ചെയ്യുവിൻ; ഇതല്ലോ നിങ്ങളെക്കുറിച്ചു ക്രിസ്തു യേശുവിൽ ദൈവേഷ്ടം.*

— 1 തെസ്സ. 5:18

ഒരു പുതിയ കാറിനോട് ഉടമസ്ഥൻ എപ്രകാരം ഇടപെടും, അതിനെ പ്രശംസിക്കും എപ്പോഴും മനോഹാരിത ചിന്തിക്കും, എല്ലാ സമയങ്ങളിലും കഴുകും. അകത്തു പ്രവേശിക്കുമ്പോൾ സൂക്ഷിച്ചേ കയറൂ.

ചില വർഷങ്ങൾക്കുശേഷം കാറിനു എന്തു സംഭവിക്കും? ഇപ്പോൾ എല്ലാ സമയവും പൊടിപിടിച്ച് കിടപ്പാണ്, ശൂന്യമായ സോഡാകുപ്പിപോലെയാണ്. എന്താണ് സംഭവിച്ചത്.? പുതിയതായിരുന്നപ്പോൾ കാറിനോടു കാണിച്ച ബഹുമാനം ഇപ്പോൾ ഇല്ലാതെയായിരിക്കുന്നു. അതു പുതിയതായിരുന്നുവെങ്കിൽ ആരംഭത്തിലെപ്പോലെ സകലതും അതിനു ലഭിക്കുമായിരുന്നു.

എല്ലാ പരിചയത്തിന്റെയും ദാരുണ ചിത്രം വേദപുസ്തകത്തിൽ തന്നെയുണ്ട്. ദൈവത്തിന്റെ പെട്ടകം തന്നെയാണത്. ദാവീദ് ഭവനത്തിലേക്ക് കൊണ്ടുവരുവാൻ ശ്രമിക്കുന്നു. ഉസ്സാ വണ്ടിയിൽ കൊണ്ടുവരുന്ന പെട്ടകത്തിൽ പിടിച്ചു. പക്ഷെ അതിൽ ആർക്കും പിടിക്കുവാൻ അനുവാദം നൽകിയിരുന്നില്ല (1 ദിന. 13കാണുക)

ഉസ്സയ്ക്കറിയാമായിരുന്നു അതിൽ ആർക്കും സ്പർശിക്കുവാൻ അനുവാദം ഇല്ലായിരുന്നു എന്ന ശക്തമായ നിയമം. പക്ഷെ എന്തുകൊണ്ടു താൻ അതിൽ സ്പർശിച്ചു. ഞാൻ വിശ്വസിക്കുന്നു ഇതു സൂക്ഷിച്ചിരുന്നതു ഉസ്സയുടെ പിതാവിന്റെ വീട്ടിൽ ആയിരുന്നു കുറച്ചുകാലം അവിടെ ഉണ്ടായിരുന്നിരിക്കാം. അവന് അതിനെക്കുറിച്ച് നന്നായി അറിയാമായിരുന്നു ദൈവം അതിനു കൊടുത്ത ബഹുമാനം വലുതായിരുന്നു. എന്നാൽ അത് അറിയാതെ സ്പർശിച്ചതും പെട്ടകത്തിനു ചുറ്റുമുള്ള ദൈവിക സാന്നിദ്ധ്യം മറന്നു എന്നതാണ്. നല്ല പരിചയം നിന്ദയ്ക്കു കാരണമായതു ഇങ്ങനെയാണ്.

ഇതുപോലെ തന്നെ ഒരു വിവാഹത്തിലും, സുഹൃത്ത് ബന്ധത്തിലും സംഭവിച്ചിട്ടുണ്ട്. പുതിയതു കാണപ്പെടുന്നതു അതിശയമാണ്. അതിനോട് കുറച്ചുമാത്രമെ മമത ഉണ്ടാകൂ പിന്നീട് ഇതിനോട് അവജ്ഞയുണ്ടാകും നാം ഒരിക്കലും ലൗകികരാകരുത്. നമ്മുടെ ജീവിതത്തിൽ നല്ലതു മുറുകെ പിടിച്ച് അരുതാത്തത് ഉപേക്ഷിക്കുക. നമ്മുടെ ജീവിതത്തിൽ മറ്റുള്ളവരുടെ സാന്നിദ്ധ്യത്തിനായി നന്ദിയും കൃതാർത്ഥതയുള്ളവരായി നമുക്കു പരിശീലിക്കാം.

# നന്ദിയുള്ളവരാകുക

*യേശു മേലോട്ടു നോക്കി; പിതാവെ നീ എന്റെ അപേക്ഷ കേട്ടതിനാൽ ഞാൻ നിന്നെ വാഴ്ത്തുന്നു.*

— യോഹ. 11:41

ഇവിടെ യേശുക്രിസ്തു ദൈവത്തിന് നന്ദി പറഞ്ഞുകൊണ്ട് നമുക്ക് നല്ല മാതൃക നൽകുന്നു. നമ്മളും നമ്മുടെ പ്രാർത്ഥനയിൽ യേശു പ്രാർത്ഥിച്ചവസാനിപ്പിച്ചപ്പോൾ പറഞ്ഞതുപോലെ പറയുവാൻ ഞാൻ നിങ്ങളെ ഉത്സാഹിപ്പിക്കുന്നു, 'പിതാവെ, എന്റെ പ്രാർത്ഥന കേട്ടതിനായി നന്ദി' ഞാൻ ഉത്സാഹിപ്പാൻ ഒരു കാരണമുണ്ട്. യോഹന്നാൻ പറയുന്നു, ദൈവം ഞങ്ങളുടെ പ്രാർത്ഥന കേട്ടതുകൊണ്ട്, അവനോടുള്ള നമ്മുടെ ധൈര്യമാകുന്നു ഇത് (1 യോഹ. 5:14, 15) പിശാച് ആഗ്രഹിക്കുന്നത് നാം പ്രാർത്ഥിക്കണം എന്നാണ്, പക്ഷെ നമ്മുടെ പ്രാർത്ഥന കേട്ടോ? ഇല്ലയോ അതിനു മറുപടി നൽകിയോ എന്നുള്ള അന്വേഷണമാണ് പിശാച് ചെയ്യുന്നത്. നാം ഇതിനെ അതിജീവിച്ചതിന്റെ മറുപടിയാണ് നന്ദി പറയുക എന്നത്. (സങ്കീ. 26:7; യോന. 2:9 കാണുക)

# വിശുദ്ധിയെ "പിടിക്കാൻ" കഴിയില്ല

*"സൈന്യങ്ങളുടെ യഹോവ ഇപ്രകാരം അരുളിചെയ്യുന്നു. നിങ്ങൾ പുരോഹിതന്മാരോടു ന്യായപ്രമാണത്തെക്കുറിച്ച് ചോദിക്കേണ്ടതെന്തെന്നാൽ; ഒരുത്തൻ തന്റെ വസ്ത്രത്തിന്റെ കൊന്തലെക്കൽ വിശുദ്ധ മാംസം വഹിച്ചു, ആ കൊന്തല കൊണ്ട് അപ്പമോ പായസമോ വീഞ്ഞോ എണ്ണയോ എന്തെങ്കിലും ഒരു ഭക്ഷിത സാധനമോ തൊട്ടാൽ അതു വിശുദ്ധമാകുമോ? അതിനു പുരോഹിതന്മാർ ഇല്ല എന്നു ഉത്തരം പറഞ്ഞു. എന്നാൽ ഹഗ്ഗായി: ശവത്താൽ അശുദ്ധനായ ഒരുത്തൻ അവയിൽ ഒന്നു തൊടുന്നുവെങ്കിൽ അതു അശുദ്ധമാകുമോ എന്നു ചോദിച്ചതിനു : അതു അശുദ്ധമാകാം എന്നു പുരോഹിതന്മാർ ഉത്തരം പറഞ്ഞു.*

— ഹഗ്ഗായി 2:11–13

വിശുദ്ധിയടെ നിർവചനം "ദൈവത്തിനുവേണ്ടി വേർതിരിക്കപ്പെട്ടതു" എന്നതാണ്. ഈ വേർപാടിന്റെ ഗുണം "അനുയോജ്യമായ മാർഗ്ഗദർശനമാണ്" പുതിയനിയമത്തിൽ *വിശുദ്ധി* എന്ന പദത്തിന് ഗ്രീക്ക് ഭാഷാന്തരം *വിശുദ്ധീകരണം* എന്നതാണ്. എന്നു പറഞ്ഞാൽ 'കൈമാറ്റം ചെയ്യപ്പെടാൻ സാധിക്കാത്തത്' എന്നർത്ഥം. ഇതു ഒരു വ്യക്തിപരമായ കയ്യവകാശമാണ്, കുറെശ്ശെ കുറെശ്ശെയാണ് അതിന്റെ പൂർത്തീകരിക്കപ്പെടുന്നത്. ഇതു ഒരിക്കലും കൈമാറ്റം ചെയ്യാനോ അവകാശം സ്ഥാപിക്കാനോ കഴിയുകയില്ല.

മറ്റൊരു വിധത്തിൽ പറഞ്ഞാൽ വിശുദ്ധനായവന്റെ കൂടെ സഹവസിക്കുന്നതുകൊണ്ടോ, ഒരുവന്റെമേൽ കൈവയ്ക്കുന്നതിനാലോ വളരെ സമയം പ്രാർത്ഥിക്കുന്നതിനാലോ നമുക്ക് വിശുദ്ധനാകുവാൻ സാധിക്കുകയില്ല. ഹഗ്ഗായി പ്രവാചകന്റെ പുസ്തകത്തിലെ മേലുദ്ധരിച്ച വാക്യം പറയുന്നു. അശുദ്ധി പെട്ടെന്നു പടർന്നു പിടിക്കുന്നു, വിശുദ്ധി സംഭവിക്കു ന്നില്ല. താങ്കളും ഞാൻ പാപത്തിൽ ജീവിക്കുന്നവരുമായി സംബന്ധമുണ്ടാകുമ്പോൾ അവരുടെ പാപത്തിന്റെ ഉൾമനോഭാവം നമ്മിലും വളരുന്നു. ഇതൊരു പകർച്ച രോഗം പോലെ സംഭവിക്കും.

പക്ഷെ വിശുദ്ധി അതുപോലെയല്ല. ഇതു നിരന്തരബന്ധത്തിലൂടെയുമല്ല, തിരഞ്ഞെടുക്കപ്പെട്ട ഉദ്ദേശ്യത്തിലൂടെ മാത്രമെ ലഭിക്കൂ.

# ദൈവത്തിനുവേണ്ടി സംസാരിക്കുക

*അവൾ ജ്ഞാനത്തോടെ വായ് തുറക്കുന്നു;*
*ദയവുള്ള  ഉപദേശം അവളുടെ നാവിന്മേൽ ഉണ്ട്.*

— സദൃ. 31:26

ക്രിസ്തു ശരീരത്തിലെ നമ്മുടെ പ്രത്യേക ശുശ്രൂഷ എന്നു പറയുന്നത് ദൈവത്തിനുവേണ്ടി സംസാരിക്കുകയാണ്. താങ്കൾക്കും എനിക്കും സർവ്വലോകത്തിലും പഠിപ്പിക്കുവാനുള്ള കഴിവുണ്ടെങ്കിലും മറ്റുള്ളവരുടെ മുൻപിൽ, നമുക്ക് സാക്ഷ്യം വഹിപ്പാൻ കഴിയണമെന്നാണ് ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നത് അല്ലെങ്കിൽ പദ്ധതി ദൈവത്തിനുവേണ്ടി സംസാരിക്കുവാനാണ്.

ജ്ഞാനിയായ ഒരുവൻ എന്നോട് പറഞ്ഞു "ജോയ്സ്, ഒരുപാട് ജനത്തിന്റെ ചെവി താങ്കൾക്കു ദൈവം നൽകിയിട്ടുണ്ട്. അവർക്കു വേണ്ടി ദൈവം നൽകുന്നത് സംസാരിക്കുക അവർക്കുവേണ്ടി നിൽക്കുക." ഇതു പരിശുദ്ധാത്മാവിന്റെ കാര്യക്ഷമമായ, വ്യക്തമായ കല്പനയാണ്. നാം ദൈവത്തിന്റെ ശക്തി നമ്മുടെ വായിലെ വാക്കുകളിലൂടെ വഹിക്കുമെങ്കിൽ നമ്മുടെ വായ് അവന്റേതാകും. താങ്കളുടെ വായ് ദൈവത്തിന്റേതാകുന്നത് എങ്ങനെ? ദൈവത്തിന്റെ ആവശ്യത്തിനായി താങ്കളുടെ വായ് നൽകിയിട്ടുണ്ടോ? നമ്മുടെ പെരുമാറ്റത്തിലെ കടമയിൽ നിന്നുള്ള ഒളിച്ചോട്ടം പലപ്പോഴും ഹൃദയത്തെ കഠിനമാക്കുകയാണ്. എന്റെ കടമയിലെ ആദ്യത്തെ ഒളിച്ചോട്ടം "വായുടെ പ്രശ്നങ്ങളാണ്." എന്റെ വ്യക്തിത്വത്തെ പഴിചാരുക, അല്ലെങ്കിൽ കഴിഞ്ഞ കാലത്തിലെ തെറ്റിനെ ഉയർത്തിക്കാട്ടുക, അതുമല്ലെങ്കിൽ കഴിഞ്ഞകാലങ്ങളിലെ പരിശ്രമങ്ങളുടെ പരാജയം പറയുക എന്നതായിരുന്നു. ദൈവവചനത്തിന്റെ നിത്യത നാം ഉറപ്പുവരുത്തുകയാണ് നമ്മുടെ ഉത്തരവാദിത്വത്തിൽ നിന്നൊളിച്ചോടുമ്പോൾ സമ്മതിക്കുന്നത്. പരിശുദ്ധാത്മാവ് എന്റെ കാര്യാദികൾ ഏറ്റെടുക്കുമ്പോൾ ഞാൻ എന്റെ വാക്കുകൾക്ക് കണക്ക്  കൊടുത്തേ പറ്റൂ. എനിക്ക് ഇപ്പോഴും എന്റെ കടമയിൽ നിന്ന് ഓടി ഒളിയ്ക്കും. പക്ഷെ ഞാൻ ശരിയായ രീതിയിലാണ് ഏറ്റുപറഞ്ഞിരിക്കുന്നു. ആയതിനാൽ എനിക്ക് വളർച്ചയുണ്ട്.

ദൈവത്തിന്റെ സന്ദേശവാഹകനാകാൻ ആഗ്രഹമുണ്ടെങ്കിൽ ദൈവത്തെ അനുവദിച്ച് നമ്മുടെ വായിൽ നിന്ന് ദൈവത്തിന്റെ ശക്തിയെയും മഹത്വത്തെയുംപ്പറ്റി  സംസാരിക്കാം.

# നന്ദിയുള്ള ഹൃദയം

*ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്; എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയിലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോടു അറിയിക്കയത്രെ വേണ്ടതു*

— ഫിലി. 4:6

വർഷങ്ങൾക്കു മുമ്പ് ഞാൻ പഠിപ്പിച്ച ഒരു പ്രസംഗം ഇപ്രകാരമാണ്. ദൈവത്തോടു നാം എന്താഗ്രഹിക്കുന്നുവോ അതു നമുക്ക് നല്കുവാൻ പോകുന്നതിനു മുൻപെ നാം നന്ദിയുള്ളവരാകണം. കാരണം അതു ലഭിക്കാൻ പോകുന്നതിന്റെ വെളിപ്പെടുത്തൽ ഒരുപാടു ഗുണം ചെയ്യും. ഞാൻ അതു വിശ്വസിക്കുന്നു. മുകളിൽ ഉദ്ധരിച്ചിരിക്കുന്ന വാക്യവും അതു തന്നെയാണ് പറയുന്നത്. എനിക്കു ലഭിക്കാൻ പോകുന്ന നന്മയ്ക്ക് വേണ്ടി ഞാൻ നന്ദി പറയുമ്പോൾ അതു അതിന്റെ പാതയിലാണ്. ഒരു ദിവസം പെട്ടെന്നു ദൈവം നൽകിത്തന്ന ഒരു സന്ദേശമാണിത്. അവൻ പറഞ്ഞു, തീർച്ചയായും ഞാൻ നിന്നോട് പറയുന്നു പ്രാർത്ഥനയാലും അപേക്ഷയാലും നമുക്കെന്താവശ്യത്തിലും ഉറപ്പുവരുത്തിചെയ്യേണ്ടതു നന്ദിയോടെയുള്ള സ്വീകാര്യമാണ്. പിന്നീട് ഇങ്ങനെ പറഞ്ഞു, "താങ്കൾക്ക് നിലവിലുള്ളതിനു നന്ദി പറയുവാൻ സാധിക്കുന്നില്ലെങ്കിൽ പരാതി പറയാൻ വേണ്ടി ഞാൻ എന്തിന് പിന്നെയും നൽകണം."

മുൻകാലങ്ങളിൽ, പരാതിയുടെയും പിറുപിറുപ്പിന്റെയും തെറ്റു കണ്ടു പിടിക്കലിന്റെയും ഹൃദയമായിരുന്നു എന്റേത്. ആയിരക്കണക്കിന് പരാതികൾ എനിക്കുണ്ടായിരുന്നു. ദൈവം ആഗ്രഹിക്കുന്നതു നാം ജീവനുള്ള പാത്രങ്ങളാണ്. അതു മറ്റുള്ളവർ വായിക്കുവാൻ ഇടയാകണം. നമ്മുടെ ജീവിത നിലവാരം കണ്ട് മറ്റുള്ളവർ നമ്മെപ്പറ്റി വ്യത്യസ്തതയോടെ ചോദിപ്പാൻ സംഗതിയാവണം. "എന്തുകൊണ്ടാണ് താങ്കൾ ഇത്രമാത്രം സന്തോഷവാനായിരിക്കുന്നത്,? എന്തുകൊണ്ട് താങ്കൾ ഇത്രമാത്രം സമാധാനം അനുഭവിക്കുന്നു.?" ഇത്രമാത്രം സ്നേഹനിധിയാകുന്നു. നാം ഈ ലോകത്തിന്റെ വെളിച്ചവും ഉപ്പും ആകണം. നമ്മൾ എന്താകാനാഗ്രഹിക്കുന്നുവോ അതു മറ്റുള്ളവരും കൂടിയാകണം.

# സംശയങ്ങളെ പരാജയപ്പെടുത്തുക

*രക്ഷ എന്ന ശിരസ്ത്രവും ദൈവവചനം എന്ന ആത്മാവിന്റെ വാളും കൈക്കൊൾവിൻ.*

— എഫെ. 6:17

കിടക്കയിലായിരുന്ന ഒരു രോഗിക്കുവേണ്ടി രോഗസൗഖ്യത്തെപ്പറ്റി പ്രതിപാദിക്കുന്ന വേദുപുസ്തകഭാഗം രോഗിക്കു ചുറ്റും നിന്നു വായിക്കുകയായിരുന്നു. ഈ സമയം തന്നെ തനിക്ക് സംശയത്തിന്റെ നൂലാമാലകൾ ഉള്ളിൽ കടന്നുവന്നു കഠിനമായ ഈ സമയത്തു തന്നെ അദ്ദേഹത്തെ നിരുത്സാഹപ്പെടുത്തുന്ന കാര്യങ്ങൾ സംഭവിച്ചു. ആത്മമണ്ഡലത്തിലെ കണ്ണ് ദൈവം പ്രകാശിപ്പിച്ചു. താൻ ഇപ്രകാരം പറഞ്ഞു "പിശാച് തന്നോട് നീചമായ കാര്യങ്ങൾ പറയുകയാണ്. നീ കേട്ടതുപോലെ നിനക്ക് ഒരിക്കലും സൗഖ്യം ലഭിക്കുകയില്ല." അപ്പോൾതന്നെ തന്റെ കുറവുകൾ ഏറ്റുപറയുന്നുണ്ടായിരുന്നു. ഇതു രണ്ടും സംഭവിക്കുമ്പോൾ തന്നെ പെട്ടെന്നു അവന്റെ വായിൽനിന്നു വാള് വരുന്നതുപോലെ പ്രകാശം കടന്നുവന്നു. അപ്പോൾ പിശാച് അപമാനംകൊണ്ട് കുനിഞ്ഞ് പിന്നോട്ടുമാറി.

ദൈവമാണ് ഇങ്ങനെയൊരു ദർശനം നൽകിയത്. അപ്പോൾ രോഗിയായവനു കാര്യം മനസ്സിലായി. ദൈവവചനത്തിന്റെ കേൾവിയുടെ പ്രയോജനം അവന് വിശ്വാസമുണ്ടെന്ന് ദൈവം കണ്ടു, അതുകൊണ്ടാണ് അവനെ പിശാച് പരീക്ഷിച്ചത്. സംശയം നമുക്ക് നൽകുന്നത് ദൈവമല്ല വേദപുസ്തകം പറയുന്നു ദൈവം അവനവന് വിശ്വാസത്തിന്റെ അളവ് പങ്കിട്ടിരിക്കുന്നു (റോമ. 12:3 കാണുക).

ദൈവം നമുക്ക് ഹൃദയത്തിന്റെ വിശ്വാസം നൽകിയിരിക്കുന്നു. പക്ഷെ പിശാച് സംശയങ്ങൾക്കൊണ്ട് നമ്മുടെ വിശ്വാസത്തെ ചോദ്യം ചെയ്യുന്നു. സംശയം നമ്മുടെ ഓർമ്മ മണ്ഡലങ്ങളിൽ നില്ക്കുന്നതു വേദപുസ്തകത്തെ ഉപദ്രവിക്കാനാണ്. അതുകൊണ്ടാണ് വേദപുസ്തകജ്ഞാനം വളരെ അത്യാവശ്യമായിരിക്കുന്നത്. വേദപുസ്തകം അറിയുന്നവരാണെങ്കിൽ പിശാച് നമ്മിൽ കടക്കാൻ ശ്രമിക്കുമ്പോൾ നമുക്കറിയാൻ സാധിക്കും. ഇങ്ങനെ പിശാചിന്റെ സംശയതട്ടിപ്പിൽ നിന്നു മോചനം ലഭിക്കും.

# താങ്കൾ ദൈവത്തിന് വിലപ്പെട്ടത്

*ഉത്സവത്തിന്റെ മഹാദിനമായ ഒടുക്കത്തെ നാളിൽ യേശു നിന്നുകൊണ്ട്; ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ വന്നു കുടിക്കട്ടെ.*

— യോഹ. 7:37

താങ്കൾ വിലപ്പെട്ടവനും മാന്യനുമാണ്. ദൈവത്തിന് താങ്കളെക്കുറിച്ച് വലിയ പദ്ധതികൾ ഉള്ളതിനാൽ വൈശിഷ്ട്യമായതിലൂടെയും കാരുണ്യത്തിലൂടെയും നിങ്ങളെക്കുറിച്ച് ആഗ്രഹിക്കുന്നത് അവൻ ചെയ്യും. നീ എന്തു ചെയ്തു? നിനക്കുവേണ്ടി എന്തു ചെയ്തു? അതൊന്നും ദൈവത്തിനു ബാധകമല്ല. കഴിഞ്ഞതു ദൈവത്തിന്റെ കഴിഞ്ഞുപോയതാണ്. താങ്കൾക്ക് നല്ലൊരു ഭാവി ഒരുക്കിയിട്ടുണ്ട്. മാത്രമല്ല അനുഗ്രഹിക്കപ്പെട്ട ജീവിതവും ഒരുക്കിയിട്ടുണ്ട്. അതു താങ്കൾ സ്വീകരിക്കുക. എന്നിട്ടു നിങ്ങൾ പറയുക "അതു എനിക്കുള്ളതാണ്."

യേശു നമുക്ക് വേണ്ടതിനെപ്പറ്റി ഇപ്രകാരം പറഞ്ഞു. "ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ വന്നു കുടിയ്ക്കട്ടെ" (യോഹ. 7:37). നിങ്ങൾക്കു ചെയ്യുവാൻ കഴിയാത്തത് ദൈവം നമുക്കുവേണ്ടി ചെയ്തുകഴിഞ്ഞു. അവൻ നമ്മെ ക്ഷണിക്കുന്നതു ദാഹശമനത്തിനുള്ള വെള്ളം കുടിക്കുവാനാണ്. വന്ന് വാങ്ങി കുടിക്കുക, താങ്കൾക്കു വേണ്ടിയാണെന്നു വിശ്വസിക്കുക.

'കുടിക്കുക' എന്നതിന്റെ നിർവചനം 'ഉത്സുകതയോടെ സ്വീകരിക്കുക' "ഒരുവന്റെ മനസ്സാക്ഷിയോടുകൂടെ അകത്ത് വന്ന് സ്വീകരിക്കുക." യേശു പറഞ്ഞതു ഓർക്കുക, "ഇന്നുവരെ നിങ്ങൾ എന്റെ നാമത്തിൽ ഒന്നും അപേക്ഷിച്ചിട്ടില്ല. അപേക്ഷിക്കുവിൻ; എന്നാൽ നിങ്ങളുടെ സന്തോഷം പൂർണ്ണമാകുംവണ്ണം നിങ്ങൾക്കു ലഭിക്കും" (യോഹ. 16:24). ചോദിക്കുകയും സ്വീകരിക്കുകയും ചെയ്യുക അപ്പോൾ നിങ്ങളുടെ സന്തോഷം പൂർണ്ണമാകും.

തകർക്കപ്പെട്ട ലോകത്തിൽ എങ്ങനെ ക്രിസ്തുവില്ലാതെ ജീവിക്കുന്നവരുടെ ഇടയിൽ സ്വാധീനിക്കാൻ കഴിയും? ദൈവം ആഗ്രഹിക്കുന്നത് ദൈവത്തിന്റെ മഹത്വവും കരുതലും വിശ്വാസികളുടെമേൽ പ്രദർശിപ്പിക്കുവാനാണ്. ദൈവത്തിന്റെ ദാനം നാം സ്വീകരിക്കുക, നമ്മുടെ സന്തോഷം പൂർണ്ണമാകും അതാണ് സഭയുടെ കരുതലിന്റെ വഴി എന്നു പറയുന്നത്.

ദൈവിക അനുഗ്രഹത്തിനായി തയ്യാറുള്ളവർ യേശു തന്റെ ജീവനെ നമുക്കായ് നല്കി തന്നത് ഓർക്കുക. ദൈവവചനം പഠിക്കുക അത് ദൈവിക വാഗ്ദത്താൽ നൽകി തരുന്നതായിരിക്കും. അവനോട് ഇപ്രകാരം പ്രാർത്ഥിക്കുക, 'കർത്താവെ, അടിയൻ ഇതാ, നിന്റെ പരിശുദ്ധാത്മാവ് എന്താണോ നൽകി തരുവാനായി ആഗ്രഹിക്കുന്നത് അത് പൂർണ്ണമായി സ്വീകരിപ്പാൻ ഞാനിതാ തയ്യാറായിരിക്കുന്നു.

# പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിനായി ഭയമില്ലാതിരിക്കുക

*ആരും ഓടിയ്ക്കാതെ ദുഷ്ടന്മാർ ഓടിപ്പോകുന്നു;*
*നീതിമാന്മാരോ ബാലസിംഹംപോലെ നിർഭയരായിരിക്കും.*

— സദൃ. 28:11

വിജയ വിവക്ഷ സഹായമില്ലാതെ ലഭിക്കണമെങ്കിൽ പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിൽ ഒരു ലക്ഷ്യത്തിലെത്തിയാലെ സാധിക്കൂ. നാം വിജയിക്കുന്നതു ദൈവത്തിന്റെ ആത്മാവിലൂടെ മാത്രമാണ്. ചിലർ ദൈവത്തെക്കൂടതെ വിജയിക്കാൻ ശ്രമം നടത്തും. എന്നാൽ പരാജയമായിരിക്കും ഫലം. ദൈവം ഇല്ലാതെ നമുക്ക് വിജയം വളരെ അകലെയാണ്.

ആത്മാവിനാൽ നടത്തപ്പെടുക എന്നാൽ നാം തെറ്റിപോകില്ല എന്നല്ല പ്രത്യുത നാം തെറ്റു ചെയ്യും. പക്ഷെ പരിശുദ്ധാത്മാവ് തെറ്റു ചെയ്യുകയില്ല. ആത്മാവിന്റെ നിയന്ത്രണമുള്ള പിൻതുടർച്ചാ പ്രക്രിയ സംഭവിക്കുന്നതു നൈപുണ്യമുള്ളതു ചെയ്യുമ്പോൾ മാത്രമാണ്. നാം എന്തു ചെയ്യുവാൻ ആരംഭിക്കുന്നുവോ അവൻ നമ്മുടെ ഹൃദയത്തിൽ അതു തരും. നാം ജ്ഞാനത്താലുള്ള അഭ്യസനവും അനുഭവവും, പൂർണ്ണമായും, നന്നായും കേൾക്കും.

ധൈര്യമുണ്ടാവുക എന്നു പറഞ്ഞാൽ ആത്മാവിനാൽ നിയന്ത്രിക്കപ്പെടുക എന്നാണ്. കാരണം: 1) വേഗത്തിൽ ധൈര്യം ലഭിക്കും. 2) തെറ്റു ചെയ്യുമ്പോൾ ധൈര്യം അതിനെ അതിജീവിക്കും. തന്റേടം ഇല്ലത്തവർക്ക് കുറവുകൾ സംഭവിക്കുമ്പോൾ അതൊരിക്കലും ആവർത്തിക്കുകയില്ല. ധൈര്യമുള്ളവർക്കും, ഒരു പാടു കുറവുകൾ സംഭവിക്കും. എന്നാൽ അവരുടെ മനോഭാവം വ്യത്യസ്തമാണ്. 'ഞാൻ ഇതു ശരിയാണെന്നു മനസ്സിലാക്കുന്നതുവരെ പരിശ്രമിച്ചുകൊണ്ടിരിക്കും."

ശിക്ഷ വിധിക്കപ്പെട്ടവർ സാധാരണയായി ദൈവത്തിൽ നിന്നു കേൾക്കാൻ കഴിയും എന്നു വിശ്വസിക്കുന്നില്ല. ഇക്കൂട്ടർ ഇത്തരത്തിൽ ചിന്തിച്ചാലും ദൈവത്തിൽ നിന്നു കേൾക്കുകയും ചെറിയ പരാജയം വലിയ അനുഭവത്തിലേക്ക് വഴി നടത്തുകയും ചെയ്യും. ഇത്തരക്കാർ കടന്നുവരുമ്പോൾ തെറ്റുകളെയും പ്രശ്നങ്ങളെയും പ്രതിരോധിക്കാതിരിക്കേണ്ടതിന് ഞാൻ മാനസികമായും വൈകാരികമായും ഒരുക്കപ്പെട്ടിരിക്കും.

ധൈര്യമുള്ളവരാകുക, ദൈവം താങ്കളെക്കുറിച്ച് എന്താകുവാൻ ഇഷ്ടപ്പെടുന്നുവോ അതുപോലെ ആകുവാൻ ക്രമമുള്ളവരാകുക. ഭയവും സുരക്ഷിതത്വമില്ലായ്മയും ദീർഘകാലത്തേക്ക് മറയ്ക്കുക. താങ്കളുടെ ജീവിത

ത്തിൽ വലിയ അപരാധം ചെയ്തിട്ടുണ്ടെങ്കിൽ അതു നിമിത്തം ശിക്ഷ അനുഭവിക്കുന്നുണ്ടെങ്കിൽ അതിനെ അമർച്ചെ ചെയ്യുക! താങ്കൾ ഈ ബുക്ക് വായിക്കുന്നതിന് ഒരു കാരണമുണ്ട്. ഇതു വ്യക്തിപരമായി ഏറ്റടുക്കാൻ ഞാൻ നിങ്ങളെ പ്രോത്സാഹിപ്പിക്കുന്നു. കാരണം ദൈവം ഇതിലൂടെ താങ്കളോട് സംസാരിക്കും. വിജയത്തിനു വേണ്ടി ഒരു ഉറച്ച തീരുമാനമെടുക്കുക.

# ക്രിസ്തു ഞങ്ങളുടെ നിലവാരം

*നിങ്ങൾ പൂർണ്ണപ്രസാദത്തിനായി കർത്താവിന്നു യോഗ്യമാകുംവണ്ണം നടന്നു, ആത്മികമായ സകല ജ്ഞാനത്തിലും വിവേകത്തിലും അവന്റെ ഇഷ്ടത്തിന്റെ പരിജ്ഞാനം കൊണ്ടു നിറഞ്ഞുവരേണം.*

— കൊലൊ. 1:10

സകല ചെറിയ കാര്യങ്ങളിലും ദൈവത്തെ അനുസരിക്കുക. നിങ്ങളുടെ ജീവിതം ആനന്ദ നിർഭരമായിരിക്കും. താങ്കളുടെ അനുസരണത്തിൽ സ്ഥിരോത്സാഹം ഉണ്ടാകട്ടെ. മനുഷ്യന്റെ മുമ്പിലല്ല, ദൈവത്തിന്റെ മുമ്പിൽത്തന്നെ ജീവിക്കാൻ പഠിക്കുക. ആരും ഒരിക്കലും അറിയാത്ത ഇടത്തേക്ക് ഒരു അല്പം ദൂരംകൂടെ ചെറിയ കാര്യങ്ങളിലും ദൈവം പറയുന്നിടത്തേക്കു സഞ്ചരിക്കുക. പല സ്ഥലങ്ങളിലും നിൽക്കുന്ന താങ്കളുടെ പലചരക്കു വ്യാപാരത്തിനു വേണ്ടി ഒരു സ്ഥിര സ്ഥലത്തേക്കു മാറ്റു. എന്തുകൊണ്ടെന്നാൽ? അതിന്റെ ഉടയവൻ ഒരു അടയാളം നൽകി ഇങ്ങനെ പറയുന്നു, "നിങ്ങളുടെ അധികാരിയുടെ മുൻപിൽ സമർപ്പിക്കുക." (തീത്തോസ്. 3:1 കാണുക)

ജഡം പറയുന്നു, "എല്ലാവരും അവരുടെ വാഹനം പലയിടത്തും നിർത്തുന്നു, എന്റേതുമാത്രം എന്തിന് ഉയർത്തണം." നമ്മുടെ മാർഗ്ഗദർശി മറ്റാരുമല്ല അതു യേശു മാത്രമാണ്. ഞാൻ മറ്റുള്ളവരുമായി എന്നെ താരതമ്യം ചെയ്യുമ്പോൾ ഞാൻ അത്ര മോശമല്ലായിരുന്നു. പക്ഷെ ഞാൻ യേശുവുമായി താരതമ്യം ചെയ്തപ്പോൾ, ഞാൻ ദൈവത്തോട് നിലവിളിച്ച് അപേക്ഷിച്ചു പറഞ്ഞു. "ദൈവമെ സഹായിക്കണമെ എന്നാണ്!" ക്രിസ്തു മടങ്ങിവന്ന് നമ്മെ ചേർക്കുന്നതുവരെ നാം ക്രിസ്തുവുമായി നമ്മെ താരതമ്യം ചെയ്യുകയും വിശുദ്ധിയുടെ മാർഗ്ഗദർശനം നമ്മുടെ ജീവിതത്തിൽ മുറുകെ പിടിക്കുകയും വേണം.

# എപ്പോൾ സംസാരിക്കണമെന്ന് അറിയുന്നു

*ഭക്തിവിരുദ്ധമായ വൃഥാവിലാപങ്ങളെ (വ്യർത്ഥതവും അപ്രയോജനവും, അലസ്സവുമായ) ഒഴിഞ്ഞിരിക്ക. ആ വകകാർക്കു അഭക്തി അധികം മുതിർന്നുവരും.*

— 2 തിമൊഥെയോസ്. 2:16

ദൈവത്തോടുള്ള അനുസരണം പഠിക്കാൻ പറ്റിയ ഒരു മേഖല സംസാരമാണ് – അഥവാ മിണ്ടാതിരിക്കുന്നതാണ് കൂടുതൽ വിലയേറിയത്. നിങ്ങൾ എന്നെപ്പോലെ ഒരു വലിയ സംസാരിയാണെങ്കിൽ, പരിശുദ്ധാത്മാവിനാൽ അഭിഷേകം ചെയ്യപ്പെട്ട സംസാരവും, ശൂന്യവും, അപ്രയോജനവും, അനാവശ്യവുമായ സംസാരവും ഉണ്ടെന്ന് ഞാൻ പറയുന്നത് എന്താണെന്നു നിങ്ങൾക്കു മനസ്സിലാക്കാം. ഇതാണ് പൗലോസ് യൗവ്വനക്കാരനായ തിമൊഥെയോസിന് എഴുതി അറിയിച്ച ഭക്തിവിരുദ്ധമായ വൃഥാലാപങ്ങൾ – ഞങ്ങളുടെ ഭവനത്തിൽ ചിലപ്പോൾ കടന്നുവരാറുള്ള അതിഥികളോട് ദൈവം ആവശ്യപ്പെട്ട കാര്യങ്ങളെക്കുറിച്ച് സംസാരിച്ചശേഷവും സംസാരം തുടരാറുണ്ട്. പലപ്പോഴും ആത്മാവിന്റെ അഭിഷിക്തമായ കാര്യങ്ങൾ പറഞ്ഞിട്ട് ഉടനടി ജഡത്തിന്റേതായ-സ്വന്തശക്തിയിലുള്ളതായ വിഷയങ്ങളിലേക്ക് വഴുതി വീഴുന്ന നിമിഷങ്ങൾ ഉണ്ടാകാറില്ലേ? ഇതിന്റെ ആവർത്തനമാണ് വൃഥാവിലാപമാകുന്നത്. അഥവാ അപ്രയോജനവും തോന്ന്യാസവുമായ എന്റെ സംസാര പ്രകടനം.

ചിലപ്പോൾ വീട്ടിൽ വന്നവർ പോയിക്കഴിയുമ്പോൾ പരിക്ഷീണയായിത്തീർന്നാൽ പറയാറുണ്ട്. കർത്താവു പറയാൻ പറഞ്ഞ കാര്യങ്ങൾ രണ്ടും മണിക്കൂർ സംസാരിച്ചിട്ടും ഞാൻ ഇങ്ങനെ തളർന്നിട്ടില്ല. ദൈവത്തിന്റെ പ്രത്യേക കരുതൽ അവിടെ എനിക്കു ലഭിക്കുന്നു. അതെ, അവൻ പറഞ്ഞതു പറഞ്ഞശേഷം ഞാൻ സംസാരം നിർത്തേണ്ടതായിരുന്നു.

ആരോടെങ്കിലും വളരെ സൗമ്യമായി സംസാരിച്ചുകൊണ്ടിരിക്കവെ പെട്ടെന്നു ചൂടായി സംസാരിക്കേണ്ടി വന്ന അനുഭവം നിങ്ങൾക്കുണ്ടായിട്ടുണ്ടോ? നിങ്ങളുടെ സംഭാഷണത്തിന്റെ രീതി മാറുവാൻ തക്കവണ്ണം നിങ്ങളുടെ വികാരങ്ങളിലൂള്ള നിയന്ത്രണം നഷ്ടമാകുകയും 'ഇത്രയ്ക്കുവേണ്ടായിരുന്നു. അതങ്ങ് നിർത്തണമായിരുന്നു." എന്ന് ഉള്ളിൽ പറയുവാൻ ഇടയായിട്ടില്ലേ. പറയേണ്ടത് ശക്തിയോടെ പറഞ്ഞിരുന്നെങ്കിൽ രണ്ടാമതൊന്നിന് അവസരമുണ്ടാകുകയില്ലായിരുന്നു. അതുമതി എന്ന ആത്മാവിന്റെ ആലോചനയെ തള്ളിക്കളയുമ്പോഴാണ് ഒറ്റ മിനിറ്റിനുള്ളിൽ നാം ജഡത്തിന്റെ ആലോചനയിൽ പെടുന്നതും യുദ്ധക്കളത്തിലേക്കു എടുത്തു ചാടുന്നതും നിരാശയും പരാജയവുമായിരിക്കും ഇതിന്റെ ഫലം.

# പരസ്പരമുള്ള സേവനമാണ് ദൈവിക സേവനം

*നിങ്ങൾ ചെയ്യുന്നതൊക്കെയും മനുഷ്യർക്കെന്നല്ല കർത്താവിന് എന്നപോലെ മനസ്സോടെ (ഹൃദയപൂർവ്വം, നിശ്ചയമായി) ചെയ്‌വിൻ. അവകാശമെന്ന പ്രതിഫലം കർത്താവു തരും. (മനുഷ്യരിൽ നിന്നല്ല) എന്നറിഞ്ഞ് കർത്താവായ ക്രിസ്തുവിനെ (മശിഹാ) സേവിപ്പിൻ.*

— കൊലൊസ്യർ 3:23,24

ഒരു ദിവസം രാവിലെ എഴുന്നേറ്റ് കാപ്പി ഉണ്ടാക്കുന്നതിനായി താഴത്തെ നിലയിലേക്കിറങ്ങി. പെട്ടെന്ന് ഡേവിന് ഒരു ഫ്രൂട്ട് സലാഡ് ഉണ്ടാക്കിക്കൊടുക്കുക എന്ന് ദൈവം എന്റെ ഹൃദയത്തോട് സംസാരിച്ചു. ഡേവിന് അതുണ്ടാക്കിക്കൊടുക്കുവാൻ ഞങ്ങളുടെ അടുക്കളക്കാരി അന്നു വന്നിരുന്നില്ല. വാസ്തവത്തിൽ ഫ്രൂട്ട് സലാഡ് ഉണ്ടാക്കാനുള്ള മനസ്സില്ലായിരുന്നു. എന്റെ കൈവശം കരുതിയിരുന്ന ആപ്പിളും, പഴവും കൊടുത്തിട്ട് ബൈബിൾ സ്റ്റഡിയും പ്രാർത്ഥനയും നടത്തുവാനാണ് ഞാൻ വിചാരിച്ചത്. പഴങ്ങൾ അരിഞ്ഞ് സലാഡ് ഉണ്ടാക്കുന്നതു സമയം നഷ്ടപ്പെടുമായിരുന്നു. ചിലപ്പോൾ ആത്മിയ പ്രവർത്തനങ്ങൾക്കു പ്രാധാന്യം കല്പിച്ചുകൊണ്ട് നാം അനുസരണക്കേടു കാണിക്കാറുണ്ട് അതുതെറ്റാണ്. ഡേവിന് രാവിലെ കഴിക്കാറുള്ള ഫ്രൂട്ട് സലാഡ് ഉണ്ടാക്കക്കൊടുക്കുന്നതു ദൈവത്തെ സേവിക്കുകയാണെന്നു അന്നു ദൈവം എന്നെ പഠിപ്പിച്ചു. ഉടൻ തന്നെ ഞാൻ അദ്ദേഹത്തിനുള്ള ഫ്രൂട്ട് സലാഡ് ഉണ്ടാക്കിക്കൊടുത്തു.

യേശുക്രിസ്തു സ്വതന്ത്രരാക്കിയിരിക്കുകയാൽ നാം സ്വതന്ത്രരാകുന്നു എന്നുള്ളത് ശരിതന്നെ. എന്നാൽ ഇന്നത്തെ പ്രവർത്തനം ശരിയല്ല. എല്ലാവരും സ്ഥാനപരമായി ചിന്തിക്കുകയും മറ്റുള്ളവരുടെ സേവനം ലഭിക്കാൻ ആഗ്രഹിക്കുകയുമാണ്. എന്നാൽ മറ്റുള്ളവരെ സേവിക്കാനാണ് ദൈവം നമ്മെ സ്വതന്ത്രരാക്കിയിരിക്കുന്നതെന്ന സത്യം നാം മറന്നുകളയുകയാണ്.

# കൊടുങ്കാറ്റിനു മധ്യത്തിലെ സമാധാനം

*അപ്പോൾ വലിയ ചുഴലിക്കാറ്റ് ഉണ്ടായി; പടകിൽ തിര തള്ളിക്കയറുക കൊണ്ട് അതു മുങ്ങുമാറായി. അവൻ (യേശു) ഉറങ്ങുകയായിരുന്നു.*

— മർക്കോസ്. 4:37, 38

മർക്കോസ് 4:35–41 – ൽ നാം വായിക്കുന്നത് ഗലീല കടലിലേയ്ക്കുപോയ യേശുവിന്റെയും ശിഷ്യന്മാരുടെയും യാത്രയ്ക്കിടയിലുണ്ടായ വൻ ചുഴലി ക്കാറ്റിനെക്കുറിച്ചാണ്. ശിഷ്യന്മാർ ഭാരപ്പെട്ടുവെങ്കിലും യേശു എഴുന്നേറ്റ് കാറ്റി നോട് ശാന്തമായിരിക്കുവാൻ കല്പിക്കുകയും അത് അനുസരിക്കുകയും ചെയ്തു. നിങ്ങൾക്കറിയാമോ എന്തുകൊണ്ടാണ് അങ്ങനെ പറയുവാൻ അവനു കഴിഞ്ഞത്? എന്തുകൊണ്ടെന്നാൽ ആ കാറ്റ് അവന്റെ അകത്തേക്ക് കടക്കുവാൻ അവൻ അനുവദിച്ചിരുന്നില്ല എന്നതിനാലാണ്. ശിഷ്യന്മാർക്കു അതു കഴിയാഞ്ഞത് അവർ കാറ്റിനാൽ വലഞ്ഞുപോയതിനാലാണ്. നിങ്ങൾക്കില്ലാത്ത ഒന്നിനെ കൊടുക്കുവാൻ നിങ്ങൾക്കു കഴിയില്ലെന്ന കാര്യം ഓർത്ത് കൊള്ളണം. യേശു അവർക്ക് സമാധാനം നല്കിയത് അതുകൊടു ക്കുവാൻ അവന്റെ പക്കൽ ഉണ്ടായിരുന്നതിനാലാണ്. അതിന്റെ ഉള്ളിൽ സമാ ധാനമുള്ള ഒരു ഹൃദയം ഉണ്ടായിരുന്നു.

സത്യം പറയട്ടെ, ജനങ്ങളുടെ ഇടയിലായിരിക്കുമ്പോൾ നമ്മൾ ഇതു പോലെ അവരെ ആശ്വസിപ്പിക്കാൻ കഴിയുന്ന ഒരു വ്യക്തിയായിരിക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്. അതെ സംഘട്ടനം നിറഞ്ഞ ഒരു മുറിയിൽ കുറച്ചു സമയം ചിലവഴിക്കുകയും പെട്ടെന്ന് അവരുടെ കലഹം ശമിക്കുകയും സമാ ധാനം പുനസ്ഥാപിക്കാൻ കഴിയുകയും ചെയ്യുന്ന ഒരു വ്യക്തിയായിരിക്കുക.

യേശു ഈ ഭൂമിയിൽ കൂടി സഞ്ചരിച്ചപ്പോൾ അവനിൽ നിന്നു എന്തോ പുറപ്പെട്ടിരുന്നു. അതു ദൈവശക്തിയുടെ അഭിഷേകം ആയിരുന്നു. അവ നിൽ നിന്നു തുടർച്ചയായി ബഹിർഗമിച്ചുകൊണ്ടിരുന്ന ദൈവശക്തിയാണ് ജനജീവിതങ്ങളിൽ ആത്മശാന്തിയും രക്ഷയും, പ്രത്യാശയും ആയിത്തീർന്ന ത്. അതു ദൈവം പ്രത്യേകമായി അവനിൽ നിക്ഷേപിച്ചതല്ല. പിന്നെ അവൻ ജീവിച്ചതിന്റെ അടിസ്ഥാനം അതായിരുന്നു. അപ്രകാരം അവൻ ജീവിച്ചിരു ന്നില്ലെങ്കിൽ ഈ അഭിഷേകത്തിന്റെ ശക്തി ആർക്കും വിടുതൽ നല്കുമാ യിരുന്നില്ല. ഈ കാരണത്താലാണ് തന്നെ യാതൊരു പ്രകാരത്തിലും ശല്യം ചെയ്യുവാൻ സാത്താന് അവസരം നല്കാതിരുന്നത്. ജീവിതത്തിലെ കൊടു ങ്കാറ്റുകളെ അകത്തേക്കു കടക്കാൻ അവൻ അനുവദിച്ചിരുന്നില്ല. അവന്റെ ഹൃദയത്തെ സമാധാനത്തിലും, ശാന്തതയിലും സ്നേഹത്തിലും എങ്ങനെ യേശു സൂക്ഷിച്ചുവോ അതേ പ്രകാരം നാമും സൂക്ഷിക്കേണ്ടതാണ്.

# സ്വകാര്യസ്തുതിപ്പിന്റെ ശക്തി

*നീയോ പ്രാർത്ഥിക്കുമ്പോൾ അറയിൽ കടന്നു വാതിൽ അടെച്ചു രഹസ്യത്തിലുള്ള നിന്റെ പിതാവിനോട് പ്രാർത്ഥിക്ക; രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവ് നിനക്കു പ്രതിഫലം തരും.*

— മത്തായി. 6:6

യേശു നമ്മോട് പറഞ്ഞ പ്രകാരം സ്വകാര്യമായി ചെയ്യേണ്ട ചിലതുണ്ട്. ഞാൻ എന്റെ കിടക്കയിലേക്ക് പോകുംമുമ്പ് കതക് പൂട്ടുകയും, ദൈവത്തെ സ്തുതിച്ച് നൃത്തം ചവിട്ടി ആരാധിക്കുകയും ചെയ്യാറുണ്ട്. ചിലപ്പോൾ കരയുകയും ചിരിക്കുകയും ഒക്കെ സ്വയംചെയ്യാറുണ്ട്. എന്റെ പ്രവർത്തികൾ ആരെങ്കിലും കണ്ടാൽ എന്നെ പൂട്ടിയിടുമെന്ന് അവർ പറയും. രഹസ്യമായി യാതൊരു സങ്കോചവും കൂടാതെ ഇതെല്ലാം ഞാൻ ചെയ്യും. മറ്റാരും എന്നെക്കുറിച്ചു ഭാരപ്പെടുവാനോ കുഴപ്പത്തിലാകുവാനോ അനുവദിക്കാറില്ല. ഈ വക കാര്യങ്ങൾ നിങ്ങൾ പരസ്യമായി ചെയ്താൽ ലോകർ നിങ്ങളെ ഭ്രാന്തർ എന്നു വിളിക്കും. എന്തെന്നാൽ നിന്റെ വികാരങ്ങളെയും ദൈവിക ബന്ധത്തെയും അവർക്കറിഞ്ഞുകൂടാ. എന്തായാലും ഇതു ദൈവവും നിങ്ങളുമായുള്ള ബന്ധത്തിൽ രഹസ്യമായി ചെയ്യുന്നതാണ് നല്ലത്. നിങ്ങളുടെ ജീവിതവിജയത്തിന് ഇത് തീർച്ചയായും ഇതു സഹായിക്കും. നിങ്ങൾക്കു ലഭിക്കുന്ന ഫലം മനുഷ്യരുടെ സംതൃപ്തിയിൽ നിന്നല്ല മറിച്ച്, നിങ്ങളെ കാണുന്ന ദൈവത്തിൽ നിന്നാണ്.

നമ്മൾ എല്ലാവരും ഏതെങ്കിലും പ്രത്യേക സ്ഥലങ്ങളിൽ പോയി ദൈവമുമ്പാകെ മുട്ടുകുത്തി കൈകൾ ഉയർത്തി അവനെ സ്തുതിക്കയും സന്തോഷിക്കുകയും ചെയ്യണമെന്നാണ് എന്റെ ആഗ്രഹം. വേണ്ടിവന്നാൽ അവന്റെ മുമ്പാകെ കരയാനും തയ്യാറായിരിക്കണം. ആരാധനയും സ്തുതിപ്പും സഭകളിൽ മാത്രം നടത്തേണ്ടവയല്ല. ആരാധിക്കുന്നവരോടുകൂടെ ഞാനും പരസ്യമായി ആരാധിക്കുംപോലെ തന്നെ എന്റെ വീട്ടിൽ ഒറ്റയ്ക്കിരുന്നും ഞാൻ ദൈവത്തെ ആരാധിക്കും. പരസ്യമായും രഹസ്യമായും ദൈവത്തെ ആരാധിക്കുന്നത് പ്രധാന കാര്യം തന്നെയാണ്. ഈ രണ്ടിലും നിങ്ങൾ ഉത്സാഹം കാണിക്കണമെന്ന് ഞാൻ പ്രോത്സാഹിപ്പിക്കുകയാണ്.

# തീരുമാനമുള്ളവരാണ് വിജയിക്കുന്നത്

*വിശ്വാസത്താൽ അബ്രഹാം തനിക്കു അവകാശമായി കിട്ടുവാനി രുന്ന ദേശത്തേക്കു യാത്രപോകാൻ വിളിക്കപ്പെട്ടാറെ അനുസരിച്ചു എവിടേക്കു പോകുന്നു എന്നറിയാതെ പുറപ്പെട്ടു*

— എബ്രായർ 11:8

മിനിസ്ട്രിയിലും, ബിസിനസ്സലും, വിനോദങ്ങളിലും വിജയം വരിച്ചവരുടെ ജീവചരിത്രങ്ങൾ വായിക്കുന്നതിലും, കാണുന്നതിലും ഞാൻ അതിയായി സന്തോഷിക്കാറുണ്ട്. പരാജയം കൂടാതെ അവര് "തങ്ങളുടെ കർത്തവ്യം നിർവഹിച്ചു." ഇതു ലഭിച്ചത് അവരുടെ കാലത്തുണ്ടായ എതിർപ്പുകളെ അവ ഗണിച്ച് തങ്ങളുടെ തീരുമാനങ്ങളിൽ ഉറച്ചു നിന്നതുകൊണ്ടാണ്. വിജയം കൈവരിക്കുന്നതിനു മുമ്പ് നിരവധി പരാജയസാദ്ധ്യതകൾ അവർക്കു സഹിക്കേണ്ടി വന്നെങ്കിലും പതറാതെ അവർ ഉറച്ചു നിന്നു.

സാധാരണയായി പലതും നാം കാണാറുള്ള ഉൽക്കകളെ പോലെയാണ്. യാതൊരു പ്രതികൂലവും കൂടാതെ വളരെ വേഗത്തിൽ അവർ ഉന്നത സ്ഥാനങ്ങളിൽ എത്തിച്ചേരുമെങ്കിലും ദീർഘകാലം അവിടെ തുടരുവാൻ കഴിയുന്നില്ല. അതിവേഗത്തിൽ എല്ലാം നഷ്ടപ്പെട്ടവരായി അപ്രത്യക്ഷരാകുന്നു. നമ്മുടെ സ്വഭാവം പക്വതയുള്ളതാകുന്നത് പ്രയാസങ്ങളിലൂടെയാണ്. നമ്മുടെ വിളിയും ആഗ്രഹങ്ങളും പരീക്ഷിക്കപ്പെടുന്ന് നാം ചോദിക്കുന്നത് ഇല്ലാ എന്നുള്ള പ്രതികരണത്തോട് നമ്മുടെ തീരുമാനങ്ങളിൽ ഉറച്ചുനിന്നുകൊണ്ടുള്ള സമീപനമാണ്.

യുണൈറ്റഡ് സ്റ്റേറ്റിന്റെ പ്രസിഡന്റായി തിരഞ്ഞെടുക്കുംമുമ്പ് എബ്രഹാം ലിങ്കൺ നിരവധി പബ്ലിക് ഓഫീസുകളിൽ കയറിയിറങ്ങുകയും അവിടെയെല്ലാം തനിക്ക് പ്രശ്നങ്ങളും പരാജയവും അനുഭവിക്കേണ്ടി വരികയും ചെയ്തതായി ഞാൻ കേട്ടിട്ടുണ്ട്. പലരും കൈവെടിഞ്ഞെങ്കിലും പിന്മാറിയില്ല. ഇലക്ട്രിക് ലൈറ്റ് കണ്ടുപിടിച്ച തോമസ് എഡിസൺ പതിനായിരക്കണക്കിന് പരീക്ഷണങ്ങൾ നടത്തി പരാജയപ്പെട്ടതിനുശേഷമാണ് വിജയത്തിൽ എത്തിയത്.

യാതൊരു സന്ദേഹവുമില്ല. തീരുമാനത്തോടെ നില്ക്കുന്നവനാണ് വിജയിക്കുന്നത്. എന്തുകൊണ്ടെന്നാൽ നാം എടുത്തിരിക്കുന്നത് വിജയത്തിന്റെ ചുവടുകളാണ്. അതുകൂടാതെയുള്ളതൊന്നും നമ്മൾ കാര്യമാക്കേണ്ടതില്ല. ദൈവം ഒരിക്കലും ധൃതിപിടിച്ച് ചോദിക്കുന്നതൊന്നും ചെയ്യാറില്ല. പിന്നെയോ സാവധാനത്തിൽ നിലനില്ക്കുന്നതും ഉറപ്പുള്ളതുമായത് ചെയ്യുന്നു.

# വചനത്തിൽ ജീവനുണ്ട്

*നിങ്ങൾ കേൾക്കുന്നത് എന്ത് എന്ന് സൂക്ഷിച്ചുകൊൾവിൻ. നിങ്ങൾ അളക്കുന്ന അളവുകൊണ്ട് നിങ്ങൾക്കും അളന്നു കിട്ടും. അധികമായും കിട്ടും.*

— മർക്കോസ്. 4:24

വിതയുടെയും കൊയ്ത്തിന്റെയും തത്വം തന്നെയാണ് ഇവിടെയും കാണുന്നത്. എത്രയും കൂടുതൽ നാം വിതയ്ക്കുമോ അത്രയും കൂടുതൽ കൊയ്യും. മർക്കോസ് 4:24 – ൽ കർത്താവു പറയുന്നത് എത്രയധികം സമയം ദൈവവചനപഠനത്തിനും ചിന്തനത്തിനുമായി നാം വേർതിരിക്കുകമോ അധികം നാം അവയിൽ നിന്നു പ്രാപിക്കുന്നതായിരിക്കും.

*"വെളിപ്പെടുവാനുള്ളതല്ലാതെ ഗൂഢമായതു ഒന്നുമില്ല. (താല്ക്കാലികമായി മറഞ്ഞിരിക്കുന്നത് വെളിവായിരിക്കുന്നു). വെളിച്ചത്തുവരുവാനുള്ളതല്ലാതെ മറവായതു (താല്ക്കാലികമായി) ഒന്നും ഇല്ല."* — മർക്കോസ്. 4:22

ഈ വാക്യവും മേലുദ്ധരിച്ചതും നമ്മോട് പറയുന്നത് ദൈവവചനം ശക്തമായ ഭണ്ഡരാത്തിൽ മറഞ്ഞിരിക്കുന്നു, എന്നാൽ അതിശക്തമായതും ജീവദായകവുമായ രഹസ്യം ആ വചനത്തെ ദൈവം നമുക്കായി വെളിപ്പെടുത്തി തന്നു എന്നതാണ്. അതിനെ ധ്യാനിക്കുന്നവർക്ക്, ചിന്തിക്കുന്നവർക്ക്, പഠിക്കുന്നവർക്ക്, പരിഗണിക്കുന്നവർക്ക്, മന്ത്രിക്കുന്നവർക്ക്, മനനം ചെയ്യുന്നവർക്ക് അഥവാ മനസ്സിൽ അഭ്യസനം നടത്തുന്നവർക്ക് അതു വെളിപ്പെട്ടു വന്നിരിക്കുന്നു. ഓരു വേദാദ്ധ്യാപിക എന്ന നിലയിൽ ഈ തത്വത്തിലെ സത്യം എന്താണെന്ന് എനിക്കറിയാം. അതിന്റെ അർത്ഥം ഒരു വാക്യത്തിൽ നിന്ന് അന്തമില്ലാത്ത തിരുവെഴുത്തു സത്യങ്ങളെ എനിക്കു ഗ്രഹിപ്പിച്ചുതരുവാൻ ദൈവത്തിനു കഴിയും എന്നാണ്. ഞാൻ ഒരിക്കൽ പഠിക്കുന്ന കാര്യമല്ല മറ്റൊരിക്കൽ കാണുന്നത്. എപ്പോഴും മുൻപു കണ്ടിട്ടില്ലാത്ത എന്തെങ്കിലും പുതുമയുള്ളത് വെളിപ്പെടും.

ദൈവവചനത്തോട് ആത്മാർത്ഥത പുലർത്തുന്നവർക്ക് ദൈവം തന്റെ രഹസ്യങ്ങൾ വെളിപ്പെടുത്തിക്കൊടുക്കുന്നു. മറ്റുള്ളവർക്കു ലഭിക്കുന്ന വെളിപ്പാടുകൊണ്ട് ജീവിക്കാൻ ശ്രമിക്കുന്ന ഒരു വ്യക്തിയായി നിങ്ങൾ തീരരുത്. നിങ്ങൾത്തന്നെ ദൈവവചനം പഠിക്കുകയും പരിശുദ്ധാത്മാവ് വചനത്തിലെ സത്യങ്ങളെ അനുഗ്രഹിച്ചുതരുന്നതിനായി കാത്തിരിക്കുകയും ചെയ്യാം.

# ദൈവിക കാവൽ

*യഹോവയുടെ കണ്ണ് തങ്കൽ ഏകാഗ്രചിത്തന്മാരായിരിക്കുന്നവർക്കുവേണ്ടി തന്നെത്താൻ ബലവാനെന്നു കാണിക്കേണ്ടതിനു ഭൂമിയിലൊക്കെയും ഊടാടി സഞ്ചരിക്കുന്നു*

— 2 ദിനവൃത്താന്തം. 16:9

ദൈവം നിങ്ങളെ സൂക്ഷിക്കുന്നു. നിങ്ങൾ ചെയ്യുന്നതെല്ലാം അവൻ കാണുന്നു. സങ്കീർത്തനക്കാരൻ അവനെക്കുറിച്ച് ഇപ്രകാരം പറഞ്ഞിരിക്കുന്നു. “ഞാൻ ഇരിക്കുന്നതും എഴുന്നേല്ക്കുന്നതും നീ അറിയുന്നു. എന്റെ നിരൂപണം നീ ദൂരത്തു നിന്നു ഗ്രഹിക്കുന്നു. (സങ്കീർത്തനം. 139:2)

നീ അവനിൽ സമർപ്പിച്ചിരിക്കുന്ന വിശ്വാസത്തിനു തക്ക പ്രതിഫലം തരുന്നതിനുള്ള അവസരങ്ങൾക്കായി ദൈവം ആശയോടെ നോക്കിയിരിക്കുന്നു. യേശു പറഞ്ഞു ഇതാ ഞാൻ വേഗം വരുന്നു. ഓരോരുത്തനു അവനവന്റെ പ്രവർത്തിക്കു തക്കവണ്ണം കൊടുപ്പാൻ പ്രതിഫലം എന്റെ പക്കൽ ഉണ്ട്” (വെളിപ്പാട് 22:12). ഇതിന്റെ അർത്ഥം ഈ ഭൂമിയിൽ വച്ച് മനുഷ്യർ ചെയ്യുന്ന സകല പ്രവർത്തിക്കും പ്രതിഫലം ഉണ്ട്. എന്താണ് ചിലർക്ക് അതു അത്ഭുതവും മറ്റു ചിലർക്ക് ഭീതിജനകവുമായിരിക്കും.

ദൈവം നമ്മെ നോക്കിക്കാണുന്നെങ്കിലും അതിനെ ആരും ഗണ്യമാക്കുന്നില്ലെന്നു മാത്രം. ദൈവം ഉറങ്ങുന്നില്ല ഉറക്കം തൂങ്ങുന്നുമില്ല (സങ്കീർത്തനം 121:1) അടച്ചിട്ടിരിക്കുന്ന മുറിക്കുള്ളിൽ എന്താണ് നടക്കുന്നത് എന്ന് അവനറിയാം. അതുകൊണ്ട് നമ്മുടെ സകല നീക്കങ്ങളെയും അവൻ കാണുന്നുവെന്ന് നാം മനസ്സിലാക്കണം. നാം തന്റെ സംരക്ഷണത്തിലായിരിക്കുമ്പോൾ നാം സംസാരിക്കുന്നു. സകലതും കേൾക്കുന്ന അദൃശ്യനായ അതിഥി-ദൈവം-അവിടെയുണ്ടെന്ന് ഓർത്തുകൊള്ളണം.

നന്മ ചെയ്യുന്നതിൽ അധൈര്യപ്പെടരുത്, എന്തുകൊണ്ടെന്നാൽ അവനുവേണ്ടി നാം ചെയ്യുന്നതെല്ലാം അവൻ കാണുന്നുണ്ട്. നല്ല മനസ്സോടെ നിങ്ങൾ ചെയ്യുന്ന ഒരു നിസ്സാരപ്രവർത്തിപോലും അവൻ ശ്രദ്ധിക്കാതിരിക്കില്ല. നിങ്ങൾ സഹായിക്കുന്ന ഓരോ വ്യക്തിയെയും, ദയ കാണിക്കുന്നവനെയും ദൈവം കാണുന്നു. ഓരോ സമയത്തു നിങ്ങൾ ചിലരോടു കാണിക്കുന്ന അല്പം കരുണയും, ചിലരോടു കാണിക്കുന്ന ക്ഷമയും സകലത്തിനും അവന്റെ പക്കൽ പ്രതിഫലം ഉണ്ട്.

# ദൈവമുമ്പാകെ സമയം ചിലവഴിക്ക

*ഞാനോ നീതിയിൽ നിന്റെ മുഖത്തെ കാണും(നീതി, ന്യായം, നിന്നോടു ചേർന്നുള്ള നേരായ നില്പ്) നിന്റെ രൂപം കണ്ട് തൃപ്തനാകും. (എന്നെത്തന്നെ നിന്നോടുള്ള കൂട്ടായ്മയിൽ കണ്ടെത്തും.)*

— സങ്കീർത്തനം. 17:15

നമ്മിലെല്ലാം ദൈവികമായ ഒരു ദ്വാരം ഉണ്ട്. അതു ദൈവത്താലല്ലാതെ മറ്റൊന്നുകൊണ്ടും അടയ്ക്കുവാൻ കഴിയുകയുമില്ല. നമ്മുടെ ഒരു പ്രാർത്ഥനയ്ക്കോ, അനുദിന നിഷ്ഠകളോകൊണ്ട് അതടയ്ക്കുവാൻ കഴിയുകയില്ല. മറിച്ച് ദൈവം തന്നെ അതിലിരിക്കണം. ബൈബിൾ പറയുന്നത് "ആത്മാവ് നിറഞ്ഞവരായിരിപ്പിൻ." (എഫെസ്യർ. 5:15)

അനേക വർഷങ്ങൾ എന്റെ പരിശ്രമം ഏതു പ്രകാരം ദൈവത്തെ എന്റെ എന്റെ ദിവസത്തിലേക്കു കൊണ്ടുവരിക എന്നതായിരുന്നു. എന്നാൽ ഒടുവിൽ ദൈവം പറഞ്ഞു നിന്റെ സമയം ക്രമത്തിലാക്കുക. എന്നെ കൊണ്ടുവരാൻ ശ്രമിക്കാതെ നീ എന്റെ ക്രമത്തിനനുസരിച്ച് ജീവിക്കുക.

സംതൃപ്തി ദൈവസന്നിധിയിൽ മാത്രമാണുള്ളത്. "ജീവന്റെ വഴി നീ എനിക്കുകാണിച്ചുതരും. നിന്റെ സന്നിധിയിൽ സന്തോഷ പരിപൂർണ്ണതയും, നിന്റെ വലത്തുഭാഗത്ത് എന്നും പ്രമോദങ്ങളുമുണ്ട" എന്നാണ് സങ്കീർത്തനം 16:11 - ൽ വായിക്കുന്നത്. അവന്റെ രൂപം കാണുന്നതിനും അവനുമായി കൂട്ടായ്മ ആചരിക്കുന്നതിനുമായി നാം നമ്മിൽ തന്നെ ഉണരുമ്പോഴാണ് നമുക്ക് സംമ്പൂർണ്ണ സംതൃപ്തി കൈവരുന്നത്. നമ്മുടെ ജീവിതത്തിലും, മനസ്സിലും ദൈവത്തിനു പ്രഥമ സ്ഥാനം കൊടുത്തുകൊണ്ട് രാവിലെ ഉണരുമ്പോൾ സംതൃപ്തിയുടെ ആഴങ്ങളിലേക്കിറങ്ങി ശേഖരിക്കുന്നതൊന്നും യാതൊരു പൈശാചിക ശക്തിക്കും നമ്മിൽ നിന്നു തട്ടിയെടുക്കാൻ കഴിയുകയില്ല.

# ദൈവത്തിന്റെ വഴി അത്യുന്നതമായത്

*കർത്താവിന്റെ മനസ്സ് അറിഞ്ഞവർ ആർ, അവന്റെ വിചാരങ്ങളെ ഗ്രഹിക്കുന്നവർ ആർ, അവനു മന്ത്രിയായിരിക്കുന്നവൻ ആർ?*

— റോമർ 11:34

ദൈവം നമ്മളെക്കാൾ സമർത്ഥനാണെന്നു നാം അറിഞ്ഞിരിക്കണം. അവന്റെ പദ്ധതികൾ ഉത്തമമായതാണ്. ഞാനോ നിങ്ങളോ എന്തൊക്കെ ചിന്തിച്ചാലും നമ്മുടേതിനെക്കാൾ അവന്റെ വഴികളാണ് മെച്ചം. എന്റെ കഴിഞ്ഞ കാലങ്ങളിലെ ഇച്ഛാഭംഗങ്ങളുടെ ദിനങ്ങളിൽ അതിൽ നിന്നുള്ള മോചനത്തിനായി ഞാൻ തന്നെ ചില സമയ പരിധികൾ നിർണ്ണയിച്ചെങ്കിലും അതിനായുള്ള കാത്തിരിപ്പു വ്യർത്ഥമായതെന്നു ഇപ്പോൾ ഞാൻ തിരിച്ചറിയുന്നു. ഞാൻ ഒരുക്കപ്പെട്ടിട്ടില്ലെന്നു ദൈവത്തിനറിയാമെങ്കിലും എല്ലാം ശരിയായിരിക്കുന്നു എന്നാണ് ഞാൻ ധരിച്ചത്. വളരെയധികം സമയങ്ങൾ ദൈവത്തോട് എന്താണ് ദൈവമെ എനിക്കിങ്ങനെ? എപ്പോൾ,ദൈവമെ എപ്പോൾ? എന്നിങ്ങനെയുള്ള ചോദ്യങ്ങൾ ചോദിച്ചു പാഴാക്കി. എന്നാൽ എനിക്കു ഉടനെ ഉത്തരം തരാൻ ദൈവം ഉദ്ദേശിച്ചില്ല. ഓർമ്മിക്കുക, നാം ചോദ്യങ്ങൾ ചോദിക്കുന്നതിനെക്കാൾ അവനിൽ നാം പൂർണ്ണമായി ആശ്രയിക്കുകയെന്നതാണ് അവൻ ആഗ്രഹിക്കുന്നത്.

എന്റെ ദീർഘകാല പരിചയത്തിൽ നിന്നും കണ്ടെത്തിയ കാര്യം ആശ്രയത്തിന്റെ ആവശ്യം ഉത്തരം ലഭിക്കാത്ത ചോദ്യങ്ങളാണ്. ഉത്തരം ലഭിക്കാതെ കുഴയുന്ന ചുറ്റുപാടുകളിൽ ദൈവമുമ്പാകെ "എന്താണിങ്ങനെ എന്ന് എനിക്കു മനസ്സിലാകുന്നില്ല, എന്നിരുന്നാലും ഞാൻ നിന്നിൽ ആശ്രയിക്കുന്നു. നീ എന്നെ സ്നേഹിക്കുന്നവനും, നിന്റേതായസമയത്ത് എനിക്കുവേണ്ടി ഏറ്റവും നല്ലത് ചെയ്തുതരുമെന്നും ഞാൻ വിശ്വസിക്കുന്നു." എന്നാണ് നാം പറയേണ്ടത്. ദൈവത്തിനു പ്രവർത്തിക്കാൻ നമ്മുടെ ആലോചനയല്ല മറിച്ച് വിശ്വാസമാണ് വേണ്ടത്.

പുറപ്പാട് പുസ്തകം 33:13 - ൽ ദൈവത്തിന്റെ വഴി വെളിവാകേണ്ടതിനു മോശെ പ്രാർത്ഥിച്ചു. "ആകയാൽ എന്നോടു കൃപയുണ്ടെങ്കിൽ നിന്റെ വഴി എന്നെ അറിയിക്കേണമെ നിനക്കു എന്നോട് കൃപയുണ്ടാകുവാൻ തക്കവണ്ണം ഞാൻ നിന്നെ അറിയുമാറാകട്ടെ" (തുടർച്ചയായിട്ടും വളരെ ആഴമായിട്ടും ഏറ്റവും അടുത്തരികിൽ നിന്നും അതിശയകരമായ രീതിയിലൂടെയും നിരീക്ഷണത്തിലൂടെയും മനസ്സിലാക്കുക). ദൈവത്തിന്റെ വഴി എന്നാൽ അവന്റെ സമയത്തെ കൂടെ കാണിക്കുന്നു എന്നറിഞ്ഞ് ഈ പ്രാർത്ഥന നിരന്തരമായി നാമും പ്രാർത്ഥിക്കേണ്ടതാണ്.

# തെറ്റുകൾ വരുന്നതിൽ ഭയപ്പെടേണ്ട

*എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്ക് (ദൈവപങ്കാളിത്തത്തിൽ പ്രവർത്തിക്കുന്നവർ) നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു (അവന്റെ ഹിതപ്രകാരം) സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു" (അവന്റെ പദ്ധതിപ്രകാരം)*

— റോമർ 8:28

ഞാനിപ്രകാരമാണ് കണ്ടെത്തിയത്. നമ്മുടെ ഹൃദയം ശരിയും അവൻ പറയുന്ന പ്രകാരം കേട്ടു ചെയ്യുവാൻ അറിയുന്നുമെങ്കിൽ ദൈവം വീണ്ടെടുക്കുകയും നമ്മുടെ അനുസരണത്തിന്റെ ചുവടുകളെ മാനിക്കുകയും ചെയ്യും. ശിശുസമാനമായ ആഗ്രഹത്തോടെ അവൻ നമ്മോട് ചെയ്യാൻ പറയുന്നതിനെ നാം വിശ്വസിച്ച് അനുസരിക്കണം. നമ്മുടെ തീരുമാനത്തിൽ തെറ്റുവന്നാലും, ആ തെറ്റിനെ മനസ്സിലാക്കി ദൈവം നമ്മുടെ നന്മയ്ക്കായി പ്രവർത്തിക്കും.

പലരും മുമ്പോട്ടു പോകാൻ ഭയപ്പെടുന്നതു എന്തെങ്കിലും തെറ്റുകൾ സംഭവിച്ചാലോ എന്നാണ്. അങ്ങനെയെങ്കിൽ ദൈവം കോപിക്കുകയില്ലേഎന്നാണ് അവരുടെ ചിന്ത. ഇവിടെയാണ് ദൈവത്തിന്റെ സ്വഭാവ വിശേഷണത്തെ മനസ്സിലാക്കി വിശ്വാസത്തിന്റെ നടപ്പ് ആരംഭിക്കേണ്ടത്. അനുസരിക്കാൻ ഭയപ്പെടുന്ന ആളുകൾ വല്ലാതെ കുഴഞ്ഞ അവസ്ഥയിലാകും. ദൈവം അവരോട് ചെയ്യുവാൻ ആവശ്യപ്പെടുന്ന കാര്യങ്ങളെ ചെയ്യുവാനുള്ള ചുവടെടുക്കാതിരിക്കുകയുമാണ്.

സെന്റ് ലൂയിസ് ചർച്ചിൽ സഹ വികാരി (പാസ്റ്റർ)യായിരിക്കുന്നത് എനിക്കിഷ്ടമായിരുന്നു. എനിക്കാവശ്യമുണ്ടായിട്ടു ആ ജോലി ഉപേക്ഷിച്ചതല്ല. എന്നാൽ ദൈവത്തിന്റെ അഭിഷേകം എന്നെ എടുത്തുമാറ്റുകയായിരുന്നു. ഞാൻ ദൈവത്തെ അനുസരിക്കുന്നതുവരെ എന്റെ ജീവിതം നരക തുല്യമായിരുന്നു. അവൻ എന്നോട് ആവശ്യപ്പെട്ടതു ഞാൻ അനുസരിക്കുവോളം സമാധാനം ഉണ്ടാകുകയില്ല എന്ന് എനിക്കു മനസ്സിലായി. ശരിയോ തെറ്റോ ആലോചിക്കാതെ അവന്റെ ശബ്ദത്തെ ഞാൻ അനുസരിക്കുക എന്നു മാത്രമായിരുന്നു ഏക പോംവഴി. ഈ സത്യത്തിന്റെ മുമ്പിൽ ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നത്. നിങ്ങളുടെ ജീവിതത്തിൽ സുരക്ഷിതത്വത്തെ മാത്രം കരുതി ആയുസ്സു പാഴാക്കരുത്. സുരക്ഷിതത്വം ആശ്വാസകരമാണ് പക്ഷെ അതു നിങ്ങളെ നിങ്ങളുടെ ജീവിതത്തിനുവേണ്ടിയുള്ള ദൈവത്തിന്റെ സംപൂർണ്ണപദ്ധതിയിൽ നിന്നും അകറ്റി നിർത്തും.

# ചെറിയ അനുഭവങ്ങളെ തുച്ഛീകരിക്കരുത്

*അല്പകാര്യങ്ങളുടെ ദിവസത്തെ ആർ തുച്ഛീകരിക്കുന്നു?*

— സെഖര്യാവ്. 4:10

മിക്കവാറും ദൈവത്തിൽ വിശ്വസിക്കുന്ന നമുക്ക് അതിനായി ലഭിച്ച തെളിവുകൾ ചെറിയ ആരംഭങ്ങളിൽ നിന്നായിരിക്കും. ഒരു ചെറിയ വിത്ത്, ഒരു കൈമുഷ്ടിയോളമുള്ള മേഘം (1 രാജ. 18:44) എന്നിങ്ങനെ, എന്നാൽ ആ ചെറിയ വിത്തിൽ നാം സന്തോഷിക്കുക, എന്തെന്നാൽ അതു വരാൻ പോകുന്ന വലിയ കാര്യങ്ങളുടെ അടയാളം മാത്രമാണ്. ആ ചെറിയ വിത്തന്മേൽ പരാതികളുടെ ശാപവർഷം നടത്തരുത്. നമുക്കു ദൈവം തരുന്ന വലിയ പ്രത്യാശയുടെ പ്രതീകമാണ്. ആ ചെറിയ വിത്ത് - ചെറുതാണെങ്കിലും ഒന്നുമില്ലാത്ത അവസ്ഥയെക്കാൾ അത് എത്ര ഭേദമാണ്. "ദൈവമെ, ഈ അല്പത്തിൽ കൂടെ നീ തരുന്ന പ്രത്യാശയ്ക്കായി നന്ദി കരേറ്റുന്നു, എനിക്കൊന്നു പിടിച്ചു നില്ക്കാനായിതന്നെ ഈ ചെറിയ ആരംഭത്തിനു നന്ദി എന്നു നാം പറയണം."

വിശ്വാസത്തോടെ ആ ചെറിയ വിത്തിനെ നടുക. എന്റെ ധാരാളം വിത്തുകളെ ഞാൻ വലിച്ചെറിഞ്ഞു കളഞ്ഞതായി പരിശുദ്ധാത്മാവ് കാണിച്ചുതന്നു. നാം ചിലതിനെ തുച്ഛീകരിക്കുന്നതു ലാഘവത്തോടെയാണ്. യാതൊരു വിലയും കല്പിക്കാതെ അശ്രദ്ധയോടെയാണതു ചെയ്യുന്നത്. എന്നാൽ ദൈവം നമുക്കു തരുന്നതിനെ നാം തള്ളിക്കളയുമ്പോൾ വലിയ നഷ്ടമാണ് വരുത്തിവയ്ക്കുന്നത്. വിത്തുകളെ നഷ്ടമാക്കുക എന്നു പറഞ്ഞാൽ വലിയൊരു കൊയ്ത്തിനെ നഷ്ടമാക്കിയെന്നർത്ഥം. എബ്രായർ 13:15-ൽ "ഉള്ളതുകൊണ്ട് തൃപ്തിപ്പെടുവിൻ" എന്നു പറഞ്ഞിരിക്കുന്നു. തിരുവെഴുത്തിൽ തുടർന്നു വായിക്കുന്നത് "ഞാൻ നിന്നെ ഒരുനാളും കൈവിടുകയില്ല, ഉപേക്ഷിക്കുകയുമില്ല" എന്നു ദൈവം തന്നെ അരുളിച്ചെയ്തിരിക്കുന്നു. അല്പകാര്യങ്ങളുടെ ആരംഭത്തെ വിശ്വാസത്താൽ സ്വീകരിച്ച് സംതൃപ്തരാകുവാൻ നമുക്ക് കഴിയുന്നത് ഇതിനാലാണ്. നമ്മുടെ വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നതിനും കർത്താവാണെന്നു നമുക്കറിയാം (എബ്രായർ 12:12). അവൻ ആരംഭിക്കുന്നത് അവൻ പൂർത്തിയാക്കും. (ഫിലിപ്പിയർ. 1:6). നമ്മുടെ വിശ്വാസം അവസാനത്തോളം മുറുകെ പിടിച്ചാൽ നമുക്കുവേണ്ടി അവൻ അതു നിർവ്വഹിക്കും (എബ്രായർ 3:6).

# ദൈവം നമ്മുടെ സങ്കേതം

*എന്റെ ബലമായ യഹോവേ ഞാൻ നിന്നെ സ്നേഹിക്കുന്നു. യഹോവ എന്റെ ശൈലവും എന്റെ കോട്ടയും, എന്റെ രക്ഷകനും എന്റെ ദൈവവും, ഞാൻ ശരണ മാക്കുന്ന എന്റെ പാറയും എന്റെ പരിചയും എന്റെ രക്ഷയായ കൊമ്പും എന്റെ ഗോപുരവും ആകുന്നു. സ്തുത്യനായ യഹോവയെ ഞാൻ വിളിച്ചപേക്ഷിക്കു കയും എന്റെ ശത്രുക്കളുടെ കയ്യിൽ നിന്നു രക്ഷപ്രാപിക്കുകയും ചെയ്യും.*

— സങ്കീർത്തനം. 18:1–3

സ്ഥിരമായ അടിസ്ഥാനത്തെയാണ് പാറ ചൂണ്ടിക്കാട്ടുന്നത്. നമ്മെ ഭീഷണി പ്പെടുത്തുന്ന പരിശോധനയുടെ വെള്ളം നമുക്കുമീതെ കൂടി കവിയുമ്പോൾ ദാവീദിനെപ്പോലെ നമ്മെക്കാൾ ഉന്നതമായിരിക്കുന്ന പാറയിലേക്കു കയറി ക്കൊള്ളണം. ദാവീദ് യഹോവയെ വീണ്ടും “എന്റെ കോട്ട” എന്നു വിളിക്കു ന്നു. കോട്ട എന്നാൽ കൊട്ടാരം, ദുർഗ്ഗം, പ്രതിരോധം, ശത്രുവിന്റെ ആക്രമ ണത്തിൽ നിന്നും  രക്ഷപ്പെടാനായി നാം കണ്ടെത്തുന്ന സുരക്ഷിതസ്ഥാ നം, ഒളിവിടം എന്നൊക്കെയാണ് അർത്ഥം. ദൈവം നമ്മുടെ സങ്കേതസ്ഥാന മാകയാൽ എല്ലാവിധ പോരാട്ടങ്ങളിൽ നിന്നും രക്ഷപ്പെട്ട് സുരക്ഷിതമായി രിപ്പാൻ അവനിൽ നമുക്ക് ഇടം ഉണ്ട്.

ദാവീദ് പിന്നെയും ദൈവത്തെ ‘ഗോപുരം’ എന്നു വിളിച്ചിരിക്കുന്നു. ഇതു ഉയർന്നതും എത്തിപിടിക്കാൻ പറ്റാത്തതുമായ സ്ഥാനം അത്രെ. കൂടാതെ ദൈവം അവന്റെ പരിചയും രക്ഷയുടെ കൊമ്പും ആകുന്നു. പരിച വിശ്വാ സിയെ ചുറ്റികാക്കുന്ന ആയുധമാണ് (എഫെ. 6:10–17). ദൈവം നമുക്കുമീ തെയും ചുറ്റിലും മാത്രമല്ല, അവൻ നമുക്കു കീഴിലും ഉണ്ട്; എന്തുകൊണ്ടെന്നാൽ “നീതിമാന്മാരെ യഹോവ താങ്ങിക്കൊള്ളും” എന്നാണ് സങ്കീർത്തനക്കാരൻ പറഞ്ഞിരിക്കുന്നത്. (സങ്കീർത്തനം 37:17)

ദൈവം തന്റെ ശക്തിയുള്ള വലതുകരം കൊണ്ട് നമ്മെ താങ്ങുകയും ചുറ്റി പരിപാലിക്കുകയും ചെയ്യുന്നത് പർവ്വതങ്ങൾ യെരുശലേം എന്ന വി ശുദ്ധ നഗരത്തെ ചുറ്റിയിരിക്കുന്നതുപോലെയാണ്. സാത്താൻ നമുക്കെതി രെയാണ് പക്ഷെ ദൈവം നമുക്കനുകൂലമാണ്. നമുക്കു മീതെയും, നമ്മോ ടുകൂടെയും,  നമ്മിലും ഉണ്ട്, എന്തുകൊണ്ടെന്നാൽ അവൻ നമുക്കായി കരു തുന്നു. ആയതിനാൽ നമുക്കവന്റെ ചിറകിന്റെ നിഴലിൽ സമാധാനത്തോടെ വിശ്രമിക്കുകയും നമ്മുടെ സകല ചിന്താകുലങ്ങളെയും അവന്റെമേൽ ഇടു കയും ചെയ്യാം.

# ഭയത്തെ നേരിടുന്നു

*നിങ്ങളുടെ പ്രതിയോഗിയായ പിശാച് അലറുന്ന സിംഹം പോലെ ആരെ വിഴുങ്ങേണ്ടു എന്നു തിരിഞ്ഞു ചുറ്റി നടക്കുന്നു.*

— 1 പത്രൊസ് 5:8

ഈ വേദഭാഗത്ത് സാത്താൻ വലിയ ശക്തിയുള്ളതായി പറഞ്ഞിട്ടില്ല. 'ആരെ വിഴുങ്ങേണ്ടു' എന്ന സന്ദേഹം എന്നല്ലാതെ തീർച്ചയായും വിഴുങ്ങും എന്നു പറഞ്ഞിട്ടില്ല. ആകയാൽ നമ്മൾ കൊടുക്കുന്ന ശക്തിയല്ലാതെ അവനു പ്രത്യേക ശക്തിയൊന്നുമില്ലെന്നു മനസ്സിലാക്കണം.

ഭയം എന്നതു സാത്താന്റെ ഒരു പ്രത്യേക തന്ത്രമാണ്. ഇതുവഴിയാണ് നമ്മെ തടയുവാൻ അവൻ ശ്രമിക്കുന്നത്. മുമ്പോട്ടു പൊയ്ക്കൊൾക ഭയത്തോടെ ചെയ്തുകൊള്ളുക എന്നാണ് ദൈവം പറയുന്നത്. ആരോടെങ്കിലും സാക്ഷ്യം പങ്കുവയ്ക്കാനോ, ഒരു ലഘുലേഖ കൊടുക്കുവാനോ ദൈവം ആവശ്യപ്പെടുമ്പോൾ നമ്മുടെ മറുപടി ഇപ്രകാരമായിരിക്കും. ദൈവം എന്നാൽ അതു ചെയ്യുവാൻ ആഗ്രഹിക്കുന്നു പക്ഷെ എന്തോ ഒരല്പം ഭയം, എന്നാലും നീ എന്നോടുകൂടെയുണ്ട് എന്നു ഞാൻ വിശ്വസിക്കുന്നതിനാൽ ഞാനതു പോയി ചെയ്യും. നാം സഭയിൽ കൊടുത്തുകൊണ്ടിരിക്കുന്ന സ്തോത്രകാഴ്ചകൾ കുറച്ചുകൂടികൊടുക്കുവാനും അങ്ങനെ ഭാഗികമായി ഒരു വിത്തു നടീൽ നടത്താനും (ലൂക്കോസ് 6:38) ദൈവം ആവശ്യപ്പെട്ടാൽ "അതെ കർത്താവെ ഞാനതു ചെയ്യും" അല്പം ലാഭമെന്നു കരുതിയല്ല പിന്നെയോ ഇതു നിന്റെ ശബ്ദമാണെന്നു വിശ്വസിച്ച് നിന്റെ വാക്കിൻ പ്രകാരം ഞാൻ എന്നു പറയണം.

ദൈവം നിങ്ങൾക്കായി കരുതിയിരിക്കുന്ന സൗഭാഗ്യത്തെ സാത്താൻ അപഹരിക്കുവാൻ അനുവദിക്കരുത്. നിങ്ങളുടെ ഭയത്തെ നേരിടാനായി ചുവടു വക്കണം. അങ്ങനെ തന്നെ നിങ്ങളുടെ വേദനകളെയും, പ്രതികൂലങ്ങളയും നേരിടുമ്പോഴാണ് ഒരു വിജയിയായി നിങ്ങൾ തീരുന്നത്. ആർക്കും ആസ്വദിക്കാൻ കഴിയാത്ത ദൈവിക നിറവിൽ സന്തോഷിക്കാൻ നിങ്ങൾക്കു കഴിയും. വ്യത്യാസം ഇത്രമാത്രം: ഒന്നു ഭയത്താൽ നിർത്താലാക്കുമ്പോൾ അത് ഭയത്തെ കീഴടക്കി മുന്നേറുന്നു. ആകയാൽ ഭയത്തോടെയെങ്കിലും ദൈവേഷ്ടം ചെയ്യുവാൻ ഇന്നു തീരുമാനിക്കുക.

# ക്രിസ്തുവിനെപ്പോലെ സംസാരിക്കുക

*ഓരോരുത്തനോടും നിങ്ങൾ എങ്ങനെ ഉത്തരം പറയും എന്നറിയേണ്ടതിന് നിങ്ങളുടെ വാക്ക് എപ്പോഴും കൃപയോടുകൂടിയതും സന്തോഷപ്രദം) ഉപ്പിനാൽ രുചി വരുത്തിയതും (നഷ്ടപ്പെടാത്തതും) ആയിരിക്കും.* — കൊലൊസ്യർ 4:6

പുതിയ നിയമത്തിലുടനീളം യേശുക്രിസ്തുവിന്റെ പ്രവർത്തിയെ രണ്ടു വിധത്തിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ദൈവാലയത്തിലെ പൊൻവാണിഭക്കാരെ നേരിട്ടത് അവരുടെ മേശകളെ തട്ടിത്തെറിപ്പിച്ചുകൊണ്ടാണ്. ദൈവശക്തി അവിടെ കൂടിവന്നവർക്കെല്ലാം വെളിപ്പെടുമാറാണ് അവൻ തിരുവെഴുത്തിനെ പ്രസ്താവിച്ചത്. "എന്റെ ആലയം പ്രാർത്ഥനാലയം എന്നു വിളിക്കപ്പെടും എന്നെഴുതിയിരിക്കുന്നു; നിങ്ങളോ അതിനെ കള്ളന്മാരുടെ ഗുഹയാക്കി തീർക്കുന്നു" (മത്തായി 21:13). മറ്റു സ്ഥലങ്ങളിൽ നാം യേശുവിനെ കാണുന്നത് സ്വയരക്ഷയ്ക്കുവേണ്ടിപോലും സ്വരമുയർത്താതെ എല്ലാ വ്യാജ ആരോപണങ്ങളും ഏറ്റുവാങ്ങി നില്ക്കുന്നതായിട്ടാണ്. യേശുവിന്റെ ഈ പ്രതികരണങ്ങളിൽ നിന്ന് നാം എന്താണ് മനസ്സിലാക്കേണ്ടത്? അത്യാവശ്യ സമയങ്ങളിൽ ഒരു സിംഹത്തെപ്പോലെയായിരുന്നെങ്കിലും ഒരു കുഞ്ഞാടായിട്ടാണ് നാം അവനെ സർവ്വദാ കാണുന്നത്. എന്നിരുന്നാലും തന്റെ സംസാരങ്ങളിൽ പാപത്തിന്റേതായ അഹങ്കാരമോ പരാജയമോ കടന്നുകൂടാൻ അനുവദിച്ചിരുന്നില്ല. നമുക്കെതിരായി വരുന്നവരെ പ്രതിരോധിക്കാതിരിക്കുന്നതും ഒരു വെല്ലുവിളിതന്നെയാണ്. അധിക്ഷേപങ്ങളെയും ഒറ്റപ്പെടുത്തലുകളെയും ഒരു നാണയത്തിൽതന്നെ പ്രതികരിക്കാതെ കണ്ണടച്ചുകളയുക പ്രയാസമാണ്. എന്നാൽ യെശയ്യാവ് 53:7ൽ യേശുവിനെക്കുറിച്ച് പറഞ്ഞിരിക്കുന്നത് ശ്രദ്ധേയമാണ്. "തന്നെത്താൻ താഴ്ത്തി വായെ തുറക്കാതിരുന്നിട്ടും പീഡിപ്പിക്കപ്പെട്ടു, കൊല്ലുവാൻ കൊണ്ടു പോകുന്ന കുഞ്ഞാടിനെപോലെയും രോമം കത്രിക്കുന്നവരുടെ മുമ്പാകെയിരിക്കുന്ന ആടിനെപ്പോലെയും അവൻ വായെ തുറക്കാതിരുന്നു."

ചില സന്ദർഭങ്ങളിൽ മറ്റുള്ളവരുമായുള്ള നമ്മുടെ ഇടപാടിൽ ഇങ്ങനെ ക്രിസ്തുവിനെപ്പോലെയായിരിക്കുക എന്നതു വളരെ കഠിനമായ ഒന്നാണെന്നു ഞാൻ കരുതുന്നു. ആരെങ്കിലും നമ്മോട് മോശമായി പെരുമാറുകയും, അധിക്ഷേപിക്കുകയും, താഴ്ത്തിക്കെട്ടുകയും ചെയ്യുമ്പോൾ ദൈവസ്നേഹത്തിൽ അവരെ നോക്കുകയും ദൈവത്തിനായി കാത്തിരിക്കുകയും ചെയ്യുക എന്നതു അതികഠിനമായ കാര്യം തന്നെയാണ്. എന്നാൽ ആ സന്ദർഭങ്ങളിൽ ക്രിസ്തുവിനെപ്പോലെ ആയിരിക്കാൻ ശക്തി തരുന്ന ദൈവത്തിന് നന്ദി പറയാം. പലപ്പോഴും എന്റെ പഴയ പ്രകൃതം പൊന്തിവരുമാറുണ്ടെങ്കിലും ഞാൻ കൂടുതൽ ആത്മസംയമനം പാലിച്ചുകൊണ്ടിരിക്കുന്നു. മെച്ചപ്പെടുത്തുന്നതിനുള്ള താക്കോൽ ദൈവം എതിർക്കുവാൻ ആവശ്യപ്പെടുമ്പോൾ എതിർക്കുകയും, വിട്ടുകളയുവാൻ പറയുമ്പോൾ വിട്ടുമൗനമായിരിക്കുവാൻ പഠിക്കുന്നതുമാണ്.

# ശരിയായ സ്നേഹിതർക്കായി പ്രാർത്ഥിക്കുക

*നിങ്ങളുടെ ജീവിതത്തെ മലിനപ്പെടുത്തുന്നവരുമായി കൂട്ടുകൂടരുത്*

— 2 കൊരിന്ത്യർ. 6:17

യഥാർത്ഥ സ്നേഹിതൻ ഒരിക്കലും നിങ്ങളുടെമേൽ നിയന്ത്രണം സ്ഥാപിക്കുകയില്ല. ദൈവഹിതം പ്രവർത്തിക്കുന്നതിനു സഹായിക്കുകയേള്ളൂ. വിശ്വസ്തരായ സ്നേഹിതന്മാരെ തരണമെ എന്നു ദൈവത്തോടു പ്രാർത്ഥിക്കണം. ഒരു പക്ഷെ നല്ല സ്നേഹിതർക്കായി നിങ്ങളുടെ വിശ്വാസത്തെ ഉപയോഗിച്ചിട്ടില്ലായിരിക്കും. എന്നാൽ ദൈവം നിങ്ങൾക്കൊരു പുതിയ ജീവിതം തരുവാനാണ് ആഗ്രഹിക്കുന്നത് അവൻ നമ്മെ വിശ്വാസത്താൽ ജീവിക്കുവാനായി ക്ഷണിക്കുന്നു. നിങ്ങളുടെ ജീവിതത്തിൽ യാതൊരു ഭാഗവും ഉപേക്ഷിക്കാതെ നിങ്ങളുടെ ആവശ്യങ്ങളെ അറിഞ്ഞ് സംപൂർണ്ണ ജീവിതത്തിനു വേണ്ടി അവൻ പ്രവർത്തിക്കുന്നു.

എല്ലാവരും അംഗീകരിക്കത്തക്ക നിലയിൽ ആയിരിപ്പാൻ എനിക്കോ നിങ്ങൾക്കായിട്ടോ കഴിയുകയില്ല. എന്നാൽ എല്ലാവരെയും നമുക്കനുകൂലമാക്കുവാനും ബന്ധപ്പെടുത്തുവാനും ദൈവത്തിനു കഴിയും. ചിലപ്പോൾ ചില ആളുകളുമായി നാം ബന്ധപ്പെടുന്നതിനു ശ്രമിക്കും എന്നാൽ ആ ബന്ധം ദൈവത്തിനാഗ്രഹമില്ലായിരിക്കും. കഴിഞ്ഞ കാലങ്ങളിൽ ചിലരുമായി ബന്ധം സ്ഥാപിക്കുന്നതിന് ഞാൻ കഠിന പ്രയത്നം ചെയ്തിട്ടുണ്ട്. അവരുടെ അംഗീകാരത്തിനായി സ്വന്തമനസ്സാക്ഷിയെ കൂടാതെ അവരുടെ ആഗ്രഹങ്ങളുമായി സംയോജിപ്പിച്ചിട്ടുണ്ട്. എന്നാൽ ആ ആളുകളാണ് എന്നെ ഒന്നാമതായി അവഗണിച്ചതും പ്രവർത്തനങ്ങളിൽ നിന്നും പുറത്താക്കിയതും. ആ കൂട്ടുകെട്ടുകൾ ഒരു തെറ്റായിപ്പോയി എന്നു ഞാൻ ഇന്നു തിരിച്ചറിഞ്ഞിരിക്കുന്നു. ഞാൻ സുരക്ഷിത അല്ലാതിരുന്നതിനാൽ ആ പ്രത്യേക ആളുകളുമായുള്ള ബന്ധം എനിക്കു പ്രത്യേകിച്ചു പ്രധാന്യത നല്കുമെന്ന് ഞാൻ വിചാരിച്ചുപോയി.

നാം നമ്മുടെ വിശ്വാസം ദൈവത്തിൽ അർപ്പിക്കുകയും നല്ല സ്നേഹിതന്മാരെയും എന്നല്ല നമ്മുടെ എല്ലാ ആവശ്യങ്ങളെയും തന്നു സഹായിപ്പാൻ ദൈവത്തോടു പ്രാർത്ഥിക്കുകയും വേണം.

# ഒരു ആഹ്ലാദ ഹൃദയം

*സന്തുഷ്ട ഹൃദയം നല്ലൊരു ഔഷധമാകുന്നു;*
*തകർന്ന മനസ്സോ അസ്ഥികളെ ഉണ്ടാക്കുന്നു*

— സദൃശ്യവാക്യങ്ങൾ 17:22

ഒരു ആഹ്ലാദ ഹൃദയം പ്രാപിക്കുന്നതിന് നല്ലതും ഉത്തേജനം നല്കുന്നതുമായ ദൈവിക സംഗീതം വലിയ സഹായമാണ്. നാം അതു കേൾക്കുമ്പോൾ കൂടെ പാടുവാനും താളം പിടിക്കുവാനും ആഗ്രഹിക്കും. ഒരു സന്തുഷ്ട ഹൃദയമുണ്ടെങ്കിൽ സന്തോഷത്തോടുകൂടെ നമ്മുടെ ജോലികൾ ചെയ്യുവാൻ സാധിക്കും. "യാഹിലെ സന്തോഷം എന്റെ ബലം ആകുന്നു" എന്ന ബൈബിൾ വചനപ്രകാരം കൂടുതൽ ഉത്സാഹവും കഴിവും, നമ്മുടെ ജീവിതത്തിലെക്കു പ്രവഹിക്കും. എന്നാൽ തിരഞ്ഞെടുപ്പു നമുക്കുള്ളതാണ്, നമ്മുടെ ജീവിത വഴികളെ ഈർഷ്യയോടും കുഴഞ്ഞുമറിഞ്ഞ അവസ്ഥയിലും ആക്കി കുഴപ്പങ്ങളുടെ പാട്ടുംപാടി മുറുമുറുപ്പോടും പ്രതിഷേധത്തോടുംകൂടെ ജീവിക്കണമോ അതോ ആഹ്ലാദചിത്തരായി കഴിയണമോ? രണ്ടിലൊന്നു മാത്രം.

# സംശയങ്ങൾ നീങ്ങിപ്പോകട്ടെ!

*മോശെ യഹോവയോട് കർത്താവെ മുമ്പെ തന്നെയും നീ അടിയനോട് സംസാരിച്ച ശേഷവും ഞാൻ വാക്സാമർത്ഥ്യമുള്ളവനല്ല. ഞാൻ വിക്കനും തടിച്ച നാവുള്ളവനും ആകുന്നു എന്നു പറഞ്ഞു.*

— പുറപ്പാട് 4:10

ദൈവത്തിന്റെ പ്രതിപുരുഷനായി നിന്ന് ഫറവോനോടും യിസ്രായേല്യരോടും സംസാരിക്കാൻ ദൈവം മോശെയെ വിളിച്ചപ്പോൾ, അവന്റെ ടമറുപടി, ഞാൻ വാക്സാമർത്ഥ്യം ഇല്ലാത്തവനും, തടിച്ച നാവുള്ളവനുമാകുന്നു എന്നായിരുന്നു. ദൈവത്തിന്റെ മറുചോദ്യം "മനുഷ്യന് വായെ കൊടുക്കുന്നത് ആർ? യഹോവയായ ഞാൻ അല്ലോയോ?" എന്നായിരുന്നു. (പുറപ്പാട് 4:11). ദൈവത്തിന് നമ്മുടെ ബലഹീനതകളെല്ലാം അറിയാമോ എന്നായിരിക്കാം നമ്മുടെ സംശയം, എന്നാൽ അവന് എല്ലാം അറിയാം. ദൈവവചനഘോഷണത്തിന്റെ ശുശ്രൂഷകയായിരിക്കുക എന്ന വലിയ പദവിയിലേക്ക് ഞാൻ വിളിക്കപ്പെട്ടപ്പോൾ ഞാൻ ദൈവത്തെ ഓർപ്പിച്ചത് ഞാൻ ഒരു സ്ത്രീ ആകുന്നു എന്നാണ്. ദൈവം അതു മറന്നുപോയോ എന്നായിരുന്നു എന്റെ സംശയം. എനിക്കതിൽ പ്രശ്നം ഒന്നും ഇല്ലായിരുന്നുവെങ്കിലും മറ്റുള്ളവർക്കുണ്ടായിരിക്കുമെന്നു ഞാൻ വിചാരിച്ചു. ഇതു എന്നിൽ പല സംശയങ്ങളെയും കൊണ്ടുവന്നു. എന്നാൽ ഞാൻ ആരംഭിക്കുംമുമ്പെ ആ സംശയങ്ങൾ നീങ്ങിപ്പോയിരുന്നു.

12-ാം വാക്യത്തിൽ ദൈവം മോശെയോട് "ആകയാൽ നീ ചെല്ലുക (പോകുക) ഞാൻ നിന്റെ വായോടുകൂടെയിരുന്നു നീ സംസാരിക്കേണ്ടതു നിനക്കു ഉപദേശിച്ചു തരും എന്നരുളിചെയ്തു" അടുത്ത പ്രാവശ്യം ദൈവം നിന്നോട് അവനുവേണ്ടി സംസാരിക്കാൻ ആവശ്യപ്പെട്ടാൽ സംശയിക്കാതെയും ഭയംകൂടാതെയും ദൈവമാണ് എന്നെ അയച്ചത് അവൻ എന്റെ വായോടുകൂടെയിരുന്ന് എനിക്ക് ആലോചന പറഞ്ഞുതരും എന്നു വിശ്വസിക്കുക.

# നിന്റെ വാക്കുകളെ സൂക്ഷിക്കുന്നതിന്റെ പ്രാധാന്യം

*ദൈവത്തിന് നേർച്ച നേർന്നാൽ കഴിപ്പാൻ താമസിക്കരുത്; മൂഢന്മാരിൽ അവനു പ്രസാദമില്ല.(ആലോചനയില്ലാതെ പരിഹസിക്കുന്നവൻ) നീ നേർന്നതു കഴിക്ക. നേർന്നിട്ടു കഴിക്കാതിരിക്കുന്നതിനെക്കാൾ നേരാതെയിരിക്കുന്നത് നല്ലത്*

— സഭാപ്രസംഗി 5:4,5

അടുത്ത നാളിൽ ഒരു പ്രത്യേക കാര്യത്തിനായി ഞാൻ ആളുകളെ ക്ഷണിച്ചപ്പോൾ പങ്കെടുക്കുന്നവർ മുൻകൂട്ടി അറിയിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. ഏതാണ്ട് തൊള്ളായിരം പേരുകൾ രജിസ്റ്റർ ചെയ്തെങ്കിലും എഴുന്നൂറുപേർ മാത്രമെ പങ്കെടുത്തുള്ളൂ. വളരെ കുറച്ചുപേർ മാത്രമെ ഞങ്ങൾ വരികയില്ല എന്നറിയിച്ചുള്ളൂ. ഇതുമൂലം ഉണ്ടായ രണ്ടു പ്രശ്നങ്ങൾ: ഒന്നാമത് അവർ തങ്ങളുടെ വാക്കു പാലിച്ചില്ല എന്നതാണ്. രണ്ടാമത് ഞങ്ങൾ രജിസ്റ്റർ ചെയ്തവരുടെ എണ്ണമനുസരിച്ച് ഭക്ഷണം തയ്യാറാക്കിയിരുന്നതിനാൽ വരാതിരുന്നവരുടെ ഭക്ഷണം മിസ്സായി ശേഷിച്ചു.

നമ്മുടെ സമൂഹത്തിൽ ഇതൊരു വ്യാപകമായ പ്രശ്നമാണിത്. ഭൂരിപക്ഷം ആളുകളും അവർ എന്തു പറയുന്നു എന്നറിയാതെ വാക്കുകൊടുക്കുകയും യാതൊരു നല്ല കാരണവുമില്ലാതെ ആ വാക്കു മാറുകയും ചെയ്യുന്നു. അവർ ചെയ്യേണ്ടിയിരുന്നത് ചെയ്യാതെ പോയി എന്ന വിചാരം അവർക്കില്ല. എന്നാൽ നാം പറയുന്ന വാക്കു ഒരു ഉടമ്പടിയാണെന്ന കാര്യം വിസ്മരിക്കരുത്.

നിങ്ങൾക്കു ചെയ്യാൻ കഴിയുമോ എന്നു ചിന്തിക്കാതെ യാതൊരു കാര്യവും ഉറപ്പാക്കരുത്. എനിക്കു വാക്കു തന്നിട്ടു വരാതെ പോയവർക്കു അതിനുള്ള പല നല്ല കാരണങ്ങളുണ്ടായിരിക്കാം. പക്ഷെ യഥാർത്ഥത്തിൽ അവർ തങ്ങളുടെ വാക്കുകൾക്ക് വില കല്പ്പിച്ചില്ല എന്നതാണ് സത്യം. നാം കൊടുത്ത വാക്കു പാലിക്കേണ്ടതിനു അസൗകര്യങ്ങൾ നേരിടേണ്ടി വന്നാലും അതു വെളിപ്പെടുത്തുന്നത് ഒരു സ്വഭാവത്തെയാണ്. നാം മാതൃകയുള്ളവരായിരിക്കേണ്ടതാണ് എന്തുകൊണ്ടെന്നാൽ ക്രിസ്ത്യാനികളായ നമ്മെ ലോകം നോക്കിക്കൊണ്ടിരിക്കുകയാണ്. അവർ നോക്കുന്നത് നാം പറയുന്നതുപോലെ ചെയ്യുന്നവരും വിശ്വാസത്തിനൊത്തവണ്ണം ജീവിക്കുന്നവരുമാണോ എന്നാണ്.

# ഒരു സമയത്ത് ഒരു ചുവട്

*...ഞാൻ ക്രിസ്തുയേശുവിനാൽ (മശിഹാ) പിടിക്കപ്പെട്ടിരിക്കുന്നതുകൊണ്ട് എനിക്കും അതു പിടിക്കാമോ എന്നുവെച്ചു പിന്തുടരുന്നതേയുള്ളൂ.*

— ഫിലിപ്പിയർ 3:12

ദൈവത്തെ പിൻതുടരുന്നത് മല കയറുന്നതുപോലെയാണ്. നാം കയറാറുള്ള മലയുടെ ഉയരം ദൈവം കാണിച്ചു തന്നാൽ ആദ്യചുവട് എടുക്കാൻ നാം ഭയപ്പെടുമായിരുന്നു. നാം അതിനു തയ്യാറല്ല, ഇത്രയും ഉയരം കയറാനുള്ള പരിശീലനം എനിക്കില്ല എന്നിങ്ങനെ നാം ദൈവവുമായി വാദിക്കുമായിരുന്നു. എന്നാൽ അവൻ ആ ഉയരം നമ്മൾ കാണാതെവണ്ണം മേഘങ്ങളാൽ മൂടിയിരിക്കുന്നു. നാം ചെയ്യേണ്ടത് നമുക്ക് മുന്നിലുള്ള ചുവടുകൾ എടുക്കുക മാത്രമാണ്. ആദ്യത്തെ ചുവടുവയ്പ്പ് സുഖമായിരുന്നാൽ അടുത്തത് വീണ്ടും, അടുത്തത് എന്നിങ്ങനെ ചുവടുകൾ വച്ച് ഒരുദിവസം നാം ആ മലയുടെ മുകളിൽ എത്തിച്ചേരും. അപ്പോൾ നാം നമ്മുടെ യാത്രയെ ഓർത്ത് അത്യധികം സന്തോഷിക്കും.

ദൈവശബ്ദം കേൾക്കുവാൻ കഴിയുന്നില്ല എന്ന പരാതിയുമായി എന്നെ സമീപിച്ച ഒരു സ്ത്രീയോട് ഞാൻ സംസാരിച്ചു. ചില പ്രത്യേക കാര്യങ്ങൾക്കായി അവൾ ദൈവത്തോടു സംസാരിക്കുകയും ആലോചന തേടുകയും ചെയ്തെങ്കിലും ദൈവം അവളോട് സംസാരിക്കുന്നില്ല എന്നവൾ പറഞ്ഞു. ദൈവം എന്നോട് അപ്പോൾ പറഞ്ഞത്, ദൈവം ആവശ്യപ്പെട്ട ചില ചെറിയ കാര്യങ്ങൾ അവൾ ഇതുവരെയും ചെയ്തുതീർത്തിട്ടില്ല, അതുമൂലം മറ്റുകാര്യങ്ങൾ അവളെ ചുമതലപ്പെടുത്താൻ ദൈവം തയ്യാറല്ലാത്തതിനാലാണ് സംസാരിക്കാത്തത് എന്നാണ്.

നമുക്കുവേണ്ടിയുള്ള ദൈവത്തിന്റെ പദ്ധതിയിൽ നിന്നു മറ്റൊന്നിലേക്കു ചാടി മാറുവാൻ നമുക്കു കഴിയുകയില്ല. ത്യാഗത്തിന്റേതായ കഠിനവഴികളിൽ നിന്നു മാറിപ്പോകുവാൻ നമുക്കു കഴിയുകയില്ല. ഞാൻ ആവർത്തിച്ചു പറയട്ടെ: ദൈവത്തിന്റെ വഴിയെ പിൻപറ്റുക എന്നു വച്ചാൽ നമ്മുടെ ജീവിനെ അതിൽ നിക്ഷേപിക്കുക എന്നാണ്. ദൈവ ഇഷ്ടത്തിനായി നമ്മുടെ ഇഷ്ടം ബലികഴിക്കണം. അവന്റെ വഴി കണ്ടെത്തുവാൻ നമ്മുടെ വഴിയെ ബലി കഴിക്കണം. ബലിയെ ഭയപ്പെടരുത് നമ്മുടെ സകല ആഗ്രഹങ്ങളിൽ നിന്നും നമ്മെ സ്വതന്ത്രരാക്കി അവന്റെ ആഗ്രഹങ്ങളെ നമ്മിൽ സാധിപ്പിക്കും.

# ആകർഷണീയമായിരിക്കുന്നത് പാപമല്ല

*നിങ്ങളുടെ അലങ്കാരം തലമുടി പിന്നുന്നതും പൊന്നണിയുന്നതും വസ്ത്രം ധരിക്കുന്നതും ഇങ്ങനെ പുറമെയുള്ളതല്ല, സൗമ്യതയും സാവധാനതയുമുള്ള മനസ്സ് എന്ന അക്ഷയഭൂഷണമായ ഹൃദയത്തിന്റെ ഗൂഢമനുഷ്യൻ തന്നെ ആയിരിക്കണം; അതു ദൈവസന്നിധിയിൽ വിലയേറിയതാകുന്നു.*

— 1 പത്രൊസ് 3:3,4

എന്നെ കണ്ടാൽ എങ്ങനെയുണ്ട് എന്നു ദൈവം ചിന്തിക്കാറുണ്ടോ? ഞാൻ മെലിഞ്ഞിരിക്കണമോ? ഒരുപക്ഷെ പലരും ഇങ്ങനെയൊക്കെ ചിന്തിച്ചിരിക്കും. എന്നാൽ ദൈവം ഇങ്ങനെയന്നും നമ്മുടെ പുറമെയുള്ള കാഴ്ചപ്പാടിനെ നോക്കിയല്ല വിധിക്കുന്നത് എന്നാണ് അതിനുള്ള മറുപടി. അവൻ നമ്മുടെ ഹൃദയത്തെയാണ് നോക്കുന്നത് എന്നോർത്ത് നന്ദി പറയാം. എന്നിരുന്നാലും നമ്മുടെ പുറമെയുള്ള കാഴ്ചപ്പാടും അവന്റെ മഹത്വത്തിനും ബഹുമാന ത്തിനും വേണ്ടിയായിരിക്കണം. നമ്മുടെ ജീവിതത്തിന്റെ എല്ലാ സ്ഥാനങ്ങ ളിലും അവന്റെ മഹിമയാണ് വെളിപ്പെടേണ്ടത്, അവനെ പ്രതിനിധീകരിക്കുക എന്നത് ശ്രേഷ്ഠമായ ഒരു കാര്യമാണ്. നിങ്ങൾക്കുള്ളതുകൊണ്ട് അതിമഹ ത്തായ വിധത്തിൽ അവനെ മഹത്വപ്പെടുത്തുക. ദൈവം നിങ്ങളുടെ ബാഹ്യാ വസ്ഥയെ കാണുമ്പോൾ നിങ്ങളുടെ അകത്തുള്ള ആരോഗ്യപരവും സന്തോ ഷപ്രദവുമായുള്ള ആത്മിയ അവസ്ഥയെ ആണ് മനസ്സിലാക്കുന്നത്. നമ്മൾ പറയുന്നത് സാർവ്വലൗകികമായ ഒരു കാഴ്ചപാടിനായുള്ള ബാഹ്യ ആവര ണത്തെക്കുറിച്ചല്ല, പിന്നെയോ സാധാരണമായതും ആരോഗ്യപരമായതും ക്രിയാത്മകമായതുമായ ഒന്ന് നിങ്ങൾക്കു സഹായകരവും ആരോഗ്യമായ തെന്നു സ്വയം വിലയിരുത്താവുന്നതുമായ ഒന്നിനെക്കുറിച്ചാണ്.

പത്രൊസ് ഇവിടെ സൂചിപ്പിക്കുന്നത് നയനാകർഷമായ ഒന്നിനെക്കുറി ച്ചല്ല മറിച്ച് സൗമ്യതയും സമാധാനത്തിന്റെ ആത്മാവിനാൽ നിറഞ്ഞതുമായ ഒരു ബാഹ്യാലങ്കാരത്തെക്കുറിച്ചാണ്.

നമ്മൾ നീതിയുടെ വസ്ത്രം ധരിച്ച് നടക്കുന്നതാണ് ദൈവത്തിനിഷ്ടം. അതിന്റെ അർത്ഥം നാം നല്ല വസ്ത്രങ്ങൾ ധരിച്ച് മോടിയോടെ നടക്കരുതെ ന്നല്ല. നിങ്ങൾ നിങ്ങളെ ബഹുമാനിച്ചാലെ മറ്റുള്ളവരും നിങ്ങളെ ബഹുമാ നിക്കുകയുള്ളൂ. ആത്മിക ജീവിതത്തിൽ മറ്റെല്ലാ കാര്യങ്ങളെയുംപോലെ ഇവി ടെയും ഒരു ബാലൻസിങ് ആവശ്യമാണ്. നമ്മുടെ ഒരുക്കങ്ങളിൽ ദൈവം ഏല്പ്പിച്ചിരിക്കുന്ന ആ വലിയ ചിത്രം നഷ്ടപ്പെടുത്തരുത്. എന്നെ എന്തുദ്ദേ ശത്തിനായിട്ടാണോ ദൈവം ഈ ഭൂമിയിൽ വച്ചിരിക്കുന്നത് എന്നു നമ്മോടു തന്നെ ചോദിക്കുക, എന്നിട്ട് ഒരു തീരുമാനം എടുക്കുകയും ആ ദൗത്യം വിജയകരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ ആരോഗ്യപരവും, ആത്മി യവുമായ ശക്തിയെ പ്രാപിക്കുകയും വേണം.

# പ്രാപിക്കുവാൻ പഠിക്കുക

*...ഞാൻ നിന്നെ അനുഗ്രഹിച്ചു (സമൃദ്ധിയായി വർദ്ധിച്ചുവരുന്ന പ്രസാദം)... നീ... ഒരു അനുഗ്രഹമായിരിക്കും" (മറ്റുള്ളവർക്ക് നന്മ നല്കുന്നവൻ)*

— ഉല്പത്തി 12:12

ഒരു സമ്മാനം വാങ്ങുവാൻ അറിയാൻ പാടില്ലാത്തവരെ ഓർത്തു ഞാൻ അത്ഭുതപ്പെടാറുണ്ട്. ആർക്കെങ്കിലും ഏതെങ്കിലും പ്രകാരത്തിലുള്ള സമ്മാനങ്ങൾ നല്കുന്നതിലൂടെ ഞാൻ എന്റെ സ്നേഹത്തെയാണ് പ്രകടിപ്പിക്കുന്നത്. അവർ അതു ഇഷ്ടപ്പെടുമെന്നാണ് ഞാൻ വിചാരിക്കുന്നത്. എന്നാൽ അവർ അതിനെ തിരസ്ക്കരിച്ചു അതു സ്വീകരിപ്പാൻ പ്രയാസമാണ് തിരിച്ചെടുത്തുകൊള്ളൂ എന്നു പറയുമ്പോൾ എന്റെ സന്തോഷം ചോർന്നുപോകുകയാണ്. മുഖത്തടിയേറ്റപോലെ നമ്മൾ ലജ്ജിക്കേണ്ടി വരും. ഇനി ആർക്കും ഒരു സമ്മാനം കൊടുക്കാൻ സാധിക്കുമോ എന്നോർത്ത് അത്ഭുതപ്പെട്ടേക്കാം. കൃപയോടുകൂടിയ ഒരു ദാനം ആന്തരിക സുരക്ഷിതത്വം നൽകും. എന്നാൽ ആരെങ്കിലും ഹൃദയപൂർവ്വം നല്കുന്ന സമ്മാനത്തെ നിരാകരിക്കുന്നവർ മറ്റുള്ളവർ കാട്ടുന്ന ദയവിനെ അവഗണിക്കുകയാണ്. അവർ ഏറ്റവും താണ നിലവാരം പുലർത്തുന്നവരാണ്. ഒരു സമ്മാനം വാങ്ങുന്നതിലൂടെ പരസ്പരമുള്ള കൊടുക്കൽ വാങ്ങൽ എന്നൊരു ഭാരം തന്റെ മേൽ വരുമെന്നു ഭയപ്പെടുന്നു. ബന്ധങ്ങൾ, സ്ഥാപിക്കുന്നതിൽ ഉത്സാഹമില്ലാത്തവരാകാനാണ് അവർ ത്യജിക്കുന്നത്.

എന്റെ ജീവിതത്തിലും പ്രവർത്തനത്തിലും ധാരാളം സമ്മാനം കൊടുക്കുവാനുള്ള അവസരം ലഭിച്ചിട്ടുണ്ട്. ഞാൻ അതു കൊടുക്കുമ്പോൾ ഏറ്റവും ഉചിതമായ രീതിയിൽ കൊടുക്കുകയും അവരോട് അതു പറയുകയും ചെയ്യും. കൊടുക്കുന്നവരായിരിക്കുക, ദൈവം അതുവഴി മറ്റുള്ളവർ നിങ്ങളെ അനുഗ്രഹിക്കുവാൻ ഇടവരുത്തും. അവരതു ചെയ്യുമ്പോൾ നന്ദി പ്രകടിപ്പിക്കുകയും സ്വീകരിക്കുകയും വേണം. എല്ലാ ദിവസവും ഏറ്റവും നല്ലതു ചെയ്യാൻ ശ്രമിക്കുക പക്ഷെ അതു സ്വീകരിക്കുന്നതിനുള്ള വിശ്വാസവും മനസ്സും വളരെ കുറച്ചു പേർക്കു മാത്രമായിരിക്കും. ദൈവം തന്റെ സ്നേഹത്തെ നമുക്കു തരുന്നു. നമ്മുടെ ഹൃദയങ്ങളെ തുറന്ന് അത് സ്വീകരിക്കാനുള്ള തീരുമാനം എടുക്കണം. നാം വാങ്ങുന്നതുപോലെ അതു മറ്റുള്ളവരിലേക്കു പകരപ്പെടണം. ദൈവസ്നേഹത്തെ സ്വീകരിക്കുന്നത് പ്രധാനപ്പെട്ട കാര്യമാണ്. എന്തുകൊണ്ടെന്നാൽ ദൈവസ്നേഹമില്ലാതെ മറ്റുള്ളവരെ സ്നേഹിക്കുവാൻ നമുക്കു കഴിയുകയില്ല. നമുക്കില്ലാത്തതു മറ്റൊരാൾക്കു കൊടുക്കുവാൻ കഴിയുകയില്ല.

# നന്മയാൽ തിന്മയെ ജയിക്കുക

*തിന്മയോടു തോൽക്കാതെ നന്മയാൽ തിന്മയെ ജയിക്കുക*

— റോമർ 12:21

നാം നന്മയാൽ തിന്മയെ ജയിക്കണം. നമുക്കുള്ള ആയുധങ്ങളിൽ വച്ച് ഏറ്റവും ശക്തിയേറിയ ആയുധമാണിതെന്ന സത്യം ഞാൻ വിശ്വസിക്കുന്നു. അതിശ്രേഷ്ഠമായി സൂക്ഷിക്കപ്പെടുന്ന ഒരു രഹസ്യമാണിത്. ഇതു എല്ലാ വരും അറിയണമെന്ന് ദൈവം ആഗ്രഹിക്കുന്നു. എന്നാൽ സാത്താൻ പ്രശ്ന ങ്ങളും വേദനകളും നമ്മിൽ വർദ്ധിപ്പിച്ച് നമ്മെ കുഴപ്പിച്ചിരിക്കയാൽ വളരെ ചുരുക്കംപേർക്കു മാത്രമെ ഇതിന്റെ അത്യുഗ്രമായ സ്ഫോടന ശക്തിയെ തിരിച്ചറിയാൻ കഴിയുകയുള്ളൂ. നമ്മിലേക്കു കൊണ്ടുവന്നിരിക്കുന്ന വേദന കളുമായി സാത്താനെ പിന്നിലാക്കണമെങ്കിൽ നാം മറ്റുള്ളവർക്ക് നല്ലവരാ കണം. മറ്റുള്ളവർക്ക് ഉപകാരികളായി മാറ്റപ്പെടുമ്പോഴാണ് സാത്താനെ (തി ന്മ) ജയിക്കുന്നത്. വാസ്തവത്തിൽ നമ്മിൽ പ്രവർത്തിക്കുവാൻ ദൈവത്തെ അനുവദിക്കുന്നതിലൂടെ ദൈവമാണ് നമുക്കുവേണ്ടി സാത്താന്റെമേൽ ജയം എടുക്കുന്നത്. നമ്മുടെ വേദനകളിൽ കൂടെ നമ്മെ നശിപ്പിക്കാനാണ് സാത്താന്റെ ശ്രമം. എന്നാൽ നാം ചെയ്യുന്ന നന്മയാൽ അവന്റെ പ്രതീക്ഷയെ നാം തകർക്കുകയാണ്.

മറ്റുള്ളവർക്ക് നന്മ ചെയ്യുന്നവരായിരിക്കുന്നതിനാൽ സാത്താനെ ജയി ക്കുന്നു എന്നു മാത്രമല്ല, നമ്മുടെ ജീവിതത്തിലേക്കു സന്തോഷത്തെ കൊണ്ടു വരികകൂടി ചെയ്യുകയാണ്. ചരിത്രം നോക്കിയാൽ മറ്റുള്ളവരാൽ പീഡിപ്പി ക്കപ്പെടുന്നവർ നിരാശരായിത്തീരുകയാണ്. ഇതിനുള്ള കാരണം അവർ തങ്ങ ളുടെ സ്വന്തം വേദനകളിലേക്കു നോക്കുന്നതല്ലാതെ മറ്റുള്ളവരുടെ വേദന കൾ ശമിക്കുന്നതിനായി ഒന്നും ചെയ്യുന്നില്ലെന്നതാണ്. ദൈവം നമ്മെ വിളി ച്ചത് നമ്മിലേക്കു തന്നെ എത്തേണ്ടതിനല്ല പിന്നെയോ പുറത്തേക്കു എത്തേ ണ്ടതിനാണ്. നാം മറ്റുള്ളവരുടെ പ്രയാസങ്ങളിൽ സഹായികളാകുമ്പോൾ ദൈവം നമ്മുടെ ഉള്ളിലേക്കു തന്റെ സഹായവുമായി എത്തുകയും നമ്മെ സൗഖ്യമാക്കുകയും ചെയ്യും. ഏതു തകർന്ന ജീവിതങ്ങളെയും സൗഖ്യമാ ക്കുവാൻ ദൈവം ഒരുവൻ മാത്രം. അവൻ ഭൂമിയിൽ ജീവിതങ്ങളെ പുതുക്കുന്നു.

# ഒട്ടകങ്ങൾ വരുന്നു!

*നക്ഷത്രം കണ്ടതുകൊണ്ട് അവർ അത്യന്തം സന്തോഷിച്ചു! ആ വീട്ടിൽ ചെന്ന് ശിശുവിനെ അമ്മയായ മറിയയോടുകൂടെ കണ്ടു വീണു അവനെ നമസ്ക്കരിച്ചു; നിക്ഷേപ പാത്രങ്ങളെ തുറന്നു അവനു പൊന്നും, കുന്തുരുക്കവും, മൂരും കാഴ്‌വച്ചു.*

— മത്തായി 2:10,11

നമുക്കെല്ലാവർക്കും ക്രിസ്തുമസ്സ് കഥ ഓർമ്മയുണ്ട്. അതു മറിയയിലൂടെ കാലിത്തൊഴുത്തിൽ പിറന്ന യേശുവിന്റെയും നക്ഷത്രം കണ്ട് കിഴക്കുനിന്നു ശിശുവിനെ വന്ദിക്കാൻ എത്തിയ വിദ്വാന്മാരുടെയും ചരിത്രമാണ്. അവർ വരികയും അവനെ നമസ്ക്കരിച്ച് പൊന്ന്, കുന്തിരിക്കം, മൂര് എന്നീ വിലയേറിയ വസ്തുക്കളെ സമ്മാനിക്കുകയും ചെയ്തു.

ഈ കഥയിൽ യൗസേപ്പും മറിയയും സമ്മാനങ്ങൾ തേടി പുറത്തു പോയതായി കാണുന്നില്ല. ആ വല്ലാത്ത തണുപ്പും, കൂരിരുട്ടും നിറഞ്ഞ രാത്രിയിൽ തനിയെ കഴിയാൻ നിർബന്ധിതരായിട്ടും സഹായ സമ്മാനങ്ങൾക്കായി ഒരു ദൂതനെയും അയച്ചില്ല. എന്തുകൊണ്ടെന്നാൽ അവർ ദൈവഹിതത്തിന്റെ മദ്ധ്യത്തിലായിരുന്നു. ദൈവം അവർക്ക് വേണ്ട സഹായങ്ങളെ കയറ്റിയ ഒട്ടകങ്ങളുമായി കിഴക്കു നിന്നു വിദ്വാന്മാരെ പറഞ്ഞയച്ചു.

മിനിസോട്ടയിലെ ഒരു സഭയിൽ ഇതിനെ കുറിച്ചൊരു പ്രസംഗം കേൾക്കാൻ എനിക്കു സാധിച്ചു. അതിലെ വിഷയം "ഒട്ടകങ്ങൾ വരുന്നു" എന്നായിരുന്നു. അതിന്റെ ഉള്ളടക്കം. നാം ദൈവഹിത മദ്ധ്യത്തിൽ ആകുന്നെങ്കിൽ നമുക്കൊരു സഹായം എവിടെനിന്നെങ്കിലും വന്നുചേരും എന്നായിരുന്നു. നാം അതു തേടിപോകണ്ട, മറിച്ച് അതു നമ്മെത്തേടി വരും. കാര്യങ്ങൾ വേണ്ടവിധം സംഭവിക്കേണ്ടതിനു നാം ബദ്ധപ്പെടേണ്ട, ദൈവം നമുക്കായി ഒരുക്കിക്കൊള്ളും.

ദൈവഹിതത്തിന്റെ മദ്ധ്യേ വസിച്ചാൽ നമുക്കുവേണ്ടിയും ഒട്ടകങ്ങൾ വരുമെന്നാണ് എന്റെ വിശ്വാസം. എന്നാൽ ഇതു സംഭവിക്കണമെങ്കിൽ ദൈവം നമ്മെ ആക്കിയിരിക്കുന്ന സ്ഥാനത്തു വിശ്വസ്തരായി നിന്നുകൊണ്ട് ദൈവരാജ്യത്തിനു വേണ്ടി പ്രവർത്തിക്കുവാൻ നമ്മെ ഏല്പ്പിച്ച ജോലി നടത്തുകയും വേണം. ഈ സത്യം നാം വിശ്വസിക്കാൻ ആരംഭിക്കുമ്പോഴാണ് നാം സ്വതന്ത്രരായി നമ്മുടെ ഭാരങ്ങൾ അവന്റെമേൽ ഇടുന്നത്. നമ്മുടെ ഭാരങ്ങളെ എങ്ങനെയാണ് ചുക്കേണ്ടതെന്നു എന്നു ചിന്തിച്ച് രാത്രി മുഴുവൻ കണക്കുകൂട്ടി നൊമ്പരപ്പെട്ടു കഴിയാതെ നമ്മെത്തന്നെ ദൈവകരങ്ങളിൽ നിക്ഷേപിക്കുവാൻ സാധിക്കും.

# ഓ, ഞാൻ ശരിയാണ്, ഞാൻ എന്റെ വഴിയിലാണ്

*നീതിമാന്മാരുടെ പാതയോ പ്രഭാതത്തിന്റെ വെളിച്ചംപോലെ അതു നട്ടുച്ചവരെ അധികമധികം ശോഭിച്ചുവരുന്നു* — സദൃശ്യവാക്യങ്ങൾ 4:18

ഞാനും നിങ്ങളും ഇതുവരെ എത്തിയിട്ടില്ല. നമ്മൾ ആയിത്തീരുവാനുള്ള പ്രവർത്തനത്തിലാണ്. എന്റെ ജീവിതത്തിന്റെ അധികഭാഗവുംഞാൻ ശരിയാകയില്ലെന്ന ചിന്തയിലായിരുന്നു. എന്നാൽ ഇന്നു ഞാൻ എത്തിച്ചേർന്നിരിക്കുന്നു. എന്റെ ചിന്തകൾ സത്യമായിരുന്നില്ലെന്നു ഇപ്പോൾ മനസ്സിലായി. എന്റെ ഹൃദയവാഞ്ഛ ദൈവം ആഗ്രഹിക്കുന്ന വിധത്തിൽ ആയിത്തീരുന്നില്ലെന്നാണ് അതായത് എനിക്കു യേശുവിനെപ്പോലെയാകണം, എങ്കിലും എന്റെ ജഡം പലപ്പോഴും അതിനു സഹകരിക്കുന്നില്ല. റോമർ 7 – ൽ പൗലോസ് പറയുന്നത് അവൻ ആഗ്രഹിക്കുന്ന നന്മയല്ല പിന്നെയോ ആഗ്രഹിക്കാത്ത തിന്മ ചെയ്യേണ്ടി വരുന്നു എന്നാണ്. അവൻ സർവ്വദാ അങ്ങനെ ചെയ്തുപോന്നു. താനൊരു അരിഷ്ടമനുഷ്യനാണെന്നു അവൻ മനസ്സിലാക്കി. ഞാൻ അതിനോട് യോജിക്കുന്നു നിങ്ങളോ? വാക്യം 24 – ൽ 'ഈ മരണത്തിനധിനമായ ശരീരത്തിൽ നിന്ന് എന്നെ ആർ വിടുവിക്കും' എന്നു നിലവിളിക്കുകയാണ്. തുടർന്നുള്ള വാക്യങ്ങളിൽ അതിനുള്ള മറുപടി വെളിപ്പാടായി അവനു ലഭിച്ചു. "നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം ഞാൻ ദൈവത്തിനു സ്തോത്രം ചെയ്യുന്നു."

അതെ, നമുക്കെല്ലാവർക്കും നടക്കാനായി ഒരു വഴിയുണ്ട്. എത്ര ദൂരം പോകാൻ കഴിയുമെന്നോർത്തു ഞാൻ മനോഭാരപ്പെട്ടിരിക്കുന്നു. ഓരോ ദിവസവും സാത്താൻ ഇതോർപ്പിച്ചുകൊണ്ടിരുന്നു. ചിലപ്പോൾ ഓരോ മണിക്കൂറിലും ഓർപ്പിച്ചുകൊണ്ടിരുന്നു. അങ്ങനെ ഞാൻ പരാജയഭാരംപേറി നടന്നിരുന്നു. ഞാൻ ആകേണ്ടത് ആകയില്ലല്ലോ എന്ന വികാരത്തിനു കീഴ്പ്പെട്ടു. ഞാൻ ഒരു നന്മയും ചെയ്യുന്നില്ല. ഇനിയും കഠിനപ്രയത്നം ചെയ്യണം അങ്ങനെ ചെയ്യുംതോറും പിന്നെയും പരാജയം തന്നെ. ഇന്നെന്റെ മനോഭാവം മാറയിരിക്കുന്നു. "ഞാൻ ആയിത്തീരേണ്ടത് ആയിട്ടില്ലെങ്കിലും ഞാൻ ആയിരുന്നിടത്ത് ഇന്നല്ലാത്തതിനാൽ ദൈവത്തിനു നന്ദി പറയുന്നു ഞാൻ ശരിയാണ് ഞാൻ എന്റെ വഴിയിലാണ്."

ഞാൻ എത്തേണ്ടിടത്ത് എത്തിയില്ല എന്ന കാരണത്താൽ ദൈവം എന്നോടു കോപിക്കയില്ലെന്നു ഇപ്പോൾ എന്റെ പൂർണ്ണഹൃദയത്തോടെ ഞാൻ അറിയുന്നു. എന്നാൽ ആയിരിക്കുന്ന വഴിയിൽ പ്രാപിക്കാനായി ലാക്കിലേക്കു ഗമിക്കുന്നതിനാൽ അവൻ എന്നിൽ പ്രസാദിക്കുന്നു. ഞാനും നിങ്ങളും ലക്ഷ്യത്തെ ലാക്കാക്കി മുന്നേറുന്നതിൽ ദൈവം പ്രസാദിക്കുന്നു. അതുകൊണ്ട് നടപ്പിനെ സൂക്ഷിച്ചുകൊണ്ട് നടന്നുകൊൾക ഒരു നടപ്പ് എന്നാൽ ഒരു സമയത്ത് ഒരു ചുവടുവയ്ക്കുന്നതാണ് ഇത് ഓർത്തിരിക്കേണ്ട പ്രധാന കാര്യമാണ്.

# സുശക്തമായ പ്രാർത്ഥന

*നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു.*

— യാക്കോബ് 5:16

പ്രാർത്ഥന ശക്തിയേറിയതും തീക്ഷ്ണതയുള്ളതും ആയിരിക്കണം. തീക്ഷണതയുള്ളത് എന്നു വച്ചാൽ ആന്തരികവും ആത്മികവുമായ വികാരത്തിന്റെ തീവ്രതയാണ്. ഇതാണ പ്രാർത്ഥന ശക്തി നല്കുന്നത്. ചില സമയത്ത് എന്റെ പ്രാർത്ഥനാവേളകളിൽ ഈ വികാരത്തിന്റെ ആധിക്യത്തിൽ ഞാൻ കരഞ്ഞു പോകാറുണ്ട്. എന്നാൽ ഇങ്ങനെയുള്ള വികാരങ്ങൾ കൂടാതെയും പ്രാർത്ഥിക്കേണ്ട അനുഭവങ്ങൾ ധാരാളമുണ്ട്. നമ്മുടെ പ്രാർത്ഥനയെ വിലമതിക്കേണ്ടത് വികാരത്തിന്റെ അടിസ്ഥാനത്തിൽ ആയിരിക്കരുത്. സാധാരണയിൽ കവിഞ്ഞു മറ്റൊന്നുമില്ലാതെ ആത്മാർത്ഥമായി കഴിക്കുന്ന പ്രാർത്ഥനയിൽ ലഭിക്കുന്ന ദൈവസാന്നിദ്ധ്യം എനിക്ക് ഏറ്റവും പ്രചോദനവും നല്കുന്നു. ഈ രണ്ടു അനുഭവങ്ങളുടെയും വ്യത്യാസം എന്തെന്നു ഞാൻ ചിന്തിച്ചപ്പോഴാണ് വിശ്വാസത്തിന്റെ അടിസ്ഥാനം വികാരമല്ല പിന്നെയോ അതു ഹൃദയ പരിജ്ഞാനമാണ് എന്നു മനസ്സിലാക്കിയത്.

യാക്കോബ് 5:16 – ൽ നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു (ശക്തിയുള്ളതാകുന്നു) എന്നതിന്റെ അർത്ഥം ആ വ്യക്തി ശിക്ഷാവിധിയുടെ കീഴിൽ അല്ല പിന്നെയോ ദൈവത്തിലും പ്രാർത്ഥനയുടെ ശക്തിയിലും പൂർണ്ണമായി ആശ്രയിക്കുന്നു എന്നത്രെ. എന്നാൽ ഇങ്ങനെയുള്ള ഒരു വ്യക്തിയുടെ ജീവിതത്തിൽ യാതൊരുവിധ അപൂർണ്ണത പൂർണ്ണതയും ഇല്ല എന്നർത്ഥമാക്കരുത്.

യാക്കോബ് നമ്മെ ഉപദേശിക്കുന്നത് നമ്മളും ആ നീതിമാനെപ്പോലെ തീക്ഷ്ണതയോടും ശക്തിയോടുംകൂടെ പ്രാർത്ഥിക്കുന്ന പുരുഷന്മാരും സ്ത്രീകളും ആയിത്തീരേണമെന്നാണ്. ഉദാഹരണത്തിന് നമുക്ക് സമനായിരുന്ന ഏലിയാവിന്റെ ശക്തിയേറിയ പ്രാർത്ഥനയെ എടുത്തുകാട്ടുന്നു. ഈ തിരുവെഴുത്തു വെളിപ്പെടുത്തുന്ന പ്രാർത്ഥന, കുറവുകളും കുറ്റങ്ങളും മൂലം ബലഹീനമായി നാം തീർന്നിരിക്കുന്നു എന്നും ആയതിനാൽ ശക്തിയേറിയ പ്രാർത്ഥന ചെയ്യുവാൻ നമുക്കു കഴിയുകയില്ലയെന്നും നാം ഇപ്പോൾ ശിക്ഷാവിധിയിലാണെന്നും ചൂണ്ടിക്കാട്ടി അധൈര്യപ്പെടുത്തുന്ന എതിർശക്തിയ്ക്കുള്ള മറുപടിയാണ്.

# നിങ്ങൾ ആയിരിക്കുക

*എന്നാൽ നിങ്ങൾ (സമൂഹമായി) ക്രിസ്തുവിന്റെ ശരീരവും ഓരോരുത്തൻ വെവ്വേറെയായി (അവനവന്റെ സ്ഥാനത്തും പ്രവർത്തിയിലും) അവയവങ്ങളും ആകുന്നു.*

— 1 കൊരിന്ത്യർ 12:27

നിങ്ങൾക്കു നിങ്ങളെക്കുറിച്ചുള്ള സംതൃപ്തിയും സന്തോഷവുമാണ് ജീവിതാനന്ദത്തിന്റെ പ്രധാനപ്പെട്ട താക്കോൽ. എന്റെ കഴിഞ്ഞ കാല ജീവിത പശ്ചാത്തലത്തിൽ എനിക്കുണ്ടായിട്ടുള്ള പല ബലഹീനതകൾ മൂലം എനിക്കു ഞാനായിരിപ്പാൻ കഴിയുന്നില്ല. ഞാൻ മറ്റുള്ളവരിലേക്കു നോക്കുകയും അവരുടെ ഉയർച്ചയും കഴിവുകളെയും കണ്ട് അസൂയപ്പെടുകയും ചെയ്തിരുന്നു. അന്നു ഞാനായിരുന്നില്ല, മറ്റുള്ളവരുമായി എന്നെ താരതമ്യം ചെയ്തു ജീവിക്കയായിരുന്നു.

എന്റെ വിളിയുടെയും കൃപാവരങ്ങളുടെയും നിശ്ചയമില്ലാതെ സമ്മർദ്ദങ്ങളുടെയും നിരാശയുടെയും ബാഹ്യലോകത്തിലായിരുന്നു. ഒടുവിൽ ദൈവം എന്നെ നിയോഗിക്കുകയും അഭിഷേകം ചെയ്യുകയും ചെയ്തു. തന്നെകൂടാതെ ഒന്നും സാധിക്കുകയില്ലയെന്നു മനസ്സിലാക്കിയപ്പോൾ എനിക്കു വിശ്രമിക്കുവാൻ കഴിഞ്ഞു. അപ്പോഴാണ് 'ഞാൻ ഞാനായിരിക്കുന്നു' എന്നു പറയുവാൻ സാധിച്ചത്. ദൈവസഹായം കൂടാതെ എനിക്ക് ഒന്നാകുവാൻ കഴിയുകയില്ല. ഇപ്പോൾ ദൈവത്തിന് ഏറ്റവും ആവശ്യമായപ്പോൾ ആയിരിക്കുന്നതിന് ഏകാഗ്രതയോടെ മുന്നേറുകയാണ്.

നമ്മളെയെല്ലാം അതുല്യരായി ദൈവം നിർമ്മിച്ചിരിക്കുന്നു. അവൻ നിങ്ങളെ വ്യക്തിപരമായി കഴിവുകളോടും താലന്തുകളോടും, കൃപാവരങ്ങളോടുംകൂടെ സൃഷ്ടിച്ചിരിക്കുന്നു. ഇതിനെക്കുറിച്ച് ചിന്തിച്ചുനോക്കുക: ലോകത്തിൽ നിങ്ങളെപ്പോലെ മറ്റൊരാൾ ഇല്ല. ഇതിന്റെ അർത്ഥ മെന്താണ്, മറ്റൊരാൾക്ക് ഏറ്റവും നല്ലതായിരിക്കുന്നതു നിങ്ങൾക്ക് ഏറ്റവും നല്ലതു ആയിരിക്കയില്ലന്നത്രെ. ആകയാൽ ഒരിക്കലും 'ഞാൻ ഇന്ന ആളെപ്പോലെ ആകുന്നു' എന്നോ അവർ ചെയ്യുന്നതുപോലെ ചെയ്യുവാൻ ഞാനും ആഗ്രഹിക്കുന്നു എന്നോ പറയാൻ പരീക്ഷിക്കപ്പെടരുത്. ദൈവം നല്കിതന്നിരിക്കുന്ന വ്യക്തിത്വത്തിൽ സംതൃപ്തിയുള്ളവരായിരിക്കുക. ഓർമ്മിക്കുക, ദൈവം ആഗ്രഹിക്കുന്ന വിധത്തിൽ ആയിരിക്കുവാനാണ് നിങ്ങളെ സൃഷ്ടിച്ചിരിക്കുന്നത്. മറ്റുള്ളവരെപ്പോലെ ആയിത്തീരുവാൻ നിങ്ങൾ പരിശ്രമിച്ചാൽ നിങ്ങൾക്കായി ദൈവം കരുതിയിരിക്കുന്ന അതിമനോഹരമായ അവസ്ഥ നഷ്ടപ്പെടുത്തുകയായിരിക്കും.

# ദൈവത്തോടുകൂടെ, ഒന്നും പാഴാകില്ല

*ശേഷിച്ച കഷണം (പങ്കിട്ടുകൊടുത്തതിൽ ബാക്കി വന്നത്)*
*ഒന്നും നഷ്ടമാകാതെ ശേഖരിപ്പിൻ.*

— യോഹന്നാൻ 6:12

നിങ്ങളുടെ സകല ചിന്താകുലങ്ങളെയും കർത്താവിൽ ഇടുകയാണെങ്കിൽ ജീവിതാനുഭവങ്ങളിൽ ഒന്നുപോലും പാഴാക്കി കളയേണ്ടിവരികയില്ല. നിങ്ങളുടെ കഷണങ്ങളായ ജവിതം ഉപേക്ഷിക്കപ്പെട്ട യുദ്ധക്കളം പോലെ ആയിരുന്നാലും, ആ കഴിഞ്ഞ കാല ജീവിതകഷണങ്ങളെ മനോഹരമായ ഒന്നാക്കി മാറ്റുവാൻ യേശുവിനു കഴിയും.

അഞ്ച് അപ്പവും രണ്ടുമീനുംകൊണ്ട് യേശു അയ്യായിരംപേരെ പോഷിപ്പിച്ചശേഷം തന്റെ ശിഷ്യന്മാരോട് "ശേഷിച്ച കഷണമൊന്നും നഷ്ടാകാതെ ശേഖരിപ്പിൻ" എന്നു പറഞ്ഞു (യോഹന്നാൻ 6:12). ശിഷ്യന്മാർ അവയെ പന്ത്രണ്ടു കൊട്ടകളിലായി നിറച്ചു. ഒരു ചെറിയ ദാനം യേശുവിന്റെ കൈകളിൽ എത്രയോ വലിയ ഒന്നായിത്തീർന്നു എന്നോർക്കുക.

ദൈവം എന്നെ ഭയത്തിൽ നിന്നും അരക്ഷിതത്വത്തിൽ നിന്നും, വൈകാരിക അടിമത്വത്തിൽ നിന്നും ത്യജിക്കപ്പെട്ടവൾ എന്ന ചിന്തയുടെ വേരുപടലത്തിൽ നിന്നും സ്വതന്ത്രരാക്കിയിട്ട് കഷണങ്ങളായി കിടന്ന എന്റെ ജീവിതത്തെ അനേകരെ ദൈവവുമായി ബന്ധപ്പെടുത്തി ആരോഗ്യപൂർണ്ണരും, ഫലപൂർണ്ണരും, സന്തോഷമുള്ളവരുമാക്കിതീർക്കുന്ന ദൈവവചനത്തെ പഠിപ്പിക്കുന്നവളാക്കി പുനർസൃഷ്ടിചെയ്തു.

നമ്മിലേക്കു അലയടിച്ചു കയറിവരുന്ന ബാഹ്യചുറ്റുപാടുകളിൽനിന്നു അകന്നുനില്ക്കുന്നതിനാവശ്യമായ ആന്തരിക ശക്തി നമുക്കാവശ്യമാണ്. ദൈവംനമ്മുടെ കഷണങ്ങളായ സ്വപ്നങ്ങളെ പുനർനിർമ്മിതി നടത്തി ക്രിസ്തുവിന്റെ രൂപത്തോട് അനുരൂപരാക്കുവാൻ അനുവദിച്ചുകൊടുക്കണം. രൂപപ്പെടുത്തുന്നതിന് നമ്മുടെ കഷണങ്ങളെ അവൻ ചവിട്ടിക്കുഴച്ചു നല്ല ചെളിയാക്കുകയും വചനമാകുന്ന വെള്ളമൊഴിച്ച് നനയ്ക്കുകയും ചെയ്തിട്ട് കുശവന്റെ ചക്രത്തിന്മേൽ വച്ച് കറക്കുകയും ചെയ്യും, നാം ഏല്പിച്ചു കൊടുത്താൽ അതിനെ നാം ആഗ്രഹിക്കുന്നതിലും നിനയ്ക്കുന്നതിലും അത്യന്തംപരമായി അത്ഭുതകരമാക്കുവാൻ അവൻ കഴിവുള്ളവനാണ്.

# ഫോണിനുമുമ്പെ സിംഹാസനത്തിലേക്കുപോവുക

*അതിനെ (വിവേകം) വെള്ളിയെപ്പോലെ അന്വേഷിച്ചു നിക്ഷേപങ്ങളെപ്പോലെ തിരയുന്നു എങ്കിൽ നീ യഹോവഭക്തി ഗ്രഹിക്കുകയും ദൈവിക പരിജ്ഞാനം (സർവ്വജ്ഞാനി) കണ്ടെത്തുകയും ചെയ്യും. യഹോവയല്ലോ ജ്ഞാനം നല്കുന്നത് അവന്റെ വായിൽ നിന്നു പരിജ്ഞാനവും വിവേകവും വരുന്നു.*

— സദൃശ്യവാക്യങ്ങൾ 2:4–6

ആരിൽ നിന്നെങ്കിലും ഉപദേശം ലഭിക്കണമെന്നു കരുതി ഓടി നടക്കാതെ പ്രാർത്ഥിക്കുകയും മനുഷ്യരുടെ ഉപദേശം തേടി പോകണമോ ദൈവിക ഉപദേശം മതിയോ എന്ന് ആരായുകയും ചെയ്യണം. എന്റെ സ്വന്തം ജീവിതത്തിൽ പല പ്രശ്നങ്ങൾ ഉണ്ടായിരുന്നു, എന്നാൽ ഒരു പ്രാവശ്യം ഒഴിച്ച് മറ്റൊരിക്കലും ഞാൻ മനുഷ്യനോട് ആലോചിക്കുവാനായി പോയിട്ടില്ല. ഞാൻ ഒരിക്കൽ പോയതാകട്ടെ ശുശ്രൂഷയിൽ ഉള്ളവളെങ്കിലും സ്വയം ശകാരിച്ചു ജീവിച്ചിരുന്നതിനാൽ എന്നെ സഹായിപ്പാൻ കഴിഞ്ഞില്ല. അതവളുടെ കുറ്റമല്ല, അതിനുള്ള അഭിഷേക നിയോഗമോ അവൾക്കില്ലായിരുന്നു.

ദൈവം ആരംഭിച്ചിട്ടില്ലാത്ത ഒരു കാര്യം ചെയ്യുവാൻ അവൻ ആരെയും നിയോഗിക്കാറില്ല. പലപ്പോഴും ആളുകൾ പരിശുദ്ധാത്മാവിന്റെ നേതൃത്വമോ നടത്തിപ്പോ പരിഗണിക്കാതെ മറ്റാളുകളുടെ ആലോചന തേടി പോകാറുണ്ട്, അതു നല്ലതും നിലനില്ക്കുന്നതുമായ ഫലം ഉളവാക്കുകയില്ല. ആകയാൽ നിങ്ങൾ ഏതെങ്കിലും പ്രശ്നത്തിൽ അകപ്പെടുമ്പോൾ ആദ്യമെ ദൈവസിംഹാസനത്തിലേക്കു പോയി ദൈവഹിതം അറിഞ്ഞശേഷമെ ഫോൺ എടുക്കാൻ പോകാവൂ. ഞാൻ ഈ പറയുന്നതിന്റെ സാരാംശം ആലോചനയും ഉപദേശവും തേടുന്നതു തെറ്റാണെന്നല്ല, എന്നാൽ ഒന്നാമതു പ്രാർത്ഥിക്കുകയും പരിശുദ്ധാത്മാവിനാൽ കർത്താവു നിങ്ങളെ നയിക്കേണ്ടതിനായി അനുവദിക്കുക. നിങ്ങൾക്കാവശ്യമായ ശരിയായ ഉപദേശകനെ, അവൻ തിരഞ്ഞെടുത്തു തരും. എന്തുകൊണ്ടെന്നാൽ നിങ്ങൾ ഇപ്പോൾ ഇടപ്പെട്ടുകൊണ്ടിരിക്കുന്നതോ ആലോചിച്ചുകൊണ്ടോ ഇരിക്കുന്ന ആൾ ഒരു പക്ഷെ നിങ്ങളുടെ അടുത്ത സ്നേഹിതനായിരുന്നാലും ദൈവം ഉദ്ദേശിക്കുന്ന ആലോചനക്കാരൻ അതല്ലായിരിക്കാം. ആയതിനാൽ ഞാൻ വീണ്ടും ആവർത്തിച്ചു പറയട്ടെ പ്രാർത്ഥിക്കുക.

# നിങ്ങൾക്കു സമാധാനം

*സമാധാനം ഞാൻ നിങ്ങൾക്കു തന്നേച്ചുപോകുന്നു. എന്റെ സമാധാനം (സ്വന്ത സമാധാനം) ഞാൻ നിങ്ങൾക്കു തരുന്നു; ലോകം തരുന്നതുപോലെയല്ല ഞാൻ നിങ്ങൾക്കു തരുന്നതു. നിങ്ങളുടെ ഹൃദയം കലങ്ങരുത്, ഭ്രമിക്കുകയും അരുത് (നിങ്ങൾ തന്നെ ഇളകിമറിഞ്ഞ് ശല്യമുണ്ടാക്കുവാനും, ഭയപ്പെടുവാനും ഭീഷണിക്കടിമപ്പെടാനും അനുവദിക്കരുത്)*

— യോഹന്നാൻ 14:27

ക്രൂശിലേക്കു യാത്ര പുറപ്പെടുന്നതിനുമുമ്പായി യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞത് 'ഞാൻ നിങ്ങൾക്കൊരു സമ്മാനം തന്നേച്ചു പോകുന്നു" അത് അവന്റെ സമാധാനം ആയിരുന്നു. ഉയിർത്തെഴുന്നേല്പ്പിനുശേഷം അവൻ അവർക്കു വീണ്ടും പ്രത്യക്ഷനായപ്പോൾ ആദ്യം പറഞ്ഞത് 'നിങ്ങൾക്കു സമാധാം' എന്നാണ് (യോഹന്നാൻ 20:19) അത് അവൻ ആരാണെന്നുള്ള തിന്റെ വെളിവായിരുന്നു. തുടർന്ന് അവൻ തന്റെ കൈകളും വിലാപുറവും അവർക്കു കാണിക്കുകയും ചെയ്തിട്ട് ഒരു പ്രാവശ്യംകൂടെ 'നിങ്ങൾക്കു സമാധാനം' എന്നു പറഞ്ഞു (വാക്യം 21) എട്ടു ദിവസങ്ങൾ ക്കുശേഷം വീണ്ടും അവർക്കു പ്രത്യക്ഷമായി, അപ്പോഴും അവന്റെ ആദ്യ സംബോധന 'നിങ്ങൾക്കു സമാധാനം' എന്നായിരുന്നു. (വാക്യം. 26)

എന്തുതന്നെ സംഭവിച്ചാലും സാഹചര്യം എന്തായിരുന്നാലും അവനെ അനുഗമിക്കുന്നവർ സമാധാനത്തിൽ ജീവിക്കണമെന്നാണ് യേശുവിന്റെ ആഗ്രഹം. യേശു തന്റെ ശിഷ്യന്മാരോടും നമ്മളോടും ലളിതമായി പറയുന്നത് 'ഉത്കണ്ഠയും, തകിടം മറിക്കലും, നിരാശയും നിർത്തുക എന്നാണ്.

സങ്കീർത്തനം 42:5 ൽ സങ്കീർത്തനക്കാരൻ ചോദിക്കുന്നു. "എന്റെ ആത്മാവെ, വിഷാദിച്ചു ഉള്ളിൽ ഞരങ്ങുന്നതെന്ത്? ദൈവത്തിൽ പ്രത്യാശ വയ്ക്കുക, അവന്റെ എന്റെ മുഖപ്രകാശ രക്ഷയും എന്റെ ദൈവവുമാകുന്നു. എന്നിങ്ങനെ ഞാൻ ഇനിയും അവനെ സ്തുതിക്കും."

നമ്മുടെ ഉള്ളിൽ നാം നിരാശപ്പെടാനും, വിഷാദിക്കുവാനും, ഭീഷണിപ്പെടാനും, കലങ്ങിമറിയാനും തുടങ്ങുമ്പോൾ ദൈവത്തിൽ പ്രത്യാശിക്കുകയും പ്രതീക്ഷയോടെ അവനായി കാത്തിരിക്കുകയും വേണം. എന്തെന്നാൽ അവൻ നമ്മുടെ സഹായവും ദൈവവുമാകുന്നു.

## List of Joyce Meyer Books Used in *New Day, New You*

A Leader in the Making

Approval Addiction

Battlefield of the Mind

Be Anxious for Nothing

Beauty for Ashes

Do It Afraid

Enjoying Where You Are on the Way to Where You're Going

How to Hear from God

How to Succeed at Being Yourself

If Not for the Grace of God

In Pursuit of Peace

Look Great, Feel Great

Making Marriage Work

Managing Your Emotions

Me and My Big Mouth

Reduce Me to Love

Seven Things That Steal Your Joy

Straight Talk

The Battle Belongs to the Lord

# ഗ്രന്ഥകർത്രിയെക്കുറിച്ച്

ലോകത്തിലെ പ്രായോഗിക വേദാദ്ധ്യാപകരിൽ മുൻനിരയിൽ നിൽക്കുന്ന ഒരാളാണു ജോയ്സ് മേയർ. ന്യൂയോർക്ക് റ്റൈംസ്-ന്റെ ഏറ്റവും വില്പന യുള്ള പുസ്തകങ്ങളുടെ എഴുത്തുകാരിയായ ഇവർ, എൺപതിലധികം ആത്മപ്രചോദിതങ്ങളായ പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. യഥാർത്ഥ സന്തോ ഷത്തിന്റെ രഹസ്യം, നിങ്ങളുടെ ജീവിതം ലഘൂകരിക്കാനുള്ള 100 വഴികൾ, 'മനസ്സിന്റെ യുദ്ധക്കള'മെന്ന പേരിലുള്ള പുസ്തകസഞ്ചയം, ചില്ലിക്കാശ് (The Penny), ഏതു നിമിഷവും (Any Minute) എന്നീ നോവലുകൾ, അതു പോലെ മറ്റനേകം പുസ്തകങ്ങളും രചിച്ചിട്ടുണ്ട്. ആയിരക്കണക്കിന് ഓഡിയോ ബൈബിൾ ക്ലാസ്സുകളും ഒരു സമ്പൂർണ്ണ വീഡിയോ ലൈബ്രറിയും അവർ പുറത്തിറക്കിയിട്ടുണ്ട്. 'ദൈനംദിന ജീവിതം ആസ്വദിക്കുക' യെന്ന ജോയ്സിന്റെ റേഡിയോ, റ്റെലിവിഷൻ പരിപാടികൾ ലോകമെങ്ങും പ്രക്ഷേപണം ചെയ്യുന്നു. വളരെ ദൂരം യാത്ര ചെയ്ത് അവർ സമ്മേളനങ്ങൾ സംഘടിപ്പിക്കാറുമുണ്ട്. ജോയ്സിനും ഭർത്താവ് ഡേവിനും നാലു മുതിർന്ന മക്കളുണ്ട്. മിസോറിയിലെ സെന്റ് ലൂയിസിലാണ് അവർ കുടുംബമായി വസിക്കുന്നത്.

# രക്ഷിക്കപ്പെടുവാനുള്ള പ്രാർത്ഥന

ദൈവം താങ്കളെ സ്നേഹിക്കുന്നു, മാത്രമല്ല താങ്കളുമായി വ്യക്തിപരമായ ഒരു ബന്ധം ആഗ്രഹിക്കുന്നു. താങ്കൾ ക്രിസ്തുവിനെ സ്വന്ത രക്ഷിതവായി ഇതുവരെയും സ്വീകരിച്ചിട്ടില്ലെങ്കിൽ നിങ്ങൾക്ക് അത് ഇപ്പോൾ ചെയ്യുവാൻ കഴിയും. ദൈവത്തോട് ഹൃദയം തുറന്ന് ഈ പ്രാർത്ഥന ചൊല്ലുക.

"പിതാവേ, അങ്ങേക്ക് വിരോധമായി പാപം ചെയ്തു എന്നു ഞാൻ അറിയുന്നു. ദയവായി ക്ഷമിക്കണമേ. എന്നെ കഴുകി ശുദ്ധികരിക്കണമേ. അങ്ങയുടെ പുത്രനായ യേശുവിൽ ആശ്രയിക്കുവാൻ ഞാൻ തീരുമാനിക്കുന്നു. യേശു എനിക്കു വേണ്ടി മരിച്ചു എന്നു ഞാൻ വിശ്വസിക്കുന്നു. യേശു എന്റെ പാപങ്ങൾ വഹിച്ചു കൊണ്ട്, ക്രൂശിൽ മരിക്കുകയും, മൂന്നാം ദിവസം മരണത്തിൽ നിന്നും ഉയിർത്തു എന്നും ഞാൻ വിശ്വസിക്കുന്നു. പ്രിയ പിതാവേ, അങ്ങ് തന്ന പാപക്ഷമക്കായും നിത്യജീവനുമായി അങ്ങേക്ക് നന്ദി പറയുന്നു. അങ്ങേക്ക് വേണ്ടി ജീവിക്കുവാൻ എന്നെ സഹായിക്കണമേ.. യേശുവിന്റെ നാമത്തിൽ അമേൻ."

ഈ പ്രാർത്ഥന ഹൃദയംഗമമായി നിങ്ങൾ പ്രാർത്ഥിച്ചതിനാൽ ദൈവം നിങ്ങളെ സ്വീകരിച്ച്, ശുദ്ധീകരിച്ച് ആത്മീയ മര

ണത്തിന്റെ ശക്തിയിൽ നിന്നും നിങ്ങൾ്ക്ക് പൂർണ്ണ സ്വതന്ത്ര്യം വരുത്തിയിരിുന്നു. താങ്കളുു പുതിയ ജീവിതത്തിൽ, യേശുവിനോുു കൂുയുള്ള യാത്രയിൽ ദൈവം താങ്കളോുു സംസാരിുണ്ടതിനായി ഈ വേദ ഭാഗങ്ങൾ വായിുുവാനും, പഠിുുവാനും പ്രാർത്ഥിുുവാനും സമയമെുുുക.

| | |
|---|---|
| യോഹന്നാൻ 3:16 | 1 കൊരിന്ത്യർ 15:3-4 |
| എഫസ്യേർ 1:4 | എഫേസ്യർ 2:8-9 |
| 1 യോഹന്നാൻ 1:9 | 1 യോഹന്നാൻ 4:14-15 |
| 1 യോഹന്നാൻ 5:1 | 1 യോഹന്നാൻ 5:12-13 |

യേശുവിനോടുള്ള ബന്ധത്തിൽ ആത്മീയമായി വളരുന്നതിന് ബൈബിൾ വിശ്വസിക്കുന്ന ഒരു ആത്മീയ കൂട്ടായ്മ കണ്ടെത്തുന്നതിന് പ്രാർത്ഥിക്കുക. ദൈവം താങ്കളോടു കൂടെയുണ്ട്. ദൈവം താങ്കൾക്കു നല്കിയിരിക്കുന്ന സമൃദ്ധിയായ ജീവനിൽ നടക്കുവാൻ ദൈവം സഹായിക്കും.

# Other Books By Joyce Meyer

## Books Available In English

100 Ways to Simplify Your Life
A  Celebration of Simplicity
Approval Addiction
Battlefield of the Mind - KIDS
Battlefield of the Mind - TEENS
Battlefield of The Mind - Devotional
Be Anxious for Nothing
Be Healed in Jesus Name
Beauty for Ashes
Discover The Joy Of being The Person God Made You To be
Do it Afraid
Don't Dread
Eat and Stay Thin
Enjoy where you are on the way…
Expect a move of God Suddenly
Filled with the Holy Spirit
Healing the Brokenhearted
Help Me! I'm Married
Help Me, I'm Afraid
How To Succeed At Being Your Self
I Dare you
If not for the Grace of God
In Pursuit of PEACE
Knowing God Intimately
Life in the Word- Devotional
Life in the Word-Journal
Life in the Word-Quotes
Look Great Feel Great
Managing Your Emotions
Me and My Big Mouth

Never Give Up
Never Lose Heart
Nuggets of Life
PEACE
The Penny
Power of Simple Prayer
Prepare to Prosper
Reduce Me To Love
Secrets to Exceptional Living
Seven Things That Steal Your Joy
Teenagers Are People Too
Tell them I love Them
The Confident Woman
The Every Day Life BIBLE
The Joy of Believing Prayer
The Love Revolution
The Secret To True Happiness
When God When
Why God Why
Woman to Woman

## Books Available In Malayalam

Battle Field Of The Mind - Devotional
Battlefield of the Mind
Beauty For Ashes
Secrets To Exceptional Living
The Battle Belongs to The Lord
The Power of Simple Prayer
The Secret Power of Speaking God's Word
The Love Revolution

To contact the author in the United States, please write:

Joyce Meyer Ministries
P.O. Box 655,
Fenton, Missouri 63026
or call: (636) 349-0303
or log on to: www.joycemeyer.org

To contact the author in India, please write:

Joyce Meyer Ministries
Nanakramguda,
Hyderabad - 500 008
or call: 2300 6777
or log on to: www.jmmindia.org

# പങ്കാളിത്വത്തിന്റെ വില

ജോയ്സ് മേയർ മിനിസ്ട്രീസിലെ പങ്കാളികൾ മുറിവേറ്റു കിടക്കുന്ന ലോക ജനത്തെ നേടുന്ന കാര്യത്തിൽ വലിയ പങ്ക് വഹിച്ചുകൊണ്ടിരിക്കുന്നു. പങ്കാളികളായ നിങ്ങളുടെ സഹകരണത്താൽ ഞങ്ങൾക്ക് ടെലിവിഷൻ, റേഡിയോ, ഇന്റർനെറ്റ്, പ്രസിദ്ധീകരണങ്ങൾ തുടങ്ങിയവയിലൂടെ കോടിക്കണക്കിന് ജനങ്ങളെ ദൈവവചനം പഠിപ്പിക്കുവാൻ കഴിയുന്നു. അതുപോലെ നിങ്ങളുടെ സഹായത്താൽ ലോകവ്യാപകമായി പാവപ്പെട്ടവരെയും, ജയിലിൽ കഴിയുന്നവരെയും, അനാഥരായവരെയും സാമൂഹിക പ്രവർത്തനത്തിലൂടെ ദൈവസ്നേഹം പങ്കു വയ്ക്കുവാൻ കഴിയുന്നു. ജോയ്സ് മേയർ മിനിസ്ട്രീസ് ലോകസമാധാനം നൽകുന്ന സുവിശേഷം ലോകവ്യാപകമായി തകർന്നും, മുറിവേറ്റും കിടക്കുന്ന ജനങ്ങൾക്ക് നൽകുവാൻ ആഗ്രഹിക്കുന്നു. ഇവയെല്ലാം സാദ്ധ്യമാകുന്നത് വിശ്വസ്തരായ നിങ്ങളുടെ ഓരോരുത്തരുടെയും അകമഴിഞ്ഞ സംഭാവനയിലൂടെ മാത്രമെ കഴിയൂ.

താങ്കൾ ഞങ്ങളുടെ ഒരു പങ്കാളിയല്ലെങ്കിൽ, താങ്കൾക്ക് താല്പര്യമുള്ളപക്ഷം മാസം തോറും സംഭാവനകൾ നൽകി പങ്കാളികൾ ആകുക. കൂടുതൽ വിവരങ്ങൾക്ക് ജോയ്സ് മേയർ മിനിസ്ട്രീസ്, വിളിക്കുക (040 – 23006777) ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കുക www.joycemeyer.org.